# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

2023 മാർച്ച് 16, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം 191 - നമ്പർ 18

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

**എട്ടാം സമ്മേളനം**

2023 മാർച്ച് 16, വ്യാഴം

സ്പീക്കർ

**ശ്രീ. എ. എൻ. ഷംസീർ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എ. എം. ബഷീർ**

ചീഫ് എഡിറ്റർ

**ശ്രീമതി എസ്. ജയശ്രീ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം


## I. ചോദ്യോത്തരങ്ങൾ

വാങ്മൂലം നൽകിയ ഉത്തരങ്ങൾ
(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി
ചേർത്തിരിക്കുന്നു) ....

## II. റിപ്പോർട്ടുകളുടെ സമർപ്പണം

1. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിയൊന്ന് മുതൽ മുപ്പത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ ....
2. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് ....

## III. ധനകാര്യം

<u>2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ</u>
<u>ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ്
ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം
ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത്
ധനാഭ്യർത്ഥന നമ്പർ XXXVI - ഗ്രാമവികസനം ....

**അനുബന്ധം I,II,III,IV,V** ....

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 മാർച്ച് 16, വ്യാഴം

---

വാല്യം 191}　　　　ഔദ്യോഗിക റിപ്പോർട്ട്　　　　{നമ്പർ 18

---

നിയമസഭ 2023 മാർച്ച് മാസം 16-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ഇന്നലെ സഭയ്ക്കകത്തും പുറത്തുമുണ്ടായത് നിർഭാഗ്യകരമായ സംഭവങ്ങളാണ്. ഇന്നേവരെ സഭയുടെ ചരിത്രത്തിൽ ഇല്ലാത്ത രീതിയിൽ സ്പീക്കറുടെ ചേംബർ തന്നെ ഉപരോധിക്കുന്ന നിലപാട് സ്വീകരിച്ചു. ഏതായാലും കക്ഷിനേതാക്കളുടെ യോഗം ചേർന്നിട്ടുണ്ട്. തുടർന്ന് എല്ലാവരും സഹകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരള ലെജിസ്ലേറ്റീവ് അസംബ്ലി മഹിതമായ പാരമ്പര്യമുള്ളതാണ്. മികച്ച സാമാജികർ രണ്ടുപക്ഷത്തുമുണ്ട്. അതുകൊണ്ട് നല്ല നിലയിൽ സഹകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഇന്നലെ നടന്ന സംഭവങ്ങൾ നിർഭാഗ്യകരമാണ്. കേരള ചരിത്രത്തിൽ ഇന്നേവരെ ഇല്ലാത്തതാണ്. അത്തരം രീതികൾ ഉണ്ടാകാൻ പാടില്ലാത്തതാണ്. കക്ഷിനേതാക്കളുടെ യോഗം ചേർന്ന് അക്കാര്യങ്ങളൊക്കെ ചർച്ച ചെയ്തു. സഭയുമായി സഹകരിക്കണമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളോട് അഭ്യർത്ഥിക്കാനുള്ളത്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇന്നലെ നടന്ന സംഭവങ്ങൾ നിർഭാഗ്യകരമായതും നടക്കാൻ പാടില്ലാത്തതുമാണെന്ന് അങ്ങ് പറഞ്ഞതിനോട് പൂർണ്ണമായും യോജിക്കുന്നു. ഞങ്ങൾ ഉപരോധ സമരമല്ല,

സ്പീക്കറുടെ ചേംബറിന് മുന്നിൽ ഒരു സത്യാഗ്രഹ സമരമാണ് നടത്തിയത്. റൂൾ 50 അവതരിപ്പിക്കാനുള്ള പ്രതിപക്ഷത്തിന്റെ അവകാശം നിസാരമായ കാര്യങ്ങളുടെ പേരിൽ നിരന്തരമായി ഞങ്ങൾക്ക് നിഷേധിക്കുന്നതിനെതിരെയുള്ള പ്രതിഷേധത്തിന്റെ ഭാഗമായുണ്ടായതാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ വഴി തടയാനോ പ്രശ്നമുണ്ടാക്കാനോ ഞങ്ങൾ ശ്രമിച്ചിട്ടില്ല. വാച്ച് ആന്റ് വാർഡ് മനഃപൂർവ്വം ഞങ്ങളെ ഉപദ്രവിക്കുകയായിരുന്നു. ഭരണപക്ഷത്തുനിന്നുള്ള 4 എം.എൽ.എ.-മാർ കടന്നുവരികയും അതിൽ 2 എം.എൽ.എ.-മാർ ഞങ്ങളുടെ വനിതാ എം.എൽ.എ. അടക്കമുള്ളവരെ ഉപദ്രവിക്കുകയും ചെയ്തു. ഒരിക്കലും നിയമസഭയിൽ ഉണ്ടാകാത്ത കാര്യമാണ്. അതുകൊണ്ട് ഞങ്ങൾ എടുത്തിരിക്കുന്ന നിലപാട് സർവ്വകക്ഷി യോഗത്തിൽ സൂചിപ്പിച്ചതുപോലെ സഭ സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിന് പ്രതിപക്ഷാംഗങ്ങളുടെ അവകാശം, അടിന്തരപ്രമേയത്തിന് നോട്ടീസ് നൽകാനുള്ള അവസരം നിഷേധിക്കരുതെന്നാണ്. ഇന്നലെ 4 എം.എൽ.എ.മാർക്ക് പരിക്കേൽക്കുകയും വനിതാ എം.എൽ.എ.യായ ശ്രീമതി കെ. കെ. രമയുടെ കയ്യൊടിയുകയും ചെയ്തു. ഇതിന് ഉത്തരവാദികളായ ഡെപ്യൂട്ടി ചീഫ് മാർഷലിനെതിരെയും രണ്ട്

എം.എൽ.എ.-മാർക്കെതിരെയും നടപടി സ്വീകരിക്കണം. ഇവർക്കെതിരെ നടപടി സ്വീകരിക്കുന്നതിലും റൂൾ 50-ന്റെ കാര്യത്തിലും ധാരണയായിക്കഴിഞ്ഞാൽ സഭാ നടപടികളുമായി പൂർണ്ണമായും സഹകരിക്കാൻ ഞങ്ങൾ തയ്യാറാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. കെ. രാധാകൃഷ്ണൻ):</u> സർ, ഇത് സംബന്ധിച്ച് അങ്ങ് വിളിച്ചുചേർത്ത കക്ഷിനേതാക്കളുടെ യോഗത്തിൽ ഈ വിഷയങ്ങളൊക്കെ ചർച്ച ചെയ്തതാണ്. സഭ നടത്തിക്കൊണ്ട് പോകുന്നതിനുള്ള റിക്വസ്റ്റാണ് കക്ഷിനേതാക്കളുടെ യോഗത്തിൽ പ്രധാനമായും ചർച്ച ചെയ്തത്. അതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് റൂളിംഗ് നടത്തണമെന്ന് തീരുമാനിക്കുകയുണ്ടായി. അങ്ങയുടെ റൂളിംഗ് വരുന്നതിന് മുമ്പുതന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇക്കാര്യത്തിൽ തീരുമാനമെടുക്കണമെന്ന് പറയുന്നത് ശരിയായ രീതിയല്ല. റൂളിംഗ് നടത്താമെന്ന് കക്ഷിനേതാക്കളുടെ യോഗത്തിൽ തീരുമാനമായതാണ്. ആ യോഗ തീരുമാനമനുസരിച്ച് മുന്നോട്ടുപോകാൻ ശ്രമിക്കണം. സഭ നടത്തിക്കൊണ്ടുപോകാനുള്ള നിലപാടാണ് സ്വീകരിക്കേണ്ടത്.

<u>മി. സ്പീക്കർ:</u> ഇവിടെ എങ്ങനെയാണ് നിലപാടുകൾ സ്വീകരിച്ചിരുന്നതെന്ന് മുൻകാല ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, അന്ന് കസേരപോലും ഇല്ലായിരുന്നു.

<u>മി. സ്പീക്കർ:</u> Let me complete. അങ്ങ് മുതിർന്ന അംഗമല്ലേ; കസേര ഇല്ലാതിരുന്നപ്പോൾ കസേരയിൽ സ്പീക്കർ ഉണ്ടായിരുന്നില്ല. സ്പീക്കർ ഇരിക്കുമ്പോൾ തന്നെ സ്പീക്കറുടെ മുഖം മറച്ചുകൊണ്ട് ബാനർ ഉയർത്തുകയുണ്ടായി. നിങ്ങൾ സീറ്റുകളിൽ പോയിരിക്കണമെന്ന് നിരവധി തവണ അഭ്യർത്ഥിച്ചു, മാൻഡേറ്ററിയായി പറയുകയല്ല ചെയ്തത്. പക്ഷെ ബഹുമാനപ്പെട്ട അംഗങ്ങൾ ആരും തന്നെ ചെയറിനോട് അനുകൂല സമീപനം സ്വീകരിച്ചില്ല. കേരളത്തിന്റെ ഇതുവരെയുള്ള ചരിത്രത്തിൽ ആദ്യമായി ഈ ഫ്ലോറിനകത്ത് ഒരു mock adjournment motion-ഉം സ്പീക്കറും മുഖ്യമന്ത്രിയുമൊക്കെ വന്നു. അപ്പോഴും ഒരു drastic step ചെയറിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ഇന്നലത്തെ സംഭവങ്ങൾ നിർഭാഗ്യകരമാണ്. നേരത്തെ ഈ പ്രിമൈസസിനകത്ത് എം.എൽ.എ.മാർക്കല്ലാതെ മറ്റാർക്കും പ്രവേശിക്കാൻ സാധിക്കുമായിരുന്നില്ല. അത്തരം ഒരു സിറ്റുവേഷൻ ഇവിടെ

ഇതുവരെ ക്രിയേറ്റ് ചെയ്തിട്ടില്ല. പക്ഷെ ഇന്നലത്തെ സംഭവങ്ങൾ ഇങ്ങനെ തുടരുമ്പോൾ സഭ ചേരുന്ന ഈ പ്രിമൈസസിനകത്തേയ്ക്ക് എം.എൽ.എ.മാരെ മാത്രമേ പ്രവേശിപ്പിക്കാൻ പാടുള്ളൂവെന്ന രീതിയിലുള്ള സ്റ്റെപ്പ് സ്വീകരിക്കേണ്ടിവരും. .....(ബഹളം)....... let me complete...... സഭയ്ക്കകത്ത് മൊബൈൽ റെക്കോർഡിംഗ് പാടില്ലെന്ന് പറഞ്ഞിട്ടും നിങ്ങൾ ഈ ഫ്ലോറിലെ വിഷ്വൽസ് റെക്കോർഡ് ചെയ്ത് പുറത്തേയ്ക്ക് കാണിച്ചു. അത് ശരിയാണോ; അങ്ങനെയെങ്കിൽ മൊബൈൽ ഫോണിലെ റെക്കോർഡിംഗും ബ്ലോക്ക് ചെയ്യാനുള്ള ടെക്നോളജി അഡ്വാൻസ്ഡാണ്. ആ നിലയിലേയ്ക്ക് പോയിട്ടില്ല. എന്നിരുന്നാലും ഇന്നലെ നടന്ന സംഭവങ്ങൾ നിർഭാഗ്യകരമാണ്. ഒരിക്കലും കേരളം പോലുള്ള ഒരു അസംബ്ലി സെഗ്മെന്റിനകത്ത് ഉണ്ടാകാൻ പാടില്ലാത്തതാണ്. അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ രണ്ട് ഭാഗത്തുനിന്നും ശ്രമങ്ങളുണ്ടാകണം. ...... (ബഹളം)....... let me complete....... protest നിങ്ങളുടെ right ആണ്. തർക്കമില്ല. പക്ഷെ protest-ന്റെ way of approach വിഷ്വൽസായി കണ്ടല്ലോ; എത്ര furious ആയിട്ടായിരുന്നു ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഇന്നലെ സ്പീക്കറുടെ ചേംബറിലേയ്ക്ക് വന്നത്. അത്തരം കാര്യങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കണമെന്നാണ് ചെയറിന്

അഭ്യർത്ഥിക്കാനുള്ളത്. ഇന്നലെ നടന്ന സംഭവങ്ങളെക്കുറിച്ച് ഗൗരവമായ പരിശോധന കക്ഷി നേതാക്കൾക്കിടയിൽ നടന്നിട്ടുണ്ട്. ഇത്തരം പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സഭയുമായി സഹകരിക്കണമെന്ന് വളരെ പൊളൈറ്റായി റിക്വസ്റ്റ് ചെയ്യുകയാണ്. പ്ലീസ്... സഭയുമായി സഹകരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് വീഡിയോ റെക്കോർഡിംഗിനെക്കുറിച്ചൊക്കെ പറഞ്ഞു. ഇവിടെയിപ്പോൾ മാധ്യമങ്ങൾ കയറുന്നില്ല. സഭാ ടി.വി.യുണ്ട്. സഭാ ടി.വി. പ്രതിപക്ഷത്തിന്റെ പ്രതിഷേധങ്ങളെ പൂർണ്ണമായും മറച്ചുവച്ച്, പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ പോലും മന്ത്രിമാരുടെ മുഖം കാണിച്ചുകൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ പല പ്രാവശ്യം അങ്ങേയ്ക്ക് പരാതി നൽകി. സഭയിൽ നടക്കുന്ന കാര്യങ്ങൾ പുറത്തുവരണം ഇല്ലെങ്കിൽ ജനങ്ങൾ തെറ്റിദ്ധരിക്കും. ഭരണകക്ഷിക്കുവേണ്ടി മാത്രം ഏകപക്ഷീയമായി പ്രവർത്തിക്കുന്ന ഒരു സഭാ ടി.വി.യാണ് ഇവിടെയുള്ളത്. അതിനോട് ഒരു കാരണവശാലും യോജിക്കാൻ പറ്റില്ല. അപ്പോൾ പിന്നെ ഇവിടെ നടക്കുന്ന കാര്യങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കാൻ വേണ്ടിയുള്ള മാർഗ്ഗങ്ങൾ ഞങ്ങൾ തേടി എന്നുമാത്രമേയുള്ളൂ.

<u>മി. സ്പീക്കർ:</u> ഇന്നലത്തെ സംഭവവുമായി ബന്ധപ്പെട്ട വിശദമായ റൂളിംഗ് പിന്നീട് നൽകുന്നതാണ്.

(പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ നിന്ന് മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>മി. സ്പീക്കർ:</u> ഓർഡർ ....ഓർഡർ ..ചോദ്യം നമ്പർ *451.

**റേഷൻ കടകളുടെ വിപുലീകരണം**

1 (*451) <u>ശ്രീ. എ. പ്രഭാകരൻ:</u>

<u>ശ്രീ. പി. മമ്മിക്കുട്ടി:</u>

<u>ശ്രീ. എം. മുകേഷ്:</u>

<u>ശ്രീമതി കാനത്തിൽ ജമീല:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പുഴക്കലരിക്ക് പകരം പച്ചരി അനുവദിക്കുന്നതുൾപ്പെടെയുള്ള കാരണങ്ങളാൽ റേഷൻ വിതരണത്തിലുണ്ടാകുന്ന കുറവ് കാരണം സംസ്ഥാനത്തെ റേഷൻ കടകളിൽ

നാലിലൊരു ഭാഗത്തോളം നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത തരത്തിൽ വരുമാനക്കുറവ് നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധനാ വിധേയമാക്കിയിരുന്നോ;

(ബി) റേഷന് പുറമേ മാവേലി സ്റ്റോറുകളിലൂടെ വിൽക്കുന്ന സബ്സിഡി സാധനങ്ങളും കോമൺ സർവീസ് സെന്ററും ഉൾപ്പെടുത്തി കെ-സ്റ്റോറുകളാക്കുന്നതിനുള്ള താല്പര്യം പ്രകടിപ്പിക്കുന്ന റേഷൻ കടകളെ ഇത്തരത്തിൽ വിപുലീകരിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ,

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം നിലവിൽ 103124.866 മെട്രിക് ടൺ അരിയാണ് കേന്ദ്രസർക്കാരിൽ നിന്നും പ്രതിമാസം ലഭ്യമായിക്കൊണ്ടിരിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷത്തിൽ ഓരോ മാസവും വിതരണം ചെയ്തിട്ടുള്ള അരിയുടെ അളവും ലഭ്യമായ അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിലുള്ള വിതരണ ശതമാനവും സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം 1+ ആയും അരിയും ഗോതമ്പും ഉൾപ്പെടെ നോർമൽ വിഭാഗത്തിൽ നടപ്പ് സാമ്പത്തിക വർഷം വിതരണം ചെയ്ത ധാന്യത്തിന്റെ അളവും ആവശ്യകതയുടെ അടിസ്ഥാനത്തിലുള്ള

\+ അനുബന്ധമായി ചേർത്തിരിക്കുന്നു

വിതരണ ശതമാനവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2 ആയും ചേർക്കുന്നു.*

പ്രധാൻമന്ത്രി ഗരീബ് കല്യാൺ അന്നയോജന (PMGKAY) സ്കീമിൽ പ്രതിമാസം 77400.06 മെ.ടൺ ധാന്യമാണ് ലഭിച്ചുവന്നിരുന്നത്. പ്രസ്തുത സ്കീമിൽ നടപ്പു സാമ്പത്തിക വർഷം വിതരണം ചെയ്ത അരിയുടെ കണക്ക് അനുബന്ധം 3 ആയി ചേർക്കുന്നു.*

2022 ജൂൺ മാസം വരെ എഫ്.സി.ഐ.-യിൽ നിന്നും 50 ശതമാനത്തിന് മുകളിൽ പുഴുക്കലരി ലഭ്യമായിരുന്ന സ്ഥാനത്ത് 2022 ജൂലൈ മുതലുള്ള മാസങ്ങളിൽ ചില ജില്ലകളിൽ പുഴുക്കലരി ആവശ്യകതയ്ക്കനുസൃതമായി ലഭിക്കാതെ പച്ചരി കൂടുതലായി ലഭ്യമായ സാഹചര്യമുണ്ടായിരുന്നു. ഇത് ചില മാസങ്ങളിൽ ടി ജില്ലകളിലെ അരി വിതരണത്തെ ബാധിച്ചിട്ടുണ്ട്. എന്നാൽ കാര്യമായ കുറവ് വിതരണത്തിൽ ഉണ്ടായിട്ടില്ല.

മേൽ പറയപ്പെട്ട പ്രകാരം, ചില ജില്ലകളിൽ പുഴുക്കലരി ആവശ്യകതയ്ക്കനുസൃതമായി ലഭിക്കാതെ പച്ചരി കൂടുതലായി ലഭ്യമായ സാഹചര്യത്തിൽ 24-11-2022, 23-12-2022 എന്നീ തീയതികളിൽ

* അനുബന്ധമായി ചേർത്തിരിക്കുന്നു

* അനുബന്ധമായി ചേർത്തിരിക്കുന്നു

അലോട്ട്മെന്റിന്റെ 50 ശതമാനം പുഴുക്കലരി ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിലേയ്ക്ക് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആകെ അലോട്ട്മെന്റിന്റെ 50 ശതമാനം പുഴുക്കലരി ലഭ്യമാക്കുന്നതിന് എഫ്.സി.ഐ.-യ്ക്ക് 19-01-2023-ൽ കേന്ദ്രം നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നോർമൽ പുഴുക്കലരിയ്ക്ക് പകരം ഫോർട്ടിഫൈഡ് അരിയാണ് എഫ്.സി.ഐ. ഇപ്പോൾ കൂടുതലായി ലഭ്യമാക്കിവരുന്നത്.

ഭക്ഷ്യഭദ്രതാ നിയമം നടപ്പിൽ വന്നതിനുശേഷം 10-11-2017-ലെ സ.ഉ(കൈ)നം. 29/2017/ഭ.പൊ.വി.വ പ്രകാരം വ്യാപാരികൾക്കുള്ള കമ്മീഷൻ നിശ്ചയിച്ചിരുന്നു. എന്നാൽ ആയതു പ്രകാരമുള്ള പാക്കേജ് താരതമ്യേന കുറവു വിൽപ്പനയുള്ള ഒരു വിഭാഗം വ്യാപാരികളെ പ്രതികൂലമായി ബാധിക്കുമെന്നും, അപാകതകൾ പരിഹരിച്ചുകൊണ്ട് കമ്മീഷൻ പാക്കേജ് പരിഷ്കരിക്കണമെന്നും റേഷൻ വ്യാപാരി സംഘടനകൾ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയും 30-11-2018-ലെ സ.ഉ(കൈ)നം.46/2018/ഭ.പൊ.വി.വ പ്രകാരം വ്യാപാരികളുടെ കമ്മീഷൻ പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി PMGKAY സ്കീം പ്രകാരം കേന്ദ്രസർക്കാർ എ.എ.വൈ, പ്രയോറിറ്റി വിഭാഗങ്ങൾക്കായി

അധിക ഭക്ഷ്യധാന്യം അനുവദിച്ചിരുന്നു. ആയതിന്റെ വിതരണം 2022 ഡിസംബറിൽ അവസാനിച്ചു. PMGKAY സ്കീമിലെ അധിക ഭക്ഷ്യധാന്യ വിതരണമുണ്ടായിരുന്ന മാസങ്ങളിൽ വ്യാപാരികൾക്ക് കമ്മീഷൻ ഇനത്തിൽ കൂടുതൽ തുക ലഭ്യമായിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം 2022 ഡിസംബർ വരെ PMGKAY, ഓണം സ്പെഷ്യൽ റേഷൻ വിതരണം ഉൾപ്പെടെ ഓരോ മാസവും ശരാശരി 47.5 കോടിയോളം കമ്മീഷൻ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. PMGKAY വിതരണം ഇല്ലാത്ത 2023 ജനുവരി മാസത്തിൽ 32,38,10,197/-രൂപ കമ്മീഷൻ ഇനത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ഫെബ്രുവരി മാസത്തെ കമ്മീഷൻ 34,76,76,735/- രൂപ വരുമെന്ന് കാണുന്നു. കേന്ദ്രസർക്കാർ PMGKAY ഭക്ഷ്യ ധാന്യം ലഭ്യമാക്കുന്നതിന് മുമ്പ് കമ്മീഷൻ ഇനത്തിൽ ശരാശരി 35 കോടി രൂപയാണ് പ്രതിമാസം വിതരണം ചെയ്തിരുന്നത്.

പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിനും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിനും റേഷൻ കടയുടമകൾക്ക് ഒരു അധിക വരുമാനവും ലക്ഷ്യമിടുന്നതിന്റെ ഭാഗമായിട്ടാണ് 'കെ-സ്റ്റോർ' എന്ന പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചത്. ഇതിന്റെ പ്രാഥമിക ഘട്ടം എന്ന നിലയിൽ എല്ലാ ജില്ലകളിൽ നിന്നും

കുറഞ്ഞത് 5 കടകളെ വീതം തെരഞ്ഞെടുത്ത് ആദ്യഘട്ടത്തിൽ 2 കി.മീ ചുറ്റളവിൽ ബാങ്ക്, അക്ഷയ കേന്ദ്രങ്ങൾ, സപ്ലൈകോ ഔട്ട് ലെറ്റുകൾ എന്നിവ ഇല്ലാത്ത സ്ഥലങ്ങളിലെ റേഷൻ കടകൾ പൊതുജന സേവന കേന്ദ്രങ്ങളാക്കുന്നതിനും ആയവ മുഖേന മിൽമ ഉത്പന്നങ്ങൾ, മിനി എൽ.പി.ജി.സിലിണ്ടർ എന്നിവ വിപണനം നടത്തുന്നതിനുമുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, മിൽമ എന്നിവയുമായി ഇത് സംബന്ധിച്ച് ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. ടി പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കെ-സ്റ്റോറുകളാക്കുന്നതിന് താത്പര്യം പ്രകടിപ്പിക്കുന്ന റേഷൻ കടകളെക്കൂടി ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കുന്ന കാര്യം പരിഗണനയിലുണ്ട്. സപ്ലൈകോ മുഖേന വിൽക്കുന്ന സബ്സിഡി ഉത്പന്നങ്ങളുടെ വിപണനം കെ-സ്റ്റോർ വഴി ആരംഭിക്കുന്നത് നയപരമായ തീരുമാനം ആയതിനാൽ കൂടുതൽ ആലോചനകൾക്ക് ശേഷം തീരുമാനിക്കുന്നതാണ്.

<u>ശ്രീ. എ. പ്രഭാകരൻ:</u> സർ, സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയതോടെ ജനസംഖ്യയുടെ 55 ശതമാനത്തോളം വരുന്ന മുൻഗണനേതര വിഭാഗങ്ങൾ റേഷൻ സമ്പ്രദായത്തിന് പുറത്തായിരിക്കുകയാണ്. സംസ്ഥാനത്തെ മുൻഗണനേതര

വിഭാഗത്തിൽപ്പെട്ട നീല, വെള്ള കാർഡുടമകൾക്ക് പരിമിതമായ തോതിലാണ് റേഷൻ ലഭിക്കുന്നത്. ഇത്തരം കാർഡുടമകൾക്ക് അരി വിഹിതം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. ആർ. അനിൽ:</u> സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം നിലവിൽ വന്നതോടുകൂടി റേഷൻ ആനുകൂല്യങ്ങൾ പരിമിതപ്പെടുത്തുകയാണുണ്ടായത്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യ ധാന്യങ്ങളിൽ 10.35 ലക്ഷം മെട്രിക് ടൺ ഭക്ഷ്യ ധാന്യങ്ങൾ മുൻഗണനാ വിഭാഗത്തിനായി മാറ്റിവയ്ക്കേണ്ടി വരുകയാണ്.

<u>മി. സ്പീക്കർ:</u> പ്ലീസ്...... ശ്രീ. റോജി എം. ജോൺ, പ്ലക്കാർഡ് അൽപ്പം താഴ്ത്തി പിടിക്കൂ....... പ്ലീസ്........

<u>ശ്രീ. ജി. ആർ. അനിൽ:</u> ടേണോവർ വിഹിതമായി ലഭിക്കുന്ന ബാക്കി 3.99 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ മാത്രമാണ് മുൻഗണനേതര വിഭാഗങ്ങൾക്ക് നൽകാൻ കഴിയുന്നത്. അതുകൊണ്ടാണ് ടേണോവർ വിഹിതത്തിൽനിന്ന് നീല, വെള്ള കാർഡുടമകൾക്ക് ഭക്ഷ്യധാന്യങ്ങൾ നൽകിവരുന്നത്. നിലവിൽ ലഭിക്കുന്ന ടേണോവർ വിഹിതം മുൻഗണനേതര വിഭാഗങ്ങൾക്ക് ആവശ്യമായ അളവിൽ നൽകാൻ കഴിയുന്നില്ല. ടേണോവർ

വിഹിതം വർദ്ധിപ്പിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ നാളിതുവരെ അംഗീകരിച്ചിട്ടുമില്ല. ഈ സാഹചര്യത്തിലാണ് മുൻഗണനേതര വിഭാഗത്തിൽപ്പെട്ട വെള്ള കാർഡുകാർക്ക് ഫെബ്രുവരി മാസം 10 കിലോഗ്രാമും മാർച്ച് മാസത്തിൽ 8 കിലോഗ്രാം അരിയും വിതരണം ചെയ്യാൻ തീരുമാനിച്ചത്. നീല കാർഡിലെ ഓരോ അംഗത്തിനും 2 കിലോഗ്രാം അരി എന്ന നിലയിൽ ലഭിക്കുന്നതാണ്. എഫ്.സി.ഐ.യിൽനിന്നും 8.30 രൂപയ്ക്ക് അരി വാങ്ങിയാണ് നീല കാർഡുകാർക്ക് നാല് രൂപയ്ക്കും വെള്ള കാർഡുകാർക്ക് 10.90 രൂപയ്ക്കും നൽകുന്നത്. ഭക്ഷ്യ അരിയുടെ പൊതു വിപണയിലെ വില 41-42 രൂപയാണ്. ഇതുകൂടാതെ ഏകദേശം അഞ്ച് രൂപയോളം സംസ്ഥാന സർക്കാർ ചെലവഴിച്ചാണ് എഫ്.സി.ഐ.യിൽനിന്നും സാധനങ്ങൾ വിട്ടുതൽ ചെയ്ത് റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് നൽകിവരുന്നതെന്നുള്ള കാര്യം കൂടി സഭ അറിയേണ്ടതാണ്.

<u>ശ്രീ. എ. പ്രഭാകരൻ:</u> സർ, ഞാൻ പാവപ്പെട്ട ജനങ്ങളുടെ ഭക്ഷണവുമായി ബന്ധപ്പെട്ട റേഷന്റെ കാര്യമാണ് ചോദ്യത്തിൽ ഉന്നയിക്കുന്നത്. ഇത് സാധാരണ ജനങ്ങളെ ബാധിക്കുന്ന പ്രശ്നമാണ്. 700 റേഷൻ കാർഡുള്ള ഒരു റേഷൻ വ്യാപാരിയുടെ വേതന/കമ്മീഷൻ തുക

ശരാശരി 25,000/- രൂപയാണ്. കെട്ടിടത്തിന്റെ വാടക, കറന്റ് ചാർജ്ജ്, സെയിൽസ്മാന്റെ ശമ്പളം എന്നിവയെല്ലാംകൂടി ആകുമ്പോൾ 25,000/- രൂപയിലധികം വരും. ഇത് കണക്കിലെടുത്ത് റേഷൻ വ്യാപാരിയുടെ വേതന/കമ്മീഷൻ പാക്കേജ് കാലോചിതമായി പുതുക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഇതുസംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. ആവശ്യമായ നടപടി ചർച്ച ചെയ്തതിനുശേഷം തീരുമാനിക്കുന്നതാണ്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, 2023 വർഷം ഐക്യരാഷ്ട്ര സഭ ചെറുധാന്യങ്ങളുടെ (മില്ലറ്റ്സ്) വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ചെറുധാന്യങ്ങളുടെ ഉപയോഗം ജീവിത ശൈലീരോഗങ്ങളെ ഫലപ്രദമായി തടയാൻ സഹായിക്കുമെന്ന് ആരോഗ്യ വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു. ചെറുധാന്യങ്ങളുടെ ഉപയോഗം സംസ്ഥാനത്ത് വ്യാപകമാക്കുന്നതിന് റേഷൻ കടകളിലൂടെ ഇത്തരം ചെറുധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: 2022-2023 ചെറുധാന്യങ്ങളുടെ വർഷമായി ഐക്യരാഷ്ട്ര സഭ പ്രഖ്യാപിച്ചത് കണക്കിലെടുത്തുകൊണ്ട് ചെറുധാന്യങ്ങളുടെ

ഉപയോഗം ജീവിതശൈലീ രോഗങ്ങളെ ഫലപ്രദമായി തടയാൻ സഹായിക്കുമെന്നതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ റേഷൻ കടകൾവഴി മുൻഗണനാ കാർഡുടമകൾക്ക് ചെറുധാന്യമായ റാഗി വിതരണം ചെയ്യാൻ തീരുമാനിച്ചത്. പ്രാരംഭ ഘട്ടമെന്ന നിലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ മലയോര മേഖലയിലെ 948 റേഷൻ കടകളിലൂടെയും മറ്റ് സ്ഥലങ്ങളിൽ ഒരു പഞ്ചായത്തിലെ ഓരോ റേഷൻ കട വഴിയുമാണ് റാഗി വിതരണം ചെയ്യാനുദ്ദേശിക്കുന്നത്. കർണ്ണാടകയിൽനിന്നും എഫ്.സി.ഐ. മുഖേന റാഗി ലഭ്യമാക്കി പ്രോസസ് ചെയ്ത് പൊടിയാക്കി ഓരോ കിലോഗ്രാം പായ്ക്കറ്റുകളാക്കി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. കൂടാതെ സ്കൂൾ കുട്ടികൾക്കിടയിലും അങ്കണവാടികളിലും റാഗിയുടെ ഉപയോഗം സംബന്ധിച്ച് പ്രചരണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് വനിതാ ശിശുക്ഷേമ വികസനം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

<u>ശ്രീ. എം. മുകേഷ്</u>: സർ, അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തുന്നതിനുള്ള 'ഓപ്പറേഷൻ യെല്ലോ'-

യുടെ പ്രവർത്തനം എപ്രകാരമാണ് പുരോഗമിക്കുന്നത്; പദ്ധതിയുടെ ഫലപ്രാപ്തി എത്രമാത്രമാണെന്ന് വിശദമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, 'ഓപ്പറേഷൻ യെല്ലോ' എന്ന പദ്ധതിയിൽ എ.എ.വൈ. (മഞ്ഞ) കാർഡുകാരെ സംബന്ധിച്ച് നിരവധി പരാതി വന്നതിന്റെ അടിസ്ഥാനത്തിൽ, മഞ്ഞ കാർഡുകൾ കൈവശം വച്ചിരിക്കുന്ന ആളുകൾ അർഹതയുള്ളവരാണോ അല്ലയോയെന്നുള്ള പരിശോധന കഴിഞ്ഞ മൂന്ന് മാസമായി നടത്തിവരികയാണ്. ഏകദേശം ഏഴായിരത്തിലധികം കാർഡുകൾ അനർഹർ കൈവശം വച്ചിരുന്നത് തിരിച്ചുപിടിക്കാനും അവരിൽനിന്നും പിഴ ഈടാക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം നടപടികളിലൂടെ അർഹതയുള്ള ആളുകൾക്ക് മാത്രം മുൻഗണനാ കാർഡുകൾ ഉറപ്പാക്കുന്നതിനാണ് വകുപ്പ് ശ്രമിക്കുന്നത്.

മി. സ്പീക്കർ: പ്ലീസ്......പ്രതിപക്ഷാംഗങ്ങൾ സഹകരിക്കണം... എല്ലാവരും അവരവരുടെ സീറ്റുകളിൽ പോയിരിക്കണം. .....പ്ലീസ്.....

ഓർഡർ.......ഓർഡർ.....സഭ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ തുടർ നടപടികളിലേയ്ക്ക് കടക്കാൻ ചെയർ നിർബന്ധിതമാകുകയാണ്. ഇന്നത്തെ ചോദ്യോത്തരവേളയുടെ തുടർന്നുള്ള ഭാഗം സസ്പെന്റ് ചെയ്യുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽ നിന്ന് മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ചോദ്യോത്തരവേളയുടെ തുടർന്നുള്ള ഭാഗം റദ്ദ് ചെയ്തു.)

രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

മി. സ്പീക്കർ: ഓർഡർ... ഓർഡർ... സഭ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ തുടർനടപടികളിലേയ്ക്ക് കടക്കാൻ ചെയർ നിർബന്ധിതമാകുകയാണ്. ഇന്നത്തെ ചോദ്യോത്തരവേളയുടെ ബാക്കിഭാഗം റദ്ദ് ചെയ്യുകയും കാര്യവിവരപ്പട്ടികയിലെ മറ്റിനങ്ങളിലേയ്ക്ക് കടക്കുകയും ചെയ്യുകയാണ്. ഇന്നേ ദിവസത്തേയ്ക്ക് ഷെഡ്യൂൾ ചെയ്തിട്ടുള്ള ശ്രദ്ധക്ഷണിക്കലുകൾ, സബ്മിഷൻ എന്നിവയുടെ മറുപടികൾ ബഹു. മന്ത്രിമാർക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്[+].

(പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## II. റിപ്പോർട്ടുകളുടെ സമർപ്പണം

### 1. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിയൊന്ന് മുതൽ മുപ്പത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പത്തിയൊന്ന് മുതൽ മുപ്പത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

2. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട്

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## III. ധനകാര്യം

2023-2024 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ

ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ്

ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം

ധനാഭ്യർത്ഥന നമ്പർ XXXV- പഞ്ചായത്ത്

ധനാഭ്യർത്ഥന നമ്പർ XXXVI- ഗ്രാമവികസനം

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി(ശ്രീ. എം. ബി. രാജേഷ്): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും

നഗരവികസനമെന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പഞ്ചായത്ത് എന്ന XXXV-ാം ധനാഭ്യർത്ഥനയുടെയും ഗ്രാമവികസനമെന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2023-2024 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) |
| VIII | എക്സൈസ് | 361,01,36,000 | ---- | 361,01,36,000 |
| XXII | നഗരവികസനം | 1663,85,79,000 | 197,00,01,000 | 1860,85,80,000 |
| XXXV | പഞ്ചായത്ത് | 625,12,88,000 | 520,00,02,000 | 1145,12,90,000 |
| XXXVI | ഗ്രാമവികസനം | 4523,86,51,000 | 1482,40,00,000 | 6006,26,51,000 |

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയെയും നഗരവികസനമെന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയെയും പഞ്ചായത്ത് എന്ന XXXV-ാം ധനാഭ്യർത്ഥനയെയും ഗ്രാമവികസനമെന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല. ധനാഭ്യർത്ഥന ചർച്ചകൾ റദ്ദ് ചെയ്തു. ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രിയുടെ പ്രസംഗം അനുബന്ധമായി ചേർക്കുന്നു*.)

## ധനാഭ്യർത്ഥന നമ്പർ - VIII

## എക്സൈസ്

മി. സ്പീക്കർ: എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക

* അനുബന്ധമായി ചേർക്കുന്നു.

2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

പ്രമേയം പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ - XXII**

**നഗരവികസനം**

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

പ്രമേയം പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ - XXXV

### പഞ്ചായത്ത്

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

പ്രമേയം പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ - XXXVI

### ഗ്രാമവികസനം

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക

2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

പ്രമേയം പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 മാർച്ച് മാസം 17-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 9.17-ന് പിരിഞ്ഞു).

*****

അനുബന്ധം I

# അനുബന്ധം 1

നടപ്പ് സാമ്പത്തിക വർഷത്തിൽ ഓരോ മാസവും വിതരണം ചെയ്തിട്ടുള്ള അരിയുടെ അളവും ലഭ്യമായ അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിലുള്ള വിതരണ ശതമാനവും സംബന്ധിച്ചുള്ള വിവരങ്ങൾ

| മാസം | വിതരണം ചെയ്ത അരിയുടെ അളവ് | അലോട്ട്മെന്റ് കണക്കിലെടുത്തുള്ള വിതരണ ശതമാനം | റിമാർക്സ് |
|---|---|---|---|
| 2022 ഏപ്രിൽ | 95063.404 | 92% | |
| 2022 മെയ് | 95213.994 | 92% | |
| 2022 ജൂൺ | 94890.147 | 92% | |
| 2022 ജൂലൈ | 99704.768 | 97% | |
| 2022 ആഗസ്റ്റ് | 117555.32 | 114% | ഓണം പ്രമാണിച്ച് മുൻഗണനേതര വിഭാഗത്തിന് കൂടുതൽ വിഹിതം നൽകിയിരുന്നു. |
| 2022 സെപ്റ്റംബർ | 94967.744 | 92% | |
| 2022 ഒക്ടോബർ | 89409.931 | 87% | |
| 2022 നവംബർ | 98208.36 | 95% | |
| 2022 ഡിസംബർ | 90947.43 | 88% | |
| 2023 ജനുവരി | 89910.793 | 87% | |
| 2023 ഫെബ്രുവരി | 103041.276 | 100% | |

# അനുബന്ധം 2

## അരിയും ഗോതമ്പും ഉൾപ്പെടെ നോർമൽ വിഭാഗത്തിൽ നടപ്പ് സാമ്പത്തിക വർഷം വിതരണം ചെയ്ത ധാന്യത്തിന്റെ അളവും ആവശ്യകതയുടെ അടിസ്ഥാനത്തിലുള്ള വിതരണ ശതമാനവും സംബന്ധിച്ചുള്ള വിവരങ്ങൾ

| മാസം | കാർഡ്/ അംഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള ആകെ ആവശ്യകത | വിതരണം ചെയ്ത ധാന്യത്തിന്റെ അളവ് | ആവശ്യകതയുടെ അടിസ്ഥാനത്തിലുള്ള വിതരണ ശതമാനം |
|---|---|---|---|
| 2022 ഏപ്രിൽ | 127589.16 | 109720.304 | 86% |
| 2022 മെയ് | 127573.74 | 110109.174 | 86% |
| 2022 ജൂൺ | 133806.3 | 109863.887 | 82% |
| 2022 ജൂലൈ | 133695.36 | 114797.818 | 86% |
| 2022 ആഗസ്റ്റ് | 179718.18 | 133059.070 | 74% |
| 2022 സെപ്റ്റംബർ | 139500.84 | 106725.044 | 77% |
| 2022 ഒക്ടോബർ | 116532.17 | 103381.991 | 89% |
| 2022 നവംബർ | 152162.99 | 112949.130 | 74% |
| 2022 ഡിസംബർ | 122155.98 | 105579.670 | 86% |
| 2023 ജനുവരി | 122172.8 | 104076.886 | 85% |
| 2023 ഫെബ്രുവരി | 133704.65 | 117958.027 | 88% |

## അനുബന്ധം 3

## PMGKAY സ്കീമിൽ നടപ്പ് സാമ്പത്തിക വർഷം വിതരണം ചെയ്ത അരിയുടെ അളവ് സംബന്ധിച്ച വിവരങ്ങൾ

| മാസം | വിതരണം ചെയത് അരിയുടെ അളവ് (മെ.ടണ്ണിൽ) | വിതരണ ശതമാനം | റിമാർക്സ് |
|---|---|---|---|
| 2022 ഏപ്രിൽ | 56377.882 | 91% | ഏപ്രിൽ, മെയ് മാസങ്ങളിൽ ഗോതമ്പുകൂടി വിതരണം നടത്തിയിട്ടുണ്ട്. |
| 2022 മെയ് | 57757.822 | 80% | |
| 2022 ജൂൺ | 82422.38 | 106% | മെയ് മാസ ക്വാട്ടയിൽ ഗോതമ്പ് പൂർണ്ണമായി ലഭ്യമാകാത്തവർക്ക് പകരം അരി ജൂൺ മാസത്തിൽ നൽകി. |
| 2022 ജൂലൈ | 72476.28 | 94% | |
| 2022 ആഗസ്റ്റ് | 74239.53 | 96% | |
| 2022 സെപ്റ്റംബർ | 62813.321 | 81% | |
| 2022 ഒക്ടോബർ | 79218.816 | 102% | സെപ്റ്റംബർ മാസത്തിൽ PMGKAY സ്കീമിലെ ഭക്ഷ്യധാന്യങ്ങളുടെ വിട്ടെടുപ്പിലുണ്ടായ പ്രശ്നങ്ങൾ പരിഗണിച്ച് സെപ്റ്റംബർ വിഹിതം ഒക്ടോബറിൽകൂടി നൽകിയിരുന്നു. |
| 2022 നവംബർ | 74501.998 | 96% | |
| 2022 ഡിസംബർ | 71705.68 | 93% | |

**അനുബന്ധം II**

## I രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### ii നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വടക്കാഞ്ചേരി ലൈഫ് പദ്ധതി

2(*452) ശ്രീ. എം. വിൻസെന്റ്:

ശ്രീ. റോജി എം. ജോൺ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിൽ ലൈഫ് പദ്ധതിയുടെ ഭാഗമായി റെഡ്ക്രെസെന്റും ലൈഫ് മിഷനും തമ്മിലുള്ള എം.ഒ.യു.വിൽ ലൈഫ് മിഷനും റെഡ്ക്രെസെന്റും തമ്മിൽ സഹകരിക്കുന്ന ഓരോ പദ്ധതിക്കും എഗ്രിമെന്റുണ്ടാകണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

വടക്കാഞ്ചേരിയിൽ ലൈഫ് പദ്ധതിയുടെ ഭാഗമായി റെഡ്ക്രെസെന്റും ലൈഫ് മിഷനും തമ്മിൽ എം.ഒ.യു.ഒപ്പുവച്ചിട്ടില്ല.

(ബി) പ്രസ്തുത എം.ഒ.യു.വിന്റെ ഭാഗമായി കരാറുകളുണ്ടാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ബാധകമല്ല.

## ജനകീയ പോലീസ് സമ്പ്രദായത്തിന്റെ ഫലപ്രാപ്തി

3(*453) ശ്രീ. കെ.വി.സുമേഷ്:

ശ്രീ. എം. രാജഗോപാലൻ:

ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി പറയാമോ:

(എ) സംസ്ഥാനത്ത് പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്ന വിധത്തിൽ ആധുനിക സാങ്കേതികവിദ്യയുടെ വിപുലമായ പ്രയോഗം നടത്താൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനൊപ്പം നാട്ടിൽ സമാധാനം ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്തമാണ് പോലീസിനുള്ളത്. പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ശാസ്ത്ര സാങ്കേതിക രംഗത്തെ മാറ്റങ്ങളെ നമ്മുടെ നാടിന്റെ സവിശേഷതകൾക്കനുഗുണമായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സാങ്കേതികവിദ്യ തുറന്നിടുന്ന അവസരങ്ങൾക്കൊപ്പം അതുപയോഗിച്ചുള്ള കുറ്റകൃത്യങ്ങളും ലോകത്ത് കൂടി വരികയാണ്. ഇത്തരം അപകടങ്ങളെയും ചതിക്കുഴികളെയും സംബന്ധിച്ച

അറിവ് ജനങ്ങളിലേയ്ക്കെത്തുകയെന്നതും പ്രധാനമാണ്. അത് ലക്ഷ്യംവച്ചുള്ള പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. രാജ്യത്തൊട്ടാകെയുള്ള കുറ്റവാളികളെ സംബന്ധിച്ച വിവരങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്വർക്ക് & സിസ്റ്റം (CCTNS) എല്ലാ പോലീസ് സ്റ്റേഷനുകളിലും നടപ്പാക്കി. ഇതിലെ വിവരങ്ങൾ ശേഖരിക്കുന്നതിന് iCoPS എന്ന പേരിൽ ആപ്ലിക്കേഷൻ കേരള പോലീസ് സ്വന്തമായി വികസിപ്പിച്ചിട്ടുണ്ട്. ജി.ഡി. റെക്കോർഡിംഗ്, എഫ്.ഐ.ആർ. രജിസ്ട്രേഷൻ എന്നീ മൊഡ്യൂളുകൾക്കൊപ്പം വിവരങ്ങളുടെ തെരച്ചിൽ, എഫ്.ഐ.ആർ. ഇൻഡക്സ്, മറ്റ് രജിസ്റ്ററുകൾ, ഡിജിറ്റൽ ഗ്യാലറി എന്നിവ ഈ പുതിയ പ്ലാറ്റ്ഫോമിൽ സജ്ജമാക്കിയിട്ടുണ്ട്.

ക്രിമിനലുകളുടെ ഫോട്ടോഗാലറി, മുഖം തിരിച്ചറിയൽ, ഡിജിറ്റൽ സിഗ്നേച്ചർ എന്നിവ ഈ ആപ്ലിക്കേഷനിലുൾപ്പെടുന്നു. പോലീസ് വകുപ്പിലെ വിദഗ്ധ ഉദ്യോഗസ്ഥരുടെ മാത്രം സേവനമുപയോഗിച്ച് സോഫ്റ്റ്വെയർ വികസിപ്പിച്ചെടുത്ത രാജ്യത്തെ ആദ്യത്തെ പോലീസ് സേനയാണ് കേരളാ പോലീസ്.

**സൈബർഡോം**

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഡാർക്ക് വെബ് വഴിയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുമായുള്ള പോലീസിന്റെ ആദ്യ സംരംഭമാണ് തിരുവനന്തപുരത്തെ സൈബർഡോം. ഇതിന്റെ പ്രവർത്തനങ്ങൾ മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എറണാകുളത്തും കോഴിക്കോട്ടും ഓരോ സൈബർഡോം വീതം ആരംഭിച്ചു.

**Grapnel (സൈബർഡോം വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയർ)**

മയക്കുമരുന്ന്, അനധികൃത ആയുധ വ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ, ലൈംഗിക വ്യാപാരം, മോഷ്ടിച്ച ഡാറ്റ, വ്യാജ ഐഡന്റിറ്റികൾ, ഹാക്കിംഗ് ടൂളുകൾ എന്നിവയുൾപ്പെടെ നിയമവിരുദ്ധമായ ചരക്കുകളും സേവനങ്ങളും വാങ്ങാനും വിൽക്കാനും കഴിയുന്ന വിവിധ അധോലോക വിപണികളുടെ കേന്ദ്രമാണ് ഡാർക്ക്‌വെബ്. ഇതിലെ നിഗൂഢതകൾ നീക്കുന്നതിനും കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനും അവയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ നടത്താനും Grapnel സോഫ്റ്റ്‌വെയർ വഴി സാധിക്കുന്നു.

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുമായി സി-ഡാക്ക് മുഖേന പോലീസുദ്യോഗസ്ഥർക്ക് സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ആൻഡ്

സൈബർ ഫോറൻസിക്-ൽ വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കിയവരെ നിയമിച്ചുകൊണ്ട് കണ്ണൂർ റൂറൽ ഒഴികെയുള്ള സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം സ്റ്റേഷനുകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഐ.ടി.ആക്ട് പ്രകാരമുള്ള കുറ്റകൃത്യങ്ങളുടെ അന്വേഷണത്തെ സഹായിക്കുന്നതിന് പരിശീലനം ലഭിച്ച പോലീസുദ്യോഗസ്ഥരുടെ സേവനം പോലീസ് സ്റ്റേഷനുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

## Drone Forensic & Research Centre

ഡ്രോൺ സാങ്കേതികവിദ്യയും അതിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റത്തെക്കുറിച്ചും പഠിക്കുകയെന്ന ലക്ഷ്യത്തോടെ ഒരു ഡ്രോൺ ഫോറൻസിക് & റിസർച്ച് സെന്റർ പ്രവർത്തിക്കുന്നു. രഹസ്യ വിവര ശേഖരണം, ജനക്കൂട്ടങ്ങളെ നിയന്ത്രിക്കുന്നതിനും അക്രമാസക്തമായ ജനക്കൂട്ടത്തിൽനിന്നും വ്യക്തികളുടെ മുഖം തിരിച്ചറിയുന്നതിനും ഒരു പ്രത്യേക സ്ഥലത്തെ വീഡിയോ ശേഖരിക്കുന്നതിനും അത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും സംസ്ഥാന പോലീസിന് ഡ്രോണും നിർമ്മിതബുദ്ധിയും ഉപയോഗിച്ച് പ്രസ്തുത സെന്ററിന്റെ സഹായത്തോടെ ചെയ്യാൻ കഴിയുന്നു.

**ആന്റി ഡ്രോൺ വെഹിക്കിൾ**

ഒരു നിശ്ചിത പരിധിക്കുള്ളിലെ അനധികൃത ഡ്രോണുകളും ആളില്ലാവിമാനങ്ങളും (UAV) കണ്ടെത്തുന്നതിനും ജാമ്മർ ഉപയോഗിച്ച് നിയന്ത്രണവിധേയമാക്കുന്നതിനും കഴിയുന്ന മൊബൈൽ ആന്റി ഡ്രോൺ സംവിധാനം ഈ ലാബിൽ വികസിപ്പിച്ചിട്ടുണ്ട്. ഇത്തരം ഒരു സംവിധാനം നിർമ്മിച്ച രാജ്യത്തെ ആദ്യ പോലീസ് ഏജൻസി കേരളാ പോലീസാണ്.

**THUNA & Pol-APP**

പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി കേരള പോലീസ് രണ്ട് വ്യത്യസ്ത ആപ്ലിക്കേഷനുകൾ രൂപകല്പന ചെയ്തിട്ടുണ്ട്. ഓൺലൈൻ സിറ്റിസൺ സർവ്വീസ് പോർട്ടൽ - THUNA സിറ്റിസൺ സർവ്വീസുൾപ്പെടുത്തിയ മൊബൈൽ ആപ്ലിക്കേഷൻ– Pol-APP.

പൊതുജനങ്ങൾക്ക് പോലീസിന്റെ സേവനങ്ങളും വിവരങ്ങളും ലഭിക്കുന്ന കേരള പോലീസിന്റെ സിറ്റിസൺ പോർട്ടലാണ് THUNA (The Hand yoU Need for Assistance).

പരാതി സമർപ്പിക്കുക, എഫ്.ഐ.ആർ. പകർപ്പ് ലഭ്യമാക്കുക, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ, മൈക്ക് ഓർഡർ തുടങ്ങിയ സേവനങ്ങൾ ഇതുവഴി ലഭ്യമാണ്.

കൂടാതെ ഈ സേവനങ്ങളെല്ലാംതന്നെ കേരളാ പോലീസിന്റെ മൊബൈൽ ആപ് ആയ Pol-APP (പോൾ-ആപ്) മുഖേന മൊബൈൽ ഫോണുകളിലും ലഭ്യമാണ്.

തുണ പോർട്ടലിന്റെ ഉപയോഗത്താൽ പോലീസ് സ്റ്റേഷനുകളെ നേരിട്ട് സമീപിക്കേണ്ട സാഹചര്യം പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുന്നതാണ്.

## MiCoPS

പോലീസ് സേനയുടെ കാര്യക്ഷമത ലക്ഷ്യമിട്ടാണ് MiCoPS എന്ന ആപ്ലിക്കേഷൻ രൂപകൽപന ചെയ്തിട്ടുള്ളത്. പോലീസ് ജോലിയുമായി ബന്ധപ്പെട്ടുള്ള റിപ്പോർട്ടുകൾ/വ്യക്തി പരിശോധനകൾ/കുറ്റാന്വേഷണങ്ങൾ എന്നിവയുൾപ്പെടെ അമ്പത്തിമൂന്ന് സവിശേഷ മൊഡ്യൂളുകൾ ഇതിലുൾപ്പെടുന്നു. പേപ്പർരഹിത പോലീസ് ഓഫീസുകളെന്ന ലക്ഷ്യത്തിലേയ്ക്ക് കേരള പോലീസിനെ എത്തിക്കാൻ ഉദ്ദേശിച്ചുള്ളതാണ് ഈ മൊബൈൽ ആപ്.

## Software Defined Wide Area Network (SDWAN)

കേരളാ പോലീസിന്റെ എല്ലാ ഓഫീസുകളും തമ്മിൽ സുരക്ഷിതമായി ഡാറ്റ കൈമാറ്റം ചെയ്യുന്നതിനും പോലീസുമായി ബന്ധപ്പെട്ടുള്ള സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നതിനും പരസ്പരം ബന്ധിപ്പിച്ചിരിക്കുന്നത് Software Defined Wide Area Network (SDWAN) എന്ന സാങ്കേതികവിദ്യയുപയോഗിച്ചാണ്. ഇത്തരം സാങ്കേതികവിദ്യ ഉപയോഗിക്കുന്ന രാജ്യത്തെ ആദ്യത്തെ പോലീസ് സേനയും കേരളാ പോലീസാണ്.

## Emergency Response Support System (ERSS)

പൊതുജനങ്ങൾക്ക് 112 എന്ന എമർജൻസി നമ്പർ മുഖേന അപകടങ്ങൾ, മദ്യപിച്ചുകൊണ്ടുള്ള അതിക്രമങ്ങൾ, വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ, കുടുംബപ്രശ്നങ്ങൾ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ, മോഷണം, കാണാതാകൽ, തീപിടുത്തം, പ്രകൃതി ദുരന്തങ്ങൾ, മറ്റ് അടിയന്തര സഹായമാവശ്യമുള്ള ആരോഗ്യപ്രശ്നങ്ങൾ എന്നീ അടിയന്തര ഘട്ടങ്ങളിൽ പോലീസ് സഹായം ലഭ്യമാക്കുന്നതാണ്. ഈ സംവിധാനംവഴി ലഭിക്കുന്ന ഫോൺ കോളുകളും സന്ദേശങ്ങളും പോലീസ് ആസ്ഥാനത്തെ ആധുനിക സാങ്കേതികവിദ്യയിൽ

അധിഷ്ഠിതമായി സ്ഥാപിച്ച കൺട്രോൾ റൂമിൽനിന്നും ചുമതലപ്പെട്ട പോലീസുദ്യോഗസ്ഥർക്ക് അടിയന്തരനടപടിക്കായി അതിവേഗം കൈമാറി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## Internal Administrative Processing System (iAPS)

പോലീസിന്റെയും പോലീസ് വകുപ്പിലെ വിവിധ ഓഫീസുകളുടെയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുതാര്യമാക്കുന്നതിനുമുള്ള ഇ-ഗവേണൻസ് സംവിധാനമായി വെബ് അധിഷ്ഠിത Internal Administrative Processing System (iAPS) പ്രവർത്തിച്ചുവരുന്നു.

## Forensic Science Lab

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറികൾ സ്ഥാപിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ശാസ്ത്രീയ കുറ്റാന്വേഷണം ശക്തിപ്പെടുത്തുന്നതിനായി ആധുനിക ഉപകരണങ്ങൾ FSL-ലേയ്ക്ക് വാങ്ങി നൽകിയിട്ടുണ്ട്.

## CCTV Cameras

Automated Number Plate Recognition (ANPR) ക്യാമറകൾ ഉപയോഗിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ ലോക്കൽ പോലീസ് സ്റ്റേഷനുകളുമുൾപ്പടെ 520 പോലീസ് സ്റ്റേഷനുകളിലും CCTV ക്യാമറകളും കൂടാതെ, എല്ലാ ജില്ലാ പോലീസ് ഓഫീസുകളിലും പോലീസ് ആസ്ഥാനത്തും CCTV ക്യാമറ മോണിറ്ററിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ട്രാഫിക് നിയമലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി ‘ INTEGRATED DIGITAL TRAFFIC ENFORCEMENT SYSTEM’ എന്ന പദ്ധതി നടപ്പാക്കുന്നതിന് BOOT (Build Own Operate Transfer) പ്രകാരം നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

ഡിജിറ്റൽ ഡീ-അഡിക്ഷൻ സെന്ററുകൾ

മൊബൈൽ ഫോണിന്റെയും ഇന്റർനെറ്റിന്റെയും ദുരുപയോഗംകൊണ്ട് കുട്ടികളിലുണ്ടാകുന്ന മാനസികവിഷമങ്ങളും മനോവൈകല്യങ്ങളും പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ ആറ് നഗരപ്രദേശങ്ങളിൽ ഡിജിറ്റൽ ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനൊപ്പം നാട്ടിൽ സമാധാനം ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്തമാണ് പോലീസിനുള്ളത്. പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ശാസ്ത്രസാങ്കേതികരംഗത്തെ മാറ്റങ്ങളെ നമ്മുടെ നാടിന്റെ സവിശേഷതകൾക്കനുഗുണമായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സാങ്കേതികവിദ്യ തുറന്നിടുന്ന അവസരങ്ങൾക്കൊപ്പം അതുപയോഗിച്ചുള്ള കുറ്റകൃത്യങ്ങളും ലോകത്ത് കൂടി വരികയാണ്. ഇത്തരം അപകടങ്ങളെയും ചതിക്കുഴികളെയും സംബന്ധിച്ച അറിവ് ജനങ്ങളിലേയ്ക്കെത്തിക്കുകയെന്നതും പ്രധാനമാണ്. അത് ലക്ഷ്യംവച്ചുള്ള പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്.

രാജ്യത്തൊട്ടാകെയുള്ള കുറ്റവാളികളെ സംബന്ധിച്ച വിവരങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് & സിസ്റ്റം (CCTNS) എല്ലാ പോലീസ് സ്റ്റേഷനുകളിലും നടപ്പാക്കി. ഇതിലെ വിവരങ്ങൾ ശേഖരിക്കുന്നതിന് iCoPS എന്ന പേരിൽ ആപ്ലിക്കേഷൻ കേരള പോലീസ് സ്വന്തമായി വികസിപ്പിച്ചിട്ടുണ്ട്. ജി.ഡി. റെക്കോർഡിംഗ് എഫ്.ഐ.ആർ രജിസ്ട്രേഷൻ എന്നീ മൊഡ്യൂളുകൾക്കൊപ്പം വിവരങ്ങളുടെ

തെരച്ചിൽ, എഫ്.ഐ.ആർ ഇൻഡക്സ്, മറ്റ് രജിസ്റ്ററുകൾ, ഡിജിറ്റൽ ഗ്യാലറി എന്നിവ ഈ പുതിയ പ്ലാറ്റ്ഫോമിൽ സജ്ജമാക്കിയിട്ടുണ്ട്.

ക്രിമിനലുകളുടെ ഫോട്ടോ ഗ്യാലറി, മുഖം തിരിച്ചറിയൽ, ഡിജിറ്റൽ സിഗ്നേച്ചർ എന്നിവ ഈ ആപ്ലിക്കേഷനിലുൾപ്പെടുന്നു. പോലീസ് വകുപ്പിലെ വിദഗ്ധ ഉദ്യോഗസ്ഥരുടെ മാത്രം സേവനമുപയോഗിച്ച് സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്ത രാജ്യത്തെ ആദ്യത്തെ പോലീസ് സേനയാണ് കേരളാ പോലീസ്.

**ഡിജിറ്റൽ ഡീ-അഡിക്ഷൻ സെന്ററുകൾ**

മൊബൈൽ ഫോണിന്റെയും ഇന്റർനെറ്റിന്റെയും ദുരുപയോഗം കൊണ്ട് കുട്ടികളിലുണ്ടാകുന്ന മാനസികവിഷമങ്ങളും മനോവൈകല്യങ്ങളും പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ ആറ് നഗരപ്രദേശങ്ങളിലായി ഡിജിറ്റൽ ഡീ-അഡിക്ഷൻ സെന്ററാരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ക്രമസമാധാനപാലനം ജനപങ്കാളിത്തത്തോടെ കാര്യക്ഷമമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ജനകീയ പോലീസ് സമ്പ്രദായത്തിന്റെ ഫലപ്രാപ്തിയെക്കുറിച്ച് അറിയിക്കാമോ?

പരമ്പരാഗതമായ കേന്ദ്രീകൃത പോലീസിംഗ് രീതിയിൽനിന്ന് വിഭിന്നമായി പ്രാദേശിക ജനകീയവിഷയങ്ങളിൽ ജനാഭിപ്രായ സമന്വയത്തിലൂടെ വികേന്ദ്രീകൃത പോലീസിംഗ് നടപ്പിലാക്കുന്ന രീതിയാണ് ജനമൈത്രി സുരക്ഷാ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്. കോവിഡ് കാലത്ത് 32,244 പോലീസുദ്യോഗസ്ഥർ രോഗബാധിതരായിട്ടും രോഗ നിവാരണ പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്ന നിരവധി പോലീസുദ്യോഗസ്ഥർക്ക് ജീവഹാനി സംഭവിച്ചിട്ടും സുരക്ഷയ്ക്കായുള്ള വിവിധ പ്രവർത്തനങ്ങളിൽ അഹോരാത്രമേർപ്പെടാൻ ജനമൈത്രി പോലീസിന് സാധിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയിൽ നാടിന് താങ്ങും തണലുമായി നിന്ന ഈ പദ്ധതിവഴി പോലീസുദ്യോഗസ്ഥർ 3,24,732 ഭവനങ്ങളിൽ സന്ദർശനം നടത്തി, അവശ്യ സേവനങ്ങളായ ജീവൻരക്ഷാ മരുന്ന്, ഭക്ഷണം എന്നിവ ജനങ്ങൾക്കായി എത്തിച്ചുനൽകിയിട്ടുണ്ട്. കേരളത്തിലുടനീളം ഉറ്റവരുടെയും ഉടയവരുടെയും ആലംബമില്ലാതെ കഴിഞ്ഞിരുന്ന മുതിർന്ന പൗരന്മാർക്ക് അവരുടെ വീടുകളിലെത്തി കോവിഡ്-19 വാക്സിനേഷൻ നടത്തുന്നതിനായി ഈ വിഭാഗത്തിലെ 59959 മുതിർന്ന പൗരന്മാരുടെ മുൻഗണനാ പട്ടിക തയ്യാറാക്കി ആരോഗ്യവകുപ്പുമായി ചേർന്ന് വാക്സിനേഷനായുള്ള നടപടികൾ സ്വീകരിച്ചു. ഓൺലൈൻ സൗകര്യമില്ലാത്ത

ദുർബ്ബലവിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഇ-വിദ്യാരംഭം പദ്ധതിയിലൂടെ ടെലിവിഷനുകൾ, സ്മാർട്ട് ഫോണുകൾ, ലാപ്ടോപ്പുകൾ എന്നിവ സംസ്ഥാനത്താകമാനം വിതരണം ചെയ്തിട്ടുണ്ട്.

ഇതിനുപുറമെ ആദിവാസി ദുർബ്ബല വിഭാഗങ്ങളുടെ സംരക്ഷണത്തിനായി ട്രൈബൽ ജനമൈത്രി പ്രോജക്ട്, അതിഥി തൊഴിലാളികളുടെ നിരീക്ഷണത്തിനായി മൈഗ്രന്റ് ജനമൈത്രി സ്കീം, വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനായി പ്രശാന്തി സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, സ്ത്രീകളുടെയും കുട്ടികളുടെയും സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്, ഗാർഹിക ലൈംഗികാതിക്രമങ്ങൾക്കിരയാകുന്നവർക്ക് നിയമസഹായം നൽകുന്നതിനായി പോലീസ് ഫെസിലിറ്റേഷൻ ഓഫീസർ, ക്രമസമാധാനവുമായി ബന്ധപ്പെട്ട് വിവിധ മേഖലകളെ സസൂക്ഷ്മം നിരീക്ഷിക്കുന്നതിനായി മൊബൈൽ ബീറ്റ് സിസ്റ്റം (M-Beat System), സ്ത്രീ ശക്തീകരണത്തിനായി വനിത സ്വയം പ്രതിരോധ പരിശീലനം, ലഘുതർക്ക പരിഹാരത്തിനായി കമ്മ്യൂണിറ്റി മീഡിയേഷൻ സെന്ററുകൾ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളെ സ്പർശിക്കുന്ന പ്രവർത്തനങ്ങൾ ജനമൈത്രി സുരക്ഷാ പദ്ധതിയുടെകീഴിൽ നടത്തിവരികയാണ്.

‘ സുരക്ഷയ്ക്കായ് ജനങ്ങൾക്കൊപ്പം’ എന്ന ആപ്തവാക്യം മുൻനിർത്തി മികച്ച സേവനം നൽകാൻ സാധിച്ചിട്ടുണ്ട്. ജനമൈത്രി പദ്ധതിയുടെ പ്രധാന നേട്ടങ്ങൾ ചുവടെപ്പറയുന്നു.

1) ജനമൈത്രി സുരക്ഷാ പദ്ധതി മുഖേന പൊതുജനങ്ങളുമായി സഹകരിച്ച് കുറ്റകൃത്യങ്ങൾക്ക് സാധ്യതയുള്ള മേഖലകൾ കണ്ടെത്തുന്നതിനും കുറ്റവാളികളുടെ വിവരങ്ങൾ ശേഖരിച്ച് കുറ്റകൃത്യങ്ങൾ മുൻകൂട്ടി കണ്ടെത്തി തടയുന്നതിനും കാര്യക്ഷമമായ ക്രമസമാധാനപാലനം ഉറപ്പാക്കുന്നതിനും സാധിക്കുന്നുണ്ട്.

2) ജനമൈത്രി ബീറ്റുകൾ മുഖേന സ്ത്രീകളുടെയും കുട്ടികളുടെയും വയോജനങ്ങളുടെയും ഒറ്റപ്പെട്ടുകഴിയുന്നവരുടെയും സുരക്ഷ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്.

3) പൊതുജനപങ്കാളിത്തത്തോടെ അശരണരായ കിടപ്പുരോഗികൾക്ക് മരുന്നും മറ്റത്യാവശ്യ സാധനങ്ങളും ഈ പദ്ധതി മുഖേന നൽകിവരുന്നു.

4) ഒരു സ്ഥലത്ത് പുതുതായി വരുന്ന താമസക്കാരുടെയും ഇതര ദേശക്കാരുടെയും വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്യാൻ സഹായിക്കുന്നുണ്ട്.

5) ലഹരിവിരുദ്ധ ബോധവൽക്കരണം, ട്രാഫിക് അവബോധം, നിയമബോധവൽക്കരണം എന്നീ പരിപാടികൾ നടത്തിവരുന്നു.

6) പൊതു-സ്വകാര്യ സൈബർ ഇടങ്ങളിൽ സ്ത്രീകൾക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ, സ്ത്രീധന പീഡനങ്ങൾ, മറ്റ് ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ പൊതുജന അവബോധം വളർത്തുന്നതിനായി ക്ലാസുകൾ നൽകിവരുന്നു. കൂടാതെ വനിതകൾക്ക് സ്വയം പ്രതിരോധ ക്ലാസുകളും സംഘടിപ്പിച്ചുവരുന്നുണ്ട്.

ഓൺലൈൻ ദുരുപയോഗവുമായി ബന്ധപ്പെട്ട കേരളാ പോലീസിന്റെ ‘ ചിരി’ ഹെൽപ്പ് ലൈനിൽ (9497900200) വരുന്ന ഫോൺകോളുകൾ ഉടനടിതന്നെ ജില്ലകളിലെ കൗൺസിലർമാർക്കും സൈക്കോളജിസ്റ്റുകൾക്കും അയച്ചുകൊടുത്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ മുഖാന്തരം Internet Addiction, Game Addiction, ഓൺലൈൻ ദുരുപയോഗം എന്നിവയെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർമാർ മുഖേന നൽകിവരുന്നു. ജില്ലാ Children & Police (CAP) കോ-ഓർഡിനേഷൻ സെന്ററുകൾ മുഖേന ബോധവൽക്കരണ ക്യാമ്പയിനുകൾ നടത്തിവരുന്നു. വീട്ടിലെ സാഹചര്യം നിമിത്തം പാതിവഴിയിൽ പഠനം

ഉപേക്ഷിക്കേണ്ടിവരുന്ന കുട്ടികളെയും എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ പരാജയപ്പെടുന്ന കുട്ടികളെയും കണ്ടെത്തി അവരിൽ ആത്മവിശ്വാസം ജനിപ്പിച്ച് ക്ലാസുകൾ നൽകിക്കൊണ്ട് പരീക്ഷകളിൽ വിജയം നേടുന്നതിനായുള്ള കേരള പോലീസിന്റെ അഭിമാനകരമായ പദ്ധതിയാണ് ' പ്രോജക്ട് ഹോപ്. പരീക്ഷകളിൽ പരാജയപ്പെടുമെന്ന ഭീതിമൂലം ആത്മഹത്യാപ്രവണത പ്രകടമാക്കുന്ന കുട്ടികൾക്ക് ജീവിതത്തിലേയ്ക്ക് തിരികെ വരാനുള്ള പ്രതീക്ഷയാണ് പ്രോജക്ട് ഹോപ്പ്. ഇതിനുപുറമേ സ്കൂൾതലത്തിൽ അതത് പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥർ, സ്കൂൾ മേധാവി, ഐ.ടി. അദ്ധ്യാപകർ എന്നിവരുടെ മേൽനോട്ടത്തിൽ സൈബർ സെക്യൂരിറ്റി ക്ലബ്ബുകൾ രൂപീകരിച്ച് കുട്ടികൾക്കിടയിൽ ഓൺലൈൻ കുറ്റകൃത്യങ്ങൾക്കെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

മേൽ പരാമർശിച്ച വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ പോലീസും പൊതുജനങ്ങളുമായി ഊഷ്മളമായ ബന്ധം സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**വടക്കാഞ്ചേരി ലൈഫ് മിഷൻ എം.ഒ.യു.**

4(*454) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിൽ ലൈഫ് പദ്ധതിയുടെ ഭാഗമായി റെഡ്ക്രെസെന്റ് എന്ന വിദേശസ്ഥാപനത്തിൽനിന്നും സഹായം സ്വീകരിക്കാൻ ലൈഫ് മിഷൻ എം.ഒ.യു. ഒപ്പുവച്ചത് ലൈഫ് മിഷൻ പദ്ധതിയുടെ ചെയർമാനായ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത യോഗത്തിന്റെ മിനിട്സ് ലഭ്യമാണോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത യോഗത്തിലെ പ്രധാനതീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(എ-സി) വടക്കാഞ്ചേരിയിൽ ലൈഫ് പദ്ധതിയുടെ ഭാഗമായി റെഡ്ക്രെസെന്റ് എന്ന വിദേശസ്ഥാപനത്തിൽനിന്നും സഹായം സ്വീകരിക്കാൻ ലൈഫ് മിഷൻ എം.ഒ.യു.ഒപ്പുവച്ചിട്ടില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ ഓൺലൈനാക്കാൻ നടപടി**

5(*455)<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>:

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>:

<u>ശ്രീ. ഡി. കെ. മുരളി</u>:

<u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്ന് ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ പൂർണ്ണമായും ഓൺലൈനായി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; അതിനാവശ്യമായ പശ്ചാത്തലസൗകര്യം ഒരുക്കിയിട്ടുണ്ടോ?

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്ന് ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ പൂർണ്ണമായും ഓൺലൈനായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ 941 ഗ്രാമപഞ്ചായത്തുകളിലും ILGMS സോഫ്റ്റ്‌വെയർ വിന്യസിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായുള്ള Citizen portal മുഖാന്തരം സേവനങ്ങൾ ഓൺലൈനായി നൽകുന്ന സംവിധാനം ഗ്രാമപഞ്ചായത്തുകളിൽ നിലവിലുണ്ട്. നഗരസഭകളിലും Citizen portal സേവനം ലഭ്യമാണ്. നഗരസഭകളിൽ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനാക്കുന്നതിന്റെ ഭാഗമായുള്ള സോഫ്റ്റ്‌വെയർ

സംവിധാനമൊരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ Information Kerala Mission-ൽ പുരോഗമിച്ചുവരുന്നു.

(ബി) എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെയും സോഫ്റ്റ്‌വെയർ ഏകീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ഏകീകൃതരൂപത്തിൽ ILGMS സോഫ്റ്റ്‌വെയറുകൾ വിന്യസിച്ചിട്ടുണ്ട്. നഗരസഭകളിൽനിന്നും നൽകിവരുന്ന സേവനങ്ങളെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെ ഐ.കെ.എം.-ന്റെ സഹായത്തോടെ "കെ സ്മാർട്ട് " സംവിധാനം സമയബന്ധിതമായി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

(സി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; ഏകീകരണത്തിനുശേഷം ജീവനക്കാരുടെ പുനർവിന്യാസം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ കണ്ടിജന്റ് ജീവനക്കാരൊഴികെ ആകെ 30,199 ജീവനക്കാർ നിലവിലുണ്ട്.

ഏകീകൃത സർവ്വീസിന്റെ ആസ്ഥാന ഓഫീസായ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ട്. ജില്ലാതല ഓഫീസായ ജില്ലാ ജോയിന്റ് ഡയറക്ടറേറ്റുകളുടെ ക്രമീകരണവും ഉദ്യോഗസ്ഥ വിന്യാസവും സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു.

## സ്കൂൾ കുട്ടികൾക്കായി ആരോഗ്യ പദ്ധതി

6(*456)<u>ശ്രീ. എം. മുകേഷ്</u>:

<u>ശ്രീ. എ. സി. മൊയ്തീൻ</u>:

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>:

<u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾകുട്ടികളുടെ സമഗ്രമായ ആരോഗ്യ പുരോഗതി ലക്ഷ്യമിട്ട് നൂതന സ്കൂൾ ആരോഗ്യ പരിപാടി പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

സ്കൂൾകുട്ടികളുടെ സമഗ്രമായ ആരോഗ്യപുരോഗതിയും ക്ഷേമവും ലക്ഷ്യമിട്ട് നൂതനമായ സ്കൂൾ ആരോഗ്യ പദ്ധതി രൂപീകരിച്ചുവരുന്നു. ഇതിലൂടെ കുട്ടികളുടെ ആരോഗ്യ സ്ക്രീനിംഗ്, ശാരീരിക മാനസിക സാമൂഹിക

ആരോഗ്യ മേഖലകളിൽ വിശദമായ ബോധവൽക്കരണം നൽകുക, സ്വഭാവ രൂപീകരണം വരുത്തുക, അയൺ ഗുളിക, വിര നിർമ്മാർജന ഗുളിക, സാനിട്ടറി നാപ്കിൻ മുതലായവ കുട്ടികൾക്ക് നൽകുക, ഇലക്ട്രോണിക് ആരോഗ്യരേഖകൾ തയ്യാറാക്കുക, പ്രഥമ ശുശ്രൂഷാ നൈപുണ്യം അദ്ധ്യാപകർക്കും കുട്ടികൾക്കും നൽകുക എന്നീ അഞ്ചു പ്രധാനമേഖലകളിലുൾപ്പെടുന്ന വിശദപരിപാടികളും ഘടകങ്ങളും കൂട്ടിചേർത്തായിരിക്കും പദ്ധതി രൂപീകരിക്കുന്നത്.

(ബി) 18 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിനായി ഈ സർക്കാർ നടപ്പാക്കിവരുന്ന ആരോഗ്യ കിരണം പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

രാഷ്ട്രീയബാൽ സ്വാസ്ഥ്യ കാര്യക്രം, കാരുണ്യ ബനവലന്റ് ഫണ്ട്, താലോലം പദ്ധതി, ക്യാൻസർ സുരക്ഷാ പദ്ധതി, ആർ.എസ്.ബി.വൈ, ചിസ് പ്ലസ് എന്നീ പദ്ധതികൾ യോജിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് എല്ലാരോഗങ്ങൾക്കും സൗജന്യമായി ചികിത്സ നൽകുന്ന ആരോഗ്യ കിരണം പദ്ധതി നടപ്പിലാക്കുന്നു. സർക്കാർ ആശുപത്രികളുടെ സൗകര്യങ്ങൾ കുറവുള്ള സ്ഥലങ്ങളിൽ ഈ പദ്ധതിയുമായി

സഹകരിക്കുന്നതിന് സ്വകാര്യ ആശുപത്രികളെയും എംപാനൽ ചെയ്തിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെയും ഇൻകംടാക്സ് ഒടുക്കുന്നവരുടെയും കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

(സി) കുട്ടികളിൽ സർവസാധാരണമായി കണ്ടുവരുന്ന വിളർച്ച, പോഷകക്കുറവ് എന്നിവ കണ്ടെത്തി സമയബന്ധിതമായി ചികിത്സ നൽകുന്നതിന് നിലവിൽ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

കുട്ടികളുടെ പോഷണത്തിനും വിളർച്ചരോഗനിർമാർജ്ജനത്തിനും അതീവ പ്രാധാന്യം നൽകിക്കൊണ്ട് RBSK, കൗമാര ആരോഗ്യ (RKSK) പദ്ധതികൾവഴി കുട്ടികളുടെ ആരോഗ്യ സ്ക്രീനിംഗ്, കൗൺസിലിംഗ്, ബോധവൽക്കരണം, കുടുംബാരോഗ്യ കേന്ദ്രങ്ങൾ/ജില്ലാ-താലൂക്കാശുപത്രികൾവഴി ചികിത്സ മുതലായവ നിലവിൽ നടന്നുവരുന്നുണ്ട്. വിളർച്ചയകറ്റാനുള്ള WIFS പദ്ധതി വഴി അയൺ ഗുളികകൾ പ്രതിവാര അടിസ്ഥാനത്തിൽ നൽകിവരുന്നു. വർഷത്തിൽ രണ്ടുതവണ വിര നിർമ്മാർജ്ജന ഗുളികകൾ സ്കൂൾ കുട്ടികൾക്ക് നൽകുന്നു. വിളർച്ച നിർമാർജ്ജനം ചെയ്യാനുള്ള വിവ കേരള പദ്ധതിയിൽ 15 വയസിനുമുകളിലുള്ള പെൺകുട്ടികളുൾപ്പെടുന്നു. നിലവിൽ കണ്ടുവരുന്ന പോഷണവൈകല്യങ്ങൾ, വിളർച്ച മുതലായ അവസ്ഥകൾ

പരിഹരിക്കുന്നതിനുള്ള നടപടികൾ പുതുതായി നടപ്പിലാക്കുന്ന സ്കൂൾ ആരോഗ്യ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

## രക്തജന്യരോഗികൾക്ക് ചികിത്സാ സൗകര്യങ്ങൾ

7(*457) ശ്രീ. നജീബ് കാന്തപുരം:

ഡോ. എം. കെ. മുനീർ:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദഗ്ധ ചികിത്സയുടെ അഭാവംമൂലം രക്തജന്യരോഗികളുടെ മരണനിരക്കുയരുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വിദഗ്ധ ചികിത്സയുടെ അഭാവംമൂലം രക്തജന്യരോഗികളുടെ മരണനിരക്കുയരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) രക്തജന്യരോഗങ്ങളായ തലാസീമിയ, ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ എന്നിവയ്ക്കേർപ്പെടുത്തിയിട്ടുള്ള ചികിത്സാ സൗകര്യങ്ങൾ വിശദമാക്കുമോ?

ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ, തലാസീമിയ തുടങ്ങിയ രോഗങ്ങൾക്കുള്ള സമഗ്രമായ ചികിത്സ സർക്കാർ ആശുപത്രികൾ വഴി ഉറപ്പാക്കുന്നതിനായി 'ആശാധാര' എന്ന പദ്ധതി സർക്കാർ വിഭാവന ചെയ്തിട്ടുണ്ട്. ഹീമോഫീലിയ രോഗികൾക്ക് ലഭ്യമാകുന്ന ചികിത്സാസൗകര്യങ്ങൾ താഴെചേർക്കുന്നു. ഹീമോഫീലിയ രോഗികളുടെ ജില്ല തിരിച്ചുള്ള പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

രക്തസ്രാവമുണ്ടാവുകയോ, സംശയിക്കുകയോ ചെയ്യുന്ന രോഗികൾക്ക് തെരഞ്ഞെടുക്കപ്പെട്ട താലൂക്ക്/ജില്ലാതല ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിൽ അടിയന്തരചികിത്സ ഉറപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഒരു മൾട്ടി ഡിസിപ്ലിനറി ടീം രൂപീകരിച്ച് സങ്കീർണ്ണമായ രോഗപ്രശ്നങ്ങളുള്ളവരെ ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്.

എല്ലാ മെഡിക്കൽ കോളേജുകളിലും നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. കോട്ടയം, തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ പ്രത്യേക വാർഡ്/ബഡ്ഡുകൾ ലഭ്യമാണ്. 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രൊഫൈലാക്സിസും മുതിർന്നവർക്ക് രക്തസ്രാവമുണ്ടാകുന്ന സാഹചര്യത്തിൽ On Demand ചികിത്സയും നൽകിവരുന്നുണ്ട്.

രോഗികൾക്കുള്ള കൃത്യമായ ചികിത്സ ഉറപ്പാക്കുന്നതിനായി അന്താരാഷ്ട്ര തലത്തിൽ അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളുൾകൊള്ളിച്ചുകൊണ്ടുള്ള ചികിത്സാ പ്രോട്ടോക്കോൾ തയ്യാറാക്കി ഡോക്ടർമാർക്കുള്ള പരിശീലനം നൽകിയിട്ടുണ്ട്.

ജില്ലാ ഡേകെയർ സെന്ററുകളിൽ മുഴുവൻ സമയം പേഷ്യന്റ് കോ-ഓർഡിനേറ്ററിനോടൊപ്പം പരിശീലനം നൽകിയ ഫിസിയോതെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

14 ജില്ലാ ഡേകെയർ സെന്ററുകൾക്കുപുറമെ സംസ്ഥാനത്ത് 24x7 കാഷ്വാലിറ്റിസൗകര്യം ലഭ്യമായിട്ടുള്ള 90 ജില്ലാ, ജനറൽ, താലൂക്കാശുപത്രികളിലും മരുന്ന് ലഭ്യമാക്കിയിട്ടുണ്ട്.

സന്ധികളെ ബാധിച്ച ഹീമോഫീലിയ രോഗികളെ ഓർത്തോ, ഫിസിക്കൽ മെഡിസിൻ, ഹെമറ്റോളജി വിഭാഗം ഡോക്ടർമാർ പരിശോധിച്ച് സർജറി വേണ്ടവർക്ക് ആയത് മെഡിക്കൽ കോളേജുകളിലൂടെ ലഭ്യമാക്കുന്നുണ്ട്.

ഹീമോഫീലിയ എ, ബി എന്നിവയ്ക്കുവേണ്ട ഫാക്ടർ 8,9 എന്നിവ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ലഭ്യമാണ്.

ഇൻഹിബിറ്റർ സാന്നിദ്ധ്യമുള്ളവർക്കായുള്ള FEIBA (ഫിബ) ഫാക്ടർ 7 എന്നിവയും ലഭ്യമാണ്.

ചികിത്സയുടെ ഭാഗമായി ചെയ്യേണ്ടതായ ഇൻഹിബിറ്റർ സ്ക്രീനിംഗ് വേണ്ടവർക്ക് കിടത്തി ചികിത്സയും ലഭ്യമാണ്. ഇതിനായി ഫിസിയോതെറാപ്പിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവർക്ക് പരിശീലനം നൽകിവരുന്നു.

**തലാസീമിയ**

തലാസീമിയ രോഗികൾക്ക് അത്യാന്താപേക്ഷിതമായ രക്തദാന ചികിത്സ (മാസംതോറും) – മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ലഭ്യമാണ്.

തലാസീമിയ രോഗത്തിന്റെ ഭാഗമായി കാണപ്പെടുന്ന (Iron overload) ഇരുമ്പിന്റെ അംശം കുറയ്ക്കുന്നതിനുള്ള കീലേഷൻ (chelation) ചികിത്സ സൗജന്യമായി നൽകിവരുന്നു.

രക്തദാനത്തിലൂടെ സംഭവിക്കാവുന്ന റിയാക്ഷൻസ് (transfusion reaction) ഒരു പരിധിവരെ തടയാവുന്ന (ഇൻലൈൻ ല്യൂക്കോ റിഡക്ഷൻ ഫിൽട്ടേഴ്സ്) ലഭ്യമാക്കിയിട്ടുണ്ട്.

തലാസീമിയ രോഗികളുടെ ജനിതക പഠനം നടത്തി ആവശ്യമായ ഉപദേശങ്ങൾ നൽകിവരുന്നു, കൂടാതെ ഫോളിക് ആസിഡ് എന്ന മരുന്നും സൗജന്യമായി നൽകിവരുന്നു.

രക്തജന്യരോഗങ്ങളായ തലാസീമിയ, ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ (അരിവാൾ രോഗം) എന്നിവയ്ക്ക് ക്ലിനിക്കൽ ഹെമറ്റോളജി വിഭാഗത്തിനുകീഴിൽ മലബാർ ക്യാൻസർ സെന്ററിൽ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്.

സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള ചികിത്സാസൗകര്യങ്ങൾ

സിക്കിൾസെൽ അനീമിയ പ്രധാനമായും റിപ്പോർട്ട് ചെയ്തിട്ടുള്ള വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ രോഗികൾക്കായി അവരുടെ ഏറ്റവും

അടുത്തുള്ള ആരോഗ്യകേന്ദ്രങ്ങളിൽ ആരോഗ്യപരിശോധനയും ഹൈഡ്രോക്സിയൂറിയ, ഫോളിക് ആസിഡ് എന്നീ മരുന്നുകളും പോഷകാഹാര കിറ്റും ലഭ്യമാക്കിയിട്ടുണ്ട്.

നാഷണൽ സിക്കിൾസെൽ മിഷന്റെ ഭാഗമായി പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ പ്രത്യേക സിക്കിൾസെൽ അനീമിയ സ്ക്രീനിംഗ് പ്രോഗ്രാം നടത്താനായി തീരുമാനമെടുത്തിട്ടുണ്ട്.

പ്രസ്തുത ജില്ലകളിൽ പദ്ധതിയുടെ നിർവ്വഹണത്തിന് ഉദ്യോഗസ്ഥനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി സ്ക്രീനിംഗ് ഏകോപനത്തിനായി ഒരു കോർഡിനേറ്ററെയും നിയമിച്ചിട്ടുണ്ട്. സിക്കിൾസെൽ ക്രൈസിസാകുന്ന രോഗികൾക്കായി പ്രത്യേക വാർഡുകളും High Dependency Unit (HDU) മാനന്തവാടി ജില്ലാ ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഇവിടെ സിക്കിൾസെൽ അനീമിയ പേഷ്യന്റ്സിനുവേണ്ടി പ്രത്യേകം സ്റ്റാഫ് നഴ്സ്, ഫിസിയോതെറാപ്പിസ്റ്റ് എന്നിവരെ നിയമിച്ചിട്ടുണ്ട്.

കോളനികളിലും സ്കൂളുകളിലും സിക്കിൾസെൽ അനീമിയയുള്ള ആളുകളെ നേരത്തെ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് നടന്നുവരുന്നു.

അരിവാൾ രോഗികൾക്കായുള്ള പെൻഷൻ ട്രൈബൽ വകുപ്പുവഴിയും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻവഴിയും നൽകിവരുന്നുണ്ട്.

(സി) മലബാർ പ്രദേശത്തുള്ളവർ പ്രധാനമായും ആശ്രയിക്കുന്ന കോഴിക്കോട് മെഡിക്കൽ കോളേജിൽ രക്തജന്യരോഗങ്ങൾക്ക് പ്രത്യേക ചികിത്സാ സൗകര്യമേർപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മലബാർ പ്രദേശത്തുള്ളവർ പ്രധാനമായും ആശ്രയിക്കുന്ന കോഴിക്കോട് മെഡിക്കൽ കോളേജിൽ കുട്ടികൾക്ക് IMCH ആശുപത്രിയിൽ പീഡിയാട്രിക്സ് ഡിപ്പാർട്ടുമെന്റിലും മുതിർന്നവർക്ക് MCH ആശുപത്രിയിൽ മെഡിസിൻ ഡിപ്പാർട്ട്മെന്റിലും ചികിത്സ ലഭ്യമാണ്. ഹെമറ്റോ ഓങ്കോളജി ഒ.പി-യും വാർഡും ഈ രോഗികൾക്കായി പ്രവർത്തിക്കുന്നുണ്ട്.

(ഡി) ആശാധാര പദ്ധതി പ്രകാരം നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**ആശാധാര പദ്ധതി**

ഹീമോഫീലിയ, സിക്കിൾ സെൽ അനീമിയ, തലാസീമിയ തുടങ്ങിയ രോഗബാധിതർക്കായി നടപ്പാക്കിവരുന്ന സമഗ്രവും വികേന്ദ്രീകൃതവുമായ

പദ്ധതിയാണ് ആശാധാര. കേരളത്തിൽ ആശാധാര പദ്ധതിയിൽ ഇതുവരെ 1929 രോഗികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ 14 ജില്ലകളിൽ നോഡൽ സെന്ററുകളും ജില്ലാ ആശുപത്രി കേന്ദ്രീകരിച്ച് പ്രത്യേക ചികിത്സ കേന്ദ്രങ്ങളായി മെഡിക്കൽ കോളേജുകളും പ്രവർത്തിക്കുന്നു. ആശാധാര പദ്ധതി പ്രകാരം ഹീമോഫീലിയ രജിസ്ട്രി ലഭ്യമാണ്.

പദ്ധതി വഴി എല്ലാ കേന്ദ്രങ്ങളിലും 24 മണിക്കൂറും ഫാക്ടർ ലഭിക്കുന്നതിനായുള്ള സംവിധാനമുണ്ട്.

എല്ലാ കേന്ദ്രങ്ങളിലും ജില്ലാ ഡേകെയർ സെന്ററുകളാരംഭിക്കുകയും ഒരു നോഡൽ ഓഫീസറെയും ഒരു നഴ്സ് കോ-ഓർഡിനേറ്ററെയും നിയമിച്ചിട്ടുണ്ട്.

രോഗികളുടെ രജിസ്ട്രേഷൻ, രോഗീപരിചരണത്തിന്റെ ഭാഗമായുള്ള ബോധവൽക്കരണം, പരിശോധനകൾ എന്നിവ കൃത്യമായ ഇടവേളകളിൽ ലഭ്യമാക്കുക, കുട്ടികൾക്കുള്ള പ്രൊഫൈലാക്സിസ് തുടങ്ങിയവ നടത്തുക എന്നിവയാണ് പ്രധാനമായി ജില്ലാ ഡെകെയർ സെന്ററുകൾ ചെയ്തുവരുന്നത്. ഇതുകൂടാതെ ജില്ലയിൽ ലഭ്യമായ മറ്റ് സേവനങ്ങൾ രോഗികൾക്ക് പ്രയോജനകരമായ രീതിയിൽ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ

നടത്താനും DDCC ശ്രമിച്ചുവരുന്നു. ഹീമോഫീലിയ രോഗബാധിതരുടെ സന്ധിസംബന്ധമായ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഫിസിയോതെറാപ്പി സേവനങ്ങൾ ഇതിൽ പ്രധാനപ്പെട്ടതാണ്.

മെഡിക്കൽ കോളേജുകളിൽ ഒരു മൾട്ടി ഡിസിപ്ലിനറി (Multidisciplinary team) ടീം ചികിത്സ ഏകീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

പതിനെട്ട് വയസ്സിനുതാഴെയുള്ള കുട്ടികൾക്കായി പ്രതിരോധ ചികിത്സ (Prophylaxis) ഹീമോഫീലിയ എ, ബി എന്നീ രോഗങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുണ്ട്. ഫാക്ടർ എട്ട്, ഒൻപത് എമിസിസുമാബ് (factor VIII,IX,Emicizumab), ഇമ്മ്യൂണേറ്റ് എന്നീ മരുന്നുകൾ ഇതിനായി നൽകുന്നു. മെഡിക്കൽ കോളേജ് ജില്ലാ ആശുപത്രികൾ എന്നീ കേന്ദ്രങ്ങളിൽ ഇവ ലഭ്യമാക്കിയിട്ടുണ്ട്.

വിരളമായി കണ്ടുവരുന്ന ഫാക്ടർ ഏഴ് (7) വോൺവില്ലിബ്രാൻഡ് (von willebrand disease) ഈ രോഗങ്ങൾക്ക് വേണ്ടതായ ചികിത്സയും പദ്ധതി വഴി ലഭ്യമാക്കിയിട്ടുണ്ട്.

എൻ.എച്ച്.എം. ജില്ലാ കേന്ദ്രങ്ങൾ വഴി ചികിത്സാ കേന്ദ്രങ്ങളിൽനിന്നും മിക്ക താലൂക്കാശുപത്രികളിലേയ്ക്കും ചികിത്സ വ്യാപിച്ചിട്ടുണ്ട്. കുട്ടികളുടെ

പഠനം മുടങ്ങാതിരിക്കാൻ അവർക്ക് ഏറ്റവും അടുത്ത ചികിത്സ കേന്ദ്രങ്ങളെ ആശ്രയിക്കാവുന്ന സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്.

ഗുരുതരാവസ്ഥയിലുള്ള രോഗികൾക്ക് മെഡിക്കൽ കോളേജുകളെ ആശ്രയിക്കാവുന്നതാണ്. ബ്ലീഡിംഗുണ്ടായാൽ നൽകുന്ന പ്രാഥമിക ചികിത്സയ്ക്കുള്ള സംവിധാനം ജില്ലാ ആശുപത്രികളിലുമുണ്ട്.

ഡോക്ടർമാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും വേണ്ട പരിശീലനം പദ്ധതിവഴി നൽകിവരുന്നുണ്ട്. ഇതിനായി ഈ രംഗത്ത് പ്രവർത്തി പരിചയവും പ്രാവീണ്യവുമുള്ള ഡോക്ടർമാരടങ്ങുന്ന ഒരു ടെക്നിക്കൽ കമ്മിറ്റി (State Technical Committee) രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സങ്കീർണ്ണമായ പ്രശ്നങ്ങൾ പ്രസ്തുത കമ്മിറ്റി ചർച്ചകളിലൂടെ പരിഹരിക്കപ്പെടുന്നുണ്ട്.

**നഗരങ്ങൾ മാലിന്യമുക്തമാക്കുന്നതിന് ലോക ബാങ്ക് സഹായ പദ്ധതി**

8(*458)<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>:

<u>ശ്രീ. എ. സി. മൊയ്തീൻ</u>:

<u>ശ്രീ. എൻ. കെ. അക്ബർ</u>:

<u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരങ്ങളെയെല്ലാം മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ ലോക ബാങ്ക് സഹായത്തോടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

കേരളത്തിലെ നഗരങ്ങളിലെ മാലിന്യ പരിപാലന സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആധുനിക ശാസ്ത്രീയ സംവിധാനങ്ങളൊരുക്കുന്നതിനുമായി ലോക ബാങ്ക്, ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് (AIIB) എന്നിവയുടെ സാമ്പത്തിക സഹായത്തോടെ കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP) ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ശാസ്ത്രീയ ഖരമാലിന്യ പരിപാലന പദ്ധതി നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. ഇതിനായി എല്ലാ നഗരസഭകളിലും പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾ തുടങ്ങുകയും ഒരു സോളിഡ് വേസ്റ്റ് മാനേജ്മെന്റ് എഞ്ചിനീയറിനെ നഗരസഭകളിൽ ഖരമാലിന്യ പരിപാലനത്തിൽ സഹായിക്കാനായി നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. നഗരസഭകളിൽ ശാസ്ത്രീയ ഖരമാലിന്യ സംസ്കരണവും നിർമ്മാർജ്ജനവുമുൾപ്പടെ പൂർണ്ണമായും ശാസ്ത്രീയമായ പരിപാലനം ഉറപ്പുവരുത്താനുദ്ദേശിക്കുന്നു.

(ബി) മാലിന്യമുക്ത നഗരത്തിന്റെ ഭാഗമായി മൂന്ന് ലക്ഷംവരെ ജനസംഖ്യയുള്ള നഗരങ്ങളിൽ ആലപ്പുഴയും ഒരു ലക്ഷം വരെ ജനസംഖ്യയുള്ള നഗരങ്ങളിൽ ഗുരുവായൂരും ഇൻഡ്യൻ സ്വച്ഛതാ ലീഗ് ദേശീയ അവാർഡ് നേടിയിട്ടുണ്ടോ?

മാലിന്യ മുക്ത നഗരത്തിന്റെ ഭാഗമായി ഗുരുവായൂർ നഗരസഭയും ആലപ്പുഴ നഗരസഭയും ഇൻഡ്യൻ സ്വച്ഛതാ ലീഗ് ദേശീയ അവാർഡ് നേടിയിട്ടുണ്ട്.

(സി) മാലിന്യ സംസ്കരണ പരിപാടിയിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതോടൊപ്പം പൊതുസ്ഥലത്ത് മാലിന്യം വലിച്ചെറിയുന്നവർക്കെതിരെയും മാലിന്യ സംസ്കരണ സംവിധാനമില്ലാത്ത വാണിജ്യ സ്ഥാപനങ്ങൾക്കെതിരെയും കർശന നടപടിയെടുക്കാൻ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്ക്വാഡുകളുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് സംവിധാനം രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം 22-10-2022-ലെ GO(Rt) No.2566/2022/LSGD പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത

ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ ചില ഭേദഗതികൾ വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**മെഡിക്കൽ കോളേജുകളിലെ ഔഷധ വിപണന, വിതരണ കേന്ദ്രങ്ങൾ**

9(*459)ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. മോൻസ് ജോസഫ്:

ശ്രീ. മാണി. സി. കാപ്പൻ:

ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജാശുപത്രികളിൽ പ്രവർത്തിക്കുന്ന ഔഷധവിപണന, വിതരണ കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ?

സംസ്ഥാനത്തുടനീളം ബ്രാൻഡഡ് മരുന്നുകൾ കുറഞ്ഞ നിരക്കിൽ ലാഭേച്ഛയില്ലാതെ വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടുകൂടി ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെകീഴിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ പ്രവർത്തനമാരംഭിച്ചതാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി. കേരളത്തിലുടനീളം പൊതുജനങ്ങൾക്കായി സേവനം അനുഷ്ഠിച്ചുവരുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പൊതുവിപണിയിലെ

മറ്റേതൊരു ഫാർമസിയിൽ ലഭിക്കുന്നതിനേക്കാളും വിപണി വിലയിൽനിന്ന് 10 ശതമാനം മുതൽ 93 ശതമാനം വരെ വിലക്കുറവിൽ മരുന്നുകൾ വിതരണം ചെയ്തുവരുന്നു. എ.പി.എൽ., ബി.പി.എൽ., വ്യത്യാസമില്ലാതെ എല്ലാവർക്കും മരുന്നുകൾ ലഭ്യമാക്കുന്നു.

ക്യാൻസർ, വൃക്കരോഗം മുതലായ മാരക അസുഖങ്ങൾ ബാധിച്ചവർക്ക് ആവശ്യമായിട്ടുള്ള മരുന്നുകൾ വിവിധ പദ്ധതികൾ മുഖാന്തരം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ലഭ്യമാക്കിവരുന്നു. അവയവമാറ്റ ശസ്ത്രക്രിയയ്ക്കുപയോഗിക്കുന്ന ജീവൻ രക്ഷാമരുന്നുകളെല്ലാംതന്നെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ലഭ്യമാണ്. ഇവയുടെ വ്യത്യസ്ത അളവുകളിലുള്ള ഏകദേശം 35 ബ്രാൻഡുകളുടെ നിരവധി മരുന്നുകൾ സംസ്ഥാനത്തൊട്ടാകെയുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ വിതരണം ചെയ്തുവരുന്നു. കരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽനിന്നും മരുന്നുകൾ ക്യാഷ് അടിസ്ഥാനത്തിലും സർക്കാർ ആവിഷ്കൃത ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളിലുൾപ്പെട്ട ഉപഭോക്താക്കൾക്ക് പ്രസ്തുത പദ്ധതിയുടെ അടിസ്ഥാനത്തിലും മരുന്നുകൾ വിതരണം ചെയ്യുന്നു.

(ബി) മരുന്നുകളെക്കുറിച്ചുള്ള എന്തെല്ലാം വിവരങ്ങളും സേവനങ്ങളും ഔഷധവിപണന, വിതരണ കേന്ദ്രങ്ങളിൽനിന്ന് പൊതുജനങ്ങൾക്ക് ലഭ്യമാകുന്നുയെന്ന് വ്യക്തമാക്കാമോ?

കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പൊതുവിപണിയിലെ മറ്റേതൊരു ഫാർമസികളിൽനിന്നും ലഭിക്കുന്നതിനേക്കാളും വിപണിവിലയിൽനിന്ന് 10 ശതമാനം മുതൽ 93 ശതമാനം വരെ വിലക്കുറവിൽ മരുന്നുകൾ വിതരണം ചെയ്തുകൊണ്ട് സേവനമനുഷ്ഠിക്കുന്നു. ക്യാൻസർ, വൃക്കരോഗം മുതലായ മാരക അസുഖങ്ങൾ ബാധിച്ച രോഗികൾക്കും അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്കും ആവശ്യമുള്ള മരുന്നുകൾ വിവിധ പദ്ധതികൾ മുഖാന്തരം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ലഭ്യമാക്കിവരുന്നു. വിവിധ ക്യാൻസർ ചികിത്സാ പദ്ധതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ, എന്നിവയിലെല്ലാം രജിസ്റ്റർ ചെയ്തിട്ടുള്ള ക്യാൻസർ രോഗികൾക്ക് മിതമായ നിരക്കിൽ ഗുണമേന്മയുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് കാരുണ്യ ഫാർമസിയുടെ ഇടപെടൽ വളരെ വലുതാണ്.

വൃക്കരോഗികളെ സംബന്ധിച്ച് Continuous Ambulatory Peritoneal Dialysis-ന് വിധേയരാകുന്ന വ്യക്തികൾക്ക് ദേശീയ ആരോഗ്യ ദൗത്യത്തിന്

വേണ്ടി PMNDP പദ്ധതിപ്രകാരം പെരിട്ടോണിയൽ ഡയാലിസിസിന് ആവശ്യമായ ദ്രാവകങ്ങൾ (Fluids) സംസ്ഥാനത്തെ 14 ജില്ലകളിലുമുള്ള സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾക്ക് (ജനറൽ/ജില്ലാ ആശുപത്രികൾ) എത്തിച്ചുനൽകുന്ന പദ്ധതിക്ക് കാരുണ്യ ഫാർമസികൾ സേവനദാതാക്കളായി പ്രവർത്തിക്കുന്നു.

**കാരുണ്യ @ ഹോം പദ്ധതി**

കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലെ മരുന്നുകൾ വീടുകളിലെത്തിച്ചുകൊടുക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ കാരുണ്യ@ഹോം എന്ന പദ്ധതി സർക്കാർ ആരംഭിച്ചു. കാരുണ്യയിലെ വിലക്കിഴിവിനുപുറമെ 1ശതമാനം അധിക വിലക്കിഴിവോടുകൂടി മുതിർന്ന പൗരൻമാർക്കാവശ്യമായ എല്ലാ മരുന്നുകളും ശീതീകരണ സംവിധാനത്തിൽ സൂക്ഷിക്കപ്പെടുന്ന ഇൻസുലിൻ ഉൾപ്പെടെയുള്ളവ മിതമായ കൊറിയർ ചാർജ്ജ് ഈടാക്കിക്കൊണ്ട് പ്രതിമാസം വീട്ടിലെത്തിച്ചുനൽകുന്നു. മുതിർന്ന പൗരൻമാർക്ക് ഫാർമസിയിലെത്തിച്ചേരാതെതന്നെ മരുന്നുകൾ ലഭ്യമാക്കുകയെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. മേൽ പദ്ധതിയെക്കുറിച്ചുള്ള അവബോധം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽനിന്നും പൊതുജനങ്ങൾക്ക് നൽകിവരുന്നു. കൂടുതൽ

വിവരങ്ങൾ നൽകുന്നതിനും സംശയനിവാരണങ്ങൾക്കുമായി 1800 599 8844 എന്ന ടോൾ ഫ്രീ നമ്പരും ലഭ്യമാണ്. കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ വെബ്സൈറ്റിലെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വിഭാഗത്തിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ലഭ്യമാകുന്ന എല്ലാ മരുന്നുകളുടെയും ബ്രാൻഡ്, കാരുണ്യയിലെ വില, പൊതുവിപണി വില എന്നിവ ലഭ്യമാണ്. ഇത് പൊതുജനങ്ങൾക്ക് പ്രാപ്യമാണ്.

(സി) വിപണിയിലിറങ്ങുന്ന പുതിയ മരുന്നുകളെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിപണിയിൽനിന്നും പിൻവലിച്ച മരുന്നുകളെക്കുറിച്ചുള്ള അറിവ് പൊതുജനങ്ങൾക്ക് നൽകാറുണ്ടോ; വ്യക്തമാക്കുമോ?

രാജ്യത്ത് പുതിയ മരുന്നുകളുടെ വിപണനത്തിനുള്ള അനുമതി നൽകുന്നത് ഡ്രഗ്സ് കൺട്രോൾ ജനറൽ (ഇന്ത്യ) (DCG(I)) ആണ്. ഡ്രഗ് ടെക്നിക്കൽ അഡ്വൈസറി ബോർഡിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് മരുന്നുകളുടെ വിപണനത്തിനും നിരോധനത്തിനും DCG(I) അനുമതി നൽകുന്നത്. ഇത്തരം ഉത്തരവുകൾ പൊതുജനങ്ങളെ അറിയിക്കുന്നത് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ ഗസറ്റ്

വിജ്ഞാപനത്തിലൂടെയാണ്. ഇവ സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷന്റെ (CDSCO) ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. (www.cdsco.gov.in)

കേന്ദ്ര ഡ്രഗ്സ് കൺട്രോളർ നിരോധിച്ച മരുന്നുകളുടെ ഉല്പാദനം/വിതരണം/വില്പന സംസ്ഥാനത്ത് തടഞ്ഞുകൊണ്ട് നിരോധന ഉത്തരവ് നടപ്പാക്കുന്നതാണ് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ചുമതല. മരുന്നുകൾ നിരോധിച്ചാൽ ഉടൻതന്നെ സംസ്ഥാനത്തുടനീളം അവ പിൻവലിക്കുന്നതിനുള്ള നടപടികൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിക്കാറുണ്ട്. കൂടാതെ ഇത്തരം മരുന്നുകളുടെ വിശദാംശങ്ങൾ CDSCO-യുടെയും വകുപ്പിന്റെയും ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാറുണ്ട്. ഇവയുടെ വിശദാംശങ്ങൾ ആരോഗ്യവകുപ്പ് /മരുന്നുവ്യാപാരികൾ/വിതരണക്കാർ/ആശുപത്രികൾ എന്നിവർക്ക് നൽകാറുണ്ട്. ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംസ്ഥാനത്ത് പ്രതിമാസം റാന്റം സാമ്പിളിംഗ് നടത്തി ശേഖരിക്കുന്ന മരുന്നുസാമ്പിളുകളിൽ ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിക്കുന്ന മരുന്നുകളുടെ വിൽപ്പന നിർത്തിവയ്ക്കുകയും ഇവയുടെ വിതരണ ശൃംഖല കണ്ടുപിടിച്ച് ആയത് എവിടെ നിന്നെല്ലാം വാങ്ങി എന്നതിനെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച്, ഈ

മരുന്നുകൾ ജനങ്ങൾ ഉപയോഗിക്കുന്നത് തടയുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ വിവരങ്ങൾ പൊതുജന താൽപ്പര്യാർത്ഥം അതത് മാസം പത്ര മാധ്യമങ്ങളിലും വിവര പൊതുജന സമ്പർക്ക വകുപ്പിന്റെയും ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെയും ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിക്കാറുണ്ട്.

(ഡി) മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന ഔഷധ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലും മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും അവശ്യമരുന്നുകൾ സംഭരിച്ച് വിതരണം നടത്തുന്നത് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ) ആണ്. കോംപറ്റേറ്റീവ് ടെൻഡർ വഴിയാണ് കെ.എം.എസ്.സി.എൽ. മരുന്ന് സംഭരണം നടത്തുന്നത്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന മരുന്നുകളുടെ ഓരോ ബാച്ച് സപ്ലൈ ചെയ്യുമ്പോഴും അതിന്റെ ഗുണനിലവാര റിപ്പോർട്ട് കെ.എം.എസ്.സി.എൽ. നിശ്ചയിച്ചിട്ടുള്ള എംപാനൽഡ് ലാബുകളിൽനിന്നും

നിർമ്മാതാക്കൾ സമർപ്പിക്കേണ്ടതാണ്. കൂടാതെ ആകെ സംഭരിക്കുന്ന മരുന്ന് ബാച്ചുകളുടെ 10 ശതമാനം കെ.എം.എസ്.സി.എൽ. നേരിട്ട് ശേഖരിച്ചും 40 ശതമാനം ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ റാൻഡം സാമ്പിളിംഗ് നടത്തിയും പ്രസ്തുത മരുന്നുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഡ്രഗ് ഇൻസ്പെക്ടർമാർ പരിശോധനയ്ക്കായി ശേഖരിക്കുന്ന മരുന്നുകളിൽ 25 മുതൽ 40 ശതമാനം വരെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ/മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽനിന്ന് ശേഖരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഗുണനിലവാര പരിശോധനയിൽ ആവർത്തിച്ച് ഗുണനിലവാരമില്ലാത്തതായി റിപ്പോർട്ടുചെയ്യപ്പെടുന്ന മരുന്നുകളെയും അവയുടെ നിർമ്മാതാക്കളെയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തി തുടർന്നുള്ള ടെൻഡറുകളിൽ പങ്കെടുക്കുന്നതിൽനിന്നും ആയവയെ ഒഴിവാക്കാറുണ്ട്. മാത്രമല്ല, പരാതികളുടെ അടിസ്ഥാനത്തിലും സമയബന്ധിതമായി അന്വേഷണം നടത്തി സാമ്പിളുകൾ ശേഖരിച്ച് മരുന്നുകൾ ഗുണനിലവാരമുള്ളവയാണോയെന്ന് വകുപ്പും ഉറപ്പ് വരുത്താറുണ്ട്.

**സംസ്ഥാനത്ത് സമ്പൂർണ്ണ ഭക്ഷ്യഭദ്രത**

10(*460) ശ്രീ. പി. നന്ദകുമാർ:

ശ്രീ. ഒ. ആർ. കേളു:

ശ്രീ. ഡി. കെ. മുരളി:

ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ ഭക്ഷ്യഭദ്രത ലക്ഷ്യമാക്കി എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്; വിശദാംശം നൽകുമോ?

01-11-2016 മുതൽ സംസ്ഥാനത്ത് നടപ്പാക്കിയ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അടിസ്ഥാനപ്പെടുത്തി, സമ്പൂർണ്ണ ഭക്ഷ്യഭദ്രത ലക്ഷ്യമാക്കി ചുവടെപറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

1. വാതിൽപ്പടി വിതരണം 09-03-2017-ൽ കൊല്ലം ജില്ലയിൽ പൈലറ്റടിസ്ഥാനത്തിൽ ആരംഭിക്കുകയും 01-06-2017 മുതൽ സംസ്ഥാനം മുഴുവൻ നടപ്പാക്കുകയും ചെയ്തു.

2. സംസ്ഥാനത്തെ എല്ലാ റേഷൻകടകൾക്കും ഭക്ഷ്യധാന്യങ്ങൾ നോഡൽ ഏജൻസിയായ സപ്ലൈകോ മുഖേന വാതിൽപ്പടി വിതരണം നടത്തി വരുന്നു.

3. നേരിട്ട് റേഷൻ വാങ്ങാൻ കഴിയാത്ത ശയ്യാവലംബരായ കാർഡുടമകൾക്കുവേണ്ടി അതേ കടയിലെ മറ്റൊരു കാർഡിലെ അംഗത്തെ പ്രോക്സിയായി നിയമിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

4. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും.

5. റേഷൻ ഭക്ഷ്യധാന്യങ്ങളുടെ പ്രതിമാസ വിഹിതം സംബന്ധിച്ച് കാർഡുടമകളുടെ മൊബൈൽ ഫോണിലേയ്ക്ക് എസ്.എം.എസ് നൽകിവരുന്നു.

6. സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചു.

7. സംസ്ഥാന ഭക്ഷ്യകമ്മീഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു.

8. ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമാരെ നിയോഗിച്ചു.

9. സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ CRO (North)-ന്റെ പരിധിയിലുള്ള റേഷൻ കടകളിൽ നടത്തി.

10. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ നിയമിച്ചു.

11. ഓൺലൈൻ പരാതിപരിഹാര സംവിധാനം (Public Grievance Redressal Portal) പ്രവർത്തനം ആരംഭിച്ചു.

12. പൊതുവിതരണ ശ്യംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ പരിശോധന സംവിധാനം രൂപീകരിച്ചിട്ടുണ്ട്.

13. ആദിവാസി ഊരുകളിലെ കാർഡുടമകൾക്ക് കൃത്യമായി അർഹതപ്പെട്ട ഭക്ഷ്യധാന്യം എത്തിക്കുന്നതിന്റെ ഭാഗമായി കൊല്ലം, ആലപ്പുഴ, കോട്ടയം, കാസർഗോഡ് എന്നീ ജില്ലകളൊഴികെയുള്ള 10 ജില്ലകളിൽ സഞ്ചരിക്കുന്ന റേഷൻകട പദ്ധതി ആരംഭിച്ചു.

14. സപ്ലൈ ചെയിനിൽ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി end to end computerisation പ്രോജക്ട് നടപ്പാക്കി.

15. സംസ്ഥാനത്തെ 14000-ത്തിലധികം വരുന്ന ന്യായവില ഷോപ്പുകൾ നവീകരിക്കുന്നതിനായി ഒരു ലൈസൻസിക്ക് 2500/- രൂപ വീതം ധനസഹായം നൽകി.

16. റേഷൻ ഡീലേഴ്സിന്റെ മാർജിൻ കാലോചിതമായി പരിഷ്കരിക്കുകയും മുടക്കം കൂടാതെ കൃത്യമായി വിതരണം നടത്തുകയും ചെയ്യുന്നു.

17.റേഷൻ വിതരണത്തിൽ ആധാറധിഷ്ഠിത പോർട്ടബിലിറ്റി സംവിധാനം ഏർപ്പെടുത്തി.

18. ‘ One Nation One Ration Card’ പദ്ധതി നടപ്പാക്കി.

19. ഇ-റേഷൻകാർഡ് നടപ്പാക്കി.

(ബി) നൂറ് ശതമാനം റേഷൻ ഉപഭോക്താക്കളേയും ആധാർ കാർഡുമായി ബന്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ രാജ്യത്തെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ടോ; വിശദമാക്കാമോ?

26-09-2022-ൽ സംസ്ഥാനത്തെ ആകെ റേഷൻ ഉപഭോക്താക്കളായ 3,49,29,589 പേരുടേയും ആധാർ നമ്പർ റേഷൻകാർഡ് ഡേറ്റയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം NFSA റേഷൻ ഉപഭോക്താക്കളുടെയും Non-

NFSA റേഷൻ ഉപഭോക്താക്കളുടെയും ആധാർ നമ്പർ റേഷൻകാർഡ് ഡാറ്റയുമായി ബന്ധിപ്പിച്ച ആദ്യത്തെ സംസ്ഥാനമാണ് കേരളം.

(സി) അതിദരിദ്രരായി കണ്ടെത്തിയവരിൽ റേഷൻ കാർഡ് ഇല്ലാത്തവർക്ക് കാർഡ് നൽകാനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; മൂന്നാം നൂറുദിന പരിപാടികളുടെ ഭാഗമായുള്ള കാർഡ് വിതരണം പൂർത്തിയാകുന്നതോടെ ഇവർക്ക് എല്ലാവർക്കും മുൻഗണനാ കാർഡ് ഉറപ്പുവരുത്താൻ കഴിയുമോ; വിശദമാക്കാമോ?

ദാരിദ്ര്യ നിർമ്മാർജ്ജന നടപടികളുടെ ഭാഗമായി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് റേഷൻകാർഡില്ലാത്തവരുടെ വിവരങ്ങൾ ശേഖരിച്ച് കാർഡ് അനുവദിക്കുന്നതിനും മുൻഗണനാ പരിധിയിൽ ഉൾപ്പെടാൻ അർഹതയുണ്ടായിട്ടും മുൻഗണനേതര കാർഡ് ലഭ്യമായവർക്ക് ആയത് മാറ്റി നൽകുന്നതിനും അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ യോഗ്യമായ വിഭാഗത്തിൽ ഉൾപ്പെടുത്തി റേഷൻകാർഡ് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആകെ 7316 പേരിൽ 2428 പേർ ആധാർ ഉള്ളവരും 4888

പേർ ആധാർ ഇല്ലാത്തവരുമാണ്. ലിസ്റ്റിൽ ഉൾപ്പെട്ട ആധാറില്ലാത്തവർക്ക് ആധാർ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും ആധാർ കാർഡുള്ളവർക്ക് റേഷൻകാർഡ് നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. അതുപ്രകാരം പട്ടികയിൽ ഉൾപ്പെട്ട 5001 പേർക്ക് കാർഡ് നൽകുകയും അതിൽ 2558 എണ്ണം മുൻഗണനയിലേയ്ക്ക് മാറ്റി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുമുണ്ട്.

അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ ആധാർ കാർഡ് ഇല്ലാത്തവർ, തദ്ദേശസ്വയംഭരണ വകുപ്പിന് തിരിച്ചറിയാൻ കഴിയാത്തവർ/ വിവരങ്ങൾ ലഭ്യമല്ലാത്തവർ, മരണപ്പെട്ടവർ, നിലവിലെ അഡ്രസ്സിൽ താമസമില്ലാത്തവർ, നിലവിൽ വെൽഫെയർ സ്ഥാപനങ്ങളിൽ ഉൾപ്പെട്ടവർ, തെറ്റായ ആധാർ നമ്പരുള്ളവർ, മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് സ്ഥലം മാറിപ്പോയവർ, 18 വയസ്സിനുതാഴെ പ്രായമുള്ളവർ, മറ്റുതാലൂക്കുകളിൽ കാർഡുള്ളവർ, പഞ്ചായത്ത് ലിസ്റ്റിൽനിന്നും പേര് ഒഴിവാക്കിയവർ, കടുത്ത മാനസിക രോഗത്താൽ റേഷൻകാർഡ് വേണ്ടെന്ന് അറിയിച്ചവർ എന്നിങ്ങനെയുള്ളവർക്കാണ് റേഷൻകാർഡ് നൽകാൻ അവശേഷിക്കുന്നത്. ഇതിൽ ആധാർ ഇല്ലാത്തവരെ കണ്ടെത്തി റവന്യൂ വകുപ്പിന്റെയും അക്ഷയ

സെന്ററിന്റെയും സഹായത്തോടുകൂടി ആധാർ ലഭ്യമാക്കുന്നതിനും റേഷൻ കാർഡ് അനുവദിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും എല്ലാ അതിദരിദ്രർക്കും റേഷൻകാർഡ് അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

## ലൈഫ് പദ്ധതിക്ക് വിദേശ സഹായം

11(*461) ശ്രീ. അൻവർ സാദത്ത്:

ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ വിദേശസഹായം ലഭ്യമാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) വിദേശ ഏജൻസികളിൽനിന്നും സംസ്ഥാന സർക്കാർ പണം സ്വീകരിക്കുന്നതിനോ അല്ലെങ്കിൽ വിദേശ ഏജൻസികളിൽനിന്നും പണം സ്വീകരിച്ചുകൊണ്ട് സർക്കാർ പദ്ധതികൾ നടപ്പാക്കുന്നതിനോ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കുമനുസൃതമായാണ് രാജ്യത്ത് വിദേശ സഹായങ്ങൾ സ്വീകരിക്കേണ്ടത്.

(സി) വടക്കാഞ്ചേരിയിൽ ലൈഫ് പദ്ധതിയുടെ ഭാഗമായി റെഡ്ക്രെസെന്റ് എന്ന വിദേശസ്ഥാപനത്തിൽനിന്നും സഹായം സ്വീകരിക്കാൻ ലൈഫ് മിഷൻ തീരുമാനിച്ച നടപടി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് വിധേയമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ലൈഫ് മിഷൻ റെഡ്ക്രസെന്റിൽനിന്നും ധനസഹായം സ്വീകരിച്ചിട്ടില്ല.

**ഭാരത് ജോഡോ യാത്രയുടെ ഭാഗമായിട്ടുള്ള സുരക്ഷാ സംവിധാനം**

12(*462) ശ്രീ. എൻ. കെ. അക്ബർ:

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:

ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ഭാരത് ജോഡോ യാത്രയുടെ ഭാഗമായി 18 ദിവസം സംസ്ഥാനത്ത് പര്യടനം നടത്തിയ രാഹുൽ ഗാന്ധി എം.പി.ക്ക് ഏത് പ്രോട്ടോക്കോൾ

പ്രകാരമുള്ള പോലീസ് സുരക്ഷാ സംവിധാനമാണ് ഒരുക്കിയതെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ മാനദണ്ഡപ്രകാരം CRPF ഉൾപ്പെടെയുള്ള ഇസഡ് പ്ലസ് (z plus) കാറ്റഗറി സുരക്ഷയാണ് ഒരുക്കിയിരുന്നത്.

(ബി) പ്രസ്തുത യാത്രയുമായി ബന്ധപ്പെട്ട് ഓരോദിവസവും നിയോഗിക്കപ്പെട്ട പോലീസുദ്യോഗസ്ഥരുടെ റാങ്ക് തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ; ഇതുമൂലം സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടായിട്ടുണ്ടോ; വിശദാംശം നൽകാമോ?

വിശിഷ്ടരും സംരക്ഷിതരുമായ വ്യക്തികൾക്ക് പോലീസ് സുരക്ഷയൊരുക്കുന്ന അവസരത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾക്കുപുറമെ സന്ദർശനസ്ഥലങ്ങളിൽ നിലനിൽക്കുന്ന സുരക്ഷാ ഭീഷണികൾകൂടി പരിഗണിച്ചുകൊണ്ടാണ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിവരുന്നത്. ഇപ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങൾ പരസ്യമാക്കുന്നത് സംരക്ഷിത വ്യക്തികളുടെ സുരക്ഷയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. കൂടാതെ വി.വി.ഐ.പി.കളുടെ സുരക്ഷാപരമായ കാര്യങ്ങൾ പോലീസിന്റെ

ക്രമസമാധാനപാലന ചുമതലയിലുൾപ്പെട്ടിട്ടുള്ളതിനാൽ ഇതിനായി ചെലവഴിക്കുന്ന തുക പ്രത്യേകമായി കണക്കാക്കി സൂക്ഷിക്കാറില്ല.

(സി) പ്രസ്തുത യാത്രയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എവിടെയെങ്കിലും സുരക്ഷാപ്രശ്നങ്ങളുണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത യാത്രയ്ക്ക് കേരള പോലീസൊരുക്കിയ സുരക്ഷാക്രമീകരണങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പരാതികളുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത യാത്രയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് സുരക്ഷാ പ്രശ്നങ്ങളുണ്ടായതായോ സുരക്ഷാക്രമീകരണങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പരാതികളുണ്ടായിട്ടുള്ളതായോ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ഡി) ഓരോ അധികാരസ്ഥാനത്തിരിക്കുന്നവരുടെയും സുരക്ഷ സംബന്ധിച്ച വർഗ്ഗീകരണം നടത്തുന്നതിനും അതിനുവേണ്ട ക്രമീകരണം ഏർപ്പെടുത്തുന്നതിനുമുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിശിഷ്ടവ്യക്തികളുടെയും മറ്റ് സാധാരണ വ്യക്തികളുടെയും സുരക്ഷ അവലോകനം നടത്തി അവർക്കാവശ്യമുള്ള

സുരക്ഷനൽകണമെന്ന് നിഷ്കർഷിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 07-05-2018-ലെ സ.ഉ.(സാധാ.) നം. 1321/18/ആഭ്യന്തരം നമ്പർ ഉത്തരവുപ്രകാരം രൂപീകരിച്ചിട്ടുള്ള സെക്യൂരിറ്റി റിവ്യൂ കമ്മിറ്റിയാണ് സംസ്ഥാനത്ത് സുരക്ഷാ ഭീഷണി നേരിടുന്ന വ്യക്തികൾക്ക് ഏതു കാറ്റഗറിയിലുള്ള സുരക്ഷയാണ് നൽകേണ്ടതെന്ന് തീരുമാനിക്കുന്നത്. പ്രസ്തുത കമ്മിറ്റി ആറ് മാസത്തിലൊരിക്കൽ അവലോകന യോഗം കൂടി സുരക്ഷ വിലയിരുത്തിവരുന്നു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ ക്രമക്കേട് സംബന്ധിച്ച പരിശോധന

13(*463) ശ്രീ. പി. ഉബൈദുള്ള:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. ടി. വി. ഇബ്രാഹിം:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം തട്ടിയെടുക്കുന്നതിനായി ഉദ്യോഗസ്ഥരും ഏജന്റുമാരും ഡോക്ടർമാരുമടങ്ങിയ സംഘം സംസ്ഥാനത്ത് വ്യാപകമായി പ്രവർത്തിക്കുന്നതായി വിജിലൻസ്

പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഇത്തരം തട്ടിപ്പിലുൾപ്പെട്ടിട്ടുള്ളവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(എ&ബി) 25-05-2016-ൽ സർക്കാർ അധികാരത്തിൽ വരുമ്പോൾ 29,930 പേരുടെ അപേക്ഷകളിൽ ദുരിതാശ്വാസ നിധിയിൽനിന്നും സഹായം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും തുക അനുവദിക്കപ്പെടാത്തതായി ഉണ്ടായിരുന്നു. 2016 ജൂൺ മാസം മുതൽ തന്നെ ദുരിതാശ്വാസനിധിയിലേയ്ക്കുള്ള അപേക്ഷകൾക്കായി വെബ്സൈറ്റ് മുഖേനയോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്ന സംവിധാനമേർപ്പെടുത്തി.

അപേക്ഷ പരിശോധിച്ച് ആവശ്യമായ രേഖകളുണ്ടോയെന്ന് വിലയിരുത്തേണ്ടത് വില്ലേജ് ഓഫീസർമാരാണ്. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളിൽ പോരായ്മകളുണ്ടെങ്കിലോ മറ്റു ന്യൂനതകളുണ്ടെങ്കിലോ അവ പരിഹരിച്ച് വിവരങ്ങൾ ശേഖരിച്ച് പോർട്ടലിലൂടെ അയയ്ക്കുകയും അവ ബന്ധപ്പെട്ട കളക്ടർമാർ ശിപാർശ ചെയ്യുന്ന ഓൺലൈൻ സംവിധാനം ആ ഘട്ടത്തിൽത്തന്നെ ഏർപ്പെടുത്തി. ഇന്ന്

ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംവിധാനമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി. അർഹരായവർക്ക് 100 മണിക്കൂറിനുള്ളിൽ സഹായധനം കൈമാറുകയെന്ന ലക്ഷ്യത്തോടെയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്.

ചികിത്സാസഹായത്തിനുള്ള അപേക്ഷകൾ ലഭിച്ചതിൽ ചിലതെങ്കിലും യഥാർത്ഥ അപേക്ഷകൻ തയ്യാറാക്കിയവയല്ലെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ അനർഹർ നേടിയെടുക്കുന്നതായ സംശയത്തെത്തുടർന്ന് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള നിർദ്ദേശപ്രകാരം വിജിലൻസ് എല്ലാ ജില്ലാ കളക്ടറേറ്റുകളിലെയും ബന്ധപ്പെട്ട സെക്ഷനുകളിൽ മിന്നൽ പരിശോധന നടത്തുകയുണ്ടായി.

പരിശോധനയിൽ ചില ക്രമക്കേടുകൾ വിജിലൻസ് കണ്ടെത്തിയിരുന്നു. അതിനെത്തുടർന്ന് വിശദമായ പരിശോധന നടന്നുവരികയാണ്.

## സിവിൽ സർവീസ് കാര്യക്ഷമമാക്കുന്നതിന് നടപടി

14(*464) ശ്രീ. പി. വി. ശ്രീനിജിൻ:

ശ്രീ. വി. ജോയി:

ശ്രീ. എം. വിജിൻ:

<u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>) സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് സർക്കാർ സർവീസ് കാര്യക്ഷമമാക്കുന്നതിനും ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വകുപ്പുകളിൽനിന്ന് ഒഴിവുകൾ കാര്യക്ഷമമായി റിപ്പോർട്ട് ചെയ്യുന്നതിനും കാലതാമസമൊഴിവാക്കുന്നതിനുമായി ഓൺലൈനായി ഒഴിവുകൾ റിപ്പോർട്ടുചെയ്യാനുള്ള സംവിധാനങ്ങളൊരുക്കുകയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് പ്രസ്തുത സംവിധാനത്തിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഒഴിവുകളുണ്ടാകുന്നമുറയ്ക്കുതന്നെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതോടൊപ്പം 2023-കലണ്ടർ വർഷത്തിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുന്നത് സംബന്ധിച്ചും ആയതിലേയ്ക്കുള്ള കാലതാമസം ഒഴിവാക്കുന്നതിനായി 08-11-2022-ലെ ഉപ.സി 3/100/2022/ഉഭപവ. സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 2011-16 കാലഘട്ടത്തിൽനിന്ന് വിഭിന്നമായി കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തിയതുവഴി എത്രപേരെ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നിയമിക്കാൻ കഴിഞ്ഞെന്ന് അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ 2023 ജനുവരി വരെ 2,03,000 ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശിപാർശ ചെയ്തിട്ടുണ്ട്.

(സി) സിവിൽ സർവീസ് കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ജനസൗഹാർദ്ദപരവും അഴിമതിരഹിതവുമായ സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. സിവിൽ സർവ്വീസിന്റെ മധ്യനിര ശക്തിപ്പെടുത്തുന്നതിനായി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുകയും 105 പേരുൾപ്പെട്ട ആദ്യ ബാച്ചിന് നിയമന ശിപാർശ നൽകുകയും ചെയ്തു. ഇവരുടെ പരിശീലനം അന്തിമഘട്ടത്തിലാണ്. ഭരണരംഗം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് ഭരണ പരിഷ്കാര കമ്മീഷൻ സമർപ്പിച്ച ശിപാർശകൾ നടപ്പാക്കിവരുന്നു.

ഗവൺമെന്റ് സെക്രട്ടേറിയറ്റിലും മറ്റ് എല്ലാ സർക്കാർ ഓഫീസുകളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിൽവരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം 291 ഓഫീസുകളിൽ ബയോമെട്രിക് പഞ്ചിംഗ് ഇതിനകം നടപ്പിൽ വരുത്തിയിട്ടുണ്ട്. എല്ലാ വകുപ്പുകളിലും ഇത് നടപ്പാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യമുൾപ്പെടെയുള്ള വകുപ്പുകളിൽ ഫയൽ തട്ടുകളുടെ എണ്ണം കുറച്ച് ഫയൽ നീക്കത്തിന്റെ തട്ടുകൾ നിജപ്പെടുത്തിയതിലൂടെ ഫയലുകൾ വേഗത്തിൽ കൈകാര്യം ചെയ്യുന്നതിന് കഴിയുന്നുണ്ട്.

സെക്രട്ടേറിയറ്റ്, കളക്ടേറ്റുകൾ, സബ് കളക്ടേറ്റുകൾ, താലൂക്ക് ഓഫീസുകൾ, 140 സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, 869 വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പാക്കിയിട്ടുണ്ട്.

ജനങ്ങൾക്ക് സേവനങ്ങൾ സുതാര്യമായും കാര്യക്ഷമമായും വേഗത്തിലും അഴിമതിരഹിതവുമായി ലഭ്യമാക്കുന്നതിൽ ഇ-ഗവേണൻസിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്ത് ഇ-ഗവേണൻസ് സമ്പ്രദായം സാർവത്രികമാക്കിയിട്ടുണ്ട്. അതിന്റെഭാഗമായി കേരള സംസ്ഥാന ഐ.ടി.

മിഷൻ (KSITM), സംസ്ഥാനത്തെ 80 വിവിധ വകുപ്പുകളുടെ 884 ഓൺലൈൻ സേവനങ്ങൾ ഇ-സേവനം എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലിലുൾക്കൊള്ളിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ എം-സേവനം (m-sevanam) മൊബൈൽ ആപ്ലിക്കേഷനിൽ 80 വകുപ്പുകളുടെ 683 സേവനങ്ങളും ലഭ്യമാണ്. ജനങ്ങൾക്ക് ഓഫീസുകൾ സന്ദർശിക്കാതെതന്നെ സേവനങ്ങൾ ഉപയോഗപ്പെടുത്താൻ ഇ-സേവനം പോർട്ടൽ, എം-സേവനം മൊബൈൽ ആപ്ലിക്കേഷൻ എന്നിവയിലൂടെ സാധിക്കുന്നു.

സംസ്ഥാന സിവിൽ സർവ്വീസിന്റെ കർമ്മശേഷിയും നിർവ്വഹണ പ്രാപ്തിയും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന പരിശീലന നയത്തിന്റെ ഭാഗമായി പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് നിർബന്ധമായും ഇൻഡക്ഷൻ പരിശീലനം നൽകിവരുന്നുണ്ട്.

സർക്കാർ ഓഫീസ് നടപടികൾ ലളിതമാക്കാനും വിവര സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും സർക്കാർ ഓഫീസുകളിൽനിന്നുള്ള മറുപടികൾ ഇ-മെയിൽ മുഖേന നൽകുന്നതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പുസെക്രട്ടറിമാർക്കും വകുപ്പുതലവന്മാർക്കും 07-11-2022- ലെ സർക്കുലർ നം. 209/13(2)/2022/ഉ.ഭ.പ.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

**നോർക്ക റൂട്ട്സ് ഐ.ഐ.എം. കോഴിക്കോടുമായി ചേർന്നുള്ള പഠനം**

15(*465) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:

ഡോ. കെ. ടി. ജലീൽ:

ശ്രീ. കെ. യു. ജനീഷ് കുമാർ:

ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഗോള തൊഴിൽ സാധ്യത പഠിക്കാൻ നോർക്ക റൂട്ട്സ് ഐ.ഐ.എം. കോഴിക്കോടുമായി ചേർന്ന് പഠനം തുടരുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. തൊഴിൽ വിപണിയുടെ മാറുന്ന സ്വഭാവം പ്രത്യേകിച്ച് കോവിഡ് കാലത്തിനുശേഷം കണ്ടെത്തി ആഗോള തൊഴിൽ സാധ്യത പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റുമായി നോർക്ക-റൂട്ട്സ് 2022 സെപ്റ്റംബർ മാസത്തിൽ കരാർ ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത പഠനറിപ്പോർട്ട് 2023-2024 സാമ്പത്തിക വർഷത്തിനുള്ളിൽതന്നെ സമർപ്പിക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വിദേശ തൊഴിൽ വിപണിയിലെ വ്യവസ്ഥകൾക്കും സാങ്കേതികവിദ്യകൾക്കും അനുയോജ്യമായ വിധത്തിൽ തൊഴിൽ അന്വേഷകരുടെ നൈപുണിശേഷി വികസനത്തിന് എന്തെങ്കിലും പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. കേരളത്തിലെ യുവതിയുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം ഇന്ത്യയ്ക്കകത്തും വിദേശത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടെ നോർക്ക- റൂട്ട്സ് സ്കിൽ അപ്ഗ്രഡേഷൻ & റീ ഇന്റഗ്രേഷൻ പ്രോഗ്രാം എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. നിശ്ചിത സാങ്കേതിക യോഗ്യതയുള്ളവർക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ നേടാൻ സഹായകമാകുന്ന രീതിയിലുള്ള കോഴ്സുകൾ വിവിധ സർക്കാർ സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തിവരുന്നു.

പശ്ചിമേഷ്യൻ രാജ്യങ്ങളിലെ നഴ്സിംഗ് മേഖലയിൽ തൊഴിൽ സാധ്യതയേറുന്നതിനാൽ നഴ്സുമാർക്ക് അതത് രാജ്യങ്ങളിലെ ഗവൺമെന്റ് ലൈസൻസിംഗ് പരീക്ഷകൾ പാസാകുന്നതിന് നഴ്സിംഗ് ഉദ്യോഗാർത്ഥികൾക്ക് കേരള സർക്കാർ സ്ഥാപനമായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ അംഗീകൃത സ്ഥാപനമായ നഴ്സിംഗ്

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്‌മെന്റ് (NICE) മായി സഹകരിച്ച് പ്രത്യേക പരിശീലനം നൽകിവരുന്നു.

വിദേശരാജ്യങ്ങളിൽ ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ മേഖലയിൽ ലഭ്യമാകുന്ന ഉയർന്ന തൊഴിൽ സാധ്യത പരിഗണിച്ച് യുവ തൊഴിൽ അന്വേഷകർക്ക് ഈ മേഖലയിലെ നൂതന സാങ്കേതിക കോഴ്സുകളായ റോബോട്ടിക് പ്രോസസ്സ് ഓട്ടോമേഷൻ, ഫുൾസ്റ്റാക്ക് ഡെവലപ്പർ, ഡാറ്റാ സയൻസ് & അനലിറ്റിക്സ് തുടങ്ങിയ കോഴ്സുകളിൽ ഐസിറ്റി അക്കാദമി ഓഫ് കേരളയുമായി സഹകരിച്ച് പരിശീലനം നൽകിവരുന്നു. കൂടാതെ റീ ഇന്റഗ്രേഷൻ/റീസ്കില്ലിംഗിന്റെ ഭാഗമായി കേരളത്തിലെ യുവതി/യുവാക്കൾക്കായി IELTS/OET കോഴ്സുകളിൽ നോർക്ക-റൂട്ട്സ് ഐ സി റ്റി അക്കാദമി ഓഫ് കേരളയുമായി സഹകരിച്ച് പരിശീലനം നൽകിവരുന്നു. വിവിധ വിദേശ ഭാഷകളിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജിന്റെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(സി) ജർമനി, യു.കെ. എന്നീ രാജ്യങ്ങളുമായുമുള്ള ധാരണ പ്രകാരം നഴ്സിംഗ് റിക്രൂട്ട്മെന്റ് നടത്തുന്നതിന് നോർക്കയുടെ റിക്രൂട്ടിംഗ് വിംഗ് ഫലപ്രദമായി ഇടപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ജർമ്മൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയും ജർമ്മൻ ഏജൻസി ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷനുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ജർമ്മനിയിലേയ്ക്ക് 2022 മാർച്ച് മാസത്തിൽ തെരഞ്ഞെടുക്കപ്പെട്ട 200 നഴ്സുമാരുടെ ആദ്യ ബാച്ചിന്റെ ജർമ്മൻ ഭാഷാ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. 2022 നവംബർ മാസം രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർക്കുള്ള ജർമ്മൻ ഭാഷാ പരിശീലനം ആരംഭിച്ചിട്ടുണ്ട്. മൂന്നാംഘട്ട തെരഞ്ഞെടുപ്പ് 2023 ഏപ്രിൽ മാസത്തിൽ സംഘടിപ്പിക്കുന്നുണ്ട്.

യു.കെ.യിലേയ്ക്ക് നഴ്സിംഗ്/ആരോഗ്യമേഖലയിലേയ്ക്കുള്ള റിക്രൂട്ട്മെന്റിന് യു.കെ.യിലെ അംഗീകൃത സംഘടനകളുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും 2022 നവംബർ മാസത്തിൽ കൊച്ചിയിൽ വച്ച് യു.കെ. കരിയർ ജോബ് ഫെയർ സംഘടിപ്പിക്കുകയും ചെയ്തു. കൂടുതൽ തൊഴിൽദാതാക്കളെ സംഘടിപ്പിച്ച് രണ്ടാംഘട്ട ജോബ് ഫെയർ താമസിയാതെതന്നെ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**കെ-ഫോൺ പദ്ധതിക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ**

16(*466) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>:

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>:

<u>ശ്രീ. കെ. പ്രേംകുമാർ</u>:

<u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിക്കായി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള അടിസ്ഥാനസൗകര്യങ്ങൾ എന്തെല്ലാമാണെന്നും ഇതിനായി എത്ര തുക ചെലവഴിച്ചെന്നും അറിയിക്കാമോ?

കെ-ഫോൺ പദ്ധതിക്കായി ഏർപ്പെടുത്തിയ അടിസ്ഥാനസൗകര്യങ്ങൾ സംബന്ധിച്ച നിലവിലെ വിവരം ചുവടെ ചേർക്കുന്നു:-

6600 കിലോമീറ്റർ ബാക്ക്ബോൺ, 18799 കി.മീ. എ.ഡി.എസ്.എസ്. (All-Dielectric Self Supporting Cable), ഒ.എഫ്.സി, ആക്സസ് കേബിൾ, 359 പോയിന്റ് ഓഫ് പ്രെസെൻസുകൾ, നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐ.റ്റി/നോൺ ഐ.റ്റി സംബന്ധമായ പണികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

കെ-ഫോണിന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (ഐ.പി.1) സർട്ടിഫിക്കേഷൻ, ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി.-ബി) ലൈസൻസ് എന്നിവ ലഭ്യമായിട്ടുണ്ട്.

26317 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചു. 14162 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.

കെ-ഫോൺ പദ്ധതിക്കായി ഇതുവരെ 597.30 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഡിജിറ്റൽ സാക്ഷരതയ്ക്കും സംസ്ഥാനം ലക്ഷ്യമിടുന്ന വിജ്ഞാന സമ്പദ്‌വ്യവസ്ഥയ്ക്കും കെ-ഫോൺ ഏതെല്ലാം വിധത്തിൽ സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

വിവരസാങ്കേതികവിദ്യ, ആശയവിനിമയ സാങ്കേതികവിദ്യ എന്നിവയുടെ വ്യാപനം ഡിജിറ്റൽ സാക്ഷരതയ്ക്കും വിജ്ഞാന സമ്പദ്‌വ്യവസ്ഥയ്ക്കും അത്യന്താപേക്ഷിതമാണ്. പ്രസ്തുത സാങ്കേതികവിദ്യകളുടെ വ്യാപനത്തിന് കെ-ഫോൺ പദ്ധതി വഴി ഒരുക്കുന്ന അടിസ്ഥാനസൗകര്യങ്ങൾ സഹായകരമാകും. കെ-ഫോൺ പദ്ധതിയിലൂടെ കേരളത്തിലെ ഗ്രാമങ്ങളും നഗരങ്ങളും ബന്ധിപ്പിക്കുന്നതുവഴിയും സാർവത്രിക ഇന്റർനെറ്റ് ലഭ്യതവഴിയും ഇ-കോമേഴ്സ്, ഡിജിറ്റൽ ബാങ്കിംഗ് ഡിജിറ്റൽ മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിൽ പുരോഗതിയും ഡിജിറ്റൽ സാക്ഷരതയും കൈവരിക്കാനാകും. വിജ്ഞാന സമ്പദ്‌വ്യവസ്ഥയ്ക്കാവശ്യമായ തൊഴിൽ

നൈപുണ്യം പ്രദാനം ചെയ്യാൻ കെ-ഫോൺ മുഖേന സാധിക്കുമെന്നാണ് കരുതുന്നത്. ഇന്റർനെറ്റിന്റെ വ്യാപനം വഴി കാർഷിക-വ്യാവസായിക മേഖലകളിൽ നൂതന സാങ്കേതികവിദ്യയിലൂടെയുള്ള വളർച്ച സാധ്യമാകും. കൂടാതെ, ഐ.ടി. മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കാൻ കെ-ഫോണിന് സാധിക്കും. മറ്റുള്ള സ്വകാര്യ ടെലികോം കമ്പനികളെ അപേക്ഷിച്ച് സംരംഭകർക്ക് കുറഞ്ഞ ചെലവിൽ കേരളത്തിൽ എവിടെയും കെ-ഫോണിന്റെ സേവനം ലഭ്യമാകും. ഐ.ടി. പാർക്കുകളിലും മറ്റും 5 ജി സേവനം അനായാസം ലഭ്യമാക്കാൻ കെ-ഫോൺ ശൃംഖലയ്ക്ക് സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ്-ഓഫ്-തിംഗ്സ് എന്നിവയുടെ വളർച്ചയ്ക്കും കെ-ഫോൺ പ്രയോജനപ്പെടുത്താനാവും. വിജ്ഞാന സമ്പദ്‌വ്യവസ്ഥയിൽ ഒഴിച്ചുകൂടാനാകാത്ത ഇന്നൊവേഷൻ, റിസർച്ച് തുടങ്ങിയവയ്ക്കും കെ-ഫോൺ മുതൽക്കൂട്ടാകും.

## വടക്കാഞ്ചേരി ലൈഫ് പദ്ധതിക്ക് ഹാബിറ്റാറ്റുമായി കരാർ

17(*467) <u>ശ്രീ. ടി. ജെ. വിനോദ്:</u>

<u>ശ്രീ. സജീവ് ജോസഫ്:</u>

<u>ശ്രീ. എം. വിൻസെന്റ്:</u>

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിൽ ലൈഫ് പദ്ധതിയുടെ ഫ്ലാറ്റ് നിർമ്മാണത്തിന്റെ ഭാഗമായി ഹാബിറ്റാറ്റ് എന്ന സ്ഥാപനത്തിന് സർക്കാർ ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകാൻ തീരുമാനമെടുത്തിരുന്നോ എന്ന് വ്യക്തമാക്കാമോ;

ഇല്ല.

(ബി) ഇതുസംബന്ധിച്ച് പ്രസ്തുത സ്ഥാപനവുമായി കരാറിലേർപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത കരാറിൽനിന്നും പിന്മാറാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

(ബി&സി) ലൈഫ് മിഷൻ നേരിട്ട് നടപ്പാക്കുന്ന പൈലറ്റ് ലൈഫ് ഭവന സമുച്ചയത്തിന്റെ തൃശ്ശൂർ ജില്ലയുൾപ്പെടെ 7 ജില്ലകളിലെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി ഹാബിറ്റാറ്റിനെ തെരഞ്ഞെടുത്തിരുന്നു. കെട്ടിടനിർമ്മാണത്തിന് ഹാബിറ്റാറ്റുമായി കരാറിലേർപ്പെട്ടിട്ടില്ല. എന്നാൽ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് പ്രീഫാബ് ടെക്നോളജിയിൽ

പരിജ്ഞാനമില്ലെന്ന കാരണത്താൽ പി.എം.സി.യായി തുടരാൻ താത്പര്യമില്ലെന്ന് അറിയിച്ച് രേഖാമൂലം കത്ത് നൽകുകയും തുടർന്ന് 31-10-2019-ന് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയിൽനിന്നും ഒഴിവാക്കുകയും ചെയ്തു.

**വടക്കാഞ്ചേരിയിൽ ലൈഫ് മിഷന്റെ ഭാഗമായി യൂണിടാക്ക് കമ്പനിക്ക് നിർമ്മാണ കരാർ**

18(*468) ശ്രീ. സി. ആർ. മഹേഷ്:

ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിൽ ലൈഫ് മിഷന്റെ ഭാഗമായി റെഡ്ക്രെസന്റ് എന്ന വിദേശസ്ഥാപനത്തിൽനിന്നും സഹായം ലഭ്യമാക്കിക്കൊണ്ട് നിർമ്മിക്കുന്ന ഫ്ലാറ്റിന്റെ നിർമ്മാണ കരാർ യൂണിടാക്ക് കമ്പനിക്ക് നൽകാനായി തീരുമാനമെടുത്തിരുന്നോ; വിശദമാക്കാമോ?

ഇല്ല.

(ബി) പ്രസ്തുത ഭവന സമുച്ചയത്തിന്റെ പ്ലാൻ യൂണിടാക്ക് എന്ന സ്ഥാപനം ലൈഫ് മിഷന് സമർപ്പിച്ചിരുന്നോ എന്നും പ്ലാനിന് ലൈഫ്

മിഷൻ അംഗീകാരം നൽകിയിരുന്നോ എന്നും പ്ലാൻ സ്പെസിഫിക്കേഷൻ അനുസരിച്ചാണെന്ന് ഉറപ്പാക്കിയിരുന്നോ എന്നും വിശദമാക്കുമോ?

ഭവനസമുച്ചയത്തിന്റെ പ്ലാൻ യൂണിടാക്ക് എന്ന സ്ഥാപനം ലൈഫ് മിഷന് സമർപ്പിച്ചിരുന്നു.

ആയത് ലൈഫ് മിഷൻ മാനദണ്ഡങ്ങൾ പ്രകാരവും സ്പെസിഫിക്കേഷൻ അനുസരിച്ചാണെന്നും പരിശോധിച്ച് ലൈഫ് മിഷൻ UAE Red Crescent-ന് അംഗീകാരം നൽകിയിരുന്നു.

**ഉപഭോക്തൃ സംരക്ഷണമുറപ്പാക്കാൻ നടപടി**

19(*469) <u>ശ്രീ. പി. എസ്. സുപാൽ</u>:

<u>ശ്രീമതി സി. കെ. ആശ</u>:

<u>ശ്രീ. വി. ശശി:</u>

<u>ശ്രീ. വാഴൂർ സോമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്തൃസേവനങ്ങൾ സാധാരണ ജനങ്ങളിലേയ്ക്ക് അനായാസമെത്തിക്കുന്നതിനും ഉപഭോക്തൃസംരക്ഷണം ഉറപ്പാക്കുന്നതിനുമായി ലീഗൽ മെട്രോളജി വകുപ്പിൽ പരിഷ്കാരങ്ങൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. അളവുതൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി വെരിഫിക്കേഷൻ നടത്തുന്നതിനുള്ള ഫീസ് ഓൺലൈനായി ഒടുക്കു വരുത്തുന്നതിനും ആയതിന്റെ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കുന്നതിനുമുള്ള സംവിധാനം നടപ്പിലാക്കുന്നതിന്റെ അന്തിമഘട്ടത്തിലാണ്. കൂടാതെ പൊതുജനങ്ങൾക്ക് 'സുതാര്യം' മൊബൈൽ ആപ്ലിക്കേഷൻ, വകുപ്പ് അദ്ധ്യക്ഷന്റെ ഔദ്യോഗിക ഇ-മെയിൽ, ഫേസ്ബുക്ക്, ടെലിഫോൺ, തപാൽ, സി.എം.ഒ പോർട്ടൽ, NCH പോർട്ടൽ എന്നിവ മുഖേന പരാതികൾ സമർപ്പിക്കുന്നതിനുമുള്ള സൗകര്യം നിലവിലുണ്ട്. കൂടാതെ ഉപഭോക്തൃ ബോധവൽക്കരണ പരിപാടികൾ കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നു.

(ബി) ആയതിന്റെ ഭാഗമായി വകുപ്പ് നടത്തിയ പരിശോധനകളിൽ നിയമലംഘനങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കുമോ?

ഉണ്ട്. സംസ്ഥാനത്തൊട്ടാകെ വ്യാപാരസ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ പരിശോധനകളിൽ ആകെ 1236 കേസുകൾ കണ്ടെത്തി. 31,93,000/- രൂപ രജിസ്ട്രേഷൻ ഫീസിനത്തിൽ ഈടാക്കി. കൂടാതെ, പെട്രോൾ ഡിസ്പെൻസിംഗ് പമ്പുകൾക്കെതിരെ ലഭ്യമായ പരാതികളിന്മേൽ

നടത്തിയ പരിശോധനകളിൽ ആകെ 8 കേസുകൾ കണ്ടെത്തുകയും, 19,000/- രൂപ രജിസ്ട്രേഷൻ ഫീസിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) കോവിഡ് വ്യാപനത്തിന്റെ ഫലമായി വ്യാപാരികൾ നേരിട്ട നിയമപരമായ പ്രയാസങ്ങൾ പരിഹരിക്കാൻ വകുപ്പ് നടപടി കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉണ്ട്. കോവിഡ് കാലയളവിൽ യഥാസമയം മുദ്ര പതിപ്പിക്കാൻ സാധിക്കാത്ത അളവുതൂക്ക ഉപകരണങ്ങൾ പിഴയും അധിക ഫീസും ഒഴിവാക്കി മുദ്ര പതിപ്പിക്കുന്നതിനായി 2020 ഏപ്രിൽ മുതൽ 2022 ജൂലൈ വരെ വിവിധഘട്ടങ്ങളിലായി മുദ്ര കാലാവധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) കോവിഡുമൂലവും മറ്റ് കാരണങ്ങളാലും മുദ്രവയ്പ്പ് കുടിശ്ശികയായ അളവുതൂക്ക ഉപകരണങ്ങൾ മുദ്രവയ്ക്കുന്നതിനായി പിഴയിളവ് ചെയ്ത് നൽകുന്നത് സംബന്ധിച്ച് നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉണ്ട്. സംസ്ഥാന സർക്കാർ നടപ്പാക്കിയ അദാലത്തിന്റെ ആദ്യഘട്ടത്തിൽ (31-05-2022 വരെ) ആകെ 13,864 അപേക്ഷകൾ ലഭ്യമാവുകയും ആയതിൽ 12,486 അപേക്ഷകൾ അദാലത്തിൽ

ഹാജരാക്കുകയും ചെയ്തു. അദാലത്ത് 2023 മാർച്ച് 31 വരെ നീട്ടിയിരിക്കുകയാണ്.

(ഇ) ലീഗൽ മെട്രോളജി വകുപ്പിനെ കടലാസുരഹിത ഓഫീസാക്കി മാറ്റുകയെന്ന ഉദ്ദേശ്യത്തോടെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വകുപ്പ് അദ്ധ്യക്ഷന്റെ ഓഫീസ് മുതൽ ജില്ലാതല ഓഫീസ് വരെ ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്.

## മെഡിക്കൽ കോളേജുകളെ സെന്റർ ഓഫ് എക്സലൻസായി ഉയർത്താൻ നടപടി

20(*470) <u>ശ്രീ. ടി. ഐ. മധുസൂദനൻ:</u>

<u>ശ്രീ. കെ. ബാബു (നെന്മാറ):</u>

<u>ശ്രീ. ജി. സ്റ്റീഫൻ:</u>

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) എല്ലാ രണ്ടാംവർഷ പി.ജി. ഡോക്ടർമാരെയും ജില്ലാ ജനറൽ ആശുപത്രികളിലും താലൂക്കാശുപത്രികളിലും പഠനസേവനത്തിന്റെ ഭാഗമായി നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

നാഷണൽ മെഡിക്കൽ കമ്മീഷന്റെ 16-09-2020-ലെ MCI-18(1)2020/എംഇഡി/121415 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം സംസ്ഥാനത്ത് ആരോഗ്യ വകുപ്പിനുകീഴിൽ ജില്ലാ റെസിഡൻസി പ്രോഗ്രാം നടപ്പാക്കുന്നതിനായി സർക്കാർ/സ്വകാര്യ മേഖലയിലുള്ള മെഡിക്കൽ കോളേജുകളിലെ രണ്ടാംവർഷ പി.ജി. ഡോക്ടർമാരെ താലൂക്ക്, ജില്ല, ജനറൽ ആശുപത്രികളിലേയ്ക്ക് 2023 മാർച്ച് 1 മുതൽ നിയമിച്ചിട്ടുണ്ട്. പി.ജി. ഡോക്ടർമാരെ 3 മാസം വീതമുള്ള 4 ഗ്രൂപ്പുകളായിട്ടാണ് വിവിധ ആശുപത്രികളിലേയ്ക്ക് നിയമിക്കുന്നത്.

പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സംസ്ഥാനതല നോഡൽ ഓഫീസർ, പ്രോഗ്രാം കോ - ഓർഡിനേറ്റർ, ഡി.എം.ഇ - കോ ഓർഡിനേറ്റർ എന്നിവരെ നിയമിക്കുകയും പദ്ധതിയുടെ ഏകോപനത്തിനായി സ്റ്റിയറിംഗ്, ജില്ലാതല കമ്മിറ്റികളും 16-02-2023-ലെ സ.ഉ.(സാധാ)നം.369/2023/ H&FWD ഉത്തരവുപ്രകാരം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 24-02-2023-ലെ സ.ഉ.(സാധാ)നം.432/2023/H&FWD പ്രകാരം ജില്ലാ റെസിഡൻസി പ്രോഗ്രാം നടപ്പാക്കുന്നതിനായുള്ള മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പി.ജി. വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നേടുന്നതിനും ജില്ലാതല ആരോഗ്യ

സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിനുമുള്ള അവസരം ഇതിലൂടെ സാധ്യമാകുന്നു.

(ബി) ദ്വിതീയ തലത്തിലുള്ള ആരോഗ്യ സംവിധാനം ശാക്തീകരിച്ച് മെഡിക്കൽ കോളേജുകളെ റെഫറൽ ആശുപത്രികളാക്കി സെന്റർ ഓഫ് എക്സലൻസായി ഉയർത്തുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ?

ദ്വിതീയ തലത്തിലുള്ള ആശുപത്രികളുടെ ശക്തീകരണം പ്രാവർത്തികമാകുന്നതോടുകൂടി മെഡിക്കൽ കോളേജുകൾക്ക് പൂർണ്ണമായും റെഫറൽ ആശുപത്രികളായി പ്രവർത്തിക്കാൻ കഴിയും. അതിലൂടെ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ആവശ്യമായി വരുന്ന രോഗികൾക്ക് ഗുണനിലവാരമുള്ള മികച്ച ചികിത്സയൊരുക്കാൻ സാധിക്കും.

കേരളത്തിലെ മെഡിക്കൽ കോളേജുകളെല്ലാംതന്നെ നിലവിൽ റഫറൽ ആശുപത്രികളായാണ് പ്രവർത്തിക്കുന്നത്. ഇതിനോടനുബന്ധിച്ച് സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകളും പ്രവർത്തിക്കുന്നു. എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളും ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. റെഫറൽ പ്രോട്ടോകോൾ-‘ ത്രിതല റഫറൽ’ പൂർണ്ണമായി

നടപ്പാക്കുന്നതിലെ അപാകതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ രൂപീകരിച്ചിട്ടുണ്ട്.

മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളെ ശക്തിപ്പെടുത്താനും സൗകര്യങ്ങളൊരുക്കുവാനും രോഗീസൗഹൃദമാക്കാനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. മെഡിക്കൽ കോളേജുകളിൽ പുതിയ വിഭാഗങ്ങൾ തുടങ്ങാനും അതിനുവേണ്ട അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കാനും നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ മെഡിക്കൽ കോളേജിലെ പല വിഭാഗങ്ങളും മികവിന്റെ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നുണ്ട്.

മെഡിക്കൽ കോളേജുകളെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തുന്നതിന്റെ ഭാഗമായി ക്വാളിറ്റി ഇപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് പ്രോഗ്രാം നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതി ഒരു പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം മെഡിക്കൽ കോളേജിലാരംഭിച്ച് വിജയകരമായി നടപ്പാക്കിവരുന്നു. തുടർന്ന് കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, എറണാകുളം മെഡിക്കൽ കോളേജുകളിൽക്കൂടി ഈ പദ്ധതി നടപ്പാക്കാൻ സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി പ്രസ്തുത ആശുപത്രികൾ സന്ദർശിച്ച്

അവിടത്തെ സൗകര്യങ്ങൾ വിലയിരുത്തുകയും കുറവുകൾ പരിഹരിക്കാൻവേണ്ട നിർദ്ദേശങ്ങളും നൽകിവരുന്നു.

സർക്കാർ മെഡിക്കൽ കോളേജുകളിലെ ചികിത്സാ ഗുണനിലവാരം ഉയർത്തുന്നതിനായി ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് ഇൻ മെഡിക്കൽ കോളേജ് എന്ന പദ്ധതി വഴി NABH അക്രെഡിറ്റേഷൻ മാനദണ്ഡങ്ങളനുസരിച്ചുള്ള മാറ്റങ്ങൾ വരുത്താനാണുദ്ദേശിച്ചിട്ടുള്ളത്.

(സി) റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നീ സ്ഥാപനങ്ങളിൽ റോബോട്ടിക് ശസ്ത്രക്രിയയുൾപ്പെടെയുള്ള സൗകര്യങ്ങളേർപ്പെടുത്തി ഉത്കൃഷ്ട ചികിത്സാകേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

15-01-2023-ലെ സഉ(കൈ)നം.1/2023/P&EA ഉത്തരവുപ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി ആർ.സി.സി.ക്കും എം.സി.സി.ക്കുമായി റോബോട്ടിക്ക് സർജറി സംവിധാനം സ്ഥാപിക്കുന്നതിനായി 60 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഓഡിറ്റ് കമ്മീഷൻ**

21(*471) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കമ്മിറ്റികളിൽ വിദഗ്ധരെയുൾപ്പെടുത്താറുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രാദേശിക ആസൂത്രണ സമിതികളുടെ ഉപാദ്ധ്യക്ഷൻ, ആസൂത്രണ പ്രക്രിയയിൽ അവയെ സഹായിക്കാൻ കഴിയുന്ന വിദഗ്ധരായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സന്നദ്ധ സേവകരായ വിദഗ്ധർ പ്രസ്തുത സമിതിയിൽ അംഗങ്ങളായിരിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ വിഷയ മേഖലാ വർക്കിംഗ് ഗ്രൂപ്പുകളിൽ അതത് വികസന മേഖലയിലെ വിദഗ്ധരുടെയും സേവനമുറപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ആവശ്യമെങ്കിൽ പരിചയസമ്പന്നനായ

ഒരു സന്നദ്ധപ്രവർത്തകന്റെ/പ്രവർത്തകയുടെ സേവനം ഉപയോഗിക്കുന്നതിനും ഡി.പി.സി. കളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ജില്ലാ റിസോഴ്സ് സെൻററുകളിലെ വിദഗ്ധരുടെ സേവനം പദ്ധതി നടത്തിപ്പിനായി ഉറപ്പുവരുത്താനും സർക്കാർ ശ്രദ്ധിക്കാറുണ്ട്.

(ബി) പ്രാദേശിക സർക്കാരുകളുടെ ആഡിറ്റ് ചുമതല ആരെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 ജെ-യിലെ വ്യവസ്ഥയനുസരിച്ചും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 215, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295 എന്നീ വകുപ്പുകൾ പ്രകാരവും സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ആഡിറ്റ് നിർവ്വഹണ ചുമതല കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് ഡയറക്ടർക്കാണ് സർക്കാർ ഏൽപ്പിച്ചു നൽകിയിരിക്കുന്നത്. ഇവ കൂടാതെ അക്കൗണ്ടന്റ് ജനറൽ നടത്തുന്ന ആഡിറ്റും വകുപ്പിന്റെ ആന്തരിക ആഡിറ്റിംഗ് സംവിധാനമായ പെർഫോമൻസ് ആഡിറ്റും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്നുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആഡിറ്റിംഗിന് സ്വതന്ത്ര സ്വഭാവത്തോടുകൂടിയ ആഡിറ്റ് കമ്മീഷൻ വേണമെന്ന നിർദ്ദേശം

പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആഡിറ്റിംഗിന് സ്വതന്ത്ര സ്വഭാവത്തോടുകൂടിയ ആഡിറ്റ് കമ്മീഷൻ വേണമെന്ന് നാലാം ഭരണ പരിഷ്കാര കമ്മീഷന്റെ 9-ാമത് റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ നിലവിലെ ആഡിറ്റ് സംവിധാനം ഓൺലൈൻ ആഡിറ്റ് കൺകറന്റ് ആഡിറ്റ് എന്നിവയിലൂടെ ശക്തിപ്പെടുത്താനും പ്രൊഫഷനലൈസ് ചെയ്യാനുമാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ആകയാൽ പ്രസ്തുത ശിപാർശ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**കുടുംബശ്രീയുടെ റെഡി ടു ഈറ്റ് ഉല്പന്നങ്ങൾ**

22(*472)<u>ശ്രീമതി കാനത്തിൽ ജമീല</u>:

<u>ശ്രീമതി യു പ്രതിഭ</u>:

<u>ശ്രീമതി ശാന്തകുമാരി കെ</u>:

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ റെഡി ടു ഈറ്റ് ഉല്പന്നങ്ങൾ വിപണിയിലെത്തിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

ഉണ്ട്. 'റെഡി റ്റു ഈറ്റ്' ഉൾപ്പെടെയുള്ള കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന വർദ്ധനയ്ക്കായി പ്രാദേശിക-ദേശീയ വിപണനമേളകൾ (മാസച്ചന്തകൾ, സരസ്സ് ഫെയറുകൾ, ഉത്സവ സീസണിലെ നിരവധി വിപണനമേളകൾ), സ്ഥിരവിപണന കേന്ദ്രങ്ങൾ (ബസാർ, നാനോ മാർക്കറ്റ്, കിയോസ്ക്, സംയോജിത വിപണന കേന്ദ്രങ്ങൾ), ഹോം ഷോപ്പുകൾ, ഓൺലൈൻ മാർക്കറ്റിംഗ് (ആമസോൺ, ഫ്ലിപ്പ് കാർട്ട്) തുടങ്ങിയ നാല് തരത്തിലുള്ള വിപണന മേഖലകളിലൂടെ കുടുംബശ്രീ സംരംഭകർ ഉല്പാദിപ്പിക്കുന്ന വിവിധ തരം ഭക്ഷ്യോല്പന്നങ്ങൾ വിപണിയിൽ ലഭ്യമാണ്.

(ബി) കുടുംബശ്രീയുടെ വിവിധ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ നടപ്പുസാമ്പത്തിക വർഷം എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്?

കുടുംബശ്രീയുടെ വിവിധ പ്രവർത്തനങ്ങൾക്കായി നടപ്പുസാമ്പത്തിക വർഷത്തിൽ (2022-23) 260 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

(സി) കുടുംബശ്രീയുടെ സംഘടനാ സംവിധാനം കൂടുതൽ വിപുലീകരിക്കുന്നതിനും സംഘങ്ങളുടെയും അംഗങ്ങളുടെയും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും പദ്ധതിയുണ്ടോയെന്ന് അറിയിക്കാമോ?

കുടുംബശ്രീ സംഘടനാ സംവിധാനത്തെ വിപുലീകരിക്കുന്നതിന്റെ ഭാഗമായി അയൽക്കൂട്ടങ്ങളിൽ കൂടുതൽ ഉൾച്ചേർക്കൽ നടത്തുന്നതിനും പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും 18 മുതൽ 40 വയസ്സുവരെയുള്ള യുവതികൾക്കുവേണ്ടി ആരംഭിച്ചിട്ടുള്ള ഓക്സിലറി ഗ്രൂപ്പുകളിൽ കൂടുതൽ ഉൾച്ചേർക്കൽ നടത്തുന്നതിനും കൂടുതൽ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നുണ്ട്. ഇവരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി ഉപജീവനമേഖല, നൈപുണ്യവികസനം തുടങ്ങിയ മേഖലകൾ കേന്ദ്രീകരിച്ചുള്ള വിവിധ പരിശീലനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ അടിസ്ഥാനമാക്കി അയൽക്കൂട്ടതലംവരെയെത്തുന്ന വിവിധ കാര്യശേഷി പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

## ഹൃദ്രോഗത്തിനും പക്ഷാഘാതത്തിനും അടിയന്തര ചികിത്സ

23(*473) ഡോ. എം. കെ. മുനീർ:

ശ്രീ. പി. കെ. ബഷീർ:

ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്:താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഹൃദയാഘാതത്തെത്തുടർന്ന് അത്യാഹിത വിഭാഗത്തിലെത്തിക്കുന്ന രോഗികൾക്ക് ചികിത്സ ലഭിക്കാൻ നാല് മണിക്കൂറിലേറെ സമയമെടുക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഹൃദയാഘാതത്തെത്തുടർന്ന് മെഡിക്കൽ കോളേജുകളിലെ അത്യാഹിതവിഭാഗത്തിൽ എത്തുന്നവർക്ക് ചികിത്സ നൽകാൻ സമയമെടുക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരക്കാർക്ക് ഒട്ടുംതാമസം കൂടാതെ ചികിത്സ നൽകിവരുന്നുണ്ട്.

(ബി) അത്യാഹിതവിഭാഗത്തോട് ചേർന്ന് ഹൃദ്രോഗത്തിനും പക്ഷാഘാതത്തിനും എത്രയുംവേഗം ചികിത്സ ലഭ്യമാക്കുന്നതിനായി എന്തെങ്കിലും സംവിധാനമൊരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

പക്ഷാഘാതം, ഹൃദയാഘാതം എന്നിവ ചികിത്സിക്കാൻ 24 മണിക്കൂർ പ്രവർത്തിക്കുന്ന സംവിധാനങ്ങളും സൗകര്യങ്ങളും മെഡിക്കൽ കോളേജുകളിൽ സജ്ജമാണ്. മെഡിക്കൽ കോളേജ് കാഷ്വാലിറ്റികളിൽ ഹൃദയാഘാതം, പക്ഷാഘാതം എന്നിവയുടെ ലക്ഷണങ്ങളുമായി വരുന്ന രോഗികളെ പ്രത്യേക പരിഗണന നൽകി പരിശോധിക്കുകയും ചികിത്സ ആവശ്യമായവരെ അഡ്മിറ്റ് ചെയ്ത് ഉടനടി ചികിത്സ നൽകാനുള്ള സംവിധാനങ്ങൾ മെഡിക്കൽ കോളേജുകളിലൊരുക്കിയിട്ടുണ്ട്. ഹൃദയാഘാതത്തെത്തുടർന്നെത്തുന്ന രോഗികൾക്ക് ഏതാനും മിനിട്ടുകൾക്കുള്ളിൽത്തന്നെ പ്രൈമറി ആൻജിയോപ്ലാസ്റ്റി അല്ലെങ്കിൽ ത്രോംബോലൈസിസ് ചികിത്സ സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്.

പക്ഷാഘാതത്തെത്തുടർന്ന് വിൻഡോ പീരിയേഡിൽ ആശുപത്രിയിലെത്തുന്ന രോഗികൾക്ക് ത്രോംബോലൈസിസ് ചെയ്യാനുള്ള സൗകര്യവും മെഡിക്കൽ കോളേജുകളിലൊരുക്കിയിട്ടുണ്ട്. ഇതുവഴി മികച്ച ചികിത്സാഫലം രോഗികൾക്ക് കിട്ടുകയും പക്ഷാഘാതത്തിന്റെ അനന്തര ഫലങ്ങളിൽനിന്ന് മോചനം കിട്ടുകയും ചെയ്യുന്നു.

(സി) മെഡിക്കൽ കോളേജുകളിലെ അത്യാഹിതവിഭാഗത്തിൽ അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

NMC നിർദ്ദേശപ്രകാരം എല്ലാ മെഡിക്കൽ കോളേജുകളിലും എമർജൻസി വിഭാഗങ്ങൾ തുടങ്ങുന്നതിനായുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. നിലവിൽ തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളുടെ കാഷ്വാലിറ്റികളെ എമർജൻസി മെഡിസിൻ വിഭാഗമായി ഉയർത്തുകയും എം.ഡി എമർജൻസി മെഡിസിൻ കോഴ്സുകളാരംഭിക്കുകയും ചെയ്തിട്ടുണ്ട്. മികച്ച ചികിത്സ കൃത്യസമയത്ത് വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി രോഗികൾക്ക് നൽകാൻ ഇതുവഴി സാധിക്കുന്നുണ്ട്. അത്യാഹിതവിഭാഗത്തോട് ചേർന്നുതന്നെ അടിയന്തര ആവശ്യത്തിനുള്ള CT, MRI,X-ray, Ultra Sound Blood Test -കൾ, ECG മുതലായ സൗകര്യങ്ങളൊരുക്കിയിരിക്കുന്നത് വളരെ പെട്ടെന്ന് ചികിത്സ ലഭ്യമാക്കാൻ സഹായിക്കുന്നു.

സംസ്ഥാനത്ത് പൂർണ്ണതോതിൽ പ്രവർത്തിച്ചുവരുന്ന എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലേയും അത്യാഹിതവിഭാഗത്തിൽ നിലവിൽ അടിയന്തര ചികിത്സകളെല്ലാം നൽകിവരുന്നുണ്ട്. സർക്കാർ മെഡിക്കൽ

കോളേജാശുപത്രികളുടെ ഉന്നമനത്തിനും മെച്ചപ്പെട്ട രോഗീപരിചരണത്തിനുമായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളുടെ ഭാഗമായി എറണാകുളം മെഡിക്കൽ കോളേജാശുപത്രിയിൽ അത്യാഹിതവിഭാഗത്തോട് അനുബന്ധിച്ച് ക്രിട്ടിക്കൽ കെയർ യൂണിറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അത്യാഹിതവിഭാഗം എമർജൻസി മെഡിസിന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു. ചെസ്റ്റ് പെയിൻ ക്ലിനിക്കും സ്ട്രോക്ക് ക്ലിനിക്കും സജ്ജീകരിച്ചിട്ടുണ്ട്. ഇ.സി.ജി, എക്സ്റേ, സി.റ്റി, എം.ആർ.ഐ തുടങ്ങിയവയെല്ലാം ഒരു കുടക്കീഴിൽ സജ്ജീകരിച്ചിട്ടുണ്ട്. അത്യാഹിതവിഭാഗത്തിൽത്തന്നെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഓപ്പറേഷൻ തീയേറ്റർ സജ്ജീകരിച്ചിട്ടുണ്ട്. പോർട്ടബിൾ വെന്റിലേറ്ററിന്റെയും ബെഡ് സൈഡ് അൾട്രാ സൗണ്ട് മെഷീന്റേയും ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. ഗുണമേന്മയോടും കൃത്യതയോടും കൂടിയ ആരോഗ്യ പരിചരണം നടത്തുന്നതിന് അത്യാഹിത വിഭാഗത്തെ റെഡ്, ഗ്രീൻ, യെല്ലോ എന്നീ മേഖലകളായി തരം തിരിച്ചിട്ടുണ്ട്. അത്യാഹിതവിഭാഗത്തിൽതന്നെ മെഡിക്കൽ ഐ.സി.യു. സർജിക്കൽ ഐ.സി.യു. എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജിൽ മുഴുവൻ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റികൾക്കും എമർജൻസി ഡിപ്പാർട്ടുമെന്റിനുമായി നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള PMSSY താഴെപ്പറയുന്ന സംവിധാനങ്ങൾ സഹിതം പ്രവർത്തന സജ്ജമാണ്.

കൂടുതൽ റെഡ് ഏരിയ ബഡ്ഡുകൾ

കൂടുതൽ യെല്ലോ ഏരിയ ബഡ്ഡുകൾ

പോയിന്റ് ഓഫ് കെയർ ലബോറട്ടറി സംവിധാനം.

റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിന്റെ വിവിധ സേവനങ്ങൾ - എക്സ്റേ, സി.റ്റി സ്കാൻ, എം.ആർ.ഐ സ്കാൻ, അൾട്രാസൗണ്ട് സ്കാൻ

രോഗീ കൂട്ടിരിപ്പുകാർക്കുള്ള സൗഹൃദ സംവിധാനങ്ങൾ

ലോകോത്തര നിലവാരം പുലർത്തുന്ന ഓപ്പറേഷൻ തീയറ്ററുകൾ

ശസ്ത്രക്രിയയ്ക്ക് മുൻപും ശേഷവും ഉപയോഗിക്കുന്ന ഉന്നത നിലവാരം പുലർത്തുന്ന ഐ.സി.യു -കൾ

എമർജൻസി മെഡിസിൻ വിഭാഗത്തിനുകീഴിലെ ട്രയാജ് സംവിധാനത്തിന്റെ ശക്തീകരണം.

തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രിയിൽ പൂർണ്ണസജ്ജമായ ട്രോമാകെയറിന്റെ നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്. ആയത് പ്രവർത്തനമാരംഭിക്കുന്നമുറയ്ക്ക് രോഗികൾക്ക് കൂടുതൽ സേവനങ്ങൾ

വേഗത്തിൽ ലഭ്യമാക്കാനുള്ള ക്രമീകരണങ്ങളേർപ്പെടുത്താൻ കഴിയും. ട്രോമാകെയർ യൂണിറ്റ് ഉടൻ പ്രവർത്തന സജ്ജമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതീവ ഗുരുതരാവസ്ഥയിൽ വരുന്ന രോഗികൾക്ക് (red zone) പ്രത്യേക പരിചരണം നൽകുന്നതിനായി 15 ബഡ്ഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. ട്രോമാ കെയർ യൂണിറ്റ് പ്രവർത്തനക്ഷമമാകുന്നതോടെ സർജറി, ജനറൽ മെഡിസിൻ, ഓർത്തോപീഡിക് എന്നീ വിഭാഗങ്ങളുടെ കൂട്ടായ ചികിത്സ ലഭ്യമാക്കാൻ കഴിയുന്നതാണ്. ഇതോടെ രോഗീപരിചരണം കൂടുതൽ മെച്ചപ്പെട്ടതാകും.

കോട്ടയം മെഡിക്കൽ കോളേജാശുപത്രിയിൽ കാഷ്വാലിറ്റി വിഭാഗത്തിൽ ട്രയാജ് രൂപീകരിച്ചിട്ടുണ്ട്. ഗുരുതരമായി വരുന്ന രോഗികൾക്ക് റെഡ് സോൺ ഏർപ്പെടുത്തിയിട്ടുണ്ട്. 5 ഓപ്പറേഷൻ തിയേറ്റർ, 14 ഐ.സി.യു. ബഡ്ഡുകൾ, സി.റ്റി., എം.ആർ.ഐ, അൾട്രാ സൗണ്ട്, ഡി.എസ്.എ. എന്നീ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കാഷ്വാലിറ്റിയിൽ ഫാർമസി, ബ്ലഡ് കളക്ഷൻ സെന്റർ, സ്റ്റോക്ക് യൂണിറ്റ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കാഷ്വാലിറ്റിയോടുചേർന്ന് എ.സി.ആർ ലാബുകളും പ്രവർത്തിക്കുന്നു. കാഷ്വാലിറ്റിയിൽ രോഗികളെ കൊണ്ടുപോകുന്നതിനായി ട്രോളി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

കാഷ്വാലിറ്റിയിലെ തിരക്ക് നിയന്ത്രിക്കുന്നതിനും സുഗമമായ പ്രവർത്തനത്തിനുമായി പി.ആർ.ഒ. മാരെയും സെക്യൂരിറ്റി ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്.

മഞ്ചേരി മെഡിക്കൽ കോളേജിൽ നിലവിലെ കാഷ്വാലിറ്റി വിപുലീകരിച്ച് മൈനർ ഓപ്പറേഷൻ തിയേറ്റർ, ഐ.സി.യു, Peadiatric Resuscitation എന്നിവ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ക്രിട്ടിക്കൽ കെയർ യൂണിറ്റിനായുള്ള കെട്ടിടത്തിന്റെ പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ കിഫ്ബി ഫണ്ടുപയോഗിച്ച് എമർജൻസി ആൻഡ് ട്രോമാകെയർ ബ്ലോക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

എറണാകുളം മെഡിക്കൽ കോളേജിൽ 23.5 കോടി രൂപയുടെ ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. ഇവിടെ അത്യാഹിതവിഭാഗത്തിന് അനുബന്ധമായി കൺട്രോൾ റൂം പ്രവർത്തിച്ചുവരുന്നു.

കൊല്ലം മെഡിക്കൽ കോളേജിൽ ട്രയാജ് സെന്റർ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 8 കോടി രൂപ

ചെലവിൽ നിർമ്മിക്കുന്ന ട്രോമ കെയർ യൂണിറ്റ് കെട്ടിടം പണി പൂർത്തിയാകുന്നമുറയ്ക്ക് എമർജൻസി മെഡിസിൻ വിഭാഗം ശക്തിപ്പെടുത്തുന്നതിന് കഴിയുന്നതാണ്.

ആലപ്പുഴ മെഡിക്കൽ കോളേജിൽ നെഞ്ചുവേദനയുമായി എത്തുന്ന രോഗികളെ നേരിട്ട് പരിശോധിച്ച് ചികിത്സ നൽകുന്നതിനായി Chest Pain Desk ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇവിടെ ട്രയാജ് സംവിധാനത്തോടെയുള്ള അത്യാഹിത വിഭാഗമാണ് പ്രവർത്തിച്ചുവരുന്നത്. കോന്നി മെഡിക്കൽ കോളേജിനായി സർക്കാർ അനുവദിച്ച കിഫ്ബി ഫണ്ട് വഴി അത്യാഹിത വിഭാഗത്തിലേയ്ക്ക് വേണ്ട ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. അത്യാഹിതവിഭാഗത്തിലേയ്ക്കാവശ്യമായ മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈനിന്റെ പ്രവർത്തനം നടന്നുവരുന്നു. അത്യാഹിതവിഭാഗത്തെ റെഡ്, ഗ്രീൻ, യെല്ലോ, ഐ.സി.യു, ഓപ്പറേഷൻ തീയേറ്റർ എന്നിങ്ങനെ ഏരിയകളായി തിരിച്ച് രോഗികളെ ചികിത്സിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

## സ്കൂൾ ആരോഗ്യ പരിപാടി

24(*474) ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) പുതിയ കലാസാമൂഹിക പശ്ചാത്തലത്തിൽ കുട്ടികളുടെ ശാരീരിക, സാമൂഹിക, മാനസിക ആരോഗ്യ വികസനത്തിന് കൂടുതൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കുട്ടികളുടെ ശാരീരിക, സാമൂഹിക, മാനസിക, ആരോഗ്യ വികസനത്തിന് കൂടുതൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമഗ്രമായി തയ്യാറാക്കുന്ന സ്കൂൾ ആരോഗ്യപദ്ധതിയിലൂടെയുള്ള വിവിധ ഇടപെടലുകൾ സ്കൂൾകുട്ടികളുടെ ശാരീരിക,മാനസിക പരിപോഷണത്തിനും ശക്തീകരണത്തിനും സഹായകരമാകുന്നതാണ്.

(ബി) കുട്ടികളുടെ സമഗ്രമായ ശാരീരിക, മാനസിക ആരോഗ്യ വികസനത്തിനായി സ്കൂൾ ആരോഗ്യ പരിപാടി ആവിഷ്കരിക്കാൻ ആരോഗ്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്കൂൾ കുട്ടികളുടെ സമഗ്രമായ ആരോഗ്യപുരോഗതിയും ക്ഷേമവും ലക്ഷ്യമിട്ട് നൂതനമായ സ്കൂൾ ആരോഗ്യ പദ്ധതി രൂപീകരിച്ചുവരുന്നു. ഇതിലൂടെ കുട്ടികളുടെ ആരോഗ്യ സ്ക്രീനിംഗ്, ശാരീരിക മാനസിക സാമൂഹിക ആരോഗ്യ മേഖലകളിൽ വിശദമായ ബോധവൽക്കരണം നൽകുക, സ്വഭാവ രൂപീകരണം വരുത്തുക, അയൺ ഗുളിക, വിരനിർമ്മാർജന ഗുളിക, സാനിട്ടറി നാപ്കിൻ മുതലായവ കുട്ടികൾക്ക് നൽകുക, ഇലക്ട്രോണിക് ആരോഗ്യരേഖകൾ തയ്യാറാക്കുക, പ്രഥമ ശുശ്രൂഷ നൈപുണ്യം അദ്ധ്യാപകർക്കും കുട്ടികൾക്കും നൽകുക എന്നീ അഞ്ചു പ്രധാന മേഖലകളിൽ ഉൾപ്പെടുന്ന വിശദ പരിപാടികളും ഘടകങ്ങളും കൂട്ടിച്ചേർത്തായിരിക്കും പദ്ധതി രൂപീകരിക്കുന്നത്.

(സി) വിദ്യാഭ്യാസകാലത്തുതന്നെ സാമൂഹിക വെല്ലുവിളികളെ അതിജീവിച്ച് കഴിവുകൾ വികസിപ്പിക്കുന്നതിനുപകരിക്കുന്ന തരത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ?

വിദ്യാർത്ഥി ജീവിതത്തിലെ വിവിധ സാമൂഹിക വെല്ലുവിളികളെ പ്രധാന ജീവിത നൈപുണികൾ ഉപയോഗിച്ച് അതിജീവിക്കാനുള്ള കഴിവും ആത്മവിശ്വാസവും എല്ലാ വിദ്യാർത്ഥികളിലും സൃഷ്ടിക്കത്തക്കരീതിയിൽ നൂതനമായ സ്കൂൾ ആരോഗ്യ പദ്ധതി നടപ്പാക്കും. ജീവിത നൈപുണി

വികാസം അധിഷ്ഠിതമായ സമീപനത്തോടുകൂടിയുള്ള ക്ലാസുകൾ, ചർച്ചകൾ, മത്സരങ്ങൾ, കലാപരിപാടികൾ, കൗമാര ആരോഗ്യ ദിനങ്ങൾ, ആരോഗ്യ ക്ലബ് പ്രവർത്തനങ്ങൾ, മുതലായവ വഴി വിദ്യാർത്ഥികളുടെ സാമൂഹ്യ അവബോധം വർദ്ധിപ്പിക്കും.

(ഡി) പദ്ധതിയുടെ ഭാഗമായി സ്കൂളുകളും സ്ഥലത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളും തമ്മിൽ നിരന്തര പ്രവർത്തനബന്ധമുണ്ടാക്കാനും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രാഥമിക ചികിത്സയിൽ പരിശീലനം നൽകാനും തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

നവീന സ്കൂൾ ആരോഗ്യ പദ്ധതിയുടെ പ്രവർത്തനത്തിൽ അതത് പ്രദേശത്തുള്ള കുടുംബാരോഗ്യകേന്ദ്രങ്ങൾ, ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകൾ എന്നിവയും സ്കൂളുകളും തമ്മിൽ അടുത്തബന്ധം പരസ്പരം ഉണ്ടാകുന്നതായിരിക്കും. ഇതിന്റെ ഭാഗമായി ഈ കേന്ദ്രങ്ങളിൽ സ്ഥാപനങ്ങളുടെ പരിധിയിലുള്ള സ്കൂളുകളുടെ പൂർണ്ണവിവരം, (ഹെൽത്ത്& വെൽനസ് അംബാസഡർ ഹെൽത്ത് & വെൽനസ് മെന്റർ, കുട്ടി ഡോക്ടർ, ഹെൽത്ത് ക്ലബ് അംഗങ്ങൾ തുടങ്ങിയവരുടെ പേരുവിവരങ്ങൾ, ഫോൺ നമ്പർ എന്നിവ അടങ്ങിയ ഡാറ്റാ ബെയ്സ്) തയ്യാറാക്കും. വിദ്യലയങ്ങളിൽ ആരോഗ്യസ്ഥാപനങ്ങളുടെയും പ്രവർത്തകരുടെയും വിവരങ്ങൾ

സൂക്ഷിക്കുന്നതായിരിക്കും. സ്ഥാപനങ്ങളുടെ സന്ദർശനങ്ങൾ (നിരീക്ഷണ സന്ദർശനങ്ങൾ), ക്യാമ്പുകൾ കൂട്ടായ പ്രവർത്തനങ്ങൾ മുതലായവ പരിഗണിക്കുന്നതായിരിക്കും.

**വടക്കാഞ്ചേരി ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട ചർച്ച**

25(*475)ശ്രീമതി. കെ. കെ. രമ:

ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. റോജി എം. ജോൺ:

ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിൽ ലൈഫ് പദ്ധതിയുടെ ഭാഗമായി റെഡ്ക്രെസന്റ് എന്ന വിദേശസ്ഥാപനത്തിൽനിന്നും സഹായം സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് യു.എ.ഇ. കോൺസുലേറ്റ് ജനറലും യു.എ.ഇ. കോൺസുലേറ്റ് ജീവനക്കാരുമായി മുഖ്യമന്ത്രി ഔദ്യോഗിക വസതിയിൽ വച്ച് ചർച്ച നടത്തിയിട്ടുണ്ടോ?

ഇല്ല

(ബി) എങ്കിൽ പ്രസ്തുത ചർച്ചയിലെ പ്രധാനപ്പെട്ട തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ?

ബാധകമല്ല

(സി) വിദേശരാജ്യങ്ങളിലെ എംബസി ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുമ്പോൾ പാലിക്കേണ്ട എന്തൊക്കെ വ്യവസ്ഥകളാണ് പ്രോട്ടോക്കോൾ ഹാൻഡ്ബുക്കിൽ നിഷ്കർഷിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

ഇന്ത്യയിലുള്ള വിദേശരാജ്യങ്ങളിലെ നയതന്ത്ര പ്രതിനിധികൾ സംസ്ഥാന സർക്കാരുകളുമായി ഏതൊക്കെ കാര്യങ്ങളിൽ ആശയവിനിമയം നടത്താമെന്ന കാര്യം പ്രോട്ടോക്കോൾ ഹാൻഡ് ബുക്കിലെ ചാപ്റ്റർ 18-ൽ പ്രതിപാദിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ മേൽപ്പറഞ്ഞ ചർച്ചയ്ക്ക് പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

## ജല ബജറ്റ് തയ്യാറാക്കുന്നതിന് നടപടി

26(*476) ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. കെ. എം. സച്ചിൻദേവ്:

ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ പ്രദേശത്തെയും ജലലഭ്യതയും വിനിയോഗവും അടിസ്ഥാനമാക്കി ജല ബജറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലാണോ ഇത് തയ്യാറാക്കുന്നത്; ഇന്ത്യയിൽ ആദ്യമായി ഇത്തരത്തിൽ ജല ബജറ്റ് തയ്യാറാക്കുന്നത് കേരളത്തിലാണോ; വിശദാംശം ലഭ്യമാക്കാമോ?

മാതൃകാ ബ്ലോക്കുകളിൽ ജലബജറ്റ് തയ്യാറാക്കുകയെന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലയിലെയും കുറഞ്ഞത് ഒരു ബ്ലോക്കിൽ വീതം ജലബജറ്റ് തയ്യാറാക്കണമെന്ന് ഹരിതകേരളം മിഷൻ കർമ്മസമിതിയിൽ തീരുമാനമെടുക്കുകയും കേരളത്തിലെ 15-ബ്ലോക്കുപഞ്ചായത്തുകളിലും അവയുടെ പരിധിയിൽവരുന്ന 94 ഗ്രാമ

പഞ്ചായത്തുകളിലും ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ രൂപീകൃതമായിട്ടുള്ള സാങ്കേതികസമിതികളുടെ സാങ്കേതിക പിന്തുണയോടെയാണ് ഈ പ്രവർത്തനം നടത്തുന്നത്. വിവിധ വകുപ്പുകളിലേയും ഏജൻസികളിലേയും പ്രതിനിധികളുൾക്കൊള്ളുന്ന ഈ സാങ്കേതികസമിതികളുടെ കൺവീനർമാർ ജലസേചന വകുപ്പ് എഞ്ചിനിയർമാരാണ്. ഇത്തരത്തിൽ തെരെഞ്ഞെടുത്ത ബ്ലോക്കുകളിലെ സാങ്കേതികസമിതി അംഗങ്ങൾക്ക് ജലബജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച പരിശീലനം ഹരിതകേരളം മിഷന്റെയും സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (CWRDM) ന്റെയും നേതൃത്വത്തിൽ നൽകിയിട്ടുണ്ട്. ജലബജറ്റ് നടത്തുന്ന മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും അദ്ധ്യക്ഷരുടെ ഒരു ശില്പശാല സംഘടിപ്പിച്ച് പ്രവർത്തന പരിപാടി ചർച്ച ചെയ്ത് അന്തിമമാക്കിയിട്ടുണ്ട്. ബ്ലോക്കുതല സാങ്കേതികസമിതി യോഗങ്ങളും- ബ്ലോക്ക് കൺവെൻഷനുകളും ഭൂരിഭാഗം സ്ഥലങ്ങളിലും പൂർത്തിയായിക്കഴിഞ്ഞു. മാർച്ച് 22 ലോക ജലദിനത്തിൽ ജലബജറ്റ് റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താൻ കഴിയുന്ന രീതിയിലുള്ള ഒരു പ്രവർത്തന പരിപാടിക്കാണ് രൂപം നൽകിയിട്ടുള്ളത്.

ഇത്തരത്തിൽ ഒരു തദ്ദേശഭരണസ്ഥാപന പ്രദേശത്ത് സമഗ്രമായ ഒരു ജലബജറ്റ് ജനകീയമായി തയ്യാറാക്കുന്നത് ഇന്ത്യയിൽ ആദ്യമായാണ്.

(ബി) പ്രദേശത്തെ ജലലഭ്യത, ഉപയോഗം, ഭൂഗർഭ ജലവിതാനം, ജലത്തിന്റെ ദുരുപയോഗം എന്നിവ സംബന്ധിച്ച പഠനം നടത്തി ജലബജറ്റിന്റെ ഭാഗമായി പദ്ധതികൾ തയ്യാറാക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന ജലബജറ്റ് പ്രവർത്തനത്തിന്റെ ഭാഗമായി ഒരു പ്രദേശത്തെ ജലലഭ്യതയേയും ജലഉപയോഗത്തേയും താരതമ്യം ചെയ്ത് ഓരോ ചെറുകാലയളവിലും ജലമിച്ചമാണോ ജലകമ്മിയാണോ ഉണ്ടാകുന്നതെന്നാണ് പരിശോധിക്കുന്നത്. ജലകമ്മിയുണ്ടാകുന്ന സമയങ്ങളിൽ അത് പരിഹരിക്കുന്നതിനുള്ള തുടർപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാനും ലക്ഷ്യമിടുന്നു. ജലമലിനീകരണം, ജലദുരുപയോഗം, ജലലഭ്യതക്കുറവ് എന്നിവ പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കി ജലസുരക്ഷാ പ്ലാൻ തയ്യാറാക്കുന്നതിനും നടപ്പാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

## പി.എസ്.സി. വഴിയുള്ള നിയമനം

27(*477) ശ്രീ. എം. എസ്. അരുൺ കുമാർ:

ഡോ. കെ. ടി. ജലീൽ:

ശ്രീ. വി. കെ. പ്രശാന്ത്:

ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയുള്ള കാലയളവിൽ പി.എസ്.സി. വഴി നൽകിയ നിയമനം ഇക്കാലയളവിൽ കേന്ദ്ര റിക്രൂട്ടിംഗ് ഏജൻസിയായ യു.പി.എസ്.സി. രാജ്യത്താകെ നൽകിയ നിയമനത്തേക്കാൾ കൂടുതലാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സർക്കാർ സർവ്വീസിൽ ഏറ്റവും കൂടുതൽ നിയമനങ്ങൾ സുതാര്യമായ നടപടിക്രമങ്ങളിലൂടെ നടത്തുന്നതിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ രാജ്യത്തിന് മാതൃകയാണ്. 2016 മെയ് മുതൽ 2023 ജനുവരി വരെ 203000 പേർക്ക് നിയമന ശിപാർശ നൽകാൻ കഴിഞ്ഞു. ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് പട്ടിക തയ്യാറാക്കുന്നതുവരെയുള്ള നടപടികൾ കമ്പ്യൂട്ടർവൽക്കരിക്കുകയും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ നിയമനങ്ങളിലുണ്ടായിരുന്ന കാലതാമസം ഗണ്യമായ

തോതിൽ കുറയ്ക്കാൻ കഴിഞ്ഞു. 2016 മെയ് മുതൽ ഇതുവരെ മുപ്പതിനായിരത്തോളം തസ്തികകൾ പുതുതായി സൃഷ്ടിച്ചു. നിയമനങ്ങൾ പി.എസ്.സി. മുഖേനയല്ലാതിരുന്ന വിവിധ ബോർഡുകൾ/കോർപ്പറേഷനുകൾ എന്നിവയിലെ നിയമനങ്ങൾ പി.എസ്.സിക്ക് വിടാൻ തീരുമാനിക്കുകയും സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. ഓരോ വകുപ്പിലും സ്ഥാപനങ്ങളിലുമുണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിന് നിയമനാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള നടപടികളിലൂടെ പി.എസ്.സി മുഖേനയുള്ള നിയമനങ്ങൾ സമയബന്ധിതമായി നടക്കുന്നുണ്ട്. ജനസംഖ്യാനുപാതികമായി കണക്കാക്കിയാൽ പി.എസ്.സി നിയമന കാര്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിലാണ്.

(ബി) 2011-16 കാലയളവിലെ സർക്കാരിന്റെ കാലത്ത് പി.എസ്.സി. വഴി ആകെ നൽകിയ നിയമനം എത്രയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത കാലയളവിൽ പി.എസ്.സി. മുഖേന 154386 (ഒരു ലക്ഷത്തി അൻപത്തി നാലായിരത്തി മുന്നൂറ്റി എൺപത്തിയാറ്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുഖേന നിയമന ശിപാർശ ചെയ്തിട്ടുണ്ട്.

## സംസ്ഥാന വനിതാ നയം

28(*478) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എം. എം. മണി:
ശ്രീമതി യു. പ്രതിഭ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതാ നയം രൂപം കൊണ്ടത് എപ്പോഴാണെന്നും അത് പുതുക്കിയത് ഏതുവർഷത്തിലാണെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് 1996-ൽ രൂപംകൊണ്ട വനിതാനയം ആദ്യം 2009-ലും പിന്നീട് Gender Equality and Women Empowerment Policy എന്ന രൂപത്തിൽ 2015-ൽ വീണ്ടും പരിഷ്കരിക്കുകയുണ്ടായി.

(ബി) തീരദേശ മേഖലയിലെയും പട്ടിക ഗോത്രവർഗ്ഗ മേഖലയിലെയും സ്ത്രീകളുടെ വിദ്യാഭ്യാസത്തിനും നൈപുണ്യ വികസനത്തിനും സ്വയംപര്യാപ്തതയ്ക്കുമുതകുംവിധം സംസ്ഥാനത്തിന്റെ വനിതാ നയം പുതുക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

വനിതാ ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന സർക്കാർ 'വനിതാനയം' പുതുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ആയതിലേയ്ക്കായി ജെൻഡർ കൗൺസിലിനോട് ആവശ്യമായ നിർദ്ദേശങ്ങൾ പരിശോധിച്ച് സമർപ്പിക്കാൻ അവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ നടന്നുവരുന്നു.

**ജലമാർഗ്ഗമുള്ള ചരക്ക് നീക്കം ശക്തിപ്പെടുത്തുന്നതിന് നടപടി**

29(*479) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

റോഡ് മാർഗ്ഗമുള്ള ചരക്കുഗതാഗത സൗകര്യങ്ങൾ വർദ്ധിച്ചിട്ടില്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം കണക്കിലെടുത്ത് ജലമാർഗ്ഗമുള്ള ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

റോഡ് മാർഗ്ഗമുള്ള ചരക്ക് ഗതാഗത സൗകര്യങ്ങൾ വർദ്ധിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റോഡ് മാർഗ്ഗം ചരക്ക് ഗതാഗതത്തിന് ഉൾപ്പെടെ നിലവിലുള്ള ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ പൊതുമരാമത്ത് വകുപ്പ് നടപ്പാക്കിവരുന്നു. സംസ്ഥാനപാതകൾ ഘട്ടംഘട്ടമായി

നാലുവരിപ്പാതയാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ റോഡ് മാർഗ്ഗേനയുള്ള ചരക്കുഗതാഗതത്തേക്കാൾ കൂടുതൽ സുഗമമായും കാര്യക്ഷമമായും കുറഞ്ഞ ചെലവിൽ ജലമാർഗ്ഗേന ചരക്ക് ഗതാഗതം നടപ്പാക്കാൻ സാധിക്കുമെന്നതും റോഡിലെ ട്രാഫിക് ബ്ലോക്ക്, വാഹനബാഹുല്യം എന്നിവ കുറയ്ക്കുന്നതിനും അതുമൂലമുള്ള സമയനഷ്ടം, ഇന്ധനനഷ്ടം എന്നിവ പരിഹരിച്ച് ഇന്ധനചെലവ്, അന്തരീക്ഷ മലിനീകരണം എന്നിവ കുറയ്ക്കുന്നതിന് കഴിയുമെന്നതും റോഡ് മാർഗ്ഗേനയുള്ള ചരക്കുഗതാഗതത്തേക്കാൾ അപകടസാധ്യത കുറവാണെന്നതും പരിഗണിച്ച് ജലപാതയിലൂടെയുള്ള ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിനായി കേരളത്തിന്റെ തീരദേശത്തിന് സമാന്തരമായി കായലുകളേയും പുഴകളേയും ബന്ധിപ്പിച്ച് കോവളം മുതൽ ബേക്കൽ വരെ 616 കി.മീ. നീളത്തിൽ വെസ്റ്റ് കോസ്റ്റ് കനാൽ എന്ന പേരിൽ ജലപാത പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിൽ കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ നീലേശ്വരം വരെയും 288 കി.മീ. ദൈർഘ്യത്തിൽ സംസ്ഥാന ജലപാതയാണ്. കൊല്ലം മുതൽ കോഴിക്കോട് വരെ (328 കി.മീ.) ദേശീയ ജലപാത (NW3) ആയി പ്രഖ്യാപിച്ചിട്ടുള്ളതും കേന്ദ്രസർക്കാർ സ്ഥാപനമായ ദേശീയ ജലപാത അതോറിറ്റി (IWAI)-യുടെ അധീനതയിലുമാണ്.

ജലപാതാ വികസനവുമായി ബന്ധപ്പെട്ട് നിലവിലുള്ള പാതകൾ ദേശീയനിലവാരത്തിലാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നതിനോടൊപ്പംതന്നെ ലിങ്ക് കനാലുകളും ഫീഡർ കനാലുകളും ഗതാഗതയോഗ്യമാക്കുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. വിവിധ ജില്ലകളിലായി ലിങ്ക് കനാലുകളും ഫീഡർ കനാലുകളുമായി 1100 കി.മീ. വരുന്ന കനാൽ ശൃംഖല വെസ്റ്റ് കോസ്റ്റ് കനാലിനെ വിവിധ നഗരങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കുന്നു. ചരക്കുഗതാഗതത്തിനും ടൂറിസത്തിനും പ്രയോജനം ലഭിക്കുന്ന ഇത്തരം ഫീഡർ കനാലുകളും ലിങ്ക് കനാലുകളും കണ്ടെത്തുന്നതിനും മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് വികസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ പശ്ചിമതീര കനാൽ (വെസ്റ്റ് കോസ്റ്റ് കനാൽ) വികസനത്തിന്റെ ഭാഗമായി സ്ഥലമേറ്റെടുക്കൽ, കനാലിന്റെ വീതി/ആഴം കൂട്ടൽ പ്രവൃത്തികൾ, പാർശ്വ സംരക്ഷണ പ്രവൃത്തികൾ, ബോട്ട് ജെട്ടികൾ, നാവിഗേഷൻ ലോക്കുകൾ, അപ്രോച്ച് റോഡുകൾ എന്നിവയുടെ നിർമ്മാണം, ജലപാതയ്ക്കാവശ്യമായ ക്ലീയറൻസ് ലഭ്യമാകുന്ന വിധത്തിൽ പാലങ്ങളുടെ നിർമ്മാണം, പുനർനിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ദ്രുതഗതിയിൽ

നടന്നുവരുന്നു. പശ്ചിമതീരകനാലിന്റെ വികസനത്തോടൊപ്പം ഫീഡർ കനാലുകളുടെ വികസനവും ലക്ഷ്യമിടുന്നുണ്ട്. കൂടാതെ കിഫ്ബിയുടെ ധനസഹായത്തോടുകൂടി വെസ്റ്റ് കോസ്റ്റ് കനാൽ ജലപാത വികസനവുമായി ബന്ധപ്പെട്ട് ഒട്ടനവധി പ്രവർത്തനങ്ങൾ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) മുഖേന നടത്തിവരുന്നുണ്ട്. മാഹി - വളപട്ടണം ഭാഗത്ത് 3 ഇടങ്ങളിലായി 26 കി.മീ. പുതിയ കനാൽ നിർമ്മാണവും കാസർഗോഡ് ജില്ലയിൽ നീലേശ്വരം കോട്ടപ്പുറം മുതൽ ചിത്താരിവരെ നീലേശ്വരം പുഴയെയും ചിത്താരിപ്പുഴയെയും ബന്ധിപ്പിച്ചുകൊണ്ട് 6.5 കി.മീ. നീളത്തിൽ പുതിയ കനാൽ നിർമ്മിക്കുന്നതും അതിലുൾപ്പെടുന്നു.

സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന് ജലമാർഗ്ഗമുള്ള ചരക്കുനീക്കം നടത്തുന്നതിനുതകുന്ന 8-ബാർജ്ജുകൾ നിലവിലുണ്ട്. മുഖ്യമായും കൊച്ചി തുറമുഖത്തുനിന്നും ചമ്പക്കര കനാലിലൂടെയും ഉദ്യോഗമണ്ഡൽ കനാലിലൂടെയും എഫ്.എ.സി.റ്റി.-ക്കു വേണ്ടിയും, കൊച്ചി തുറമുഖ പരിധിയിൽ കപ്പലുകൾക്ക് ഇന്ധനം നൽകുന്നതിനും വേണ്ടിയാണ് ഇവ ഉപയോഗിക്കുന്നത്. കൊച്ചി-കൊല്ലം

ജലപാതയിലൂടെ ചവറ കെ.എം.എം.എൽ.-ന വേണ്ടി ചരക്കുനീക്കത്തിന് കെ.എസ്.ഐ.എൻ.സി.-യുമായി ധാരണയുണ്ടെങ്കിലും തൃക്കുന്നപ്പുഴ ഭാഗത്ത് നിലവിലുള്ള ലോക്കിൽക്കൂടി വീതി കൂടിയ ബാർജ് കടന്നുപോകുന്നതിന് തടസ്സം നേരിടുന്നതിനാൽ ലോക്കിന്റെ വീതി വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കിവരുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് പ്രസ്തുത പാത മുഖാന്തരം ചരക്കുഗതാഗതം സുഗമമായി നടത്താൻ സാധിക്കുന്നതാണ്.

വെസ്റ്റ് കോസ്റ്റ് കനാൽ പൂർണ്ണതോതിൽ വികസിപ്പിക്കുന്നതോടുകൂടി ഏറ്റവും ചെലവുകുറഞ്ഞ ഗതാഗത മാർഗ്ഗമായ ജലപാതയിലൂടെയുള്ള ചരക്ക് ഗതാഗതം പൂർണ്ണമായും സാധ്യമാകുന്നതാണ്.

## വടക്കാഞ്ചേരിയിൽ ലൈഫ് പദ്ധതി

30(*480) ശ്രീ. ടി. സിദ്ദിഖ്:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ ചെയർമാനായ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ ചർച്ചയുടെ അടിസ്ഥാനത്തിലാണോ ലൈഫ് മിഷൻ

പദ്ധതിയുടെ ഭാഗമായി റെഡ്ക്രെസെന്റ് എന്ന വിദേശ സ്ഥാപനത്തിൽനിന്നും സഹായം സ്വീകരിക്കാൻ എം.ഒ.യു. ഒപ്പുവയ്ക്കാനുള്ള തീരുമാനം കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത യോഗത്തിലെ പ്രധാനതീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ?

(എ&ബി) ലൈഫ് മിഷൻ റെഡ്ക്രെസന്റിൽനിന്നും ധനസഹായം സ്വീകരിച്ചിട്ടില്ല.

**ii നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**വിദേശഭാഷ പഠന കേന്ദ്രങ്ങൾ**

1(5597)ശ്രീ. കെ. കെ. രാമചന്ദ്രൻ:

ശ്രീ. എം. രാജഗോപാലൻ:

ശ്രീ. ജി. സ്റ്റീഫൻ:

ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി

സദയം മറുപടി നൽകുമോ:

(എ) മലയാളി ഉദ്യോഗാർത്ഥികൾക്കായി രാജ്യാന്തരതലത്തിൽ തൊഴിൽ നേടാൻ സഹായകരമാകുന്ന അന്താരാഷ്ട്ര നിലവാരമുള്ള വിദേശഭാഷാ പഠന കേന്ദ്രങ്ങളാരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഏതൊക്കെ ഭാഷകളിലാണ് പഠനം നടത്താനുദ്ദേശിക്കുന്നത്; കോഴ്സിലേയ്ക്കുള്ള പ്രവേശനം, ഫീസ് എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

പരിഗണനയിലുണ്ട്. ഇതുമായി ബന്ധപ്പെട്ട് നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ് എന്ന സ്ഥാപനം 2023 മാർച്ച് 14-ന് തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തനമാരംഭിച്ചു. പ്രാരംഭഘട്ടത്തിൽ German, English (IELTS, OET) എന്നീ ഭാഷകളിലാണ് പരിശീലനം നൽകാനുദ്ദേശിക്കുന്നത്. ആരോഗ്യമേഖലയിലുള്ളവർക്ക് ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. ടി ഇൻസ്റ്റിറ്റ്യൂട്ടിൽ ബി.പി.എൽ. വിഭാഗത്തിനും എസ്.സി, എസ്.ടി. വിഭാഗത്തിനും പഠനം പൂർണ്ണമായും സൗജന്യമായിരിക്കും. മറ്റ് പൊതുവിഭാഗത്തിലുള്ളവർക്ക് 75 ശതമാനം ഫീസിളവിൽ പരിശീലനം സാധ്യമാകും. എ.പി.എൽ. വിഭാഗങ്ങൾക്ക് OET ഭാഷാ പഠനത്തിന് 3750/- രൂപയും, ജർമ്മൻ എ1 ഭാഷാപഠനത്തിന്

3375/- രൂപയും ജർമ്മൻ എ 2 ഭാഷാ പഠനത്തിന് 4500/- രൂപയുമാണ് ഫീസ്.

കൂടാതെ തൊഴിൽ വകുപ്പിനുകീഴിലുള്ള സർക്കാർ സ്ഥാപനമായ 'ഒഡെപെകിനുകീഴിൽ രാജ്യാന്തരതലത്തിൽ തൊഴിൽ നേടാൻ സഹായകരമാകുന്ന അന്താരാഷ്ട്ര നിലവാരമുള്ള വിദേശ ഭാഷാ പഠന കേന്ദ്രങ്ങൾ തിരുവനന്തപുരം, കോഴിക്കോട് എറണാകുളം, അങ്കമാലി, ഡൽഹി എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടെ ആരംഭിച്ചിട്ടുണ്ട്. ടി പരിശീലന കേന്ദ്രങ്ങളിൽകൂടി യൂറോപ്യൻ രാജ്യങ്ങളിലെ തൊഴിലിടത്തേയ്ക്ക് ആവശ്യമായ IELTS/OET, ജർമ്മനിയിലേയ്ക്കുവേണ്ടി ജർമ്മൻഭാഷ, ബെൽജിയത്തിലേയ്ക്കുവേണ്ടി ഡച്ച് ഭാഷ തുടങ്ങിയവയിൽ ക്ലാസ്സുകൾ നൽകിവരുന്നു. ഇതോടൊപ്പം ഉദ്യോഗാർത്ഥികളുടെ സൗകര്യാർത്ഥം ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ഓഫ്‌ലൈൻ/ ഓൺലൈൻ ക്ലാസുകൾകൂടി നൽകിവരുന്നു. പ്രസ്തുത കോഴ്സുകൾക്ക് Rs.5000+ ജി.എസ്.ടി മുതൽ Rs.7000+ ജി.എസ്.ടി വരെയാണ് ഫീസ്.

(ബി) തൊഴിൽദാതാക്കൾക്ക് മികച്ച ഉദ്യോഗാർത്ഥികളെ കണ്ടെത്താനും റിക്രൂട്ട് ചെയ്യാനും കഴിയുന്ന കേന്ദ്രമായി പ്രസ്തുത

പഠനകേന്ദ്രത്തെ പരിവർത്തനം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

തൊഴിൽദാതാക്കൾക്ക് മികച്ച ഉദ്യോഗാർത്ഥികളെ കണ്ടെത്താനും റിക്രൂട്ട് ചെയ്യാനും കഴിയുന്ന ഒരു മൈഗ്രേഷൻ ഫെസിലിറ്റേഷൻ കേന്ദ്രമായി പ്രസ്തുത പഠന കേന്ദ്രത്തെ പരിവർത്തനം ചെയ്യാൻ നടപടി സ്വീകരിക്കാവുന്നതാണ്.

**രണ്ടാം നൂറുദിന കർമ്മപരിപാടി**

2(5599) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം നൂറുദിന കർമ്മ പരിപാടിയിൽ സർക്കാർ ലക്ഷ്യം വച്ച പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

സംസ്ഥാനത്തിന്റെ സുസ്ഥിര വികസനവും ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും നിറവേറ്റുന്നതിനുംവേണ്ടിയുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലംമുതൽ ആവിഷ്കരിച്ചതാണ് നൂറുദിന കർമ്മ പരിപാടി. ഈ സർക്കാർ അധികാരത്തിലെത്തിയശേഷം രണ്ടുഘട്ടങ്ങളിലായി 100 ദിന

കർമ്മപരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. വികസന പ്രവർത്തനങ്ങളുടെ ഭാഗമായി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് പരമാവധി പേർക്ക് തൊഴിൽ നൽകുന്നതിന് ഈ കർമ്മപരിപാടിയിൽ പ്രത്യേക ഊന്നൽ നൽകി വരുന്നുണ്ട്.

2022 ഫെബ്രുവരി 10 മുതൽ മെയ് 20 വരെയുള്ള 100 ദിവസങ്ങൾ കൊണ്ട് ജനോപകാരപ്രദമായ പദ്ധതികൾ പൂർത്തീകരിക്കുകയെന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ച രണ്ടാം നൂറുദിന കർമ്മ പരിപാടിയിൽ 40 വകുപ്പുകളിലായി 1564 പദ്ധതികൾ തെരഞ്ഞെടുത്തിട്ടുണ്ട്. വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കാൻ തെരഞ്ഞെടുത്ത പദ്ധതികളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതികളിൽ ഇനിയും നടപ്പാക്കാത്ത എത്ര പദ്ധതികളുണ്ടെന്ന് വിശദമാക്കാമോ?

രണ്ടാം നൂറുദിന കർമ്മ പരിപാടിയിൽ തെരഞ്ഞെടുത്ത പദ്ധതികളിൽ 1421 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 143 പദ്ധതികളുടെ നിർവ്വഹണം പുരോഗമിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പദ്ധതി മുഖേന എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; എത്രയെണ്ണം സൃഷ്ടിക്കാൻ സാധിച്ചു; വിശദമാക്കാമോ?

പ്രസ്തുത കർമ്മ പരിപാടി മുഖേന 4,64,714 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 3,13,476 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) കർമ്മപദ്ധതിയിലുൾപ്പെട്ടിരുന്ന എ.ഐ. ക്യാമറകളുടെ പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

എ.ഐ. ക്യാമറകളുടെയും കൺട്രോൾ റൂമുകളുടെയും നിർമ്മാണവും സ്ഥാപനവും പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് സമഗ്രമായ ഭരണാനുമതി ലഭിക്കാത്ത സാഹചര്യത്തിലാണ് പ്രവർത്തനമാരംഭിക്കാത്തത്. ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**ആലത്തൂർ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ**

3(5600) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും ആയതിന് അനുവദിച്ച തുകയും പദ്ധതിയുടെ പുരോഗതിയും വ്യക്തമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ നടപ്പാക്കുന്ന പദ്ധതികളുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ വരുംവർഷങ്ങളിൽ ഏതെങ്കിലും പദ്ധതികൾ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ആലത്തൂർ മണ്ഡലത്തിൽ വരുംവർഷങ്ങളിൽ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നതിനായി നിലവിൽ പദ്ധതികളൊന്നും പരിഗണനയിലില്ല.

## ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത

4(5601) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നിർദ്ദിഷ്ട ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നിർമ്മാണത്തിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ?

അനുമതി ലഭിക്കേണ്ടതുണ്ട്.

(ബി) പരിവേഷ് പോർട്ടലിൽ നൽകിയ അപേക്ഷയിൽ കേന്ദ്ര വനം വകുപ്പ് എന്ത് വിശദീകരണം നൽകാനാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ബെംഗളൂരു റീജിയണൽ ഓഫീസിൽ ലഭിച്ച പരാതിയിലെ ആക്ഷേപങ്ങളുടെ നിജ:സ്ഥിതി അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിലുള്ള മറുപടി 28-02-2023-ന് നൽകിയിട്ടുണ്ട്.

(സി) സ്വാഭാവിക വനം നഷ്ടപ്പെടാത്ത സാഹചര്യത്തിൽ നടപടികൾ ലഘൂകരിക്കാൻ കഴിയുമോയെന്ന് അറിയിക്കുമോ?

ഫോറസ്റ്റ് ക്ലിയറൻസ് നൽകാനുള്ള അധികാരവും അനുമതികൾ നൽകുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനുള്ള വിവേചനാധികാരവും

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനുകീഴിലുള്ള റീജിയണൽ ഓഫീസ്, ബെംഗളൂരുവിൽ നിക്ഷിപ്തമാണ്.

(ഡി) പ്രസ്തുത പദ്ധതിയുടെ സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഏറ്റെടുക്കേണ്ട ആകെ ഭൂമിയുടെ വിസ്തീർണം 19.483 ഹെക്ടറാണ്. Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 പ്രകാരമുള്ള 11(1) വിജ്ഞാപനം പദ്ധതിയുടെ കോഴിക്കോട് ജില്ലയിൽപ്പെടുന്ന ആനക്കാംപൊയിൽ പ്രദേശത്തും പദ്ധതിയുടെ വയനാട് ജില്ലയിൽപ്പെടുന്ന മേപ്പാടി പ്രദേശത്തും പുറപ്പെടുവിച്ചിട്ടുണ്ട്. റവന്യൂ-വനം വകുപ്പുകളുടെ വിശദമായ മൂല്യനിർണ്ണയം നടന്നുവരുന്നു.

## സെക്രട്ടേറിയറ്റിലെ ലിഫ്റ്റ് സൂപ്പർവൈസർ, ലിഫ്റ്റ് ഓപ്പറേറ്റർ എന്നിവർക്കുള്ള പഞ്ചിംഗ് സംവിധാനം

5(5602) <u>ശ്രീ. ടി. സിദ്ദിഖ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷിഫ്റ്റ് സമ്പ്രദായത്തിൽ ജോലി നോക്കുന്ന സെക്രട്ടേറിയറ്റിലെ ലിഫ്റ്റ് സൂപ്പർവൈസർമാരുടെ ശമ്പളം ബയോമെട്രിക് പഞ്ചിംഗ്

അടിസ്ഥാനപ്പെടുത്തിയാണോ നൽകുന്നതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ പ്രസ്തുത ജീവനക്കാർ സമയക്രമം കൃത്യമായി പാലിക്കുന്നുവെന്നും മുഴുവൻ സമയവും ഡ്യൂട്ടിയിലുണ്ടെന്നും ഉറപ്പുവരുത്താൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സെക്രട്ടേറിയറ്റിലെ ലിഫ്റ്റിൽ ജോലി നോക്കുന്നവരായ ലിഫ്റ്റ് സൂപ്പർവൈസർമാരും ലിഫ്റ്റ് ഓപ്പറേറ്റർമാരും പഞ്ചിംഗ് രേഖയുടെ അടിസ്ഥാനത്തിൽ മുഴുവൻ സമയവും ജോലി നോക്കുന്നുവെന്ന് ഉറപ്പുവരുത്താനും ഒപ്പിട്ടശേഷം ജോലിയിൽനിന്ന് വിട്ടുനിൽക്കുന്നത് തടയുന്നതിനും എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) ഷിഫ്റ്റ് സമ്പ്രദായത്തിൽ ജോലി നോക്കുന്ന സെക്രട്ടേറിയറ്റിലെ ലിഫ്റ്റ് സൂപ്പർവൈസർമാർ/ഓപ്പറേറ്റർമാർ എന്നിവരെ ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിലുൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവരുടെ ജോലിയുടെ സ്വഭാവം കണക്കിലെടുത്ത് ബയോമെട്രിക് പഞ്ചിംഗ് സ്പാർക്കിലെ ശമ്പള വിതരണവുമായി ബന്ധപ്പെടുത്തിയിട്ടില്ല. ലിഫ്റ്റ് ഓപ്പറേറ്റർമാരെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ലിഫ്റ്റ് സൂപ്പർവൈസർമാരെയും ലിഫ്റ്റ് സൂപ്പർവൈസർമാരുടെ സമയകൃത്യത പരിശോധിക്കുന്നതിനും ഇവർ മുഴുവൻ സമയവും ഡ്യൂട്ടിയിലുണ്ടെന്ന്

ഉറപ്പുവരുത്തുന്നതിനുമായി ലിഫ്റ്റ് സാർജന്റ് എന്ന തസ്തികയിൽ സെക്യൂരിറ്റി വിഭാഗത്തിൽനിന്ന് ഒരു ഓഫീസറെയും നിയമിച്ചിട്ടുണ്ട്. ടി ജീവനക്കാർ ഡ്യൂട്ടിയിൽ പ്രവേശിക്കുമ്പോഴും ഡ്യൂട്ടി അവസാനിക്കുമ്പോഴും ഒപ്പ് രേഖപ്പെടുത്തുന്നതിനായി സൂക്ഷിച്ചിട്ടുള്ള ഡ്യൂട്ടി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സാർജന്റ് മേലൊപ്പ് പതിപ്പിച്ച് ലിഫ്റ്റ് സൂപ്പർവൈസർ അതത് മാസം ലഭ്യമാക്കുന്ന അറ്റൻഡൻസ് സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സീറ്റുകളിൽനിന്നും ശമ്പളം വിതരണം ചെയ്തുവരുന്നു.

## സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കെതിരെയുള്ള പരാതികൾ

6(5603) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കെതിരെ കെടുകാര്യസ്ഥത, അഴിമതി, ജനങ്ങൾക്കുള്ള സേവനം സമയബന്ധിതമായി നൽകാതിരിക്കൽ തുടങ്ങിയവ സംബന്ധിച്ച് ലഭിച്ച പരാതികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; ഇത്തരം പരാതികൾ കൈകാര്യം

ചെയ്യുന്നതിന് ഓരോ വകുപ്പിലും എന്തൊക്കെ സംവിധാനങ്ങളാണുള്ളതെന്ന് വിശദമാക്കുമോ;

(ബി) അഴിമതിക്ക് കൂട്ടുനിൽക്കുകയും കൈക്കൂലി വാങ്ങുകയും ചെയ്യുന്ന ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യുന്നതിനും ഇത്തരം കേസുകളിലുൾപ്പെടുന്നവരെ സർവീസിൽനിന്ന് പുറത്താക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര സംസ്ഥാന സർക്കാർ/പൊതുമേഖല ജീവനക്കാരെ ഇത്തരത്തിൽ പിരിച്ചുവിട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

(എ-സി) അഴിമതിരഹിതവും സുതാര്യവും ജനസൗഹാർദ്ദപരവുമാക്കുന്നതിന് സിവിൽ സർവ്വീസ് ഉറപ്പാക്കുന്നതിന് ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഭരണരംഗം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഇ-ഓഫീസ് സംവിധാനം എല്ലാ വകുപ്പുകളിലും നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സർക്കാർ സേവനങ്ങൾ മുഴുവൻ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. നടപടിക്രമങ്ങൾ ലഘൂകരിച്ച് ജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഇതിനായി വിവിധ

വകുപ്പുകളിൽ സേവനാവകാശ നിയമം നടപ്പാക്കിയിട്ടുണ്ട്. ജോലിയിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ സർവ്വീസ് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അഴിമതിയും കൈക്കൂലിയും പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി വിജിലൻസ് വകുപ്പ് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണ/സത്വരാന്വേഷണ/ പ്രാഥമികാന്വേഷണം/വിജിലൻസ് അന്വേഷണം, മിന്നൽ പരിശോധന/ട്രാപ്പുകൾ എന്നിവ നടത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ മിക്ക സർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. ഗുരുതരമായ കുറ്റകൃത്യങ്ങളിലുൾപ്പെടുന്ന ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും നീക്കം ചെയ്യുന്നതുൾപ്പെടെ കർശനമായ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 2016 മുതൽ അഴിമതിയുമായി ബന്ധപ്പെട്ട് 2019 സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 7 പേരെ പിരിച്ചുവിട്ടിട്ടുണ്ട്.

**ക്രിമിനൽ കേസുകളിൽ പ്രതികളായ ജീവനക്കാർ**

7(5604) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാന സിവിൽ സർവീസ് ജീവനക്കാരിൽ (യൂണിഫോമുള്ള സർവീസിലുൾപ്പെടാത്ത) എത്രപേർക്കെതിരെ ക്രിമിനൽ കേസ്സുകൾ നിലവിലുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേരെ ക്രിമിനൽ കേസുകളിൽ ശിക്ഷിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാരിൽ എത്രപേർക്ക് ഗുണ്ട/മാഫിയ ബന്ധമുണ്ടെന്നുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ഡി) ഗുണ്ട/മാഫിയ ബന്ധമുള്ള ജീവനക്കാരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

(എ-ഡി) വിവരം ക്രോഡീകരിച്ച സൂക്ഷിച്ചിട്ടില്ല.

**ഇ-ഓഫീസ് പോർട്ടൽ**

8(5605) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫയൽ മൂവ്മെന്റ് നടക്കുന്ന ഇ-ഓഫീസ് പോർട്ടലിൽ എം.എൽ.എ. മാർക്ക് ഫയലുകളുടെ നീക്കങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇ-ഓഫീസ് സോഫ്റ്റ്‌വെയറിലെ നവീകരണത്തിന്റെ ഭാഗമായി ഫയൽ മൂവ്മെന്റ് അറിയാൻ സഹായിക്കുന്ന സിറ്റിസൺ പോർട്ടലും (https://eoffice.kerala.gov.in/) പരിഷ്കരിക്കേണ്ടതായിവന്നു. നവീകരണ സമയത്ത് സിറ്റിസൺ പോർട്ടലിന്റെ പ്രവർത്തനം താൽക്കാലികമായി തടസ്സപ്പെടുകയും, മുമ്പ് ലഭിച്ചുകൊണ്ടിരുന്ന സേവനങ്ങൾ ലഭിക്കാത്ത സാഹചര്യം സംജാതമാകുകയും ചെയ്തിരുന്നു. പോർട്ടലിന്റെ വേഗത വർദ്ധിപ്പിച്ച് കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ പ്രസ്തുത പോർട്ടൽ വികസിപ്പിച്ച നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററുമായി (NIC) ചേർന്ന് സ്വീകരിക്കുകയും പോർട്ടൽ നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

(ബി) നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റ്, കളക്ടറേറ്റുകൾ, വിവിധ ഡയറക്ടറേറ്റുകൾ, വിവിധ വകുപ്പുകൾ

എന്നിവിടങ്ങളിലെ ഫയൽ സംബന്ധമായ അന്വേഷണങ്ങൾ നടന്നുവരുന്നതിനാൽ ഫയൽ നീക്കങ്ങൾ സംബന്ധിച്ച വിവരങ്ങൾ എം.എൽ.എ. മാർക്ക് ലഭിക്കുന്നതിന് ഇ-ഓഫീസ് പോർട്ടലിൽ ആവശ്യമായ സൗകര്യം ലഭ്യമാക്കുമോ; വിശദമാക്കാമോ;

(സി) ഇതുസംബന്ധിച്ച എന്തെങ്കിലും നിർദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) സിറ്റിസൺ പോർട്ടലിലെ (https://eoffice.kerala. gov.in/) ഫയൽ/ തപാൽ തിരയൽ സംവിധാനംവഴി തപാൽ നമ്പരോ, ഫയൽ നമ്പരോ, വിഷയമോ, പ്രേക്ഷിതന്റെ വിവരങ്ങളോ നൽകിയാൽ ഏത് ഉദ്യാഗസ്ഥനാണ് നിലവിൽ ഫയൽ കൈകാര്യം ചെയ്യുന്നതെന്ന വിവരം എം.എൽ.എ മാർക്കും പൊതുജനങ്ങൾക്കും അറിയാൻ സാധിക്കും.

**പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി**

9(5606) ശ്രീ. എ. കെ. എം. അഷ്‌റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി ആരംഭിക്കുന്ന കാര്യം 2021-22 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

2021-22 ബജറ്റ് പ്രസംഗത്തിൽ പ്രാദേശിക മാധ്യമപ്രവർത്തകർക്ക് ക്ഷേമനിധിയാരംഭിക്കുന്ന കാര്യം പരാമർശിച്ചിട്ടുള്ളതായി കാണുന്നില്ല. എന്നാൽ 2021-22 ലെ ബജറ്റ് ചർച്ചയുടെ മറുപടി പ്രസംഗത്തിൽ പ്രാദേശിക മാധ്യമപ്രവർത്തകരെ സാംസ്കാരിക ക്ഷേമനിധിയിലുൾപ്പെടുത്തുന്ന കാര്യം പരാമർശിച്ചിരുന്നു.

(ബി) പ്രസ്തുത ക്ഷേമനിധി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ?

2008-ലെ അൺ-ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം (കേന്ദ്ര നിയമം) പ്രകാരം 02-02-2016-ലെ സ.ഉ. (പി) നമ്പർ 24/2016/തൊഴിൽ മുഖേന നിലവിൽ വന്ന കേരള അൺ-ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീമിൽ പ്രാദേശിക പത്രപ്രവർത്തകർക്ക് അംഗമാകാൻ സാധിക്കും.

വർക്കിംഗ് ജേർണലിസ്റ്റ് (കണ്ടീഷൻസ് ഓഫ് സർവ്വീസ് & മിസ്സലേനിയസ് പ്രൊവിഷൻസ്) ആക്ട് 1955-ന്റെ പരിധിയിൽ വരാത്തവരും ഫ്രീലാൻഡ്സ് പത്രറിപ്പോർട്ടർ, സ്ട്രിംഗർ തുടങ്ങി ഒരു പ്രത്യേക തൊഴിലുടമയില്ലാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഈ സ്കീമിൽ അംഗത്വമെടുക്കാവുന്നതാണ്. ഈ ക്ഷേമപദ്ധതി മുഖേന റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസാനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

കേരളത്തിലെ പത്ര-ദൃശ്യ-ഡിജിറ്റൽ മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ക്ഷേമനിധികളിൽ അംഗങ്ങളല്ലാത്ത തൊഴിലാളികളെ ടി പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് 19-08-2019-ലെ സ.ഉ.(സാധാ).നം 1005/2019/ തൊഴിൽ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ അംഗങ്ങളാവുന്നവർക്ക് "രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന" പദ്ധതിപ്രകാരം ചികിത്സാസഹായം ലഭിക്കാൻ അർഹതയില്ലാത്ത സാഹചര്യത്തിൽ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻ-പേഷ്യന്റായുള്ള

ചികിത്സയ്ക്ക് അംഗത്വകാലയളവിനുള്ളിൽ പരമാവധി 10,000/- രൂപ ചികിത്സ സഹായമായി നൽകുന്നതാണ്.

(സി) പ്രസ്തുത ക്ഷേമനിധി നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധിയാരംഭിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**സാമ്പത്തിക സംവരണത്തിലെ മാനദണ്ഡങ്ങൾ**

10(5607) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നോക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർക്ക് ഏതൊക്കെ മേഖലകളിൽ സംവരണം അനുവദിച്ചുകൊണ്ടാണ് സർക്കാർ ഉത്തരവായിട്ടുള്ളതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് വിദ്യാഭ്യാസത്തിനും സർക്കാർ നിയമനങ്ങളിലും സംവരണം ലഭിക്കാത്ത വിഭാഗങ്ങൾക്ക് ഭരണഘടനയുടെ 103-ാം ഭേദഗതി പ്രകാരം സാമ്പത്തിക സംവരണം അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ പ്രസ്തുത സംവരണം ലഭിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) കേന്ദ്രസർക്കാർ സ്ഥാപനങ്ങളിൽ പ്രസ്തുത സംവരണം ലഭിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്?

മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് അനുബന്ധമായി+ ചേർക്കുന്നു.

(ഡി) കേന്ദ്രസർക്കാർ സ്ഥാപനങ്ങളിലും സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലും ഹാജരാക്കുന്നതിനായി മുന്നാക്കവിഭാഗങ്ങളിലെ പിന്നാക്കക്കാർക്ക് നാളിതുവരെ നൽകിയിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ ആകെ എണ്ണം എത്രയാണ്; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഇപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റുകളുടെ വിവരശേഖരണം നടത്താറില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) സംസ്ഥാന സർക്കാർ മാനദണ്ഡങ്ങൾപ്രകാരം സംവരണത്തിന് അർഹത നേടുന്ന ആളുകളിൽ പലർക്കും കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾ പ്രകാരം സംവരണത്തിന് അർഹത നേടാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ?

അർഹരായവർക്കെല്ലാം സംവരണത്തിന്റെ ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്ന തരത്തിലാണ് സംസ്ഥാനത്ത് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ, സംസ്ഥാനത്ത് സംവരണം ലഭിക്കുന്നവരിൽ പലർക്കും കേന്ദ്രമാനദണ്ഡപ്രകാരം ഈ ആനുകൂല്യം ലഭിക്കാത്ത സാഹചര്യമുണ്ട്.

സംസ്ഥാനത്ത് ഭൂരഹിതർക്ക് സർക്കാർ സൗജന്യമായി അനുവദിക്കുന്ന ഭൂമിയുടെ വിസ്തൃതി കേന്ദ്രം സംവരണത്തിന് നിശ്ചയിച്ചിട്ടുള്ള ഭൂപരിധിയെക്കാൾ കൂടുതലാണ്. സർക്കാർ പദ്ധതികളുടെ ഭാഗമായി സൗജന്യമായി ലഭിക്കുന്ന ഭൂമിയുടെ വിസ്തൃതി കണക്കാക്കുന്നതിൽനിന്നും ഒഴിവാക്കുകയോ ഭൂവിസ്തൃതി പരിധി ഉയർത്തുകയോ ചെയ്യണമെന്നും വരുമാനപരിധി നാലുലക്ഷമായി കുറയ്ക്കണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(എഫ്) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; ഇതുപരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

അർഹരായവർക്കെല്ലാം സംവരണത്തിന്റെ ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്ന തരത്തിലാണ് സംസ്ഥാനത്ത് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സംസ്ഥാനത്ത് സംവരണം ലഭിക്കുന്നവരിൽ പലർക്കും കേന്ദ്ര മാനദണ്ഡപ്രകാരം ഈ ആനുകൂല്യം ലഭിക്കാത്ത സാഹചര്യമുണ്ട്.

സംസ്ഥാനത്ത് ഭൂരഹിതർക്ക് സർക്കാർ സൗജന്യമായി അനുവദിക്കുന്ന ഭൂമിയുടെ വിസ്തൃതി കേന്ദ്രം സംവരണത്തിന് നിശ്ചയിച്ചിട്ടുള്ള ഭൂപരിധിയെക്കാൾ കൂടുതലാണ്.

സർക്കാർ പദ്ധതികളുടെ ഭാഗമായി സൗജന്യമായി ലഭിക്കുന്ന ഭൂമിയെ ഭൂവിസ്തൃതി കണക്കാക്കുന്നതിൽനിന്നും ഒഴിവാക്കുകയോ ഭൂവിസ്തൃതി പരിധി ഉയർത്തുകയോ ചെയ്യണമെന്നും വരുമാനപരിധി നാലുലക്ഷം രൂപയായി കുറയ്ക്കണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## കേരള സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ

11(5608) <u>ശ്രീ. യു. എ. ലത്തീഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 ജനുവരി 1-നുശേഷം 01-01-2023 വരെ സെക്രട്ടേറിയറ്റിൽ സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിച്ച ഉദ്യോഗസ്ഥരുടെ പേരുവിവരം ലഭ്യമാക്കാമോ?

54 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്. പേരുവിവരം അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) കേരള സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷന്റെ ബൈലോയുടെ പകർപ്പ് ലഭ്യമാക്കാമോ?

ബൈലോയുടെ പകർപ്പ് അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(സി) കോഴിക്കോട് നടന്ന സംസ്ഥാന സിവിൽ സർവീസ് കായിക മേളയിൽ കേരള സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മെമ്പർമാരായ എത്രപേർക്ക് സമ്മാനം ലഭിച്ചിട്ടുണ്ട്; ആയതിന്റെ കണക്കുകൾ ലഭ്യമാക്കാമോ?

60 പേർക്ക് മെഡലുകൾ ലഭിച്ചിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ഡി) കേരള സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ മെമ്പർമാർ അല്ലാത്ത എത്രപേർക്ക് പ്രസ്തുത കായികമേളയിൽ സമ്മാനം ലഭിച്ചിട്ടുണ്ട്; പേരുവിവരം ലഭ്യമാക്കാമോ?

13 സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് മെഡലുകൾ ലഭിച്ചിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ഇ) നിലവിൽ കേരള സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷനിൽ എത്ര മെമ്പർമാരുണ്ട്; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

453 മെമ്പർമാരുണ്ട്. വിശദാംശം അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

## ഇ-ഗവേണൻസ്

12(5609) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>:

<u>ശ്രീ. വി. ആർ. സുനിൽകുമാർ</u>:

<u>ശ്രീ. സി. സി. മുകുന്ദൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ ഭരണത്തിലെ മാതൃകാപരമായ സംരംഭങ്ങളെ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ അവാർഡുകളിൽ കേരളത്തിൽ നിന്നുള്ളവർ വിജയം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കൈവരിച്ചിട്ടുണ്ട്; ഡിജിറ്റൽ ഭരണത്തിലെ മാതൃകാപരമായ സംരംഭങ്ങളെ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഡിജിറ്റൽ ഇന്ത്യ അവാർഡുകളുടെ ഏഴാം പതിപ്പിൽ കേരളത്തിൽനിന്നുള്ള 3 സംരംഭങ്ങൾ വിജയികളായിട്ടുണ്ട്.

1. ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (പ്ലാറ്റിനം അവാർഡ്, സ്റ്റാർട്ടപ്പ് മേഖലയുമായി സഹകരിച്ചുള്ള ഡിജിറ്റൽ സംരംഭങ്ങൾ)

2. കോട്ടയം ജില്ലയുടെ വെബ്സൈറ്റ് (ഗോൾഡ് അവാർഡ്, GIGW (Guidelines for Indian Government Websites), ആക്സസിബിലിറ്റി

മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്ന മികച്ച വെബ്സൈറ്റ്, മൊബൈൽ സംരംഭങ്ങളുൾപ്പെടുന്ന വിഭാഗം)

3. ക്ഷീരശ്രീ പോർട്ടൽ (സിൽവർ അവാർഡ്, ഗ്രാസ്റൂട്ട് ലെവൽ വിഭാഗത്തിലെ ഡിജിറ്റൽ സംരംഭങ്ങൾ)

(ബി) സംസ്ഥാനത്ത് ഇ-ഗവേണൻസ് സമ്പ്രദായം സാർവത്രികമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് പുതുതായി സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

സംസ്ഥാനത്ത് ഇ-ഗവേണൻസ് സമ്പ്രദായം സാർവത്രികമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഐ.ടി. മിഷൻ വിവിധ വകുപ്പുകളുടെ ഓൺലൈൻ സേവനങ്ങൾ ഇ-സേവനം എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലിലൂടെ (https://services.kerala.gov.in/) ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പോർട്ടലിൽ 84 വകുപ്പുകളിൽനിന്നുള്ള 884 സേവനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഓഫീസുകൾ കയറിയിറങ്ങാതെ വീട്ടിലിരുന്നുകൊണ്ടുതന്നെ സേവനങ്ങൾ ഉപയോഗപ്പെടുത്താൻ ഇ-സേവനം പോർട്ടൽ, എം-സേവനം മൊബൈൽ ആപ്ലിക്കേഷൻ എന്നിവയിലൂടെ സാധിക്കുന്നു. എം-സേവനം മൊബൈൽ ആപ്ലിക്കേഷനിൽ 80 വകുപ്പുകളുടെ 683 സേവനങ്ങൾ ലഭിക്കും.

(സി) സിവിൽ സർവീസിനെ കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിനും വിവിധ വകുപ്പുകൾ നൽകിവരുന്ന ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് തടസ്സമില്ലാതെ സമയബന്ധിതമായി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന സിവിൽ സർവ്വീസിനെ കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിനായും വിവിധ വകുപ്പുകൾ നൽകിവരുന്ന ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഡാഷ്ബോർഡ് സംവിധാനം തയ്യാറാക്കിയിട്ടുണ്ട് (https://dashboard.kerala.gov.in). സർക്കാർ വകുപ്പുകളിലെ ഫയൽ നീക്കം വേഗത്തിലാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ ഓഫീസുകളിൽ ഇ-ഫയൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജനങ്ങൾക്ക് ഫയൽ നീക്കം സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ (https://eoffice.kerala.gov.in) നിലവിലുണ്ട്. സിറ്റിസൺ പോർട്ടലിലെ ഫയൽ/തപാൽ തെരയൽ സംവിധാനംവഴി തപാൽ നമ്പരോ, ഫയൽ നമ്പരോ, വിഷയമോ, പ്രേക്ഷിതന്റെ വിവരങ്ങളോ നൽകിയാൽ ഏത്

ഉദ്യാഗസ്ഥന്റെ അടുത്താണ് നിലവിൽ ഫയലുള്ളതെന്ന വിവരം അറിയാൻ സാധിക്കും. ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയ സെക്രട്ടേറിയറ്റ്, കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകൾ 140 സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെയും ഫയൽനീക്കം സംബന്ധിച്ച വിവരങ്ങൾ ഈ പോർട്ടൽ വഴി ലഭ്യമാകുന്നുണ്ട്. കൂടാതെ, ഇ-ഓഫീസിലൂടെ അംഗീകരിക്കുന്ന കത്തുകൾ, ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ ഇ-ഓഫീസിലൂടെതന്നെ മറ്റ് ഓഫീസുകളിലേയ്ക്ക് അയയ്ക്കുന്ന ഇന്റർ ഓഫീസ്/ഇൻട്രാ ഓഫീസ് കമ്മ്യൂണിക്കേഷൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

**സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ അംഗീകരിക്കപ്പെട്ട തസ്തികകൾ**

13(5610) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ അംഗീകരിക്കപ്പെട്ട തസ്തികകൾ എത്രയാണെന്നും നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്നും വിശദമാക്കാമോ;

വിവിധ വകുപ്പുകളിലായി സിവിൽ സർവ്വീസിൽ അഞ്ച് ലക്ഷത്തിലധികം ജീവനക്കാരുണ്ട്. ഒഴിവുവരുന്നമുറയ്ക്ക് ഈ തസ്തികകളിൽ

നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഓരോ വകുപ്പിലും നിലവിലുള്ള ഒഴിവുകളുടെ ക്രോഡീകരിച്ച വിവരം ലഭ്യമല്ല.

(ബി) നിലവിൽ ഏതെല്ലാം വകുപ്പുതലവന്മാർക്കാണ് അധികച്ചുമതല നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

അനിവാര്യമായ ഘട്ടങ്ങളിൽ ഉദ്യോഗസ്ഥർക്ക് മുൻകാലങ്ങളിലേതുപോലെ അധികച്ചുമതല നൽകിവരുന്നുണ്ട്. ഇത് കാര്യക്ഷമതയെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള കേഡറിലെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ സേവനം ലഭിക്കുന്നതിന് നിലവിൽ തടസ്സമൊന്നുമില്ല.

(സി) കൂടുതൽ അധികച്ചുമതല നൽകുന്നതുമൂലം ഭരണപരമായ കാര്യക്ഷമത കുറയുന്നതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

അനിവാര്യമായ ഘട്ടങ്ങളിൽ ഉദ്യോഗസ്ഥർക്ക് മുൻകാലങ്ങളിലേതുപോലെ അധികച്ചുമതല നൽകിവരുന്നുണ്ട്. ഇത് കാര്യക്ഷമതയെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള കേഡറിലെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ സേവനം ലഭിക്കുന്നതിന് നിലവിൽ തടസ്സമൊന്നുമില്ല.

(ഡി) കേരള കേഡറിലുള്ള സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ സേവനം സംസ്ഥാനത്തിന് ലഭിക്കത്തക്കരീതിയിൽ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

അനിവാര്യമായ ഘട്ടങ്ങളിൽ ഉദ്യോഗസ്ഥർക്ക് മുൻകാലങ്ങളിലേതുപോലെ അധികച്ചുമതല നൽകിവരുന്നുണ്ട്. ഇത് കാര്യക്ഷമതയെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള കേഡറിലെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ സേവനം ലഭിക്കുന്നതിന് നിലവിൽ തടസ്സമൊന്നുമില്ല.

**മുൻ സി-ഡിറ്റ് രജിസ്ട്രാറും ജോയിന്റ് ഡയറക്ടറുമായിരുന്ന ഡോ. പി. വി. ഉണ്ണികൃഷ്ണന് നൽകിയ നിയമനങ്ങൾ**

14(5611) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സി-ഡിറ്റ് രജിസ്ട്രാറും ജോയിന്റ് ഡയറക്ടറുമായിരുന്ന ഡോ. പി. വി. ഉണ്ണികൃഷ്ണനെ റിട്ടയർ ചെയ്തതിനുശേഷം പ്ലാനിംഗ് വകുപ്പിൽ എക്സ് ഒഫീഷ്യോ സെക്രട്ടറിയായി നിയമിച്ചത് ഏത് ചട്ടമനുസരിച്ചാണെന്നും അദ്ദേഹത്തെ കെ-ഡിസ്കി-ന്റെ മെമ്പർ സെക്രട്ടറിയായി നിയമിച്ചത് ഏത് ചട്ടമനുസരിച്ചുമാണെന്ന് വ്യക്തമാക്കുമോ?

01-06-2021-ലെ ജി.ഒ (എം.എസ്)നം.3/2021/PLG & EA നമ്പർ ഉത്തരവുപ്രകാരമാണ് കെ-ഡിസ്ക് മെമ്പർ സെക്രട്ടറിയുടെ നിയമനം നടത്തിയിട്ടുള്ളത്. 24-02-2021-ലെ ജി.ഒ (എം.എസ്) നം.8/2021/P&EA പ്രകാരം അംഗീകരിച്ച The Memorandum of Association and Rules & Regulation of K-DISC ഖണ്ഡിക XXI-ൽ കെ-ഡിസ്ക് മെമ്പർ സെക്രട്ടറിയുടെ യോഗ്യത നിശ്ചയിച്ചിരുന്നു. തുടർന്ന് സ്ട്രാറ്റജിക് അഡ്വൈസറായി കെ-ഡിസ്കിൽ സേവനമനുഷ്ഠിച്ചിരുന്ന ഡോ. പി. വി.ഉണ്ണികൃഷ്ണനെ കെ-ഡിസ്കിലെ മെമ്പർ സെക്രട്ടറിയായി 01-06-2021-ലെ ജി.ഒ (എം.എസ്) നം.3/2021/P&EA പ്രകാരം നിയമിക്കുകയുണ്ടായി.

(ബി) 09-11-1999 മുതൽ 23-11-2006 വരെ പ്രസ്തുത വ്യക്തി ഐ.കെ.എം.-ൽ അന്യത്ര സേവനമനുഷ്ഠിച്ചിരുന്നോ; എങ്കിൽ പ്രസ്തുത അന്യത്രസേവനത്തിന് 1999-ൽ അദ്ദേഹത്തെ നിയോഗിക്കുകയും അന്യത്ര സേവനകാലാവധി നീട്ടിക്കൊടുക്കുകയും തുടർന്ന് 2006-ൽ വിടുതൽ ചെയ്യുകയും ചെയ്ത സർക്കാർ ഉത്തരവുകൾ ലഭ്യമാക്കുമോ?

09-11-1999 മുതൽ 23-11-2006 വരെ ശ്രീ. പി. വി. ഉണ്ണികൃഷ്ണൻ ഐ.കെ.എം-ൽ അന്യത്രസേവനമനുഷ്ഠിച്ചിരുന്നു. അദ്ദേഹത്തെ നിയോഗിച്ച

സർക്കാർ ഉത്തരവിന്റെ പകർപ്പ്, വിടുതൽ ചെയ്ത ഉത്തരവിന്റെ പകർപ്പ് എന്നിവ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) 23-11-2006 മുതൽ 19-09-2011 വരെ സംസ്ഥാന പ്ലാനിംഗ് ബോർഡിൽ പ്രസ്തുത വ്യക്തി അന്യത്ര സേവനമനുഷ്ഠിച്ചിരുന്നോ; എങ്കിൽ പ്രസ്തുത അന്യത്രസേവനത്തിന് 2006-ൽ അദ്ദേഹത്തെ നിയോഗിക്കുകയും തുടർന്ന് 2011-ൽ വിടുതൽ ചെയ്യുകയും ചെയ്ത സർക്കാർ ഉത്തരവുകൾ ലഭ്യമാക്കുമോ;

11-08-2006-ലെ ജി.ഒ (പി) നം.48/2006/പ്ലാനിംഗ് നമ്പർ ഉത്തരവുപ്രകാരം ശ്രീ. പി. വി ഉണ്ണികൃഷ്ണനെ സംസ്ഥാന ആസൂത്രണ ബോർഡിൽ മെമ്പറായി നിയമിച്ചിരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു. 02-01-2010-ലെ ജി.ഒ(എം.എസ്) നം. 1/2010/പ്ലാനിംഗ് ഉത്തരവുപ്രകാരം സംസ്ഥാന ആസൂത്രണ ബോർഡിൽ അന്യത്ര സേവന വ്യവസ്ഥയിലുള്ള ടിയാന്റെ നിയമനം 24-11-2006 പ്രാബല്യത്തിൽ ഫുൾടൈം മെമ്പറായി ക്രമീകരിച്ചിരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു. 16-05-2011-ലെ ഇ 4/2690/2011/എസ്.പി.ബി പ്രകാരം ടിയാനെ സംസ്ഥാന ആസൂത്രണ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബോർഡിൽനിന്ന് വിടുതൽ ചെയ്യുകയുണ്ടായി. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ഡി) പ്രസ്തുത വ്യക്തിക്ക് സി-ഡിറ്റിൽ വിവിധ ഗ്രേഡുകളിലേയ്ക്ക് അസെസ്സ്മെന്റ് പ്രമോഷനുകൾ നൽകിയത് എന്നൊക്കെയാണെന്ന് വിശദമാക്കുമോ; പ്രസ്തുത അസസ്സ്മെന്റ് പ്രമോഷനുകളുടെ ഉത്തരവുകൾ ലഭ്യമാക്കുമോ?

Scientist F ആയി 01-08-2001 മുതൽ പ്രാബല്യത്തിലും Scientist G ആയി 01-08-2006 മുതൽ പ്രാബല്യത്തിലും ശ്രീ.പി.വി. ഉണ്ണികൃഷ്ണന് സി-ഡിറ്റിൽ അസെസ്സ്മെന്റ് പ്രൊമോഷനുകൾ നൽകിയിട്ടുണ്ട്. നടപടിക്രമങ്ങളുടെ പകർപ്പുകൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## സംസ്ഥാനത്തെ ഒരു വിജ്ഞാനസമൂഹമായി വളർത്താനുള്ള നയം

15(5612) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ ഒരു വിജ്ഞാനസമൂഹമായി വളർത്താനുള്ള നയം സർക്കാർ സ്വീകരിച്ചിരിക്കെ തദ്ദേശീയമായ അറിവുകളെ വിജ്ഞാനസമൂഹത്തിലേയ്ക്ക് ഇന്റഗ്രേറ്റ് ചെയ്യുന്നതിനും അതിനെ ഉല്പാദന മേഖലയുമായി ബന്ധപ്പെടുത്തുന്നതിനും എന്തെങ്കിലും പദ്ധതികളോ പഠനങ്ങളോ നടത്തുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

നൈപുണി വികസനം, നവീകരണം, ഡിജിറ്റൽ പരിവർത്തനം എന്നിവ വഴി പ്രാദേശിക സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഗ്രിടെക്, എംഎസ്എംഇ, ആയുർടെക് വെൽനെസ്, ഫിൻടെക്, റിന്യൂവബിൾസ്, ജെറിയാട്രിക് കെയർ എന്നിങ്ങനെ ആറ് മേഖലകളിലെ തദ്ദേശീയമായ അറിവുകളെ വൈജ്ഞാനിക സമൂഹവുമായി ഇന്റഗ്രേറ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുവേണ്ടി സ്റ്റാർട്ടപ്പുകളുടെയും വ്യവസായ അസോസിയേഷനുകളുടേയും പങ്കാളിത്തത്തോടെ നൂതനമായ പരിവർത്തനങ്ങൾക്കായി പ്ലാറ്റ്ഫോം കോപ്പറേറ്റീവുകൾ സൃഷ്ടിക്കാനും അതിനാവശ്യമായ സാങ്കേതികവിദ്യകൾ ലഭ്യമാക്കാനും ലക്ഷ്യമിടുന്നു. വ്യാപാരമേഖലയുടെ ഡിജിറ്റൽ പരിവർത്തനം, എഡ്യൂടെക്, ഹെൽത്ത്

ടെക്, ഉത്തരവാദിത്ത ടൂറിസം, മാധ്യമങ്ങൾ, വിനോദം, ഐടി/ഐടിഇഎസ്, ഇലക്ട്രോണിക്സ്, ഹാർഡ് വെയർ, കമ്മ്യൂണിക്കേഷൻ എന്നീ വ്യവസായങ്ങളുടെ വളർച്ചയിലൂടെ വൈജ്ഞാനിക സമ്പദ്ഘടനയുടെ വികസനം സാധ്യമാകും. വൈജ്ഞാനിക വ്യവസായമേഖലയിലുള്ള ഇടപെടലുകൾ കൂടിചേരുമ്പോൾ ചിത്രം പൂർണ്ണമാകും. ഗ്രഫീൻ, ജീനോം ഡാറ്റാ സെന്റർ, മൈക്രോബയോം, ന്യൂട്രാസ്യൂട്ടിക്കൽസ് കേരളാ മെഡിക്കൽ ടെക്നോളജി കൺസോർഷ്യം തുടങ്ങിയവയെല്ലാം ഈ മേഖലയിലെ ഇടപെടലുകളാണ്.

## പൂഞ്ഞാർ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾ

16(5613) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും ആയതിന് അനുവദിച്ച തുകയും പദ്ധതിയുടെ പുരോഗതിയും വ്യക്തമാക്കാമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി നടപ്പാക്കിവരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിശദാംശങ്ങളും അനുബന്ധമായി+ ചേർക്കുന്നു.

(ബി) മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തുന്നതിനായി സർവെ നടപടികളുമായി മുന്നോട്ടുപോകുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിശദാംശങ്ങളും അനുബന്ധമായി+ ചേർക്കുന്നു.

(സി) പൂഞ്ഞാർ മണ്ഡലത്തിൽ വരുംവർഷങ്ങളിൽ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഏതെങ്കിലും പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

നിലവിൽ പുതിയ പദ്ധതികളൊന്നും പരിഗണനയിലില്ല.

## നവകേരളം കർമ്മപദ്ധതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

17(5614) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളം കർമ്മപദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം അറിയിക്കാമോ?

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ലൈഫ്, ആർദ്രം, ഹരിത കേരളം, വിദ്യാകിരണം എന്നീ മിഷനുകൾ വഴി നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം, അടിസ്ഥാനാവശ്യങ്ങളും ജീവനോപാധിയും, കൃഷി വ്യാപനം, ജലസംരക്ഷണം, മാലിന്യ സംസ്കരണം, പരിസ്ഥിതി സംരക്ഷണം, ദുരന്തങ്ങളെ അതിജീവിക്കാൻ കഴിയുന്നതും പരിസ്ഥിതി സൗഹൃദവുമായ വികസന പദ്ധതികൾ എന്നീ മേഖലകളിൽ വരുംകാല വെല്ലുവിളികളെക്കൂടി നേരിടാൻ കഴിയുംവിധത്തിലുള്ള മുന്നേറ്റമുണ്ടാക്കിയും നിലവിലുള്ള പരിമിതികൾ പരിഹരിച്ച് ഏറ്റവും ഉയർന്ന ഗുണമേന്മ ഉറപ്പാക്കിയും

ജനപങ്കാളിത്തത്തോടെ ഒരു നവകേരളം സൃഷ്ടിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതികൾ.

കാലാവസ്ഥാ വ്യതിയാനം, പകർച്ചവ്യാധി വ്യാപനം, ആരോഗ്യ പ്രശ്നങ്ങൾ എന്നിവയ്ക്ക് കാരണമാകാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിച്ച് സാധ്യമായ രീതികളിലെല്ലാം പരിസ്ഥിതി പുന:സ്ഥാപനം സാധ്യമാക്കുന്നതിനുള്ള പദ്ധതികൾ.

- മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി, പരിസ്ഥിതിസംരക്ഷണം, പൊതു ആസ്തികളുടെ പരിപാലനം, ആശുപത്രികളുടേയും ആരോഗ്യ സേവനങ്ങളുടേയും പരിപാലനം എന്നിവയിൽ ഉത്തരവാദിത്ത സമീപനം വളർത്തിയെടുക്കുകയും നേട്ടങ്ങൾ സുസ്ഥിരമാക്കുകയും ചെയ്യുകയെന്ന ലക്ഷ്യം മുൻനിർത്തിയുള്ള പദ്ധതികൾ.

- പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തുന്നതിന് ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള പദ്ധതികൾ.

- ദുരന്താഘാതശേഷിയുള്ള ഒന്നാക്കി നമ്മുടെ സംസ്ഥാനത്തെ പരിവർത്തനം ചെയ്യുന്നതിനുള്ള പദ്ധതികൾ.

- പരിസ്ഥിതി സൗഹൃദ നിർമ്മിതികളും ഹരിത ഊർജ്ജ വിനിയോഗവും ഇ-വാഹന നയവും ഹരിത ടൂറിസവുമുൾപ്പെടെയുള്ളവയിലൂടെ ജൈവ വൈവിധ്യ സംരക്ഷണത്തിനും പോഷണത്തിനും അനുഗുണമായ സാഹചര്യം സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ.

- വികസന പ്രക്രിയയുടെ മുഖ്യധാരയിലെത്താൻ കഴിയാതെ പോയവരുടെ ജീവിതസൗകര്യങ്ങളും ജീവിതഗുണമേന്മയും ഉപജീവന സൗകര്യങ്ങളും സാമൂഹ്യക്ഷേമ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ.

- മണ്ണും-ജലവുമുൾപ്പെടെയുള്ള പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുകയും അവയുടെ വിനിയോഗത്തിന് ശാസ്ത്രീയമായ രീതികൾ വികസിപ്പിക്കുകയും പ്രകൃതിദുരന്തങ്ങളുൾപ്പെടെയുള്ള സാഹചര്യങ്ങളെ അതിജീവിക്കാൻ കഴിയുംവിധം പ്രകൃതി വിഭവ പരിപാലന പദ്ധതികൾ ആസൂത്രണം ചെയ്യുക.

- നീർത്തടാധിഷ്ഠിത വികസന കാഴ്ചപ്പാടിലൂന്നിയ ഒറ്റ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ആസൂത്രണം ചെയ്ത് വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനം വഴി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശക്തീകരണം സാധ്യമാക്കി കൂടുതൽ ഫലപ്രദവും സുസ്ഥിരതയുള്ളതുമായ പദ്ധതികൾ നടപ്പാക്കുക.

- പച്ചത്തുരുത്ത്, ഇനി ഞാനൊഴുകട്ടെ, ജലബജറ്റ്, ജലഗുണപരിശോധന, ഗ്രീൻ ക്യാമ്പസ്, ഹരിതനിയമ സാക്ഷരത ഇവ തുടർന്നും നടപ്പാക്കുക.
- പാർപ്പിടവും ഉപജീവനമാർഗ്ഗങ്ങളുമുൾപ്പെടെയുള്ള അടിസ്ഥാന ആവശ്യങ്ങൾ ഇല്ലാത്തവരെ അപാകതകളില്ലാത്ത വിധം കണ്ടെത്തി അവരുടെ ജീവിതഗുണമേന്മയും ഉപജീവനസൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ.
- ആശുപത്രികളിലും പൊതുവിദ്യാലയങ്ങളിലും സൃഷ്ടിക്കപ്പെട്ടിട്ടുള്ള മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങളെ പ്രയോജനപ്പെടുത്തി അവിടങ്ങളിൽനിന്ന് ലഭിക്കുന്ന സേവനങ്ങളുടെയും വിദ്യാഭ്യാസത്തിന്റെയും ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ.
- പാർശ്വവത്കരിക്കപ്പെട്ടവരില്ലാത്ത ക്ലാസ് മുറികളിലൂടെ പാർശ്വവത്കരിക്കപ്പെട്ടവരില്ലാത്ത സമൂഹസൃഷ്ടിക്കായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

- ഗുണമേന്മാ വിദ്യാഭ്യാസം കുട്ടികളുടെ അവകാശമെന്ന കാഴ്ചപ്പാടിലൂന്നി നിന്നുകൊണ്ട് പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പദ്ധതികൾ.

- വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും അടിസ്ഥാനസൗകര്യം, ധനസ്രോതസ്സ്, മനുഷ്യശേഷി എന്നീ വിഭവങ്ങളെയെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന സ്ഥിതി സൃഷ്ടിക്കുന്നതിനുള്ള ഇടപെടലുകൾ.

- സോഷ്യൽ ആഡിറ്റിംഗ്, സാമൂഹ്യ വിലയിരുത്തൽ, പരാതി പരിഹാര സംവിധാനങ്ങൾ എന്നിവയിലൂടെ ജനാഭിലാഷത്തിനനുസൃതമായ വികസനം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഇതിനുള്ള പരിപാടികളും.

സന്നദ്ധ സംഘടനകൾ, പ്രവാസികൾ, സർക്കാരിതര സംഘടനകൾ തുടങ്ങി സമൂഹത്തിന്റെ സമസ്തമേഖലയിലുമുള്ള ജനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും പൂർണ്ണ സഹകരണവും അധിക വിഭവ സമാഹരണത്തിനുള്ള പങ്കാളിത്തവും വികസന

പ്രവർത്തനങ്ങളിലുൾച്ചേരുന്ന പുതിയ സംസ്കാരം വളർത്തുന്നതിനുള്ള പദ്ധതികൾ.

(ബി) ഇതിനായി മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

നവകേരളം കർമപദ്ധതി-2 ന്റെ പ്രവർത്തനങ്ങൾ വിശദമാക്കുന്ന മാർഗ്ഗരേഖയ്ക്ക് 11-02-2022-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.1/2022/PIE&MD പ്രകാരം അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പട്ടാമ്പി നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

നവകേരളം കർമ്മപദ്ധതിയിലുൾപ്പെട്ട ലൈഫ്, ആർദ്രം, വിദ്യാകിരണം മിഷനുകളുടെ പ്രവർത്തനങ്ങൾ അതത് മിഷനുകളുടെ കർമ്മസമിതി യോഗ തീരുമാനപ്രകാരം അതത് വകുപ്പുകൾ മുഖാന്തരമാണ് നടപ്പാക്കിവരുന്നത്. ഹരിത കേരളം മിഷൻ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനത്തോടെ (കൃഷി, ജലസേചനം, മണ്ണ്

സംരക്ഷണം, എം.ജി.എൻ.ആർ.ഇ.ജി.എസ്) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് നടപ്പാക്കിവരുന്നത്. നവകേരളം കർമ്മപദ്ധതിയിലുൾപ്പെട്ട വികസന മിഷനുകളിൽ പദ്ധതികൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ അനുവദിക്കുന്നില്ല.

**അരൂർ നിയോജകമണ്ഡലത്തിലെ റീ-ബിൽഡ് കേരള പദ്ധതി**

18(5615) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിൽ മാർക്കറ്റ്-വാത്തികാട് റോഡിന് റീ-ബിൽഡ് കേരള പദ്ധതി മുഖേന ഫണ്ടനുവദിച്ചതിന്റെ തുടർനടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ ടെണ്ടർ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം വേഗത്തിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

(എ-സി) അരൂർ നിയോജകമണ്ഡലം, പെരുമ്പളം ഗ്രാമപഞ്ചായത്തിലെ മാർക്കറ്റ് ജെട്ടി-വാത്തികാട് ജെട്ടി റോഡ് 1.14 കോടി രൂപ ചെലവിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ പുനർനിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. ഈ പ്രവൃത്തി ടെണ്ടറിംഗ്, റീടെണ്ടറിംഗ്, രണ്ട് തവണ ഇ-ക്വട്ടേഷൻ എന്നിവ ചെയ്തെങ്കിലും പ്രതികരണങ്ങളൊന്നും ലഭിച്ചില്ല. മൂന്നാം തവണ ഇ-ക്വട്ടേഷൻ വിളിച്ചപ്പോൾ ലഭിച്ച ഒരേയൊരു ക്വോട്ട് 14.5 ശതമാനം അധിക തുകയുള്ളതാണ്. ഈ സാഹചര്യത്തിൽ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന കാര്യം പരിഗണനയിലാണ്.

**മലപ്പുറം ജില്ലയിലെ റീ ബിൽഡ് കേരള പദ്ധതി**

19(5616) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ റീ ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ബി) മലപ്പുറം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളാണ് റീബിൽഡ് കേരള ഇനീഷ്യേറ്റീവിലുൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന വിശദാംശം നൽകുമോ?

(എ&ബി) റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട്

20(5617) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിലെ പ്രവൃത്തികളിൽ കാലാനുസൃതമായ കൂട്ടിച്ചേർക്കലുകൾ വേണമെന്ന കാസർഗോഡ് ജില്ലയിലെ ജനപ്രതിനിധികളുടെ ആവശ്യാർത്ഥം എസ്.എൽ.ഇ.സി. തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത വിഷയത്തിന് മന്ത്രിസഭായോഗം അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ആയതുപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ-സി) ഉണ്ട്. ഡോ.പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് പുന:പരിശോധിച്ച് കമ്മീഷൻ റിപ്പോർട്ടിലുൾപ്പെടുത്തിയിട്ടില്ലെങ്കിലും ജില്ലയുടെ സുസ്ഥിര വികസനത്തിനാവശ്യമായ പദ്ധതികളുടെ പ്രൊപ്പോസലുകൾ സമർപ്പിക്കാൻ 12-02-2019-ൽ ചേർന്ന സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി യോഗത്തിൽ തീരുമാനം കൈക്കൊണ്ടിരുന്നു. കാസർഗോഡ് വികസന പാക്കേജിൽ പുതിയ പദ്ധതികൾ കൂട്ടിചേർക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലയിലെ ജനപ്രതിനിധികളിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വിവിധ വകുപ്പുകൾ/ഏജൻസികൾ/ പൊതുജനങ്ങൾ എന്നിവരിൽനിന്നും നിർദ്ദേശങ്ങൾ ക്ഷണിക്കുകയും പദ്ധതി നിർദ്ദേശങ്ങൾ വിവിധ വകുപ്പുയോഗങ്ങളിൽ ചർച്ച ചെയ്തിരുന്നു. കഴിഞ്ഞ 10 വർഷത്തെ ജില്ലയുടെ അടിസ്ഥാനസൗകര്യ വികസനം സംബന്ധിച്ച മാറിയ കാഴ്ചപ്പാടും നിലവിലെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലവും മറ്റും പരിഗണിച്ച് വിവിധ മേഖലകളിൽ നൂതന പദ്ധതികളുൾപ്പെടുത്തിക്കൊണ്ട് 6500 കോടി രൂപയുടെ Shelf of Projects ആയിട്ടാണ് പദ്ധതികൾ തയ്യാറാക്കിയത്. മേൽ പദ്ധതി

നിർദ്ദേശങ്ങൾ സംസ്ഥാന പ്ലാനിംഗ് ബോർഡ് പരിശോധിച്ച് അംഗീകാരത്തിനായി കാസർഗോഡ് വികസന പാക്കേജിനായുള്ള സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയിലേയ്ക്ക് ശിപാർശ ചെയ്യുകയും അപ്രകാരം 11-11-2021-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനതല എംപവേർഡ് കമ്മിറ്റി യോഗത്തിൽ പുതിയ പദ്ധതി നിർദ്ദേശങ്ങൾ തത്വത്തിൽ അംഗീകരിക്കുകയും മന്ത്രിസഭയുടെ അംഗീകാരത്തിനായി ശിപാർശ ചെയ്യുകയും ചെയ്തു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച പദ്ധതി റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും 2022-23 ബജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതികളുടെ രൂപരേഖ പുതുക്കി തയ്യാറാക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ലഭ്യമാക്കിയ 14.45 കോടി രൂപയുടെ പദ്ധതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

## സ്പെഷ്യൽ റൂളുകൾ ഭേദഗതി ചെയ്യുന്ന നടപടി

21(5618) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിൽ നിലവിലുള്ള 2009-ലെ സ്റ്റേറ്റ് സർവീസ് സ്പെഷ്യൽ റൂളും സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂളും ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത റൂളുകളുടെ ഭേദഗതി സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്പെഷ്യൽ റൂൾ ഭേദഗതി സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഭേദഗതി വകുപ്പിലെ സീനിയോറിറ്റി പാറ്റേൺ അട്ടിമറിക്കുന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ബി-ഡി) പ്രസ്തുത ഭേദഗതി വിജ്ഞാപനങ്ങൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്, നിയമ വകുപ്പ് എന്നീ വകുപ്പുകളുടെ സൂക്ഷ്മപരിശോധനയ്ക്കുശേഷം കേരള പബ്ലിക് സർവീസ് കമ്മീഷന്റെ

അഭിപ്രായവും ലഭ്യമാക്കി കരട് ഭേദഗതി ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചവേളയിൽ വിവിധ സർവീസ് സംഘടനകൾ ചർച്ച നടത്തണമെന്നാവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 16-03-2023-ന് ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

**ശാസ്ത്ര സാങ്കേതിക മേഖലയുടെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങൾ**

22(5619) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്ര സാങ്കേതിക മേഖലയുടെ കീഴിലുള്ള പ്രധാന ഗവേഷണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ശാസ്ത്രസാങ്കേതിക മേഖലയുടെ കീഴിൽ കേരള ശാസ്ത്ര സാങ്കേതിക കൗൺസിലും കൗൺസിലിനുകീഴിൽ താഴെപ്പറയുന്ന എട്ട് ഗവേഷണ സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു.

1. കേരള വന ഗവേഷണ സ്ഥാപനം (KFRI)

2. ജലവിഭവ വികസന വിനിയോഗ കേന്ദ്രം (CWRDM)

3. ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI)

4. നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (NATPAC)

5. കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (KSOM)

6. ശ്രീനിവാസ രാമാനുജ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് (SRIBS)

7. മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് സയൻസസ് (MBGIPS)

8. കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം (ICCS)

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ കൂടാതെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ നിയന്ത്രണത്തിൽ സ്വയംഭരണ സ്ഥാപനമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (IAV)യും പ്രവർത്തിച്ചുവരുന്നു.

(ബി) ജെ.എൻ.ടി.ബി.ജി.ആർ.ഐ.-യുടെ 2021-22-ലെ പ്രധാന ഗവേഷണ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡനിൽ 2021-2022-വർഷത്തിലെ പ്രധാന ഗവേഷണ നേട്ടങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സി.ഡബ്ല്യൂ.ആർ.ഡി.എം.-ന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ ശാസ്ത്രസാങ്കേതിക നയത്തിന്റെ ഭാഗമായി 1978-ൽ സ്ഥാപിതമായ ഗവേഷണ സ്ഥാപനമാണ് ജല വിഭവ വികസന വിനിയോഗ കേന്ദ്രം (CWRDM). കോഴിക്കോട് നഗരത്തിൽനിന്നും 13 കി.മീ. കിഴക്ക് മാറി കോട്ടാംപറമ്പിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനം 2003 മുതൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ജലവിനിയോഗത്തിന്റെ എല്ലാ മേഖലകളിലേയും ഗവേഷണ ആവശ്യങ്ങൾ നിറവേറ്റുന്ന ശ്രേഷ്ഠ കേന്ദ്രമായി സി.ഡബ്ല്യൂ.ആർ.ഡി.എം പ്രവർത്തിക്കുന്നു.

ജലവിഭവ വികസനം, കാര്യക്ഷമമായ ജല വിനിയോഗം, ജല ഗുണനിലവാരം ഉറപ്പുവരുത്തൽ എന്നീ പ്രവൃത്തികളിലൂടെ ജനങ്ങളുടെ ജീവിത നിലവാരമുയർത്തുകയെന്നതാണ് സ്ഥാപനത്തിന്റെ കാതലായ ലക്ഷ്യം. ഉപരിതല ജലം, ഭൂഗർഭജലം, കാർഷിക ജല പരിപാലനം, ജല ഗുണനിലവാരം, കാലാവസ്ഥ-പരിസ്ഥിതി പഠനം, ഐസോടോപ്പ് ഹൈഡ്രോളജി തുടങ്ങിയ ഗവേഷണ മേഖലകളിൽ നാല് റിസർച്ച് ഗ്രൂപ്പുകളായി സി.ഡബ്ല്യൂ.ആർ.ഡി.എം പ്രവർത്തിക്കുന്നു. കൂടാതെ ജല വിഭവ

മേഖലയിലെ സർക്കാർ ജീവനക്കാർക്കും മറ്റ് പാരിസ്ഥിതിക പ്രവർത്തകർക്കും കർഷകർക്കുമുള്ള പരിശീലന പരിപാടികളും ഇവിടെ നടന്നുവരുന്നു. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിവിധ സർവ്വകലാശാലകളിലെ വിദ്യാർത്ഥികൾക്ക് ജല സംബന്ധമായ വിഷയങ്ങളിൽ ഗവേഷണ സൗകര്യവും സി.ഡബ്ല്യൂ.ആർ.ഡി.എം ഒരുക്കുന്നു. ജലവിഭവ മേഖലയിലെ ഏറ്റവും നല്ല പുസ്തക പ്രസിദ്ധീകരണങ്ങളുടെ ഒരു ബൃഹത് ശേഖരവും ഇവിടത്തെ ലൈബ്രറിയിൽ ലഭ്യമാണ്. കേരളത്തിലെ വിവിധ കാർഷിക പാരിസ്ഥിതിക പ്രദേശങ്ങളിലെ ഗവേഷണ ആവിശ്യങ്ങൾക്കായി കോട്ടയം, നെയ്യാറ്റിൻകര, മണിമലക്കുന്ന് എന്നിവിടങ്ങളിലായി മൂന്ന് ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു.

ജലവിഭവ മേഖലയിലെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും കർഷകർക്കും പരിശീലനം നൽകുന്നതിനായി കേരളത്തിന്റെ' വാട്ടർ ആൻഡ് ലാൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (WALMI) എന്ന നിലയിൽ 1988 മുതൽ സി.ഡബ്ല്യൂ.ആർ.ഡി.എം പ്രവർത്തിച്ചുവരുന്നു. ജലവിഭവ വികസന വിനിയോഗവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിദഗ്ധോപദേശം നൽകുന്ന ഒരു സ്ഥാപനമായും സി.ഡബ്ല്യൂ.ആർ.ഡി.എം പ്രവർത്തിക്കുന്നു.

വർഷംതോറും ആയിരക്കണക്കിന് സന്ദർശകരെ ആകർഷിക്കുന്ന ജല പൈതൃക മ്യൂസിയവും സ്ഥാപനത്തിന്റെ ആസ്ഥാനത്ത് സ്ഥിതിചെയ്യുന്നു.

## കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് സെന്റർ ഓഫ് എക്സലൻസായി ഉയർത്തുന്ന നടപടി

23(5620) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിനെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ?

കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് രൂപരേഖ തയ്യാറാക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല സമിതി രൂപീകരിക്കുകയും ഉന്നതതല സമിതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ഡയറക്ടർ സമർപ്പിച്ച ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിനെ മികവിന്റെ കേന്ദ്രമായി മാറ്റുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത സ്ഥാപനത്തിൽ 2022-23 സാമ്പത്തികവർഷത്തിൽ ഏതെല്ലാം വികസന പ്രവൃത്തികൾക്ക് എത്ര രൂപയുടെ ഫണ്ട് വീതമാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ?

2022-23 സാമ്പത്തികവർഷം കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ പദ്ധതി വിഹിതം 676 ലക്ഷം രൂപയാണ്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. 2022-23 സാമ്പത്തികവർഷം ഇതുവരെ പദ്ധതിയിനത്തിൽ സ്ഥാപനത്തിന് 526.04 ലക്ഷം രൂപ റിലീസ് ചെയ്തിട്ടുണ്ട്.

**കാലാവസ്ഥാ വ്യതിയാനം ചെറുക്കാൻ കർമ്മ പദ്ധതി**

24(5621) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ ആവിഷ്കരിച്ച കാലാവസ്ഥാ വ്യതിയാനം ചെറുക്കാനുള്ള കർമ്മ പദ്ധതിക്കായി നാളിതുവരെ എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും ആയവ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഉപയോഗിച്ചതെന്നും വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന സർക്കാർ ആവിഷ്കരിച്ച കാലാവസ്ഥാ വ്യതിയാനം ചെറുക്കാനുള്ള കർമ്മ പദ്ധതിക്കായി (SAPCC Version 2) നാളിതുവരെ പരിസ്ഥിതി കാലാവസ്ഥാവ്യതിയാന ഡയറക്ടറേറ്റ് 24,83,618/- രൂപ വിനിയോഗിച്ചു.

**സംയോജിത തീരദേശ പരിപാലന കേന്ദ്രം**

25(5622) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സംയോജിത തീരദേശ പരിപാലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തീരദേശപരിപാലനത്തിനായി 2016 മുതൽ നാളിതുവരെ നടപ്പാക്കിയ പദ്ധതികളും അവയുടെ പുരോഗതിയും വ്യക്തമാക്കാമോ?

2019-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് Preliminary Project Report (PPR) തയ്യാറാക്കി സമർപ്പിച്ചിരുന്നെങ്കിലും ഇവ അംഗീകരിക്കുകയോ ആദ്യവർഷ പദ്ധതിവിഹിതമനുവദിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ പദ്ധതികളൊന്നും KCICM-ന്റെ ഭാഗമായി നിലവിൽ നടപ്പാക്കിയിട്ടില്ല.

**തീരദേശ സംരക്ഷണം**

26(5623) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ സംരക്ഷണം ഫലപ്രദമായി ഏകോപിപ്പിക്കാൻ ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

(ബി) തീരദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് യാത്രാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നിലവിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ വിനോദസഞ്ചാര, ഗതാഗത മേഖലയ്ക്ക് ഉണർവ് നൽകുന്ന തീരദേശ ഹൈവേ 9 തീരദേശജില്ലകളിലെ 623 കി.മീ ദൂരത്തിലാണ് വിഭാവന ചെയ്യുന്നത്. ഇതിൽ 556 കി.മീ ദൂരമാണ് കെ.ആർ.എഫ്.ബി-പി.എം.യു.വിനുകീഴിൽ വരുന്നത്. 6500 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയുള്ള പദ്ധതിക്കായി നാളിതുവരെ 2,289 കോടി രൂപയുടെ (36 കി.മീ ഭാഗത്തിന് പദ്ധതിക്കും സ്ഥലമേറ്റെടുക്കലിനും 240 കി.മീ ഭാഗത്തിന് സ്ഥലമേറ്റെടുക്കലിന് മാത്രവും)

സാമ്പത്തികാനുമതിയാണ് കിഫ്ബിയിൽനിന്നും ലഭ്യമായത്. സ്ഥലമേറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഉത്തരവ് അതിർത്തിക്കല്ലുകൾ സ്ഥാപിക്കാനുള്ള 6(1) നോട്ടിഫിക്കേഷൻ എന്നിവ 468 കി.മീ ഭാഗത്തിന് ലഭ്യമായിട്ടുണ്ട്. സാമ്പത്തികാനുമതി ലഭ്യമായയിടങ്ങളിൽ റവന്യൂ വകുപ്പിലേയ്ക്കുള്ള ആനുഷാംഗിക തുക കൈമാറുകയും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന നടപടികളുമായി മുന്നോട്ടുപോവുകയും ചെയ്യുന്നു. വിവിധ ജില്ലകളിലായി 200 കി.മീ ഭാഗത്ത് ഇതിനോടകം അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്.

## വട്ടിയൂർക്കാവ് മണ്ഡലത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിനുകീഴിലുള്ള സ്ഥാപനങ്ങളുടെ വിശദാംശം

27(5624) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിനുകീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്നും പ്രസ്തുത സ്ഥാപനങ്ങളുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പർ എന്നിവ സഹിതം ലഭ്യമാക്കാമോ?

വട്ടിയൂർക്കാവ് മണ്ഡലത്തിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനുകീഴിലുള്ള സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നവയാണ്.

1. **കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് മുഖ്യ കാര്യാലയം**

മേൽ വിലാസം

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്,
മുഖ്യ കാര്യാലയം, പട്ടം പി.ഒ,
തിരുവനന്തപുരം -695004
ഫോൺ നമ്പർ: 0471-2318153, 2318154, 2318155, 2318156, 2312910
ഇ-മെയിൽ വിലാസം: chn.kspcb@gov.in

2. **കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, മേഖല ഓഫീസ് തിരുവനന്തപുരം.**

മേൽ വിലാസം

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്,

മേഖല ഓഫീസ്, പട്ടം പി.ഒ, തിരുവനന്തപുരം -695004

ഫോൺ നമ്പർ: 0471-2318153, 2318154, 2318155

ഇ-മെയിൽ വിലാസം: tvpmro@gmail.com

3. **കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ജില്ലാ ഓഫീസ്, തിരുവനന്തപുരം**

<u>മേൽ വിലാസം</u>

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്,

TC 12/96(4,5), പ്ലാമൂട്, പട്ടം പി.ഒ,

തിരുവനന്തപുരം -695004

ഫോൺ നമ്പർ: 0471-2303844

ഇ-മെയിൽ വിലാസം: kspcbdotvpm@gmail.com

ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പർ അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ,അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ?

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(സി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ ദിവസവേതന/അന്യത്ര സേവനവ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ കരാർ/താൽക്കാലിക/ദിവസവേതന/അന്യത്ര സേവനവ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ വിശദാംശം അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ, അതിനാവശ്യമായ മൂന്ന് ഉപാധികൾ/രേഖകൾ എന്നിവ എന്തൊക്കെയെന്നും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയെന്നും വിശദമാക്കാമോ?

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ, അതിനാവശ്യമായ മൂന്ന് ഉപാധികൾ/രേഖകൾ എന്നിവ എന്തൊക്കെയെന്നും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു

## മലപ്പുറം ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ

28(5625) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മലപ്പുറം ജില്ലിയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത 06-12-2022, 16-12-2022, 30-12-2022 എന്നീ തീയതികളിലെ നാല് പ്രതീക്ഷിത ഒഴിവുകൾ ഏത് തീയതികളിലാണ് യഥാർത്ഥ ഒഴിവുകളായി മാറുന്നതെന്ന് അറിയിക്കാമോ; ഇവ കൂടാതെ പ്രസ്തുത ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ മറ്റ് പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ അവ യഥാർത്ഥ ഒഴിവുകളായി മാറുന്ന തീയതികളും ഒഴിവുകൾ സംബന്ധിച്ച വിവരവും ലഭ്യമാക്കുമോ?

06-12-2022, 16-12-2022, 30-12-2022 എന്നീ തീയതികളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ യഥാക്രമം 01-06-2023, 01-06-2023, 01-02-2023 & 01-06-2023 എന്നീ തീയതികളിൽ യഥാർത്ഥ ഒഴിവുകളായി മാറുന്നതാണ്. ടി ഒഴിവുകൾ കൂടാതെ മറ്റു പ്രതീക്ഷിത ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) പ്രസ്തുത ജില്ലയിലെ ഓഫീസുകളിൽ എൽ.ഡി. ടൈപ്പിസ്റ്റുമാരുടെ അനുവദനീയമായ തസ്തികകളിൽ ഓരോ ഓഫീസിലും ഇപ്പോൾ എത്രപേർ വീതം ജോലി ചെയ്യുന്നുണ്ടെന്നും എത്ര ഒഴിവുകളുണ്ടെന്നും ഓഫീസ് തിരിച്ച് വിശാദാംശം ലഭ്യമാക്കുമോ?

ഒഴിവുകളുണ്ടാകുന്നമുറയ്ക്ക് അവ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഓരോ ജില്ലയിലെയും ഓരോ ഓഫീസുകളിലെയും ആകെ തസ്തികകളുടെയും ഒഴിവുകളുടെയും എണ്ണം ക്രോഡീകരിച്ചിട്ടില്ല.

**തിരുവനന്തപുരം ജില്ലയിലെ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ നിയമനം**

29(5626) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര ഒഴിവുകൾ എൻ.ജെ.ഡി. ഒഴിവുകളാണെന്നും എത്ര ഒഴിവുകൾ ഫ്രഷ് വേക്കൻസികളാണെന്നും വ്യക്തമാക്കാമോ; എൻ.ജെ.ഡി. ഒഴിവുകൾ ഏതെല്ലാം വിഭാഗങ്ങളിലുള്ളതാണെന്ന് അറിയിക്കാമോ?

69 ഒഴിവുകൾ റിപ്പോർട്ടുചെയ്തിട്ടുണ്ട്. ഇതിൽ 44 fresh ഉം, 25 NJD ഒഴിവുകളുമാണ്.

NJD ഒഴിവുകൾ ഇപ്രകാരമാണ്.

OC -12 , Ezhava - 4 , Muslim - 4 , OBC - 2 , DA Turn - 2 , SC - 1

(ബി) പ്രസ്തുത ജില്ലയിലെ ഏതെല്ലാം ഓഫീസുകളിൽ എത്രവീതം ക്ലാർക്ക് ടൈപ്പിസ്റ്റുമാരുടെ അനുവദനീയമായ തസ്തികകളുണ്ടെന്നും അതിൽ ഓരോ ഓഫീസിലും എത്രപേർ വീതം ജോലി ചെയ്യുന്നുണ്ടെന്നും എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും ഓഫീസടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാക്കുമോ?

ക്രോഡീകരിച്ച വിവരം ലഭ്യമല്ല.

(സി) പ്രസ്തുത ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ക്ലാർക്ക് ടൈപ്പിസ്റ്റ് ഒഴിവുകളിൽ നിയമനശിപാർശ അയയ്ക്കുന്നതിനുള്ള നടപടികൾ പി.എസ്.സി.യിൽ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിയമനശിപാർശ നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.

(ഡി) പ്രസ്തുത ജില്ലയിൽ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ എത്ര പ്രതീക്ഷിത ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രതീക്ഷിത ഒഴിവുകളില്ല.

**പി.എസ്.സി. പരീക്ഷയുടെ ചോദ്യപേപ്പറുകൾ മലയാളഭാഷയിൽ ലഭ്യമാക്കുന്നതിന് നടപടി**

30(5627) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടത്തുന്ന എല്ലാ പരീക്ഷകളുടെയും ചോദ്യപേപ്പറുകൾ മലയാളഭാഷയിൽ അച്ചടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) നിലവിൽ മലയാളഭാഷയിൽ ചോദ്യപേപ്പറുകളുപയോഗിക്കുന്ന പരീക്ഷകളുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) ബിരുദതലം വരെ അടിസ്ഥാനവിദ്യാഭ്യാസ യോഗ്യതയായിട്ടുള്ളതും ഹൈസ്കൂൾതലംവരെയുള്ള അദ്ധ്യാപക തസ്തികകളുടെയും മറ്റ് സാങ്കേതിക വിദ്യാഭ്യാസ യോഗ്യതകൾ ആവശ്യമില്ലാത്തതുമായ തസ്തികകളുടെയും പരീക്ഷകളെല്ലാം മലയാള മാധ്യമത്തിലാണ് നടത്തുന്നത്.

(സി) ഡിപ്പാർട്ട്മെന്റ് പരീക്ഷകളിലെയും ഓൺലൈൻ പരീക്ഷകളിലെയും ചോദ്യപേപ്പറുകൾ മലയാളം ഭാഷയിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെങ്കിലും ഡിപ്പാർട്ട്മെന്റിന്/കോമൺ സർവ്വീസ് വിഭാഗത്തിന് ചോദ്യപേപ്പറുകൾ മലയാളം ഭാഷയിൽ ലഭ്യമാകാതെയുണ്ടോയെന്ന് അറിയിക്കാമോ?

(സി&ഡി) വകുപ്പുതല പരീക്ഷയായ Account Test Lower-ന്റെ 4 പേപ്പറുകൾ മലയാളം മാധ്യമത്തിൽ നടത്തുന്നുണ്ട്.

## പി.എസ്.സി. മുഖേന ബൈട്രാൻസ്ഫർ പ്രൊമോഷൻ

31(5628) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മുഖേന ബൈട്രാൻസ്ഫർ പ്രൊമോഷന് അപേക്ഷ നൽകിയ ഉദ്യോഗാർത്ഥികളുടെ എണ്ണം നിലവിലുള്ള ഒഴിവുകളേക്കാൾ കുറവാണെങ്കിൽ നിയമനം നടത്തുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ബൈട്രാൻസ്ഫർ ഒഴിവുകൾക്കനുസൃതമായി ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വരുമ്പോൾ ടി ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് പട്ടികയിൽനിന്നും നികത്തുകയും കേഡർ സ്ട്രെംങ്ത്തിന് ആനുപാതികമായി കുറവുള്ള ബൈട്രാൻസ്ഫർ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുകയുമാണ് ചെയ്തുവരുന്നത്.

(ബി) കാറ്റഗറി നമ്പർ 534/2022 പ്രകാരം എച്ച്.എസ്.എ. മലയാളം തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ പ്രൊമോഷന് കോഴിക്കോട് ജില്ലയിൽ റിപ്പോർട്ടുചെയ്യപ്പെട്ട എത്ര ഒഴിവുകളാണ് നിലവിലുള്ളത്?

ഒരൊഴിവ്.

(സി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള അപേക്ഷകരുടെ 17-02-2023-ന് നിശ്ചയിച്ച സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ മാറ്റിവയ്ക്കാനിടയായ കാരണം വ്യക്തമാക്കാമോ?

പരീക്ഷ നടത്തിയശേഷം വൺ ടൈം വെരിഫിക്കേഷൻ നടത്തിയാൽ മതിയെന്ന കമ്മീഷൻ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ മാറ്റിവച്ചത്.

(ഡി) റിപ്പോർട്ട് ചെയ്ത ഒഴിവുകളേക്കാൾ കുറവാണ് അപേക്ഷിച്ച ഉദ്യോഗാർത്ഥികളുടെ എണ്ണമെന്നിരിക്കെ നിയമന നടപടികൾ ത്വരിതപ്പെടുത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

2023-ലെ Tentative Examination കലണ്ടറിൽ പ്രസ്തുത തസ്തികയുടെ പരീക്ഷയുമുൾപ്പെടുത്തിയിട്ടുണ്ട്.

**സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ഭിന്നശേഷിക്കാരുടെ നിയമനം**

32(5629) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ എത്ര ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്കാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി വിവിധ വകുപ്പുകളിൽ പി.എസ്.സി. നിയമനം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമാണ്. നിലവിൽ ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നില്ല. 2016 മുതൽ നാളിതുവരെ ആകെ 5889 ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് (ബാക്ക് ലോഗ് ഒഴിവുകളുൾപ്പെടെ) നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) പുതുതായി വിവിധ വകുപ്പുകളിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന ഭിന്നശേഷിക്കാർക്ക് നിയമനം നടത്താനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന വിവിധ വകുപ്പുകളിൽ ഭിന്നശേഷിക്കാരെ നിയമിക്കുന്നതിനായുള്ള തസ്തിക നിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(ബി&സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമാണ്. നിലവിൽ ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നില്ല. 2016 മുതൽ നാളിതുവരെ ആകെ 5889 ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് (ബാക്ക് ലോഗ് ഒഴിവുകളുൾപ്പെടെ) നിയമനശിപാർശ നൽകിയിട്ടുണ്ട്.

## സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ

33(5630) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 418/2019 പ്രകാരമുള്ള സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിലേയ്ക്ക് നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

നിലവിൽ 74 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള ലിസ്റ്റിൽനിന്നും എത്രപേർക്ക് അഡ്വൈസ് നൽകിയിട്ടുണ്ട്; അതിൽ എത്ര എൻ.ജെ.ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

352 ; 154

(സി) നിലവിൽ റിപ്പോർട്ട് ചെയ്ത ഒഴിവിലേയ്ക്ക് അഡ്വൈസ് നൽകുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ റിപ്പോർട്ട് ചെയ്ത 23 ഒഴിവുകളിൽ നിയമനശിപാർശ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവിലേയ്ക്ക് എന്നത്തേയ്ക്ക് അഡ്വൈസ് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ റിപ്പോർട്ട് ചെയ്ത 23 ഒഴിവുകളിൽ നിയമനശിപാർശ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## ആലപ്പുഴ ജില്ല എൽ.ഡി.സി. റാങ്ക് ലിസ്റ്റ്

34(5631) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ എൽ.ഡി.സി. റാങ്ക് ലിസ്റ്റ് (കാറ്റഗറി 207/2019) എന്നാണ് നിലവിൽ വന്നതെന്നും പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര നിയമനങ്ങൾ നടത്തിയെന്നും അറിയിക്കാമോ?

01-08-2022-ന് നിലവിൽ വന്ന റാങ്ക് പട്ടികയിൽനിന്നും 185 (നൂറ്റി എൺപത്തിയഞ്ച്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ഒഴിവുകൾ കൃത്യസമയത്ത് റിപ്പോർട്ട് ചെയ്യാതിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നത് പരിശോധിക്കാനും റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കാനും എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത ലിസ്റ്റിൽനിന്നും നിലവിലുള്ള എല്ലാ ഒഴിവുകളും നികത്തുന്നതിന് അടിയന്തര നിർദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

ഒഴിവുകളുണ്ടാകുന്നമുറയ്ക്കുതന്നെ അവ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ ഒഴിവുകളിലേയ്ക്കും പി.എസ്.സി. നിയമന ശിപാർശ നൽകിവരുന്നു.

**എൽ.പി. സ്കൂൾ ടീച്ചർ തസ്തികയിലേയ്ക്കുള്ള ഷോർട്ട് ലിസ്റ്റ്**

35(5632) <u>ശ്രീ. എം. വിൻസെൻറ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 516/2019 പ്രകാരം പി.എസ്.സി. പ്രസിദ്ധീകരിച്ച തിരുവനന്തപുരം ജില്ലയിലെ എൽ.പി. സ്കൂൾ ടീച്ചർ തസ്തികയിലേയ്ക്കുള്ള ഷോർട്ട് ലിസ്റ്റിൽ ഒഴിവുകൾക്കാനുപാതികമായ എണ്ണത്തിൽ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ;

(ബി) യോഗ്യരായ നിരവധി ഉദ്യോഗാർത്ഥികളുടെ അവസരം നിഷേധിക്കുകയും റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമന നടപടികളെ ദോഷകരമായി ബാധിക്കുകയും ചെയ്യുമെന്നതിനാൽ പ്രസ്തുത ഷോർട്ട് ലിസ്റ്റ് വിപുലീകരിച്ച് കൂടുതൽ ഉദ്യോഗാർത്ഥികളെയുൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) റാങ്ക് പട്ടികയിൽനിന്ന് നാളിതുവരെ 194 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. പ്രസ്തുത റാങ്ക് പട്ടികയിൽ 425 പേർ മുഖ്യപട്ടികയിലും 371 പേർ സപ്ലിമെന്ററി ലിസ്റ്റിലും ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ റാങ്ക് പട്ടിക വിപുലീകരിക്കേണ്ട സാഹചര്യമില്ല.

**ഹോമിയോപ്പതി അറ്റൻഡർ ഗ്രേഡ്-2 റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനം**

36(5633) <u>ശ്രീ. എം. വിൻസെൻറ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) കാറ്റഗറി നമ്പർ 92/2016 പ്രകാരം പി.എസ്.സി. പ്രസിദ്ധീകരിച്ച ഹോമിയോപ്പതി അറ്റൻഡർ ഗ്രേഡ്-2 റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ സംസ്ഥാനത്തെ ഹോമിയോ ആശുപത്രികളിൽ എത്ര നിയമനങ്ങൾ നൽകിയിട്ടുണ്ട്; വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

നാളിതുവരെ 40 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. നിയമനങ്ങളുടെ ജില്ലതിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം - 4
കൊല്ലം - 2
പത്തനംതിട്ട - 2
ആലപ്പുഴ - 4
കോട്ടയം - 10
ഇടുക്കി - 1
എറണാകുളം - ഇല്ല
തൃശ്ശൂർ - ഇല്ല
പാലക്കാട് - 3
മലപ്പുറം - 2
കോഴിക്കോട് - 6
വയനാട് - ഇല്ല
കണ്ണൂർ - 2

കാസർഗോഡ് - 4

(ബി) സംസ്ഥാനത്ത് ഹോമിയോപ്പതി അറ്റൻഡർ ഗ്രേഡ്-2 തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഒഴിവുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം - 1

കൊല്ലം - ഇല്ല

പത്തനംതിട്ട - ഇല്ല

ആലപ്പുഴ - 2

കോട്ടയം - 3

ഇടുക്കി - ഇല്ല

എറണാകുളം - 1

തൃശ്ശൂർ - 2

പാലക്കാട് - 4

മലപ്പുറം - ഇല്ല

കോഴിക്കോട് - ഇല്ല

വയനാട് - ഇല്ല

കണ്ണൂർ - 1

കാസർഗോഡ് - 1

(സി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് മേൽപ്പറഞ്ഞ റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നടത്തുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഹോമിയോപ്പതി വകുപ്പ് സ്പെഷ്യൽ റൂൾ പ്രകാരം വകുപ്പിലെ യോഗ്യരായ ക്ലാസ് IV ജീവനക്കാരുടെ തസ്തികമാറ്റ നിയമനമാണ് അറ്റന്റർ ഗ്രേഡ് - II തസ്തിക. സ്പെഷ്യൽ റൂൾ പ്രകാരം യോഗ്യരായ ക്ലാസ് IV ജീവനക്കാരുടെ അഭാവത്തിൽ മാത്രമെ പി.എസ്.സി. വഴി നേരിട്ട് നിയമനം നടത്താൻ സാധിക്കുകയുള്ളൂ. നിലവിൽ യോഗ്യരായ ക്ലാസ് IV ജീവനക്കാർ ലഭ്യമാണ്. അവർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള പോലീസിൽ ഡ്രൈവർമാരുടെ നിയമനം**

37(5634) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള പോലീസിൽ ഡ്രൈവർമാരുടെ നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ പി.എസ്.സി. മുഖേന എത്ര ഡ്രൈവർമാരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന 657 ഡ്രൈവർ പോലീസ് കോൺസ്റ്റബിൾമാരെ നിയമിച്ചിട്ടുണ്ട്.

(ബി) പി.എസ്.സി. മുഖേനയല്ലാതെ ഡ്രൈവർ നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസി വഴിയാണ് നിയമനം നടത്തിയതെന്നും ഇപ്രകാരം നിയമനം നടത്താനുണ്ടായ സാഹചര്യമെന്താണെന്നും വ്യക്തമാക്കുമോ?

പി.എസ്.സി മുഖേനയല്ലാതെ ഡ്രൈവർ നിയമനം നടത്തിയിട്ടില്ല.

(സി) ഡ്രൈവർ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; മുഴുവൻ ഡ്രൈവർ തസ്തികളിലേയ്ക്കും പി.എസ്.സി. മുഖേന നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. പോലീസ് ഡ്രൈവർ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ പി.എസ്.സി. മുഖേന നട<u>ത്തു</u>ന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമനം**

38(5635) **<u>ശ്രീ. കെ. ആൻസലൻ</u>**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. കാറ്റഗറി നം. 333/2019 പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

വ്യാവസായിക പരിശീലന വകുപ്പിലെ Junior Instructor (Electronic Mechanic) (SR for SC/ST & ST only) തസ്തികയിലേയ്ക്കാണ് കാറ്റഗറി നമ്പർ 333/2019 പ്രകാരം നിയമന നടപടി സ്വീകരിച്ചിട്ടുള്ളത്. പരീക്ഷ ജൂൺ-ആഗസ്റ്റ് മാസത്തിലെ tentative examination programme-ൽ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ?

SC/ST വിഭാഗത്തിൽ രണ്ടും ST only വിഭാഗത്തിൽ ഒരൊഴിവും നിലവിലുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സംസ്ഥാനതലത്തിലാണ്.

## കേരള മിനിസ്റ്റീരിയൽ/ജനറൽ സബോർഡിനേറ്റ് സർവീസിന്റെ വിശേഷാൽ ചട്ടങ്ങൾ

39(5636) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസിന്റെയും കേരള ജനറൽ സബോർഡിനേറ്റ് സർവീസിന്റെയും വിശേഷാൽ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കേരള ജനറൽ സബോർഡിനേറ്റ് സർവീസ് ചട്ടം രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+. നിലവിൽ പ്രസ്തുത ചട്ടത്തിൽ ഉൾപ്പെട്ട ഡ്രൈവർ തുടങ്ങിയ തസ്തികകൾക്ക് പ്രത്യേകമായി വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസസ് ചട്ടങ്ങൾ പ്രത്യേകമായി പുറപ്പെടുവിച്ചിട്ടില്ല.

## ആശ്രിത നിയമനം നൽകുന്നതിലെ മാനദണ്ഡങ്ങൾ

40(5637) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനത്തിന് പരിഗണിക്കുന്ന വ്യക്തിക്ക് സർവീസിൽ യോഗ്യമായ തസ്തിക നിർണ്ണയിക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ;

(ബി) വ്യക്തിയുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള തസ്തിക അനുവദിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ?

\+ നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) 24-05-1999-ലെ G.O.(P) No. 12/99/P&ARD ഉത്തരവിന്റെയും അനുബന്ധ ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് നിയമനം നൽകുന്നത്. പ്രസ്തുത ഉത്തരവിൽ സബോർഡിനേറ്റ് സർവീസിലെ ക്ലാസ്സ് III, ക്ലാസ്സ് IV തസ്തികകളിലേയ്ക്കും ലാസ്റ്റ് ഗ്രേഡ് സർവീസ്, പാർട്ട് ടൈം കണ്ടിജന്റ് സർവീസ് തസ്തികകളിലേയ്ക്കും നിയമനം നൽകാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(സി) ആശ്രിത നിയമനത്തിന് അപേക്ഷ നൽകിയവർക്ക് നിയമനം നൽകുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷ നൽകിയശേഷം നിയമനം നൽകുന്നതിന് കുറഞ്ഞത് എത്ര സമയമെടുക്കുമെന്നും പരമാവധി എത്ര സമയത്തിനുള്ളിൽ നിയമനം നൽകുമെന്നും വ്യക്തമാക്കാമോ?

ഇല്ല.

**ആശ്രിത നിയമനം**

41(5638) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 12-04-2010-ലെ ജി.ഒ. (എം.എസ്.) നമ്പർ 14/2010/പി.&എ.ആർ.ഡി. ഉത്തരവുപ്രകാരം

വിവാഹിതരായ മകൻ/മകൾ എന്നിവർക്ക് ആശ്രിത നിയമനത്തിനായി ആശ്രിത സർട്ടിഫിക്കറ്റുകൾ നൽകുമ്പോൾ (അപേക്ഷകനും/അപേക്ഷകയും അവരുടെ കുടുംബവും നിർദ്ദിഷ്ട വരുമാനപരിധിക്ക് ഉള്ളിലുള്ളതാണെങ്കിൽ) അപേക്ഷകന്റെ/അപേക്ഷകയുടെ ജീവിതപങ്കാളിക്ക് സർക്കാർ/ പൊതുമേഖല/സ്വകാര്യ ജോലിയുണ്ടെന്ന കാരണത്താൽ ആശ്രിത സർട്ടിഫിക്കറ്റ് നിഷേധിക്കുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഇല്ല.

**സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള എൽ.ഡി. ക്ലാർക്ക് നിയമനം**

42(5639) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എൽ.ഡി. ക്ലാർക്ക് സീനിയോറിറ്റി ലിസ്റ്റിൽനിന്നും നിയമനം നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സമയബന്ധിതമായി നിയമനം ലഭിക്കാത്തതിനാൽ മരണപ്പെട്ട ഉദ്യോഗസ്ഥരുടെ ആശ്രിത കുടുംബങ്ങൾ വലിയ ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യത്തിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എൽ.ഡി. ക്ലാർക്ക് നിയമനത്തിന് പ്രത്യേക സ്കീം തയ്യാറാക്കി നിയമന നടപടികൾ ത്വരിതപ്പെടുത്തുമോ; വിശദമാക്കുമോ?

(എ&ബി) ആശ്രിത നിയമനം, ഒരു വർഷം ഒരു ജില്ലയിൽ ഒരു വകുപ്പിൽ ഒരു തസ്തികയിലുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5 ശതമാനത്തിൽ അധികരിക്കരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് നിലവിലുണ്ട്. ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ചീഫ് സെക്രട്ടറി സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ചയിലെ നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

## മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയത്തിന് സ്ഥലം അനുവദിക്കുന്നതിന് നടപടി

43(5640) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയത്തിന് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ഇതുസംബന്ധിച്ച ഫയലിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാര്യാലയത്തിനായി ഏതെല്ലാം സ്ഥലങ്ങളാണ് കണ്ടെത്തിയിരുന്നത്; എന്തെല്ലാം കാരണത്താലാണ് ഈ സ്ഥലങ്ങൾ അനുവദിക്കാതിരുന്നതെന്നും ഇവ ഏതെല്ലാം വില്ലേജുകളിൽ ഉൾപ്പെട്ടവയാണെന്നുമുള്ള വിശദാംശം നൽകുമോ;

(സി) കവടിയാർ വില്ലേജിൽ എയർ ഇൻഡ്യയുടെ ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടം മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയത്തിനായി പരിഗണിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത കെട്ടിടം ലഭ്യമല്ലെങ്കിൽ മറ്റേതെങ്കിലും വകുപ്പ് ഉപയോഗിക്കാതിരിക്കുന്ന സ്ഥലം ഇതിനായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-ഡി) മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയത്തിന് ഉചിതമായ സ്ഥലം തിരുവനന്തപുരത്ത് കണ്ടെത്തി അനുവദിക്കുന്ന വിഷയം

ഇലക്ഷൻ വകുപ്പിന്റെ EE4/5/2021/Elec നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചുവരുന്നു.

**മണലൂർ മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി**

44(5641) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന ആദ്യഘട്ട പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഗുണഭോക്താക്കൾക്ക് കെ-ഫോൺ കണക്ഷൻ നൽകി തുടങ്ങിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഒരു മണ്ഡലത്തിൽ നൂറ് എന്ന ക്രമത്തിൽ സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്നവർക്ക് കണക്ഷൻ നൽകുന്നതിനായി പ്രസ്തുത മണ്ഡലത്തിലെ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റ് പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

(എ-സി) മണലൂർ നിയോജകമണ്ഡലത്തിൽ 152 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 49 ഓഫീസുകളിൽ/

സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, തെരഞ്ഞെടുക്കപ്പെടുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 100 കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പ്രസ്തുത ഗുണഭോക്താക്കളുടെ അന്തിമ പട്ടിക തയ്യാറായിട്ടില്ല.

**ഐ.ടി. അധിഷ്ഠിത വ്യവസായ പാർക്കുകൾ ശക്തിപ്പെടുത്തുന്നതിന് നടപടി**

45(5642) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. അധിഷ്ഠിത വ്യവസായ പാർക്കുകളെ ശക്തിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; ഇത്തരത്തിലുള്ള വിവിധ പാർക്കുകളെ പരസ്പരം ബന്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സർക്കാർ ഐ.ടി പാർക്കുകളായ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നീ ഐ.ടി പാർക്കുകൾ കേന്ദ്രീകരിച്ച് മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ ദേശീയ-അന്തർദേശീയ കമ്പനികൾക്ക് ഐ.ടി

സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിനുവേണ്ടി SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടങ്ങൾ, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, കോ-വർക്കിംഗ് സ്പെയിസുകൾ, ജലം, വൈദ്യുതി, വാർത്താ-വിനിമയ സംവിധാനങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കിവരുന്നു. കൂടാതെ 5G ലീഡർഷിപ്പ് പാക്കേജുകൾ ഉൾപ്പെടുത്തി ദേശീയപാത 66-ന് സമാന്തരമായി തിരുവനന്തപുരം മുതൽ കണ്ണൂർ വരെ ഇരുപതോളം ചെറുകിട ഐ.ടി പാർക്കുകൾ ഉൾപ്പെടുന്ന ഐ.ടി ഇടനാഴികൾ സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

(ബി) സംസ്ഥാനത്തെ ഐ.ടി. അധിഷ്ഠിത പാർക്കുകളിൽ പുതുതായി ഉൾപ്പെടുത്താൻ ലക്ഷ്യമിടുന്ന പദ്ധതികൾ എന്തൊക്കെയെന്നും ഇപ്രകാരം സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ സംബന്ധിച്ച വിശദാംശവും അറിയിക്കാമോ?

സർക്കാർ ഐ.ടി പാർക്കുകളായ തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നിവയുടെ ഉപഗ്രഹ ക്യാമ്പസുകളായി 5G സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി 20 ചെറുകിട ഐ.ടി പാർക്കുകൾ ദേശീയപാത വികസനത്തിന്റെ സാധ്യതകൾ

പ്രയോജനപ്പെടുത്തി ദേശീയപാതയോട് ചേർന്ന് കണ്ണൂർ മുതൽ തിരുവനന്തപുരം വരെ സ്ഥാപിക്കാനുള്ള നടപടികൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി ടെക്നോപാർക്കിന്റെ നാലാം ഘട്ടമായ ടെക്നോസിറ്റിയിൽ 8.50 ലക്ഷം ചതുരശ്ര അടി നോൺ സെസ് ഐ.ടി മന്ദിരത്തിന്റെ നിർമ്മാണവും അനുബന്ധമായി ടൗൺഷിപ്പ് വികസിപ്പിക്കാനുമുള്ള പദ്ധതിയും പുരോഗമിക്കുന്നു. പദ്ധതി പൂർത്തിയാകുമ്പോൾ ഏതാണ്ട് 7000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നു.

വർക്ക് നിയർ ഹോം പദ്ധതിയുടെ ഭാഗമായി കൊച്ചി മെട്രോ സൗത്ത് സ്റ്റേഷന്റെ അനുബന്ധമായി 48000 ചതുരശ്ര അടി കെട്ടിടം ഡിസ്ട്രിബ്യൂട്ടഡ് കോ-വർക്കിംഗ് സ്പെയിസുകളാക്കി മാറ്റുന്ന പദ്ധതിക്കും സർക്കാർ രൂപം കൊടുത്തിട്ടുണ്ട്. നോൺ SEZ സ്പെയിസുകൾക്ക് വർദ്ധിച്ചുവരുന്ന ആവശ്യം പരിഗണിച്ച് ഇൻഫോപാർക്ക് കൊച്ചി ഒന്നാം ഘട്ടത്തിൽ ഒരു പുതിയ ഐ.ടി മന്ദിരം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും സർക്കാർ നൽകിയിട്ടുണ്ട്. ടി പദ്ധതികൾ പൂർത്തിയാകുമ്പോൾ ഏതാണ്ട് 10000-ലധികം നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് കണക്കാക്കുന്നു.

കോഴിക്കോട് സൈബർ പാർക്കിന്റെ കീഴിൽ 4 ലക്ഷം ചതുരശ്ര അടി നോൺ സെസ് ഐ.ടി മന്ദിരത്തിന്റെ നിർമ്മാണവും പദ്ധതി

വിപുലീകരണത്തിനായി ദേശീയപാത 66-നോട് ചേർന്ന് 10-15 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള പദ്ധതിയും പ്രാരംഭഘട്ടത്തിലാണ്. നേരിട്ടുള്ള 4000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നു.

(സി) ആഗോള സാമ്പത്തിക മാന്ദ്യം മുന്നിൽകണ്ട് ഐ.ടി. മേഖല സുരക്ഷിതമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള കരുതൽ നടപടികൾ വിശദമാക്കാമോ?

സർക്കാർ ഐ.ടി പാർക്കുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഐ.ടി കമ്പനികളുടെയും അവരുടെ കൂട്ടായ്മകളുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമാഹരിച്ച് വിദഗ്ധമായ വിശകലനം നടത്തി ഉചിതമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

## ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം

46(5643) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഡിസ്കിന്റെ ഭാഗമായ കേരള നോളേജ് ഇക്കോണമി മിഷൻ വികസിപ്പിച്ച ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിന് കേന്ദ്ര

സർക്കാരിന്റെ ഡിജിറ്റൽ ഇൻഡ്യ പുരസ്കാരം ലഭിച്ചിരുന്നോയെന്ന് അറിയിക്കുമോ?

കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യ പുരസ്കാരം, പ്ലാറ്റിനം ഐക്കൺ ഫോർ ഡിജിറ്റൽ ഇന്നൊവേഷൻസ് ഇൻ കൊളാബറേഷൻ വിത്ത് സ്റ്റാർട്ട് അപ്പ് ലഭിച്ചിട്ടുണ്ട്.

(ബി) ഡി.ഡബ്ല്യു.എം.എസ്.-ന്റെ പ്രവർത്തനം വിശദമാക്കാമോ?

വിജ്ഞാനാധിഷ്ഠിത ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിൽ തൊഴിലന്വേഷകരെയും തൊഴിൽദാതാക്കളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പ്ലാറ്റ്ഫോമാണ് ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം. നിർമ്മിതബുദ്ധി അടിസ്ഥാനമാക്കി ഉദ്യോഗാർത്ഥികളുടെ അഭിരുചിക്കനുസൃതമായ തൊഴിൽ നേടുന്നതിനുള്ള അവസരങ്ങൾ ഈ പ്ലാറ്റ്ഫോമിലൂടെ ലഭിക്കുന്നു.

DWMS വഴി ലഭിക്കുന്ന സേവനങ്ങൾ താഴെ പറയുന്നവയാണ്.

1. ജോബ് മാപ്പിംഗ്
2. റോബോട്ടിക് അഭിമുഖം
3. റെസ്യൂമെ ഉണ്ടാക്കുക
4. നൈപുണ്യ പ്രോഗ്രാമുകളും ഇന്റേൺഷിപ്പുകളും
5. വർക്ക്റെഡിനസ് പ്രോഗ്രാം
6. വ്യക്തിത്വ വികസന പരിശീലനം

7. ഇംഗ്ലീഷ് സ്കോർ വിലയിരുത്തൽ
8. കരിയർ അസസ്മെന്റ്
9. കരിയർ കൗൺസിലിംഗ്

(സി) ആയതുപ്രകാരം നിർമ്മിതബുദ്ധി അടിസ്ഥാനമാക്കി തൊഴിൽ അഭിരുചി പരിശോധന നടത്തി ഉചിതമായ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ ഉദ്യോഗാർത്ഥി പ്രൊഫൈലിൽ തന്നിരിക്കുന്ന വിവരങ്ങളെ നിർമ്മിതബുദ്ധി ഉപയോഗിച്ച് തൊഴിൽ അഭിരുചി പരിശോധന നടത്തി ഉചിതമായ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഉദ്യോഗാർത്ഥി പ്രൊഫൈലിൽ തന്നിരിക്കുന്ന വിവരങ്ങളെ നിർമ്മിതബുദ്ധിയുടെ സഹായത്തോടെ വിശകലനം ചെയ്ത്, അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ ജോബ് മാപ്പിംഗ് ഘട്ടത്തിൽ അവർക്ക് ലഭ്യമാക്കുന്നുണ്ട്. ഡി.ഡബ്ല്യൂ.എം.എസ്-ൽ സംശയ ദൂരീകരണം നടത്തുന്നതിന് നിർമ്മിച്ചിരിക്കുന്ന ചാറ്റ്ബോട്ട് മെക്കാനിസവും നിർമ്മിതബുദ്ധി ഉപയോഗപ്പെടുത്തുന്നുണ്ട്. മാറുന്ന കാലത്തിലെ മാറ്റങ്ങൾക്കനുസരിച്ചാണ് ഈ പ്ലാറ്റ്ഫോം നിർമ്മിച്ചിരിക്കുന്നത്. അതിനാൽതന്നെ ഈ പ്ലാറ്റ്ഫോമിന്റെ എല്ലാ ഘട്ടങ്ങളിലും

നിർമ്മിതബുദ്ധിയുടെ പരമാവധി പ്രയോജനങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇതിലൂടെ തൊഴിലന്വേഷകരുടെ നൈപുണ്യ വികസനത്തിന് പദ്ധതിയുണ്ടോ; പ്രസ്തുത സംവിധാനത്തിൽ ഇതുവരെയായി എത്ര തൊഴിലന്വേഷകരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും എത്ര തൊഴിലുകൾ സമാഹരിക്കാനായിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉദ്യോഗാർത്ഥികളുടെ നൈപുണ്യ വികസനം, കേരള നോളജ് ഇക്കോണമി മിഷൻ (KKEM)-ന്റെ പ്രധാന ഇടപെടലുകളിൽ ഒന്നാണ്. നൈപുണ്യ വികസനത്തിനായി ഇതുവരെ 5,176 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. നൈപുണ്യ വികസനത്തിനായി ഇതുവരെ 26 ഏജൻസികളിൽനിന്നായി DWMS-ൽ 202 സ്കിൽ കോഴ്സുകൾ ലഭ്യമാക്കിയിട്ടുണ്ട്. DWMS-ൽ രജിസ്റ്റർ ചെയ്യുന്ന ഏതൊരു ഉദ്യോഗാർത്ഥിക്കും തങ്ങളുടെ അഭിരുചിക്കനുസൃതമായ നൈപുണ്യ പരിശീലനത്തിനുള്ള കോഴ്സുകൾ തെരഞ്ഞെടുക്കാവുന്നതാണ്. നൈപുണ്യ വികസനത്തിനായി വ്യവസായ സ്ഥാപനങ്ങളുമായി യോജിച്ച് ഇന്റേൺഷിപ് അവസരങ്ങളും ഇതിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. DWMS-ൽ ഇതുവരെ

4,87,703 തൊഴിലുകൾ വിവിധ തൊഴിൽദാതാക്കളിൽനിന്ന് സമാഹരിക്കാനായിട്ടുണ്ട്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി**

47(5644) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ എത്ര കണക്ഷനുകൾ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിലെ 226 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ, നിലവിൽ 11 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 100 കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഇതുവരെ എത്ര കണക്ഷനുകൾ നൽകിയെന്ന് പഞ്ചായത്ത്/നഗരസഭ തിരിച്ച് വ്യക്തമാക്കാമോ?

കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയ 11 ഓഫീസുകളുടെ/ സ്ഥാപനങ്ങളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു+.

**ഇ-ഓഫീസ് സംവിധാനം നടപ്പാക്കാൻ നടപടി**

48(5645) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകൾ പേപ്പർരഹിത ഓഫീസുകളായി പരിവർത്തനം ചെയ്യുന്നതിന് ആരംഭിച്ച ഇ-ഓഫീസ് സംവിധാനം സംസ്ഥാനത്തെ ഏതെല്ലാം വകുപ്പുകളിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതുപ്രകാരം ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കാത്ത എത്ര സർക്കാർ ഓഫീസുകളുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഇതുവരെയും ഇ-

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓഫീസ് സംവിധാനം ആരംഭിക്കാത്ത വകുപ്പുകളിൽ ആയത് നടപ്പാക്കാൻ താമസിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

(എ-സി) കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന്റെ (എൻ.ഐ.സി) സാങ്കേതിക സഹായത്തോടെ കേരള സ്റ്റേറ്റ് ഐ.ടി മിഷനാണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്ന ചുമതല നിർവ്വഹിച്ചുവരുന്നത്. സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾ, മുഴുവൻ കളക്ടറേറ്റുകൾ, സബ് കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകൾ, 869 വില്ലേജ് ഓഫീസുകൾ,148 സർക്കാർ/അർദ്ധ സർക്കാർ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇലക്ട്രോണിക്സ് ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഫയൽ ജോലികൾ കൂടുതലുള്ള വകുപ്പുകളിൽ/ഓഫീസുകളിൽ മാത്രമാണ് ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കേണ്ടതായുള്ളത്. ഇതുപ്രകാരം ഡയറക്ടറേറ്റുകൾ/കമ്മീഷണറേറ്റുകൾ വരെയുള്ള എല്ലാ ഓഫീസുകളിലും ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. ഇലക്ട്രോണിക് ഫയൽ സംവിധാനം ആവശ്യപ്പെടുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയ്ക്കും ഇലക്ട്രോണിക് ഫയൽ സംവിധാനം ലഭ്യമാക്കിവരുന്നു.

**ടെക്നോ പാർക്കിലെ ക്വാഡ് പദ്ധതി**

49(5646) <u>ശ്രീ. വി. ജോയി:</u>
<u>ശ്രീ. കെ. യു. ജനീഷ് കുമാർ:</u>
<u>ശ്രീ. കെ. പ്രേംകുമാർ:</u>
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. അനുബന്ധ മേഖലകളുടെ പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ടെക്നോ പാർക്കിൽ ക്വാഡ് പദ്ധതി നടപ്പിലാക്കാൻ തീരുമാനമെടുത്തിരുന്നോ; ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന പ്രയോജനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ക്വാഡ് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഒരേ ക്യാമ്പസിൽ ജോലി, ഷോപ്പിംഗ് സൗകര്യങ്ങൾ, പാർപ്പിട സൗകര്യങ്ങൾ, ആശുപത്രികൾ, സ്കൂളുകൾ, കോളേജുകൾ എന്നിവ ഉൾപ്പെടെയുള്ള സൗകര്യങ്ങളുള്ള ഒരു സംയോജിത മിനി ടൗൺഷിപ്പ് പദ്ധതിയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഏകദേശം 30 ഏക്കറിൽ 1600 കോടി രൂപ മുതൽമുടക്കിൽ പദ്ധതി പൂർത്തിയാകുമ്പോൾ 40 ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്പെയ്സ് സൃഷ്ടിക്കുമെന്നാണ്

പ്രതീക്ഷിക്കുന്നത്. 2025 പകുതിയോടെ പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഡിജിറ്റൽ സയൻസ് പാർക്ക് രൂപീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത സയൻസ് പാർക്കിലൂടെ ലക്ഷ്യമിട്ടിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

(ബി&സി) 2022-23 വർഷത്തെ സംസ്ഥാന ബജറ്റിൽ വിഭാവന ചെയ്തതനുസരിച്ച് ടെക്നോപാർക്ക് നാലാം ഘട്ടമായ ടെക്നോസിറ്റിയിലെ ഡിജിറ്റൽ സർവ്വകലാശാലയോട് ചേർന്ന് ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പാർക്കിന്റെ പ്രാഥമിക രൂപരേഖ അംഗീകരിച്ചുകഴിഞ്ഞു. പശ്ചാത്തല സൗകര്യങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ആശയങ്ങളെ ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററായി ഈ പാർക്ക് പ്രവർത്തിക്കും. ഡിജിറ്റൽ സയൻസ് മേഖലയിലെ ഇന്ത്യയിലെ ആദ്യ പാർക്കായിരിക്കും ഇത്. നാളെയുടെ സാങ്കേതികവിദ്യകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, മെഡിക്കൽ

ഇലക്ട്രോണിക്സ്, ബയോ ടെക്നോളജി എന്നീ മേഖലകൾക്ക് ഊന്നൽ നൽകാനാവും. ഒട്ടേറെ വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ ഇതിലൂടെ ആരംഭിക്കാനും വിജ്ഞാന വ്യവസായത്തിന് തുടക്കമിടാനും പാർക്ക് സഹായിക്കും.

## ടെക്നോപാർക്കിന്റെ പ്രവർത്തനങ്ങൾ

50(5647) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്കിന്റെ നൂതന സംരംഭമായ ക്വാഡ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ടെക്നോപാർക്കിന്റെ നാലാംഘട്ടമായ ടെക്നോസിറ്റിയിൽ വികസിപ്പിക്കുന്ന ഒരേ ക്യാമ്പസിൽ ജോലി, ഷോപ്പിംഗ് സൗകര്യങ്ങൾ, പാർപ്പിട സൗകര്യങ്ങൾ, ആശുപത്രികൾ, സ്കൂളുകൾ, കോളേജുകൾ എന്നിവ ഉൾപ്പെടെയുള്ള സൗകര്യങ്ങളുള്ള ഒരു സംയോജിത മിനി ടൗൺഷിപ്പ് പദ്ധതിയായ 'QUAD'-ന് സർക്കാർ തത്വത്തിൽ അംഗീകാരം

നൽകിയിട്ടുണ്ട്. ഏകദേശം 30 ഏക്കറിൽ 1600 കോടി രൂപ മുതൽമുടക്കിൽ പദ്ധതി പൂർത്തിയാകുമ്പോൾ 40 ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്പെയ്സ് സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2025 പകുതിയോടെ പ്രസ്തുത പദ്ധതി പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു.

(ബി) ടെക്നോപാർക്കിന് ഐ.ടി. സേവന കയറ്റുമതിയിൽ കൈവരിക്കാനായ നേട്ടം അറിയിക്കാമോ; നിലവിൽ ആകെ എത്ര ജീവനക്കാർ ടെക്നോപാർക്കിൽ തൊഴിലെടുക്കുന്നുണ്ട്; സുസ്ഥിര വികസനത്തിന്റെ ഫലമായി ക്രിസൽ റേറ്റിംഗ് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ടെക്നോപാർക്കിൽ 2016-17 കാലയളവിൽ 5000 കോടിയായിരുന്ന ഐ.ടി. കയറ്റുമതി 2021-22-ൽ 9775 കോടിയായി വളരുകയും ടെക്നോപാർക്കിന് 2023 ജൂൺ വരെ ക്രിസിൽ എ+/സ്റ്റേബിൾ റേറ്റിംഗ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. സുസ്ഥിര വികസനത്തിന്റെ ഫലമായാണ് തുടർച്ചയായി രണ്ടാം വർഷവും ടെക്നോപാർക്കിന് ക്രിസിൽ എ+/സ്റ്റേബിൾ റേറ്റിംഗ് ലഭിച്ചിരിക്കുന്നത്.

(സി) ഐ.ടി. വ്യവസായ വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്നതിനായി കെ.എസ്.ഐ.ടി.ഐ.എൽ. മുഖേന

സംസ്ഥാനത്ത് നടന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; കമ്പനിയുടെ പ്രവർത്തനത്തിനായി ഈ വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

ഐ.ടി. വ്യവസായ വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്നതിനായി കെ.എസ്.ഐ.ടി.ഐ.എൽ. മുഖേന സംസ്ഥാനത്ത് നടന്നുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+. കമ്പനിയുടെ പ്രവർത്തനത്തിനായി 2022-23 സാമ്പത്തിക വർഷം 201.79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**കൊരട്ടി ഇൻഫോപാർക്ക് വികസനം**

51(5648) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനുശേഷം ആഗോള രംഗത്ത് ഐ.ടി. വ്യവസായത്തിനുണ്ടായ കുതിപ്പ് പ്രയോജനപ്പെടുത്താൻ കൊരട്ടി ഇൻഫോപാർക്കിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡിനുശേഷം ഇടത്തരം നോൺ SEZ ഐ.ടി സ്പെയ്സുകൾക്ക് വർദ്ധിച്ചുവരുന്ന ആവശ്യകത കണക്കിലെടുത്ത് 10 ഐ.ടി വില്ലകൾ പൂർണ്ണമായും ഐ.ടി കമ്പനികൾക്ക് അനുവദിച്ചുനൽകുകയുണ്ടായി. കൂടാതെ ആധുനിക ഐ.ടി മന്ദിരമായ ഇന്ദീവരത്തിന്റെ രണ്ടാം നില (28000 ചതുരശ്ര അടി) പൂർണ്ണമായും തയ്യാർ ചെയ്ത് ഐ.ടി കമ്പനികൾക്ക് നൽകുകയുണ്ടായി. തന്മൂലം 600-ലധികം നേരിട്ടുള്ള പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഈ ഐ.ടി മന്ദിരത്തിന്റെ മൂന്നാം നിലയിൽ 35000 ചതുരശ്ര അടിയിൽ 20 ഐ.ടി ഓഫീസ് സ്പെയ്സുകൾ തയ്യാർ ചെയ്യുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരികയാണ്. കൊരട്ടി ഇൻഫോപാർക്കിലേയ്ക്ക് ദേശീയ പാതയിൽനിന്നും നേരിട്ട് റോഡ് കണക്ടിവിറ്റിയില്ലാത്തത് ഐ.ടി പാർക്കിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്ന ഘടകമാണ്.

(ബി) ആരംഭിച്ച് 10 വർഷത്തിലേറെയായിട്ടും ദേശീയ പാതയിൽനിന്നും കൊരട്ടി ഇൻഫോപാർക്കിലേയ്ക്ക് പ്രവേശന കവാടവും മറ്റ് അനുബന്ധ സൗകര്യങ്ങളും നിർമ്മിച്ച് വിപുലപ്പെടുത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) വൈഗ ത്രെഡുമായി വ്യവഹാരം പൂർത്തിയായ 12 ഏക്കർ ഭൂമി ഇൻഫോപാർക്കിന് ലഭ്യമാക്കി പാർക്ക് വിപുലപ്പെടുത്തുന്ന നടപടിയുടെ തത്സ്ഥിതി അറിയിക്കാമോ; പ്രസ്തുത ഭൂമിയിൽ എന്തെല്ലാം പദ്ധതികളാണ് ഇൻഫോപാർക്ക് വിഭാവന ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) വൈഗാ ത്രെഡിന്റെ ബാക്കി പാട്ട ഭൂമിയായ 30 ഏക്കറിൽ എന്തെല്ലാം പദ്ധതികളാണ് ഇൻഫോപാർക്ക് വിഭാവന ചെയ്യുന്നത്; വ്യക്തമാക്കുമോ; ടി ഭൂമി എപ്പോഴാണ് ഐ.ടി പാർക്കിന് വിപുലീകരണത്തിന് ലഭ്യമാകുന്നതെന്ന് അറിയിക്കുമോ?

(ബി-ഡി) ഇക്കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്.

**കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ**

52(5649) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചുനൽകുന്നതിൽ അകാരണമായ കാലതാമസം നേരിടുന്നതായുള്ള മാധ്യമ റിപ്പോർട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സർക്കാർ അനുവദിച്ചിട്ടുള്ള പുതിയതും ഒഴിവുള്ളതുമായ മുഴുവൻ ലൊക്കേഷനിലേയും അക്ഷയ സംരംഭകരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

(ബി) എങ്കിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് നിലവിൽ പെൻഡിംഗിലുള്ളതെന്ന് അറിയിക്കാമോ?

കോഴിക്കോട് ജില്ലയിലെ 9 ലൊക്കേഷനിലേയ്ക്ക് 175 അപേക്ഷകളും മലപ്പുറം ജില്ലയിലെ 24 ലൊക്കേഷനിലേയ്ക്ക് 707 അപേക്ഷകളും നിലവിൽ പെൻഡിംഗിലുണ്ട്.

(സി) അക്ഷയ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്ന സേവനങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിൽ ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ?

കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുണ്ടായിരുന്ന ദൂരപരിധി 2 കി.മീ എന്നത് പഞ്ചായത്ത് പ്രദേശങ്ങളിൽ 2 കി.മീ ആയി നിലനിർത്തുകയും എന്നാൽ കോർപ്പറേഷനിൽ 1 കി.മീ ആയും

മുനിസിപ്പാലിറ്റിയിൽ 1.5 കി.മീ ആയും കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പഞ്ചായത്തിൽ പരമാവധി 4 അക്ഷയ കേന്ദ്രങ്ങൾ, മുനിസിപ്പാലിറ്റിയിൽ 6 അക്ഷയ കേന്ദ്രങ്ങൾ എന്ന അക്ഷയ കേന്ദ്രങ്ങളുടെ പരമാവധി എണ്ണത്തെ സംബന്ധിച്ച നിബന്ധനയും നീക്കം ചെയ്തിട്ടുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള ദൂരപരിധി പാലിച്ചുകൊണ്ട് അക്ഷയ കേന്ദ്രങ്ങൾക്ക് സാധ്യതയുള്ള ലൊക്കേഷനുകൾ കണ്ടെത്തി പട്ടിക സമർപ്പിക്കുന്നതിന് ജില്ലാ ഓഫീസുകൾക്കാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നിലവിൽ ലഭിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

നിലവിൽ ലഭിച്ച അപേക്ഷകൾ സർക്കാർ നിഷ്കർഷിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം

53(5650) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് തൊഴിൽ നൽകുന്നതിനായി ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം മുഖേന പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് തൊഴിൽ നൽകുന്നതിനായി ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (ഡി.ഡബ്ല്യു.എം.എസ്) മുഖേന താഴെപ്പറയുന്ന പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ലക്ഷ്യമിടുന്നു.

1. റിമോട്ട് ജോബ്സ് & റിമോട്ട് സ്കിൽ ട്രെയിനിംഗ്
2. വർക്ക് നിയർ ഹോം മോഡൽ
3. കരിയർ ബ്രേക്ക് വനിതകൾക്കുള്ള പ്രോഗ്രാമുകൾ
4. ഭിന്നശേഷിക്കാർക്കുള്ള പ്രോഗ്രാമുകൾ
5. സ്കിൽ ട്രെയിനിംഗ് പ്രോഗ്രാമുകൾ

**1. റിമോട്ട് ജോബ്സ് & റിമോട്ട് സ്കിൽ ട്രെയിനിംഗ് -** കോവിഡാനന്തര കാലഘട്ടത്തിൽ റിമോട്ട് ജോബ്സിനുള്ള വർദ്ധിച്ചുവരുന്ന സാധ്യത കണക്കിലെടുത്ത് ഇത്തരം ജോബുകളെക്കുറിച്ചുള്ള വിവരങ്ങൾ അഭ്യസ്തവിദ്യരിലേയ്ക്ക് എത്തിക്കുകയും അതുവഴി കൂടുതൽ പേരെ റിമോട്ട് ജോബുകളിലേയ്ക്ക് ആകർഷിക്കാനും അത്തരം തൊഴിലവസരങ്ങളിലേയ്ക്ക്

എത്തിക്കാനുംവേണ്ടി ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ റിമോട്ട് ജോബുകളെയും അത്തരം തൊഴിലുകളിലേയ്ക്ക് എത്തിച്ചേരുന്നതിനാവശ്യമായ റിമോട്ട് സ്കിൽ ട്രെയിനിംഗുകളെയും ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**2. വർക്ക് നിയർ ഹോം -** കാലാനുസൃതമായി തൊഴിലിടങ്ങളിൽ സംഭവിക്കുന്ന മാറ്റങ്ങൾ ഏറെ വലുതാണ്. ദൂരെ സ്ഥലങ്ങളിലുള്ള ജോലികൾപോലും സ്വന്തം വീട്ടിൽ ഇരുന്നുകൊണ്ട് ചെയ്യാനാവശ്യമായ ഒരു സാഹചര്യം ഇന്ന് ഏറെ ഉയർന്നുവന്നിട്ടുണ്ട്. ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് വർക്ക് നിയർ ഹോം മോഡലിന് തുടക്കം കുറിച്ചിരിക്കുന്നു. ഇതിനുവേണ്ടി പുതിയ വർക്ക് നിയർ ഹോം സെന്ററുകൾ സർക്കാർ സൃഷ്ടിക്കും. ഇത്തരം വർക്ക് നിയർ ഹോം സെന്ററുകൾ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം മുഖേന ബന്ധിപ്പിക്കും. റിമോട്ട് ജോബിൽ ഏർപ്പെടുന്നവർക്ക് ഡി.ഡബ്ല്യു.എം.എസ്. മുഖാന്തരം ഇത്തരം ഫെസിലിറ്റികളെക്കുറിച്ച് അറിയാനും അത്തരം ഫെസിലിറ്റികൾ ഉപയോഗപ്പെടുത്താനും സാധിക്കും. ഇത്തരം വർക്ക് നിയർ ഹോം സെന്ററുകൾ മുഖാന്തരം കൂടുതൽ അഭ്യസ്തവിദ്യരെ പ്രധാനമായും, വനിതകളെ

കൂടുതൽ തൊഴിൽ മേഖലകളിലേയ്ക്ക് സജ്ജമാക്കാനും എത്തിക്കാനും സഹായിക്കുന്നു.

**3. കരിയർ ബ്രേക്ക് വനിതകൾക്കുള്ള പ്രോഗ്രാമുകൾ -** തൊഴിലിടങ്ങളിലേയ്ക്കുള്ള വനിതാ പ്രതിനിധ്യം ഉയർത്തുന്നതിനായി കരിയർ ബ്രേക്ക് വനിതകൾക്കുവേണ്ടിയുള്ള പ്രത്യേക പരിശീലന പരിപാടികളും (സോഫ്റ്റ്സ്കിൽ ട്രെയിനിംഗുകളും വൊക്കേഷണൽ സ്കിൽ ട്രെയിനിംഗുകളും) പ്രത്യേക തൊഴിൽ മേളകളും ഡി.ഡബ്ല്യൂ.എം.എസ്. മുഖാന്തരം സജ്ജമാക്കുന്നു.

**4. ഭിന്നശേഷിക്കാർക്കുള്ള പ്രോഗ്രാമുകൾ -** മെച്ചപ്പെട്ട ജീവിത സാഹചര്യം എല്ലാവർക്കും ഉറപ്പുവരുത്തുന്നതിനും സോഷ്യൽ ഇൻക്ലൂസീവ്നെസ്സിന്റെ ഭാഗമായും ഭിന്നശേഷിക്കാർക്ക് അവരവരുടെ വിദ്യാഭ്യാസ യോഗ്യതയും ശാരീരിക മാനസിക പ്രതിസന്ധികളെയും കണക്കിലെടുത്തുകൊണ്ട് പ്രത്യേക നൈപുണിക പ്രോഗ്രാമുകൾ ഡി.ഡബ്ല്യൂ.എം.എസ്. മുഖേന ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**5. സ്കിൽ ട്രെയിനിംഗ് പ്രോഗ്രാമുകൾ -** വൈജ്ഞാനിക സമൂഹത്തെ വാർത്തെടുക്കുന്നതിനായി വിവിധ തൊഴിൽ മേഖലകളിലെ വിവിധ

തൊഴിലവസരങ്ങളെ കണക്കിലെടുത്ത് ഇൻഡസ്ട്രി പ്രാധാന്യമുള്ള ഒട്ടനവധി സവിശേഷ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ ഡി.ഡബ്ല്യു.എം.എസ്. മുഖാന്തരം അഭ്യസ്തവിദ്യരിലേയ്ക്ക് എത്തിക്കുന്നു.

(ബി) പ്രസ്തുത സിസ്റ്റം മുഖേന എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നതെന്നും നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകാനായെന്നും വ്യക്തമാക്കുമോ?

ഡി.ഡബ്ല്യു.എം.എസ്. മുഖേന 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്. കെ.ഡിസ്കും പാർട്ണർമാരും ചേർന്ന് 33285 തൊഴിലവസരങ്ങൾ നൽകിയിട്ടുണ്ട്. നാളിതുവരെ DWMS-ലൂടെ മാത്രം 12813 തൊഴിലുകൾ നൽകിയിട്ടുണ്ട്.

## സി.എം.ഡി.ആർ.എഫ്. പ്രവർത്തനങ്ങൾ

54(5652) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ സുതാര്യത ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായത്തിനായി cmo.kerala.gov.in എന്ന വെബ് പോർട്ടലിലൂടെ ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ബാങ്ക് അക്കൗണ്ട് നമ്പർ, IFSC Code എന്നിവ ശരിയാണെന്നും വില്ലേജ് ഓഫീസർ പരിശോധിച്ച് ഉറപ്പുവരുത്തുന്നു. മതിയായ രേഖകളില്ലാത്തപക്ഷം അപേക്ഷകനുമായി ബന്ധപ്പെട്ട് കുറവുള്ള രേഖകൾ ശേഖരിച്ച്, സാധുവായ അപേക്ഷ തഹസിൽദാർക്ക് കൈമാറുന്നു. വില്ലേജ് ഓഫീസുകളിൽനിന്ന് പരിശോധനയ്ക്കുശേഷം ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ തഹസിൽദാർ, ജില്ലാ കളക്ടർ എന്നിവർ സൂക്ഷ്മ പരിശോധന നടത്തി, അപാകതകൾ ബന്ധപ്പെട്ട തലത്തിൽ പരിഹരിച്ച് 10,000/- രൂപ വരെയുള്ള ചികിത്സാ സഹായം ജില്ലാ കളക്ടർ അനുവദിക്കുന്നു. ധനസഹായത്തിന് അർഹതയില്ലെന്ന് കാണുന്നവ നിരസിക്കുന്നു. ചികിത്സ ചെലവേറിയ മാരകരോഗങ്ങളായ ക്യാൻസർ, വൃക്ക സംബന്ധമായ അസുഖങ്ങൾ, ഹൃദ്രോഗം കൂടാതെ അപകട മരണം, തീപിടുത്തംമൂലം വാസഗൃഹം നഷ്ടപ്പെട്ടവർക്കുള്ള ധനസഹായം, പ്രകൃതിക്ഷോഭംമൂലം ബോട്ട്, വള്ളം, വല എന്നിവ നഷ്ടപ്പെട്ടവർക്കുള്ള ധനസഹായം എന്നിങ്ങനെയുള്ള അപേക്ഷകൾ ഓൺലൈനായി ജില്ലാ

കലക്ടർ സർക്കാരിലേയ്ക്ക് അയയ്ക്കുന്നു. പ്രസ്തുത അപേക്ഷകളിൽ രോഗത്തിന്റെ കാഠിന്യവും തീവ്രതയും മെഡിക്കൽ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന ചെലവും അനുബന്ധ രേഖകളും പരിശോധിച്ച് ആനുപാതികമായ ധനസഹായമാണ് അനുവദിക്കുന്നത്. മറ്റുള്ളവയിൽ നിലവിലുള്ള വ്യവസ്ഥയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നു. സ്പെഷ്യൽ സെക്രട്ടറിതലത്തിൽ പരമാവധി 15000 രൂപയും റവന്യൂ വകുപ്പുമന്ത്രിതലത്തിൽ 25000 രൂപയും മുഖ്യമന്ത്രിതലത്തിൽ 3 ലക്ഷം രൂപയും അനുവദിക്കുന്നുണ്ട്. ഇങ്ങനെ വിവിധ തലങ്ങളിൽ അനുവദിക്കപ്പെടുന്ന തുക ഉത്തരവായശേഷം DBT മുഖേന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. അപേക്ഷ സ്വീകരിക്കുന്നതുമുതൽ അപേക്ഷ തീർപ്പാക്കുന്നതുവരെയുള്ള അപേക്ഷയുടെ ഓരോ നീക്കവും സംബന്ധിച്ച വിവരം അപേക്ഷകന്റെ മൊബൈൽ നമ്പറിലേയ്ക്കും ഇ-മെയിലിലേയ്ക്കും സന്ദേശം അയയ്ക്കുന്നുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വിവരാവകാശനിയമം, എ.ജി.യുടെ ആഡിറ്റ്, നിയമസഭയുടെ സൂക്ഷ്മ പരിശോധന എന്നിവയ്ക്ക് ബാധകവുമാണ്.

(ബി) പ്രസ്തുത നിധിവഴി തുക നൽകാനുള്ള അധികാരം ആർക്കൊക്കെയാണെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിവഴി തുക അനുവദിക്കാനുള്ള അധികാരങ്ങൾ മുഖ്യമന്ത്രി, റവന്യൂ & ഭവന നിർമ്മാണ വകുപ്പുമന്ത്രി, റവന്യൂ സ്പെഷ്യൽ സെക്രട്ടറി, ജില്ലാ കളക്ടർ എന്നവരിൽ നിക്ഷിപ്തമാണ്. ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുകൾ 03-09-2016-ലെ സ.ഉ.(കൈ) നമ്പർ 492/2016/റവ, 05-02-2018-ലെ സ.ഉ.(കൈ) നമ്പർ 44/2018/റവ എന്നിവയുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. മൂന്നുലക്ഷം രൂപയിൽ കൂടുതലുള്ള ധനസഹായം മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെയാണ് നൽകുന്നത്. ഇതുകൂടാതെ തീപിടുത്തത്തിൽ വാസഗൃഹം നഷ്ടപ്പെടുന്നവർക്ക് നഷ്ടത്തിന്റെ ശതമാനത്തോത് കണക്കാക്കി നാല് ലക്ഷം രൂപ വരെ മുഖ്യമന്ത്രി തലത്തിൽ അനുവദിച്ചുവരുന്നു.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിവഴി അനർഹരായവർക്ക് തുക ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

25-05-2016-ൽ സർക്കാർ അധികാരത്തിൽവരുമ്പോൾ 29,930 പേരുടെ അപേക്ഷകളിൽ ദുരിതാശ്വാസ നിധിയിൽനിന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും തുക അനുവദിക്കപ്പെടാത്തതായി ഉണ്ടായിരുന്നു.

2016 ജൂൺ മാസം മുതൽ തന്നെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള അപേക്ഷകൾക്കായി വെബ്സൈറ്റ് മുഖേനയോ, അക്ഷയ കേന്ദ്രങ്ങൾ വഴിയോ നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്ന സംവിധാനം ഏർപ്പെടുത്തി. ചികിത്സാ സഹായത്തിനുള്ള അപേക്ഷകൾ ലഭിച്ചതിൽ ചിലതെങ്കിലും യഥാർത്ഥ അപേക്ഷകൻ തയ്യാറാക്കിയവയല്ലെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ അനർഹർ നേടിയെടുക്കുന്നതായി സംശയത്തെ തുടർന്ന് എല്ലാ ജില്ലാ കളക്ടറേറ്റുകളിലെയും ബന്ധപ്പെട്ട സെക്ഷനുകളിൽ മിന്നൽ പരിശോധന നടത്തുകയുണ്ടായി. പരിശോധനയുടെ അടിസ്ഥാനത്തിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പഴുതടച്ചുള്ള സംവിധാനമൊരുക്കാനും തീരുമാനിച്ചിട്ടുണ്ട്.

## ദുരിതാശ്വാസ നിധി

55(5653) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്നും എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ (25-05-2016 മുതൽ 28-02-2023 വരെ) 7371.16 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് വിതരണം ചെയ്തിട്ടുണ്ട്. 741137 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷയിന്മേൽ തീർപ്പ് കൽപ്പിക്കാനുണ്ടെന്നും വിശദമാക്കാമോ?

പ്രസ്തുത കാലയളവിൽ ദുരിതാശ്വാസ നിധിയിലേക്കുള്ള 226760 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്, 12151 അപേക്ഷയിൻമേൽ തീർപ്പ് കൽപ്പിക്കാനുണ്ട്.

(സി) അപേക്ഷ ലഭിക്കുന്നത് മുതൽ തീർപ്പാക്കും വരെ എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചുവരുന്നതെന്നും എത്ര ദിവസം കൊണ്ട് അപേക്ഷകൾ തീർപ്പ് കൽപ്പിക്കാനാകുമെന്നും വിശദമാക്കാമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ വില്ലേജ് ഓഫീസർ അന്വേഷണം നടത്തി തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അർഹമായ അപേക്ഷകളിൽ തഹസിൽദാർ ധനസഹായം അനുവദിക്കുന്നതിനുള്ള ശിപാർശസഹിതം അപേക്ഷകൾ ജില്ലാ കലക്ടർക്ക് സമർപ്പിക്കുകയും തഹസിൽദാറുടെയും വില്ലേജ് ഓഫീസറുടെയും റിപ്പോർട്ടുകളും അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന രേഖകളും മറ്റും പരിശോധിച്ച് ജില്ലാ കലക്ടർ തലത്തിൽ അനുവദിക്കാവുന്ന 10000/- രൂപ വരെയുള്ള ചികിത്സാ ധനസഹായം ജില്ലാ കലക്ടർ അനുവദിക്കുകയും ചികിത്സ ചെലവേറിയ ക്യാൻസർ, ഹൃദ്രോഗം, വൃക്ക സംബന്ധമായ മാരക രോഗങ്ങൾ, അപകട മരണം, തീപിടുത്തം, പ്രളയം. പ്രകൃതി ദുരന്തം എന്നിവമൂലമുള്ള നാശനഷ്ടങ്ങൾ എന്നിവയിൽ അർഹമായ ധനസഹായം അനുവദിക്കുന്നതിന് ജില്ലാ കലക്ടർ സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുകയും ചെയ്യുന്നു. അനർഹമായ അപേക്ഷകൾ നിരസിക്കുകയും ചെയ്യുന്നു. ചികിത്സാ സഹായത്തിനായുള്ള അപേക്ഷകളിൽ രോഗത്തിന്റെ തീവ്രതയും കാഠിന്യവും മെഡിക്കൽ സർട്ടിഫിക്കറ്റിലെ ചെലവായ തുകയും മറ്റ് ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് ആനുപാതികമായ ആശ്വാസ ധനസഹായമാണ് സർക്കാർ അനുവദിക്കുന്നത്. CMDRF-ന്റെ ചുമതലയുള്ള സ്പെഷ്യൽ സെക്രട്ടറി തലത്തിൽ 15000/- രൂപയും റവന്യൂ വകുപ്പുമന്ത്രി തലത്തിൽ 25000/-

രൂപയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിതലത്തിൽ 3 ലക്ഷം രൂപയും അനുവദിക്കുന്നുണ്ട്. വിവിധ തലങ്ങളിൽ അനുവദിക്കുന്ന തുക ഉത്തരവായശേഷം DBT മുഖേന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ എത്തിച്ചേരുകയാണുള്ളത്. അപകട മരണങ്ങൾക്ക് നിയമപരമായ അവകാശിക്ക് ഒരു ലക്ഷം രൂപയും തീപിടുത്തത്തിൽ വാസഗൃഹം നഷ്ടപ്പെട്ടവർക്ക് നഷ്ടത്തിന്റെ ശതമാന തോത്, നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് പരമാവധി 4 ലക്ഷം രൂപയും അനുവദിക്കുന്നുണ്ട്. അപേക്ഷകൾ പൂർണ്ണമായും ഓൺലൈനായാണ് കൈകാര്യം ചെയ്യുന്നത്. അപാകതകൾ പരിഹരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് പരമാവധി വേഗത്തിൽ അപേക്ഷകൾ തീർപ്പാക്കിവരുന്നു. അർഹതയുള്ള എല്ലാ അപേക്ഷകളിലും 100 മണിക്കൂറിനുള്ളിൽ സഹായധനം അവരുടെ അക്കൗണ്ടുകളിൽ ലഭ്യമാക്കുക എന്ന ലക്ഷ്യമാണ് സർക്കാരിനുള്ളത്. അത് നിറവേറ്റാനുള്ള സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്തിവരികയുമാണ്.

## ഒറ്റപ്പാലം മണ്ഡലത്തിൽ അനുമതി നൽകിയ റോഡ് നിർമ്മാണ പ്രവൃത്തികൾ

56(5654) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2023 വരെ ദുരന്ത നിവാരണ വകുപ്പ് ഫ്ലഡ് പ്രവൃത്തി ഇനത്തിൽ ഒറ്റപ്പാലം മണ്ഡലത്തിൽ അനുമതി നൽകിയ റോഡ് നിർമ്മാണ പ്രവൃത്തികളുടെ പട്ടികയും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ അനുമതിയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

(എ&ബി) ലഭ്യമായ വിവരം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു+.

## കാലാവസ്ഥാ വ്യതിയാനം

57(5655) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതികഠിനമായ പകൽച്ചൂടും രാത്രികളിൽ മുൻകാലങ്ങളെ അപേക്ഷിച്ച് തണുപ്പ് കൂടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം മാറിമാറി വരുന്ന കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം, 1901 മുതൽ 2022 വരെയുള്ള ദീർഘകാല കാലയളവിലെ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടത്തിയ പഠനത്തിൽ സംസ്ഥാനത്തിന്റെ കൂടിയതും കുറഞ്ഞതുമായ ശരാശരി വാർഷിക താപനിലയിൽ ഗണ്യമായ വർദ്ധന പ്രവണത കാണിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. സമീപ ദശകങ്ങളിൽ വർദ്ധിച്ച ചൂടിന്റെ തോതിനൊപ്പം പകൽ (പരമാവധി) താപനില മാത്രമല്ല വർദ്ധിക്കുന്നത്, രാത്രി സമയങ്ങളിലെ (കുറഞ്ഞത്) താപനിലയും വർദ്ധിച്ചുവരുന്ന പ്രവണതകൾ കാണിക്കുന്നു. കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം തയ്യാറാക്കി പുറത്തിറക്കിയ " Statement on Climate for the State of Kerala 2022" എന്ന സമീപകാല റിപ്പോർട്ട് (അനുബന്ധമായി ചേർക്കുന്നു+) പ്രകാരം സംസ്ഥാനത്തെ താപനില മാറ്റങ്ങൾ സംബന്ധിച്ച ചില പ്രധാന കണ്ടെത്തലുകൾ നടത്തിയിട്ടുണ്ട്. ആയത് അനുബന്ധമായി + ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത സാഹചര്യത്തിൽ ജനങ്ങൾ സ്വീകരിക്കേണ്ട മുൻ കരുതൽ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ദുരന്ത നിവാരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

2023 ഫെബ്രുവരി 24 മുതൽ വേനൽ ചൂടിൽ പൊതുജനങ്ങൾ പാലിക്കേണ്ട സുരക്ഷാ നിർദ്ദേശങ്ങൾ സംസ്ഥാന ദുരന്ത നിവാരണ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+

അതോറിറ്റി പുറപ്പെടുവിച്ചുവരുന്നു. ഇവ ദൃശ്യ, ശ്രവ്യ, പത്ര, സാമൂഹിക മാധ്യമങ്ങൾവഴി നല്ല രീതിയിൽ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കാൻ സാധിച്ചിട്ടുണ്ട്. മുഖ്യധാരാ മാധ്യമങ്ങളുൾപ്പെടെ ദുരന്ത നിവാരണ അതോറിറ്റിയുടെ മുൻകരുതൽ നിർദ്ദേശങ്ങൾ ജനങ്ങളിലേയ്ക്കെത്തിക്കാൻ സഹകരിച്ചിട്ടുണ്ട്. മുൻകരുതൽ നിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം III+ ആയി ചേർത്തിരിക്കുന്നു.

**പ്രളയ ദുരിതാശ്വാസമായി അനുവദിച്ച തുക**

58(5656) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ ശ്രീ. എം. ഗോവിന്ദൻ, മുണ്ടാടൻ ഹൗസ്, പടിയൂർ എന്ന വ്യക്തിക്ക് അനുവദിച്ച തുക ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

+

(ബി) സർക്കാർ അനുവദിച്ച തുക ലഭ്യമാക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; പ്രസ്തുത തുക അടിയന്തരമായി അപേക്ഷകന് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

2019-ലെ പ്രളയത്തിൽ ഇരിട്ടി താലൂക്ക് പരിധിയിൽ ശ്രീ. എം. ഗോവിന്ദന് അനുവദിച്ച ധനസഹായം പറവൂർ താലൂക്കിലെ ശ്രീ. സുനിൽകുമാർ വി. ടി, വള്ളുനര, പറവൂർ താലൂക്ക്, എറണാകുളം ജില്ല എന്ന ആളുടെ അക്കൗണ്ടിലേയ്ക്ക് മാറി ക്രെഡിറ്റായത് പരിശോധനയിൽ കണ്ടെത്തിയതിനെ തുടർന്ന് ശ്രീ. സുനിൽകുമാർ വി. ടി. യിൽനിന്നും തുക ഈടാക്കി ശ്രീ. എം. ഗോവിന്ദന്റെ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

## ശബരിമല എയർപോർട്ട്

59(5657) <u>ശ്രീ. തോമസ് കെ. തോമസ്</u>:
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>:
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>:
<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമല വിമാനത്താവളം യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിയുടെ ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (ടി.ഇ.എഫ്.ആർ) പൂർത്തീകരിക്കുകയും അത് പദ്ധതിയുടെ സൈറ്റ് ക്ലിയറൻസിനുവേണ്ടി 2022 ജൂൺ മാസം കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് (MoCA) സമർപ്പിക്കുകയും മന്ത്രാലയത്തിന്റെ സജീവ പരിഗണനയിലുമാണ്. 2022 നവംബർ മാസം ഡൽഹിയിൽവച്ച് കേന്ദ്ര വ്യോമയാന സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഗ്രീൻ ഫീൽഡ് വിമാനത്താവളങ്ങൾക്കായുള്ള സ്റ്റിയറിംഗ് കമ്മിറ്റി യോഗം കൂടുകയും ശബരിമല വിമാനത്താവള പദ്ധതിയുടെ 'സൈറ്റ് ക്ലിയറൻസ്' അനുമതി അപേക്ഷയിന്മേൽ ചർച്ച നടക്കുകയും ചെയ്തു. പദ്ധതിയെ സംബന്ധിച്ച് അതിന്റെ നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി-യോട് വ്യോമയാന മന്ത്രാലയം ആവശ്യപ്പെട്ട സ്പഷ്ടീകരണങ്ങൾ സമയബന്ധിതമായി നൽകിയിട്ടുമുണ്ട്. പദ്ധതിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി (സൈറ്റ് ക്ലിയറൻസ്) ഉടൻ ലഭ്യമാകുമെന്ന് കരുതുന്നു. പദ്ധതിയുടെ പാരിസ്ഥിതിക ആഘാത പഠനം നടന്നുവരുന്നു. ഇത് സമയബന്ധിതമായി പൂർത്തിയാക്കി പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനുള്ള നടപടികളും

സ്വീകരിച്ചുവരുന്നു. ചെറുവള്ളി എസ്റ്റേറ്റിലും എസ്റ്റേറ്റിനുപുറത്ത് കുറച്ച് അധിക ഭൂമിയിലുമായി ഏകദേശം 2570 ഏക്കർ സ്ഥലത്താണ് വിമാനത്താവളം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടി സർക്കാർ ആരംഭിച്ചിട്ടുണ്ട്. 2013-ലെ ഭൂമിയേറ്റെടുക്കൽ നിയമപ്രകാരം 4(1) വിജ്ഞാപനം പുറപ്പെടുവിച്ച് സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്താനും പ്രസ്തുത പഠന റിപ്പോർട്ട് വിലയിരുത്താൻ ഒരു വിദഗ്ധ സമിതി രൂപീകരിക്കാനും ഉത്തരവായിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി)-യെ നിയോഗിച്ചു. പ്രസ്തുത വിമാനത്താവളത്തിന്റെ നിർമ്മാണത്തിനും നടത്തിപ്പിനുമായി ഒരു കമ്പനി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) രൂപീകരിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചുവരുന്നു.

## ആഭ്യന്തര സർവീസുകൾ വർദ്ധിപ്പിക്കുന്നതിനും കാർഗോ സർവ്വീസ് ആരംഭിക്കുന്നതിനും നടപടി

60(5658) <u>ശ്രീ. ടി. വി. ഇബ്രാഹിം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിപ്പൂരിലെ കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും കാർഗോ വിമാന സർവ്വീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്നും ഉറപ്പ് ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വിമാനത്താവളത്തിൽനിന്നും കാർഗോ വിമാന സർവ്വീസ് ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഇന്ത്യയുടെ ഓപ്പൺ സ്കൈ നയത്തിൽ വ്യോമയാന മന്ത്രാലയം അടുത്തിടെ നടത്തിയ മാറ്റങ്ങൾമൂലം കേരളത്തിലെ വിമാനത്താവളങ്ങളിൽ നിന്നുള്ള ഷെഡ്യൂൾചെയ്ത വിദേശ കാർഗോ ഫ്ലൈറ്റുകളും ഇന്ത്യൻ കാർഗോ ഫ്ലൈറ്റുകളും പ്രവർത്തനം നിർത്തിയത് കേരളത്തിന് തിരിച്ചടിയായി എന്ന കാര്യം 18-10-2022-ന് ന്യൂ ഡൽഹിയിൽ നടന്ന സിവിൽ ഏവിയേഷൻ മന്ത്രിമാരുടെ കോൺഫറൻസിൽ കേരളം ഉന്നയിക്കുകയും സെപ്റ്റംബർ 2020-നുമുമ്പ് നിലനിന്നിരുന്ന ഓപ്പൺ സ്കൈ നയത്തിലേയ്ക്ക് മാറണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കോൺഫറൻസിൽ കേരളം മുന്നോട്ടുവച്ച ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

## പയ്യന്നൂർ മണ്ഡലത്തിൽ ഇൻലാൻഡ് നാവിഗേഷൻ മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികൾ

61(5659) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിൽ ഇൻലാൻഡ് നാവിഗേഷൻ മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

പയ്യന്നൂർ മണ്ഡലത്തിൽ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. രാമന്തളി പഞ്ചായത്തിൽ വളപട്ടണം - കൊറ്റി ജലപാതയിൽ പുതിയ പുഴക്കര പാലത്തിന് തെക്ക് ഭാഗത്തും വടക്ക് ഭാഗത്തുമായി യഥാക്രമം 30 ലക്ഷം രൂപയുടെയും 45 ലക്ഷം രൂപയുടെയും പാലക്കോട് പെരുമ്പ പുഴയുടെ ഇടത് കര സംരക്ഷണ പ്രവൃത്തി.

2. വളപട്ടണം - കൊറ്റി നാവിഗേഷൻ റൂട്ടിൽ പാലക്കോട് പെരുമ്പ പുഴയിൽ മുട്ടം മുതൽ കൊറ്റി വരെയും ഫീഡർ റൂട്ടിൽ ചങ്കുരിച്ചാൽ റൂട്ടിൽ പെരുമ്പ വരെയും പുഴയുടെ ആഴംകൂട്ടൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - 18.20 ലക്ഷം.

3. നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസം പുന്നക്കടവ് ബോട്ട് ജെട്ടി നിർമ്മാണം - 175 ലക്ഷം (പ്രവൃത്തി പൂർത്തീകരിച്ചു).

4. പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽ ടൂറിസം വകുപ്പിന്റെ ഫണ്ടുപയോഗിച്ച് ഒരു ബോട്ട് ടെർമിനൽ നിർമ്മിച്ചിട്ടുണ്ട്.

## കൊല്ലം കനാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

62(5660) <u>ശ്രീ. എം. മുകേഷ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കനാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എപ്രകാരമാണ് പുരോഗമിക്കുന്നതെന്നതിന്റെ വിശദാംശം റീച്ചുകൾ തിരിച്ച് ലഭ്യമാക്കുമോ?

പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുവേണ്ടി 7.86 കി.മീ. നീളമുള്ള കൊല്ലം തോടിനെ പ്രവൃത്തി സൗകര്യാർത്ഥം 6 റീച്ചുകളായി തിരിച്ചിരുന്നു.

റീച്ച്-1- ഇരവിപുരം ബോട്ടുജെട്ടി മുതൽ ഇരവിപുരം പാലം വരെ

റീച്ച്-2- ഇരവിപുരം ബോട്ടുജെട്ടി മുതൽ കച്ചിക്കടവ് വരെ

റീച്ച്-3- കച്ചിക്കടവ് മുതൽ ജലകേളീകേന്ദ്രം വരെ

റീച്ച്-4- ജലകേളീകേന്ദ്രം മുതൽ പള്ളിത്തോട്ടം വരെ

റീച്ച്-5– പള്ളിത്തോട്ടം മുതൽ കല്ലുപാലം വരെ

റീച്ച്-6– കല്ലുപാലം മുതൽ അഷ്ടമുടി മൗത്ത് വരെ

റീച്ച് 1, 4, 5 എന്നിവയുടെ പ്രവൃത്തി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (KSCC)-നെ ഏൽപ്പിച്ചെങ്കിലും വിഭാവന ചെയ്ത രീതിയിൽ പൂർത്തീകരിക്കാത്തതിനാൽ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തു. നിലവിൽ 1,4,5 റീച്ചുകൾ സഞ്ചാര യോഗ്യമാണ്. റീച്ച് 2-ന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും സഞ്ചാര യോഗ്യവുമാണ്. റീച്ച് 3-ൽ 2.583 കി.മീ. നീളത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കാനുള്ള പ്രവൃത്തി നടപ്പിലാക്കുന്നതിനായി സൈറ്റ് 04-06-2018-ൽ കൈമാറിയെങ്കിലും കരാറുകാരൻ കേവലം 20 ശതമാനം പ്രവൃത്തി മാത്രമേ പൂർത്തീകരിച്ചുള്ളൂ എന്നതിനാൽ കരാറുകാരനെ അദ്ദേഹത്തിന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്യുകയും പ്രവൃത്തി പുനഃക്രമീകരിക്കുകയും ചെയ്തു. അതിൻപ്രകാരമുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത കനാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അനിശ്ചിതമായി നീളുന്നതിനാൽ പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൊല്ലം തോട് റീച്ച് 3-ന്റെ പ്രവൃത്തി പുരോഗതിയിലാണ്. ടി റീച്ച് ഒഴികെ മറ്റ് റീച്ചുകൾ സഞ്ചാരയോഗ്യമാണ്.

## ദേശീയ ജലപാതയുടെ ഓരത്തുള്ള അനധികൃത നിർമ്മാണങ്ങൾ നീക്കുന്നതിന് നടപടി

63(5661) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചവറ മണ്ഡലത്തിലെ കോവിൽതോട്ടം മുതൽ ചവറ ജംഗ്ഷൻ വരെ ദേശീയ ജലപാതയുടെ ഓരത്തുള്ള സർക്കാർ വക ഭൂമിയിൽ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ നീക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ചവറ ഗ്രാമപഞ്ചായത്തിൽ ചവറ പാലത്തിന് അടിവശത്ത് പശ്ചിമതീര ജലപാതയുടെ തീരപ്രദേശം അനധികൃതമായി കയ്യേറി ഷെഡ് നിർമ്മിച്ച് അറവുശാല പ്രവർത്തിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഷെഡ് പൊളിച്ചുമാറ്റുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്.

## ഓൺലൈൻ മാധ്യമങ്ങൾക്ക് പി.ആർ.ഡി. പ്രസ് റിലീസ് മുഖേന അറിയിപ്പുകൾ നൽകാൻ നടപടി

64(5662) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ആർ.ഡി. പ്രസ് റിലീസ് മുഖേന നൽകുന്ന അറിയിപ്പുകൾ അടങ്ങുന്ന ഇ-മെയിലുകൾ പി.ആർ.ഡി. അംഗീകൃത മീഡിയാ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മാത്രമേ നൽകാവൂയെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

നിഷ്കർഷിച്ചിട്ടില്ല.

(ബി) അംഗീകൃത മീഡിയാ ലിസ്റ്റിൽ ഉൾപ്പെട്ട അച്ചടി, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾക്കുപുറമേ ഓൺലൈൻ മീഡിയ പ്രസ്തുത ഇ-മെയിലുകൾ ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ നിലവിൽ എത്ര അപേക്ഷകൾക്ക് അനുവാദം നൽകാതെയുണ്ടെന്ന് അറിയിക്കാമോ?

ഈ വിഷയവുമായി ബന്ധപ്പെട്ട് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

(സി) പി.ആർ.ഡി. റിലീസുകൾ ഭൂരിഭാഗവും പൊതുജനങ്ങൾക്കുള്ള അറിയിപ്പുകളായതിനാൽ ഓൺലൈൻ മാധ്യമങ്ങൾക്കുകൂടി ഇവ ഇ-മെയിലായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## പ്രവാസികളുടെ പുനരധിവാസത്തിനുള്ള പദ്ധതികൾ

65(5663) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവാസികളുടെ പുനരധിവാസത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; ഓരോ പദ്ധതിക്കും എത്ര രൂപ വീതം ചെലവഴിച്ചെന്നും എത്ര പേർക്ക് അതിന്റെ പ്രയോജനം ലഭിച്ചെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവാസി ഭദ്രതാ - പേൾ:- അവിദഗ്ദ്ധ തൊഴിൽ മേഖലയിൽനിന്നുള്ള കുറഞ്ഞ വരുമാന പരിധിയിൽപ്പെട്ടവർക്കായി കുടുംബശ്രീ മുഖാന്തരം ഒരാൾക്ക് പരാമാവധി 2 ലക്ഷം രൂപ പലിശരഹിത വായ്പ നൽകുന്ന പദ്ധതി.

പ്രവാസി ഭദ്രതാ - മൈക്രോ:- ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി കെ.എസ്.എഫ്.ഇ/കേരള ബാങ്ക് മുഖാന്തരം

ഒരാൾക്ക് പരമാവധി 5 ലക്ഷം രൂപ വായ്പയ്ക്ക്, പരമാവധി 1 ലക്ഷം രൂപ മൂലധന സബ്സിഡി + 3 ശതമാനം പലിശ സബ്സിഡി.

പ്രവാസി ഭദ്രതാ - മെഗാ:- വ്യവസായ സംരംഭങ്ങൾക്കായി കെ.എസ്.ഐ.ഡി.സി. മുഖാന്തരം - ഒരാൾക്ക് പരമാവധി 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് 3.5 ശതമാനം പലിശ സബ്സിഡി.

നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM):- സ്വയം തൊഴിൽ സംരംഭങ്ങൾ (30 ലക്ഷം രൂപ വരെ പദ്ധതി തുക വരുന്ന സംരംഭങ്ങൾ) ആരംഭിക്കുന്നതിന് 18 പൊതുമേഖലാ ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പാ സൗകര്യം (ഒരാൾക്ക് പരമാവധി 30 ലക്ഷം രൂപ വായ്പയ്ക്ക് പരമാവധി 3 ലക്ഷം രൂപ മൂലധന സബ്സിഡി + 3 ശതമാനം പലിശ സബ്സിഡി) നൽകുന്ന പദ്ധതി.

2021- 22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 14166 ഗുണഭോക്താക്കൾക്കായി 71.89 കോടി രൂപ പ്രവാസി ഭദ്രത പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതേ കാലയളവിൽ 1850 ഗുണഭോക്താക്കൾക്കായി 35.23 കോടി രൂപ NDPREM പദ്ധതിക്കായും ചെലവഴിച്ചിട്ടുണ്ട്.

(ബി) മടങ്ങിവരുന്ന പ്രവാസികൾക്കുവേണ്ടി എന്തെല്ലാം നൈപുണ്യ വികസന പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ?

കേരളത്തിലെ യുവതി യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം ഇന്ത്യയ്ക്കകത്തും വിദേശത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ നോർക്ക റൂട്ട്സ് സ്കിൽ അപ്ഗ്രഡേഷൻ & റീഇന്റഗ്രേഷൻ പ്രോഗ്രാം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിശ്ചിത സാങ്കേതിക യോഗ്യതയുള്ളവർക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ നേടാൻ സഹായകമാകുന്ന രീതിയിലുള്ള കോഴ്സുകൾ വിവിധ സർക്കാർ സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തിവരുന്നു. പശ്ചിമേഷ്യൻ രാജ്യങ്ങളിലെ നഴ്സിംഗ് മേഖലയിലെ തൊഴിൽ സാധ്യത മുൻനിർത്തി നഴ്സുമാർക്ക് അതത് രാജ്യങ്ങളിലെ ഗവൺമെന്റ് ലൈസൻസിംഗ് പരീക്ഷകൾ പാസാകുന്നതിന് കേരള സർക്കാർ സ്ഥാപനമായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ അംഗീകൃത സ്ഥാപനമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) മായി സഹകരിച്ച് പ്രത്യേക പരിശീലനം നൽകിവരുന്നു. വിദേശ രാജ്യങ്ങളിൽ ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ മേഖലയിൽ ലഭ്യമാകുന്ന ഉയർന്ന തൊഴിൽ സാധ്യത പരിഗണിച്ച് യുവതൊഴിൽ അന്വേഷകർക്ക് ഈ

മേഖലയിലെ നൂതന സാങ്കേതിക കോഴ്സുകളായ റോബോട്ടിക് പ്രോസസ്സ് ഓട്ടോമേഷൻ, ഫുൾസ്റ്റാക്ക് ഡെവലപ്പർ, ഡാറ്റാ സയൻസ് & അനലിറ്റിക്സ് തുടങ്ങിയ കോഴ്സുകളിൽ ഐ.സി.റ്റി അക്കാദമി ഓഫ് കേരളയുമായി സഹകരിച്ച് പരിശീലനം നൽകിവരുന്നു. കൂടാതെ റീ ഇന്റഗ്രേഷൻ/റീസ്കില്ലിംഗിന്റെ ഭാഗമായി കേരളത്തിലെ യുവതി/ യുവാക്കൾക്കായി IELTS/OET കോഴ്സുകളിൽ നോർക്ക-റൂട്ട്സ് ഐ.സി.റ്റി അക്കാദമി ഓഫ് കേരളയുമായി സഹകരിച്ച് പരിശീലനം നൽകിവരുന്നു. കൂടാതെ യുവജനങ്ങളെ യൂറോപ്യൻ, വടക്കേ അമേരിക്കൻ ഉപഭൂഖണ്ഡങ്ങളിൽ തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുന്നതിലേയ്ക്കായി നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ് എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി സ്ഥാപനം മുഖേന German, Japanese, Spoken Arabic, English (IELTS/OET) എന്നീ ഭാഷകളിൽ പരിശീലനം നൽകുന്നതാണ്. വിദേശ മലയാളികൾക്കും വിദേശത്തുനിന്നും തിരിച്ചെത്തുന്നവർക്കും നിക്ഷേപ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഏകജാലക സംവിധാനമാണ് NBFC [NORKA Business Facilitation Center]. NBFC മുഖാന്തരം സംസ്ഥാനത്ത് സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി സംരംഭകർക്ക് നേരിട്ടുള്ള

കൗൺസലിംഗ്, വിവിധ വകുപ്പുകളുമായിട്ടുള്ള ഏകോപനം, വിവിധ ലൈസൻസുകളും നിയമങ്ങളും, നിക്ഷേപ സാധ്യതയുള്ള മേഖലകളും പരിചയപ്പെടുത്തുന്നതിനാവശ്യമായ സംരംഭകത്വ പരിശീലന പരിപാടികൾ നേരിട്ടും വിദേശത്തുള്ളവർക്കായി ഓൺലൈനായും നടത്തിവരുന്നുണ്ട്.

## പ്രവാസി ക്ഷേമപദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽനിന്നുള്ള സഹായം

66(5664) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പ്രവാസി ക്ഷേമ പദ്ധതികളിൽ കേന്ദ്ര സർക്കാരിൽനിന്നും എന്തെങ്കിലും സഹായം ലഭ്യമാകുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രവാസി ക്ഷേമപെൻഷൻ പദ്ധതിക്കായി ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം കേന്ദ്രത്തിൽനിന്നും ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) കേന്ദ്ര സർക്കാരിൽനിന്നും പ്രവാസി ക്ഷേമപദ്ധതികൾക്ക് യാതൊരു സഹായവും ലഭിക്കുന്നില്ല.

## പ്രവാസി മലയാളികളുടെ തൊഴിൽ വൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്താൻ ഗ്ലോബൽ ഡിജിറ്റൽ പ്ലാറ്റ്ഫോം

67(5665) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ രാജ്യങ്ങളിൽ താമസിക്കുന്ന പ്രവാസി മലയാളികളുടെ തൊഴിൽ വൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്താൻ ഗ്ലോബൽ ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതുവഴി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ?

പരിഗണനയിലുണ്ട്. നിലവിൽ വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസി മലയാളികൾ, ഉപരിപഠനത്തിനായി വിദേശങ്ങളിൽ കഴിയുന്ന വിദ്യാർത്ഥികൾ എന്നിവരുടെ കൃത്യമായ വിവരം ലഭ്യമല്ല. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രവാസികളുടെ നൈപുണ്യവും അനുഭവ സമ്പത്തും നാടിന്റെ വളർച്ചക്കും വികസനത്തിനും ഉതകുന്ന രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനും ഭാവിയിൽ പ്രവാസികൾക്കായി കൂടുതൽ പദ്ധതികൾ തയ്യാറാക്കാനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുവാനും ആവശ്യമായ വിവര ശേഖരണമാണ് ഡിജിറ്റൽ ഡാറ്റാ പ്ലാറ്റ്ഫോം. പ്രതിസന്ധി ഘട്ടങ്ങളിൽ പ്രവാസി മലയാളികളിലേയ്ക്ക് നേരിട്ട്

എത്തിപ്പെടുവാൻ ഇത് അനിവാര്യമായതിനാലാണ് ലോക കേരളസഭയുടെ കൂടി ശിപാർശയുടെ അടിസ്ഥാനത്തിൽ ഡിജിറ്റൽ ഡാറ്റാ പ്ലാറ്റ്ഫോം എന്ന സ്ഥിരം സംവിധാനം രൂപീകരിക്കുന്നത്.

(ബി) നോർക്ക, കേരള പ്രവാസി ക്ഷേമബോർഡ് വഴി മാത്രമാണോ സാമ്പത്തിക സഹായം നൽകാറുള്ളത്; കഴിഞ്ഞ മൂന്ന് വർഷ കാലയളവിനുള്ളിൽ പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക എത്രയാണെന്ന് ഇനം തിരിച്ച് ലഭ്യമാക്കാമോ?

കേരളീയ പ്രവാസികാര്യ വകുപ്പിന്റെ ഭരണ നിർവ്വഹണത്തിൻകീഴിലുള്ള സ്ഥാപനങ്ങളായ നോർക്ക റൂട്ട്സ്, കേരള പ്രവാസി ക്ഷേമബോർഡ് എന്നിവ മുഖാന്തരമാണ് സാമ്പത്തിക സഹായം അനുവദിക്കുന്നത്. കേരളീയ പ്രവാസികാര്യവകുപ്പ് മുഖാന്തരം കഴിഞ്ഞ മൂന്ന് വർഷം പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## മഞ്ചേശ്വരം മണ്ഡലത്തിലെ റസ്റ്റ് സ്റ്റോപ്പ് പദ്ധതി

68(5666) <u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് എന്ന കമ്പനി നടപ്പിലാക്കുന്ന റസ്റ്റ് സ്റ്റോപ്പ് പദ്ധതിയുടെ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

(എ&ബി) ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് (OKIH) എന്ന കമ്പനിയുടെ പ്രഥമ സംരംഭമാണ് ദേശീയ/സംസ്ഥാന പാതയോരത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള വേസൈഡ് അമിനിറ്റീസ് പ്രോജക്ട് അഥവാ 'റെസ്റ്റ് സ്റ്റോപ്പ് പദ്ധതി. ഈ പദ്ധതിയിലൂടെ കേരളത്തിലാകെ 32500 പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നൽകുവാൻ ലക്ഷ്യമിടുന്നു. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽ തലപ്പാടി എന്ന സ്ഥലത്ത് 2.2 ഹെക്ടർ ഭൂമിയിലാണ് ആദ്യ റെസ്റ്റ് സ്റ്റോപ്പ് പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. അന്താരാഷ്ട്ര സവിശേഷതകളും സൗകര്യങ്ങളുമുള്ള റെസ്റ്റ് സ്റ്റോപ്പ് സെന്ററുകളുടെ ഡിസൈൻ ഇതിനകം വികസിപ്പിച്ചെടുത്തിട്ടുണ്ട്.

കൂടാതെ ഭൂമിയുടെ സർവ്വേ, സോയിൽ ടെസ്റ്റിംഗ് തുടങ്ങിയവയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ ലഭ്യമാകുന്ന ഭൗതിക നേട്ടങ്ങൾ എന്നിവ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

മടങ്ങിയെത്തിയ പ്രവാസികളുൾപ്പെടെ തൊഴിലവസരങ്ങൾ ലഭ്യമാക്കാനും പ്രത്യക്ഷമായും പരോക്ഷമായും 32,500 പേർക്ക് തൊഴിൽ നൽകുന്നതിനും ടി പദ്ധതി ലക്ഷ്യമിടുന്നു. കേരളത്തിലെ 14 ജില്ലകളിലായി അന്താരാഷ്ട്ര നിലവാരത്തിലുള്ള 30 റെസ്റ്റ് സ്റ്റോപ്പുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് വിഭാവന ചെയ്തിട്ടുള്ളതെന്നും ആയത് എപ്പോൾ ആരംഭിച്ച് എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

റെസ്റ്റ് സ്റ്റോപ്പ് പദ്ധതിയിൽ ഫുഡ് കോർട്ടുകൾ, സ്റ്റോറുകൾ, പെട്രോൾ സ്റ്റേഷൻ, വാഹന അറ്റകുറ്റപണി കേന്ദ്രം, പോലീസ് എയ്ഡ് പോസ്റ്റ്, ചെറിയ ക്ലിനിക്ക്, വാഷ് റൂമുകൾ എന്നിവ ഉൾപ്പെടുന്നു. ഹ്രസ്വ, ദീർഘദൂര

യാത്രക്കാർക്ക് വിശ്രമത്തിനും വിനോദത്തിനുമുള്ള ഒരു സുരക്ഷിതമായ ഇടമായി ഈ പദ്ധതി വിഭാവന ചെയ്തിരിക്കുന്നു. നടപടിക്രമങ്ങൾ പാലിച്ച് ജില്ലാ അധികൃതർ ഭൂമി കമ്പനിക്ക് കൈമാറുന്ന മുറയ്ക്ക് 10 മാസം കൊണ്ട് പണി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

**കോവിഡ് കാലത്ത് പ്രവാസികൾക്ക് അനുവദിച്ച ധനസഹായം**

69(5667) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരിച്ച പ്രവാസി മലയാളികളുടെ എണ്ണം എത്രയാണെന്നും അവർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായം എത്രയാണെന്നും ആയത് എത്ര പേർക്ക് നൽകിയെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും അറിയിക്കാമോ?

ദേശീയ ദുരന്തനിവാരണ അതോറിറ്റിയും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവും പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകൾ പ്രകാരം വിദേശത്തുവച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് കോവിഡ് എക്സ്ഗ്രേഷ്യക്ക് അർഹതയില്ലാത്തതിനാൽ, വിദേശ രാജ്യങ്ങളിൽവച്ച് കോവിഡ് ബാധിച്ച് മരണമടഞ്ഞ മലയാളികളുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാരിന് കോവിഡ് എക്സ്ഗ്രേഷ്യ അനുവദിക്കുവാൻ നിർവ്വാഹമില്ലാത്ത

അവസ്ഥയാണ്. എന്നാൽ സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് മുഖാന്തരം സാന്ത്വന പദ്ധതിയിലൂടെ അനുവദിക്കുന്ന ഒരു ലക്ഷം രൂപയും പ്രവാസി ക്ഷേമനിധി വഴി അനുവദിക്കുന്ന അൻപതിനായിരം രൂപയും കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബത്തിനും നൽകിവരുന്നു. കൂടാതെ, കോവിഡ്മൂലം മരണമടഞ്ഞ പ്രവാസികളുടെയും തിരിച്ചെത്തിയ പ്രവാസികളുടെയും അവിവാഹിതരായ പെൺമക്കൾക്ക് ആർ.പി ഫൗണ്ടേഷന്റെ സാമ്പത്തിക പിന്തുണയോടെ 25000/- രൂപ വീതം ഒറ്റത്തവണ വിവാഹ ധനസഹായം പ്രവാസി തണൽ പദ്ധതി വഴി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കോവിഡ് കാരണം 2020 മെയ് മുതൽ വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് എത്ര പേർ മടങ്ങിയെത്തിയിട്ടുണ്ടെന്നും അവർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായം എത്രയാണെന്നും ആയത് എത്ര പേർക്ക് നൽകിയെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും അറിയിക്കാമോ;

(സി) കോവിഡ് വ്യാപനത്തെ തുടർന്നുള്ള ലോക്ഡൗണിൽ വിദേശത്തേയ്ക്ക് തിരിച്ചുപോകാൻ കഴിയാതെ തൊഴിൽ നഷ്ടപ്പെട്ടവർ എത്രയെന്നും അവർക്ക് എത്ര ധനസഹായമാണ് നൽകിയതെന്നും ആയത്

എത്ര പേർക്ക് നൽകിയെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും അറിയിക്കാമോ?

(ബി&സി) കോവിഡ് ജാഗ്രത പോർട്ടലിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം 2021 ആഗസ്റ്റ് മാസാവസാനം വരെ 17 ലക്ഷത്തിലധികം പ്രവാസി മലയാളികൾ നാട്ടിൽ മടങ്ങിയെത്തിയിട്ടുണ്ട്. എയർപോർട്ട് അതോറിറ്റി ലഭ്യമാക്കുന്ന വിവരങ്ങൾ പ്രകാരം മെയ് 2020 -ആഗസ്റ്റ് 2021 കാലയളവിൽ കേരളത്തിലെ 4 എയർപോർട്ടുകൾവഴി വിദേശത്തേയ്ക്ക് യാത്ര ചെയ്തവർ 3171844 (മുപ്പത്തിയൊന്ന് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി എണ്ണൂറ്റി നാൽപ്പത്തിനാല്) ആണ്. തിരിച്ചുപോകാൻ ആഗ്രഹിച്ചവരിൽ ഭൂരിഭാഗം പേരും തിരിച്ചുപോയിട്ടുണ്ടെന്ന് മേൽ കണക്ക് പ്രകാരം കരുതാവുന്നതാണ്. കോവിഡ്-19 പശ്ചാത്തലത്തിൽ 2020 ജനുവരി ഒന്ന് മുതൽ വിദേശ രാജ്യങ്ങളിൽനിന്നും സാധുവായ പാസ്പോർട്ട്/തൊഴിൽ വിസ എന്നിവയുമായി നാട്ടിൽ തിരിച്ചെത്തി ലോക്ഡൗൺ കാരണം തൊഴിലിടങ്ങളിലേയ്ക്ക് തിരികെപോകാൻ കഴിയാതെയും ഈ കാലയളവിൽ വിസാ കാലാവധി അധികരിച്ചവരുമായ 134823 പ്രവാസികൾക്ക് 5000/- രൂപ അടിയന്തര ധനസഹായമായി നൽകിയിട്ടുണ്ട്. തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനായി NDPREM, പ്രവാസി ഭദ്രത എന്നീ പദ്ധതികൾ

പ്രകാരം ലോണുകൾക്ക് ക്യാപിറ്റൽ സബ്സിഡി, പലിശ സബ്സിഡി എന്നിവ നൽകിവരുന്നുണ്ട്.

**വിദേശങ്ങളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികളുടെ ഡാറ്റാ ബാങ്ക്**

70(5668) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശങ്ങളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് നോർക്ക വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വിദ്യാർത്ഥികളാണ് നിലവിൽ വിദേശത്ത് പഠിക്കുന്നതെന്ന് അറിയിക്കുമോ?

വിദേശങ്ങളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികളുടെ വിവരശേഖരണത്തിനായി നോർക്ക റൂട്ട്സ്, പ്രവാസി സ്റ്റുഡന്റ്സ് ഐ.ഡി കാർഡ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. 54 വിദേശ രാജ്യങ്ങളിലായി 2034 വിദ്യാർത്ഥികൾ പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) റഷ്യ-യുക്രൈൻ സംഘർഷത്തിന്റെ ഭാഗമായി നാട്ടിലേയ്ക്ക് മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ പഠനം തുടരാൻ സഹായിക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നോർക്ക വകുപ്പ്

എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എത്ര വിദ്യാർത്ഥികൾക്ക് ഇത്തരത്തിൽ തുടർപഠനം സാധ്യമാക്കിയിട്ടുണ്ട്; ഇത് സംബന്ധിച്ച് പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ഈ സെൽ വഴി നടത്തിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

റഷ്യ-യുക്രൈൻ സംഘർഷത്തിന്റെ ഭാഗമായി മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് നോർക്ക റൂട്ട്സിൽ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റിന്റെ സഹകരണത്തോടെ ഇൻഫർമേഷൻ ഫെസിലിറ്റി ആൻഡ് ഗ്രീവൻസ് റിഡ്രസ്സൽ സെൽ പ്രവർത്തിച്ചുവരുന്നുണ്ട്. യുക്രൈനിൽനിന്നും മടങ്ങിയെത്തിയ വിദ്യാർത്ഥികളും രക്ഷാകർത്താക്കളും സെല്ലിന്റെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നുണ്ട്. വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും സർക്കാരിന്റെ പിന്തുണ അറിയിക്കുന്നതിനുമായി വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ഒരു കൺവെൻഷൻ 2022 ഏപ്രിൽ മാസത്തിൽ തിരുവനന്തപുരത്ത് ചേരുകയുണ്ടായി. മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ തുടർ പഠനവുമായി ബന്ധപ്പെട്ട വിഷയത്തിൽ കേന്ദ്ര സർക്കാരും കേന്ദ്ര സർക്കാർ ഏജൻസികളുമാണ് തീരുമാനമെടുക്കേണ്ടത്.

അതിനാൽ ഇവർക്ക് മറ്റ് വിദേശ സർവ്വകലാശാലകളിൽ തുടർപഠനം സാധ്യമാക്കുന്നതിനും യുദ്ധ സാഹചര്യത്തിൽ നഷ്ടപ്പെട്ട വിദ്യാഭ്യാസരേഖകൾ ഉൾപ്പെടെയുള്ള സാധനങ്ങൾ തിരികെ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. യുക്രൈനിലെ മെഡിക്കൽ സർവ്വകലാശാലകളിൽനിന്നും അക്കാദമിക് ട്രാൻസ്ക്രിപ്റ്റുകളും മറ്റ് രേഖകളും വിദ്യാർത്ഥികൾക്ക് തിരികെ ലഭ്യമാക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്താൻ കേന്ദ്ര മാനവശേഷി മന്ത്രാലയത്തോടും യുക്രൈനിലെ ഇന്ത്യൻ എംബസിയോടും അഭ്യർത്ഥിച്ചിട്ടുണ്ട്. പഠനം മുടങ്ങിയ മെഡിക്കൽ വിദ്യാർത്ഥികൾക്ക് ഇന്ത്യയിൽതന്നെ തുടർപഠനം ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതിനും പ്രാക്ടിക്കൽ ട്രെയിനിംഗ്, ഇന്റേൺഷിപ്പ്, ഒബ്സർവർഷിപ്പ് തുടങ്ങിയവ അനുവദിക്കുന്നതിനും മറ്റ് ഇളവുകൾ അനുവദിക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ ദേശീയ മെഡിക്കൽ കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇവർക്ക് വിദ്യാഭ്യാസ ലോൺ അനുവദിക്കുന്ന കാര്യത്തിൽ ഇളവനുവദിക്കാനും വായ്പകൾക്ക് മൊറട്ടോറിയം ഉൾപ്പെടെയുള്ള കാര്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാനും ഇന്ത്യൻ ബാങ്ക്സ് അസോസിയേഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## പൂവാർ പോലീസ് സ്റ്റേഷനിലെ നിയമപാലകർക്കെതിരെയുള്ള വധഭീഷണി

71(5670) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂവാർ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർക്കെതിരെ വധ ഭീഷണി മുഴക്കിയ പ്രതിക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിന്മേലുള്ള റിപ്പോർട്ട് സംസ്ഥാന പോലീസ് ചീഫിന് മുമ്പാകെ റൂറൽ എസ്.പി. സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) പൂവാർ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർക്കെതിരെ വധഭീഷണി മുഴക്കിയതായ സംഭവങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പൂവാറിൽ അനധികൃതമായി ബോട്ട് സർവീസ് നടത്തുന്നവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

അനധികൃതമായി ബോട്ടിംഗ് നടത്തുന്ന ബോട്ടുകൾ പിടിച്ചെടുത്ത് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യുന്നു. ലൈസൻസും മറ്റ് രേഖകളുമില്ലാതെ

സർവ്വീസ് നടത്തുന്നവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടി സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂവാർ, പൊഴിയൂർ പോലീസ് സ്റ്റേഷനുകളിലായി 56 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ അനധികൃതമായി സർവ്വീസ് നടത്തിയ 6 ബോട്ടുകളും എഞ്ചിനുകളും പിടിച്ചെടുത്ത് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) പൂവാറിൽ ഇത്തരത്തിലുള്ള ഗുണ്ടായിസം കാണിക്കുന്നവർക്കെതിരെ നടപടി എടുക്കുന്നതിൽ പോലീസിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ കർശന നിയമ നടപടി സ്വീകരിച്ചിട്ടുണ്ട്.

## പൗരത്വ ഭേദഗതി ബിൽ സമരവുമായി ബന്ധപ്പെട്ട കേസുകൾ പിൻവലിക്കാൻ നടപടി

72(5671) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൗരത്വ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധ സമരവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) അവയിൽ നാളിതുവരെയായി പിൻവലിച്ചിട്ടുള്ള കേസുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ; എങ്കിൽ ബാക്കി കേസുകൾ പിൻവലിക്കാതിരിക്കുന്നതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

(എ&ബി) പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങളിൽ പങ്കെടുത്തവർക്കെതിരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള 835 കേസുകളുടെ ജില്ല തിരിച്ചുള്ള എണ്ണവും അതിൽ സി.ആർ.പി.സി. 321 പ്രകാരം 59 കേസുകൾ പിൻവലിക്കുന്നതിനായി നിരാക്ഷേപ പത്രം നൽകിയിട്ടുള്ളതിന്റെ ജില്ല തിരിച്ചുള്ള എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു+. പൗരത്വ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധസമരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള വിവിധ സംഭവങ്ങളിൽ ഗുരുതരമായ ക്രിമിനൽ സ്വഭാവമില്ലാത്ത കേസുകൾ പിൻവലിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതിന് 26-02-2021-ലെ സ.ഉ.(കൈ)നം.70/2021/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേസുകൾ പിൻവലിക്കുന്നത് ബന്ധപ്പെട്ട കോടതികളാണ്. മറ്റുള്ള കേസുകളും പരിശോധിച്ച് കോടതിയുടെ അനുമതിക്ക് വിധേയമായി പിൻവലിക്കുന്നത് സംബന്ധിച്ച നടപടി എടുത്തുവരുന്നു.

## വനിതാ നേതാവിനെ ആക്രമിച്ച സംഭവം

73(5672) ശ്രീ. റോജി എം. ജോൺ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ പ്രമുഖ രാഷ്ട്രീയ കക്ഷിയുടെ വിദ്യാർത്ഥി സംഘടന വനിതാ നേതാവിനെ പ്രസ്തുത കക്ഷിയുടെ യുവജന സംഘടനയുടെ നേതാവ് ആക്രമിച്ചതായി പറയപ്പെടുന്ന സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത ആക്രമണവുമായി ബന്ധപ്പെട്ട് പോലീസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

(എ &ബി) കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) പ്രസ്തുത കേസിൽ പാർട്ടി ഇടപെട്ട് ഒത്തുതീർപ്പാക്കി എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വിമർശിക്കുന്നതിന് വിലക്ക്

74(5673) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിനെയും മുഖ്യമന്ത്രിയെയും മറ്റ് മന്ത്രിമാരെയും വിമർശിക്കുന്നതിന് വിലക്കേർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ക്രിയാത്മകമായ വിമർശനങ്ങളെ സ്വാഗതം ചെയ്യുകയെന്നതാണ് സർക്കാരിന്റെ സമീപനം.

(ബി) ഇത്തരം വിമർശനം നടത്തിയവർക്കെതിരെ മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

വിമർശനം നടത്തിയെന്നതിന്റെ പേരിൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

**ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്തെ മരം മുറിച്ചതിൽ നടപടി**

75(5674) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് മൈനർ ഇറിഗേഷൻ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ 14-12-2021-ന് തന്റെ സെക്ഷനുകീഴിൽ വരുന്ന മണലൂർ ലിഫ്റ്റ് ഇറിഗേഷൻ മെയിൻ കനാലിന്റെ ഇടതുവശത്തെ കരയിൽ നിന്നിരുന്ന പുളി, പ്ലാവ്, മാവ് എന്നീ മരങ്ങൾ രഹസ്യമായി മുറിച്ച് കൊണ്ടുപോയതിനെപ്പറ്റി അന്തിക്കാട് പോലീസ് സ്റ്റേഷനിൽ നൽകിയിരുന്ന പരാതിയിലെടുത്ത നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ചാവക്കാട് മൈനർ ഇറിഗേഷൻ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ പരാതിയിൽ 14-12-2021-ൽ അന്തിക്കാട് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 836/2021 u/s 379 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് ബഹുമാനപ്പെട്ട തൃശ്ശൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി -2 മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ബി) മരം മുറിച്ചുകടത്തിയ വാഹനം കസ്റ്റഡിയിലെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ?

കണ്ടെത്തിയിട്ടില്ല.

(സി) പ്രസ്തുത മരങ്ങൾ മുറിച്ച് കടത്തിക്കൊണ്ട് പോയവർ ആരൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

കേസിന്റെ സാക്ഷി മൊഴികളിൽനിന്നും മരം മുറിച്ചത് തമിഴ്നാട് സ്വദേശികളാണെന്ന് അറിവായിട്ടുണ്ടെങ്കിലും അന്വേഷണത്തിൽ ഇവരെ കണ്ടെത്താൻ സാധിച്ചിട്ടില്ല. ടോണി, ജോർജ്ജ് എന്നീ വ്യക്തികളുടെ നിർദ്ദേശപ്രകാരമാണ് മരം മുറിച്ച് മാറ്റിയതെന്ന് ലഭിച്ച മൊഴിയുടെ അടിസ്ഥാനത്തിൽ ടി വ്യക്തികൾക്കെതിരെ ബഹുമാനപ്പെട്ട തൃശ്ശൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-2 മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത കുറ്റകൃത്യത്തിലേർപ്പെട്ടവർക്കെതിരെ എടുത്ത നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ബഹുമാനപ്പെട്ട കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

**ക്യാമറകളുടെ പ്രവർത്തനക്ഷമത**

76(5675) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡ് ജംഗ്ഷൻ മുതൽ ക്ലിഫ് ഹൗസ് വരെയുള്ള റോഡിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകളുടെ പ്രവർത്തനക്ഷമത പരിശോധിച്ച് ഉറപ്പുവരുത്താറുണ്ടോ; എങ്കിൽ അവസാനമായി ക്യാമറകൾ പരിശോധിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; മുഴുവൻ ക്യാമറകളും പ്രവർത്തനക്ഷമമാണെന്ന് ഉറപ്പാക്കിയിട്ടുണ്ടോ?

സംസ്ഥാനത്തെ റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകളുടെ പ്രവർത്തനക്ഷമത പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. ക്ലിഫ് ഹൗസ്, ദേവസ്വം ബോർഡ് ജംഗ്ഷൻ മുതലായ സ്ഥലങ്ങൾ അതീവ സുരക്ഷാവലയത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങളാകയാൽ പ്രസ്തുത സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകളുൾപ്പെടെയുള്ള സുരക്ഷാക്രമീകരണങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല;

(ബി) മേൽപ്പറഞ്ഞ ക്യാമറകൾ സ്ഥാപിക്കുന്നതിനായി ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; പ്രസ്തുത റോഡിലൂടെ കടന്നുപോകുന്ന വാഹനങ്ങളുടെ നമ്പരുൾപ്പെടെ തിരിച്ചറിയാൻ കഴിയുന്ന ക്യാമറകളാണോ അവിടെ സ്ഥാപിച്ചിട്ടുള്ളത്; അല്ലെങ്കിൽ അടിയന്തരമായി ക്യാമറകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

തിരുവനന്തപുരം സിറ്റിയിൽ പോലീസ് സേനയുടെ നവീകരണത്തിന്റെ (MoPF) ഭാഗമായി 223 സി.സി.ടി.വി ക്യാമറകൾ തന്ത്രപ്രധാനമായ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ദേവസ്വം ബോർഡ് ജംഗ്ഷനിൽ സ്ഥാപിച്ചിരിക്കുന്ന ക്യാമറകൾ ഇതിലുൾപ്പെട്ടതാണ്. പ്രസ്തുത ക്യാമറകളുടെ ഇൻസ്റ്റലേഷൻ ചാർജ്ജുൾപ്പെടെ ചെലവായ തുക പ്രത്യേകമായി കണക്കാക്കിയിട്ടില്ല. അതീവ സുരക്ഷാ മേഖലയിലുൾപ്പെട്ട പ്രസ്തുത പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്ന ക്യാമറകളുടെ സ്പെസിഫിക്കേഷൻ സുരക്ഷാ കാരണങ്ങളാൽ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

## സംഘങ്ങളുടെ പേരുപയോഗിച്ച് പണപ്പിരിവോ മറ്റ് പ്രവർത്തനങ്ങളോ നടത്തിയാൽ സ്വീകരിക്കുന്ന നിയമ നടപടികൾ

77(5676) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംഘങ്ങളുടെ പരിധിയിൽ ഇതേ പേരുപയോഗിച്ച് ഏതെങ്കിലും വ്യക്തികൾ പണപ്പിരിവോ മറ്റ് പ്രവർത്തനങ്ങളോ നടത്തിയാൽ സ്വീകരിക്കുന്ന നിയമ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംഘങ്ങളുടെ പരിധിയിൽ ഇതേ പേരുപയോഗിച്ച് വ്യാജമായി പണപ്പിരിവോ മറ്റ് പ്രവർത്തനങ്ങളോ നടത്തിയാൽ ഇൻഡ്യൻ ശിക്ഷാ നിയമപ്രകാരവും സ്പെഷ്യൽ ലോക്കൽ ലാ പ്രകാരവും BUDS Act പ്രകാരവും അമിത പലിശ നൽകിയാണ് വായ്പ നൽകുന്നതെങ്കിൽ Kerala Prohibition of Charging Exorbitant Interest Act, The Kerala Money Lenders Act എന്നിവ പ്രകാരവും നിയമനടപടി സ്വീകരിക്കുന്നു.

## കേരള പോലീസ് ആസ്ഥാനത്തെ റോബോട്ട്

78(5677) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസ് ആസ്ഥാനത്തെ റിസപ്ഷനിൽ ഒരു റോബോട്ടിനെ വാങ്ങി റിസപ്ഷനിൽ വിവിധ ഔദ്യോഗിക

ആവശ്യത്തിനായി സ്ഥാപിച്ചിരുന്നോയെന്നും ആയത് ഇപ്പോഴും അവിടെ പ്രവർത്തിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോബോട്ടിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

(എ&ബി) സ്ഥാപിച്ചിരുന്നു. പോലീസ് ആസ്ഥാനത്തെ സന്ദർശകരിൽ കൂടുതലും അവരവരുടെ പരാതി പരിഹാരത്തിനെത്തുന്ന സാധാരണക്കാരായതിനാൽ അവർ പ്രസ്തുത റോബോട്ടിന്റെ സേവനം ഉപയോഗപ്പെടുത്താൻ വിമുഖത കാട്ടിയിരുന്നു. ആയതിനാൽ KP-BOT എന്ന റോബോട്ടിനെ തിരുവനന്തപുരം സൈബർ ഡോമിലാണ് സജ്ജമാക്കിയിട്ടുള്ളത്.

(സി) പ്രസ്തുത റോബോട്ട് വാങ്ങിയത് കേന്ദ്ര ഫണ്ടുപയോഗിച്ചാണോ അതോ സംസ്ഥാന ഫണ്ടുപയോഗിച്ചാണോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന ഫണ്ടുപയോഗിച്ചാണ് പ്രസ്തുത റോബോട്ട് വാങ്ങിയിട്ടുള്ളത്.

(ഡി) റോബോട്ട് വാങ്ങിയപ്പോൾ പോലീസ് ആസ്ഥാനത്ത് നടത്തിയ വെരിഫിക്കേഷന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ; പ്രസ്തുത വെരിഫിക്കേഷൻ

റിപ്പോർട്ട് തയ്യാറാക്കിയ ബോർഡ് അംഗങ്ങളുടെ പേരും തസ്തികയും വിദ്യാഭ്യാസ യോഗ്യതയും വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്+.

## സ്ത്രീകളുടെ രാത്രി സുരക്ഷയ്ക്കായി ഒരുക്കിയിട്ടുള്ള സുരക്ഷാ സംവിധാനങ്ങൾ

79(5678) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രിയിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണം കൂടിവരുന്ന സാഹചര്യത്തിൽ എന്തൊക്കെ സുരക്ഷാ സംവിധാനങ്ങളാണ് കേരള പോലീസ് സ്ത്രീകളുടെ രാത്രി സുരക്ഷയ്ക്കായി ഒരുക്കിയിട്ടുള്ളത്?

രാത്രിയിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പോലീസ് ശക്തമായ രാത്രികാല പട്രോളിംഗ് നടത്തിവരുന്നു. സ്ത്രീകൾ കൂടുതലായി ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ സ്ത്രീ സുരക്ഷയ്ക്കായി പോലീസ് വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വനിതാ പോലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ബറ്റാലിയൻ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപരാജിത, പിങ്ക് പോലീസ്, നിഴൽ, വനിതാ സ്വയം പ്രതിരോധ സംഘം, വനിതാ ബീറ്റ്, പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ്, ടോൾ ഫ്രീ നമ്പറുകൾ, മൊബൈൽ ആപ്പുകൾ എന്നിവയെല്ലാം സ്ത്രീ സുരക്ഷ മുൻനിർത്തി പോലീസ് നടപ്പിലാക്കിയ പദ്ധതികളാണ്.

(ബി) സ്ത്രീകളുടെ രാത്രി സുരക്ഷയ്ക്കായി ഒരുക്കിയിട്ടുള്ള സംവിധാനങ്ങളുമായി ബന്ധപ്പെട്ട് കേരള പോലീസിന് എന്തെങ്കിലും പെരുമാറ്റച്ചട്ടങ്ങൾ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് 29-10-2021-ൽ എ.ഡി.ജി.പി. (L&O) പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## മഞ്ചേശ്വരം മണ്ഡലത്തിൽ പുതിയ പോലീസ് സ്റ്റേഷൻ

80(5679) <u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പള-മഞ്ചേശ്വരം പോലീസ് സ്റ്റേഷനുകളുടെ പ്രദേശങ്ങളുൾപ്പെടുത്തി പുതിയ പോലീസ് സ്റ്റേഷൻ തുടങ്ങുന്നത് പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിർദ്ദിഷ്ട പോലീസ് സ്റ്റേഷന് ഭൂമി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷൻ എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ-സി) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകളാരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## പ്രകടനങ്ങളും ജാഥകളും നടത്തുന്നതിനെതിരെ കേസ്

81(5680) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകടനങ്ങൾക്കും ജാഥകൾക്കും വിലക്കേർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ പ്രകടനങ്ങളും ജാഥകളും നടത്തുന്നതിനെതിരെ കേസുകൾ രജിസ്റ്റർ ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ ജാഥകളും പ്രകടനങ്ങളും നടത്തിയതിനെതിരെ മലപ്പുറം ജില്ലയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പോലീസ് സ്റ്റേഷനുകൾ തിരിച്ച് വിശദമാക്കാമോ?

(എ-സി) സംസ്ഥാനത്ത് നിയമാനുസൃതമായി നടത്തുന്ന പ്രകടനങ്ങൾക്കും ജാഥകൾക്കും യാതൊരു വിലക്കുമേർപ്പെടുത്തിയിട്ടില്ല. നിയമാനുസൃതമല്ലാതെ നടത്തുന്ന പ്രകടനങ്ങൾക്കും ജാഥകൾക്കുമെതിരെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ Unlawful Assembly, Rioting തുടങ്ങിയ സെക്ഷനുകൾ പ്രകാരവും കൂടാതെ Kerala Public Ways (Restriction of Assemblies & Procession) Act 2011 പ്രകാരവുമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. പോലീസ് സ്റ്റേഷൻ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

**കോഴിക്കോട് സർവ്വകലാശാല ഉദ്യോഗസ്ഥർക്കെതിരെയുള്ള അതിക്രമം**

82(5681) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25-11-2011-ൽ വിദ്യാർത്ഥികൾ കാലിക്കറ്റ് സർവ്വകലാശാല പരീക്ഷാഭവനിൽ അതിക്രമിച്ച് കയറി ഉദ്യോഗസ്ഥരെ മർദ്ദിച്ച സംഭവത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തേഞ്ഞിപ്പാലം പോലീസ് കേസ് രജിസ്റ്റർ ചെയ്തിരുന്നോ; വ്യക്തമാക്കാമോ; എങ്കിൽ ഇതുസംബന്ധിച്ച പ്രതികൾ ആരെല്ലാമാണെന്നും ഇവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

25-11-2021-ലാണ് വിദ്യാർത്ഥികൾ കാലിക്കറ്റ് സർവ്വകലാശാല പരീക്ഷാഭവനിൽ അതിക്രമിച്ച് കയറി ഉദ്യോഗസ്ഥരെ മർദ്ദിച്ച സംഭവമുണ്ടായിട്ടുള്ളത്. പ്രസ്തുത സംഭവത്തിന് തേഞ്ഞിപ്പാലം പോലീസ് സ്റ്റേഷനിൽ ക്രൈം. നം. 560/2021 u/s 448, 341, 323, 332 r/w 34 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി അമൽ സി.എച്ച്, ശ്രീലേഷ്, ബിബിൻ ദേവ് എന്നീ മൂന്ന് പ്രതികൾക്കെതിരെ ബഹുമാനപ്പെട്ട പരപ്പനങ്ങാടി JFMC കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയത് CC 422/2022 നമ്പർ ആയി ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലുമാണ്.

(ബി) 19-12-2022-ൽ സർവ്വകലാശാല നീന്തൽകുളത്തിൽ എം.എ. (ഐ.ഡി.എസ്.) പഠനവകുപ്പിലെ ഒരു വിദ്യാർത്ഥി ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞതുമായി ബന്ധപ്പെട്ട സംഭവത്തിൽ സർവ്വകലാശാല പോലീസിന് പരാതികളെന്തെങ്കിലും കൈമാറിയിട്ടുണ്ടോയെന്നും ഈ വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

19-12-2022-ൽ സർവ്വകലാശാല നീന്തൽ കുളത്തിൽ വിദ്യാർത്ഥി ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട സംഭവത്തിൽ സർവ്വകലാശാല അധികൃതർ പോലീസിന് പരാതികളൊന്നും നൽകിയിട്ടില്ല. കോഴിക്കോട് സർവ്വകലാശാല നീന്തൽകുളത്തിൽ കുളിക്കുന്നതിനിടെ വെള്ളത്തിൽ മുങ്ങി ഷഹൻ പി. എന്നയാൾ മരണപ്പെട്ട സംഭവത്തിന് ഷമീം അക്തർ വി.പി എന്നയാളുടെ മൊഴി പ്രകാരം തേഞ്ഞിപ്പാലം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 894/2022 U/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) നീന്തൽകുളത്തിൽ വിദ്യാർത്ഥി മരണപ്പെട്ട സംഭവത്തിൽ സർവ്വകലാശാല നിയോഗിച്ച ആഭ്യന്തര അന്വേഷണ സമിതിയുടെ റിപ്പോർട്ട് പ്രകാരം അച്ചടക്കനടപടിക്ക് വിധേയരായ വിദ്യാർത്ഥികളിൽ ആരെങ്കിലും 25-11-2011-ൽ പരീക്ഷാഭവനിൽ അതിക്രമിച്ചുകയറി ഉദ്യോഗസ്ഥനെ മർദ്ദിച്ച സംഭവത്തിലുൾപ്പെട്ടിരുന്നുവോ; വ്യക്തമാക്കാമോ?

നീന്തൽകുളത്തിൽ വിദ്യാർത്ഥി മരണപ്പെട്ട സംഭവത്തിൽ സർവ്വകലാശാല നിയോഗിച്ച ആഭ്യന്തര അന്വേഷണ സമിതിയുടെ റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന അമൽ സി.എച്ച് എന്ന വിദ്യാർത്ഥി 25-11-2021-ൽ പരീക്ഷാഭവനിൽ അതിക്രമിച്ചുകയറി ഉദ്യോഗസ്ഥനെ മർദ്ദിച്ച സംഭവത്തിൽ ഉൾപ്പെട്ടിരുന്നു.

(ഡി) എങ്കിൽ ഈ രണ്ട് കേസുകളിലും അന്വേഷണം ഊർജ്ജിതപ്പെടുത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

രണ്ട് കേസുകളുടെയും അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

## മാധ്യമ പ്രവർത്തകനെതിരെയുള്ള കേസ്

83(5682) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാധ്യമങ്ങളെ കർത്തവ്യരഹിതമാക്കാനും അഭിപ്രായം പറയുന്നവരേയും വിമർശിക്കുന്നവരേയും കേസുകൾ ചുമത്തി ജയിലിലടയ്ക്കാനും സംസ്ഥാന ആഭ്യന്തര വകുപ്പ് ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സ്വതന്ത്രവും നീതിപൂർവ്വകവും സത്യസന്ധവും ജനാധിപത്യപരവുമായ മാധ്യമപ്രവർത്തനത്തിന് ഒരു വിലക്കും സർക്കാർ ഏർപ്പെടുത്തിയിട്ടില്ല. അതിനുപുറമെ, ആ മാധ്യമപ്രവർത്തന സ്വാതന്ത്ര്യത്തിന് എല്ലാ പരിരക്ഷയും നൽകുകയും ചെയ്യുകയെന്നതാണ് സർക്കാർ നിലപാട്.

(ബി) മലയാളത്തിലെ ഒരു പ്രമുഖ വാർത്താ ചാനലിന്റെ അവതാരകനും അസ്സോസിയേറ്റ് എഡിറ്ററുമായ ശ്രീ. വിനു വി. ജോണിനെതിരെ ഏതെങ്കിലും പരാതി പോലീസിൽ ലഭിച്ചിരുന്നോ; എങ്കിൽ എന്നാണ് പരാതി കിട്ടിയതെന്നും പരാതിയിലെ ഉള്ളടക്കവും പരാതി നൽകിയ വ്യക്തിയുടെ വിശദാംശവും ലഭ്യമാക്കുമോ?

ശ്രീ. എളമരം കരീം എം. പി. 30-03-2022-ൽ സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകിയിരുന്നു. പ്രസ്തുത പരാതി വിഷയത്തിലേയ്ക്ക് ബഹുമാനപ്പെട്ട തിരുവനന്തപുരം JFCM-III കോടതിയുടെ അനുമതി വാങ്ങി കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 459/2022 പ്രകാരമുള്ള കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. 28-03-2022-ൽ ഏഷ്യാനെറ്റ് ന്യൂസ് ചാനലിൽ നടന്ന News Hour Debate എന്ന പരിപാടിയിൽ അവതാരകനായ വിനു വി. ജോൺ പരാതിക്കാരനും കുടുംബത്തിനും എതിരായി നടത്തിയ പരാമർശങ്ങൾ ചൂണ്ടിക്കാണിച്ചാണ് പരാതി നല്കിയത്.

(സി) മാസങ്ങൾക്കുമുമ്പ് ലഭിച്ച പരാതിയിൽ ഇപ്പോൾ പോലീസ് അസാധാരണ നിബന്ധനകളോടെ നോട്ടീസ് നൽകിയതായി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ നോട്ടീസ് നൽകാനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(ഡി) ശ്രീ. വിനു വി. ജോണിന് പോലീസ് നൽകിയിരുന്ന നോട്ടീസിലെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(സി&ഡി) പ്രസ്തുത പരാതി വിഷയത്തിലേയ്ക്ക് ബഹുമാനപ്പെട്ട തിരുവനന്തപുരം JFCM-III കോടതിയുടെ അനുമതി വാങ്ങി കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 459/2022 u/s 107, 116, 504, 506(i) of IPC, 120(O) of KP Act പ്രകാരം 28-04-2022-ൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കുറ്റാരോപിതന് നിയമാനുസരണം 41A CrPC പ്രകാരമുള്ള നോട്ടീസാണ് നൽകിയിട്ടുള്ളത്.

(ഇ) പ്രസ്തുത വ്യക്തിയുടെ വീട്ടിലേയ്ക്ക് മാർച്ചോ പ്രകടനമോ ഏതെങ്കിലും സംഘടനകളോ വ്യക്തികളോ നടത്തിയിരുന്നോ; എങ്കിൽ അപ്രകാരം മാർച്ച് സംഘടിപ്പിച്ചത് ആരാണെന്നുള്ള വിശദാംശം നൽകുമോ?

ഇത്തരം സംഭവങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ശ്രീ. വിനു വി. ജോൺ ഇതുമായി ബന്ധപ്പെട്ട് പോലീസിൽ ഏതെങ്കിലും പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി എന്ന്

ലഭിച്ചുവെന്നും അതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

ബാധകമല്ല.

(ജി) ശ്രീ. വിനു വി. ജോണിനെതിരെ കേസെടുക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

ശ്രീ. എളമരം കരീം എം.പി 30-03-2022-ൽ സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകിയിരുന്നു. പ്രസ്തുത പരാതി വിഷയത്തിലേയ്ക്ക് ബഹു മാനപ്പെട്ട തിരുവനന്തപുരം JFCM-III കോടതിയുടെ അനുമതി വാങ്ങി കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 459/2022 പ്രകാരമുള്ള കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. 28-03-2022-ൽ ഏഷ്യാനെറ്റ് ന്യൂസ് ചാനലിൽ നടന്ന News Hour Debate എന്ന പരിപാടിയിൽ അവതാരകനായ വിനു വി. ജോൺ പരാതിക്കാരനും കുടുംബത്തിനുമെതിരായി നടത്തിയ പരാമർശങ്ങൾ ചൂണ്ടിക്കാണിച്ചാണ് പരാതി നൽകിയത്.

## ജനമൈത്രി പോലീസ്

84(5683) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

- കേരളാ പോലീസിന്റെ കമ്മ്യൂണിറ്റി പോലീസിംഗ് സംരംഭമാണ് ജനമൈത്രി സുരക്ഷാ പ്രോജക്ട്. സംസ്ഥാനത്ത് ജനപങ്കാളിത്താധിഷ്ഠിതമായ ക്രമസമാധാനപാലനത്തിനും പോലീസും പൗരന്മാരും തമ്മിൽ അടുത്ത ബന്ധം വളർത്തിയെടുക്കാനും തദ്വാരാ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളെ ഫലപ്രദമായി നേരിടാനും കുറ്റകൃത്യങ്ങൾ തടയാനും തീരദേശ സുരക്ഷ വർദ്ധിപ്പിക്കാനും പ്രാദേശിക സമൂഹങ്ങൾക്കുള്ളിൽ സമന്വയ പങ്കാളിത്തം സൃഷ്ടിക്കാനും ഉത്തരവാദിത്തമുള്ള ഭാവിപൗരന്മാരെ സൃഷ്ടിക്കുന്നതിനും ആദിവാസി ഗോത്രവിഭാഗങ്ങളുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും സ്ത്രീസുരക്ഷ, മുതിർന്ന പൗരൻമാരുടെയും അന്യസംസ്ഥാന തൊഴിലാളികളുടെയും ക്ഷേമം, ട്രാഫിക് ബോധവത്ക്കരണം, ഇരകളുടെ പുനരധിവാസം, മയക്കുമരുന്ന് ഉപയോഗത്തിനെതിരായ

ബോധവത്ക്കരണം, ടൂറിസ്റ്റ് സുരക്ഷ, റെയിൽവേ സുരക്ഷ, ഹൈവേ സുരക്ഷ, പരിസ്ഥിതി സംരക്ഷണം, പൊതുയിടങ്ങളിലെ സുരക്ഷ തുടങ്ങി വിവിധ ഉദ്ദേശ്യലക്ഷ്യങ്ങളാണ് ജനമൈത്രി പോലീസിനുള്ളത്. പരമ്പരാഗതമായ കേന്ദ്രീകൃത പോലീസിംഗ് രീതിയിൽനിന്ന് വിഭിന്നമായി പ്രാദേശിക ജനകീയ വിഷയങ്ങളിൽ ജനാഭിപ്രായ സമന്വയത്തിലൂടെ വികേന്ദ്രീകൃത പോലീസിംഗ് നടപ്പിലാക്കുന്ന രീതിയാണ് ജനമൈത്രി സുരക്ഷാ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്. ആദിവാസി ദുർബലവിഭാഗങ്ങളുടെ സംരക്ഷണത്തിനായി ട്രൈബൽ ജനമൈത്രി പ്രോജക്റ്റ്, അതിഥി തൊഴിലാളികളുടെ നിരീക്ഷണത്തിനായി മൈഗ്രന്റ് ജനമൈത്രി സ്കീം, വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനായി പ്രശാന്തി സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, സ്ത്രീകളുടെയും കുട്ടികളുടെയും സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ്, ഗാർഹിക ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് നിയമസഹായം നൽകുന്നതിനായി പോലീസ് ഫെസിലിറ്റേഷൻ ഓഫീസർ, സമൂഹത്തിലെ വിവിധ മേഖലകളെ സസൂക്ഷ്മം നിരീക്ഷിക്കുന്നതിനായി മൊബൈൽ ബീറ്റ് സിസ്റ്റം (M-Beat System), സ്ത്രീ

ശാക്തീകരണത്തിനായി വനിതാ സ്വയം പ്രതിരോധ പരിശീലനം, ലഘുതർക്ക പരിഹാരത്തിനായി കമ്മ്യൂണിറ്റി മീഡിയേഷൻ സെന്ററുകൾ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളെ സ്പർശിക്കുന്ന പ്രവർത്തനങ്ങൾ ജനമൈത്രി സുരക്ഷാ പദ്ധതിയുടെ കീഴിൽ നടത്തിവരികയാണ്. "സുരക്ഷയ്ക്കായ് ജനങ്ങൾക്കൊപ്പം" എന്ന ആപ്തവാക്യം മുൻനിർത്തി ജനങ്ങൾക്കായി നിസ്വാർത്ഥ സേവനം നൽകിവരുന്ന ഈ പദ്ധതിയിലൂടെ പോലീസിന്റെ പ്രതിച്ഛായ വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്ന് മേൽ പ്രതിപാദിച്ച പ്രവർത്തനങ്ങളിലൂടെ വിലയിരുത്താവുന്നതാണ്. ഇതിനുപുറമെ ജനമൈത്രി പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ ചുവടെ പറയുന്നു.

ജനമൈത്രി സുരക്ഷാ പദ്ധതി മുഖേന പൊതുജനങ്ങളുമായി സഹകരിച്ച് കുറ്റകൃത്യങ്ങൾക്ക് സാധ്യതയുള്ള മേഖലകൾ കണ്ടെത്തുന്നതിനും കുറ്റവാളികളുടെ വിവരങ്ങൾ ശേഖരിച്ച് കുറ്റകൃത്യങ്ങൾ മുൻകൂട്ടി കണ്ടെത്തി തടയുന്നതിനും കാര്യക്ഷമമായ ക്രമസമാധാനപാലനം ഉറപ്പാക്കുന്നതിനും സാധിക്കുന്നുണ്ട്. ജനമൈത്രി സുരക്ഷാ പദ്ധതിയിലൂടെ നടത്തപ്പെടുന്ന ജനമൈത്രി ബീറ്റുകൾ മുഖേന സ്ത്രീകളുടെയും കുട്ടികളുടെയും വയോജനങ്ങളുടെയും ഒറ്റപ്പെട്ട്

കഴിയുന്നവരുടെയും സുരക്ഷ ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടുണ്ട്. പൊതുജന പങ്കാളിത്തത്തോടെ അശരണരായ കിടപ്പുരോഗികൾക്ക് മരുന്നും മറ്റ് അത്യാവശ്യ സാധനങ്ങളും എത്തിച്ചുനൽകുന്നതിന് ഈ പദ്ധതി മുഖേന സാധിക്കുന്നുണ്ട്. ഒരു മേഖലയിൽ പുതുതായി വരുന്ന താമസക്കാരുടെയും ഇതര ദേശക്കാരുടെയും വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്യുവാൻ സഹായിക്കുന്നുണ്ട്. ലഹരി വിരുദ്ധ ബോധവത്ക്കരണം, ട്രാഫിക് അവബോധം, നിയമബോധവത്ക്കരണം എന്നീ പരിപാടികൾ ഈ പദ്ധതി മുഖേന നടത്തിവരുന്നു. പൊതു - സ്വകാര്യ സൈബർ ഇടങ്ങളിൽ സ്ത്രീകൾക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ, സ്ത്രീധന പീഡനം മറ്റ് ഗാർഹിക പീഡനം എന്നിവയ്ക്കെതിരെ പൊതുജന അവബോധം വളർത്തുന്നതിനായി ക്ലാസ്സുകൾ ഈ പദ്ധതി മുഖേന നൽകിവരുന്നു. കൂടാതെ വനിതകൾക്ക് സ്വയംപ്രതിരോധ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നുണ്ട്.

(ബി) കാസർഗോഡ്, ബദിയടുക്ക, കുമ്പള, മഞ്ചേശ്വരം എന്നീ പോലീസ് സ്റ്റേഷനുകളിൽ 2020-21, 2021-22, 2022-23 വർഷങ്ങളിൽ ജനമൈത്രി

പോലീസിന്റെ നേതൃത്വത്തിൽ നടത്തിയ വിവിധ പരിപാടികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കാസർഗോഡ്, ബദിയടുക്ക, കുമ്പള, മഞ്ചേശ്വരം എന്നീ പോലീസ് സ്റ്റേഷനുകളിൽ 2020-21, 2021-22, 2022-23 വർഷങ്ങളിൽ ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ നടത്തിയ വിവിധ പരിപാടികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## കോട്ടക്കൽ പോലീസ് സ്റ്റേഷനിലെ അംഗബലം വർദ്ധിപ്പിക്കാൻ നടപടി

85(5684) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ പോലീസ് സ്റ്റേഷനിലെ സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന ആവശ്യം സംബന്ധിച്ച നിവേദനം സർക്കാരിന് ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനിലെ സേനാംഗങ്ങളുടെ ജോലിഭാരം കുറയ്ക്കുന്നതിനും പോലീസ് സ്റ്റേഷന്റെ പ്രവർത്തനം കൂടുതൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാര്യക്ഷമമാക്കുന്നതിനുമായി സ്റ്റേഷനിലെ അംഗബലം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ഇതുസംബന്ധിച്ചുള്ള പോലീസ് മേധാവിയുടെ ശിപാർശയിൽ അധിക തസ്തികകൾ ആവശ്യമാണെങ്കിൽ പുനഃർവിന്യാസം വഴി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

## പോലീസ് വാഹനങ്ങൾക്ക് ഇന്ധനം

86(5685) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പോലീസ് വകുപ്പിനുകീഴിലുള്ള വിവിധ ഓഫീസുകളിലും പോലീസ് സ്റ്റേഷനുകളിലും ഒരു മാസം എത്ര രൂപയുടെ ഇന്ധനം ആവശ്യമായി വരുന്നുവെന്ന് ഓഫീസും പോലീസ് സ്റ്റേഷനും തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ ഒരു മാസം ഏകദേശം 22 ലക്ഷം രൂപയുടെ ഇന്ധനമുപയോഗിക്കുന്നുണ്ട്. ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ല.

(ബി) ഇന്ധനം നൽകുന്ന ഏജൻസിയുടെ പേര് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ പോലീസ് വാഹനങ്ങൾക്ക് ഇന്ധനം നൽകുന്ന ഏജൻസികളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

കാവേരി ഏജൻസീസ് രാജപുരം, V&V ഫ്യൂവൽസ് മലക്കൽ, ശിവപ്രിയ ഫ്യൂവൽസ് ബേക്കൽ, A.T ഫ്യൂവൽസ് കോളിച്ചാൽ, ചന്ദ്രഗിരി ഫ്യൂവൽസ് ബേക്കൽ, തൃക്കരിപ്പൂർ ഫ്യൂവൽസ്, ചെറുവത്തൂർ പെട്രോളിയം, നീലേശ്വർ ഏജൻസീസ്, ഫസ്റ്റ് ചോയിസ് പടന്നക്കാട്, ഫ്യൂവൽ കഫേ ചിറ്റാരിക്കൽ, ഇൻഡ്യ ഫ്യൂവൽസ് ഗുരുപുരം, അമല ഫ്യൂവൽസ് വെള്ളരിക്കുണ്ട്, A.K. ഗ്രൂപ്പ് ഫ്യൂവൽസ് ഓടയംചാൽ, മഞ്ജുനാഥ് ഫ്യൂവൽസ് കാഞ്ഞങ്ങാട്, വന്ദന ഫ്യൂവൽസ് പൊയിനാച്ചി, ദേവ് ഫ്യൂവൽസ് മാവുങ്കാൽ, മദൻ ഫ്യൂവൽസ് ബന്തടുക്ക, T.A. അഹമ്മദ് കാസർഗോഡ്, K. വാസുദേവ കാമത്ത് കാസർഗോഡ്, ടോപ്പ് ഫ്യൂവൽസ് കാസർഗോഡ്, ബദിയടുക്ക പെട്രോളിയം, മുള്ളേരിയ പെട്രോളിയം, മത്സ്യഫെഡ് മടക്കര, ഭാരത് ഫ്യൂവൽസ് കുമ്പള, NGM പ്രഭു നീലേശ്വരം, SGSS വിദ്യാനഗർ, മഞ്ചേശ്വരം ഫ്യൂവൽസ്.

(സി) ഇന്ധനം വാങ്ങിയ വകയിൽ പമ്പുകൾക്ക് നൽകാൻ കുടിശികയുണ്ടോയെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ കുടിശിക തുക എത്രയെന്നും എത്രകാലമായി കുടിശികയുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) കുടിശികയുള്ളതുകൊണ്ട് പമ്പുകൾ ഇന്ധനം നൽകാത്ത സ്ഥിതിവിശേഷമുണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

(സി &ഇ) ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ല.

**മാധ്യമപ്രവർത്തകർക്കെതിരെയുള്ള കേസുകൾ**

87(5686) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിനെ വിമർശിക്കുന്ന മാധ്യമപ്രവർത്തകരെ പോലീസിനെ ഉപയോഗിച്ച് വേട്ടയാടുന്നുവെന്ന ആക്ഷേപത്തെ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് ഇത്തരത്തിൽ മാധ്യമപ്രവർത്തകർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശം വ്യക്തമാക്കുമോ?

കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

## കണ്ണൂർ ജില്ലാ റൂറൽ പോലീസ് ആസ്ഥാനം

88(5687) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പരിയാരത്ത് ഔഷധിയുടെ അധീനതയിലുള്ള സ്ഥലത്ത് കണ്ണൂർ ജില്ലാ റൂറൽ പോലീസ് ആസ്ഥാനം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിൽ കടന്നപ്പള്ളി വില്ലേജിൽ റീസർവ്വേ നം.256/07-ൽ ഉൾപ്പെട്ടതും നിലവിൽ ഔഷധിക്ക് പാട്ടത്തിന് നൽകിയിട്ടുള്ളതുമായ 10 ഏക്കർ റവന്യൂ ഭൂമി അനുയോജ്യമാണെന്നുകണ്ട് പോലീസ് വകുപ്പിന് ലഭ്യമാക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി നൽകിയ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

## ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

89(5688) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷന് ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ജില്ലാ പോലീസ് മേധാവിയുടെ ശിപാർശയിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണത്തിനായി 2023-24 സാമ്പത്തികവർഷത്തെ സംസ്ഥാന വാർഷിക പദ്ധതിയുടെ ഭാഗമായി 35 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**കാസർഗോഡ് പോലീസ് സ്റ്റേഷനിൽ കെട്ടിക്കിടക്കുന്ന വാഹനങ്ങൾ**

90(5689) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പോലീസ് പിടികൂടിയ എത്ര വാഹനങ്ങളുണ്ടെന്നും എത്രകാലമായെന്നും ഏതെല്ലാം തരത്തിലുള്ള വാഹനങ്ങളാണ് ഇത്തരത്തിൽ ഉപയോഗരഹിതമായി ഇട്ടിരിക്കുന്നതെന്നും പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വാഹനങ്ങൾ ഏതെല്ലാം കേസുകളിലകപ്പെട്ടതാണെന്നും ഏതെല്ലാം സെക്ഷൻ ചുമത്തി ചാർജ് ചെയ്തതാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിൽ പോലീസ് പിടികൂടിയ വാഹനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു+.

മണൽകടത്ത്, അനധികൃത മദ്യക്കടത്ത്, ലഹരികടത്ത്, ആയുധ കടത്ത്, മദ്യപിച്ച് വാഹനമോടിക്കൽ, വാഹനാപകടങ്ങൾ, റാഷ് ഡ്രൈവിംഗ്, വാഹന മോഷണം, കുറ്റകൃത്യങ്ങളിലുൾപ്പെട്ട വാഹനങ്ങൾ, ജുവനൈൽ ഡ്രൈവിംഗ്, അനധികൃതമായ മരം മുറിച്ചുകടത്തൽ തുടങ്ങിയ കുറ്റങ്ങൾക്കാണ് വാഹനങ്ങൾ പിടിച്ചെടുത്തിട്ടുള്ളത്. ഇന്ത്യൻ ശിക്ഷാ നിയമം, അബ്കാരി നിയമം, NDPS ആക്ട്, വനനിയമം, പോക്സോ ആക്ട്, ആംസ് ആക്ട്, ES Act, MV Act എന്നീ നിയമങ്ങളിലെ വിവിധ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങളാണ് പ്രസ്തുത വാഹനങ്ങൾക്കെതിരെ ചുമത്തി കേസെടുത്തിട്ടുള്ളത്.

**സേനയിൽനിന്നും പുറത്താക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം**

91(5690) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗുരുതരമായ ക്രിമിനൽ കേസുകളിലുൾപ്പെട്ട എത്ര പോലീസ് ഉദ്യോഗസ്ഥരെ ഈ സർക്കാരിന്റെ കാലത്ത് സേനയിൽനിന്നും പുറത്താക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുരുതര സ്വഭാവമുള്ള ക്രിമിനൽ കേസുകളിലുൾപ്പെട്ട 22 പേരെ പോലീസ് സേനയിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട് (Remove/Dismiss). കേരള പോലീസ് ആക്ടിലെ ബന്ധപ്പെട്ട ചട്ടങ്ങൾ 1958-ലെ കേരളാ പോലീസ് ഡിപ്പാർട്ട്മെന്റൽ എൻക്വയറീസ് പണിഷ്മെന്റ് ആൻഡ് അപ്പീൽ റൂൾസ് എന്നിവ പ്രകാരമാണ് നടപടികൾ സ്വീകരിക്കുന്നത്.

**ചെറുപുഴ പോലീസ് സ്റ്റേഷന് സുരക്ഷിതമായ കെട്ടിടം**

92(5691) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവോയിസ്റ്റ് ഭീഷണിയുള്ള പോലീസ് സ്റ്റേഷനുകളുടെ ലിസ്റ്റിൽ വരുന്ന പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ പോലീസ് സ്റ്റേഷന് സുരക്ഷിതമായ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; നിലവിൽ കണ്ടെത്തിയ സ്ഥലമനുയോജ്യമല്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ആഭ്യന്തര വകുപ്പിന് സ്ഥലം കൈമാറുന്നതിന് ചെറുപുഴ പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിരുന്നു. കൃഷി ഭവനും മൃഗാശുപത്രിയും പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥലം പോലീസ് വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് ഗ്രാമപഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്.

**പോലീസ് പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ വിവരങ്ങൾ**

93(5692) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016 ജൂൺ മുതൽ നാളിതുവരെ വരെ പോലീസ് പിടിച്ചെടുത്ത കഞ്ചാവ്, എം.ഡി.എം.എ. മറ്റ് മയക്കുമരുന്നുകൾ (ഓരോന്നും എത്ര കിലോഗ്രാം വീതം) എന്നിവയുടെ വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## 209/2023 നമ്പർ കേസിന്റെ അന്വേഷണ പുരോഗതി

94(5693) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ജനവരി 31-ന് ദേവസ്വം ബോർഡ് ജംഗ്ഷനിൽ ആരാധന എന്ന പേരുള്ള വീട്ടിൽ താമസിക്കുന്ന ശ്രീകുമാർ എന്ന വ്യക്തിയുടെ വീടിന്റെ ഗേറ്റും കാർപോർച്ചിൽ പാർക്ക് ചെയ്തിരുന്ന കാറും കേടുവരുത്തുന്ന രീതിയിലുണ്ടായ അപകടം സംബന്ധിച്ച് മ്യൂസിയം പോലീസ് രജിസ്റ്റർ ചെയ്ത 209/2023 നമ്പർ കേസിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപകടമുണ്ടാക്കിയ വെള്ളനിറത്തിലുള്ള ആൾട്ടോ കാറിന്റെ നമ്പർ ദേവസ്വം ബോർഡ് ജംഗ്ഷനിലും ക്ലിഫ്ഹൗസ് പരിസരങ്ങളിലും സ്ഥാപിച്ചിട്ടുള്ള ക്യാമറകളിൽനിന്നും തിരിച്ചറിയാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വാഹനത്തിന്റെ ഉടമയെ കണ്ടെത്താൻ സാധിച്ചിട്ടുണ്ടോയെന്നും വാഹനമോടിച്ചിരുന്ന സ്ത്രീയെയും അപകടശേഷം വാഹനമോടിച്ചുപോയ പുരുഷനെയും തിരിച്ചറിയാൻ സാധിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(സി) ക്യാമറകൾ പ്രവർത്തന ക്ഷമമല്ലാത്തതിനാലാണോ വാഹനത്തിന്റെ നമ്പർ തിരിച്ചറിയാൻ സാധിക്കാത്തത്; എങ്കിൽ പ്രസ്തുത

ക്യാമറകൾ മാറ്റി സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 209/2023 U/s 279 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിലേയ്ക്ക് സംശയമുള്ളവരെയും സാക്ഷികളെയും ചോദ്യം ചെയ്തും സി.സി.ടി.വി ക്യാമറ ദൃശ്യങ്ങൾ പരിശോധിച്ചും ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

## മഹിളാ കോൺഗ്രസ്സ് പ്രവർത്തകർക്കെതിരെ ജലപീരങ്കി പ്രയോഗം

95(5694) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമരക്കാർക്കുനേരെ ജലപീരങ്കി പ്രയോഗിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ; ജലപീരങ്കി പ്രയോഗിക്കുന്നതിന്റെ വേഗത സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) 02-03-2023-ന് കളമശ്ശേരി പോലീസ് സ്റ്റേഷനിലേയ്ക്ക് മാർച്ച് നടത്തിയ മഹിളാ കോൺഗ്രസ്സ് പ്രവർത്തകർക്കെതിരെ ജലപീരങ്കി പ്രയോഗിക്കാൻ ഇടയായ സാഹചര്യം വിശദമാക്കാമോ?

(സി) പ്രകോപനമില്ലാത്ത ജാഥയ്ക്ക് നേരെ ജലപീരങ്കി പ്രയോഗിച്ചതിന്റെ കാരണങ്ങൾ വിശദമാക്കാമോ; ഏത് ഉദ്യോഗസ്ഥനാണ് ജലപീരങ്കി പ്രയോഗിച്ചതെന്നറിയിക്കാമോ?

(എ-സി) നിയമവിരുദ്ധമായി സംഘം ചേർന്ന് ക്രമസമാധാന ലംഘനം നടത്തുകയോ നടത്താൻ സാധ്യതയുള്ളതോ ആയി കാണപ്പെടുന്ന ജനക്കൂട്ടത്തിനോട് പിരിഞ്ഞുപോകുന്നതിനായി പോലീസ് നൽകുന്ന നിയമാനുസരണമുള്ള നിർദ്ദേശത്തെ അവഗണിച്ച് പിരിഞ്ഞുപോകാൻ കൂട്ടാക്കാതെ, സ്ഥലത്തുതന്നെ നിയമവിരുദ്ധമായി നിലകൊള്ളുന്ന ജനക്കൂട്ടത്തെ പിരിച്ചുവിടുന്നതിന് പോലീസ് ജലപീരങ്കി പ്രയോഗിക്കാറുണ്ട്. ഈ സാഹചര്യം കണക്കിലെടുത്താണ് ബന്ധപ്പെട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ ജലപീരങ്കി ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകിയത്.

(ഡി) അനിതാ സജി എന്ന പ്രവർത്തകയെ മാത്രം ലക്ഷ്യംവച്ച് ജലപീരങ്കി പ്രയോഗിച്ചതിന്റെ കാരണങ്ങൾ അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ; അതിലൂടെ പ്രസ്തുത വ്യക്തിക്ക് ഗുരുതരമായ പരിക്കേറ്റത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ജലപീരങ്കി പ്രയോഗിച്ച ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) സമരക്കാരുടെ ജീവനുതന്നെ ഭീഷണിയായ തരത്തിൽ ജലപീരങ്കി പ്രയോഗിക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

(ഡി&ഇ) ഏതെങ്കിലും വ്യക്തിയെ ലക്ഷ്യംവച്ചല്ല പോലീസ് നടപടി സ്വീകരിച്ചിട്ടുള്ളത്.

## സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ പുരോഗതി

96(5695) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട് അരീക്കോട് പോലീസ് സ്റ്റേഷനിൽ 25-11-2022-ന് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ. നം. 858, നൂറനാട് പോലീസ് സ്റ്റേഷനിൽ 09-12-2022-ന് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ. നം. 903, അടൂർ പോലീസ് സ്റ്റേഷനിൽ 06-12-2022-ന് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ. നം. 1732 എന്നീ കേസുകളിൽ നാളിതുവരെ തുടർ നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ അന്വേഷണ പുരോഗതി വിശദമാക്കുമോ?

1) അരീക്കോട് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 858/2022 u/s 406, 420 r/w 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ നിലവിൽ മൂന്ന് പ്രതികൾ ഉൾപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. ഒന്നാം പ്രതി സലീഖ് ഇഹ്സാൻ മദനി എന്നയാൾ വിദേശത്തായതിനാൽ ടിയാനെ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. ടിയാനെതിരെ Look Out Circular (LOC) പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. രണ്ടാം പ്രതി റിയാസ് ബാബു എന്നയാളെ ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഹാജരാകുന്നതിനായി CrPC 41(A) പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. മൂന്നാം പ്രതി റിഷാദ് മോൻ എന്നയാളെ അറസ്റ്റ് ചെയ്ത് ബഹുമാനപ്പെട്ട മഞ്ചേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് കോടതി മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്.

2) നൂറനാട് പോലീസ് സ്റ്റേഷൻ ക്രൈം നം.903/2022 u/s 406, 420 r/w 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ സലീഖ് ഒന്നാം പ്രതിയായും റിയാസ് ബാബു രണ്ടാം പ്രതിയായും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിലേയ്ക്ക് സാക്ഷികളെ കണ്ട് ചോദ്യം ചെയ്തിട്ടുള്ളതും സാമ്പത്തിക കൈമാറ്റം നടത്തിയതിലേയ്ക്ക് തെളിവ് ശേഖരിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

3) അടൂർ പോലീസ് സ്റ്റേഷൻ ക്രൈം. 1732/2022 u/s 420, 34 IPC നമ്പർ കേസിൽ സലീഖ് ഒന്നാം പ്രതിയും റിയാസ് ബാബു രണ്ടാം പ്രതിയായും ഷംനാദ് മൂന്നാം പ്രതിയായും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിലേയ്ക്ക് സാക്ഷികളെ കണ്ട് ചോദ്യം ചെയ്തിട്ടുള്ളതും സാമ്പത്തിക കൈമാറ്റം നടത്തിയതിലേയ്ക്ക് തെളിവ് ശേഖരിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

## മാധ്യമ സ്ഥാപനങ്ങൾക്കും മാധ്യമ പ്രവർത്തകർക്കുമെതിരെയുള്ള അതിക്രമം

97(5696) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ മാധ്യമപ്രവർത്തകരെ ആക്രമിച്ചതിനും മാധ്യമ സ്ഥാപനങ്ങളിൽ അതിക്രമിച്ചു കയറിയതിനുമെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ടെന്നും എത്ര കേസുകളുടെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടെന്നും എത്രപേർക്ക് ശിക്ഷ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 26 കേസുകളിൽ 98 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒരു കേസ് ബഹുമാനപ്പെട്ട കോടതി റദ്ദാക്കി. മൂന്ന് കേസുകൾ അന്വേഷണഘട്ടത്തിലാണ്. രണ്ട് കേസുകൾ UD ആയി പരിഗണിക്കാൻ ബഹുമാനപ്പെട്ട കോടതിക്ക് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. കുറ്റപത്രം സമർപ്പിച്ചിട്ടുള്ള 20 കേസുകൾ ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്.

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി നടത്തിപ്പിന് ചെലവാക്കിയ തുക

98(5697) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ പുതിയതായി എത്ര സ്കൂളിലാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഒരു സ്കൂളിൽ പ്രതിവർഷം ചെലവാകുന്ന തുക എത്രയെന്ന് വിശദമാക്കാമോ;

പദ്ധതിയിൽ പങ്കാളിയാകുന്ന സ്കൂൾ പി.ടി.എ.കൾ ഇതിനായി പണം ചെലവഴിക്കേണ്ടതുണ്ടോ?

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി വ്യാപിപ്പിക്കുന്നത് നിലവിൽ പരിഗണനയിലില്ല. എസ്.പി.സി. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഒരു സാമ്പത്തികവർഷം ഒരു സ്കൂളിന് മിനിമം 4 ലക്ഷം രൂപയോളം ആവശ്യമാണ്. ഓരോവർഷവും സർക്കാർ അനുവദിക്കുന്ന തുക ഉപയോഗിച്ചാണ് പദ്ധതി നിലവിൽ നടത്തിവരുന്നത്. ചില സ്കൂളുകളിൽ പി.ടി.എ.യുടെ സഹകരണത്തോടെ വളരെ മികച്ച രീതിയിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിനായി ഇതുവരെ എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാണോ; വിശദമാക്കാമോ?

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിനായി ഇതുവരെ 122,59,80,000/- (നൂറ്റി ഇരുപത്തിരണ്ട് കോടി അമ്പത്തിയൊൻപത് ലക്ഷത്തി എൺപതിനായിരം) രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. എസ്.പി.സി. പദ്ധതിയുടെ ഫലപ്രദമായ

നിർവ്വഹണത്തിനായി ഇതുവരെ ചെലവഴിച്ച ആകെ തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| Sl No. | Financial Year | Plan Fund (Rs) |
|---|---|---|
| 1 | 2020-11 | 70,00,000 |
| 2 | 2011-12 | 59,80,000 |
| 3 | 2012-12 | 2,20,00,000 |
| 4 | 2013-14 | 6,00,00,000 |
| 5 | 2014-15 | 6,00,00,000 |
| 6 | 2015-16 | 10,00,00,000 |
| 7 | 2016-17 | 10,70,00,000 |
| 8 | 2017-18 | 9,00,00,000 |
| 9 | 2018-19 | 15,00,00,000 |
| 10 | 2019-20 | 16,00,00,000 |
| 11 | 2020-21 | 15,40,00,000 |
| 12 | 2021-22 | 16,00,00,000 |
| 13 | 2022-23 | 15,00,00,000 |
| **Total** | | **122,59,80,000** |

(സി) ഇപ്പോൾ എത്ര സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കിവരുന്നത്?

നിലവിൽ 1001 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## ബാലുശ്ശേരി മണ്ഡലത്തിലെ എസ്.പി.സി. യൂണിറ്റുകൾ

99(5698) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി.) യൂണിറ്റുകൾക്ക് ട്രെയിനിംഗ് നൽകുന്നതിനായി പ്രത്യേക ഹോം ഗാർഡുകളുടെ സേവനം പ്രയോജനപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; അർഹതപ്പെട്ട പല സ്കൂളുകൾക്കും പരിശീലകരില്ലെന്ന കാരണത്താൽ എസ്.പി.സി. യൂണിറ്റുകൾ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി.) യൂണിറ്റുകൾക്ക് ട്രെയിനിംഗ് നൽകുന്നതിനായി പ്രത്യേക ഹോം ഗാർഡുകളുടെ സേവനം പ്രയോജനപ്പെടുത്താൻ നിലവിൽ തീരുമാനിച്ചിട്ടില്ല. അർഹതപ്പെട്ട പല സ്കൂളുകൾക്കും പരിശീലകരില്ലെന്ന കാരണത്താൽ എസ്.പി.സി. യൂണിറ്റുകൾ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് പുതിയ എസ്.പി.സി. യൂണിറ്റുകൾക്കുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

2022-23 സാമ്പത്തികവർഷത്തിൽ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ ബാലുശ്ശേരി എന്ന സ്കൂളിൽ നിന്നും അപേക്ഷ ലഭിച്ചിരുന്നു. എന്നാൽ 2022-23 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കുന്നതിനായി അപേക്ഷ സ്വീകരിക്കുന്നതിന് നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത അപേക്ഷ പരിഗണിച്ചിട്ടില്ല.

**തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷ**

100(5699) ശ്രീമതി ഉമ തോമസ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലിടങ്ങളിൽ സ്ത്രീകൾ ആക്രമിക്കപ്പെട്ടത് സംബന്ധിച്ച് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് തൊഴിലിടങ്ങളിൽ സ്ത്രീകൾ ആക്രമിക്കപ്പെട്ടത് സംബന്ധിച്ച് മുൻ സർക്കാരിന്റെ കാലം മുതൽ 08-03-2023 വരെ 367 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) തൊഴിലിടങ്ങൾ സ്ത്രീ സൗഹൃദമാക്കുന്നതിനും തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്ത്രീകൾ തൊഴിലിടങ്ങളിൽ നേരിടുന്ന കുറ്റകൃത്യങ്ങൾക്കെതിരെ അവബോധം നൽകുന്നതിനും അവ കൈകാര്യം ചെയ്യുന്നതിനും സ്വയം പ്രതിരോധ ക്ലാസ്സുകൾ നൽകിവരുന്നുണ്ട്. കൂടാതെ പത്തിൽ കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെല്ലാം തൊഴിലുടമ ആഭ്യന്തര പരാതി സമിതി രൂപീകരിക്കണമെന്ന നിയമം നിലവിലുള്ളതും ഇത്തരം സമിതികളിൽനിന്നും ലഭിക്കുന്ന പരാതികളിന്മേൽ കേസുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

**വയോധികയുടെ സ്ഥലവും സ്വർണവും തട്ടിയെടുത്തതിനെതിരെ നടപടി**

101(5700) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭയിലെ സി.പി.എം കൗൺസിലറായ സുജിൻ, വയോധികയുടെ സ്ഥലവും സ്വർണവും തട്ടിയെടുത്തുവെന്ന പരാതിയിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കേസിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസിൽ സുജിൻ കുറ്റക്കാരനാണെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്നും വയോധികയിൽനിന്നും എന്തൊക്കെ സ്വത്തുക്കളാണ് തട്ടിയെടുത്തതായി കണ്ടെത്തിയിട്ടുള്ളതെന്നും അറിയിക്കാമോ; ഇക്കാര്യത്തിൽ സബ് രജിസ്ട്രാർ ഉൾപ്പെടെയുള്ളവർക്കെതിരെ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) രാഷ്ട്രീയ സമ്മർദ്ദംമൂലം പ്രസ്തുത കേസന്വേഷണം അട്ടിമറിക്കാൻ ശ്രമം നടക്കുന്നതായുള്ള ആക്ഷേപത്തെ സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ കാര്യക്ഷമമായി അന്വേഷണം നടത്തി മുഴുവൻ പ്രതികളെയും നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ-സി) ഉണ്ട്. മാരായമുട്ടം പോലീസ് സ്റ്റേഷൻ ക്രൈം.നം. 788/2022 U/s 406, 420, 34 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

**കുട്ടികളെ കാണാതാകുന്ന കേസുകൾ**

102(5701) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളെ കാണാതാകുന്ന കേസുകൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷൻ പരിധികളിൽനിന്നും കാണാതായ കുട്ടികളിൽ ഇനിയും കണ്ടെത്തിയിട്ടില്ലാത്ത കുട്ടികളുടെ എണ്ണം എത്ര; ആൺ-പെൺ തിരിച്ചും ജില്ല തിരിച്ചും വിവരം ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ബി) ഇതിൽ എത്ര കേസുകളിൽ അന്വേഷണം അവസാനിപ്പിച്ചിട്ടുണ്ട്; ഏതുസാഹചര്യത്തിലാണ് അന്വേഷണം അവസാനിപ്പിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

മടങ്ങിപ്പോയതായി അനുമാനിക്കുന്ന ഇതര സംസ്ഥാനത്തെ കുട്ടികളുടെ വാസസ്ഥലം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകാത്തതിനാൽ കണ്ടെത്താനാകാത്ത കേസുകളുൾപ്പെടെ സംസ്ഥാനത്തെ വിവിധ സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്ത 6 കേസുകൾ Un-Detected (UD) ആയി പരിഗണിക്കാൻ കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഭിക്ഷാടനമാഫിയ, അന്യസംസ്ഥാന നാടോടി സംഘങ്ങൾ, മനുഷ്യക്കടത്ത് സംഘങ്ങൾ തുടങ്ങിയുള്ള തട്ടിക്കൊണ്ടുപോകൽ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര എണ്ണം; വ്യക്തമാക്കുമോ?

ഭിക്ഷാടനമാഫിയ, അന്യസംസ്ഥാന നാടോടി സംഘങ്ങൾ, മനുഷ്യക്കടത്ത് സംഘങ്ങൾ തട്ടിക്കൊണ്ടുപോയ കേസുകളൊന്നും (2018 മുതൽ 2023 മാർച്ച് 09 വരെ) റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനുള്ള കേസുകൾ പ്രത്യേകം കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ടോ; ഇത്തരം കേസുകളിൽ പ്രതിമാസ അവലോകനം നടത്താറുണ്ടോ; സമയബന്ധിതമായി ഇത്തരം കേസുകൾ അന്വേഷിച്ച് കണ്ടെത്തുന്നതിനാവശ്യമായ എല്ലാ നടപടിയും ഉറപ്പുവരുത്തുമോ; വ്യക്തമാക്കുമോ?

കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനുള്ള കേസുകൾ പ്രത്യേകം കൈകാര്യം ചെയ്യുന്നതിനായി District Missing Person Tracing Unit (DMPTU) സെൽ DySP/ACP-യുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ സ്ത്രീകളെയും കുട്ടികളെയും കടത്തിക്കൊണ്ടുപോകുന്നത് കണ്ടെത്തുന്നതിനായി Anti Human

Trafficking Unit (AHTU)-കൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു.

**പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങൾ**

103(5702) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ വിവിധ കാരണങ്ങളാൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളിൽ നടപടിക്രമങ്ങൾ പൂർത്തിയായ എത്ര വാഹനങ്ങളുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ വിവിധ കാരണങ്ങളാൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളിൽ നടപടിക്രമങ്ങൾ പൂർത്തിയായ 5718 വാഹനങ്ങളാണുള്ളത്.

(ബി) പ്രസ്തുത വാഹനങ്ങൾ വിട്ടുനൽകുന്നതിനോ ലേലം ചെയ്ത് നൽകുന്നതിനോ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

സർക്കാർ പുറപ്പെടുവിച്ച 11-09-2018-ലെ സ.ഉ. (പി)60/2018/ആഭ്യന്തരം നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വിവിധ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ MSTC പ്ലാറ്റ്ഫോം മുഖേന ഓൺലൈനായി ലേലം ചെയ്തുവരുന്നു. വാഹനങ്ങൾ

ഡിസ്പോസ് ചെയ്യുന്നതിലെ കാലതാമസമൊഴിവാക്കി ഡിസ്പോസൽ വേഗത്തിലാക്കുന്നതിനായി Upset value കുറച്ച് നിശ്ചയിക്കുന്നതിനുള്ള അധികാരം മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും ചീഫ് എഞ്ചിനീയർക്കും ഏൽപ്പിച്ചുനൽകിയ സർക്കാർ ഉത്തരവ് 4-11-2022-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. പിടിച്ചെടുത്ത വാഹനങ്ങളുടെ സമയബന്ധിതമായ ഡിസ്പോസൽ ചീഫ് സെക്രട്ടറി തലത്തിലുള്ള യോഗത്തിൽ അവലോകനവും ചെയ്യുന്നുണ്ട്.

**സ്റ്റേഷനുകളിൽ അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിന് നടപടി**

104(5703) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനാംഗങ്ങളുടെ ജോലിഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി ക്രമസമാധാനപാലനം, കുറ്റാന്വേഷണം എന്നിങ്ങനെ ഡ്യൂട്ടി വേർതിരിച്ച് നടപ്പാക്കാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കുമോ?

പോലീസ് സേനാംഗങ്ങളുടെ ജോലിഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി ക്രമസമാധാനപാലനം, കുറ്റാന്വേഷണം എന്നിങ്ങനെ ജില്ലാതലത്തിൽ ജില്ലാ പോലീസ് മേധാവിമാർ ഡ്യൂട്ടി വേർതിരിച്ച് നൽകുന്നുണ്ട്.

(ബി) സേനാംഗങ്ങളുടെ ഡ്യൂട്ടിസമയം എട്ടുമണിക്കൂറായി നിജപ്പെടുത്താൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 51 പോലീസ് സ്റ്റേഷനുകളിൽ സേനാംഗങ്ങളുടെ ഡ്യൂട്ടി 8 മണിക്കൂറായി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ പോലീസ് ഉദ്യോഗസ്ഥരുടെ റാങ്ക് പരിഗണന കൂടാതെ ഡ്യൂട്ടി സമയം ക്രമീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സിവിൽ പോലീസ് ഓഫീസർമാർ മുതലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് പൊതുജനങ്ങളുമായി ബന്ധപ്പെട്ട് നിർവ്വഹിക്കാവുന്ന ഡ്യൂട്ടികൾ കൃത്യമായി നിർവ്വചിച്ചിട്ടുണ്ടോ; എങ്കിൽ അവ വിശദമാക്കാമോ?

സിവിൽ പോലീസ് ഓഫീസർ മുതൽ സ്റ്റേഷൻ ഹൗസ് ഓഫീസർ വരെയുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് പൊതുജനങ്ങളുമായി ബന്ധപ്പെട്ട് നിർവ്വഹിക്കാവുന്ന ഡ്യൂട്ടികൾ നിർവ്വചിക്കുന്നതിനായി ക്രമസമാധാനപാലന എ.ഡി.ജി.പി. ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഡി) ജില്ലകളിൽ മേലുദ്യോഗസ്ഥർ തങ്ങളുടെ ദൈനംദിന അവലോകന മീറ്റിംഗിൽ നിർബന്ധമായി പെറ്റികേസ് ചാർജ്ജ് ചെയ്യാൻ പ്രത്യേകം നിർദ്ദേശം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കേസുകളിലെ ഫൈൻ സ്റ്റേഷനുകളിലെ അത്യാവശ്യ കാര്യങ്ങൾക്കുപോലും

ഉപയോഗിക്കാത്ത പോലീസ് സ്റ്റേഷനുകളിലെ പണമില്ലാത്ത അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; വാഹനങ്ങളുടെ ഇന്ധനം നിറയ്ക്കാൻ കഴിയാത്ത അവസ്ഥയ്ക്ക് എന്ത് പരിഹാരമാണ് നിർദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പെറ്റികേസ്സുകളിൽ ലഭിക്കുന്ന പിഴത്തുക താമസം കൂടാതെ സർക്കാർ അക്കൗണ്ടിലേയ്ക്ക് അടയ്ക്കുകയാണ് ചെയ്യുന്നത്. 25-02-2022-ലെ സർക്കുലർ നം.ഇ 4/411/2021/ആഭ്യന്തരം പ്രകാരം എല്ലാ വാഹനങ്ങളുടെയും ഇന്ധന ഉപഭോഗം നിയന്ത്രിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കുടിശ്ശിക തീർപ്പാക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) പോലീസ് സ്റ്റേഷനുകളിലെ ദൈനംദിന കാര്യങ്ങൾ നടത്തുന്നതിന് വിനിയോഗിക്കുന്നതിനാവശ്യമായ തുക റിവോൾവിംഗ് ഫണ്ട് സമ്പ്രദായത്തിൽ സ്റ്റേഷനുകൾക്ക് നൽകിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദീകരണം നൽകാമോ?

പോലീസ് സ്റ്റേഷനുകളിലെ ദൈനംദിന ചെലവുകൾ നടത്തുന്നതിന് Permanent Advance ഇനത്തിൽ ജില്ലയിലെ ഓരോ സബ് ഡിവിഷൻ ഓഫീസുകൾക്കും 10,000/- രൂപ വീതവും പോലീസ് സ്റ്റേഷനുകളിൽ

രജിസ്റ്റർ ചെയ്യുന്ന ക്രൈം കേസ്സുകളുടെ അടിസ്ഥാനത്തിൽ A, B, C, D എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നത് അനുസരിച്ച് ജില്ലകളിലെ ഓരോ പോലീസ് സ്റ്റേഷനുകൾക്കും താഴെപ്പറയുന്നവിധം ജില്ലാ പോലീസ് മേധാവി മുഖേന തുക അനുവദിച്ചിട്ടുണ്ട്.

Class A - Rs. 20,000/-,

Class B - Rs. 15,000/-

Class C - Rs. 10,000/-,

Class D - Rs. 7,500/-

(എഫ്) പോലീസ് സ്റ്റേഷനുകളിൽ അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ; സ്റ്റേഷൻ ആവശ്യത്തിനുള്ള കമ്പ്യൂട്ടർ, ഫോട്ടോസ്റ്റാറ്റ്, സ്റ്റേഷനറി ഐറ്റംസ് തുടങ്ങിയവയില്ലാത്ത അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; ഓഫീസ് സാധനങ്ങൾ വാങ്ങുന്നതിന് ലോക്കൽ പർച്ചേസ് അനുവദിക്കുമോ; വ്യക്തമാക്കുമോ?

പോലീസ് സ്റ്റേഷനുകളിൽ അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഫർണിച്ചർ വാങ്ങുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട പോലീസ് സ്റ്റേഷനുകൾക്കാവശ്യമായ ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകൾക്കായി പ്ലാൻ

പദ്ധതിയിലുൾപ്പെടുത്തി പുതിയ കെട്ടിടങ്ങളും നിർമ്മിച്ചുവരുന്നു. 02-06-2022-ലെ സ.ഉ.(സാധാ)നം.1545/2022/ആഭ്യന്തരം പ്രകാരം സംസ്ഥാന വാർഷിക പദ്ധതിയിലുൾപ്പെടുത്തി 50 പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ, ഫോട്ടോ കോപ്പിയർ, പ്രിന്റർ, സ്കാനർ, ഇൻവെർട്ടർ, യു.പി.എസ്. എന്നിവ വാങ്ങുന്നതിനും smart storage and retrieval system സ്ഥാപിക്കുന്നതിനുമായി 2 കോടി രൂപയുടെയും ഫർണിച്ചറുകളും വാഹനങ്ങളും വാങ്ങുന്നതിനായി 2,15,51,012/- രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഓഫീസ് സാധനങ്ങൾ വാങ്ങുന്നതിന് ലോക്കൽ പർച്ചേസ് അനുവദിക്കുന്നത് അതത് ജില്ലാ പോലീസ് മേധാവിമാരുടെ സാമ്പത്തികാധികാര പരിധിയനുസരിച്ചാണ്.

## പോലീസ് സ്റ്റേഷനിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ

105(5704) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേസ്സുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ പോലീസ് സ്റ്റേഷനുകൾക്ക് മുമ്പിലും പാതയോരങ്ങളിലും നിർത്തിയിടുന്നതുമൂലം അപകടമുണ്ടാകുന്നതും ഗതാഗത

തടസ്സങ്ങളുണ്ടാകുന്നതും അടുത്ത കാലത്തായി കൂട്ടത്തോടെ കത്തി നശിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഡമ്പിംഗ് യാർഡിലും മറ്റും സൂക്ഷിച്ചിരുന്ന വാഹനങ്ങൾ കത്തി നശിച്ചതുമായി ബന്ധപ്പെട്ട് 7 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത വാഹനങ്ങൾ നീക്കംചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ?

സർക്കാർ പുറപ്പെടുവിച്ച 11-09-2018-ലെ (പി) 60/2018/ആഭ്യന്തരം നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വിവിധ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ കൃത്യമായ ഇടവേളകളിൽ MSTC പ്ലാറ്റ്ഫോം മുഖേന ഓൺലൈനായി ലേലം ചെയ്തുവരുന്നു. വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിലെ കാലതാമസമൊഴിവാക്കി ഡിസ്പോസൽ വേഗത്തിലാക്കുന്നതിനായി Upset value കുറച്ച് നിശ്ചയിക്കുന്നതിനുള്ള അധികാരം മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും ചീഫ് എഞ്ചിനീയർക്കും ഏൽപ്പിച്ചുനൽകിയ സർക്കാർ ഉത്തരവ് 4-11-2022-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. പിടിച്ചെടുത്ത വാഹനങ്ങളുടെ സമയബന്ധിതമായ ഡിസ്പോസൽ ചീഫ് സെക്രട്ടറി തലത്തിലുള്ള യോഗത്തിൽ അവലോകനവും ചെയ്യുന്നുണ്ട്. കേസ്സുകളിൽപ്പെട്ട

വാഹനങ്ങളുടെ വേഗത്തിലുള്ള ഡിസ്പോസലിനായി കോടതിയിൽനിന്നും അനുമതി നേടിയെടുക്കുന്നതിന് ബന്ധപ്പെട്ട കോടതികളിൽ അപേക്ഷ സമർപ്പിക്കുന്നതിനും എന്നിട്ടും അനുമതി ലഭിക്കാത്തപക്ഷം ഇക്കാര്യം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അനുമതി നേടിയെടുക്കുന്നതിനും കേസുകളുടെയും വാഹനങ്ങളുടെയും വിശദാംശങ്ങൾ സർക്കാരിൽ സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**അഞ്ചുതെങ്ങ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1243/2020 -ന്റെ അന്വേഷണ പുരോഗതി**

106(5705) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുതെങ്ങ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1243/2020 -ന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കുമോ?

അഞ്ചുതെങ്ങ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 1243/2020 കേസിൽ ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ കുറ്റപത്രം സമർപ്പിക്കുന്നത് തടഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കേസ്സിൽ ആരോപണവിധേയനായ മുൻ വർക്കല പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സ്വീകരിച്ചിട്ടില്ല.

**നടുവണ്ണൂരിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കാൻ നടപടി**

107(5706) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പുതിയ പോലീസ് സ്റ്റേഷനനുവദിക്കുന്നത്;

(ബി) ബാലുശ്ശേരി, പേരാമ്പ്ര, അത്തോളി എന്നീ പോലീസ് സ്റ്റേഷനുകളുടെ പരിധിയിലുള്ള നടുവണ്ണൂർ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് നടുവണ്ണൂരിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കായംകുളം മണ്ഡലത്തിൽ ആഭ്യന്തര വകുപ്പുവഴി നടപ്പാക്കിയ പദ്ധതികൾ

108(5707) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ആഭ്യന്തരവകുപ്പ് വഴി നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ആഭ്യന്തരവകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികളും ഇതിനായി വിനിയോഗിച്ച തുക സംബന്ധിച്ചുള്ള വിവരവും ചുവടെ ചേർക്കുന്നു.

(1) സ്റ്റേറ്റ് പ്ലാൻ സ്കീം 2020-21 പ്രകാരം നാല് ലക്ഷം രൂപ ചെലവാക്കി കായംകുളം പോലീസ് സ്റ്റേഷനിൽ വികലാംഗ സൗഹൃദ ശുചിമുറി നിർമ്മിച്ചു.

(2) സ്റ്റേറ്റ് പ്ലാൻ സ്കീം 2022-23 പ്രകാരം എട്ട് ലക്ഷം രൂപ ചെലവാക്കി കായംകുളം പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു.

(3) ബേസിക്ക് അമിനിറ്റി സ്കീം 2022-23-ലുൾപ്പെടുത്തി കായംകുളം പോലീസ് സ്റ്റേഷന് അഞ്ച് ലക്ഷം രൂപ അനുവദിച്ചതിലേയ്ക്കുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

2016 മുതൽ നാളിതുവരെ വാർഷിക പദ്ധതി ഇനത്തിലെ ഫണ്ടുപയോഗിച്ച് ഫയർ & റെസ്ക്യൂ സർവ്വീസസിൽ 2,04,65,718/- രൂപ ചെലവാക്കി വിവിധ അഗ്നിശമന രക്ഷാഉപകരണങ്ങളും വാഹനങ്ങളും കായംകുളം നിലയത്തിന് അനുവദിച്ചിട്ടുണ്ട്.

**ആഭ്യന്തരവകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ**

109(5708) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ ആഭ്യന്തര വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് അറിയിക്കാമോ; അവയുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ദിവസ വേതന/അന്യത്ര സേവനവ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങൾ, ഈ സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള മുൻ ഉപാധികൾ/രേഖകൾ ഏതൊക്കെയെന്നും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയെന്നും വിശദമാക്കാമോ?

(എ-ഡി) വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

## 2011-2016 സർക്കാരിന്റെ കാലയളവിൽ നിയമിക്കപ്പെട്ട അന്വേഷണ കമ്മീഷനുകൾ

110(5709) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2011-2016 സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ട അന്വേഷണ കമ്മീഷനുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം വിഷയങ്ങളുമായി ബന്ധപ്പെട്ടാണ് സർക്കാർ അന്വേഷണം പ്രഖ്യാപിച്ചതെന്നും ഏതെല്ലാം ഏജൻസികളെയാണ് അന്വേഷണച്ചുമതല ഏൽപ്പിച്ചതെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത അന്വേഷണങ്ങൾക്കായി സർക്കാർ എത്ര തുക വീതം ചെലവഴിച്ചുവെന്ന് തരംതിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

(എ-സി) സോളാർ തട്ടിപ്പും അതുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളും അന്വേഷിക്കുന്നതിനായി എസ്.ആർ.ഒ. നമ്പർ 867/2013/ആഭ്യന്തരം ആയി പുറപ്പെടുവിച്ച 28-10-2013-ലെ 77989/എസ്.എസ്.എ 2/2013 നമ്പർ സർക്കാർ വിജ്ഞാപനപ്രകാരം ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷനെ നിയമിച്ചു. പ്രസ്തുത കമ്മീഷന്റെ പ്രവർത്തനത്തിനായി 1,77,16,711 രൂപ ചെലവാക്കുകയുണ്ടായി. കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി സ്റ്റേഷനിൽ പോലീസുദ്യോഗസ്ഥർ കസ്റ്റഡിയിലെടുത്ത സിബി എന്ന യുവാവിന്റെ മരണത്തിലേയ്ക്ക് നയിച്ച സംഭവങ്ങൾ സംബന്ധിച്ച് അന്വേഷിക്കുന്നതിന് 1952-ലെ കമ്മീഷൻസ് ഓഫ് എൻക്വയറി ആക്റ്റ് പ്രകാരം ശ്രീ. ഡി. ശ്രീവല്ലഭനെ (റിട്ട. ജില്ലാ ജഡ്ജി) 2016 ജനവരി 8-ലെ 61646/എസ്.എസ്.എ 2/2015/ആഭ്യന്തരം നമ്പരായി പുറപ്പെടുവിച്ചതും എസ്.ആർ.ഒ. നമ്പർ 39/2016 ആയി 2016 ജനവരി 14-ാം തീയതിയിലെ 89-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം അന്വേഷണ കമ്മീഷനായി സർക്കാർ നിയമിച്ചിരുന്നു. കമ്മീഷന്റെ വേതനം, ഓഫീസ് ഘടന, മറ്റ്

അടിസ്ഥാനസൗകര്യങ്ങൾ മുതലായവ നിശ്ചയിച്ച് നൽകുന്നതിൽ ഭരണപരമായ കാലതാമസം നേരിട്ടതിനാൽ 2016 ജനുവരി 14-ാം തീയതി മുതൽ 6 മാസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കേണ്ടിയിരുന്ന പ്രസ്തുത കമ്മീഷന് യഥാസമയം ചുമതലയേൽക്കുവാൻ കഴിഞ്ഞില്ല. പ്രസ്തുത സാഹചര്യത്തിൽ കമ്മീഷൻ കാലതാമസം കൂടാതെ പ്രവർത്തനമാരംഭിക്കുന്നതിനായി 01-06-2017-ലെ 61646/ എസ്.എസ്.എ 2/2015/ആഭ്യന്തരം നമ്പർ (എസ്.ആർ.ഒ. നമ്പർ 306/2017) വിജ്ഞാപനപ്രകാരം ശ്രീ. ഡി. ശ്രീവല്ലഭനെ (റിട്ട. ജില്ലാ ജഡ്ജി) സർക്കാർ നിയമിച്ചു. പ്രസ്തുത കമ്മീഷന്റെ പ്രവർത്തനത്തിനായി 77,17,915 രൂപയും ചെലവായിട്ടുണ്ട്.

(ഡി) ആയതിന്റെ നിയമോപദേശത്തനായി ചെലവഴിച്ച തുക എത്ര വീതമാണെന്ന് അറിയിക്കാമോ?

അന്വേഷണ കമ്മീഷന്റെ നിയമോപദേശത്തിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**ഡിവൈ.എസ്.പി. തസ്തികയിലെ ഒഴിവുകൾ നികത്താൻ നടപടി**

111(5710) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാന പോലീസിൽ ഡിവൈ.എസ്.പി. തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്നും ഒഴിവുകൾ നികത്താതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടോയെന്നും വ്യക്തമാക്കാമോ?

കേരള പോലീസിൽ ഡിവൈ.എസ്.പി. തസ്തികയിൽ നികത്താൻ കഴിയുന്ന 2 ഒഴിവുകളാണുള്ളത്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വർദ്ധിച്ചുവരുന്ന പോക്സോ കേസുകളിലെ പ്രതികൾക്ക് പരമാവധി ശിക്ഷ ലഭിക്കുന്നതിനും കേസന്വേഷണം നിരീക്ഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഒരു ഡിവൈ.എസ്.പി.-യെ വീതം നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ പോലീസ് ആസ്ഥാനത്തുനിന്നും ലഭിച്ചിട്ടുണ്ടോ; ആയതിന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപ്രകാരം നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ?

പോക്സോ കേസ് അന്വേഷിക്കുന്നതിന് മാത്രമായി ഓരോ ജില്ലയിലും ഒരു ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കുന്നതിനായുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) മെഡിക്കൽ കോളേജുകളിൽ വിജിലൻസ് ഓഫീസർമാരായി ഡിവൈ.എസ്.പി.-മാരെ നിയമിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ 2023 മേയ് മാസം ആയത് നടപ്പിൽവരുത്താൻ എന്തെങ്കിലും തടസ്സമുണ്ടോ; വിശദമാക്കാമോ;

(ഡി) ഡിവൈ.എസ്.പി.-മാരുടെ ശമ്പളത്തിന് തുല്യമായ ശമ്പളം വാങ്ങുന്ന ഏറ്റവും സീനിയറായ ഹയർ ഗ്രേഡ് ഇൻസ്പെക്ടർമാർക്ക് സ്ഥാനക്കയറ്റം നൽകി പ്രസ്തുത ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി)ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**അഴിമതിക്കാരനായ ഉദ്യോഗസ്ഥനെതിരെ അന്വേഷണം**

112(5711) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നികുതി പിരിവുമായി ബന്ധപ്പെട്ട് ഉന്നത പദവിയിലിരിക്കുന്ന ഒരു ഉദ്യോഗസ്ഥനെതിരെ E2(CV01/18/TVM) 42558/2017 ആയി വിജിലൻസ് ഡയറക്ടറുടെ ഒരു രഹസ്യാന്വേഷണ റിപ്പോർട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിൽ ഡയറക്ടർ

സർക്കാരിന് നൽകിയ ശിപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ആരോപണവിധേയൻ അനധികൃത സ്വത്ത് സമ്പാദനം എന്തെങ്കിലും നടത്തിയിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനായി പ്രസ്തുത വിഷയത്തിൽ ഒരു പ്രാഥമികാന്വേഷണം നടത്താവുന്നതാണെന്ന് ശിപാർശ ചെയ്തിരുന്നു.

(ബി) ഇതേ ഉദ്യോഗസ്ഥനെതിരെ വി.എ.സി.ബി. സ്പെഷ്യൽ സെൽ തിരുവനന്തപുരം ഇൻസ്പെക്ടർ ഓഫ് പോലീസ് ശ്രീ. റാണാചന്ദ്രൻ ആർ. കെ. തയ്യാറാക്കിയ 07-05-2019-ലെ ഒരു പരാതി വെരിഫിക്കേഷൻ റിപ്പോർട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത രണ്ട് റിപ്പോർട്ടുകളിലും നിർണ്ണയിച്ച വസ്തുതകളിലും എത്തിചേർന്ന നിഗമനങ്ങളിലും വൈരുദ്ധ്യങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒരു സർക്കാർ ഉദ്യോഗസ്ഥനെതിരെ അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ കണ്ടെത്തുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി വിജിലൻസ് മാന്വലിലെ ചാപ്റ്റർ XI പ്രകാരമുള്ള നടപടിക്രമങ്ങൾ

മേൽപ്പറഞ്ഞ റിപ്പോർട്ടിന്റെ വെരിഫിക്കേഷൻ നടപടികളിൽ പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

രഹസ്യാന്വേഷണം നടത്തിയത് തിരുവനന്തപുരം യൂണിറ്റ് മുഖേനയാണ്. എന്നാൽ അനധികൃത സ്വത്തുസമ്പാദനം സംബന്ധിച്ച് അന്വേഷിക്കുന്നതിന് പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടുള്ള തിരുവനന്തപുരം സ്പെഷ്യൽ സെൽ മുഖേന നടത്തിയ പരിശോധനയിൽ ആരോപണം തെളിയിക്കുന്നതിനുള്ള വസ്തുതകളൊന്നുംതന്നെ കണ്ടെത്തുവാൻ കഴിയാതിരുന്ന സാഹചര്യത്തിൽ രഹസ്യാന്വേഷണ റിപ്പോർട്ടിൽ തുടർനടപടികൾ ആവശ്യമില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ സ്ഥാവരജംഗമ വസ്തുക്കളുടെ വിവരങ്ങൾ എല്ലാവർഷങ്ങളിലും നിയമപരമായി നൽകിവരുന്ന പ്രോപ്പർട്ടി, ഇൻകം-ടാക്സ് രേഖകളുമായും റിപ്പോർട്ട് തയ്യാറാക്കുന്ന വേളയിൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വർഷത്തെ രേഖകളാണ് പരിശോധിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്ന അവസരത്തിൽ മാത്രമാണ് കൂടുതൽ രേഖകൾ പരിശോധിക്കുന്നത്. ഇക്കാര്യത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യാത്തതിനാൽ പ്രസ്തുത രേഖകൾ പരിശോധിച്ചിട്ടില്ല.

(ഇ) പ്രസ്തുത ഉദ്യോഗസ്ഥന്റെ ബിനാമി ഇടപാടുകൾ പരിശോധിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി ടി ഉദ്യോഗസ്ഥന്റെ കുടുംബാംഗങ്ങൾ, ബന്ധുക്കൾ എന്നിവരുടെ പേരിലും പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരിലുമുള്ള സ്ഥലങ്ങളും അവയിലെല്ലാം നടത്തിയിട്ടുള്ള നിർമ്മിതികളും സ്ഥാവരവസ്തുക്കൾ വാങ്ങിയതുമായി ബന്ധപ്പെട്ട് പണത്തിന്റെ ഉറവിടം എന്നിവയെക്കുറിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ?

ഇക്കാര്യത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യാത്തതിനാൽ പ്രസ്തുത രേഖകൾ പരിശോധിച്ചിട്ടില്ല.

(എഫ്) കുറ്റാരോപിതനായ ഉദ്യോഗസ്ഥന്റെ പേരും, ജോലി ചെയ്യുന്ന വകുപ്പും വ്യക്തമാക്കാമോ?

സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിലെ ഉദ്യോഗസ്ഥനാണ്.

(ജി) മേൽപരാമർശിച്ചിട്ടുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്രമായൊരു അന്വേഷണം നടത്താൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

ഇക്കാര്യത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ തിരുവനന്തപുരം യൂണിറ്റ് മുഖേന നടത്തിയ രഹസ്യാന്വേഷണ റിപ്പോർട്ടിന്റെയും തിരുവനന്തപുരം സ്പെഷ്യൽ സെൽ മുഖേന നടത്തിയ പരിശോധന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയും തുടർനടപടികൾ ആവശ്യമില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിനാൽ മറ്റൊരു അന്വേഷണം നടത്തേണ്ട സാഹചര്യം നിലനിൽക്കുന്നില്ല.

**വിജിലൻസ് കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ**

113(5712) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:

ശ്രീ. പി. മമ്മിക്കുട്ടി:

ശ്രീ. എച്ച്. സലാം:

ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിജിലൻസ് കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി

എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; ഇതിനായി കൂടുതൽ വിജിലൻസ് കോടതികളാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വിജിലൻസ് കേസ്സുകളിലെ അന്വേഷണം പൂർത്തിയാക്കുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള സമയക്രമം കാലോചിതമായി പരിഷ്കരിക്കുക, അന്വേഷണാനുമതി, പ്രോസിക്യൂഷൻ അനുമതി എന്നിവ നൽകുന്നതിനും കോടതി കുറ്റവിമുക്തരാക്കുന്ന കേസ്സുകളിൽ അപ്പീൽ സാധ്യതയുള്ളവയിൽ അത് ഫയൽ ചെയ്യുന്നതിനും സമയക്രമം നിശ്ചയിക്കുക, അന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലെ പോലീസ് ഉദ്യോഗസ്ഥരുടെ തസ്തികകൾ അപ്ഗ്രേഡ് ചെയ്യുക തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കുവാനുദ്ദേശിക്കുന്നു. സംസ്ഥാനത്ത് ഒരു പുതിയ വിജിലൻസ് കോടതി സ്ഥാപിക്കുന്നതിന് ഭരണപരമായ തീരുമാനമെടുത്ത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ കൺകറൻസ് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) വിജിലൻസ് കേസന്വേഷണത്തിന്റെ ഭാഗമായുള്ള സാമ്പിൾ പരിശോധനയ്ക്ക് വിജിലൻസിന് മാത്രമായി പ്രത്യേക സംവിധാനമൊരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നൽകുന്ന സാമ്പിളുകൾ ഫോറൻസിക് സയൻസ് ലാബോറട്ടറിയിൽ മുൻഗണനാടിസ്ഥാനത്തിൽ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ബ്യൂറോയ്ക്ക് മാത്രമായി പ്രത്യേക ഡോക്യുമെന്റ് ഡിവിഷനാരംഭിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.

(സി) വിജിലൻസ് കേസന്വേഷണങ്ങൾക്ക് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിവിധ വകുപ്പുകളുടെ ആഭ്യന്തര വിജിലൻസ് ഓഫീസർമാർക്ക് പരിശീലനം നൽകുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ?

05-04-1997-ലെ സ.ഉ.(പി) നം.18/97/വിജി പ്രകാരം വിജിലൻസ് കേസന്വേഷണങ്ങൾക്ക് സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ആഭ്യന്തര വിജിലൻസ് ഓഫീസർമാർക്ക് വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ പരിശീലനം നൽകിവരുന്നുണ്ട്. ഐ.എം.ജി., കില തുടങ്ങിയ പരിശീലനസ്ഥാപനങ്ങളിലെ പരിശീലന പരിപാടികളിലും വിജിലൻസ് പരിശീലനം കൂടി ഉൾപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

**വിജിലൻസ് വിവിധ വകുപ്പുകളിലായി നടത്തിയ മിന്നൽ പരിശോധനകളും ടാപ്പും**

114(5713) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടെ വിജിലൻസ് വിവിധ വകുപ്പുകളിലായി എത്ര മിന്നൽ പരിശോധനകളും ട്രാപ്പും നടത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ?

108 മിന്നൽ പരിശോധനകളും 6 ട്രാപ്പുകളും നടത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) ഇതിന്റെ ഭാഗമായി എത്രപേരെ പിടികൂടിയിട്ടുണ്ട്; എത്രപേരുടെ പേരിൽ നടപടിയെടുക്കാൻ സാധിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ട്രാപ്പുകളിൽ 11 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+. 113 പേർക്കെതിരെ നടപടി ശിപാർശ ലഭ്യമായിട്ടുണ്ട്.

**ചരക്ക് സേവന നികുതി വകുപ്പിലെ വിജിലൻസ് അന്വേഷണം**

115(5714) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ എറണാകുളം ജില്ലാ ഇന്റലിജൻസ് വിഭാഗം ഡെപ്യൂട്ടി കമ്മീഷണർക്കെതിരെ സംസ്ഥാന വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ സെൽ എറണാകുളം നടത്തിവരുന്ന PE-11/2022/SCE നമ്പരിലുള്ള അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അന്വേഷണത്തിലേയ്ക്കായി സംസ്ഥാന നികുതി വകുപ്പ് കമ്മീഷണറോട് ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) അത്തരത്തിൽ ഒരു വിവരം നൽകുന്നതിന് കാലതാമസം വരുത്തിയത് ഏത് ഉദ്യോഗസ്ഥനാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥൻ 31-05-2023-ൽ സർവീസിൽ നിന്ന് വിരമിക്കുംമുമ്പ് ഇദ്ദേഹത്തിനെതിരെയുള്ള അന്വേഷണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-ഡി) PE-11/2022/SCE നമ്പരിലുള്ള അന്വേഷണം അന്തിമഘട്ടത്തിലാണ്.

## സർക്കാരിനുവേണ്ടി നടത്തിയിരുന്ന കേസ്സുകൾ

116(5715) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-2016 കാലഘട്ടത്തിൽ സർക്കാരിനുവേണ്ടി എത്ര കേസ്സുകൾ നടത്തിയിരുന്നുവെന്നും ഏതെല്ലാം കോടതികളിൽ എത്ര വീതമെന്നും അറിയിക്കാമോ;

അനുബന്ധമായി ചേർക്കുന്നു+. CAT-ൽ ഫയൽ ചെയ്ത കേസ്സുകളുടെ എണ്ണം 314 ആണ്.

(ബി) പ്രസ്തുത കേസ്സുകൾക്കായി എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ?

2010-2016 കാലഘട്ടത്തിൽ ഫീസിനത്തിൽ ആകെ 26,86,27,368/- (ഇരുപത്തിയാറ് കോടി എൺപത്തിയാറ് ലക്ഷത്തി ഇരുപത്തിയേഴായിരത്തി മുന്നൂറ്റി അറുപത്തി എട്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നടത്തിയ കേസ്സുകൾ എത്രയെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ജുഡീഷ്യൽ കമ്മീഷനുകൾ മുഖേന നടത്തിയ അന്വേഷണങ്ങൾ ഏതെല്ലാമായിരുന്നുവെന്നും അതിനായി ചെലവഴിച്ച തുക എത്രയെന്നും വെളിപ്പെടുത്താമോ?

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

## കേരള ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ നവീകരണം

117(5716) ശ്രീ കടകംപള്ളി സുരേന്ദ്രൻ:

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:

ശ്രീ. കെ.വി.സുമേഷ്:

ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം കേരള ഫയർ ആൻഡ് റെസ്ക്യൂ വകുപ്പ് അടിയന്തര അഗ്നിരക്ഷാ പ്രവർത്തനങ്ങൾക്കുപുറമെ പൊതുജനങ്ങൾക്ക് അപകടനിയന്ത്രണങ്ങൾ സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ?

റസിഡൻസ് അസോസിയേഷൻ, സന്നദ്ധ സംഘടനകൾ, സ്കൂളുകൾ, ബഹുനില കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ, മോക്ഡ്രിൽ എന്നിവ സംഘടിപ്പിക്കുന്നു. സ്ത്രീകൾക്ക് തീ

അപകടങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ അഗ്നിരക്ഷാനിലയങ്ങളുടേയും പരിധിയിൽ വരുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് ഗൃഹസുരക്ഷാ പരിശീലന പദ്ധതി നടത്തിവരുന്നു. 12 വയസ്സിനുമുകളിൽ പ്രായമുള്ള വിദ്യാർത്ഥികൾക്ക് തീ അപകടങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സ്റ്റേഷൻ തലത്തിൽ പരിശീലനം നൽകിവരുന്നു.

(ബി) പ്രസ്തുത വകുപ്പിനെ കാലാനുസൃതമായി നവീകരിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

വാർഷിക പദ്ധതിയിനത്തിലുൾപ്പെടുത്തി 2016-17-ൽ 39 കോടി രൂപ, 2017-18-ൽ 40.12 കോടി രൂപ, 2018-19-ൽ 65 കോടി രൂപ, 2019-20-ൽ 70 കോടി രൂപ, 2020-21-ൽ 65 കോടി രൂപ, 2021-22-ൽ 65 കോടി രൂപ, 2022-23-ൽ 72.5 കോടി രൂപ, യൂണിഫോം ആർട്ടിക്കിളുകൾ വാങ്ങുന്നതിനായി 10 കോടി രൂപ എന്നിവ വിനിയോഗിച്ച് അഗ്നിരക്ഷാ വകുപ്പിന്റെ ആധുനികവൽക്കരണത്തിനും നവീകരണത്തിനുമായി അനുബന്ധത്തിൽ + ചേർത്തിരിക്കുന്ന വാഹനങ്ങളും ഉപകരണങ്ങളും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാങ്ങിയിട്ടുള്ളതും ഉയരംകൂടിയ കെട്ടിടങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനുള്ള ഏരിയൽ ലാഡർ പ്ലാറ്റ് ഫോമുൾപ്പടെ അനുബന്ധത്തിൽ+ ചേർത്തിരിക്കുന്ന വാഹനങ്ങളും ഉപകരണങ്ങളും വാങ്ങാൻ നടപടി സ്വീകരിച്ചുവരികയുമാണ്.

(സി) സംസ്ഥാനത്തെ വ്യാപാര-വ്യവസായ മേഖലകൾ, വിദ്യാഭ്യാസ-ആരോഗ്യ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, മറ്റ് പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അഗ്നിരക്ഷാ ഉപകരണങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാണോയെന്നും നിലവിലെ സംവിധാനങ്ങൾ പര്യാപ്തമാണോയെന്നും പരിശോധിക്കുന്നതിനും അപര്യാപ്തതകളുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും ആവശ്യമായ അടിയന്തരനടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ വിവിധ വിഭാഗങ്ങളിൽപ്പെട്ട കെട്ടിടങ്ങളിലെയും അഗ്നിസുരക്ഷാ സംവിധാനങ്ങൾ ആനുകാലികമായി പരിശോധിച്ച് കാര്യക്ഷമത ഉറപ്പാക്കുന്നതിനും അപാകതകൾ കണ്ടാൽ ആയവ പരിഹരിക്കുന്നതിന് കെട്ടിടമുടമയ്ക്ക് നോട്ടീസ് നൽകുന്നതിനും വിവരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനാധികാരിയെയും ജില്ലാ കളക്ടറേയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അറിയിക്കുന്നതിനും അഗ്നിരക്ഷാ വകുപ്പിലെ എല്ലാ റീജിയണൽ ഫയർ ഓഫീസർമാരേയും ചുമതലപ്പെടുത്തിയിട്ടുണ്ട്

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കുമോ?

പരിശോധന സംബന്ധിച്ച റിപ്പോർട്ടുകൾ സ്റ്റേഷൻതലത്തിലും ജില്ലാ ഓഫീസ് തലത്തിലും രജിസ്റ്ററുകളിൽ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്. ഓരോ മാസവും ജില്ലയിലെ പ്രവർത്തന അവലോകന റിപ്പോർട്ട് ജില്ലാ ഫയർ ഓഫീസർമാർ ഡയറക്ടർ ജനറലിന് നൽകുന്നുണ്ട്.

**അഗ്നിസുരക്ഷാ വകുപ്പിനെ ശക്തിപ്പെടുത്താൻ നടപടി**

118(5717) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>

<u>ശ്രീ. പി. കെ. ബഷീർ:</u>

<u>ഡോ. എം. കെ. മുനീർ:</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കച്ചവടസ്ഥാപനങ്ങളിലും ബഹുനില കെട്ടിടങ്ങളിലും നിരന്തരം അഗ്നിബാധ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ

ഈ സ്ഥലങ്ങളിലെ അഗ്നിസുരക്ഷാ സംവിധാനത്തെപ്പറ്റി പരിശോധന നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കച്ചവടസ്ഥാപനങ്ങളിലെയും ബഹുനില കെട്ടിടങ്ങളിലെയും അഗ്നിസുരക്ഷാ സംവിധാനങ്ങൾ ആനുകാലികമായി പരിശോധിച്ച് കാര്യക്ഷമത ഉറപ്പാക്കുന്നതിനും അപാകതകൾ കണ്ടാൽ ആയവ പരിഹരിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകുന്നതിനും വിവരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനാധികാരികളെയും ജില്ലാ കളക്ടറെയും അറിയിക്കുന്നതിനും അഗ്നിരക്ഷാ സേവന വകുപ്പിലെ എല്ലാ റീജിയണൽ ഫയർ ഓഫീസർമാരെയും ജില്ലാ ഫയർ ഓഫീസർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇത്തരം സ്ഥലങ്ങളിൽ മതിയായ അഗ്നിസുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുമോ; വീഴ്ച വരുത്തുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

റീജിയണൽ ഫയർ ആഫീസർമാർ ജില്ലാ ഫയർ ആഫീസർമാർ സ്റ്റേഷൻ ആഫീസർമാർ എന്നിവരുടെ പരിശോധനാവേളയിൽ അനധികൃത നിർമ്മാണം നടത്തിയും കാറ്റഗറി വ്യവസ്ഥകൾ ലംഘിച്ചും സുരക്ഷാ

സംവിധാനങ്ങൾ യഥാക്രമം പ്രവർത്തനക്ഷമമല്ലാതെയും കാണപ്പെടുന്ന കെട്ടിടങ്ങളുടെ ന്യൂനത പരിഹരിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് വിശദമായ നോട്ടീസ് നൽകുകയും ലൈസൻസിംഗ് അതോറിറ്റിയായ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയിച്ച് തുടർനടപടിക്ക് അഭ്യർത്ഥിക്കുകയും വിവരം ജില്ലാ കളക്ടറെ രേഖാമൂലം അറിയിക്കുകയും ചെയ്യുന്നുണ്ട്. ഗുരുതരമായ വീഴ്ച ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ ദുരന്ത നിവാരണ നിയമപ്രകാരം നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകുന്നുമുണ്ട്.

(സി) ബഹുനില കെട്ടിടങ്ങളിലെ തീപിടുത്തം നേരിടുന്നതിന് സ്കൈ ലിഫ്റ്റ് ഉൾപ്പെടെയുള്ള ആധുനിക യന്ത്രോപകരണങ്ങൾ ലഭ്യമാക്കി അഗ്നിസുരക്ഷാ വകുപ്പിനെ ശക്തിപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ബഹുനില കെട്ടിടങ്ങളിലുണ്ടാകുന്ന തീപിടുത്തമുൾപ്പെടെയുള്ള അപകടങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനായി ഏരിയൽ ലാഡർ പ്ലാറ്റ്ഫോം വാങ്ങുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## എരുമേലി ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണം

119(5718) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച എരുമേലി ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലമേറ്റെടുക്കുന്ന നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി അഗ്നിരക്ഷാ സേവന വകുപ്പിന് വിട്ടുനൽകുന്നതിനായി കണ്ടെത്തിയ എരുമേലി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 16.598 സെന്റ് സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമാണോയെന്ന് പരിശോധിച്ച് സാക്ഷ്യപത്രം നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയും സ്ഥലം അനുയോജ്യമാണെന്ന് സാക്ഷ്യപത്രം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) സ്ഥലമേറ്റെടുക്കൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രസ്തുത ഫയർ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങളാരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സ്ഥലം കൈമാറി ലഭിക്കുന്നമുറയ്ക്ക് ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്കുവിധേയമായി സ്റ്റേഷൻ നിർമ്മിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

**കൊഴിഞ്ഞാമ്പാറ ഫയർ സ്റ്റേഷന്റെ നിർമ്മാണ പുരോഗതി**

120(5719) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊഴിഞ്ഞാമ്പാറ ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണത്തിനായി 2022-23 വർഷത്തെ ബജറ്റിൽ അനുമതി നൽകി ഇരുപത് ശതമാനം ഫണ്ട് അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(സി) പ്രസ്തുത ഫയർ സ്റ്റേഷൻ നിർമ്മാണം അടിയന്തര പ്രാധാന്യത്തോടെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) സർക്കാർ തത്വത്തിൽ അനുമതി നൽകിയ ഫയർ സ്റ്റേഷനുകൾ പ്രവർത്തനമാരംഭിച്ചതിനുശേഷം മാത്രമേ പുതിയ ഫയർ സ്റ്റേഷനുകൾക്ക് അനുമതി നൽകുന്നകാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

**പൂഞ്ഞാർ മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ**

121(5720) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് പണികഴിപ്പിച്ചിട്ടുള്ള കെട്ടിടവും ഗ്യാരേജും പ്രയോജനപ്പെടുത്തി പ്രസ്തുത സ്ഥലത്ത് ഫയർ സ്റ്റേഷനാരംഭിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) സർക്കാർ തത്വത്തിൽ അനുമതി നൽകിയ ഫയർ സ്റ്റേഷനുകൾ പ്രവർത്തനമാരംഭിച്ചതിനുശേഷം മാത്രമേ പുതിയ ഫയർ സ്റ്റേഷനുകൾക്ക് അനുമതി നൽകുന്നകാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

**പരവൂർ അഗ്നിരക്ഷാ നിലയത്തിന്റെ കെട്ടിടനിർമ്മാണ പുരോഗതി**

122(5721) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ അഗ്നിരക്ഷാ നിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് തയ്യാറാക്കിയ പുതിയ പ്ലാനിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

(എ&ബി) പരവൂർ അഗ്നിരക്ഷാ നിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് അഗ്നിരക്ഷാ സേവന വകുപ്പ് അംഗീകരിച്ച് നൽകിയ പ്ലാനിൽ പൈൽ നിർമ്മാണത്തിന് മുൻവശത്ത് സ്ഥലമില്ലാത്തതിനാൽ പാർക്കിംഗിനുവേണ്ടിയുള്ള കെട്ടിടം താൽക്കാലിക സ്ട്രക്ചറിൽ നിർമ്മിക്കുവാൻ ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ചിരുന്നു. 21-12-2022-ൽ ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിൽ ഈ മാറ്റംവരുത്തി നൽകുവാൻ ഡെപ്യൂട്ടി ചീഫ് ആർക്കിടെക്ടിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**ജയിൽ അന്തേവാസികൾക്ക് വിദ്യാഭ്യാസം**

123(5722) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിൽ അന്തേവാസികൾക്ക് വിദ്യാഭ്യാസത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; ഇവിടെ പ്രവർത്തിച്ചിരുന്ന ജയിൽ സ്കൂൾ അടച്ചുപൂട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

(ബി) പ്രസ്തുത ജയിലിൽ അന്തേവാസികളെ പഠിപ്പിക്കുന്നതിനായി സ്ഥിരമായി അദ്ധ്യാപകരെ നിയോഗിച്ചിട്ടുണ്ടോ; അന്തേവാസികളുടെ പഠനം സംബന്ധിച്ച കാര്യങ്ങളുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ആരാണ്; ഇതിനായി പ്രത്യേകം കോ-ഓർഡിനേറ്ററെ നിയോഗിച്ചിട്ടുണ്ടോ; സ്ഥിരമായി അദ്ധ്യാപകനെ നിയമിക്കുന്നതിനും കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) തിരുവനന്തപുരം സെൻട്രൽ ജയിലിൽ അന്തേവാസികൾക്ക് നിലവിൽ ഒന്ന് മുതൽ ഡിഗ്രി വരെയുള്ള കോഴ്സുകൾക്ക് പഠനസൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. 2022-23 വർഷങ്ങളിൽ സാക്ഷരതാ ക്ലാസിന് 20 അന്തേവാസികളും നാലാം ക്ലാസിൽ 7 അന്തേവാസികളും ഏഴാം ക്ലാസിൽ 3 അന്തേവാസികളും പത്താം ക്ലാസിൽ 9 അന്തേവാസികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്ലസ് വൺ ക്ലാസിന് 11 അന്തേവാസികളും ഡിഗ്രി ക്ലാസിൽ

ഒരാളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം വനിതാ ജയിലിലെ പി.ഡി ടീച്ചർ ആഴ്ചയിൽ 4 ദിവസം ജയിലിലെത്തി വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. കേരള സർവ്വകലാശാല കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ലൈബ്രറി & ഇൻഫർമേഷൻ സയൻസിൽ ഡിപ്ലോമ കോഴ്സ് നടത്തിവരുന്നു. സെൻട്രൽ ജയിലിലെ സ്കൂൾ അടച്ചുപൂട്ടിയിട്ടില്ല. അന്തേവാസികളുടെ പഠനം സംബന്ധിച്ച ചുമതല ജയിലിലെ വെൽഫെയർ ഓഫീസർ നിർവ്വഹിച്ചുവരുന്നു.

**ജയിലുകളിൽ വെൽഫയർ ഓഫീസർ തസ്തിക**

124(5723) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാ ജയിലുകളിലും സ്ഥിരമായി വെൽഫയർ ഓഫീസർ തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ ജയിലുകളിലാണ് ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ?

പത്തനംതിട്ട, തൃശ്ശൂർ (വിയ്യൂർ), പാലക്കാട് (മലമ്പുഴ), ആലപ്പുഴ, കാസർഗോഡ് (ഹോസ്ദുർഗ്ഗ്) എന്നീ അഞ്ച് ജില്ലാ ജയിലുകളിൽ വെൽഫയർ ഓഫീസർ തസ്തിക ഇപ്പോൾ നിലവിലില്ല.

(ബി) ഏതൊക്കെ സ്പെഷ്യൽ സബ് ജയിലുകളിൽ വെൽഫയർ ഓഫീസർ തസ്തിക നിലവിലുണ്ട്; വ്യക്തമാക്കാമോ?

തിരുവനന്തപുരം, കണ്ണൂർ, കോഴിക്കോട് എന്നീ സ്പെഷ്യൽ സബ് ജയിലുകളിൽ വെൽഫയർ ഓഫീസർ തസ്തിക നിലവിലുണ്ട്;

**തവനൂർ സെൻട്രൽ ജയിലിൽ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം**

125(5724) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തവനൂർ സെൻട്രൽ ജയിലിൽ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടിയെന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജയിലിൽ അവശ്യംവേണ്ട സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്. നിർമ്മാണ യൂണിറ്റുകളുൾപ്പെടെയുള്ള കൂടുതൽ സൗകര്യങ്ങളൊരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**കൊച്ചിൻ ഷിപ്‌യാർഡിനെ മാരിടൈം ഹബ്ബാക്കുന്നതിനുള്ള നടപടികൾ**

126(5725) <u>ശ്രീ. ഇ. കെ. വിജയൻ:</u>

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>

<u>ശ്രീ. മുഹമ്മദ് മുഹസിൻ:</u>

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ പ്രധാന തുറമുഖ നഗരമായ കൊച്ചിയുടെ വ്യവസായിക വാണിജ്യവികസനത്തിന് കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കൊച്ചിൻ ഷിപ്‌യാർഡ് ലിമിറ്റഡ് നിലവിൽ രണ്ട് വലിയ ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതികൾ നടപ്പിലാക്കിവരുന്നു. 1799 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഡ്രൈ-ഡോക്ക് പദ്ധതിയും 970 കോടി രൂപ ചെലവ് വരുന്ന ഇന്റർനാഷണൽ ഷിപ്പ് റിപ്പയർ ഫെസിലിറ്റി (ഐ.എസ്.ആർ.എഫ്.) പദ്ധതിയുമാണിവ. ഈ പദ്ധതികൾ 2023 ഡിസംബറോടെ പൂർത്തിയാകും. അതോടൊപ്പം കപ്പൽ നിർമ്മാണ/കപ്പൽ റിപ്പയറിംഗ് ഇക്കോ സിസ്റ്റം മെച്ചപ്പെടുത്തുന്നതിന് കൊച്ചിൻ ഷിപ്പ്‌യാർഡ് മറ്റ് പല നടപടികളും സ്വീകരിച്ചുവരുന്നു. ഇതിലൂടെ കൊച്ചിയെ രാജ്യത്തും അന്താരാഷ്ട്ര തലത്തിലും ഒരു പ്രധാന കപ്പൽ നിർമ്മാണ, കപ്പൽ റിപ്പയർ

കേന്ദ്രമാക്കി മാറ്റാനാണ് ശ്രമിക്കുന്നത്. മാരിടൈം മേഖലയിലെ വ്യവസായ സംരംഭങ്ങളെയുൾപ്പെടുത്തി കൊച്ചി കപ്പൽശാല, കൊച്ചി തുറമുഖ അതോറിറ്റി എന്നിവയുടെ നേതൃത്വത്തിൽ സംസ്ഥാന സർക്കാർ `കൊച്ചിൻ മാരിടൈം ക്ലസ്റ്റർ' നടപ്പാക്കിവരുന്നു. ഈ മേഖലയെ ഒരു സൺറൈസ് സെക്ടറായി തെരഞ്ഞെടുത്ത് അതിലൂടെ സംസ്ഥാനത്ത് മാരിടൈം വ്യവസായത്തിൽ കൂടുതൽ നിക്ഷേപവും നിലവിലുള്ള സ്ഥാപനങ്ങളുടെ വികസനവുമാണ് ലക്ഷ്യംവയ്ക്കുന്നത്. അതിലൂടെ, കൊച്ചി കപ്പൽശാലയെ ലോകത്തിലെതന്നെ മികച്ച കപ്പൽ നിർമ്മാണ റിപ്പയർ ശാലയാക്കുന്നതിനും കൊച്ചി തുറമുഖത്തെ ഒരു ടോട്ടൽ സർവ്വീസ് പ്രൊവൈഡറാക്കുന്നതിനുമുള്ള പ്രവർത്തങ്ങളുമാണ് കൈക്കൊണ്ടിട്ടുള്ളത്.

(ബി) ഇതിന്റെ ഭാഗമായി കൊച്ചിൻ ഷിപ്പ്‌യാർഡിനെ മാരിടൈം ഹബ്ബാക്കാൻ നോർവീജിയൻ കമ്പനിയുമായി സഹകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 2022 ഒക്ടോബറിൽ മുഖ്യമന്ത്രി നടത്തിയ വിദേശ സന്ദർശനത്തെത്തുടർന്ന് മാരിടൈം മൊണ്ടറിം ഗ്രൂപ്പ് എന്ന നോർവീജിയൻ സ്ഥാപനം അവരുടെ വ്യാപാരം വികസിപ്പിക്കുന്നതിന്റെ ഭാഗമായി കൊച്ചിയിൽ ഒരു മറൈൻ അക്കൊമോഡേഷൻ സർവ്വീസ് തുടങ്ങുവാൻ

താൽപ്പര്യം പ്രകടിപ്പിക്കുകയും തുടർനടപടിയുടെ ഭാഗമായി 2023 ജനുവരി മാസം നോർവീജിയൻ സ്ഥാപനയുടമകളുമായി മന്ത്രിതലയോഗം ചേരുകയും തുടർന്ന് നോർവീജിയൻ സ്ഥാപനത്തിന്റെ ആവശ്യങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകുവാൻ കേരളം നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

(സി) നിലവിൽ വിദേശ കമ്പനികൾക്കുവേണ്ടി ഓട്ടോമാറ്റിക് ഇലക്ട്രിക് ബാർജ്ജുകൾ നിർമ്മിച്ച് നൽകിയ കൊച്ചിൻ ഷിപ്പ്‌യാർഡിന് കൂടുതൽ ബാർജ്ജുകൾ നിർമ്മിക്കുവാൻ ഓർഡറുകൾ ലഭിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

നോർവേ ആസ്ഥാനമായുള്ള ASKO Maritime AS-നുവേണ്ടി രണ്ട് വൈദ്യുത ബാർജ്ജുകൾ വിതരണം ചെയ്തതിനുശേഷം വിവിധ തരത്തിലുള്ള ഗ്രീൻ വെസ്സൽസ്സ് കൂടുതൽ നിർമ്മിക്കുന്നത് സംബന്ധിച്ച് കൊച്ചിൻ ഷിപ്പ്‌യാർഡ് വിവിധ യൂറോപ്യൻ കമ്പനികളുമായി ചർച്ച നടത്തുകയുണ്ടായി. അടുത്തിടെ ഏകദേശം 500 കോടി രൂപ വീതം വില വരുന്ന രണ്ട് CSOV (കമ്മീഷനിംഗ് സർവ്വീസ് ഓപ്പറേഷൻ വെസ്സൽ)-കളുടെ നിർമ്മാണത്തിനായി ഒരു യൂറോപ്യൻ ക്ലയന്റിൽനിന്നും ഒരു അന്തർദ്ദേശീയ ഓർഡർ ലഭിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ അത്തരത്തിലുള്ള നാല് വെസ്സലുകൾ

കൂടി ഒരു വർഷത്തിനുള്ളിൽ നിർമ്മിക്കുന്നതിനുള്ള ഓപ്ഷനും ഈ ഓർഡറിൽ ഉൾപ്പെട്ടിട്ടുണ്ട്.

**ഓൺലൈൻ ഗെയിം നിരോധിക്കുന്നതിനുള്ള നടപടികൾ**

127(5727) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. നജീബ് കാന്തപുരം:

ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ ഗെയിമുകൾ കളിച്ച് വൻ സാമ്പത്തിക നഷ്ടമുണ്ടാക്കി ആത്മഹത്യയിലേയ്ക്ക് നയിക്കുന്നതായ സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

2020 മുതലുള്ള കണക്കുകൾപ്രകാരം നാളിതുവരെ 5 കേസുകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പോലീസിന്റെ ഔദ്യോഗിക ഫെയ്സ് ബുക്ക് പേജ് മുഖേന സുരക്ഷിത സൈബർ ഉപയോഗത്തെക്കുറിച്ചും ഓൺലൈൻ ചതിക്കുഴികളെക്കുറിച്ചും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ

റെസിഡൻസ് അസോസിയേഷനുകളും സ്കൂൾ പി.റ്റി.എ-കളും വഴി പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും സൈബർ സംബന്ധമായ അവബോധം പോലീസ് നൽകിവരുന്നു.

(ബി) ഓൺലൈൻ ചൂതാട്ടം, ഓൺലൈൻ ഗെയിം, ഓൺലൈൻ ഭാഗ്യപരീക്ഷണ കളികൾ എന്നിവ നിരോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ ഇതിനായി നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(ബി&സി) 23-02-2021-ലെ സ.ഉ.(പി) നം.26/2021/ആഭ്യന്തരം പ്രകാരം ഓൺലൈൻ റമ്മിയെ നിയമവിരുദ്ധമാക്കി ഉത്തരവായിരുന്നു. എന്നാൽ WP(C) No. 7785/2021 മുതലായ വിവിധ കേസുകളിലെ 27-09-2021-ലെ ഉത്തരവുപ്രകാരം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുകയുണ്ടായി. ആയതിനെതിരെ സർക്കാർ അപ്പീൽ സമർപ്പിച്ചിരിക്കുകയാണ്.

## ഇടുക്കി പാക്കേജ്

128(5728) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയുടെ സമഗ്രവികസനത്തിനായി പ്രഖ്യാപിച്ച ഇടുക്കി പാക്കേജ് നിലവിൽ വന്നതെന്നാണ്; പ്രസ്തുത ജില്ലയ്ക്കായി എത്ര തുകയുടെ പാക്കേജാണ് പ്രഖ്യാപിച്ചിട്ടുള്ളത്; വിശദമാക്കുമോ?

2021-ൽ 12000 കോടി രൂപയുടെ പാക്കേജാണ് ഇടുക്കി ജില്ലയുടെ വികസനത്തിനായി പ്രഖ്യാപിച്ചിരുന്നത്. ഇടുക്കി ജില്ലയുടെ സാമൂഹിക സാമ്പത്തിക വികസന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ജില്ലാ വികസന പദ്ധതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകൾ, സഹകരണ മേഖല എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ വികസനമാണ് സംസ്ഥാന സർക്കാർ ഇടുക്കി ജില്ലയ്ക്കായി പ്രഖ്യാപിച്ചിട്ടുള്ളത്. 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ 75 കോടി രൂപ വീതം ബജറ്റിൽ പ്രത്യേക ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

(ബി) നാളിതുവരെ എത്ര തുക പ്രസ്തുത പാക്കേജിനായി അനുവദിച്ചിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഇടുക്കി പാക്കേജിനായി പ്രഖ്യാപിച്ച തുക ഘട്ടംഘട്ടമായി വിവിധ വകുപ്പുകളിലൂടെയാണ് ചെലവഴിക്കുന്നത്. വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന

പദ്ധതികൾക്കുപുറമേ പാക്കേജിൽ നിർദ്ദേശിക്കുന്ന പദ്ധതികൾ ജില്ലാതലത്തിൽ ഏറ്റെടുക്കുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷമായ 2022-23-ൽ 75 കോടി രൂപയും 2023-24-ൽ 75 കോടി രൂപയും യഥാക്രമം ബജറ്റിൽ വകയിരുത്തിയിട്ടുള്ളതാണ്.

(സി) ഇടുക്കി പാക്കേജ് എത്ര വർഷംകൊണ്ട് നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ജില്ലയുടെ സമഗ്രമായ വികസനം ലക്ഷ്യമിട്ടാണ് ഇടുക്കി പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ളത്. പാക്കേജിന്റെ കാലാവധി സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(ഡി) പ്രസ്തുത ജില്ലയുടെ ഏതൊക്കെ മേഖലകളിലെ വികസനങ്ങൾക്കാണ് തുക വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഇടുക്കി ജില്ലയുടെ സാമൂഹിക സാമ്പത്തിക വികസന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ആരോഗ്യം, കൃഷി അനുബന്ധ വ്യവസായം, ക്ഷീര വികസനം, മണ്ണ് ജലസംരക്ഷണം, ശിശുക്ഷേമം, വിദ്യാഭ്യാസം, കായിക വികസനം, ടൂറിസം, അടിസ്ഥാന സൗകര്യവികസനം എന്നീ മേഖലകൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്.

**അരുവിക്കര മണ്ഡലത്തിൽ കാരുണ്യ ബനവലന്റ് ഫണ്ട്**

129(5729) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ ബെനവലന്റ് ഫണ്ടുമുഖേന അരുവിക്കര നിയോജകമണ്ഡലത്തിലെ അപേക്ഷകർക്ക് 2021-22, 2022-23 വർഷങ്ങളിൽ അനുവദിച്ച തുകയും അപേക്ഷകരുടെ പേരുവിവരങ്ങളും ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കാമോ?

കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന അപേക്ഷകർക്ക് അനുവദിച്ച തുക, മറ്റു വിവരങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാണ്. എന്നാൽ നിയോജകമണ്ഡലം/പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

**പതിനെട്ട് വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ**

130(5730) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പതിനെട്ട് വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികൾ വഴിയാണ് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 18 വയസ്സ് വരെയുള്ള കുട്ടികളുടെ സൗജന്യ ചികിത്സയ്ക്കായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ആർ.ബി.എസ്.കെ (രാഷ്ട്രീയ ബാൽ സ്വാസ്ത്യ കാര്യക്രം) വഴി 18 വയസ്സിന് താഴെപ്രായമുള്ള എല്ലാ കുട്ടികൾക്കും 30 അസുഖങ്ങൾക്ക് സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ആരോഗ്യസ്ഥാപനങ്ങളിൽ നിന്ന് സൗജന്യ ചികിത്സ ലഭ്യമാക്കുന്നു.

2. ജെ.എസ്.എസ്.കെ (ജനനി ശിശു സുരക്ഷാ കാര്യക്രം) വഴി ഒരു വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ നിന്ന് സൗജന്യ ചികിത്സ, സൗജന്യ ലാബ് പരിശോധന, സൗജന്യ മരുന്നുകൾ, സൗജന്യ റഫറൽ സൗകര്യം എന്നിവ ലഭ്യമാക്കുന്നു.

3. ആരോഗ്യ കിരണം പദ്ധതി: പതിനെട്ട് വയസ്സിന് താഴെയുള്ള (സർക്കാർ ഉദ്യോഗസ്ഥരുടെ/ ആദായ നികുതിദായകരുടെ ആശ്രിതരായ കുട്ടികൾ ഒഴികെ) കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽനിന്നും സൗജന്യ ചികിത്സ ലഭ്യമാകുന്ന പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ.) പദ്ധതിയിലുൾപ്പെടുന്ന 30 ആരോഗ്യ അവസ്ഥകൾ ഒഴികെയുള്ള മറ്റെല്ലാ അസുഖങ്ങൾക്കും ഈ പദ്ധതി മുഖാന്തരം സർക്കാർ ആശുപത്രികളിൽനിന്നും ചികിത്സ ലഭ്യമാണ്.

4. കാൻസർ സുരക്ഷാ സ്കീം വഴി ഗവൺമെന്റ് ജീവനക്കാരുടെ മക്കൾ ഒഴികെയുള്ള 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി സൗജന്യ ചികിത്സ നൽകിവരുന്നു.

5. താലോലം പദ്ധതി വഴി എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ കാൻസറൊഴികെയുള്ള അസുഖങ്ങൾക്ക് 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി ചികിത്സ നൽകിവരുന്നു.

6. ഹൃദ്യം പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് ചികിത്സ നൽകിവരുന്നു.

(ബി) പതിനെട്ട് വയസ്സ് വരെയുള്ള കുട്ടികൾക്ക് എല്ലാതരത്തിലുള്ള ചികിത്സയും ഇൻവെസ്റ്റിഗേഷനും മരുന്നും സൗജന്യമായിട്ടാണോ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

പതിനെട്ട് വയസ്സിന് താഴെയുള്ള (സർക്കാർ ഉദ്യോഗസ്ഥരുടെ/ ആദായ നികുതിദായകരുടെ ആശ്രിതരായ കുട്ടികൾ ഒഴികെ) കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽനിന്നും ആരോഗ്യ കിരണം പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭ്യമാണ്.

രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ.) പദ്ധതിയിലുൾപ്പെടുന്ന 30 ആരോഗ്യ അവസ്ഥകൾ ഒഴികെയുള്ള മറ്റെല്ലാ അസുഖങ്ങൾക്കും ഈ പദ്ധതി മുഖാന്തരം ചികിത്സ ലഭ്യമാണ്.

(സി) കാസ്പ് കാർഡുള്ള പതിനെട്ട് വയസ്സിനകത്ത് പ്രായമുള്ള കുട്ടികൾക്ക് ആധാർ കാർഡില്ലെങ്കിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

കാസ്പ് പദ്ധതിപ്രകാരം സൗജന്യ ചികിത്സയ്ക്കായി കാർഡെടുക്കുന്ന സമയത്തും അഡ്മിഷൻ സമയത്തും ഡിസ്ചാർജ്ജ് സമയത്തും ആധാർ വെരിഫിക്കേഷൻ നടത്തേണ്ടതാവശ്യമാണ്.

(ഡി) രണ്ട് വയസ്സ് വരെ പ്രായമുള്ള ആധാറില്ലാത്ത കുട്ടികളുടെ കുടുംബത്തിന് കാസ്പ് കാർഡുണ്ടെങ്കിൽ കാസ്പ് സ്കീമിലുൾപ്പെടുത്തി കുട്ടികൾക്ക് ചികിത്സ സൗജന്യമായി ലഭ്യമാക്കുമോ; ഇല്ലെങ്കിൽ എന്താണ് കാരണം എന്ന് വ്യക്തമാക്കാമോ;

(ഇ) ആധാറില്ലാതെ ഇങ്ങനെയുള്ള കുട്ടികൾക്ക് സൗജന്യമായി ചികിത്സ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

(ഡി&ഇ) രണ്ട് വയസ്സിന് താഴെ പ്രായമുള്ള ആധാർ കാർഡില്ലാത്ത കുട്ടികൾക്ക് മാതാവിന്റെയോ പിതാവിന്റെയോ കാസ്പ് കാർഡ് വഴി കാരുണ്യ

ആരോഗ്യ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി സൗജന്യ ചികിത്സ നൽകിവരുന്നു.

**വിളർച്ചയിൽ നിന്ന് വളർച്ചയിലേയ്ക്ക് പദ്ധതി**

131(5731) ശ്രീ. ഒ. ആർ. കേളു:

ശ്രീ. പി. വി. അൻവർ:

ശ്രീ. എ. രാജ:

ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാതൃ-ശിശു മരണനിരക്ക് വികസിത രാജ്യങ്ങളുടെതിന് സമാനമായി കുറയ്ക്കാൻ കഴിയുംവിധം പൊതുജനാരോഗ്യ രംഗത്തെ ശാക്തീകരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ മാതൃമരണനിരക്ക് ഇന്ത്യയിലെ ശരാശരി മാതൃമരണനിരക്കിനേക്കാൾ കുറവാണ്. മാത്രമല്ല കേരളത്തിലെ മാതൃമരണനിരക്ക് ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ വച്ച് ഏറ്റവും കുറഞ്ഞതാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി മാതൃമരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. സംസ്ഥാനത്തെ മാതൃമരണനിരക്ക് കുറയ്ക്കുന്നതിനായി ആരോഗ്യ വകുപ്പും നാഷണൽ ഹെൽത്ത് മിഷനും

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് KFOG (Kerala Federation of Obstetrics and Gynecology)-യുടെ സാങ്കേതിക സഹകരണത്തോടെ ഒരു പദ്ധതി തയ്യാറാക്കി കേരളത്തിൽ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ ഗൈനക്കോളജിസ്റ്റുകൾ, നഴ്സുമാർ, പ്രസവമുറിയിൽ ജോലി ചെയ്യുന്ന മറ്റ് ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഡിസ്പോസിബിൾ ഡെലിവറി കിറ്റ്, ഡിസ്പോസിബിൾ സിസേറിയൻ കിറ്റ് എന്നിവ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രികൾക്കാവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങി നൽകിയിട്ടുണ്ട്. മാതൃമരണത്തിന്റെ കാരണം കണ്ടുപിടിക്കുന്നതിനായി മാതൃമരണ ആഡിറ്റ് നടത്തിവരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ മാതൃമരണനിരക്ക് കുറക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കിവരുന്നു. 24-12-2018-ലെ സ.ഉ (സാധാ) നം. 3784/2018/ആ.കു.വ സർക്കാർ ഉത്തരവുപ്രകാരം ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി ജില്ലകളിലെ മാതൃമരണങ്ങളും മാതൃചികിത്സാ പ്രവർത്തനങ്ങളും അവലോകനം ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതുകൂടാതെ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ നടത്തിവരുന്ന യോഗത്തിലും ജില്ലകളിലെ മാതൃമരണനിരക്ക് അവലോകനം ചെയ്ത് മാതൃമരണങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആശുപത്രികളിൽ അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നുണ്ട്. കൂടാതെ നാഷണൽ ഹെൽത്ത് മിഷൻ ഫണ്ടുപയോഗിച്ച് ആശുപത്രികളിലെ പ്രസവ സംബന്ധമായ സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി പ്രസവമുറി നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നുണ്ട്.

(ബി) പെൺകുട്ടികളിലെയും സ്ത്രീകളിലെയും വിളർച്ച പൂർണ്ണമായി പരിഹരിച്ച് വിളർച്ചമുക്ത കേരളമെന്ന ലക്ഷ്യം നേടുന്നതിന് ആവിഷ്കരിച്ചിട്ടുള്ള വിളർച്ചയിൽ നിന്ന് വളർച്ചയിലേയ്ക്ക് (വിവ) പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

15 മുതൽ 59 വയസ്സുവരെയുള്ള കൗമാരക്കാരായ പെൺകുട്ടികളെയും സ്ത്രീകളെയും ഹീമോഗ്ലോബിൻ പരിശോധനയിലൂടെ വിളർച്ച (അനീമിയ) കണ്ടെത്തുകയും ആവശ്യമായവർക്ക് ചികിത്സ ഉറപ്പുവരുത്തുകയും ചെയ്യുകയെന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി

ഡിജിറ്റൽ ഹീമോഗ്ലോബിനോമീറ്റർ ഉപയോഗിച്ചോ ലാബ് പരിശോധനയിലൂടേയോ ഹീമോഗ്ലോബിന്റെ അളവ് കണ്ടെത്തുകയും അതിന്റെ വിവരം ഗൂഗിൾഫോം ഉപയോഗിച്ച് ശേഖരിക്കുകയും ചെയ്യുന്നു. ഇതിൽ അനീമിയ (വിളർച്ച) കണ്ടെത്തുന്നവർക്കാവശ്യമായ ചികിത്സ മാർഗ്ഗനിർദ്ദേശപ്രകാരം നൽകുന്നു. തദ്ദേശസ്വയംഭരണ വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, മറ്റ് അനുബന്ധ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെയാണ് വിവ ക്യാമ്പയിൻ നടത്തുന്നത്. 2023 ഫെബ്രുവരി 18-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഈ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി 14-01-2023-ലെ സ.ഉ (സാധാ) നം. 97/2023/ആ.കു.വ സർക്കാർ ഉത്തരവുപ്രകാരം ജില്ല, സംസ്ഥാനതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും പരിശീലന പരിപാടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഹീമോഗ്ലോബിൻ പരിശോധിക്കാനാവശ്യമായ ഹീമോഗ്ലോബിനോ മീറ്റർ, ടെസ്റ്റ് സ്ട്രിപ്പ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. വിവിധ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി വിളർച്ച തടയുന്നതിനും നിയന്ത്രിക്കുന്നതിനുമാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. കൗമാരക്കാരിലും

സ്ത്രീകളിലും വിളർച്ച മൂലമുള്ള ശാരീരികവും ബൗദ്ധികവുമായ പ്രശ്നങ്ങൾ പരിഹരിച്ച് കൂടുതൽ പ്രവർത്തനക്ഷമമാക്കുവാനും ഈ പരിപാടിയിലൂടെ സാധ്യമാകുമെന്നും പ്രതീക്ഷിക്കുന്നു. പൊതുജന പങ്കാളിത്തത്തോടെ ഈ ക്യാമ്പയിൻ ലക്ഷ്യപ്രാപ്തിയിലെത്തിക്കുവാനുള്ള ശ്രമങ്ങൾ എല്ലാ ജില്ലയിലും തുടങ്ങിയിട്ടുണ്ട്.

(സി) വിദ്യാഭ്യാസ വകുപ്പുൾപ്പെടെ മറ്റ് വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും വാർഷികാരോഗ്യ പരിശോധന നടത്താൻ ഉദ്ദേശ്യമുണ്ടോയെന്ന് വിശദമാക്കുമോ?

നവീകരിച്ച/നൂതന സ്കൂൾ ആരോഗ്യ പദ്ധതിയുടെ കീഴിൽ സർക്കാർ എല്ലാ വിദ്യാർത്ഥികൾക്കും വാർഷിക ആരോഗ്യ പരിശോധന നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ RBSK നഴ്സുമാർ, മൊബൈൽ ടീമുകൾ സ്കൂളുകൾ സന്ദർശിച്ച് നിർദ്ദിഷ്ട ഫോർമാറ്റ് പ്രകാരമുള്ള ആരോഗ്യ പരിശോധന നടത്തുന്നുണ്ട്. ഇത് വ്യാപിപ്പിച്ച് എല്ലാ വകുപ്പുകളുടെയും സഹകരണത്തോടുകൂടി എല്ലാ കുട്ടികൾക്കും വാർഷിക ആരോഗ്യ പരിശോധന നടത്തുന്നതിനുള്ള സർക്കാർ പദ്ധതി രൂപീകരിക്കാനാണുദ്ദേശിക്കുന്നത്.

**ഇ-ഹെൽത്ത് പദ്ധതി**

132(5732) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് പദ്ധതിക്കായി എത്ര കമ്പ്യൂട്ടർ ടാബ്‌ലെറ്റുകളാണ് വാങ്ങിയിട്ടുള്ളതെന്നും അതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ശേഖരിക്കുന്നതിനായി 9500 കമ്പ്യൂട്ടർ ടാബ്‌ലെറ്റുകൾ വാങ്ങിയിട്ടുണ്ട്. ടി ടാബ്‌ലെറ്റുകൾ വാങ്ങുന്നതിന് നാളിതുവരെ 15,79,91,158/- രൂപ ടോട്ടൽ സർവ്വീസ് പ്രൊവൈഡറായ കെൽട്രോണിന് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കമ്പ്യൂട്ടർ ടാബ്‌ലെറ്റുകൾ വാങ്ങിയത് ഏത് ഫണ്ടുപയോഗിച്ച്, ഏത് സ്വകാര്യ കമ്പനിയിൽ നിന്നാണെന്നുള്ള വിവരം ലഭ്യമാക്കാമോ?

"MeiTy" ഇ-ഗവേർണൻസ് പ്രവർത്തനങ്ങൾക്കായി നൽകിയ കേന്ദ്ര ഫണ്ടുപയോഗിച്ചാണ് ടാബ്‌ലെറ്റുകൾ വാങ്ങിയിട്ടുള്ളത്. ടോട്ടൽ സർവ്വീസ് പ്രൊവൈഡറായ കെൽട്രോൺ മുഖേന ടെണ്ടർ നടപടികൾക്ക്

വിധേയമായാണ് Geeta Monitors Pvt Ltd-ൽ നിന്ന് ടാബ്‌ലെറ്റുകൾ വാങ്ങിയിട്ടുള്ളത്.

(സി) ഇ-ഹെൽത്ത് പദ്ധതിക്കായി വാങ്ങിയ കമ്പ്യൂട്ടർ ടാബ്‌ലെറ്റുകൾ ഉപയോഗിക്കാത്തതിനാൽ അവ പൂർണ്ണമായും കേടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; ഈയിനത്തിൽ സർക്കാരിന് എത്ര രൂപയാണ് നഷ്ടമായതെന്ന് വ്യക്തമാക്കാമോ?

2016-17 കാലയളവിൽ വാങ്ങി വിവിധ ജില്ലകളിലെ ജൂനിയർ ഹെൽത്ത് ഇൻസ്‌പെക്ടർ (JHI), ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് (JPHN) എന്നിവർക്ക് അതത് ജില്ലകളിലെ ജില്ലാ മെഡിക്കൽ ഓഫീസർ (DMO) മുഖാന്തരം വിതരണം ചെയ്തിട്ടുള്ള 9387 ടാബ്‌ലെറ്റുകളുടെ നിലവിലെ സ്ഥിതി ടാബ് ആഡിറ്റ് റിപ്പോർട്ടുപ്രകാരം വിലയിരുത്തിയതിൽ 4455 ടാബ്‌ലെറ്റുകൾ പ്രവർത്തനക്ഷമമായിട്ടുള്ളതാണെന്നും 4404 ടാബ്‌ലെറ്റുകൾ ഹാർഡ്‌വെയർ തകരാറിലായതായും 23 ടാബ്‌ലെറ്റുകൾ നഷ്ടപ്പെട്ടതായും 372 ടാബ്‌ലെറ്റുകൾക്ക് ഫിസിക്കൽ കേടുപാടുകൾ സംഭവിച്ചതായും കണ്ടെത്തിയിട്ടുണ്ട്. 133 ടാബ്‌ലെറ്റുകളുടെ പ്രവർത്തനക്ഷമത ടാബ് റിപ്പോർട്ടുപ്രകാരം വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. ടി ടാബുകളുടെ നിലവിലെ സ്ഥിതി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാരിൽനിന്നും

ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 113 ടാബ്‌ലെറ്റുകൾ പബ്ലിക്ക് ഹെൽത്ത് ഹാൻഡ് ഹോൾഡിംഗ് ട്രെയിനിംഗ്, അടിയന്തര സാഹചര്യങ്ങളിൽ സ്പെയർ, മറ്റ് വിവിധതരം ആരോഗ്യ സർവ്വേ എന്നിവയ്ക്കായി ഇ-ഹെൽത്ത് പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ ഉപയോഗിച്ചുവരുന്നു. ടാബ്‌ലെറ്റുകൾ നിശ്ചിത വാറണ്ടി കാലാവധി പൂർത്തിയാക്കിയതിനാലും തുടർസർവ്വീസ്, ഹാർഡ്‌വെയർ പാർട്ടുകളുടെ ലഭ്യമില്ലായ്മ എന്നീ കാരണങ്ങളാലും നന്നാക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ടി ടാബ്‌ലെറ്റുകളുപയോഗിച്ച് 2.59 കോടി ജനങ്ങളുടെ പ്രാഥമിക വിവരശേഖരണം നടത്തിയിട്ടുണ്ട്. കേടായ ടാബ്‌ലെറ്റുകളുടെ കാലാവധി 6 വർഷത്തിലധികമാകയാൽ ടാബ്‌ലെറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നത് സാധ്യമല്ലാത്തതിനാലും പകരം പുതിയ ടാബ്‌ലെറ്റുകൾ വാങ്ങുന്നതുമൂലമുള്ള സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിനും BYOD (Bring Your Own Device) മാതൃകയിൽ പൊതുജനാരോഗ്യ വിവരശേഖരണം കാര്യക്ഷമമാക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ആശാവർക്കർമാരുടെ പ്രവർത്തനം**

133(5733) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശാവർക്കർമാരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിൽ ആശാപദ്ധതി 2007 മുതൽ നടപ്പിലാക്കിവരുന്നു. കേരളത്തിൽ അംഗീകൃത സാമൂഹ്യകാരോഗ്യ പ്രവർത്തകരായി സംസ്ഥാനത്തുടനീളം ആശാപ്രവർത്തകരെ തെരഞ്ഞെടുക്കുകയും വിവിധ ഘട്ടങ്ങളിലായി പരിശീലനം നൽകിവരികയും ചെയ്യുന്നു. സംസ്ഥാനത്തെ ആശാവർക്കർമാരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ 02-03-2023-ലെ സ.ഉ. (സാധാ) നം. 483/2023/ആരോഗ്യം പ്രകാരം ആശാവർക്കർമാരുടെ ജോലികൾ കൃത്യമായി നിർവ്വചിക്കുകയും യോഗ്യത, തെരഞ്ഞെടുപ്പ്, പരിശീലനം, സേവന കാലാവധി, ഓണറേറിയം, പ്രശ്നപരിഹാര സംവിധാനങ്ങൾ, സേവനത്തിൽ നിന്ന് മാറി നിൽക്കൽ എന്നിവ സംബന്ധിച്ച് സമഗ്രമായ ആശാപദ്ധതിയുടെ മാർഗരേഖ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2022 ഏപ്രിൽ മുതൽ ആശമാർക്ക് പ്രതിമാസം 200/- രൂപ ടെലിഫോൺ അലവൻസായി നൽകിവരുന്നുണ്ട്. ഇതുകൂടാതെ

HBNC, HBYC പോലുള്ള പദ്ധതികളുടെ ഭാഗമായി ആശമാർക്ക് പുതിയ ഇൻസെന്റീവും നൽകിവരുന്നു.

(ബി) ആശാവർക്കർമാരെ സംസ്ഥാന സർവീസ് ജീവനക്കാരായി അംഗീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ?

ആശാമാർ സന്നദ്ധ ആരോഗ്യ പ്രവർത്തകരാണ്. ആശാമാരെ സംസ്ഥാന സർവീസ് ജീവനക്കാരായി അംഗീകരിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഇല്ലെങ്കിൽ ആശാവർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഓണറേറിയം വർദ്ധിപ്പിക്കുമെങ്കിൽ എത്ര ശതമാനം വർദ്ധിപ്പിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി&ഡി) 2016-17-ൽ 1500 രൂപയായിരുന്ന ആശാപ്രവർത്തകരുടെ പ്രതിമാസ ഓണറേറിയം വർഷംതോറും വർദ്ധനവരുത്തി 2021 ഏപ്രിൽ മുതൽ പ്രതിമാസം 6000 രൂപയായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ആശാവർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നകാര്യം

പരിഗണിക്കുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്മേൽ ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

## ആശുപത്രികളിൽ അത്യാധുനിക സൗകര്യം

134(5734) ശ്രീ. ടി. പി. രാമകൃഷ്ണൻ:

ശ്രീ. എം. നൗഷാദ്:

ശ്രീമതി ദെലീമ:

ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദ്വിതീയ തൃതീയ തലങ്ങളിലുള്ള ആശുപത്രികളിൽ അത്യാധുനിക സൗകര്യമേർപ്പെടുത്തുന്ന പ്രവർത്തനത്തിന്റെ ഭാഗമായി അഞ്ച് താലൂക്കാശുപത്രികളുടെയും ഒരു ജില്ലാശുപത്രിയുടെയും രണ്ട് മെഡിക്കൽ കോളേജുകളുടെയും വികസനത്തിനായി കിഫ്ബിയിൽനിന്ന് പുതുതായി അറുനൂറ്റിയഞ്ച് കോടി രൂപ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ദ്വിതീയ തൃതീയ തലങ്ങളിലുള്ള ആശുപത്രികളിൽ അത്യാധുനിക സൗകര്യമേർപ്പെടുത്തുന്ന പ്രവർത്തനത്തിന്റെ ഭാഗമായി പേരാമ്പ്ര താലൂക്കാശുപത്രി, പത്തനാപുരം താലൂക്കാശുപത്രി, കുന്നംകുളം

താലൂക്കാശുപത്രി, കൊണ്ടോട്ടി താലൂക്കാശുപത്രി, കോതമംഗലം താലൂക്കാശുപത്രി, കണ്ണൂർ ജില്ലാശുപത്രിയിൽ ബയോമെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനും തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലെ മാതൃശിശു ബ്ലോക്കിന്റെ വികസനം, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഇമാജിയോളജി വിഭാഗത്തിന്റെ വികസനം എന്നീ പദ്ധതികൾക്കായി ആകെ 605.49 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്.

(ബി) വിവിധ ജില്ലാ, ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യമേർപ്പെടുത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സർക്കാരിന്റെ സ്റ്റാന്റേർഡൈസേഷൻ മാനദണ്ഡമനുസരിച്ച് സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, യൂറോളജി മുതലായവ ജില്ലാതല ആശുപത്രികളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. എറണാകുളം ജനറൽ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യമേർപ്പെടുത്തുന്നതിനായി 76.5 കോടി രൂപയും തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യമേർപ്പെടുത്തുന്നതിനായി 169 കോടി രൂപയും കോട്ടയം ഗവൺമെന്റ്

മെഡിക്കൽ കോളേജ് ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യമേർപ്പെടുത്തുന്നതിനായി 268.60 കോടി രൂപയും കിഫ്ബി അനുവദിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തുന്നതിനും നൂതന ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൈക്രോ ബയോളജി ലാബിൽ Automated ELISA Work Station, VITEK-2, Automated- ID-AST Automated Blood Culture System, Bact Alert, Mico Bacterial Growth indicator tube (MGIT) മുതലായ ഉപകരണങ്ങൾ ലാബിൽ സജ്ജീകരിച്ച് പ്രവർത്തിച്ചുവരുന്നു. ബയോ കെമിസ്ട്രി ലാബിൽ നൂതന ഉപകരണങ്ങളായ COBAS PURE FULL AUTOMATED INTEGRATED ANALYSER ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ Fully Automated Clinical Chemistry Analysis Fully Automated Immuno Analyser Electro Forus (Fully Automated) Machines-ഉം ലഭ്യമാണ്. പാത്തോളജി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സൈറ്റോളജി, ഹെമറ്റോളജി, ഹിസ്റ്റോ പാത്തോളജി എന്നീ ലാബുകളിൽ മാനുവലായിട്ടും

ആട്ടോമാറ്റഡായിട്ടും പരിശോധന നടത്തിവരുന്നു. ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയതുമൂലം വേഗത്തിൽ പരിശോധനാഫലങ്ങൾ നൽകുവാനും ഫലം മൊബൈലിൽ ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. കൊല്ലം മെഡിക്കൽ കോളേജിലെ ബയോ കെമിസ്ട്രി ലാബിന്റെ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ലാബ് റീ ഏജന്റ് റഫ്രിജറേറ്റർ, സ്പെക്ട്രോ ഫോട്ടോ മീറ്റർ സെമി ആട്ടോ അനലൈസർ എന്നീ നൂതന ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. മൈക്രോ ബയോളജി ലാബ് മെച്ചപ്പെടുത്തുന്നതിനായി വിവിധ രോഗനിർണ്ണയത്തിനായി അതിനൂതനമായതും അതിസങ്കീർണ്ണമായതും യന്ത്രവൽകൃതവുമായ ആട്ടോമേറ്റഡ് യന്ത്രങ്ങൾ വിന്യസിപ്പിച്ചിട്ടുണ്ട്. പാത്തോളജി ലാബിൽ ആധുനികയന്ത്ര സംവിധാനങ്ങളൊരുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സൈറ്റോളജി ലാബിൽ Cytospin Machine പ്രവർത്തിച്ചുവരുന്നു. ഹിസ്റ്റോ പാത്തോളജി ലാബിൽ Immuno Histo Chemistry, Immuno Flurocent and Frozen section സംവിധാനവും സജ്ജമാക്കിയിട്ടുണ്ട്.

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പാത്തോളജി, മൈക്രോ ബയോളജി, ബയോ കെമിസ്ട്രി എന്നീ വിഭാഗങ്ങളെ

ഉൾക്കൊള്ളിച്ച് കേന്ദ്രീകൃത ലാബ് 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ലാബിൽ അത്യാധുനിക ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

എറണാകുളം മെഡിക്കൽ കോളേജിൽ ലാബിൽ നൂതന സൗകര്യങ്ങളൊരുക്കുന്നതിന്റെ ഭാഗമായി പുതുതായി ഹെമറ്റോളജി അനലൈസർ, യൂറിൻ അനലൈസർ, ESR അനലൈസർ, ആട്ടോമേറ്റഡ് എംബഡിംഗ് മെഷീൻ, ആട്ടോസ്റ്റെയ്നർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വൈറൽ ഡയഗനോസ്റ്റിക് റിസർച്ച് ലബോറട്ടറി സ്ഥാപിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

തൃശ്ശൂർ മെഡിക്കൽ കോളേജ് ലാബിൽ അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് 35 ലക്ഷം രൂപയുടെ വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്.

മഞ്ചേരി മെഡിക്കൽ കോളേജിൽ ബയോകെമിസ്ട്രി, ഇമ്മ്യൂണോ അനലൈസർ, യൂറിൻ അനലൈസർ, അഞ്ച് പാർട്ട് സി.ബി.സി. അനലൈസർ (Fully Automated) എന്നീ നൂതന ഉപകരണങ്ങൾ സജ്ജമാക്കിയിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജിലെ മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ അടിസ്ഥാനസൗകര്യത്തിനുപുറമെ ബയോകെമിസ്ട്രി എന്റോക്രിനോളജി തുടങ്ങിയ അഡ്വാൻസ്ഡ് ടെസ്റ്റുകൾ ചെയ്യുന്നതിനുള്ള

ലാബ് പ്രവർത്തിച്ചുവരുന്നു. കൂടാതെ റിസർച്ച് തരത്തിലുള്ള ടെസ്റ്റുകൾ ചെയ്യുന്നതിനായി മെഡിക്കൽ റിസർച്ച് ലാബും പ്രവർത്തിച്ചുവരുന്നു. മൈക്രോ ബയോളജി വിഭാഗത്തിൽ ലാബ് നിർമ്മാണം പുരോഗമിച്ചുവരുന്നു. പാത്തോളജി വകുപ്പിനുകീഴിലുള്ള വിവിധ ലാബുകളിൽ പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. Molecular Diagnostic Lab-ന്റെ രണ്ടാംഘട്ട വികസനത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കണ്ണൂർ മെഡിക്കൽ കോളേജിൽ സെൻട്രൽ ലാബിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് അത്യാധുനിക ഉപകരണങ്ങൾ വാങ്ങി ഉപയോഗിച്ചുവരുന്നു.

കാസർഗോഡ് മെഡിക്കൽ കോളേജിന്റെ ലാബിലേയ്ക്ക് സെമി ആട്ടോ ബയോ കെമിസ്ട്രി അനലൈസർ, ബൈനോക്കുലർ മൈക്രോസ്കോപ്പ് ടൈപ്പ് സെക്കന്റ് എന്നിവ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഹൃദ്യം പദ്ധതി

135(5735) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഞ്ഞുങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനായി നടപ്പിലാക്കി വരുന്ന ഹൃദ്യം പദ്ധതിയിൽ ഇതുവരെ എത്ര കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അറിയിക്കുമോ?

ഹൃദ്യം പദ്ധതിയിൽ ഇതുവരെ 16373 കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ എത്ര കുഞ്ഞുങ്ങളുടെ സർജറി ഇതിനകം നടത്താൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഇതിനകം 5552 കുട്ടികളുടെ സർജറി നടത്തിയിട്ടുണ്ട്.

(സി) ഹൃദ്യം പദ്ധതിയിൽപ്പെടുത്തി സർജറി ചെയ്യുന്നതിനായി രജിസ്റ്റർ ചെയ്യുന്ന കുഞ്ഞുങ്ങൾക്ക് എത്ര ദിവസത്തിനുള്ളിൽ സർജറി നടത്താൻ സാധിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

രജിസ്റ്റർ ചെയ്യപ്പെടുന്ന ഓരോ കുട്ടിയേയും 24 മണിക്കൂറിനുള്ളിൽ DEIC-യിൽനിന്നും ബന്ധപ്പെടുകയും രോഗത്തിന്റെ തീവ്രതയനുസരിച്ച് വിദഗ്ധരായ ഡോക്ടർമാരുടെ നിർദ്ദേശാനുസരണം സർജറി നടത്തുകയും ചെയ്യുന്നു. രോഗത്തിന്റെ തീവ്രതയനുസരിച്ച് വിദഗ്ധ ഡോക്ടർമാരുടെ നിദ്ദേശാനുസരണം രജിസ്റ്റർ ചെയ്ത് 24 മണിക്കൂർ മുതൽ സർജറി നടത്താറുണ്ട്.

(ഡി) സർജറി ചെയ്യുന്നതിന് മുൻഗണന നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ?

ഹൃദ്യം പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ഓരോ കുട്ടിയുടെയും രോഗത്തിന്റെ തീവ്രതയനുസരിച്ച് വിദഗ്ധരായ ഡോക്ടർമാരുടെ നിർദ്ദേശാനുസരണമാണ് മുൻഗണന നിശ്ചയിക്കുന്നത്.

**കോതമംഗലം താലൂക്ക് ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ**

136(5736) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കാശുപത്രിയിൽ കിഫ്ബി പദ്ധതിപ്രകാരം നടപ്പിലാക്കുന്ന വികസനപ്രവർത്തനങ്ങളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വികസന പദ്ധതിക്ക് കിഫ്ബിയുടെ സാമ്പത്തിക അംഗീകാരം ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

(എ&ബി) കോതമംഗലം താലൂക്കാശുപത്രിയിൽ കിഫ്ബി പദ്ധതിപ്രകാരം നടപ്പിലാക്കുന്ന വികസനപ്രവർത്തനങ്ങളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് നിർവ്വഹണ ഏജൻസിയായ ഹൈറ്റ്സ് തയ്യാറാക്കി

കിഫ്ബിയിൽ സമർപ്പിച്ചതിന്റെയടിസ്ഥാനത്തിൽ ഈ പദ്ധതിക്കായി 11.213 കോടി രൂപയുടെ ധനാനുമതി ലഭ്യമായിട്ടുണ്ട്.

(സി) ടെണ്ടർ നടപടികൾ വേഗത്തിൽ പൂർത്തീകരിച്ച് കോതമംഗലം താലൂക്കാശുപത്രിയിലെ നിർമ്മാണ പ്രവർത്തനങ്ങളാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

കിഫ്ബിയുടെ ധനാനുമതി ലഭിച്ച സാഹചര്യത്തിൽ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

**ഇ-ഹെൽത്ത് പദ്ധതിക്കുവേണ്ടി വാങ്ങിയ കമ്പ്യൂട്ടർ ടാബ്‌ലെറ്റുകൾ**

137(5737) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് പദ്ധതിക്കുവേണ്ടി വാങ്ങിയ കമ്പ്യൂട്ടർ ടാബ്‌ലെറ്റുകളിൽ പകുതിയും കേടായി നശിച്ചനിലയിലാണെന്നത് വസ്തുതയാണോ?

2016-2017 കാലയളവിൽ വാങ്ങി വിവിധ ജില്ലകളിലെ ജൂനിയർ ഹെൽത്ത് ഇൻസ്‌പെക്ടർ (JHI), ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് (JPHN) എന്നിവർക്ക് അതത് ജില്ലകളിലെ ജില്ലാ മെഡിക്കൽ ഓഫീസർ (DMO)

മുഖാന്തരം വിതരണം ചെയ്തിട്ടുള്ള 9387 ടാബ്‌ലെറ്റുകളുടെ നിലവിലെ സ്ഥിതി ടാബ് ആഡിറ്റ് റിപ്പോർട്ടുപ്രകാരം വിലയിരുത്തിയതിൽ 4455 ടാബ്‌ലെറ്റുകൾ പ്രവർത്തനക്ഷമമായിട്ടുള്ളതാണെന്നും 4404 ടാബ്‌ലെറ്റുകൾ ഹാർഡ്‌വെയർ തകരാറിലായതായും 23 ടാബുകൾ നഷ്ടപ്പെട്ടതായും 372 ടാബ്‌ലെറ്റുകൾക്ക് ഫിസിക്കൽ കേടുപാടുകൾ സംഭവിച്ചതായും കണ്ടെത്തിയിട്ടുണ്ട്. 133 ടാബ്‌ലെറ്റുകളുടെ പ്രവർത്തനക്ഷമത ടാബ് റിപ്പോർട്ടുപ്രകാരം വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. ടി ടാബുകളുടെ നിലവിലെ സ്ഥിതി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാരിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 113 ടാബ്‌ലെറ്റുകൾ പബ്ലിക്ക് ഹെൽത്ത് ഹാൻഡ് ഹോൾഡിംഗ് ട്രെയിനിംഗ്, അടിയന്തര സാഹചര്യങ്ങളിൽ സ്പെയർ, മറ്റ് വിവിധതരം ആരോഗ്യ സർവ്വേ എന്നിവയ്ക്കായി ഇ-ഹെൽത്ത് പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ ഉപയോഗിച്ചുവരുന്നു. ടാബ്‌ലെറ്റുകൾ നിശ്ചിത വാറണ്ടി കാലാവധി പൂർത്തിയാക്കിയതിനാലും തുടർ സർവ്വീസ്, ഹാർഡ്‌വെയർ പാർട്ടുകളുടെ ലഭ്യമില്ലായ്മ എന്നീ കാരണങ്ങളാലും നന്നാക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ടി ടാബ്‌ലെറ്റുകൾ ഉപയോഗിച്ച് 2.59 കോടി ജനങ്ങളുടെ പ്രാഥമിക വിവരശേഖരണം നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി സ്വകാര്യ കമ്പനിയിൽനിന്നും കമ്പ്യൂട്ടർ ടാബ്‌ലെറ്റുകൾ വാങ്ങിയ കരാറിൽ ഉപയോഗശൂന്യമായ ടാബ്‌ലെറ്റുകളുടെ അറ്റകുറ്റപ്പണി നിഷ്കർഷിക്കുന്നുണ്ടോ?

ടോട്ടൽ സർവ്വീസ് പ്രൊവൈഡറായ കെൽട്രോൺ മുഖേന ടെണ്ടർ നടപടികൾക്ക് വിധേയമായാണ് Geeta Monitors Pvt Ltd-ൽനിന്ന് ടാബ്‌ലെറ്റുകൾ വാങ്ങിയിട്ടുള്ളത്. 3 വർഷത്തെ അറ്റകുറ്റപ്പണികൾക്കാണ് ടെണ്ടറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സാധാരണ നിലയിൽ ടാബ്‌ലെറ്റുകൾക്ക് ഒരുവർഷ വാറണ്ടിയാണ് കമ്പനികൾ നൽകുന്നത്. എന്നാൽ ഇ-ഹെൽത്തിനുവേണ്ടി മൂന്നുവർഷ വാറണ്ടിയിലാണ് ടാബ്‌ലെറ്റുകൾ വാങ്ങിയിട്ടുള്ളത്. ടെണ്ടറിന് അനുബന്ധമായി കെൽട്രോണും Geeta Monitors Pvt Ltd-ഉം ഏർപ്പെട്ടിട്ടുള്ള കരാറിൽ വിവിധ കരാർ ലംഘനത്തിന് നഷ്ടപരിഹാരങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. ടെണ്ടറിന്റെ പകർപ്പും കരാറിന്റെ പകർപ്പും അനുബന്ധമായി + ചേർക്കുന്നു.

(സി) ഇ-ഹെൽത്ത് പദ്ധതിക്കുവേണ്ടി വാങ്ങിയ കമ്പ്യൂട്ടർ ടാബ്‌ലെറ്റുകളുടെ ആഡിറ്റ് നടത്തിയിട്ടുണ്ടോ; എങ്കിൽ അതിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2016 -2017 കാലയളവിൽ വാങ്ങി വിവിധ ജില്ലകളിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (JHI), ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് (JPHN) എന്നിവർക്ക് അതത് ജില്ലകളിലെ ജില്ലാ മെഡിക്കൽ ഓഫീസർ (DMO) മുഖാന്തരം വിതരണം ചെയ്തിട്ടുള്ള 9387 ടാബ്ലെറ്റുകളുടെ നിലവിലെ സ്ഥിതി ടാബ് ആഡിറ്റ് റിപ്പോർട്ട് പ്രകാരം വിലയിരുത്തിയതിൽ 4455 ടാബ്ലെറ്റുകൾ പ്രവർത്തനക്ഷമമായിട്ടുള്ളതാണെന്നും 4404 ടാബ്ലെറ്റുകൾ ഹാർഡ്വെയർ തകരാറിലായതായും 23 ടാബുകൾ നഷ്ടപ്പെട്ടതായും 372 ടാബ്ലെറ്റുകൾക്ക് ഫിസിക്കൽ കേടുപാടുകൾ സംഭവിച്ചതായും കണ്ടെത്തിയിട്ടുണ്ട്. 133 ടാബ്ലെറ്റുകളുടെ പ്രവർത്തനക്ഷമത ടാബ് റിപ്പോർട്ടുപ്രകാരം വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. ടി ടാബുകളുടെ നിലവിലെ സ്ഥിതി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാരിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 113 ടാബ്ലെറ്റുകൾ പബ്ലിക്ക് ഹെൽത്ത് ഹാൻഡ് ഹോൾഡിംഗ് ട്രെയിനിംഗ്, അടിയന്തര സാഹചര്യങ്ങളിൽ സ്പെയർ, മറ്റ് വിവിധതരം ആരോഗ്യ സർവേ എന്നിവയ്ക്കായി ഇ-ഹെൽത്ത് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ ഉപയോഗിച്ചുവരുന്നു. ടാബ്ലെറ്റുകൾ നിശ്ചിത വാറണ്ടി കാലാവധി പൂർത്തിയാക്കിയതിനാലും തുടർ സർവ്വീസ്, ഹാർഡ്വെയർ പാർട്ടുകളുടെ

ലഭ്യമില്ലായ്മ എന്നീ കാരണങ്ങളാലും നന്നാക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ടി ടാബ്‌ലെറ്റുകളുപയോഗിച്ച് 2.59 കോടി ജനങ്ങളുടെ പ്രാഥമിക വിവരശേഖരണം നടത്തിയിട്ടുണ്ട്. കേടായ ടാബ്‌ലെറ്റുകളുടെ കാലാവധി 6 വർഷത്തിലധികമാകയാൽ ടാബ്‌ലെറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നത് സാധ്യമല്ലാത്തതിനാലും പകരം പുതിയ ടാബ്‌ലെറ്റുകൾ വാങ്ങുന്നതുമൂലമുള്ള സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിനും BYOD (Bring Your Own Device) മാതൃകയിൽ പൊതുജനാരോഗ്യ വിവര ശേഖരണം കാര്യക്ഷമാക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**എസ്.എം.എ.പി. വഴി പാവപ്പെട്ടവർക്കുള്ള ചികിത്സാ സഹായം**

138(5738) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു പുവർ (എസ്.എം.എ.പി.) വഴി പാവപ്പെട്ടവർക്കുള്ള ചികിത്സാ സഹായമായി 2016 മുതൽ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു പുവർ (എസ്.എം.എ.പി.) പദ്ധതിപ്രകാരം ധനസഹായം നൽകുന്നതിലേയ്ക്കായി 2016-17-ൽ 1.5 കോടി രൂപയും 2017-18-ൽ 5 കോടി രൂപയും 2018-19-ൽ 5.5 കോടി രൂപയും 2019-20-ൽ 5.5 കോടി രൂപയും 2020-21-ൽ 5 കോടി രൂപയും 2021-22-ൽ 5 കോടി രൂപയും അനുവദിച്ചിരുന്നു.

(ബി) 2022-ൽ എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നും എത്ര രൂപ ഇതിനായി അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു പുവർ പദ്ധതിയിൽ ധനസഹായത്തിനായി 2022-ൽ ആകെ 886 അപേക്ഷകൾ ലഭ്യമായിരുന്നു. മാനദണ്ഡപ്രകാരമുള്ള രേഖകൾ ഹാജരാക്കിയ 2022 ആഗസ്റ്റ് മാസം വരെ ലഭ്യമായ അപേക്ഷകൾ പരിഗണിക്കുകയും ടി പദ്ധതിക്കാവശ്യമായ തുക സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരികയും ചെയ്യുന്നു. 2022-23 സാമ്പത്തിക വർഷം സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു പുവർ പദ്ധതി KASP പദ്ധതിയിൽ ലയിപ്പിച്ചു. സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു പുവർ പദ്ധതിയുടെ ഗുണഭോക്താക്കൾ KASP-ൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിപ്രകാരമുള്ള

ചികിത്സാ സഹായം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA) വഴി ലഭ്യമാകുന്നുണ്ട്.

**കുന്നത്തുനാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി**

139(5739) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളാണ് നവീകരിച്ചിട്ടുള്ളതെന്നും അതിനായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

(എ&ബി) കുന്നത്തുനാട് മണ്ഡലത്തിൽ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു +.

**കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് അനുവദിച്ച തുക**

140(5740) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങാൻ 29-01-2020 മുതൽ കേന്ദ്ര സർക്കാരും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന സർക്കാരും എത്ര തുക അനുവദിച്ചുവെന്ന വിവരം തീയതി അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

കേന്ദ്ര, സംസ്ഥാന സർക്കാരുകൾ കെ.എം.എസ്.സി.എൽ.-ന് കോവിഡ് പ്രതിരോധസാമഗ്രികൾ വാങ്ങുന്നതിന് അനുവദിച്ച് നൽകിയ തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) ഇതിൽ കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങാൻ എത്ര തുക വിനിയോഗിച്ചുവെന്ന വിവരം ലഭ്യമാക്കാമോ?

കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങാൻ കെ.എം.എസ്.സി.എൽ. ചെലവാക്കിയ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) അവശേഷിച്ച തുക എങ്ങനെ വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) അവശേഷിച്ച തുകയിൽ എത്ര തുക മറ്റാവശ്യങ്ങൾക്കായി വിനിയോഗിച്ചുവെന്നും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ അക്കൗണ്ടിൽ എത്ര തുക ചെലവഴിക്കാതെയുണ്ടെന്ന വിവരവും ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി&ഡി) കെ.എം.എസ്.സി.എൽ. ലഭ്യമാക്കിയ വിവരപ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപറേഷന്റെ അക്കൗണ്ടിൽ തുക അവശേഷിച്ചിട്ടില്ല.

## എസ്.എ.ടി. ആശുപത്രിയിലെ ഫെർട്ടിലിറ്റി ക്ലിനിക്, ലാബ് സേവനങ്ങൾ

141(5741) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിലെ ഫെർട്ടിലിറ്റി ക്ലിനിക്, ഇലക്ട്രോ എൻസെഫലോ ഗ്രാം (ഇ.ഇ.ജി.) ലാബ് എന്നിവിടങ്ങളിൽ എത്ര ഉപകരണങ്ങളുണ്ടെന്നും പ്രസ്തുത ഉപകരണങ്ങൾ ഏത് ഫണ്ടുപയോഗിച്ചാണ് വാങ്ങിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

(i) ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിലെ ഫെർട്ടിലിറ്റി ക്ലിനിക്കിലെ ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

<u>PMSSY Fund ഉപയോഗിച്ച് വാങ്ങിയവ</u>

IVF ലാബ് ഉപകരണങ്ങൾ (2010) (Heracell Incubator -2, Inverted Microscope, Sterozoom microscope, Phase Constrast Microscope, Ultra Sound Machine Aloka

<u>NHRM Fund ഉപയോഗിച്ച് വാങ്ങിയവ</u>

Operation Table -2

Operation Table over head lamp

Laparoscopic set with accessories

Hysteroscopy set with accessories

Anaesthesia Machine (Drager)

ബജറ്റ് വിഹിതത്തിൽനിന്നും വാങ്ങിയവ

High end Ultra Sound Machine, laser, Trigas Incubator G 185

Ultrasonic cutting and coagulation with RF vessel ceiling system

Anasthesia Workstation (Mindray), HD camera with accessories

High end Ultra Sound Machine Voluson

Electro Hydraulic Operation table.

(ii) ഇലക്ട്രോ എൻസെഫലോ ഗ്രാം (ഇ.ഇ.ജി.) ലാബിലെ ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

NHM ഫണ്ടുപയോഗിച്ച് വാങ്ങിയവ

വീഡിയോ നിക്കൊളറ്റ് 32 ചാനൽ ഇ ഇ ജി മെഷീൻ

ഇ. എം. ജി. മെഷീൻ നിക്കൊളറ്റ് ഇ.എം.ജി./ എം.സി.വി./ഇ.പി. സിസ്റ്റം

<u>ബജറ്റ് വിഹിതത്തിൽനിന്നും വാങ്ങിയവ</u>

വീഡിയോ നിക്കൊളറ്റ് 32 ചാനൽ ഇ ഇ ജി മെഷീൻ

ഇ.എം.ജി മെഷീൻ നിക്കൊളറ്റ് ഇ.എം.ജി./എം.സി.വി./ഇ.പി. സിസ്റ്റം

<u>എസ്.എ.റ്റി ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി വഴി ലഭ്യമായത്</u>

ന്യൂറോമാക്സ് വീഡിയോ 32 ചാനൽ ഇ.ഇ.ജി. മെഷീൻ

(ബി) ഈ ഉപകരണങ്ങളുപയോഗിച്ച് ലഭ്യമാക്കുന്ന സേവനങ്ങൾക്ക് രോഗികളിൽനിന്നും ഫീസീടാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഈ ഫീസ് സർക്കാരിന്റെ ഏത് അക്കൗണ്ടിലാണ് വരവ് വയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇങ്ങനെ ഫീസീടാക്കുന്നതിനുള്ള മാനദണ്ഡവും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ?

ഫെർട്ടിലിറ്റി ക്ലിനിക്കിലെ ഉപകരണങ്ങളുപയോഗിച്ച് ലഭ്യമാക്കുന്ന സേവനങ്ങൾക്ക് മിതമായ നിരക്കിൽ യൂസർഫീ ഈടാക്കുന്നുണ്ട്. ഫെർട്ടിലിറ്റി ക്ലിനിക്കിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ ദൈനംദിന ചെലവുകളും (കെമിക്കൽസ്, റീ ഏജന്റ് ഉൾപ്പെടെ) മറ്റ് മെയിന്റനൻസ് ചെലവുകളും ആവശ്യമായ ജീവനക്കാരെയും എസ്.എ.ടി. ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയാണ്

നൽകുന്നതെന്നതിനാൽ പരിമിതമായ തോതിലുള്ള യൂസർഫീ പ്രസ്തുത സൊസൈറ്റിക്കാണ് നൽകുന്നത്. ഫെർട്ടിലിറ്റി ക്ലിനിക്കിന്റെ നടത്തിപ്പും ഫീസും സംബന്ധിച്ച 25-04-2012-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1416/2012/ആ.കു.വ.-വിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു +.

(സി) ഫെർട്ടിലിറ്റി ക്ലിനിക്, ഇ.ഇ.ജി. ലാബ് എന്നിവിടങ്ങളിൽ എത്ര ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുവെന്ന് വ്യക്തമാക്കുമോ; ജീവനക്കാരുടെ പേര്, നിയമന രീതി, ശമ്പളം മുതലായവ ഇനം തിരിച്ച് ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു +.

**ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ എം.ആർ.ഐ. സ്കാനിംഗ്**

142(5742) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ എം.ആർ.ഐ. സ്കാനെടുക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ ആശുപത്രിയിലെത്തുന്ന രോഗികളെ എം.ആർ.ഐ. സ്കാൻ എടുക്കുന്നതിന് എവിടെയാണ് കൊണ്ടുപോകുന്നതെന്ന് വ്യക്തമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇങ്ങനെ കൊണ്ടുപോകുന്ന രോഗികൾക്ക് എത്രയുംവേഗം എം.ആർ.ഐ. സ്കാൻ ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ എം.ആർ.ഐ സ്കാനെടുക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(ഡി) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ എം.ആർ.ഐ. സ്കാൻ സെന്റർ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ ഒ.പി. വിഭാഗത്തിലും ഐ.പി. വിഭാഗത്തിലുമെത്തുന്ന ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കുമായി MRI/CT/USS എന്നിവ ആശുപത്രി വികസന സമിതി മുഖാന്തരം സജ്ജമാക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**നബാർഡ് പദ്ധതിയിലുൾപ്പെടുത്തി ആശുപത്രി കെട്ടിടനിർമ്മാണം**

143(5743) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം നബാർഡ് പദ്ധതിയിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് ഏതെല്ലാം ആശുപത്രികൾക്കാണ് ഭരണാനുമതി നൽകിയതെന്നും ഇതിൽ ഏതെല്ലാം ആശുപത്രികളിൽ പ്രവൃത്തി ടെണ്ടർ ചെയ്ത് നിർമ്മാണമാരംഭിച്ചെന്നും വിശദമാക്കുമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനുകീഴിൽ Tranche XXVII (2021-2022)-ൽ 5 സ്ഥാപനങ്ങൾക്കും Tranche XXVIII (2022-2023) -ൽ 2 സ്ഥാപനങ്ങൾക്കും ഭരണാനുമതി നൽകിയിരുന്നു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിനുകീഴിൽ Tranche XXVII (2021-2022)-ൽ ഒരു സ്ഥാപനത്തിന് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത സ്ഥാപനങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു +.

Tranche XXVII-ൽ ഭരണാനുമതി ലഭിച്ച GH Pathanamthitta-യുടെ പ്രവൃത്തി ടെണ്ടർ ചെയ്യുകയും എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രവൃത്തി ടെണ്ടർ ചെയ്യാത്തവ എത്രയുംവേഗം ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടെണ്ടർ ചെയ്യാത്ത പ്രവൃത്തികൾ അടിയന്തരമായി ടെണ്ടർ ചെയ്യുന്നതിനുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾ സ്വീകരിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്കും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഹൗസ് സർജൻമാരുടെ സേവനം**

144(5744) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ അനുവദിച്ചിരുന്ന ഹൗസ് സർജൻമാരുടെ സേവനം കേന്ദ്ര മെഡിക്കൽ കൗൺസിൽ മാനദണ്ഡപ്രകാരം നിർത്തലാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ജനറൽ ആശുപത്രികളിൽ ഹൗസ് സർജൻമാരുടെ സേവനം ലഭ്യമാക്കാൻ സംസ്ഥാന ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) നാഷണൽ മെഡിക്കൽ കമ്മീഷന്റെ നിർദ്ദേശപ്രകാരം ഫോറിൻ മെഡിക്കൽ ഗ്രാജ്വേറ്റ്സിന്റെ ജനറൽ ആശുപത്രികളിലെ സേവനം നിർത്തലാക്കിയിട്ടുണ്ട്. എന്നാൽ ഫോറിൻ മെഡിക്കൽ ഗ്രാജ്വേറ്റ് അല്ലാത്ത ഹൗസ് സർജൻമാരുടെ സേവനം ഇപ്പോഴും ജനറൽ ആശുപത്രികളിൽ

ലഭ്യമാണ്. കൂടാതെ ജില്ലാ റെസിഡൻസി പ്രോഗ്രാമിന്റെ ഭാഗമായി പി.ജി. സ്റ്റുഡൻസിന്റെ സേവനവും ജനറൽ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

**ദന്തൽ സർജൻമാരുടെ കുറവ്**

145(5745) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ദന്തൽ സർജൻമാരുടെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ദന്തൽ സർജൻമാരുടെ കുറവ് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(എ&ബി) സർക്കാർ മാനദണ്ഡമനുസരിച്ച് നിലവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ദന്തൽ സർജൻ തസ്തിക നിഷ്കർഷിക്കുന്നില്ല. എന്നാൽ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ട സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ gap analysis നടത്തിവരുന്നു.

(സി) ദന്തൽ സർജൻമാരുടെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും എത്ര ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ടെന്നും എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കാനുദ്ദേശിക്കുന്നുണ്ടെന്നും വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ദന്തൽ സർജൻ തസ്തിക സൃഷ്ടിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

(സി&ഡി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും 5 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**ഉള്ളിയേരി സി.എച്ച്.സി.**

146(5746) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ നവീകരിക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സി.എച്ച്.സി.-കളുടെ

നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ ആരോഗ്യമേഖലയുടെ സമഗ്ര പരിരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച ആർദ്രം പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുത്ത 76 സ്ഥാപനങ്ങൾക്കായി 28.31 കോടി രൂപയും രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്ത 76 സ്ഥാപനങ്ങൾക്കായി 27.86 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ നിർമ്മാണപ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

(ബി) കാലപ്പഴക്കമുള്ളതും ആവശ്യത്തിന് സൗകര്യമില്ലാത്തതുമായ ബാലുശ്ശേരി ഉള്ളിയേരിയിലെ സി.എച്ച്.സി. പുതുക്കി പണിയുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ; ഉള്ളിയേരി സി.എച്ച്.സി.-യുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി സി.എച്ച്.സി. ഉള്ളിയേരിയിലെ നിലവിലുള്ള കെട്ടിടത്തിലെ നവീകരണ പ്രവൃത്തികൾക്കായി 37.5 ലക്ഷം

രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവൃത്തികൾ ഉടൻ ആരംഭിക്കും. ടി സ്ഥാപനം നവീകരിക്കുന്നതിനായി എം.ദാസൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഉള്ളിയേരി  തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ ജില്ലാ മെഡിക്കൽ ഓഫീസർ പി.ഡബ്ല്യൂ.ഡി.-ക്ക് സമർപ്പിച്ചിട്ടുണ്ട്.

## ചെറുവാടി സി.എച്ച്.സി. കെട്ടിടനിർമ്മാണം

147(5747) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന  വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ ചെറുവാടി സാമൂഹികാരോഗ്യ കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ?

ദേശീയ ആരോഗ്യ ദൗത്യം ആർ.ഒ.പി. 2021-22-ലുൾപ്പെടുത്തി ചെറുവാടി സാമൂഹികാരോഗ്യ കേന്ദ്രത്തിന് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിക്കുവേണ്ടി 1,82,60,000/- (ഒരു കോടി എൺപത്തിരണ്ട് ലക്ഷത്തി അറുപതിനായിരം) രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ പുരോഗമിക്കുന്നു.

(ബി) കെട്ടിടനിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

സാങ്കേതികാനുമതി ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## വൈപ്പിൻകരയിൽ കിടത്തി ചികിത്സ ലഭ്യമാക്കുന്ന ആശുപത്രി

148(5748) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻകരയിൽ അടിയന്തരസാഹചര്യങ്ങളിൽ കിടത്തി ചികിത്സ ലഭ്യമാക്കുന്ന ആശുപത്രിയും ആവശ്യത്തിന് ജീവനക്കാരുമില്ലാത്തതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുപരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) മുനമ്പം ആശുപത്രിയിലോ എല്ലാ അടിസ്ഥാനസൗകര്യങ്ങളുമുള്ള ഞാറക്കൽ താലൂക്കാശുപത്രിയിലോ മാലിപ്പുറം കുടുംബാരോഗ്യ

കേന്ദ്രത്തിലോ ഇരുപത്തിനാല് മണിക്കൂറും ഡോക്ടറുടെ സേവനവും കിടത്തി ചികിത്സയും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പി.എച്ച്.സി. മുനമ്പം, പി.എച്ച്.സി മാലിപ്പുറം എന്നീ സ്ഥാപനങ്ങളെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുവാൻ തെരഞ്ഞെടുത്തിട്ടുണ്ട്. ടി സ്ഥാപനങ്ങളുടെ നവീകരണ പ്രവർത്തനം നടന്നുവരുന്നു. പി.എച്ച്.സി. മുനമ്പത്തിലെ നിലവിലുള്ള ഡോക്ടർമാരുടെ കുറവ് പരിഹരിക്കുവാൻ LSGD പദ്ധതിയിലുൾപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നു. ഇവിടങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി. സേവനം ലഭ്യമാകുന്നുണ്ട്. ഞാറയ്ക്കൽ ആശുപത്രിയിൽ കിടത്തി ചികിത്സ നൽകുന്നുണ്ട്. ടി ആശുപത്രിയിലെ ബെഡ് സ്ട്രെങ്ത് 71 ആണ്. സിവിൽ സർജൻ -1, അസിസ്റ്റന്റ് സർജൻ -5, അസിസ്റ്റന്റ് ഡെന്റൽ സർജൻ -1 എന്നിവരുടെ സേവനം ടി ആശുപത്രിയിൽ ലഭ്യമാണ്.

**ആലത്തൂർ താലൂക്കാശുപത്രിയിലെ നിർമ്മാണപ്രവൃത്തികൾ**

149(5749) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കാശുപത്രിയിൽ നിലവിൽ നടന്നുവരുന്ന നിർമ്മാണപ്രവൃത്തികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കാസ്ഥാനാശുപത്രിക്ക് കിഫ്ബി പദ്ധതിപ്രകാരം 15.07 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

## മൂന്നിയൂർ കുടുംബാരോഗ്യ കേന്ദ്രം കെട്ടിടനിർമ്മാണം

150(5750) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മൂന്നിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ.) പദ്ധതിമുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ടനുവദിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയ ശിപാർശയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മൂന്നിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് പി.എം.ജെ.വി.കെ. പദ്ധതിയിലുൾപ്പെടുത്തി പുതിയ കെട്ടിടം

നിർമ്മിക്കുന്നതിന് മൂന്നിയൂർ ഗ്രാമപഞ്ചായത്ത് വഴി ആരോഗ്യവകുപ്പ് ഡയറക്ടർക്ക് 29-12-2022-ലാണ് പ്രൊപ്പോസൽ ലഭ്യമാക്കിയത്. പി.എം.ജെ.വി.കെ. പദ്ധതി പ്രകാരമുള്ള ഈ വർഷത്തെ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ച് കഴിഞ്ഞതിനാൽ മലപ്പുറം ജില്ലയിലെ മൂന്നിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രസ്തുത പദ്ധതി പരിഗണിക്കാവുന്നതല്ലെന്ന വിവരം ആരോഗ്യവകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസറെ അറിയിക്കുകയുണ്ടായി.

(ബി) പി.എം.ജെ.വി.കെ. പദ്ധതി മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഫണ്ടനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

വിവിധ വകുപ്പുകളിൽനിന്ന് മുൻഗണനാക്രമം നിശ്ചയിച്ച് അതത് വകുപ്പ് സെക്രട്ടറിമാരുടെ ശിപാർശയോടെ ലഭിക്കുന്ന പ്രൊപ്പോസലുകൾ സംസ്ഥാനതല കമ്മിറ്റി അംഗീകരിച്ച് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന് സമർപ്പിക്കുന്നു. കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം എംപവേർഡ് കമ്മിറ്റി കൂടി അതിൽ അംഗീകരിക്കുന്ന പ്രൊപ്പോസലുകൾക്ക് 60:40 (കേന്ദ്ര-സംസ്ഥാന) എന്ന അനുപാതത്തിൽ ഫണ്ടനുവദിക്കുകയുമാണ് ചെയ്യുന്നത്.

(സി) പ്രസ്തുത പദ്ധതി മുഖേന കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ടനുവദിക്കുമോ; വ്യക്തമാക്കാമോ?

പി.എം.ജെ.വി.കെ. പദ്ധതി മുഖേന കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ടനുവദിക്കാറുണ്ട്.

## ആദിവാസി മേഖലകളിലെ ഡോക്ടർമാരുടെ സേവനം

151(5751) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ജനവിഭാഗങ്ങൾ കൂടുതലായി താമസിക്കുന്ന പ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം വൈകിട്ട് 6 മണി വരെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

09-10-2017-ലെ സ.ഉ.(സാധാ)നം.2782/2017/ആകുവ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണി വരെയാണ്. ആദിവാസി ജനവിഭാഗങ്ങൾ കൂടുതലായുള്ള വയനാട് ജില്ലയിലെ 17 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 15

കേന്ദ്രങ്ങളിലും പാലക്കാട് ജില്ലയിലെ പുതുർ, പെരുമാട്ടി, ഷോളയൂർ, വണ്ടാഴി എന്നീ സ്ഥാപനങ്ങളിലും വൈകുന്നേരം 6 മണിവരെ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.

(ബി) അധിക ഡോക്ടറുടെ സേവനം ലഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കുടുംബാരോഗ്യകേന്ദ്രങ്ങളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഡോക്ടർമാരുടെ സേവനം ഉച്ചകഴിഞ്ഞും വൈകുന്നേരങ്ങളിലും ലഭ്യമാക്കുന്നതിനായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറുടെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ രണ്ട് ഡോക്ടർമാരുടെയും സേവനം വിനിയോഗിക്കുന്നതിനും അതിനാവശ്യമായ വേതനം തനതുഫണ്ടിൽനിന്നോ വികസനഫണ്ടിൽനിന്നോ നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 28-05-2022-ലെ സ.ഉ. (കൈ)നം.115/2022/തസ്വഭവ (ഖണ്ഡിക 7.6.2) പ്രകാരം അനുവാദം നൽകിയിട്ടുണ്ട്.

**പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി**

152(5752) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഏതൊക്കെ ആശുപത്രികളിലാണ് പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ എത്ര രോഗികൾക്കാണ് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; പദ്ധതിയുടെ വിശദവിവരം നൽകുമോ?

(എ&ബി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ആശുപത്രികളിൽ ആദ്യഘട്ടത്തിൽ പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി ആരംഭിച്ചിട്ടില്ല.

## ഡയാലിസിസ് സെന്ററുകളില്ലാത്ത താലൂക്കാശുപത്രികൾ

153(5753) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയാലിസിസ് സെന്ററുകളില്ലാത്ത എത്ര താലൂക്കാശുപത്രികൾ നിലവിലുണ്ട്; അവ ഏതെല്ലാമെന്ന് അറിയിക്കാമോ?

ഡയാലിസിസ് സെന്ററുകളില്ലാത്ത താലൂക്കാശുപത്രികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. താലൂക്കാസ്ഥാന ആശുപത്രി, പുളിങ്കുന്ന്

2.താലൂക്കാശുപത്രി, ചെട്ടിക്കാട്

3.താലൂക്കാസ്ഥാന ആശുപത്രി, കോതമംഗലം

4.താലൂക്കാശുപത്രി, ഞാറയ്ക്കൽ

5.താലൂക്കാശുപത്രി, കരുവേലിപ്പടി

6.താലൂക്കാശുപത്രി, അങ്കമാലി

7.താലൂക്കാശുപത്രി, പുത്തൻവേലിക്കര

8.താലൂക്കാശുപത്രി, പള്ളുരുത്തി

9.താലൂക്കാസ്ഥാന ആശുപത്രി, പീരുമേട്

10.താലൂക്കാസ്ഥാന ആശുപത്രി, അടിമാലി

11.താലൂക്കാസ്ഥാന ആശുപത്രി, നെടുങ്കണ്ടം

12.താലൂക്കാശുപത്രി, നാദാപുരം

13.താലൂക്കാസ്ഥാന ആശുപത്രി, പത്തനാപുരം

14.താലൂക്കാശുപത്രി, കുണ്ടറ

15.താലൂക്കാശുപത്രി, പെരിങ്ങോം

16.താലൂക്കാശുപത്രി, ഇരിക്കൂർ

17.താലൂക്കാശുപത്രി,  പാനൂർ

18.താലൂക്കാസ്ഥാന ആശുപത്രി, പൂടംകല്ല്

19.താലൂക്കാസ്ഥാന ആശുപത്രി, ബേഡഡുക്ക

20.താലൂക്കാസ്ഥാന ആശുപത്രി, പാമ്പാടി

21.താലൂക്കാസ്ഥാന ആശുപത്രി, കുറവിലങ്ങാട്

22.താലൂക്കാസ്ഥാന ആശുപത്രി, കൊണ്ടോട്ടി

23.താലൂക്കാശുപത്രി, അരീക്കോട്

24.താലൂക്കാശുപത്രി, കുറ്റിപ്പുറം

25.താലൂക്കാശുപത്രി, വണ്ടൂർ

26.താലൂക്കാസ്ഥാന ആശുപത്രി, പട്ടാമ്പി

27.താലൂക്കാശുപത്രി, എലപ്പുള്ളി

28.താലൂക്കാസ്ഥാന ആശുപത്രി, കോന്നി

29.താലൂക്കാസ്ഥാന ആശുപത്രി, മല്ലപ്പള്ളി

30.താലൂക്കാശുപത്രി, ചേലക്കര

31.താലൂക്കാശുപത്രി, നേമം

32.താലൂക്കാശുപത്രി, വിതുര

33 താലൂക്കാസ്ഥാന ആശുപത്രി, മലപ്പുറം

(ബി) ഡയാലിസിസ് യൂണിറ്റ് ശാക്തീകരണ പദ്ധതിയിലുൾപ്പെടുത്തി പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ഹോസ്പിറ്റലിൽ ഡയാലിസിസ് സെന്റർ അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ പരിഗണനയില്ല.

**വൈപ്പിൻ മണ്ഡലത്തിലെ നിർമ്മാണപ്രവൃത്തികൾ**

154(5754) ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ വിവിധ പദ്ധതികൾപ്രകാരം നിർമ്മാണപ്രവൃത്തികൾ നടന്നുവരുന്ന സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

(ബി) നിർമ്മാണപ്രവർത്തനത്തിനായി അനുവദിച്ച തുക എത്രയെന്നും എന്നാണ് അനുവദിച്ചതെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ-ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു+.

## ഐസൊലേഷൻ വാർഡ്

155(5755) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ പൂടംകല്ല് താലൂക്കാശുപത്രിയിൽ ഐസൊലേഷൻ വാർഡ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണപ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. നിലവിൽ ഫൗണ്ടേഷൻ ജോലികൾ പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നതെന്നും പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനേയും നിർമ്മാണ ഏജൻസിയായി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയെയുമാണ് തെരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത പദ്ധതിക്കായി 1,75,96,748/- രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്.

**ഉദുമ നഴ്സിംഗ് കോളേജ് ഹോസ്റ്റൽ നിർമ്മാണം**

156(5756) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-മെറ്റിന്റെ കീഴിൽ ഉദുമ പെരിയയിൽ പ്രവർത്തിക്കുന്ന ഉദുമ നഴ്സിംഗ് കോളേജ് ഹോസ്റ്റൽ ചെലവിനത്തിൽ നാളിതുവരെ എത്ര തുക വിനിയോഗിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

സി-മെറ്റിന്റെ കിഴിൽ ഉദുമ പെരിയയിൽ പ്രവർത്തിക്കുന്ന ഉദുമ നഴ്സിംഗ് ഹോസ്റ്റൽ ചെലവിനത്തിൽ ഇതുവരെ Rs.2,93,60,913/- (രണ്ട് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി അറുപതിനായിരത്തി തൊള്ളായിരത്തി പതിമൂന്ന് രൂപ മാത്രം) വിനിയോഗിച്ചിട്ടുണ്ട്.

| | |
|---|---|
| വാടക | Rs.1,76,74,400/- |
| ഇലക്ട്രിസിറ്റി | Rs. 27,10,267/- |
| ടെലിഫോൺ | Rs.12,246/- |
| ജീവനക്കാരുടെ വേതനം | Rs.89,64,000/- |
| **ആകെ** | **Rs.2,93,60,913/-** |

(ബി) ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കാൻ ഈ സ്ഥാപനത്തിന് നിലവിൽ സ്ഥലം ലഭ്യമാണോ; വിശദാംശം അറിയിക്കാമോ?

ഉദുമയിൽ സി-മെറ്റ് കോളേജ് ഓഫ് നഴ്സിംഗിന് 7 ഏക്കർ ഭൂമിയുണ്ട്. ഹോസ്റ്റൽ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാണ്.

(സി) സ്ഥലം ലഭ്യമാണെങ്കിൽ ഈ സ്ഥാപനത്തിന് സ്വന്തമായി ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വിശദമാക്കാമോ?

മതിയായ ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ഹോസ്റ്റൽ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഡി) സി-മെറ്റിന് തനതുഫണ്ടായി എത്ര രൂപ നീക്കിയിരിപ്പുണ്ട്; വിശദാംശം അറിയിക്കാമോ?

മുട്ടത്തറ നഴ്സിംഗ് കോളേജ് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി KNMC നൽകിയ തുകയുൾപ്പെടെ സി-മെറ്റിന് ഫണ്ടായി 23 കോടിരൂപ നീക്കിയിരിപ്പുണ്ട്.

(ഇ) ഈ ഫണ്ടുപയോഗിച്ച് ഭാരിച്ച തുക വാടക നൽകുന്നത് ഒഴിവാക്കുന്നതിലേയ്ക്കായി സ്വന്തമായി ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

മുട്ടത്തറ കോളേജിന്റെ നിർമ്മാണപ്രവർത്തനത്തിന് മാത്രമേ നിലവിലുള്ള ഫണ്ട് തികയുകയുള്ളൂ. ആയതിനാൽ ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ ഉദ്ദേശ ഹോസ്റ്റൽ കെട്ടിട നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## പുതുക്കാട് താലൂക്കാശുപത്രി, മറ്റത്തൂർ കുടുംബാരോഗ്യകേന്ദ്രം എന്നിവയുടെ വികസനം

157(5757) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ.) പദ്ധതിയിലുൾപ്പെടുത്തി പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട പുതുക്കാട് താലൂക്കാശുപത്രി, മറ്റത്തൂർ കുടുംബാരോഗ്യ കേന്ദ്രം എന്നിവയുടെ വികസനത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികളേത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട പുതുക്കാട് താലൂക്കാശുപത്രി, മറ്റത്തൂർ കുടുംബാരോഗ്യകേന്ദ്രം എന്നിവയുടെ വികസനത്തിനായി പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ.) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പിന് നൽകിയിരുന്നുവെങ്കിലും ആയതിന് അംഗീകാരം ലഭ്യമായിട്ടില്ല.

**പ്രാഥമികാരോഗ്യകേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടി**

158(5758) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മാങ്ങാട്ടുപറമ്പ കെ.എ.പി. നാലാം ബറ്റാലിയനിലുള്ള പ്രാഥമികാരോഗ്യകേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിനും

പൊതുജനങ്ങൾക്കുകൂടി സേവനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് നടപടികൾ സ്വീകരിക്കാമോ?

(എ&ബി) കണ്ണൂർ മാങ്ങാട്ടുപറമ്പ കെ.എ.പി. നാലാം ബറ്റാലിയനിൽ നിലവിൽ ഒരു പോലീസ് ഡിസ്പെൻസറി ആയിട്ടാണ് പ്രവർത്തിക്കുന്നത്. ഇതിന്റെ നിയന്ത്രണം ആഭ്യന്തരവകുപ്പിനാണ്. ആരോഗ്യവകുപ്പ് deputation വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നുണ്ട്. നിലവിൽ ആഭ്യന്തര വകുപ്പ് ജീവനക്കാർക്ക് മാത്രമാണ് സേവനം. ടി സ്ഥാപനം കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**ഇരവിപുരം മണ്ഡലത്തിൽ ആർദ്രം പദ്ധതി**

159(5759) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിപ്രകാരം നടപ്പാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ തസ്തികകളിൽ എത്ര ജീവനക്കാരെ നിയമിച്ചുവെന്ന് വിശദമാക്കാമോ?

(എ&ബി)

| ആർദ്രം പദ്ധതി | സ്ഥാപനം | പ്രവൃത്തി | അനുവദിച്ച തസ്തിക |
|---|---|---|---|
| ഒന്നാം ഘട്ടം | ഇരവിപുരം പി.എച്ച്.സി | പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തൽ | ഡോക്ടർ -1<br>സ്റ്റാഫ് നഴ്സ്-2<br>ലാബ് ടെക്നീഷ്യൻ -1 |
| രണ്ടാം ഘട്ടം | പാലത്തറ പി.എച്ച്.സി | പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തൽ | |
| | മയ്യനാട് പി.എച്ച്.സി. | പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തൽ | മെഡിക്കൽ ഓഫീസർ-2<br>സ്റ്റാഫ് നഴ്സ് -2<br>ഫാർമസിസ്റ്റ്-1<br>ലാബ് ടെക്നീഷ്യൻ-1 എന്നീ ജീവനക്കാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |

## ആലുവ ജില്ലാശുപത്രിയിൽ ക്രിട്ടിക്കൽ കെയർ യൂണിറ്റ്

160(5760) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ ജില്ലാ ആശുപത്രിക്ക് ക്രിട്ടിക്കൽ കെയർ യൂണിറ്റ് സൗകര്യങ്ങളൊരുക്കുന്നതിനായി 2020-2021-ലെ ആസ്തി വികസന ഫണ്ടുപയോഗിച്ച് വാങ്ങിയിട്ടുള്ള ഉപകരണങ്ങളുടെ തുക

അനുവദിക്കണമെന്നാവശ്യപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയ 29-06-2022-ലെ സി1/5993/2020 നമ്പർ കത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ സർക്കാരിലേയ്ക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ബഹുമാനപ്പെട്ട എറണാകുളം എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി കോവിഡ് പ്രതിരോധ പ്രവർത്തന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതിനായി സമർപ്പിച്ച ബില്ലുകളും അനുബന്ധരേഖകളും എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കുകയും ആയത് പരിശോധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ 06-08-2022-ലെ MSP2/48889/2022/ആ.വ.ഡ നമ്പർ കത്തുപ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു [+].

(ബി) പ്രസ്തുത തുക അനുവദിക്കുന്നതിനായുള്ള ഫയലിൽ ആരോഗ്യവകുപ്പ് സെക്രട്ടറി നാളിതുവരെ എന്തെല്ലാം നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ ആരോഗ്യവകുപ്പ് സെക്രട്ടറി നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) 2020-2021-ലെ ആസ്തി വികസന ഫണ്ടുപയോഗിച്ച് കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി പൂർത്തിയാക്കിയ പ്രസ്തുത പ്രവൃത്തിക്ക് തുക അനുവദിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ കാരണം അറിയിക്കുമോ; കാലതാമസം വന്നതിന് ഉദ്യോഗസ്ഥതലത്തിൽ വീഴ്ചവന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് എത്രയുംവേഗം തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ഭരണാനുമതി ലഭിച്ചതുപ്രകാരം വാങ്ങിയിട്ടുള്ള ഉപകരണങ്ങൾക്ക് KMSCL-ൽനിന്നും വാറന്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി സമർപ്പിക്കുവാൻ 26-10-2022-ലെ 386/ഇ 2/2022/ആ.കു.വ നമ്പർ കത്തുപ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. സർക്കാർ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു +.

## കാസർഗോഡ് ജനറൽ ആശുപത്രിയിൽ ന്യൂറോളജിസ്റ്റ് നിയമനം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

161(5761) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിൽ ന്യൂറോളജിസ്റ്റിനെ നിയമിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എപ്പോഴാണ് നിയമിച്ചതെന്നും എത്രകാലത്തിന് ശേഷമാണ് പ്രസ്തുത നിയമനമെന്നും വ്യക്തമാക്കാമോ;

(എ&ബി) 24-01-2022-ലെ സ.ഉ(കൈ)നം. 23/2022/ആ.കു.വ പ്രകാരം കാസർഗോഡ് ജനറൽ ആശുപത്രിയിൽ ന്യൂറോളജി വിഭാഗത്തിൽ ഒരു കൺസൾട്ടന്റ് തസ്തിക സൃഷ്ടിച്ചിരുന്നു. പ്രസ്തുത തസ്തികയിൽ 15-05-2022-ലെ സ.ഉ (സാധാ)നം.1081/2022/ ആ.കു.വ. പ്രകാരം ഡോ. രാജി കൃഷ്ണനെ നിയമിച്ചിട്ടുണ്ട്.

(സി) കാസർഗോഡ് ജനറൽ ആശുപത്രിയിൽ ന്യൂറോളജിസ്റ്റിന്റെ സേവനം ഇപ്പോൾ ലഭ്യമാണോയെന്ന് വ്യക്തമാക്കാമോ?

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും പ്രസ്തുത തസ്തിക ഒഴിഞ്ഞുകിടക്കുകയാണോയെന്നും വ്യക്തമാക്കാമോ?

(സി&ഡി) കാസർഗോഡ് ജനറൽ ആശുപത്രിയിൽ ന്യൂറോളജിസ്റ്റിന്റെ സേവനം ഇപ്പോൾ ലഭ്യമാണ്.

**മടവൂർ ചാലാംകോണം പി.എച്ച്.സി.-ക്ക് പുതിയ കെട്ടിടം**

162(5762) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിലെ മടവൂർ ചാലാംകോണം പി.എച്ച്.സി.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

വർക്കല മണ്ഡലത്തിലെ മടവൂർ സി.എച്ച്.സി-ക്ക് പുതിയകെട്ടിടം നിർമ്മിക്കുന്നതിനായി നാഷണൽ ഹെൽത്ത് മിഷന്റെ 2022-23 പദ്ധതിയിലുൾപ്പെടുത്തി 143 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. HLL-നാണ് നിർമ്മാണ ചുമതല. കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായ മണ്ണ് പരിശോധന പുരോഗമിച്ചുവരുന്നു.

**ഇരവിപുരം മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിലുള്ള ഒഴിവുകൾ**

163(5763) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ;

| സ്ഥാപനം | തസ്തിക | ഒഴിവ് |
|---|---|---|
| സാമൂഹികാരോഗ്യകേന്ദ്രം, മയ്യനാട് | ജെ.പി.എച്ച്.എൻ | 1 |
| സാമൂഹികാരോഗ്യകേന്ദ്രം, പാലത്തറ | ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 2 | 1 |
| പ്രാഥമികാരോഗ്യകേന്ദ്രം, ഇരവിപുരം | ജെ.എച്ച്.ഐ ഗ്രേഡ് 2 | 1 |

(ബി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

മയ്യനാട് സാമൂഹികാരോഗ്യകേന്ദ്രത്തിലെ ജെ.പി.എച്ച്.എൻ-ന്റെ ഒഴിവിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. സാമൂഹികാരോഗ്യകേന്ദ്രം പാലത്തറയിലെ ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 2-ന്റെ ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഇരവിപുരം പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

**സി.എച്ച്.സി.-കളിലെ സ്റ്റാഫ് പാറ്റേൺ**

164(5764) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സി.എച്ച്.സി.-കളിലെ സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ?

സംസ്ഥാനത്തെ സി.എച്ച്.സി. കളിലെ സ്റ്റാഫ് പാറ്റേൺ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Civil Surgeon | 1 |
| Assistant Surgeon | 4 |
| Junior Consultant Pediatrician | 1 |
| Junior Consultant Physician | 1 |
| Assistant Dental Surgeon | 1 |
| Staff Nurse/Head Nurse | 10 |
| Pharmacist | 2 |
| Lab Technician | 2 |
| Lab Attendant | 1 |
| Optometrist | 1 |
| Radiographer | 1 (XRay ഉണ്ടെങ്കിൽ) |
| Physiotherapist | 1 (NHM നിയമനം) |
| Nursing Assistant | 4 |
| Hospital Attender Gr.I, II | 6 |
| Clerk | 2 |
| Driver | 1 (വാഹനം ലഭ്യമാണെങ്കിൽ) |
| Office Attendant | 1 |
| Part Time Sweeper | 1 |
| Block Co-ordinator | 1 (NHM നിയമനം) |

| | |
|---|---|
| Health supervisor | 1 |
| Public Health Nurse Supervisor | 1 |
| Health Inspector | 1 |
| Public Health Nurse | 1 |
| Junior Health Inspector | മാനദണ്ഡമനുസരിച്ച് |
| Junior Public Health Nurse | മാനദണ്ഡമനുസരിച്ച് |

Date Entry Operator അഭികാമ്യമെങ്കിൽ നിയമിക്കാവുന്നതാണ്.

(ബി) പയ്യന്നൂർ ബ്ലോക്കിലെ കരിവെള്ളൂർ സി.എച്ച്.സി.-യിലെ അനുവദനീയമായ സ്റ്റാഫ് പാറ്റേണിലുള്ള തസ്തികകൾ ഏതെല്ലാമാണെന്നും നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതെല്ലാമാണെന്നും അറിയിക്കാമോ?

പയ്യന്നൂർ ബ്ലോക്കിലെ കരിവെള്ളൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ അനുവദനീയമായ തസ്തികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അസിസ്റ്റന്റ് സർജൻ | 3 |
| ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് | 1 |
| സീനിയർ നഴ്സിംഗ് ഓഫീസർ | 2 |
| നഴ്സിംഗ് ഓഫീസർ | 6 |
| ക്ലാർക്ക് | 1 |
| ഓഫീസ് അസിസ്റ്റന്റ് | 1 |
| ഫാർമസിസ്റ്റ് ഗ്രേഡ് 2 | 1 |
| നഴ്സിംഗ് അസിസ്റ്റന്റ് | 5 |
| ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 1 | 1 |
| ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 2 | 4 |
| ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 2 |

| | |
|---|---|
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 4 |
| പബ്ലിക് ഹെൽത്ത് നഴ്സ് | 1 |
| പാർട്ട് ടൈം സ്വീപ്പർ | 1 |

ടി തസ്തികകളിൽ നിലവിൽ സീനിയർ നഴ്സിംഗ് ഓഫീസറുടെ 1 ഒഴിവ് മാത്രമാണുള്ളത്.

(സി) സംസ്ഥാനത്ത് ഏതൊക്കെ സി.എച്ച്.സി.-കളിലാണ് കിടത്തി ചികിത്സ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കിടത്തി ചികിത്സ അനുവദിച്ചിട്ടുള്ള സി.എച്ച്.സി.-യുടെ വിവരം അനുബന്ധമായി ചേർക്കുന്നു +.

(ഡി) എല്ലാ സി.എച്ച്.സി.-കളിലും കിടത്തി ചികിത്സ തുടങ്ങുന്നകാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

## സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 നിയമനം

165(5765) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ രോഗി നഴ്സ് അനുപാതം എത്രയാണെന്നും ഇത് തിട്ടപ്പെടുത്തിയത് ഏതുവർഷമാണെന്നും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അറിയിക്കാമോ; കാലാനുസൃതമായി രോഗി നഴ്സ് അനുപാതം പരിഷ്കരിക്കുന്നതിനും അതിനനുസൃതമായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ ജനറൽ വാർഡുകളിൽ 1:6 ഉം ഐ.സി.യു.-ൽ 1:1 എന്ന രോഗി നഴ്സ് അനുപാതമാണ് പാലിച്ചുവരുന്നത്. 1991- 92 കാലഘട്ടത്തിലാണ് സ്റ്റാഫ് അനുപാത മാനദണ്ഡം നിശ്ചയിച്ചത്. രോഗി-നഴ്സ് അനുപാതം പാലിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1030 സ്റ്റാഫ് നഴ്സ് തസ്തികകളും ഈ സർക്കാരിന്റെ കാലത്ത് 206 സ്റ്റാഫ് നഴ്സ് തസ്തികകളും സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. കൂടാതെ ആർദ്രം മാനദണ്ഡമനുസരിച്ച് ഓരോതലത്തിലുള്ള ആരോഗ്യസ്ഥാപനങ്ങളിലും ഉണ്ടായിരിക്കേണ്ട തസ്തികകൾ പുനർനിർവചിച്ച് ഉത്തരവാകുകയും അതിന്റെയടിസ്ഥാനത്തിൽ സ്റ്റാഫ് നഴ്സ് അടക്കമുള്ള തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ബി) എറണാകുളം ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയുടെ റാങ്ക് ലിസ്റ്റ് 08-12-2021 മുതൽ നിലവിലുള്ളപ്പോൾ തന്നെ പ്രസ്തുത തസ്തികയിൽ താൽക്കാലിക നിയമനം നടത്തിയതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത

തസ്തികകളിൽ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

08-12-2021-ൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് -2 ന്റെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നശേഷം താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടില്ല. നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തിവരുന്നു.

## ആതുരാലയങ്ങളിൽ കാർഡിയോളജി, ക്യാൻസർ, വൃക്ക രോഗങ്ങൾക്കുള്ള ചികിത്സ

166(5766) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ആതുരാലയങ്ങളിൽ എവിടെയൊക്കെയാണ് കാർഡിയോളജി, കാൻസർ, വൃക്കരോഗങ്ങൾക്ക് ചികിത്സ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിലെ ആതുരാലയങ്ങളിൽ പ്രസ്തുത രോഗങ്ങൾക്ക് സ്പെഷ്യാലിറ്റി ഒ.പി./ഐ.പി. നിലവിലുണ്ടോയെന്നും ഈ വിഷയങ്ങളിൽ വിദഗ്ധരായ ഡോക്ടർമാരാണോ ചികിത്സിക്കുന്നതെന്നും വ്യക്തമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിൽ കാർഡിയോളജി, കാൻസർ, വൃക്കരോഗങ്ങൾക്ക് ചികിത്സ ലഭ്യമാക്കുന്ന ആശുപത്രികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു +.

## കോങ്ങാട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ്

167(5767) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കോങ്ങാട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലപരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സ്ഥലപരിശോധന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. കോങ്ങാട് മണ്ഡലത്തിലെ കോങ്ങാട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലപരിശോധന നടത്തിയതിന്റെ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു+.

## വട്ടിയൂർക്കാവ് മണ്ഡലത്തിലെ സ്ഥാപനങ്ങൾ

168(5768) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്നും അവയുടെ ഫോൺനമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവയും ലഭ്യമാക്കാമോ?

| | |
|---|---|
| ജനറൽ ആശുപത്രി, തിരുവനന്തപുരം | ഫോൺ നം.0471-2307874<br>ജനറൽ ആശുപത്രി, റെഡ്ക്രോസ് റോഡ്, വഞ്ചിയൂർ<br>ഇ-മെയിൽ-generalhospitaltrivandrum@gmail.com |
| ജില്ലാ ആശുപത്രി, പേരൂർക്കട | ഫോൺ നം.0471-2992014<br>ഇ-മെയിൽ-dmhperookada@gmail.com |
| സർക്കാർ മാസികാരോഗ്യ കേന്ദ്രം, പേരൂർക്കട | ഫോൺ നം. 0471-433868, 2432689, 2434762<br>സർക്കാർ മാനസികാരോഗ്യ കേന്ദ്രം പേരൂർക്കട, തിരുവനന്തപുരം<br>mhctvpm@gmail.com |
| എഫ്.എച്ച്.സി വട്ടിയൂർക്കാവ് | ഫോൺ നം.0471-2364187 |

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | |
|---|---|
| | എഫ്.എച്ച്.സി വട്ടിയൂർക്കാവ്, കുലശേഖരം, കൊടുങ്ങാനൂർ<br>പി.ഒ, തിരുവനന്തപുരം 013<br>ഇ-മെയിൽ-phcvattiyoorkavu@yahoo.co.in |
| എഫ്.എച്ച്.സി ചെട്ടിവിളാകം | ഫോൺ നം.0471-2730404<br>കുടുംബാരോഗ്യ കേന്ദ്രം, ചെട്ടിവിളാകം, മുക്കോലയ്ക്കൽ<br>ഇ-മെയിൽ-phcchettivilakom<br>@gmail.com |

NHM മുഖേന ജീവനക്കാരെ നിയോഗിച്ചിട്ടുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ പേരുകൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ?

| Institution | | Sanctioned Strength | In Position | Vacancy |
|---|---|---|---|---|
| ജനറൽ ആശുപത്രി, തിരുവനന്തപുരം | 688 | 608 | 80 | |
| ജില്ലാ ആശുപത്രി, പേരൂർക്കട | 269 | 256 | 13 | |
| സർക്കാർ മാനസികാരോഗ്യ കേന്ദ്രം, പേരൂർക്കട | 387 | 327 | 60 | |
| എഫ്.എച്ച്.സി. വട്ടിയൂർക്കാവ് | 10 | 10 | 0 | |
| എഫ്.എച്ച്.സി. ചെട്ടിവിളാകം | 23 | 23 | 0 | |

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓരോ സ്ഥാപനങ്ങളിലെയും തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു +.

(സി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ ദിവസവേതന/അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോയെന്നും ഉണ്ടെങ്കിൽ അതുസംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ?

| Institution | കരാർ ജീവനക്കാർ |
|---|---|
| ജനറൽ ആശുപത്രി, തിരുവനന്തപുരം | 136 |
| ജില്ലാ ആശുപത്രി, പേരൂർക്കട | 48 |
| സർക്കാർ മാനസികാരോഗ്യ കേന്ദ്രം, പേരൂർക്കട | 27 |
| എഫ്.എച്ച്.സി., വട്ടിയൂർക്കാവ് | 14 |
| എഫ്.എച്ച്.സി., ചെട്ടിവിളാകം | 1 (ലാബ് ടെക്നീഷ്യൻ- എച്ച്.എം.സി) |

കാറ്റഗറി തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു +.

(ഡി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങൾ, ആയതിനുള്ള മുൻ ഉപാധികൾ/രേഖകൾ ഏതൊക്കെയെന്നും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയെന്നും വിശദമാക്കാമോ?

പൊതുജനാരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട എല്ലാവിധ സേവനങ്ങളും മേൽസ്ഥാപനങ്ങളിൽനിന്നും നൽകിവരുന്നു. സേവനാവകാശ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമം 2012 പ്രകാരമുള്ള അപേക്ഷകൾക്ക് സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നു. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിനായി യു.ഡി.ഐ.ഡി. പോർട്ടൽ മുഖാന്തരം നൽകുന്ന അപേക്ഷകൾ തിരുവനന്തപുരം ജനറൽ ആശുപത്രി, പേരൂർക്കട ജില്ലാ മാതൃകാശുപത്രി, സർക്കാർ മാനസികാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ നിന്ന് ഒരുമാസ സമയപരിധിക്കുള്ളിൽ നൽകിവരുന്നു.

എൻ.എച്ച്.എം.-ന്റെ പരിധിയിൽവരുന്ന യു.പി.എച്ച്.സി.-കളിൽനിന്നും നൽകുന്ന സേവനങ്ങൾ, സമയപരിധി എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു +.

## കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയിൽ ട്രോമ കെയർ സെന്റർ

169(5769) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ട്രോമ കെയർ സെന്ററിന്റെ (ഫേസ്-2) നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രസ്തുത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥലത്ത് നിൽക്കുന്ന മരങ്ങൾ ലേലം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) വനം വകുപ്പ് നിശ്ചയിച്ച തുക ലേലത്തിൽ ലഭ്യമായിട്ടില്ലെങ്കിൽ മരം മുറിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ ട്രോമാ കെയർ സെന്റർ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തെ മരങ്ങൾ മുറിച്ച് നീക്കുന്നതിന് 2023 ഫെബ്രുവരി 20, 22, 24 തീയതികളിൽ ലേലം നടത്തുകയുണ്ടായി. എന്നാൽ പ്രസ്തുത മരങ്ങൾക്ക് വനം വകുപ്പ് നിശ്ചയിച്ച വില ലഭിക്കാത്തതിനാൽ ലേലം സ്ഥിരപ്പെടുത്തി നൽകിയിട്ടില്ല. ലേലത്തിൽ വിളിച്ച ഏറ്റവും കൂടിയ തുകയ്ക്ക് ലേലം സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രിൻസിപ്പാളുടെ അപേക്ഷ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി) മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട് മുറിക്കാനുള്ള മരങ്ങൾ ലേലം ചെയ്തിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ ബോയ്സ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുദ്ദേശിക്കുന്ന സ്ഥലത്തെ മരങ്ങൾ മുറിച്ച് നീക്കുന്നതിന് 2023 ഫെബ്രുവരി 20, 22, 24 തീയതികളിൽ നടത്തിയ ലേലത്തിൽ യഥാക്രമം 50,100/-, 60,000/-, 65,000/- എന്നീ തുകകളാണ് പരമാവധി ക്വാട്ട് ചെയ്തിട്ടുള്ളത്. എന്നാൽ വനം വകുപ്പ് നിശ്ചയിച്ച തുക ലഭ്യമാകാത്തതിനാൽ ലേലം സ്ഥിരപ്പെടുത്തിയിട്ടില്ല.

**പെരുമ്പളം ആരോഗ്യ കേന്ദ്രത്തിൽ മെഡിക്കൽ ഓഫീസർ**

170(5770) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിലെ പെരുമ്പളം ആരോഗ്യ കേന്ദ്രത്തിൽ നാളുകളായി മെഡിക്കൽ ഓഫീസർ തസ്തിക ഒഴിഞ്ഞുകിടക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ മെഡിക്കൽ ഓഫീസറില്ലാത്തത് ആശുപത്രിയുടെ വികസനത്തെ സാരമായി ബാധിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കാൻ പെരുമ്പളം ആരോഗ്യ കേന്ദ്രത്തിൽ മെഡിക്കൽ ഓഫീസറെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) പെരുമ്പളം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറുടെ ഒഴിഞ്ഞുകിടക്കുന്ന തസ്തികയിൽ താത്കാലിക ചുമതല നിലവിൽ പ്രസ്തുത ആരോഗ്യകേന്ദ്രത്തിലെ അസിസ്റ്റന്റ് സർജനായ ഡോ.നെറ്റ്സി തോമസിന് നൽകിയിട്ടുണ്ട്. പ്രൊമോഷൻ മുഖാന്തരം പ്രസ്തുത ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മലയിൻകീഴ് താലൂക്കാശുപത്രി കെട്ടിടനിർമ്മാണം**

171(5771) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് താലൂക്കാശുപത്രിക്കായി കിഫ്ബി മുഖേന നിർമ്മിക്കുന്ന കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

മലയിൻകീഴ് താലൂക്കാശുപത്രിയിൽ 23,31,41,407/- രൂപയുടെ ഭരണാനുമതി നൽകുകയും കിറ്റ്കോയെ നിർവ്വഹണ ഏജൻസിയായി

നിയോഗിക്കുകയും ചെയ്ത പദ്ധതിക്ക് 15.25 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തിയുടെ 15 ശതമാനം ഫിസിക്കൽ പ്രോഗ്രസ്സ് പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്. പുതിയ ആശുപത്രി കെട്ടിടത്തിന്റെ ഒന്നാംനിലയുടെ പില്ലർ നിർമ്മാണവും Sump Tank-ന്റെ ബേസ്മെന്റ് സ്ലാബും നിലവിൽ പൂർത്തിയായിട്ടുണ്ട്. ബാക്കി നിർമ്മാണപ്രവൃത്തികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ തുടരുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(സി) നിലവിലെ സ്ഥിതിയിൽ മലയിൻകീഴ് താലൂക്കാശുപത്രി കെട്ടിട നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ?

(ബി&സി) നിലവിൽ തടസ്സങ്ങളൊന്നുമില്ല. 2023 ഡിസംബർ മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി നിർമ്മാണ പ്രവൃത്തികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.

## ഡോക്ടർമാരുടെ രാത്രികാല സേവനം

172(5772) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിലവിൽ എത്ര ഡോക്ടർമാരുണ്ടെന്നും എത്ര മണി വരെയാണ് ഇവിടങ്ങളിൽ ഒ.പി. സൗകര്യങ്ങളേർപ്പെടുത്തിയിട്ടുള്ളതെന്നും ആശുപത്രി തിരിച്ച് വ്യക്തമാക്കാമോ?

| **സ്ഥാപനം** | **ഡോക്ടർമാരുടെ എണ്ണം** | **ഒ.പി. സമയം** |
|---|---|---|
| സി.എച്ച്.സി പെരുങ്കടവിള | 7 | രാത്രി 9 മണി വരെ |
| സി.എച്ച്.സി വെള്ളറട | 10 | 24 മണിക്കൂറും |
| എഫ്.എച്ച്.സി. പരശുവയ്ക്കൽ | 2 | ഉച്ചയ്ക്ക് 2 മണിവരെ |
| എഫ്.എച്ച്.സി കുന്നത്തുകാൽ | 4 | വൈകുന്നേരം 6 മണിവരെ |
| എഫ്.എച്ച്.സി ചെമ്പൂർ | 4 | വൈകുന്നേരം 6 മണിവരെ |
| എഫ്.എച്ച്.സി കൊല്ലയിൽ | 3 | വൈകുന്നേരം 6 മണിവരെ |
| പി.എച്ച്.സി അമ്പൂരി | 4 | വൈകുന്നേരം 4 മണിവരെ |
| എഫ്.എച്ച്.സി കള്ളിക്കാട്, നെയ്യാർഡാം | 4 | വൈകുന്നേരം 4 മണിവരെ |
| എഫ്.എച്ച്.സി പൂഴനാട് | 4 | വൈകുന്നേരം 6 മണിവരെ |

(ബി) മണ്ഡലത്തിലെ ഏതെല്ലാം കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലുമാണ് ഡോക്ടർമാരുടെ രാത്രികാല സേവനം ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഡോക്ടർമാരുടെ രാത്രികാല സേവനം നിലവിൽ ലഭ്യമല്ലെങ്കിൽ ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ?

(ബി&സി) 05-08-2017-ലെ സ.ഉ(പി) നം.46/2017/ആകുവ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നിഷ്കർഷിച്ചിട്ടില്ലാത്തതും ഒ.പി സമയം രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണി വരെ നിജപ്പെടുത്തിയിരിക്കുന്നതുമാണ്. പെരുങ്കടവിള സി.എച്ച്.സി.-യിൽ രാത്രി 9 മണി വരെയും വെള്ളറട സി.എച്ച്.സി.-യിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.

(ഡി) സ്ഥിരം ഡോക്ടർമാർ, നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം.) ഡോക്ടർമാർ എന്നിവരുടെ എത്ര ഒഴിവുകളാണ് ഇവിടങ്ങളിൽ നിലവിലുള്ളതെന്ന് വിശദമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം, കുടുംബാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ സ്ഥിരം ഡോക്ടർമാരുടെ ഒഴിവുകളൊന്നും നിലവിലില്ല.

## ആലപ്പുഴ വെക്ടർ കൺട്രോൾ യൂണിറ്റ്

173(5773) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിൽ വെക്ടർ കൺട്രോൾ യൂണിറ്റുകൾ പ്രവർത്തിക്കുന്നുവെന്ന് വിശദമാക്കുമോ?

14 ജില്ലകളിലും വെക്ടർ കൺട്രോൾ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ആലപ്പുഴ ജില്ലയിലെ വെക്ടർ കൺട്രോൾ യൂണിറ്റിൽ എത്ര സ്ഥിരം/താൽക്കാലിക/കരാർ ജീവനക്കാരുണ്ട്; തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

സ്ഥിരം ജീവനക്കാർ - 82

ബയോളജിസ്റ്റ് -1

അസിസ്റ്റന്റ് എന്റമോളജിസ്റ്റ്-1

ഹെൽത്ത് സൂപ്പർവൈസർ -1

ഹെൽത്ത് ഇൻസ്പെക്ടർ-2

ഇൻസെക്ട് കളക്ടർ-2

ഫീൽഡ് അസിസ്റ്റന്റ് -11

ഫീൽഡ് വർക്കർ - 57

ലാബ് ടെക്നീഷ്യൻ -1

ജൂനിയർ ലാബ് ടെക്നീഷ്യൻ-1

ഡ്രൈവർ -1

ക്ലാർക്ക്-1

ക്ലാർക്ക് ടൈപ്പിസ്റ്റ്-1

ഓഫീസ് അറ്റൻഡന്റ്-1

പി.റ്റി.എസ് -1

താൽകാലിക നിയമനം 46

കണ്ടിജന്റ് വർക്കർ (90 ദിവസത്തേയ്ക്കുള്ള നിയമനം)- 46

(സി) പ്രസ്തുത ഓഫീസിൽ ഫീൽഡ് വർക്ക് ചെയ്യുന്നവർ കൃത്യസമയത്തുതന്നെ റിപ്പോർട്ടുകൾ സമർപ്പിക്കാറുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഫീൽഡ് വർക്ക് ചെയ്യുന്ന ജീവനക്കാർ കൃത്യസമയത്തുതന്നെ റിപ്പോർട്ടുകൾ ഓഫീസിൽ സമർപ്പിക്കാറുണ്ട്.

(ഡി) പ്രസ്തുത ഓഫീസിലെ പ്രവൃത്തി സമയവും മറ്റ് ജില്ലകളിലെ ഓഫീസുകളിലെ പ്രവൃത്തി സമയവും തമ്മിൽ വ്യത്യാസമുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

പൊതുവായി രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെയും നഗരപരിധിയിൽ സ്ഥിതിചെയ്യുന്ന ഓഫീസുകളിൽ രാവിലെ 10.15 മുതൽ വൈകിട്ട് 5.15 വരെയുമാണ് ഓഫീസ് പ്രവൃത്തിസമയം.

(ഇ) വെക്ടർ കൺട്രോൾ യൂണിറ്റിൽ ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

ആലപ്പുഴ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിൽ ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടില്ല. ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**മരുന്ന് വില നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

174(5774) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന മരുന്ന് വില നിയന്ത്രിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വർദ്ധിച്ചുവരുന്ന മരുന്ന് വില നിയന്ത്രിക്കുന്നതിനായി ഈ സർക്കാർ ചുവടെ ചേർത്തിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) 2023-24 സാമ്പത്തികവർഷത്തെ ആരോഗ്യവകുപ്പിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികളിലേയ്ക്കുള്ള സൗജന്യ മരുന്ന് വിതരണത്തിനായി 2022 ആഗസ്റ്റ് മാസംതന്നെ അവശ്യ

മരുന്ന് പട്ടിക പരിഷ്കരണം നടത്തുന്നതിനുള്ള നടപടികളാരംഭിച്ച് സെപ്തംബർ മാസം അന്തിമ മരുന്ന് പട്ടിക പ്രസിദ്ധപ്പെടുത്തുകയും ഒക്ടോബർ മാസത്തോടെ 2023-24 സാമ്പത്തികവർഷത്തേയ്ക്കുള്ള വാർഷിക ഇൻഡന്റുകൾ ശേഖരിച്ച് ഒക്ടോബർ 22-ന് ദർഘാസ് ക്ഷണിക്കുകയുമുണ്ടായി. സാങ്കേതിക പ്രമാണങ്ങളുടെ സൂക്ഷ്മപരിശോധന, പ്രാഥമിക തലത്തിൽ യോഗ്യത നേടിയ കമ്പനികളുടെ ഫാക്ടറി പരിശോധന, സാങ്കേതിക മൂല്യനിർണ്ണയത്തിൽ യോഗ്യത നേടിയ സ്ഥാപനങ്ങളുടെ പ്രൈസ് ബിഡ് പരിശോധന തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അന്തിമപട്ടികയിൽ യോഗ്യത നേടിയ കമ്പനികൾക്ക് വിതരണാനുമതിയും വിതരണ ഉത്തരവും നൽകുന്ന നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(2) മത്സരാധിഷ്ഠിത ദർഘാസുകൾ മുഖേന മുൻകൂട്ടി ലഭിക്കുന്ന ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന കമ്പനികളുമായി കോർപ്പറേഷൻ കരാറിൽ ഏർപ്പെടുന്നതിലൂടെ ഒരു വർഷത്തേയ്ക്ക് കുറഞ്ഞ നിരക്കിൽ മരുന്നുകൾ സംഭരിക്കുന്നതിനും മരുന്ന് വിതരണം നടത്തുന്നതിനും സാധിക്കുന്നു.

(3) നടപ്പു സാമ്പത്തികവർഷം പേവിഷ പ്രതിരോധ ചികിത്സയ്ക്കായും മറ്റ് പകർച്ചപ്പനിയുടെ ചികിത്സയ്ക്കായും കൂടുതൽ രോഗികൾ സർക്കാർ ആശുപത്രികളെ സമീപിച്ചതിനാൽ അടിയന്തര സാഹചര്യം

കണക്കിലെടുത്ത് പ്രസ്തുത രോഗചികിത്സയ്ക്കാവശ്യമായ വാക്സിനും മറ്റ് ആന്റിബയോട്ടിക് ഔഷധങ്ങളും ഇൻഡന്റിനെക്കാൾ ഉപരിയായി സംഭരിച്ച് നൽകിയിട്ടുണ്ട്.

(4) ഇതിനുപുറമെ വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളുടെ സ്ഥിതി മുൻകൂട്ടി മനസ്സിലാക്കി ടി രോഗചികിത്സയ്ക്കാവശ്യമായ മരുന്നുകളും ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഭാഗ<u>ത്തു</u>നിന്നും സ്വീകരിച്ചിട്ടുണ്ട്.

(5) ദർഘാസിൽ വിതരണക്കാരെ ലഭ്യമാകാത്ത അടിയന്തര പ്രാധാന്യമുള്ള മരുന്നുകൾ കാരുണ്യ ഫാർമസികളിലൂടെയും സംഭരിച്ച് സർക്കാർ ആശുപത്രികൾ മുഖേന സൗജന്യമായി വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ കീഴിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ മരുന്ന് സംഭരണവും വിതരണവും നടത്തിവരുന്നു. വളരെ കുറഞ്ഞ മാർജിൻ നിശ്ചയിച്ചാണ് വില്പന വില തീരുമാനിക്കപ്പെടുന്നത്.

(ബി) കൂടുതൽ കാരുണ്യ ഫാർമസികളാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തിരൂരങ്ങാടി താലൂക്കാശുപത്രി തൊടുപുഴ ജില്ലാ ആശുപത്രി, പുലയനാർക്കോട്ട ടിബി സെന്റർ, ആലുവ ജില്ലാ ആശുപത്രി, ആറ്റിങ്ങൽ താലൂക്കാശുപത്രി എന്നിവിടങ്ങളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതിനുള്ള ശിപാർശകൾ പരിഗണനയിലാണ്. താലൂക്കാശുപത്രി തലം മുതൽ എല്ലാ ആശുപത്രികളിലും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുവാനുദ്ദേശിക്കുന്നു.

(സി) കാരുണ്യ ഫാർമസികളിൽ അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിൽ വിവിധ കമ്പനികളുടെ 8000-ൽപ്പരം മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ലഭ്യമാണ്. കൂടാതെ വിപണിയിൽ പുതുതായി സ്ഥാനമുറപ്പിച്ച കമ്പനികളുടെ മരുന്നുകളും ഇതിലുൾപ്പെടുത്തുന്നതിനുള്ള ശ്രമം നടന്നുവരുന്നു.

**ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ രോഗീസൗഹൃദ പരിവർത്തനം**

175(5775)<u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ രോഗീസൗഹൃദ പരിവർത്തനം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇതിലേയ്ക്കായി ഏതൊക്കെ ആശുപത്രികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലെ ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കുകയും ഗുണമേന്മയും സൗഹൃദപരമായുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യുകയെന്നതാണ് ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആശുപത്രികളിൽ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസിലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന

മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ് മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം, ദിശാബോർഡ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ ഇമ്മ്യൂണൈസേഷൻ, ശ്വാസ്, ആശ്വാസ്, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾക്കായി ക്ലിനിക്കുകളും ലഭ്യമാക്കാറുണ്ട്.

ഒ.പി. ട്രാൻസ്ഫർമേഷൻ പ്രവർത്തനം നടപ്പിലാക്കിവരുന്ന സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**ഹീമോഫീലിയ രോഗികളുടെ ചികിത്സയ്ക്ക് പദ്ധതി**

176(5776) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ നിന്ന് ഹീമോഫീലിയ രോഗികളുടെ ചികിത്സയ്ക്കാവശ്യമായ രക്തഘടകങ്ങൾ സൗജന്യമായി നൽകുന്ന പദ്ധതി നാഷണൽ ഹെൽത്ത് മിഷനുമായി ചേർന്ന് ആശാധാര

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയിൽ ലയിപ്പിച്ചതിനാൽ പദ്ധതിയുടെ മാനദണ്ഡങ്ങളിൽ വരുത്തിയ വ്യത്യാസങ്ങൾ ഹീമോഫീലിയ രോഗികളുടെ ചികിത്സയെ ദോഷകരമായി ബാധിക്കുമോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

ദോഷകരമായി ബാധിക്കുകയില്ല. ആശാധാര പദ്ധതി മുഖേന രോഗികൾക്ക് കൃത്യസമയത്ത് ശരിയായ രീതിയിലും അളവിലും ദേശീയ അന്തർ ദേശീയ മാനദണ്ഡങ്ങൾ പ്രകാരമുള്ള ചികിത്സ ലഭ്യമാക്കുന്നതിനും രോഗികൾക്കുള്ള ബോധവത്ക്കരണം നടത്തുന്നതിനും വികേന്ദ്രീകൃതവും സമഗ്രവും അതിനൂതനവുമായ ചികിത്സാരീതികൾ താലൂക്ക്, ജില്ലാ ആശുപത്രികൾ മുഖാന്തരവും റീജിയണൽ ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്ററുകൾ, മെഡിക്കൽ കോളേജുകൾ എന്നീ തലങ്ങളിലും ലഭ്യമാക്കുവാൻ കഴിയുന്നതാണ്.

(ബി) എങ്കിൽ പ്രസ്തുത വിഷയം ഹീമോഫീലിയ രോഗികളുടെ സംഘടനകളുൾപ്പെടെയുള്ളവരുമായി ചർച്ച ചെയ്ത് ചികിത്സയ്ക്ക് അനുകൂലമായ രീതിയിൽ മാനദണ്ഡങ്ങൾ പുന:ക്രമീകരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഹീമോഫീലിയ ചികിത്സ കാരുണ്യ പദ്ധതിയിൽനിന്നും ആശാധാര പദ്ധതിയിലേയ്ക്ക് മാറ്റിയശേഷം ഹീമോഫീലിയ ബാധിതർക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നതുമായി ബന്ധപ്പെട്ട് രോഗികളിൽ നിന്നും സംഘടനകളിൽ നിന്നും ലഭിച്ച നിവേദനങ്ങൾ യഥാസമയം പരിശോധിക്കുകയും ശാസ്ത്രീയമായതും ഫലവത്തായതുമായ ചികിത്സ ഇവർക്ക് ഉറപ്പാക്കുന്നതിനായി പദ്ധതിയുടെ നടത്തിപ്പിൽ വേണ്ട മാറ്റങ്ങൾ നിവേദനങ്ങളിൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി വരുത്തുകയും ചെയ്തിട്ടുണ്ട്.

**പേ വിഷബാധയ്ക്കെതിരെയുള്ള വാക്സിൻ**

177(5777) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പേ വിഷബാധയ്ക്കെതിരെയുള്ള വാക്സിൻ കുത്തിവച്ചിട്ടും മരണം സംഭവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പേവിഷബാധമൂലം 2022-ൽ 25 മരണങ്ങളും 2023-ൽ ഇതുവരെ 2 മരണങ്ങളുമുണ്ടായിട്ടുണ്ട്. ഇവരിൽ 6 പേർ പേവിഷബാധയ്ക്കെതിരെയുള്ള വാക്സിനും (IDRV), ഇമ്മ്യൂണോഗ്ലോബുലിനും (ERIG) എടുത്തിട്ടുള്ളവരാണ്.

(ബി) വാക്സിൻ നൽകിയിട്ടും പേവിഷബാധയുണ്ടായതായി പറയപ്പെടുന്ന സാഹചര്യത്തിൽ വാക്സിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് പേവിഷബാധയ്ക്ക് പ്രതിരോധ മരുന്നുകളായി ആന്റി റാബീസ് വാക്സിനുകളും ഇമ്മ്യൂണോഗ്ലോബുലിനുമാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. പേവിഷബാധയ്ക്കെതിരെയുള്ള രണ്ട് തരം വാക്സിനുകളാണ് സംസ്ഥാനത്ത് ഉപയോഗത്തിലുള്ളത്.

1. Purified chick embryo cell rabies vaccine

2. Purified vero cell Vaccine

ഈ വാക്സിനുകൾ എല്ലാംതന്നെ സെൻട്രൽ ഡ്രഗ് ലബോറട്ടറി (CDL)-യിൽ പരിശോധന കഴിഞ്ഞ് റിലീസ് സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം മാത്രമാണ് സംസ്ഥാനത്ത് രോഗികൾക്ക് നൽകിവരുന്നത്. പേവിഷബാധ

മരണങ്ങളെത്തുടർന്ന് വാക്സിനും ഇമ്മ്യൂണോഗ്ലോബുലിനും പുനഃപരിശോധനയ്ക്കായി Central Drug laboratory (CDL)-യിൽ അയച്ചു ഗുണനിലവാരം വീണ്ടും ഉറപ്പാക്കിയിട്ടുണ്ട്. വാക്സിനും ഇമ്മ്യൂണോഗ്ലോബുലിനും സ്റ്റാൻഡേർഡ് ക്വാളിറ്റിയാണെന്ന് CDL വീണ്ടും certify ചെയ്തിട്ടുണ്ട്. കേരളത്തിലെ റാബീസ് മൂലമുള്ള മരണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽനിന്നും നിയോഗിക്കപ്പെട്ട കേന്ദ്ര സംഘത്തിന്റെ റിപ്പോർട്ടുപ്രകാരം CDSCO ശേഖരിച്ച വാക്സിൻ സാമ്പിളുകൾ സ്റ്റാൻഡേർഡ് ക്വാളിറ്റിയുള്ളതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടി

178(5778) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ആതുരാലയങ്ങൾക്കായി എത്ര കോടി രൂപയുടെ മരുന്നാണ് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വഴി ഒരു സാമ്പത്തികവർഷം വാങ്ങിവരുന്നതെന്ന് വ്യക്തമാക്കാമോ;

നടപ്പുവർഷം ബജറ്റ് വിഹിതമായി 356.40 കോടി രൂപയും ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം) വിഹിതമായി 214.12 കോടി രൂപയും മരുന്ന് സംഭരണത്തിനായി വകയിരുത്തിയിട്ടുണ്ട്. ഇതിൽ നാളിതുവരെ (10-03-2023) സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികൾക്കായി 560.56 കോടി രൂപയുടെ മരുന്നുകളും അനുബന്ധ സാമഗ്രികളുമാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ചത്.

(ബി) ഈ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

1. ഗുണനിലവാര പരിശോധനയുടെ ഭാഗമായി ദർഘാസ് ക്ഷണിക്കുമ്പോൾ തന്നെ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിന്നും ഫാർമസി കോളേജിൽ നിന്നുമുള്ള വിദഗ്ധർ ഉല്പാദകരുടെ ഫാക്ടറി സന്ദർശിച്ച് ഔഷധ നിർമ്മാതാക്കൾ അവകാശപ്പെടുന്ന രീതിയിൽ മരുന്ന് ഉല്പാദിപ്പിക്കാനും കാര്യക്ഷമത പരിശോധിക്കാനുമുള്ള സൗകര്യമുണ്ടെന്ന് ഉറപ്പുവരുത്തിയശേഷം പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ദർഘാസ് ഉടമ്പടിയിൽ പ്രസ്തുത ഔഷധ നിർമ്മാതാക്കളെ ഉൾപ്പെടുത്തുന്നത്.

2. കൂടാതെ ക്വാളിറ്റി കൺട്രോൾ വിഭാഗം ഗുണനിലവാരം ഉറപ്പാക്കുന്നതിന് അടുത്ത നടപടിയായി എൻ.എ.ബി.എൽ എംപാനൽഡ് ലാബുകളെയും തെരഞ്ഞെടുത്തിട്ടുണ്ട്. ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിന്നുമുള്ള ഗവൺമെന്റ് അനലിസ്റ്റുമാരും ഡ്രഗ്സ് ഇൻസ്പെക്ടർമാരുമടങ്ങുന്ന വിദഗ്ധ കമ്മിറ്റി എൻ.എ.ബി.എൽ ലാബുകളിൽ പരിശോധന നടത്തി, ടി വിദഗ്ധ കമ്മിറ്റി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എൻ.എ.ബി.എൽ എംപാനൽഡ് ലാബുകളെ തെരഞ്ഞെടുക്കുന്നത്. അപ്രകാരം എംപാനൽ ചെയ്യുന്നത് 2 വർഷത്തേയ്ക്കാണ്.

3. ഓരോവർഷവും കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ നിന്നും 30 ശതമാനത്തിൽ കുറയാതെ സാമ്പിളുകൾ ശേഖരിച്ചശേഷം (DDMS സോഫ്റ്റ്‌വെയർ ആട്ടോമാറ്റിക്കായി തെരഞ്ഞെടുക്കുന്നു.) മരുന്നുകളുടേയും ഉല്പാദകരുടേയും പേരും മറ്റു വിവരങ്ങളും മായ്ച്ച് കോർപ്പറേഷന്റെ DDMS സോഫ്റ്റ്‌വെയർ നൽകുന്ന സാമ്പിൾ കോഡ്/ലേബൽ പതിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെ കോഡ് ചെയ്യുന്ന സാമ്പിളുകളാണ് എൻ.എ.ബി.എൽ എംപാനൽഡ് ലബോറട്ടറികളിലേയ്ക്കും/ സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഗുണനിലവാര

പരിശോധനാ കേന്ദ്രത്തിലേയ്ക്കും അയച്ച് ഗുണനിലവാര പരിശോധന നടത്തിക്കൊണ്ടിരിക്കുന്നത്.

4. കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകൾ ഗുണനിലവാര പരിശോധനയിലുൾപ്പെടാതെ പോകുന്നത് തടയുന്നതിലേയ്ക്കായി പർച്ചേസ് ഓർഡറിന്റെ ആദ്യത്തെ ബാച്ച് ഗുണനിലവാര പരിശോധനയ്ക്കായി അയയ്ക്കുന്നു. കൂടാതെ കാലഹരണ തീയതി അവസാനിക്കുന്നതിനുമുമ്പുവരെ ഗുണനിലവാരമുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി റാൻഡമായി മരുന്നുകളുടെ ലഭ്യമായ സാമ്പിളുകൾ കോർപ്പറേഷൻ ഗുണനിലവാര പരിശോധന നടത്താറുണ്ട്.

5. ഒരു മരുന്നിനെ സംബന്ധിച്ച് സമാനസ്വഭാവമുള്ള പരാതികൾ ലഭ്യമാകുന്ന സാഹചര്യത്തിൽ Continuous Quality Evaluation-ന്റെ ഭാഗമായി ടി മരുന്നിന്റെ ലഭ്യമായ മറ്റു ബാച്ചുകൾ കൂടി ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

6. കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ ഏതെങ്കിലും ഒരു മരുന്നിനെക്കുറിച്ച് പരാതി ഉയർന്നാൽ പരാതിയുടെ നിജസ്ഥിതി മനസിലാക്കിയശേഷം പ്രസ്തുത ബാച്ചിൽപ്പെട്ട മരുന്നിന്റെ ഉപയോഗം ഓൺലൈൻ സോഫ്റ്റ്‌വെയർ പ്രകാരം സംസ്ഥാനവ്യാപകമായി

മരവിപ്പിക്കുകയും (Freeze Memo), ഡ്രഗ്സ് കൺട്രോൾ വിഭാഗത്തെ അറിയിച്ച് ഗുണനിലവാര പരിശോധന നടത്തുകയും ചെയ്യുന്നു. പരിശോധനയിൽ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയാൽ ആ മരുന്നിന്റെ ഉപയോഗം നിർത്തലാക്കുകയും ചെയ്യും. ഗുണനിലവാരമുള്ളതായി കണ്ടെത്തിയാൽ പ്രസ്തുത മരുന്നിന് പുനരുപയോഗത്തിനുള്ള മോചനാനുമതി നൽകുന്നതാണ്.

7. മുകളിൽ സൂചിപ്പിച്ചതുകൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ റാൻഡമായി കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് സ്റ്റാറ്റ്യൂട്ടറി അനാലിസിസ് (Statutory Analysis) നടത്തുകയും ചെയ്യുന്നുണ്ട്.

8. ഒരു ഉല്പാദകൻ വിതരണം ചെയ്ത മരുന്നുകളിൽ ഏതെങ്കിലും ഒരിനം മരുന്നിന്റെ മൂന്നു ബാച്ചുകൾ ഗുണനിലവാരമില്ലാത്തതായി തെളിയുന്നപക്ഷം ആ മരുന്നിനെ കരിമ്പട്ടികയിലുൾപ്പെടുത്തുകയും പ്രസ്തുത ഉല്പാദകന്റെ ടി മരുന്നിനെ കോർപ്പറേഷന്റെ തുടർന്നുള്ള മൂന്നുവർഷത്തെ ദർഘാസ് നടപടികളിൽനിന്നും വിലക്കുകയും ചെയ്യുന്നു. അപ്രകാരം മൂന്നു ബാച്ചുകൾ ഗുണനിലവാരമില്ലാത്തതാകുന്നപക്ഷം ടി മരുന്നിന്റെ ലഭ്യമായ മറ്റു ബാച്ചുകളും കോർപ്പറേഷൻ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

9. ഒരു ഉല്പാദകൻ വിതരണം ചെയ്ത ഏതെങ്കിലും രണ്ടോ അതിലധികമോ ഇനം മരുന്നുകൾ ഇത്തരത്തിൽ കരിമ്പട്ടികയിൽപ്പെടുത്തിയാൽ പ്രസ്തുത മരുന്ന് കമ്പനിയെതന്നെ കരിമ്പട്ടികയിലുൾപ്പെടുത്തുകയും കോർപ്പറേഷന്റെ തുടർന്നുള്ള മൂന്നുവർഷത്തെ ദർഘാസ് നടപടികളിൽനിന്നും വിലക്കുകയും ചെയ്യുന്നു.

10. ശീതസംഭരണ ഊഷ്മാവിലും നാർകോട്ടിക് വിഭാഗത്തിലുമുൾപ്പെടുന്ന മരുന്നുകൾ ഗുണനിലവാര പരിശോധന നടത്തുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ സഹായത്തോടുകൂടി നോയിഡയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജിക്കൽസിലും ഇതര സെൻട്രൽ ഡ്രഗ്സ് ലബോറട്ടറികളിലും അയയ്ക്കുന്നതിലേയ്ക്കായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11. ഇന്ത്യയിലെ ഏതെങ്കിലും സംസ്ഥാനങ്ങളോ കേന്ദ്ര എജൻസിയോ ഏതെങ്കിലും മരുന്നുകളെയോ ഉല്പാദകരെയോ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയാൽ പ്രസ്തുത കമ്പനിക്കെതിരെ ദർഘാസ് വ്യവസ്ഥപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

12. കോർപ്പറേഷൻ സംഭരിക്കുന്ന മരുന്നുകളുടെ ദർഘാസ് നടപടികളുടെ ഭാഗമായി ദർഘാസിലെ 3-8 വിഭാഗത്തിലെ Appendix III ൽ പരാമർശിച്ചിട്ടുള്ള Blood Diagnostics Kits/ Reagents and Medical

Devices-ന്റെ ഗുണനിലവാരം ഉറപ്പിക്കുന്നതിലേയ്ക്കായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലേയും വിദഗ്ദ്ധരടങ്ങിയ ടെക്നിക്കൽ കമ്മിറ്റി കോർപ്പറേഷൻ രൂപീകരിക്കുകയും കേരളത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ Sample Evaluation നടത്തി ഗുണനിലവാരമുറപ്പിക്കുകയും ചെയ്തതിനുശേഷം പ്രസ്തുത ഇനങ്ങൾ മാത്രമാണ് ദർഘാസിലുൾപ്പെടുത്തുന്നത്.

13. പൊതുജനങ്ങൾക്ക് മരുന്നുകളുടെ ഗുണനിലവാരത്തെ സംബന്ധിച്ച് പരാതികൾ നൽകുന്നതിലേയ്ക്കായി 1800-425-0945 എന്ന TOLL FREE NUMBER എല്ലാ സർക്കാർ ആശുപത്രികളിലേയും ഫാർമസികളിൽ പ്രദർശിപ്പിക്കുകയും സാധാരണക്കാരന് പരാതി നൽകുവാൻ കഴിയുന്ന തരത്തിൽ COMPLAINT REGISTRATION FORM തയ്യാറാക്കി സംസ്ഥാനത്തെ മുഴുവൻ സർക്കാർ ആശുപത്രികളിലേയും ഫാർമസി മുഖേന പൊതുജനങ്ങൾക്കു ലഭ്യമാകുന്ന രീതിയിൽ നൽകുകയും ചെയ്തിട്ടുണ്ട്.

## പി.പി.ഇ. കിറ്റുകൾ

179(5779) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് മെഡ് സർജ് എന്ന സ്ഥാപനം പി.പി.ഇ. കിറ്റ് സംബന്ധിച്ച ക്വട്ടേഷൻ 30-03-2020 ന് സമർപ്പിച്ചിരുന്നോ?

സമർപ്പിച്ചിരുന്നു.

(ബി) എങ്കിൽ പ്രസ്തുത ക്വട്ടേഷനിൽ പി.പി.ഇ. കിറ്റിന്റെ തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

ക്വട്ടേഷനിൽ പി.പി.ഇ. കിറ്റിന്റെ തുക 575 + 5 ശതമാനം GST ആയിരുന്നു.

(സി) പ്രസ്തുത സ്ഥാപനം കുറഞ്ഞ നിരക്കിൽ പി.പി.ഇ. കിറ്റ് നൽകാൻ തയ്യാറായിട്ടും അവരിൽനിന്നും പി.പി.ഇ. കിറ്റുകൾ വാങ്ങേണ്ടെന്ന് തീരുമാനിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

പ്രസ്തുത കമ്പനി 100 ശതമാനം Payment Advance ആയി വേണമെന്ന് ആവശ്യപ്പെട്ടിരുന്നു. 100 ശതമാനം Payment Advance ആയി നൽകിവരുന്ന പർച്ചെയ്സ് രീതി കേരള മെഡിക്കൽ സർവീസസ് കോർപറേഷനിൽ നിലവിലില്ലാത്തതിനാൽ പി.പി.ഇ കിറ്റിന് പ്രസ്തുത കമ്പനിക്ക് ഓർഡർ നൽകിയിരുന്നില്ല.

## ഉന്നത ഉദ്യോഗസ്ഥരുടെ സന്ദർശനം

180(5780) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ രണ്ടുമാസത്തിനുള്ളിൽ എത്രയിടത്ത് എവിടെയൊക്കെ പക്ഷിപ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2023 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഉന്നത ഉദ്യോഗസ്ഥർ ഇതിൽ ഏതൊക്കെ സ്ഥലങ്ങൾ സന്ദർശിച്ചുവെന്ന് വ്യക്തമാക്കുമോ; സന്ദർശിച്ച ഉന്നത ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങളും അവർ തയ്യാറാക്കി നൽകിയ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കുമോ?

2023 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ പക്ഷിപ്പനി രോഗബാധിത പ്രദേശങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ സന്ദർശിച്ചിട്ടില്ല. എന്നാൽ ആരോഗ്യ വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥർ അതത് ജില്ലകളിലെ രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ച് രോഗനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. പ്രസ്തുത ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കഴിഞ്ഞ രണ്ടുമാസത്തിനുള്ളിൽ സംസ്ഥാനത്ത് എത്രസ്ഥലങ്ങളിൽ ഭക്ഷ്യവിഷബാധ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത സ്ഥലങ്ങൾ ഏതൊക്കെയെന്നും വിശദമാക്കുമോ?

ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കണക്കുപ്രകാരം കഴിഞ്ഞ രണ്ടുമാസത്തിനുള്ളിൽ സംസ്ഥാനത്ത് ഭക്ഷ്യവിഷബാധ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഭക്ഷ്യവിഷബാധയുണ്ടായ സ്ഥലങ്ങളിൽ ആരോഗ്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ സന്ദർശനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആരൊക്കെ ഏതൊക്കെ സ്ഥലങ്ങൾ സന്ദർശിച്ചുവെന്നും അവർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും പ്രസ്തുത റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ ?

ഭക്ഷ്യവിഷബാധയുണ്ടായ സ്ഥലങ്ങൾ സന്ദർശിച്ച ആരോഗ്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ അവർ സമർപ്പിച്ച പ്രാഥമിക റിപ്പോർട്ടുപ്രകാരം മലിനമായ ജലസ്രോതസ്സുകൾ, ഭക്ഷണം ശരിയായി മൂടി വയ്ക്കാതിരിക്കുക, പാചകം ചെയ്തതിനുശേഷം ശരിയായ ഊഷ്മാവിൽ സൂക്ഷിക്കാതെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദീർഘനേരത്തിനുശേഷം ഉപയോഗിക്കുക, ശരിയായി കഴുകാത്ത പച്ചക്കറികൾ, ഫലവർഗ്ഗങ്ങൾ എന്നിവ ഉപയോഗിക്കുക തുടങ്ങി പല സാഹചര്യങ്ങളും ഭക്ഷ്യവിഷബാധയ്ക്ക് കാരണമായി കണ്ടെത്തിയിട്ടുണ്ട്.

## ഇ-ഹെൽത്ത് പദ്ധതിക്ക് ടാബ്‌ലെറ്റ് കമ്പ്യൂട്ടർ

181(5781) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് കേരള പദ്ധതിക്കുവേണ്ടി കമ്പ്യൂട്ടർ ടാബ്‌ലെറ്റുകൾ വാങ്ങിയതിൽ ടെണ്ടർ നടപടികൾ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇ-ഹെൽത്ത് കേരളാ പദ്ധതിക്കുവേണ്ടി ടോട്ടൽ സർവ്വീസ് പ്രൊവൈഡറായ കെൽട്രോൺ മുഖേന ടെണ്ടർ നടപടികൾ പാലിച്ചാണ് ടാബ്‌ലെറ്റുകൾ വാങ്ങിയിട്ടുള്ളത്.

(ബി) ടെണ്ടറിൽ പങ്കെടുത്ത കമ്പനികളും അവർ ക്വാട്ട് ചെയ്ത തുകയും സ്പെസിഫിക്കേഷനുമടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

ഇ-ഹെൽത്ത് കേരളാ പദ്ധതിക്കായുള്ള കമ്പ്യൂട്ടർ ടാബ്‌ലെറ്റുകൾക്കായുള്ള ടെണ്ടറിൽ പങ്കെടുത്ത കമ്പനികളുടെ പേര്, ക്വോട്ട് ചെയ്ത തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Misuvi Sales Co | 14,63,28,000.00/- |
| Geeta Monitors Pvt Ltd | 12,79,90,800.00/- |

കമ്പ്യൂട്ടർ ടാബ്‌ലെറ്റിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സ്വകാര്യ കമ്പനിയിൽ നിന്ന് ടാബ്‌ലെറ്റുകൾ വാങ്ങിയത് സംബന്ധിച്ച കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കമ്പ്യൂട്ടർ ടാബ്‌ലെറ്റുകൾ വാങ്ങുന്നതിനായുള്ള ടെണ്ടർ, ടെണ്ടറിന് അനുബന്ധമായുള്ള കരാർ എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഡി) പ്രസ്തുത കരാറുമായി ബന്ധപ്പെട്ട് ആഡിറ്റ് നടത്തിയിട്ടുണ്ടോ; എങ്കിൽ ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വിവിധ ജില്ലകളിൽ ജൂനിയർ ഹെൽത്ത് ഇൻസ്‌പെക്ടർ (JHI), ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്‌സ് (JPHN) എന്നിവർക്ക് അതത് ജില്ലകളിലെ ജില്ലാ മെഡിക്കൽ ഓഫീസർ (DMO) മുഖാന്തരം വിതരണം ചെയ്തിട്ടുള്ള ടാബ്‌ലെറ്റുകളുടെ നിലവിലെ സ്ഥിതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിലയിരുത്തുന്നതിനായാണ് ടാബ് ആഡിറ്റ് നടത്തിയിട്ടുള്ളത്. ടാബ് ആഡിറ്റ് റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

## ആശുപത്രി ജീവനക്കാർക്കെതിരെയുള്ള ആക്രമണം

182(5782) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാരടക്കമുള്ള ആശുപത്രി ജീവനക്കാർക്കെതിരെ ആക്രമണങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഡോക്ടർമാരടക്കമുള്ള ആശുപത്രി ജീവനക്കാർക്കെതിരെ ആക്രമണങ്ങളുണ്ടായാൽ കാലതാമസം കൂടാതെ പോലീസിൽ റിപ്പോർട്ട് ചെയ്യുകയും യഥാവിധി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) രോഗികളുടെ ബന്ധുക്കളടക്കമുള്ളവർ ഡോക്ടർമാർക്കെതിരെ ആക്രമണം അഴിച്ചുവിടുന്ന പ്രവണത തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഡോക്ടർമാരടക്കമുള്ള ആശുപത്രി ജീവനക്കാർക്കെതിരെയുള്ള ആക്രമണം തടയുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

(ബി&സി) ആശുപത്രി ജീവനക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ആരോഗ്യപ്രവർത്തകർക്ക് സുരക്ഷിതമായി തങ്ങളുടെ ജോലികൾ നിർവ്വഹിക്കുന്നതിനും അവസരമൊരുക്കുന്നതിനായി വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള അതിക്രമങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ സർക്കാർ ഉത്തരവ് G.O(Rt)No.1735/2021/H&FWD Dtd.12-08-2021 പുറപ്പെടുവിച്ചിട്ടുള്ളതും തുടർന്ന് 04-07-2022-118/B4/2022/Health പ്രകാരം സർക്കുലർ പുറപ്പെടുവിച്ചതും അതിനെത്തുടർന്ന് 04-07-2022-ൽ കെ4/5870/2022/മെ.വി.വ. പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരിപത്രം പുറപ്പെടുവിച്ചിട്ടുമുണ്ട്. അതിലെ നിർദ്ദേശങ്ങൾ പാലിക്കാൻ വകുപ്പിനുകീഴിലെ എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രി ജീവനക്കാർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ സംബന്ധിച്ച് പോലീസിൽ പരാതി നൽകിവരികയും

ആയതുമായി ബന്ധപ്പെട്ട് കർശന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

കേരള ഹെൽത്ത് കെയർ പേഴ്സൺസ് & ഹെൽത്ത് കെയർ സർവ്വീസ് ഇൻസ്റ്റിറ്റ്യൂഷൻസ് (അക്രമവും വസ്തുവകകൾക്ക് നാശനഷ്ടവും തടയൽ) ആക്ട്, 2012 നിയമം ഭേദഗതി ചെയ്യുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**ക്യാൻസർ കെയർ സ്യൂട്ട് എന്ന വെബ് പോർട്ടൽ**

183(5783) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ സാധ്യത സംശയിക്കുന്നവരിൽ സ്ക്രീനിംഗ് കാര്യക്ഷമമാക്കുന്നതിനായി ക്യാൻസർ കെയർ സ്യൂട്ട് എന്ന വെബ് പോർട്ടൽ ഉപയോഗിക്കുന്നുണ്ടോ?

ഉണ്ട്. ഇ-ഹെൽത്തിന്റെ നേതൃത്വത്തിൽ 'ശൈലി' സ്ക്രീനിംഗിലൂടെ കണ്ടെത്തിയ ക്യാൻസർ രോഗസാധ്യതയുള്ളവരെ രജിസ്റ്റർ ചെയ്യുന്നതിനും

തുടർ പരിശോധന നടത്തുന്നതിനും രോഗം സ്ഥിരീകരിച്ചവർക്ക് ചികിത്സ ഉറപ്പാക്കുന്നതിനും ക്യാൻസർ കെയർ സ്യൂട്ട് എന്ന സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നുണ്ട്.

(ബി) ഇങ്ങനെ ക്യാൻസർ കണ്ടെത്തുന്നവർക്ക് തുടർ ചികിത്സ സൗജന്യമാണോ; ഏതൊക്കെ ആശുപത്രികളിൽ ചികിത്സ ലഭ്യമാണ്; വ്യക്തമാക്കുമോ?

ക്യാൻസർ രോഗസ്ഥിരീകരണം വരെയുള്ള എല്ലാ ചെലവുകളും സൗജന്യമായാണ് രോഗികൾക്ക് നൽകുന്നതെങ്കിലും ഒരിക്കൽ രോഗസ്ഥിരീകരണം നടത്തിക്കഴിഞ്ഞാൽ രോഗികളെ ഏറ്റവുമടുത്തുള്ള ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളിലേയ്ക്ക് റഫർ ചെയ്യുകയാണ് ക്യാൻസർ കെയർ സ്യൂട്ടിന്റെ പ്രവർത്തനരീതി. ക്യാൻസർ ചികിത്സയ്ക്ക് വിവിധ പദ്ധതികൾ മുഖേന സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ഇപ്പോൾ നൽകിവരുന്നു. സ്ക്രീനിംഗിന്റെ ഭാഗമായി രോഗം കണ്ടെത്തുന്നവർക്കും ഈ ചികിത്സാ പദ്ധതി വഴിയുള്ള സൗജന്യ ചികിത്സ ലഭ്യമാകുന്നതാണ്. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ, മലബാർ ക്യാൻസർ സെന്റർ, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി

എന്നിവയാണ് സമഗ്ര ക്യാൻസർ ചികിത്സ ലഭിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ.

**വിളർച്ചയുള്ള സ്ത്രീകൾക്ക് ചികിത്സ**

184(5784) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി ദെലീമ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിളർച്ച ബാധിച്ച സ്ത്രീകളുണ്ടെങ്കിൽ അവരെ കണ്ടെത്തി ആവശ്യമായ ചികിത്സ ഉറപ്പാക്കാനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ഭാഗമായി ജില്ല, സംസ്ഥാനതല സമിതികൾ രൂപീകരിച്ചുകൊണ്ട് പരിശീലന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് 15 വയസ്സ് മുതൽ 59 വയസ്സുവരെ പ്രായമായ സ്ത്രീകളിൽ വിളർച്ച ബാധിതരെ കണ്ടെത്തി ആവശ്യമായ ചികിത്സ ഉറപ്പാക്കുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച പ്രത്യേക പദ്ധതിയാണ് 'വിവ കേരളം'. തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ

വികസന വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, മറ്റ് അനുബന്ധ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെയാണ് വിവ ക്യാമ്പയിൻ നടത്തുന്നത്. 2023 ഫെബ്രുവരി 18 ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഈ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി 14-01-2023-ലെ സ.ഉ (സാധാ) നം. 97/2023/ആ.കു.വ /2023 സർക്കാർ ഉത്തരവുപ്രകാരം ജില്ല, സംസ്ഥാനതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും പരിശീലന പരിപാടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 15 മുതൽ 59 വയസ്സുവരെയുള്ള കൗമാരക്കാരായ പെൺകുട്ടികളിലും സ്ത്രീകളിലും വിളർച്ച (അനീമിയ) കണ്ടെത്തുകയും ആവശ്യമായവർക്ക് ചികിത്സ ഉറപ്പുവരുത്തുകയും ചെയ്യുകയെന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഇതുവഴി സ്ത്രീകളുടെ ശാരീരികവും ബൗദ്ധികവുമായ ക്ഷമത വർദ്ധിപ്പിച്ച് ആരോഗ്യം മെച്ചപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും ആയതിനായി സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

പദ്ധതിയുടെ ഗുണഭോക്താക്കളായ 15 മുതൽ 59 വയസുവരെയുള്ള കൗമാരക്കാരായ പെൺകുട്ടികളുടേയും സ്ത്രീകളുടേയും ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചിട്ടുണ്ട്. (15 മുതൽ 18 വയസ് വരെയുള്ളവരുടെ വിവരം ആശാവർക്കർമാർ മുഖേനയും 19 മുതൽ 59 വയസ് വരെയുള്ളവരുടെ വിവരം വോട്ടർപ്പട്ടിക മുഖേനയും). ആരോഗ്യപ്രവർത്തകർ, ട്രൈബൽ പ്രമോട്ടർമാർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മറ്റ് ഫീൽഡ് ജീവനക്കാർ എന്നിവർ വഴി ഗോത്രവർഗ്ഗ മേഖലയിലും തീരദേശമേഖലയിലും നഗരചേരി പ്രദേശങ്ങളിലും മറ്റ് പ്രദേശങ്ങളിലുമുള്ള 15 മുതൽ 59 വയസ് വരെയുള്ള പെൺകുട്ടികളെയും സ്ത്രീകളെയും സമീപിച്ച് അവരെ രക്തപരിശോധനയ്ക്കായി ആരോഗ്യസ്ഥാപനങ്ങളിലും മെഡിക്കൽ ക്യാമ്പുകളിലുമെത്തിച്ച് വിളർച്ച പരിശോധന നടത്തുന്നു. വിവ പദ്ധതിയിൽ സ്കൂളുകളിൽ പഠിക്കുന്ന 15 മുതൽ 18 വയസ് വരെയുള്ള കൗമാരക്കാരായ പെൺ കുട്ടികളുടെ രക്തപരിശോധന ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പദ്ധതിയിൽ പട്ടിക ഗോത്രവർഗ്ഗ മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ടോയെന്നും പദ്ധതിക്കായി വിവിധ വകുപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച് മാർഗനിർദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വിവ പദ്ധതിയുമായി ബന്ധപ്പെട്ട് രൂപീകരിച്ച ആക്ഷൻ പ്ലാനിൽ ട്രൈബൽ മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പുകളിലൂടെയും കുടുംബശ്രീ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. Testing Programme, testing campaign, awareness campaign, Iron-folic acid tablet വിതരണം എന്നിവ സംഘടിപ്പിക്കുന്നുണ്ട്.

ആരോഗ്യ പ്രവർത്തകർ വഴി ഗോത്രവർഗ്ഗ മേഖലയിലെ 15 മുതൽ 59 വയസ്സുവരെയുള്ള പെൺകുട്ടികളേയും സ്ത്രീകളേയും സമീപിച്ച് അവരെ രക്തപരിശോധനയ്ക്കായി ആരോഗ്യ സ്ഥാപനങ്ങളിലും മെഡിക്കൽ ക്യാമ്പുകളിലുമെത്തിച്ച് വിളർച്ചാ പരിശോധന നടത്തുകയും അനീമിയയുള്ളവർക്ക് ആവശ്യമായ ചികിത്സ നൽകുകയും ചെയ്തുവരുന്നു.

**രോഗപ്രതിരോധ പ്രവർത്തനങ്ങൾ**

185(5785) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിലുള്ള വാക്സിനുകൾക്കുപുറമെ കൂടുതൽ വാക്സിനുകളുൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) ഇതിനായി നിർദേശങ്ങൾ സമർപ്പിക്കാൻ സമിതിയെ നിയോഗിച്ചിരുന്നോ; എങ്കിൽ സമിതിയുടെ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന വാക്സിൻ നയം രൂപീകരിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതിന് ആറംഗ കമ്മിറ്റിയെ 20-11-2021-ലെ സ.ഉ (സാധാ) നം. 2582/2021/ആ.കു.വ സർക്കാർ ഉത്തരവുപ്രകാരം നിയോഗിച്ചിരുന്നു. പ്രസ്തുത സമിതി നൽകിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**ആശുപത്രി ആക്രമണങ്ങൾ**

186(5786) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള നിയമം ദുർബലവും പഴുതുകളുള്ളതുമായതിനാൽ ആശുപത്രി ആക്രമണ കേസുകളിലുൾപ്പെട്ടവർക്ക്

മതിയായ ശിക്ഷ ലഭിക്കാതെ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ആശുപത്രി ജീവനക്കാരുടെ ആശങ്കയകറ്റുന്നതിനും വർദ്ധിച്ചുവരുന്ന ഇത്തരം ആക്രമണങ്ങൾ തടയുന്നതിനും നിലവിലുള്ള നിയമം ഭേദഗതി ചെയ്യുകയോ ഓർഡിനൻസ് കൊണ്ടുവരികയോ ചെയ്യുന്ന കാര്യം പരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ആശുപത്രി ആക്രമണ കേസുകൾ വളരെ ഗൗരവരമായാണ് കൈകാര്യം ചെയ്യുന്നത്. ഇത്തരത്തിൽ അനിഷ്ട സംഭവങ്ങളുണ്ടായാൽ കാലതാമസം കൂടാതെതന്നെ പോലീസിൽ റിപ്പോർട്ട് ചെയ്യാറുണ്ട്. ഇത്തരത്തിലുള്ള ആക്രമണ കേസുകളിലുൾപ്പെട്ടവർക്ക് മതിയായ ശിക്ഷ ലഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ആശുപത്രി ജീവനക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ആരോഗ്യ പ്രവർത്തകർക്ക് സുരക്ഷിതമായി തങ്ങളുടെ ജോലികൾ നിർവ്വഹിക്കുന്നതിനും അവസരമൊരുക്കുന്നതിനായി വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള അതിക്രമങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിച്ചുകൊണ്ട് സർക്കാർ ഉത്തരവ്

G.O(Rt)No.1735/2021/H&FWD Dtd.12-08-2021 പുറപ്പെടുവിച്ചിട്ടുള്ളതും തുടർന്ന് 04-07-2022-118/B4/2022/Health പ്രകാരം സർക്കുലർ പുറപ്പെടുവിച്ചതുമാണ്. അതിനെത്തുടർന്ന് 04-07-2022-ൽ കെ4/5870/2022/മെ.വി.വ. പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരിപത്രവും പുറപ്പെടുവിച്ചിട്ടുണ്ട്. അതിലെ നിർദ്ദേശങ്ങൾ പാലിക്കാൻ വകുപ്പിനുകീഴിലെ എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രി ജീവനക്കാർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ സംബന്ധിച്ച് പോലീസിൽ പരാതി നൽകിവരികയും ആയതുമായി ബന്ധപ്പെട്ട് കർശന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

കേരള ഹെൽത്ത് കെയർ പേഴ്സൺസ് & ഹെൽത്ത് കെയർ സർവ്വീസ് ഇൻസ്റ്റിറ്റ്യൂഷൻസ് (അക്രമവും വസ്തുവകകൾക്ക് നാശനഷ്ടവും തടയൽ) ആക്ട്, 2012 നിയമം ഭേദഗതി ചെയ്യുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**കുടിവെള്ളത്തിലൂടെ പകരുന്ന രോഗങ്ങൾ തടയാൻ നടപടി**

187(5787) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വേനൽ കനത്തതോടുകൂടി കുടിവെള്ളത്തിലൂടെ പകരുന്ന രോഗങ്ങൾ വ്യാപിക്കുന്നത് തടയുവാൻ ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; ഇതുസംബന്ധിച്ച് ആരോഗ്യ പ്രവർത്തകർക്ക് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വേനൽ കനത്തതോടുകൂടി ശുദ്ധജലത്തിന്റെ ലഭ്യത കുറഞ്ഞതുകൊണ്ട് ജലജന്യരോഗങ്ങളായ വയറിളക്കം, കോളറ, മഞ്ഞപ്പിത്തം എന്നിവ പകരാനുള്ള സാധ്യതയുണ്ട്. ഇതു മുൻകൂട്ടികണ്ടുകൊണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് പ്രതിരോധ നടപടികളാരംഭിച്ചിട്ടുണ്ട്. ജലശുദ്ധീകരണ പരിപാടിയുടെ ഭാഗമായി കുടിവെള്ള വിതരണ പദ്ധതികൾ, ടാങ്കർ ലോറികൾ തുടങ്ങിയവയിലൂടെ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാനുള്ള നടപടികൾ എന്നിവ സ്വീകരിച്ചിട്ടുണ്ട്. ജലജന്യരോഗങ്ങൾക്കെതിരെ ആരോഗ്യ ബോധവൽക്കരണത്തിലൂടെ ശുദ്ധമായ കുടിവെള്ളത്തിന്റെ ഉപയോഗം, വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ ഉറപ്പാക്കാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

തിളപ്പിച്ചാറിയ വെള്ളത്തിന്റെ ഉപയോഗം, ജലസ്രോതസ്സുകളിൽ ക്ലോറിനേഷൻ, ആഹാരത്തിന് മുമ്പും ടോയ്‌ലെറ്റ് ഉപയോഗത്തിന് ശേഷവും

കൈകൾ വൃത്തിയാക്കുക തുടങ്ങിയ ബോധവൽക്കരണം ആരോഗ്യ പ്രവർത്തകർ നടത്തിവരുന്നു. മെഡിക്കൽ കോളേജുകളിൽ കുടിവെള്ളത്തിലൂടെ പകരുന്ന സാംക്രമിക രോഗങ്ങളുടെ വ്യാപനം തടയുന്നതിന് RPEID Cell മുഖേന സൂക്ഷ്മനിരീക്ഷണവും അതിന്റെ റിപ്പോർട്ടിംഗും രോഗനിർണ്ണയം, രോഗചികിത്സ എന്നിവയ്ക്കുള്ള സംവിധാനവും പൊതുജനങ്ങൾക്കും ആരോഗ്യപ്രവർത്തകർക്കുമുള്ള ബോധവൽക്കരണ പരിപാടികളും പരിസര ശുചീകരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള ട്രെയിനിംഗ് സെന്ററുകളുടെ നേതൃത്വത്തിൽ ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വാർഡുതല സാനിറ്റേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഗൃഹസന്ദർശനം, സൂക്ഷ്മ നിരീക്ഷണം, ആരോഗ്യ ബോധവൽക്കരണം, കിണറുകളുടെ ക്ലോറിനേഷൻ എന്നിവ നടത്തിവരുന്നു.

കുടിവെള്ളത്തിലും ശീതളപാനീയങ്ങളിലും ഗുണമേന്മയുള്ള ഐസ് ആണ് ഉപയോഗിക്കുന്നതെന്നത് പരിശോധനാ സമയങ്ങളിൽ ഉറപ്പാക്കുന്നുണ്ട്. ജലജന്യരോഗങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾതന്നെ രോഗം പടർന്നുപിടിക്കുന്നത് തടയാനായി Outbreak Investigation നടത്താൻ ആരോഗ്യവകുപ്പ് സജ്ജമാണ്.

കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന എല്ലാ പബ്ലിക് ഹെൽത്ത് ലാബുകളിലും മെഡിക്കൽ കോളേജിലെ മൈക്രോബയോളജി ലാബുകളിലും വാട്ടർ അതോറിറ്റിയുടെ ലാബുകളിലും ലഭ്യമാണ്. ആരോഗ്യ ജാഗ്രതാ കലണ്ടറനുസരിച്ചും നിശ്ചിത ഇടവേളകളിലും ഹെൽത്തി കേരള പരിപാടിയുടെ ഭാഗമായും കുടിവെള്ള സ്രോതസ്സുകളിൽ ക്ലോറിനേഷൻ/ സൂപ്പർ ക്ലോറിനേഷൻ നടത്തിവരുന്നു. കൂടാതെ ശേഖരിച്ച് വച്ചിരിക്കുന്ന കുടിവെള്ളം അണുവിമുക്തമാക്കുന്നതിനായി ക്ലോറിൻ ഗുളികകൾ വിതരണം ചെയ്യുന്നു. ബ്ലീച്ചിങ് പൗഡർ, ക്ലോറിൻ ഗുളികകൾ, പരിശോധനാ കിറ്റ് എന്നിവയുടെ ലഭ്യത എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഉറപ്പുവരുത്തിയിട്ടുണ്ട്. പോസ്റ്ററുകൾ, ജലജന്യരോഗങ്ങളെക്കുറിച്ചും അവയുടെ പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചുമുള്ള കൈപ്പുസ്തകം എന്നിവ എല്ലാ ആരോഗ്യ പ്രവർത്തകർക്കും അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജലജന്യരോഗങ്ങൾ പ്രതിരോധിക്കുന്നതിനുള്ള ബോധവത്കരണം ശക്തിപ്പെടുത്തുന്നതോടൊപ്പം ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും ആരോഗ്യ പ്രവർത്തകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കോതമംഗലം താലൂക്കിൽ ക്യാൻസർ രോഗികളുടെ വർദ്ധനവ്**

188(5788) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിൽ ക്യാൻസർ രോഗികളുടെ എണ്ണം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആരോഗ്യ സംഘത്തെ നിയോഗിച്ച് പഠനം നടത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കുമോ?

കോതമംഗലം താലൂക്കിൽ മാത്രമായി ഈ വിഷയത്തിൽ പഠനങ്ങളൊന്നും നടത്തിയിട്ടില്ല. നവകേരളം കർമ്മപദ്ധതി ആർദ്രം മിഷൻ-2 ന്റെ ഭാഗമായി "അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്" എന്ന ക്യാമ്പയിനിലൂടെ ജീവിതശൈലീ രോഗപരിശോധന ആശാ പ്രവർത്തകർ മുഖേന 'ശൈലി' ആപ്പ് വഴി നടത്തിവരുന്നുണ്ട്. ക്യാൻസർ ഉൾപ്പടെയുള്ള രോഗങ്ങളുടെ വിവരശേഖരണം ഇതിന്റെ ഭാഗമായി നടത്തുന്നുണ്ട്.

## സംസ്ഥാനത്ത് '108' ആംബുലൻസ് നടത്തുന്ന സേവനങ്ങൾ

189(5789) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് '108' ആംബുലൻസ് നടത്തുന്ന സേവനങ്ങൾ വിലയിരുത്താറുണ്ടോ; വ്യക്തമാക്കുമോ?

വിലയിരുത്താറുണ്ട്. സംസ്ഥാനത്ത് ആഗ്രഗേറ്റർ മോഡൽ ആംബുലൻസ് സർവീസ് നടത്തുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന GVK-EMRI എന്ന കമ്പനിക്ക് ടെണ്ടർ നൽകി പ്രസ്തുത കമ്പനി ടെണ്ടർ വ്യവസ്ഥകൾക്കനുസൃതമായി സർവീസ് നടത്തിവരുന്നു. ആംബുലൻസുകളുടെ സേവനമാവശ്യപ്പെട്ട് 108 എന്ന ടോൾഫ്രീ നമ്പറിലേയ്ക്ക് വിളിച്ചാൽ നഗരപ്രദേശങ്ങളിൽ 15 മിനിറ്റുകൾക്കുള്ളിലും ദുർഘട പ്രദേശങ്ങളിൽ (വയനാട്, ഇടുക്കി ജില്ലകൾ) 30 മിനിറ്റുകൾക്കുള്ളിലും ഗ്രാമപ്രദേശങ്ങളിൽ 20 മിനിറ്റുകൾക്കുള്ളിലും സേവനം നൽകണം. ഇത്തരത്തിൽ സേവനം നൽകിയില്ലെങ്കിൽ 80 ശതമാനം സാഹചര്യങ്ങളിലും പ്രസ്തുത കമ്പനി പിഴ ഒടുക്കേണ്ടതാണ്. ഒരു വാഹനം പ്രവർത്തനക്ഷമമല്ലെങ്കിൽ പകരം മറ്റൊരു വാഹനം ഏർപ്പാടാക്കേണ്ടതുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത വാഹനങ്ങൾ ഏതൊരു ദിവസവും ഒരു മണിക്കൂറിൽ കൂടുതൽ സർവീസ് മുടക്കുകയാണെങ്കിൽ അതിന് പിഴ ഒടുക്കേണ്ടതുണ്ട്. ഇത്തരത്തിൽ വളരെ കണിശമായ വ്യവസ്ഥകളുൾപ്പെടുത്തിയുള്ള ഒരു സർവീസാണ് കനിവ്-108 ആംബുലൻസ് സർവീസ്. എല്ലാ

ആംബുലൻസുകളും ജി.പി.എസ് സംവിധാനത്തോടുകൂടി പ്രവർത്തിക്കുന്നതാണ്. ഈ വാഹനങ്ങൾക്ക് എപ്പോൾ കോളുകൾ വന്നു, എപ്പോൾ വാഹനം സ്റ്റാർട്ട് ചെയ്തു, എപ്പോൾ സേവനം ആവശ്യപ്പെട്ട സ്ഥലത്തെത്തി, എപ്പോൾ ആശുപത്രിയിലെത്തി, എപ്പോൾ തിരിച്ചെത്തി എന്നിവ സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തുകയും അത് തൽസമയം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ മിറർ സെർവറിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. കൺട്രോൾ റൂമിലേയ്ക്ക് വരുന്ന എല്ലാ കോളുകളും അവിടെ റെക്കോർഡ് ചെയ്തു സൂക്ഷിച്ചുവരുന്നു. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന 24-മണിക്കൂർ സേവനം നടത്തുന്ന 150 വാഹനങ്ങളും 12-മണിക്കൂർ സേവനം നടത്തുന്ന 165 വാഹനങ്ങളുമാണ് കനിവ് 108 വാഹനവ്യൂഹത്തിലുള്ളത്. പ്രസ്തുത വാഹനങ്ങൾ ഒരു രോഗിക്കുള്ള സേവനം പൂർത്തിയാക്കിയാൽ തൽക്ഷണംതന്നെ അതിനെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലുള്ള മിറർ ഡാറ്റ ബേസിൽ ലഭ്യമാണ്. എല്ലാദിവസവും വിവരങ്ങൾ കോർപ്പറേഷൻ പരിശോധിക്കുകയും ഏതെല്ലാം വാഹനങ്ങൾ പ്രവർത്തനരഹിതമായിരുന്നെന്നും മറ്റുമുള്ള വിവരങ്ങൾ സോഫ്റ്റ്‌വെയറിലേയ്ക്ക് അപ്‌ലോഡ് ചെയ്യുകയും ചെയ്യുന്നു. എല്ലാ ജില്ലകളിലും പ്രസ്തുത സർവീസിന്റെ

പ്രവർത്തനങ്ങൾ വിലയിരുത്തുവാനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാതല സമിതികൾ പ്രവർത്തിച്ചുവരുന്നു. ജില്ലാതല സമിതികൾ കൂടുമ്പോൾ അതത് ജില്ലയിലെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ജില്ലയിലേയ്ക്ക് വേണ്ടുന്ന തീരുമാനങ്ങൾ സമിതി കൈക്കൊള്ളുകയും ചെയ്യുന്നു. ഇതുകൂടാതെ ആരോഗ്യവകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു സംസ്ഥാന സമിതിയും നിലവിലുണ്ട്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ത്രൈമാസം പ്രസ്തുത പദ്ധതിയുടെ പ്രവർത്തനത്തെ സംബന്ധിക്കുന്ന വിവരങ്ങൾ സർക്കാരിലേയ്ക്ക് കൈമാറിവരുന്നു.

(ബി) മലപ്പുറം ജില്ലയിൽ '108' ആംബുലൻസ് ജീവനക്കാരുടെ സമയോചിതമായ ഇടപെടൽമൂലം അർദ്ധരാത്രിയിൽ യുവതിയെ അപകടനില തരണം ചെയ്ത് കൃത്യസമയത്ത് ആശുപത്രിയിലെത്തിച്ചതും സുഖപ്രസവം നടന്നതും സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽപ്പെട്ട എത്ര സംഭവങ്ങൾ ഈ സർക്കാർ വന്നതിനുശേഷം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം മലപ്പുറം ജില്ലയിലുൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 20 മെയ് 2021 മുതൽ 9 മാർച്ച് 2023 വരെ ഇത്തരത്തിലുള്ള 11985 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇതിൽ 1369 പേർ മലപ്പുറം ജില്ലയിൽ നിന്നാണ്. സംസ്ഥാനത്ത് ഇതുവരെ ആകെ 75 പ്രസവ കേസുകൾ എടുത്തിട്ടുള്ളതിൽ നാലെണ്ണം മലപ്പുറം ജില്ലയിൽ നിന്നാണ്.

(ഡി) അപകടത്തിലും അത്യാഹിതത്തിലും സ്വന്തം ജീവൻപോലും അവഗണിച്ച് രാത്രിയെന്നോ പകലെന്നോ നോക്കാതെ സേവനം നടത്തുന്ന '108' ആംബുലൻസ് ജീവനക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും സർക്കാർ പ്രത്യേക പരിഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

## ഹോമിയോപ്പതി മെഡിക്കൽ കോളേജുകൾ

190(5790) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ഇപ്പോഴുള്ള ഹോമിയോപ്പതി മെഡിക്കൽ കോളേജുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് സർക്കാർ മേഖലയിൽ തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലായി രണ്ട് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ നിലവിലുണ്ട്.

(ബി) 2021-ൽ എത്രപേർക്ക് ബി.എച്ച്.എം.എസ്.-ന് സർക്കാർ മേഖലയിൽ അഡ്മിഷൻ നൽകിയെന്നും അവരിൽ എത്ര ശതമാനം വിജയിച്ചുവെന്നുമുള്ള കണക്കുകൾ ലഭ്യമാക്കാമോ?

2021-ൽ ബി.എച്ച്.എം.എസ്.-ന് സർക്കാർമേഖലയിൽ 126 വിദ്യാർത്ഥികൾ അഡ്മിഷൻ നേടിയിട്ടുണ്ട്. പരീക്ഷ 2023 മേയ് മാസത്തിൽ നടന്നുകഴിഞ്ഞാൽ മാത്രമേ വിജയ ശതമാനം കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(സി) സംസ്ഥാനത്ത് എയ്ഡഡ്, അൺ എയ്ഡഡ് മേഖലയിൽ എത്ര ഹോമിയോപ്പതി മെഡിക്കൽ കോളേജുകളുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

എയ്ഡഡ് മേഖലയിൽ മൂന്ന് കോളേജുകൾ നിലവിലുണ്ട്.

തിരുവനന്തപുരം -1

കോഴിക്കോട് -1.

കോട്ടയം -1

അൺ എയ്ഡഡ് ഹോമിയോ മെഡിക്കൽ കോളേജുകളില്ല.

(ഡി) 2021-ൽ എയ്ഡഡ്, അൺ എയ്ഡഡ് മേഖലയിൽ എത്ര കുട്ടികൾ ബി.എച്ച്.എം.എസ്. വിജയിച്ചിട്ടുണ്ടെന്ന് മേഖല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

എയ്ഡഡ് (ഫൈനൽ ബി.എച്ച്.എം.എസ്)- എറണാകുളം-30, കോട്ടയം - 45, തിരുവനന്തപുരം - 74 (സപ്ലിമെന്ററി ഉൾപ്പെടെ)

അൺ എയ്ഡഡ് - ഇല്ല

(ഇ) സംസ്ഥാനത്തെ ആശുപത്രികളിൽ സ്ഥിരം/കരാർ/താത്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഹോമിയോപ്പതി ഡോക്ടർമാരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ആയുഷ് വകുപ്പിനുകീഴിലുള്ള ആശുപത്രികളിൽ സ്ഥിരം/കരാർ/ താൽകാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഹോമിയോപ്പതി ഡോക്ടർമാരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

## കോഴിക്കോട് മെഡിക്കൽ കോളേജിലെ പോസ്റ്റ്മോർട്ടം യൂണിറ്റ് കെട്ടിടം നിർമ്മാണം

191(5792) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയിൽ പോസ്റ്റ്മോർട്ടം യൂണിറ്റ് കെട്ടിടം (ഫേസ് I) നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടനിർമ്മാണത്തിന്റെ രൂപരേഖയ്ക്കുള്ള അനുമതി പൊതുമരാമത്ത് ഡിസൈൻ വിംഗിൽനിന്നും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണപ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

(എ-സി) കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയിൽ പോസ്റ്റ്മോർട്ടം യൂണിറ്റ് കെട്ടിടം (ഫേസ് 1) എന്നൊരു പ്രവൃത്തി നിലവിലില്ല. എന്നാൽ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ അനുബന്ധ സ്ഥാപനമായ മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ പോസ്റ്റ്പാർട്ടം യൂണിറ്റ് (ഫേസ് 1) പ്രവൃത്തി പി.ഡബ്ല്യൂ.ഡി മുഖാന്തരം ടെണ്ടർ ചെയ്ത് പ്രവൃത്തിയാരംഭിച്ചിട്ടുണ്ട്.

**ഐക്കോൺസിലെ ബയോകെമിസ്റ്റ് തസ്തിക**

192(5794)<u>ഡോ. എം. കെ. മുനീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ പി3/283/2019/എച്ച്. & എഫ്.ഡബ്ല്യു.ഡി. ഫയലിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

ഐക്കോൺസിലെ സ്ഥിരം ജീവനക്കാരുടെ 10, 11 ശമ്പള പരിഷ്കരണം പി3/283/2019/എച്ച്.&എഫ്.ഡബ്ല്യു.ഡി. എന്ന ഫയലിൽ പരിശോധിക്കുകയും 22-01-2023-ലെ സ.ഉ(കൈ)നം.10/2023/ആ.കു.വ ഉത്തരവുപ്രകാരം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആൻഡ് കൊഗ്നിറ്റീവ് ന്യൂറോ സയൻസസ് (ഐക്കോൺസ്)-ലെ ബയോകെമിസ്റ്റ് തസ്തിക സാധൂകരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**ആലുവ ജില്ല ആശുപത്രിയിലാവശ്യമായ തസ്തികകൾ**

193(5795)<u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ ജില്ല ആശുപത്രിയിലാവശ്യമായ തസ്തികകൾ അനുവദിക്കണമെന്നാവശ്യപ്പെട്ടുള്ള 17-03-2022-ലെ നിവേദനത്തിൽ (ഇ-6011565/22/എം (എച്ച്, ഡബ്ള്യു &സി.ഡി.), 1247/22/Repl./Min (എച്ച്,

ഡബ്ള്യൂ&സി.ഡി.) ആരോഗ്യ വകുപ്പ് ഡയറക്ടർ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വിഷയത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ നാളിതുവരെ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

ആലുവ ജില്ലാ ആശുപത്രിയിലാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ആയത് പരിശോധിച്ചുവരുന്നു.

പ്രസ്തുത വിഷയത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ നാളിതുവരെ നടത്തിയ കത്തുകൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ആശുപത്രിക്ക് ജില്ല ആശുപത്രിയുടെ നിലവാരത്തിലുള്ള സ്റ്റാഫ് പാറ്റേൺ അനുവദിക്കുന്നതിന് നിലവിലെ തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ആശുപത്രിയിലാവശ്യമായ സ്റ്റാഫ് പാറ്റേൺ പ്രകാരം ജീവനക്കാരെ അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

22-04-2017-ലെ സ.ഉ (സാധാ) നം.58/2017/ആ.കു.വ പ്രകാരം ആർദ്രം മാനദണ്ഡമനുസരിച്ച് താലൂക്കുതല ആശുപത്രികളുടെ പട്ടികയിലാണ് ആലുവ ജില്ലാ ആശുപത്രി ഉൾപ്പെട്ടിട്ടുള്ളത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ വിഷയം സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പരിഗണനയിലാണുള്ളതെന്ന് വ്യക്തമാക്കുമോ; ഫയലിൽ തീർപ്പുണ്ടാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; പ്രസ്തുത വിഷയം സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ആലുവ ജില്ലാ ആശുപത്രിയിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

## സ്റ്റാഫ് നഴ്സ് തസ്തികയിൽ കരാർ നിയമനം

194(5796)ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ തിരുവനന്തപുരം കോർപ്പറേഷനുകീഴിലെ ഹെൽത്ത് സെന്ററുകളിൽ അറുപത്തിയാറ് നഴ്സ് തസ്തികകളിൽ കരാർ നിയമനം നടത്താനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സ്റ്റാഫ് നഴ്സ് തസ്തികയുടെ റാങ്ക് ലിസ്റ്റിലുൾപ്പെട്ട അർഹരായ ഉദ്യോഗാർത്ഥികളുടെ അവസരം നിഷേധിക്കുന്ന പ്രസ്തുത നടപടി റദ്ദാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) പി.എസ്.സി വഴി നിയമനം നിഷ്കർഷിക്കുന്ന ആരോഗ്യ വകുപ്പിലെ സ്റ്റാഫ് നഴ്സ് തസ്തികകളിലൊന്നുംതന്നെ കരാറടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടില്ല.

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റ്**

195(5797)<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II, സ്റ്റാഫ് നഴ്സ് ഗ്രേഡ് -I, ഹെഡ് നഴ്സ്, നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-II, നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-I, നഴ്സിംഗ് ഓഫീസർ തസ്തികകളിൽ 2026 ജനവരി 31-നുള്ളിൽ റിട്ടയർ ചെയ്യുന്നവരുടെ എണ്ണം വ്യക്തമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II, സ്റ്റാഫ് നഴ്സ് ഗ്രേഡ് -I, ഹെഡ് നഴ്സ്, നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-II, നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-I, നഴ്സിംഗ് ഓഫീസർ എന്നീ തസ്തികകൾ 10-06-2022-ലെ സ.ഉ (കൈ) നം.112/2022/ ആ.കു.വ പ്രകാരം യഥാക്രമം നഴ്സിംഗ് ഓഫീസർ, നഴ്സിംഗ്

ഓഫീസർ ഗ്രേഡ്-1, സീനിയർ നഴ്സിംഗ് ഓഫീസർ, ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട്, നഴ്സിംഗ് സൂപ്രണ്ട്, ചീഫ് നഴ്സിംഗ് ഓഫീസർ എന്നിങ്ങനെ പുനർനാമകരണം ചെയ്തിട്ടുണ്ട്. ടി തസ്തികകളിൽ 2026 ജനവരി 31-നുള്ളിൽ റിട്ടയർ ചെയ്യുന്നവരുടെ എണ്ണം താഴെ കുറിക്കുന്നു.

| **തസ്തിക** | **എണ്ണം** |
|---|---|
| നഴ്സിംഗ് ഓഫീസർ | 0 |
| നഴ്സിംഗ് ഓഫീസർ ഗ്രേഡ്-1 | 15 |
| സീനിയർ നഴ്സിംഗ് ഓഫീസർ | 96 |
| ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് | 26 |
| നഴ്സിംഗ് സൂപ്രണ്ട് | 26 |
| ചീഫ് നഴ്സിംഗ് ഓഫീസർ | 6 |
| **ആകെ** | **169** |

(ബി) മേൽ സൂചിപ്പിച്ച തസ്തികകളിൽ നിലവിൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുള്ളവരുടെയും 2026 ജനവരി 31-നുള്ളിൽ ശൂന്യവേതനാവധി കാലാവധി പൂർത്തിയാക്കി തിരികെ ജോലിയിൽ പ്രവേശിക്കേണ്ടവരുടേയും എണ്ണം അറിയിക്കാമോ?

മേൽ സൂചിപ്പിച്ച തസ്തികകളിൽ നിലവിൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുള്ളവരുടെ എണ്ണം താഴെ കുറിക്കുന്നു.

| **തസ്തിക** | **എണ്ണം** |
|---|---|
| സ്റ്റാഫ് നഴ്സ് ഗ്രേഡ് -II & ഗ്രേഡ് I | 356 |
| ഹെഡ് നഴ്സ് | 8 |
| **ആകെ** | **364** |

2026 ജനുവരി 31-നുള്ളിൽ ശൂന്യവേതനാവധി കാലാവധി പൂർത്തിയാക്കി തിരികെ ജോലിയിൽ പ്രവേശിക്കേണ്ടവരുടെ എണ്ണം താഴെ കുറിക്കുന്നു.

| **തസ്തിക** | **എണ്ണം** |
|---|---|
| സ്റ്റാഫ് നഴ്സ് ഗ്രേഡ്-II & ഗ്രേഡ് I | 217 |
| ഹെഡ് നഴ്സ് | 2 |
| **ആകെ** | **219** |

(സി) ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷനുകീഴിൽ മേൽ സൂചിപ്പിച്ച തസ്തികകളിൽ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റ് ലഭ്യമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II, സ്റ്റാഫ് നഴ്സ് ഗ്രേഡ് -I, ഹെഡ് നഴ്സ്, നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-II, നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-I, നഴ്സിംഗ് ഓഫീസർ എന്നീ തസ്തികകളിലെ സീനിയോറിറ്റി ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.+

## ആരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

196(5798) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളിൽ വേണ്ടത്ര ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ എല്ലാ ആശുപത്രികളിലും ആവശ്യത്തിന് ഡോക്ടർമാരുടെ സേവനമുറപ്പാക്കുന്ന രീതിയിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആരോഗ്യസ്ഥാപനങ്ങളിൽ ഡോക്ടർമാരുടെ അനുവദനീയമായ തസ്തികകളിലുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി മുഖാന്തരവും പ്രൊമോഷൻ മുഖാന്തരവും നികത്തുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിനുകീഴിലുള്ള ആശുപത്രികളിൽ എത്ര താല്ക്കാലിക ഡോക്ടർമാർ സേവനമനുഷ്ഠിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചും തസ്തിക തിരിച്ചും വിശദമാക്കുമോ?

| ക്രമ.നം | ജില്ല | റിമാർക്ക്സ് |
|---|---|---|
| 1 | തിരുവനന്തപുരം | 56 അസിസ്റ്റന്റ് സർജൻ |
| 2 | കൊല്ലം | 5 അസിസ്റ്റന്റ് സർജൻ/ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ |

| | | |
|---|---|---|
| 3 | പത്തനംതിട്ട | 13 അസിസ്റ്റന്റ് സർജൻ |
| 4 | കോട്ടയം | 5 (കൺസൾട്ടന്റ് - 3, അസിസ്റ്റന്റ് സർജൻ - 2) |
| 5 | ഇടുക്കി | 14 (ജൂനിയർ കൺസൾട്ടന്റ് - 3, അസിസ്റ്റന്റ് സർജൻ - 11) |
| 6 | ആലപ്പുഴ | 45 (സിവിൽ സർജൻ- 1, അസിസ്റ്റന്റ് സർജൻ– 33, കൺസൾട്ടന്റ്/സീനിയർ കൺസൾട്ടന്റ് - 10, ഡെന്റൽ സർജൻ - 1) |
| 7 | എറണാകുളം | 56 അസിസ്റ്റന്റ് സർജൻ |
| 8 | തൃശ്ശൂർ | 72 അസിസ്റ്റന്റ് സർജൻ |
| 9 | മലപ്പുറം | 8 (സീനിയർ കൺസൾട്ടന്റ് - 1, കൺസൾട്ടന്റ് - 2, ജൂനിയർ കൺസൾട്ടന്റ് - 1, അസിസ്റ്റന്റ് സർജൻ/കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - 4) |
| 10 | പാലക്കാട് | 19 അസിസ്റ്റന്റ് സർജൻ |
| 11 | വയനാട് | 17 (കൺസൾട്ടന്റ് - 9, ജൂനിയർ കൺസൾട്ടന്റ് - 3, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ – 1, സിവിൽ സർജൻ/ അസിസ്റ്റന്റ് സർജൻ - 4) |
| 12 | കോഴിക്കോട് | 1 അസിസ്റ്റന്റ് സർജൻ |
| 13 | കണ്ണൂർ | 30 (അസിസ്റ്റന്റ് സർജൻ – 19, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ – 1, കൺസൾട്ടന്റ് - 10) |
| 14 | കാസർഗോഡ് | 15 അസിസ്റ്റന്റ് സർജൻ |
| **ആകെ** | | **356** |

(സി) സ്ഥിരനിയമനത്തിനായി റാങ്ക് ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള ഡോക്ടർമാർക്ക് അവസരം നിഷേധിച്ചുകൊണ്ട് താല്ക്കാലിക നിയമനം

നടത്തുന്ന രീതി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് സർജൻ, അസിസ്റ്റന്റ് ദന്തൽ സർജൻ എന്നീ വിഭാഗങ്ങളിൽപ്പെട്ട മെഡിക്കൽ ഓഫീസർമാരുടെ അനുവദനീയ തസ്തികകളിലേയ്ക്കാണ് (Sanctioned Post) പി.എസ്.സി മുഖാന്തരം നിയമനം നടത്തിവരുന്നത്. പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതനുസരിച്ച് ലഭ്യമായ നിയമനശിപാർശകളിൽ എല്ലാംതന്നെ നിലവിൽ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള ഡോക്ടർമാർക്ക് അവസരം നിഷേധിക്കുന്ന സ്ഥിതി നിലവിലില്ല.

## എച്ച്.എം.സി. മുഖേനയുള്ള നിയമനങ്ങൾ

197(5799) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി (എച്ച്.എം.സി.) മുഖേന ഏതൊക്കെ തസ്തികകളിലേയ്ക്കാണ് നിയമനം നടത്തുവാൻ കഴിയുകയെന്നും ഇത്തരം നിയമനങ്ങൾ നടത്തുമ്പോൾ പാലിച്ചിരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

എച്ച്.എം.സി-ക്ക് അതിൽ നിക്ഷിപ്തമായ ചുമതലകൾ ശരിയായ വിധത്തിൽ നിർവഹിക്കാനും രോഗികൾക്കും പൊതുജനങ്ങൾക്കും മെച്ചമായ സേവനം ലഭ്യമാക്കുവാനും നിലവിൽ ലഭ്യമായ സ്ഥിരജീവനക്കാരുടെയും എൻ.എച്ച്.എം ജീവനക്കാരുടെയും തസ്തികകൾ കൊണ്ട് മാത്രം കഴിയാത്ത സാഹചര്യത്തിൽ അത്യാവശ്യമുള്ള മേൽപ്പറഞ്ഞ സേവനങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ ജീവനക്കാരെ കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങൾ 2010-ലെ 6-ാം ചട്ടം (2-ാം ഉപചട്ടത്തിൽ) പരാമർശിക്കുന്ന (I), (II) ഒഴികെയുള്ള ഇനങ്ങളിലെ വരുമാനത്തിന്റെ ലഭ്യതയ്ക്കും സർക്കാരിന്റെ മാർഗ്ഗനിർദേശങ്ങൾക്കും പഞ്ചായത്തിന്റെ മുൻകൂർ അനുമതിക്കുംവിധേയമായി കരാറടിസ്ഥാനത്തിൽ ജീവനക്കാരെ താൽകാലികമായി നിയമിക്കാവുന്നതാണ്.

(ബി) ആശുപത്രികളിൽ സർക്കാർ അനുവദിച്ചിട്ടുള്ള നിലവിലെ തസ്തികകളിലേയ്ക്ക് എച്ച്.എം.സി. മുഖേന നിയമനം നടത്തുവാൻ കഴിയുമോയെന്ന് അറിയിക്കാമോ?

ഇല്ല.

(സി) ആശുപത്രിയിൽ സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്ത തസ്തികകളിലേയ്ക്ക് നിയമനം നടത്തുമ്പോൾ എച്ച്.എം.സി.-യും ആശുപത്രി അധികൃതരും പാലിച്ചിരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും പഞ്ചായത്തിന്റെ മുൻകൂർ അനുമതിക്കുംവിധേയമായി വരുമാന ലഭ്യത ഉറപ്പുവരുത്തി കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങൾ 2010-ലെ 6-ാം ചട്ടം (2-ാം ഉപചട്ടത്തിൽ) പരാമർശിക്കുന്ന (I), (II) ഒഴിച്ചുള്ള ഇനങ്ങളിലെ വാർഷികവരുമാനത്തിൽ 60 ശതമാനത്തിൽ കവിയാത്ത തുകയ്ക്കുമാത്രമുള്ള നിയമനങ്ങളെ നടത്താവൂ. കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കുന്നത് സുതാര്യമായ രീതിയിലും ഉദ്യോഗാർത്ഥിയിൽ നിന്ന് അപേക്ഷ ക്ഷണിച്ചുകൊണ്ട് Hospital Management Committee ഏർപ്പെടുത്തുന്ന ഒരു Selection Committee അപേക്ഷകരുടെ യോഗ്യതാ നിർണ്ണയം നടത്തിയതിനുശേഷവും തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥിയുടെ ലിസ്റ്റിന് പഞ്ചായത്തിന്റെ അംഗീകാരം വാങ്ങിയതിനുശേഷവും ആയിരിക്കേണ്ടതാണ്.

(ഡി) എച്ച്.എം.സി. മുഖേന നിയമിക്കപ്പെടുന്ന ജീവനക്കാരുമായി ആശുപത്രി അധികൃതർ കരാറിലോ ബോണ്ടുകളിലോ ഇതര ഉടമ്പടികളിലോ

ഏർപ്പെടണമെന്ന് ചട്ടങ്ങൾ നിഷ്കർഷിക്കുന്നുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. താൽകാലിക ജീവനക്കാരെ നിയമിച്ചുകൊണ്ടുള്ള ഉത്തരവിനുപുറമെ താൽകാലികമായി ജോലിക്ക് നിയോഗിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവർക്ക് സ്ഥിരനിയമനത്തിന് യാതൊരു അർഹതയുമുണ്ടായിരിക്കുന്നതല്ലെന്ന് കാണിക്കുന്ന കരാറിൽ ആശുപത്രി അധികൃതരും ജോലിക്ക് നിയോഗിക്കപ്പെട്ട വ്യക്തിയും ഏർപ്പെടേണ്ടതാണ്.

(ഇ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ എച്ച്.എം.സി. മുഖേന നടത്തിയിട്ടുള്ള നിയമനങ്ങൾ ചട്ടങ്ങളും നിയമങ്ങളും പാലിച്ചുള്ളവയാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ മുഴുവൻ സർക്കാർ ആശുപത്രികളിലും എച്ച്.എം.സി. മുഖേന നടത്തുന്ന എല്ലാ നിയമനങ്ങളും ചട്ടങ്ങളും നിയമങ്ങളും പാലിച്ചുകൊണ്ടായിരിക്കണമെന്നും ആയത് ഉറപ്പാക്കണമെന്നും നിർദേശം നൽകിയിട്ടുണ്ട്. ആയത് ഉറപ്പാക്കിവരുന്നു.

(എഫ്) സംസ്ഥാനത്തെ ആശുപത്രികളിൽ എച്ച്.എം.സി. മുഖേന നടത്തിയിട്ടുള്ള നിയമനങ്ങളിൽ ബന്ധുനിയമനങ്ങളോ അനധികൃത

താൽക്കാലിക നിയമനങ്ങളോ നടത്തിയിട്ടുണ്ടോയെന്നുള്ള വിഷയത്തിൽ അന്വേഷണം നടത്തുമോയെന്ന് വ്യക്തമാക്കുമോ?

ഏതെങ്കിലും സ്ഥാപനത്തിൽ ഇപ്രകാരമല്ലാത്ത നിയമനങ്ങളുമായി ബന്ധപ്പെട്ട പരാതി ലഭിക്കുന്നപക്ഷം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ഒഴിവുകൾ**

198(5800) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ 2024 ഡിസംബർ 31 വരെയുള്ള പ്രതീക്ഷിത ഒഴിവുകളുടെ എണ്ണം വിശദമാക്കാമോ?

ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ 2023 കലണ്ടർ വർഷത്തിൽ 58 ഒഴിവുകൾ പി.എസ്.സി - ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2024 കലണ്ടർ വർഷത്തിൽ 135 ഒഴിവുകൾ പ്രതീക്ഷിക്കുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ 2024 ഡിസംബർ 31 വരെയുള്ള പ്രതീക്ഷിത ഒഴിവുകൾ 19 എണ്ണമാണ്.

**വടകര ജില്ല ആശുപത്രിയിലെ ഡയാലിസിസ് സെന്റർ**

199(5801) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര ജില്ല ആശുപത്രി വളപ്പിനുള്ളിൽ ഒരു ട്രസ്റ്റിനുകീഴിലുള്ള ധന്വന്തരി ഡയാലിസിസ് സെന്റർ എന്ന സ്ഥാപനം പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഈ ട്രസ്റ്റിന്റെ ഭാരവാഹികളുടെയും അംഗങ്ങളുടെയും പേരുവിവരം ലഭ്യമാക്കുമോ; ട്രസ്റ്റിൽ ലൈഫ് ടൈം അംഗത്വമുള്ളവർ ആരൊക്കെയാണെന്ന് അറിയിക്കുമോ; പ്രസ്തുത ട്രസ്റ്റ് ആശുപത്രി അധികൃതരുമായോ സർക്കാരുമായോ കരാറുകളിലോ ഉടമ്പടികളിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെയും ട്രസ്റ്റിന്റെ ബൈലോയുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

ധന്വന്തരി ഡയാലിസിസ് നിധി ട്രസ്റ്റ് ബോർഡ് മെമ്പേഴ്സിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

അമെന്റ്മെന്റ് ചെയ്ത പുതിയ ബൈലാ പ്രകാരം നിലവിൽ ധന്വന്തരി ഡയാലിസിസ് നിധിക്ക് ലൈഫ് ടൈം മെമ്പർമാരില്ല. സർക്കാരുമായി ധന്വന്തരി ഡയാലിസിസ് നിധി കരാറിലേർപ്പെട്ടിട്ടില്ല.

ബൈലായുടെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.+

(സി) ധന്വന്തരി ഡയാലിസിസ് സെന്ററിന്റെ കെട്ടിടനിർമ്മാണം, ഉപകരണങ്ങൾ വാങ്ങൽ തുടങ്ങിയ ആവശ്യങ്ങൾക്കായി ട്രസ്റ്റ് ചെലവഴിച്ച തുക സ്വരൂപിച്ചത് ആരിൽ നിന്നൊക്കെയാണെന്നും ആകെ എത്രരൂപയാണ് ഇപ്രകാരം സ്വരൂപിച്ചതെന്നും ഇതിൽ എത്ര രൂപയാണ് പ്രസ്തുത സ്ഥാപനത്തിനായി ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച് സർക്കാർ ആഡിറ്റ് നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

2,87,26,204/- രൂപയും 3 ഡയാലിസിസ് മെഷീനുമാണ് സ്വരൂപിച്ചത്. ഇതിന്റെ റെസീപ്റ്റ് ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ട്. 2,50,00,000/- രൂപ സ്ഥിരനിക്ഷേപമായും 20,69,498/- രൂപ തുടർന്ന് വരുന്ന ദൈനംദിന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനങ്ങൾക്കായും ഇൻഡ്യൻ ബാങ്ക് വടകര ബ്രാഞ്ചിൽ സൂക്ഷിച്ചിട്ടുണ്ട്. 16,21,647/- രൂപ പ്രാരംഭ പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിച്ചിട്ടുണ്ട്. 35,059/- രൂപ സ്ഥിരം അഡ്വാൻസായി ആരംഭസമയത്ത് മാറ്റിവച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സർക്കാരിന്റെ ആഡിറ്റ് വിഭാഗം പരിശോധന നടത്തിയിട്ടില്ല.

(ഡി) സർക്കാർ ഭൂമിയിൽ ട്രസ്റ്റിനുകീഴിലുള്ള സ്ഥാപനത്തിന് കെട്ടിടം നിർമ്മിക്കുന്നതിനും പ്രവർത്തിക്കുന്നതിനും ഏതൊക്കെ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; വകുപ്പിനുകീഴിലുള്ള മറ്റ് സ്ഥാപനങ്ങളിൽ സമാനരീതിയിൽ ട്രസ്റ്റുകൾക്ക് പ്രവർത്തനാനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ?

വടകര ജില്ലാ ആശുപത്രിയുടെ ആസ്തികളുടെ പരിപാലന ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനമായ കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമാണ്. ആശുപത്രിയുടെ കീഴിലുള്ള ധന്വന്തരി ഡയാലിസിസ് സെന്ററിന്റെ കെട്ടിടനിർമ്മാണം കോഴിക്കോട് ജില്ലാ പഞ്ചായത്താണ് നടത്തിയിട്ടുള്ളത്. കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 22-03-2014-ലെ 17/14(3)(11) നമ്പർ തീരുമാനത്തിന്റെ

പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ സമാനമായ പ്രൊപ്പോസലുകൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണഘട്ടങ്ങളിലോ പ്രവർത്തനത്തിലോ സർക്കാരിൽനിന്നും ഫണ്ട്, ഉപകരണങ്ങൾ, ജീവനക്കാരുടെ സേവനം എന്നിവ നൽകിയിട്ടുണ്ടോ; എങ്കിൽ അവയുമായി ബന്ധപ്പെട്ട അനുമതികളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ആശുപത്രിയുടെ ഭൂമിയിൽ ജില്ലാ പഞ്ചായത്തിന്റെ രണ്ടു കോടി എൺപത് ലക്ഷം രൂപ ഉപയോഗിച്ച് പുതിയ കെട്ടിടം പണിയുകയും പി.എം.ജെ.വി.കെ.-യുടെ 2 കോടി പതിനൊന്ന് ലക്ഷത്തി എഴുപത്തി എട്ടായിരം രൂപ ഉപയോഗിച്ച് 40 ഡയാലിസിസ് മെഷീനുകളും കൂടാതെ 15 ലക്ഷം രൂപ എൻ.എച്ച്.എം.-ൽനിന്നും ഒരു ലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി അഞ്ഞൂറ്റി അൻപത് രൂപയ്ക്ക് മൂന്നു മെഷീനുകൾ ഡി.ഡി.എൻ. ഫണ്ടുപയോഗിച്ചും വാങ്ങിയിട്ടുണ്ട്. ഇത്രയും ഫണ്ടുകളുപയോഗിച്ചാണ് ഡയാലിസിസ് സെന്റർ ആരംഭിച്ച് പ്രവർത്തനം നടന്നുവരുന്നത്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ 30-04-2014-ലെ എം.എച്ച്.3 32022/14/ആ.വ.ഡ നമ്പർ ഉത്തരവുപ്രകാരം ആശുപത്രി മാനേജ്മെന്റ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്മിറ്റിക്കുകീഴിൽ കൺവീനറായി ആശുപത്രി സൂപ്രണ്ടിനെയും ട്രഷററായി ലാ സെക്രട്ടറിയെയും കോ-ഓർഡിനേറ്ററായി മെഡിക്കൽ വിഭാഗം തലവനെയുമുൾപ്പെടുത്തിയാണ് ധന്വന്തരി ഡയാലിസിസ് ട്രസ്റ്റ് നടത്തിവരുന്നത്. അവയുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

(എഫ്) ഈ സ്ഥാപനത്തിലേയ്ക്കുള്ള ജീവനക്കാരുടെ നിയമനം, ശമ്പള വിതരണം, ഭരണപരമായ മറ്റ് നടപടികൾ എന്നിവ ട്രസ്റ്റ് നേരിട്ടാണോ കൈകാര്യം ചെയ്യുന്നതെന്ന് അറിയിക്കുമോ; ഇതിൽ ആശുപത്രി അധികൃതർക്കും എച്ച്.എം.സി.കൾക്കുമുള്ള അധികാരം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ചേർന്നാണ് ജീവനക്കാരുടെ നിയമനം നടത്തുന്നത്. ഈ ഡയാലിസിസ് സെന്ററിൽ ജോലി ചെയ്യുന്ന 28 ജീവനക്കാരിൽ 11 പേരുടെ വേതനം ഈ നിധിയിൽ നിന്നാണ് നൽകി വരുന്നത്. ബാക്കി തുക കാസ്പിൽ നിന്നുമാണ് നൽകുന്നത്. ട്രസ്റ്റിന്റെ അധികാരങ്ങൾ വ്യക്തമാക്കുന്ന ബൈലാ അനുബന്ധമായി ചേർക്കുന്നു.+

(ജി) സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ ആശുപത്രി അധികൃതർക്കും എച്ച്.എം.സി.ക്കും എന്തൊക്കെ നിയന്ത്രണങ്ങളാണുള്ളതെന്നും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപനത്തിന്റെ ഉടമസ്ഥാവകാശം നിലവിൽ ആരിലാണ് നിക്ഷിപ്തമാക്കിയിട്ടുള്ളതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

ഈ ആശുപത്രിയിലെ മെഡിസിൻ വിഭാഗം തലവന്റെ മേൽനോട്ടത്തിലാണ് ഡയാലിസിസും ചികിത്സയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടത്തിവരുന്നത്. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് പ്രസ്തുത ഡയാലിസിസ് സെന്റർ പ്രവർത്തിക്കുന്നത് .

**കോവിഡ് ബ്രിഗേഡിൽ ജോലി ചെയ്തവർക്ക് സർക്കാർ നിയമനങ്ങളിൽ മുൻഗണന**

200(5802) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബ്രിഗേഡിൽ ജോലി ചെയ്തിരുന്ന ആരോഗ്യ പ്രവർത്തകർക്ക് പിന്നീടുള്ള സർക്കാർ നിയമനങ്ങളിൽ മുൻഗണനയുണ്ടാകുമെന്ന കേന്ദ്ര സർക്കാർ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവർത്തകർക്ക് സർക്കാർ നിയമനങ്ങളിൽ മുൻഗണന നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**ഇ-ഹെൽത്ത് പദ്ധതിക്കുവേണ്ടി കമ്പ്യൂട്ടർ വാങ്ങിയ നടപടി**

201(5804) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് കേരള പദ്ധതിക്കുവേണ്ടി ഇ-ഗവേണൻസ് മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ടുപയോഗിച്ച് കമ്പ്യൂട്ടർ ടാബ്‌ലെറ്റുകൾ വാങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ശേഖരിക്കുന്നതിനായി 9500 കമ്പ്യൂട്ടർ ടാബ്‌ലെറ്റുകൾ 'MeiTy' ഇ-ഗവേർണൻസ് പ്രവർത്തനങ്ങൾക്കായി നൽകിയ കേന്ദ്ര ഫണ്ടുപയോഗിച്ച് വാങ്ങിയിട്ടുണ്ട്. ടോട്ടൽ സർവ്വീസ് പ്രൊവൈഡറായ കെൽട്രോൺ മുഖേന ടെണ്ടർ നടപടികൾക്കുവിധേയമായാണ് ടാബ്‌ലെറ്റുകൾ വാങ്ങിയിട്ടുള്ളത്.

(ബി) അപ്രകാരം വാങ്ങിയ കമ്പ്യൂട്ടർ ടാബ്‌ലെറ്റുകളിൽ പകുതിയും ഉപയോഗ്യശൂന്യമാണെന്നത് വസ്തുതയാണോ?

2016-17 കാലയളവിൽ വാങ്ങി വിവിധ ജില്ലകളിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (JHI), ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് (JPHN)

എന്നിവർക്ക് അതത് ജില്ലകളിലെ ജില്ലാ മെഡിക്കൽ ഓഫീസർ (DMO) മുഖാന്തരം വിതരണം ചെയ്തിട്ടുള്ള 9387 ടാബ്‌ലെറ്റുകളുടെ നിലവിലെ സ്ഥിതി ടാബ് ആഡിറ്റ് റിപ്പോർട്ടുപ്രകാരം വിലയിരുത്തിയതിൽ 4455 ടാബ്‌ലെറ്റുകൾ പ്രവർത്തനക്ഷമമായിട്ടുള്ളതാണെന്നും 4404 ടാബ്‌ലെറ്റുകൾ ഹാർഡ്‌വെയർ തകരാറിലായതായും 23 ടാബുകൾ നഷ്ടപ്പെട്ടതായും 372 ടാബ്‌ലെറ്റുകൾക്ക് ഫിസിക്കൽ കേടുപാടുകൾ സംഭവിച്ചതായും കണ്ടെത്തിയിട്ടുണ്ട്. 133 ടാബ്‌ലെറ്റുകളുടെ പ്രവർത്തനക്ഷമത ടാബ് റിപ്പോർട്ടുപ്രകാരം വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. ടി ടാബുകളുടെ നിലവിലെ സ്ഥിതി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാരിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 113 ടാബ്‌ലെറ്റുകൾ പബ്ലിക്ക് ഹെൽത്ത് ഹാൻഡ് ഹോൾഡിംഗ് ട്രെയിനിംഗ്, അടിയന്തരസാഹചര്യങ്ങളിൽ സ്പെയർ, മറ്റ് വിവിധതരം ആരോഗ്യ സർവേ എന്നിവയ്ക്കായി ഇ-ഹെൽത്ത് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ ഉപയോഗിച്ചുവരുന്നു. ടാബ്‌ലെറ്റുകൾ നിശ്ചിത വാറണ്ടി കാലാവധി പൂർത്തിയാക്കിയതിനാലും തുടർ സർവ്വീസ്, ഹാർഡ്‌വെയർ പാർട്ടുകളുടെ ലഭ്യമില്ലായ്മ എന്നീ കാരണങ്ങളാലും നന്നാക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ടി ടാബ്‌ലെറ്റുകളുപയോഗിച്ച് 2.59 കോടി ജനങ്ങളുടെ പ്രാഥമിക

വിവരശേഖരണം നടത്തിയിട്ടുണ്ട്. കേടായ ടാബ്‌ലെറ്റുകളുടെ കാലാവധി 6 വർഷത്തിലധികമാകയാൽ പ്രവർത്തനക്ഷമമാകുന്നത് സാധ്യമല്ലാത്തതിനാലും പകരം പുതിയ ടാബ്‌ലെറ്റുകൾ വാങ്ങുന്നതുമൂലമുള്ള സാമ്പത്തികബാധ്യത കുറയ്ക്കുന്നതിനും BYOD (Bring Your Own Device) മാതൃകയിൽ പൊതുജനാരോഗ്യ വിവരശേഖരണം കാര്യക്ഷമമാക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത കമ്പ്യൂട്ടർ ടാബ്‌ലെറ്റുകൾ വാങ്ങിയ കരാറിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ടോട്ടൽ സർവ്വീസ് പ്രൊവൈഡറായ കെൽട്രോൺ മുഖേന ടെണ്ടർ നടപടികൾക്കുവിധേയമായാണ് Geeta Monitors Pvt Ltd-ൽ നിന്ന് ടാബ്‌ലെറ്റുകൾ വാങ്ങിയിട്ടുള്ളത്. 3 വർഷത്തെ അറ്റകുറ്റപ്പണികൾക്കാണ് ടെണ്ടറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സാധാരണ നിലയിൽ ടാബ്‌ലെറ്റുകൾക്ക് ഒരു വർഷവാറണ്ടിയാണ് കമ്പനികൾ നൽകുന്നത്. എന്നാൽ ഇ-ഹെൽത്തിന് വേണ്ടി മൂന്ന് വർഷ വാറണ്ടിയിലാണ് ടാബ്‌ലെറ്റുകൾ വാങ്ങിയിട്ടുള്ളത്. ടെണ്ടറിന് അനുബന്ധമായി കെൽട്രോണും Geeta Monitors Pvt Ltd-ലും ഏർപ്പെട്ടിട്ടുള്ള കരാറിൽ വിവിധ കരാർ

ലംഘനത്തിന് നഷ്ടപരിഹാരങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. ടെണ്ടറിന്റെ പകർപ്പും കരാറിന്റെ പകർപ്പും അനുബന്ധമായി ചേർക്കുന്നു.+

## '108' ആംബുലൻസ് സേവനത്തിനായി സ്വകാര്യ ആംബുലൻസ് സർവീസുകൾ

202(5805) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്വകാര്യ ആംബുലൻസ് സർവീസുകൾ ഈടാക്കുന്ന കിലോമീറ്റർ നിരക്ക്, കനിവ് '108' ആംബുലൻസ് സർവീസ് നടത്തുന്നതിന് കരാർ നൽകിയിട്ടുള്ള കമ്പനി ഈടാക്കുന്ന കിലോമീറ്റർ നിരക്കിനേക്കാൾ വളരെ കുറവാകയാലും അത് സർക്കാരിന് ഏറെ ലാഭകരമായതിനാലും '108' ആംബുലൻസ് സേവനത്തിനായി സംസ്ഥാനത്തെ സ്വകാര്യ ആംബുലൻസ് സർവീസുകളെക്കൂടി പരിഗണിക്കുന്നത് പരിശോധിക്കുമോ; വിശദാംശം അറിയിക്കാമോ?

സംസ്ഥാനത്ത് ആഗ്രഗേറ്റർ മോഡൽ ആംബുലൻസ് സർവീസ് നടത്തുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന GVK-EMRI എന്ന കമ്പനിക്ക് ടെണ്ടർ നൽകി പ്രസ്തുത കമ്പനി ടെണ്ടർ വ്യവസ്ഥകൾക്കനുസൃതമായി സർവീസ് നടത്തിവരുന്നു. 315 BLS

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആംബുലൻസുകളുമായി പ്രവർത്തിക്കുന്ന പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് ഇന്ധനം, കെട്ടിടവാടക, ജീവനക്കാരുടെ ശമ്പളം, മരുന്നുകൾ തുടങ്ങിയ എല്ലാ ചെലവുകളും കമ്പനി വഹിക്കേണ്ടതാണ്. ആംബുലൻസുകളുടെ സേവനം ആവശ്യപ്പെട്ട് 108 എന്ന ടോൾഫ്രീ നമ്പറിലേയ്ക്ക് വിളിച്ചാൽ നഗരപ്രദേശങ്ങളിൽ 15 മിനിറ്റുകൾക്കുള്ളിലും ദുർഘട പ്രദേശങ്ങളിൽ (വയനാട്, ഇടുക്കി ജില്ലകൾ) 30 മിനിറ്റുകൾക്കുള്ളിലും ഗ്രാമപ്രദേശങ്ങളിൽ 20 മിനിറ്റുകൾക്കുള്ളിലും സേവനം നൽകണം. ഇത്തരത്തിൽ സേവനം നൽകിയില്ലെങ്കിൽ 80 ശതമാനം സാഹചര്യങ്ങളിലും പ്രസ്തുത കമ്പനി പിഴ കൊടുക്കേണ്ടതാണ്. ഒരു വാഹനം പ്രവർത്തനക്ഷമമല്ലെങ്കിൽ പകരം മറ്റൊരു വാഹനം ഏർപ്പാടാക്കേണ്ടതുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത വാഹനങ്ങൾ ഏതൊരു ദിവസവും ഒരു മണിക്കൂറിൽ കൂടുതൽ സർവീസ് മുടക്കുകയാണെങ്കിൽ അതിന് പിഴ ഒടുക്കേണ്ടതുണ്ട്. ഇത്തരത്തിൽ വളരെ കണിശമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയുള്ള ഒരു സർവീസാണ് കനിവ് 108 ആംബുലൻസ് സർവീസ്. എല്ലാ ആംബുലൻസുകളും ജി.പി.എസ് സംവിധാനത്തോടുകൂടി പ്രവർത്തിക്കുന്നതാണ്. ഈ വാഹനങ്ങൾക്ക് എപ്പോൾ കോളുകൾ വന്നു, എപ്പോൾ വാഹനം സ്റ്റാർട്ട് ചെയ്തു, എപ്പോൾ സേവനം ആവശ്യപ്പെട്ട സ്ഥലത്തെത്തി, എപ്പോൾ ആശുപത്രിയിലെത്തി,

എപ്പോൾ തിരിച്ചെത്തി എന്നിവ സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തുകയും അത് തൽസമയം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ മിറർ സർവറിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. കൺട്രോൾ റൂമിലേയ്ക്ക് വരുന്ന എല്ലാ കോളുകളും അവിടെ റെക്കോർഡ് ചെയ്തു സൂക്ഷിച്ചുവരുന്നു. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന 24 മണിക്കൂർ സേവനം നടത്തുന്ന 150 വാഹനങ്ങളും 12 മണിക്കൂർ സേവനം നടത്തുന്ന 165 വാഹനങ്ങളുമാണ് കനിവ് 108 വാഹനവ്യൂഹത്തിലുള്ളത്.

കനിവ് 108 ആംബുലൻസുകൾ കേരളത്തിൽ സൗജന്യമായാണ് പൊതുജനങ്ങൾക്ക് സർവീസ് നടത്തിവരുന്നത്. സ്വകാര്യ ആംബുലൻസുകൾക്ക് പ്രവർത്തിക്കുന്നതിനായി സർക്കാർ നിരക്ക് നിശ്ചയിച്ചിട്ടില്ല. അതിനാൽ പല രീതിയിലുള്ള നിരക്കുകളാണ് ഈടാക്കുന്നത്. സംസ്ഥാനത്തെ ഭൂരിപക്ഷം സ്വകാര്യ ആംബുലൻസുകളും പരിശീലനം ലഭിച്ച നഴ്സിന്റെ സേവനം കൂടാതെയാണ് പ്രവർത്തിച്ചുവരുന്നത്. ഇത്തരത്തിലുള്ള സ്വകാര്യ ആംബുലൻസുകളിൽ ചികിത്സയോ മരുന്നുകളോ കൺട്രോൾ റൂം സേവനങ്ങളോ ലഭ്യമല്ല.

മേൽ കാരണങ്ങളാൽ സ്വകാര്യ ആംബുലൻസുകളെ 'കനിവ് 108' പദ്ധതിയിലുൾപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ചികിത്സാചെലവുകൾ റീ-ഇംപേഴ്സ് ചെയ്യുന്നതിന് നേരിടുന്ന കാലതാമസം

203(5806) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് നിലവിൽ വരുന്നതിനുമുമ്പ് സമർപ്പിച്ച ജീവനക്കാരുടെയും അവരുടെ ആശ്രിതരുടെയും ചികിത്സാചെലവുകൾ റീ-ഇംപേഴ്സ് ചെയ്യുന്നതിനുള്ള അപേക്ഷകൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ വർഷങ്ങളായി കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മെഡിസെപ്പ് നിലവിൽ വരുന്നതിനുമുമ്പ് ലഭിച്ച ജീവനക്കാരുടേയും അവരുടെ ആശ്രിതരുടെയും ചികിത്സാചെലവുകൾ റീ-ഇംപേഴ്സ് ചെയ്യുന്നതിനുള്ള അപേക്ഷകളിൽ 2022 മാർച്ച് വരെയുള്ള ബില്ലുകൾ പരിശോധിച്ച് തുകയുടെ അനുവദനീയത കണക്കാക്കി ബന്ധപ്പെട്ട ഓഫീസുകളിലേയ്ക്ക് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും തിരികെ അയച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് അപേക്ഷകളിൽ ഒരു ലക്ഷം രൂപയ്ക്കുമുകളിലുള്ള സ്വകാര്യആശുപത്രിയിലെ ബില്ലുകളും രണ്ടുലക്ഷം രൂപയ്ക്ക് മുകളിലുള്ള സർക്കാർ ആശുപത്രികളിലെ

ബില്ലുകളും പ്രതിപൂരണം ചെയ്യുന്നതിനായാണ് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ MR സെക്ഷനിൽ നടപടി സ്വീകരിച്ചുവരുന്നത്. നിലവിൽ ബില്ലുകളിലെ അനുവദനീയ തുക രേഖപ്പെടുത്തിയാണ് ബില്ലുകൾ അതത് വകുപ്പുകൾക്ക് തിരികെ നൽകിവരുന്നത്. ലഭ്യമാകുന്ന അപേക്ഷകളുടെ ബാഹുല്യം മൂലമാണ് ബില്ലുകളിൽ നടപടി സ്വീകരിക്കാൻ കാലതാമസം നേരിടുന്നത്. ഫയലുകളിൽ തീർപ്പുകൽപിക്കുന്നതിന് ഫയൽ അദാലത്തുകൾ നടത്താറുണ്ട്.

(ബി) പ്രസ്തുത അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ; എം.ആർ. സെക്ഷനിലാവശ്യമായ ജീവനക്കാരുടെ അഭാവമുണ്ടെങ്കിൽ കൂടുതൽ ജീവനക്കാരെ ഇതിനായി ചുമതലപ്പെടുത്തി പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന അപേക്ഷകളുടെ ബാഹുല്യം നിമിത്തമാണ് ബില്ലുകൾ പ്രതിപൂരണം ചെയ്ത് നൽകുന്നതിന് കാലതാമസമുണ്ടാകുന്നത്. ഫയലുകളിൽ തീർപ്പുകൽപിക്കുന്നതിന് ഫയൽ അദാലത്തുകൾ നടത്താറുണ്ട്.

(സി) ക്യാൻസർ, കിഡ്നി ഡയാലിസിസ്, ലിവർ സീറോസിസ് എന്നീ രോഗങ്ങളുള്ളവരുടെയും മറ്റ് മാരകരോഗങ്ങൾ ബാധിച്ചവരുടേയും അപേക്ഷകളിൽപോലും മാനുഷിക പരിഗണന നൽകാതെ വച്ചുതാമസിപ്പിക്കുന്ന നടപടി അവസാനിപ്പിക്കുന്നതിനും ഇത്തരം കേസുകളിൽ അതിവേഗം തീർപ്പുകൽപ്പിക്കുന്നതിനും പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുമോ?

ക്യാൻസർ, കിഡ്നി ഡയാലിസിസ്, ലിവർ സിറോസിസ് എന്നീ രോഗങ്ങൾ ബാധിച്ചവരുടെ അപേക്ഷകളിൽ മാനുഷിക പരിഗണന നൽകി തീർപ്പുകൽപിച്ച് നൽകാറുണ്ട്. അപേക്ഷകളുടെ ബാഹുല്യം നിമിത്തം കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ ഇത്തരം കേസുകൾ തീർപ്പാക്കുന്നതിന് അദാലത്തുകൾ സംഘടിപ്പിക്കാറുണ്ട്.

(ഡി) 2022 മാർച്ചിൽ സമർപ്പിച്ചിട്ടുള്ളതും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ എം.ആർ.1/17988/2022 എന്ന നമ്പരിലുള്ളതുമായ അപേക്ഷയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; റീ-ഇംപേഴ്സ്മെന്റ് തുക എന്നത്തേയ്ക്ക് ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

MR1/17988/2022 എന്ന നമ്പർ പ്രകാരം ശ്രീ. അൻവറിന്റെ ബില്ലുകൾ 21-03-2022-ൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ MR1 സെക്ഷനിൽ

ലഭിച്ചിട്ടുണ്ട്. നിലവിൽ ബില്ലുകൾ പരിശോധിച്ച് അനുവദനീയ തുക രേഖപ്പെടുത്തി അയയ്ക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ചുവരികയാണ്.

## നഴ്സിംഗ് പഠനം

204(5808) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഴ്സിംഗ് പഠനത്തിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) സ്വകാര്യമേഖലയിലും സർക്കാർമേഖലയിലും എത്ര നഴ്സിംഗ് സ്കൂളുകളും കോളേജുകളുമുണ്ടെന്ന് വ്യക്തമാക്കാമോ; അവ ഏതെല്ലാമെന്ന് ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ?

(എ&ബി) സർക്കാർ മേഖലയിൽ 18 നഴ്സിംഗ് സ്കൂളുകളും 4 എ.എൻ.എം ട്രെയിനിംഗ് സെന്ററുകളും പ്രവർത്തിക്കുന്നു. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന നഴ്സിംഗ് സ്കൂളുകളുടെ എണ്ണം 106-ഉം എ.എൻ.എം ട്രെയിനിംഗ് സെന്ററുകളുടെ എണ്ണം ഏഴുമാണ്. സർക്കാർ, സർക്കാർ നിയന്ത്രിത സ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യമേഖല എന്നിവിടങ്ങളിലായി 134 നഴ്സിംഗ് കോളേജുകൾ സംസ്ഥാനത്ത്

പ്രവർത്തിക്കുന്നു. ബി.എസ്.സി നഴ്സിംഗ്, എം.എസ്.സി നഴ്സിംഗ്, പോസ്റ്റ് ബേസിക് ബി.എസ്.സി നഴ്സിംഗ്, പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സ്പെഷ്യാലിറ്റി നഴ്സിംഗ് എന്നീ കോഴ്സുകളാണ് നഴ്സിംഗ് കോളേജുകളിൽ നടത്തപ്പെടുന്നത്. സർക്കാർമേഖലയിലും സ്വകാര്യമേഖലയിലും അനുവദിച്ചിട്ടുള്ള നഴ്സിംഗ് സ്കൂളുകളുടേയും നഴ്സിംഗ് കോളേജുകളുടേയും ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്നും എവിടെയെല്ലാമാണ് അവ ആരംഭിച്ചതെന്നും അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ രണ്ടും സ്വകാര്യമേഖലയിൽ എട്ടും പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>സർക്കാർ മേഖല</u>:-

1) സർക്കാർ നഴ്സിംഗ് കോളേജ്, കൊല്ലം

2) സർക്കാർ നഴ്സിംഗ് കോളേജ്, മഞ്ചേരി

<u>സ്വകാര്യ മേഖല</u>:-

1) ലിസിയസ് നഴ്സിംഗ് കോളേജ്, എറണാകുളം

2) ശ്രീ ശാരദാ നഴ്സിംഗ് കോളേജ്, സത്യമംഗലം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3) ലേയമ്മ നഴ്സിംഗ് കോളേജ്, കോട്ടയം

4) അസംപ്ക്ഷൻ നഴ്സിംഗ് കോളേജ്, വയനാട്

5) ശ്രീ നാരായണ നഴ്സിംഗ് കോളേജ്, എറണാകുളം

6) അൽ-അസ്സർ നഴ്സിംഗ് കോളേജ്, ഇടുക്കി

7) അഹല്യ നഴ്സിംഗ് കോളേജ്, പാലക്കാട്

8) പിംസ് കോളേജ് ഓഫ് നഴ്സിംഗ്, പാലക്കാട്

(ഡി) സംസ്ഥാനത്തെ നഴ്സിംഗ് കോളേജുകളിൽ അദ്ധ്യാപകരുടെ ക്ഷാമം നിലനിൽക്കുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

സർക്കാർ മേഖലയിൽ 2022-23 അധ്യയനവർഷം അനുവദിച്ച നഴ്സിംഗ് കോളേജുകളിലുൾപ്പെടെ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ നഴ്സിംഗ് കോളേജുകളിൽനിന്നും വിജയകരമായി പഠനം പൂർത്തിയാക്കുന്ന എം.എസ്.സി നഴ്സിംഗ് പോസ്റ്റ് ഗ്രാജുവേറ്റ്സിനെ ഒരു വർഷത്തെ ബോണ്ടഡ് സേവനത്തിനായി സ്റ്റൈപ്പന്റോടുകൂടി നിയമിച്ചുവരുന്നുണ്ട്.

(ഇ) സ്വകാര്യ കോളേജുകളിൽ നഴ്സിംഗ് കോഴ്സുകളുടെ നിലവാരം പരിശോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

നഴ്സിംഗ് വിദ്യാഭ്യാസം സംബന്ധിച്ച് നിഷ്കർഷിക്കപ്പെട്ടിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും സ്വകാര്യ

നഴ്സിംഗ് കോളേജുകളിലെ വിദ്യാഭ്യാസ നിലവാരം ഉറപ്പുവരുത്തുന്നതിനുമായി ഇൻഡ്യൻ നേഴ്സിംഗ് കൗൺസിൽ, കേരള നഴ്സ് & മിഡ് വൈവ്സ് കൗൺസിൽ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് എന്നീ സ്ഥാപനങ്ങൾ വാർഷിക പരിശോധനകളും സർപ്രൈസ് പരിശോധനകളും നടത്തുന്നുണ്ട്.

## പാരാമെഡിക്കൽ കോഴ്സുകൾ

205(5809) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്ഥാപനങ്ങൾക്ക് പാരാമെഡിക്കൽ കോഴ്സുകളാരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 5 സർക്കാർ മെഡിക്കൽ കോളേജുകളിലും ഒരു സർക്കാർ ദന്തൽ കോളേജിലും 30 സ്വാശ്രയ സ്ഥാപനങ്ങൾക്കും പാരാമെഡിക്കൽ ഡിഗ്രി-ഡിപ്ലോമ കോഴ്സുകൾ തുടങ്ങുന്നതിനുള്ള NOC നൽകിയിട്ടുണ്ട്.

(ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നിന്ന് പാരാമെഡിക്കൽ കോഴ്സുകളാരംഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ച സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ?

(ബി&സി) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കിഴക്കമ്പലം എന്ന സ്ഥലത്തുനിന്നും സമരിറ്റൻ ഇൻസിസ്റ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസ് എന്ന സ്ഥാപനം പുതുതായി Bsc.MLT കോഴ്സും DMLT കോഴ്സും ആരംഭിക്കുന്നതിനുവേണ്ടിയുള്ള NOC-ക്കായി അപേക്ഷ സമർപ്പിച്ചിരുന്നു. 27-10-2022-ലെ ജി.ഒ (എം.എസ്) 202/2022/ആകുവ നമ്പർ സർക്കാർ ഉത്തരവുപ്രകാരം പ്രസ്തുത സ്ഥാപനത്തിന് Bsc.MLT കോഴ്സും DMLT കോഴ്സും ആരംഭിക്കുന്നതിന് NOC നൽകിയിട്ടുണ്ട്.

**ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്**

206(5810) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആരംഭിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് ഇതുവരെ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) എയിംസ് ആരംഭിക്കുന്നതിനായി കിനാലൂരിൽ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്തതെന്നും ഇതുസംബന്ധിച്ച നടപടികൾ നിലവിൽ ഏതുഘട്ടത്തിലാണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) കേരളത്തിൽ എയിംസ് സ്ഥാപിക്കുന്നതിനായി കേരള സർക്കാർ കേന്ദ്ര സർക്കാരിന്മേൽ ശക്തമായ സമ്മർദ്ദം ചെലുത്തിവരുന്നു. ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ ത്വരിതഗതിയിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ കിനാലൂരിലുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (KSIDC) ഉടമസ്ഥതയിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയും കൂടാതെ സ്വകാര്യവ്യക്തികളുടെ സ്ഥലവുമുൾപ്പെടെ കോഴിക്കോട് ജില്ലാ കളക്ടർ കണ്ടെത്തിയ 40.6802 ഹെക്ടർ സ്ഥലം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ

ഏറ്റെടുക്കുന്നതിനായി സർക്കാർ തീരുമാനിക്കുകയും പ്രസ്തുത സ്ഥലം ഏറ്റെടുത്ത് കൈമാറുന്നതിനായി റവന്യൂ വകുപ്പിനെയും ഇതിനുവേണ്ട തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിനെയും 17-11-2020-ലെ G.O(Rt)No.2523/2021/H&FWD ഉത്തരവുപ്രകാരം ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ കളക്ടർ, ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി കൊയിലാണ്ടി ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാറെ ചുമതലപ്പെടുത്തുകയും ഭൂമിയേറ്റെടുക്കുന്നതിനുള്ള നടപടികൾ ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാർ സ്വീകരിച്ചുവരികയും ചെയ്യുന്നു. 26-07-2022-ലെ G.O(Rt)No.772/2022/ID ഉത്തരവുപ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (KSIDC) ഉടമസ്ഥതയിലുള്ള 151.58 ഏക്കർ ഭൂമിയുടെ കൈവശാവകാശം ആരോഗ്യ കുടുബക്ഷേമ വകുപ്പിന് കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ വകയിരുത്തുന്നതിനായി 4210-03-105-13(PV) എന്ന ശീർഷകം 17-06-2022-ലെ G.O(Rt)No.1414/2022/H&FWD പ്രകാരം അനുവദിക്കുകയും പ്രാഥമിക ചെലവുകൾക്കായി 92,62,000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി

ഏറ്റെടുക്കുന്ന ഭാഗത്ത് അതിരടയാള കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ഭൂമി ഏറ്റെടുക്കുന്ന ഭാഗത്ത് സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയായിട്ടുണ്ട്.

## സ്വാശ്രയ ദന്തൽ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ക്ലിനിക്കൽ ട്രെയിനിംഗ്

207(5811) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയമേഖലയിൽ പ്രവർത്തിക്കുന്ന ദന്തൽ കോളേജുകളിലെ ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക് ക്ലിനിക്കൽ ട്രെയിനിംഗ് നടത്തുന്നതിന് സർക്കാർ ആശുപത്രികൾ അനുവദിക്കുന്നത് സംബന്ധിച്ച് സ.ഉ.(കൈ.) നം. 49/2023/എച്ച്.&എഫ്.ഡബ്ല്യൂ.ഡി. യുടെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സ്വാശ്രയ ദന്തൽ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ക്ലിനിക്കൽ ട്രെയിനിംഗ് നടത്തുന്നതിനായി സർക്കാർ ആശുപത്രികൾ അനുവദിക്കുന്നതിന് പുതുക്കിയ മാനദണ്ഡങ്ങൾ നിർണ്ണയിച്ച് സർക്കാർ 16-02-2023- ലെ സ.ഉ(കൈ)49/2023/ആ.കു.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവുപ്രകാരം ബന്ധപ്പെട്ട സ്ഥാപനം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള ആശുപത്രികളുടെ സൂപ്രണ്ടുമായി മുദ്രപ്പത്രത്തിൽ MOU ഒപ്പിടേണ്ടതാണ്. ഈ സാഹചര്യത്തിൽ MOU-വിന് അന്തിമരൂപം നൽകുന്നതിനുള്ള തുടർനടപടികൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ തലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ 2021 ജനുവരി 1 മുതൽ 2023 ജനുവരി 31 വരെ ദന്തൽ വിദ്യാർത്ഥികളുടെ പ്രയോഗിക പരിശീലനത്തിനായി സർക്കാർ ആശുപത്രികളുമായി ടൈ അപ്പ് സ്ഥാപിക്കാൻ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകളിന്മേൽ ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; അതിൽ എത്ര അപേക്ഷകൾ സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിന്മേൽ ഉത്തരവായിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

(ബി&സി) ദന്തൽ കോളേജുകളിലെ ബി.ഡി.എസ് വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനത്തിനായി സർക്കാർ ആശുപത്രികളുമായി ടൈഅപ്പ് സ്ഥാപിക്കാൻ മലപ്പുറം ജില്ലയിലെ എഡ്യൂകെയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ദന്തൽ കെയർ പ്രിൻസിപ്പാൾ, എറണാകുളം ജില്ലയിലെ അന്നൂർ ദന്തൽ കോളേജ് &

ഹോസ്പിറ്റൽ ഡയറക്ടർ എന്നിവരിൽ നിന്നുമുള്ള അപേക്ഷകൾ 2020 മുതലുള്ള കാലയളവിൽ സർക്കാരിൽ ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷകളിന്മേൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും റിപ്പോർട്ട് സർക്കാർ ലഭ്യമാക്കുകയും തുടർന്ന് സ്വാശ്രയ ദന്തൽ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ക്ലിനിക്കൽ ട്രെയിനിംഗ് നടത്തുന്നതിനായി സർക്കാർ ആശുപത്രികൾ അനുവദിക്കുന്നതിന് പുതുക്കിയ മാനദണ്ഡങ്ങൾ നിർണ്ണയിച്ച് 16-02-2023-ലെ സ.ഉ (കൈ) 49/2023/ആ.കു.വ ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. ഈ സാഹചര്യത്തിൽ പരാമർശിത അപേക്ഷകൾ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണെന്ന നിർദേശം ആരോഗ്യ വകുപ്പ് ഡയറക്ടർ/മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് സർക്കാർ നൽകിയിരിക്കുകയാണ്.

## വിദേശ മെഡിക്കൽ പഠനം മുടങ്ങിയ വിദ്യാർത്ഥികൾ

208(5812)ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുദ്ധസാഹചര്യത്തിൽ യുക്രൈനിൽ നിന്ന് എം.ബി.ബി.എസ്. പഠനം പൂർത്തിയാക്കാൻ സാധിക്കാതെ സംസ്ഥാനത്തേയ്ക്ക് മടങ്ങിയ വിദ്യാർത്ഥികൾക്ക് പഠനം പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം വിദ്യാർത്ഥികളെ സഹായിക്കാൻ നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) യുക്രൈനിൽ നിന്നും യുദ്ധവും അനുബന്ധ സാഹചര്യങ്ങളും കാരണം മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ തുടർ പഠനം സംബന്ധിച്ച വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെയും നാഷണൽ മെഡിക്കൽ കമ്മീഷന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വിദേശരാജ്യങ്ങളിൽ എം.ബി.ബി.എസ്. പഠനം പൂർത്തീകരിച്ച് വിവിധ കാരണങ്ങളാൽ മടങ്ങിയെത്തിയ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും ജനറലാശുപത്രികളിലുമായി ഹൗസ് സർജൻസി പൂർത്തിയാക്കാൻ അവസരം നൽകുമോ; വിശദവിവരം ലഭ്യമാക്കാമോ?

വിദേശത്ത് മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷന്റെ നിർദ്ദേശാനുസരണം സംസ്ഥാനത്ത് ഇന്റേൺഷിപ്പ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട 08-02-2023-ലെ G.O(Rt)No.305/2023/H&FWD സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ FMG വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് അനുവദിക്കുന്നതിനായി ഡി.എം.ഇ അപേക്ഷ ക്ഷണിക്കുകയും തുടർന്ന് നടത്തിയ Centralized Counselling Process-ന്റെയും Mop Up Counselling-ന്റെയും അടിസ്ഥാനത്തിൽ 305 FMG വിദ്യാർത്ഥികൾക്ക് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇന്റേൺഷിപ്പ് ചെയ്യുന്നതിനുള്ള അലോട്ട്മെന്റ് മെമ്മോ നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽനിന്നും പ്രൊവിഷണൽ രജിസ്ട്രേഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് മാത്രമാണ് അലോട്ട്മെന്റ് മെമ്മോ അനുവദിച്ചിട്ടുള്ളത്.

**ബി.എസ്.സി. നഴ്സിംഗ് കോഴ്സിലെ സ്പോർട്സ് ക്വാട്ട പ്രവേശനം**

209(5813)ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തലത്തിൽ വിജയികളായിട്ടുള്ള കായികതാരങ്ങളായ വിദ്യാർത്ഥികൾക്ക് ബി.എസ്.സി. നഴ്സിംഗ് കോഴ്സിൽ സ്പോർട്സ് ക്വാട്ട പ്രവേശനം അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

കേരള സ്പോർട്ട്സ് കൗൺസിൽ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡപ്രകാരം കായിക താരങ്ങളായ വിദ്യാർത്ഥികൾക്കുവേണ്ടി ബി.എസ്.സി നഴ്സിംഗിന് സംസ്ഥാനത്ത് 2 സീറ്റുകൾ അനുവദിച്ചുവരുന്നു.

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിലോ ജില്ല ആശുപത്രികളിലോ നടന്നുവരുന്ന ഏതെങ്കിലും കോഴ്സുകളിൽ സ്പോർട്സ് ക്വാട്ട പ്രവേശനം നൽകാറുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഏതെല്ലാം കോഴ്സുകളിലാണ് നൽകിവരുന്നതെന്നുള്ള വിശദവിവരം ലഭ്യമാക്കുമോ?

സർക്കാർ മെഡിക്കൽ കോളേജുകളിൽ MBBS കോഴ്സിന് 7 സീറ്റുകൾ (സ്പോർട്ട്സ് ക്വാട്ട) അനുവദിച്ചിട്ടുണ്ട്.

1.സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം -1

2.സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ -1

3.സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം - 1

4.സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ -1

5.സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് -1

6.സർക്കാർ മെഡിക്കൽ കോളേജ്,മഞ്ചേരി-1

7.സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം -1

സർക്കാർ ഡെന്റൽ കോളേജുകളിൽ 2 സീറ്റുകൾ (സ്പോർട്ട്സ് ക്വാട്ട) അനുവദിച്ചിട്ടുണ്ട്.

1.സർക്കാർ ഡെന്റൽ കോളേജ്,തിരുവനന്തപുരം-1

2.സർക്കാർ ഡെന്റൽ കോളേജ്, കോഴിക്കോട്-1

സംസ്ഥാനത്ത് ജില്ലാ ആശുപത്രികളോടനുബന്ധിച്ച് നടത്തിവരുന്ന ജനറൽ നഴ്സിംഗ് കോഴ്സുകളിൽ ഒരു ജില്ലയ്ക്ക് ഒരു സീറ്റ് എന്ന കണക്കിൽ 14 സീറ്റുകൾ സ്പോർട്സ് ക്വോട്ട പ്രവേശനത്തിനായി നീക്കിവച്ചിട്ടുണ്ട്.

## വിദേശ മെഡിക്കൽ ബിരുദക്കാരുടെ ഇന്റേൺഷിപ്പ്

210(5814) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ മെഡിക്കൽ കമ്മീഷന്റെ പുതിയ നിർദ്ദേശപ്രകാരം വിദേശത്ത് പഠിച്ച മെഡിക്കൽ ബിരുദക്കാരുടെ ഇന്റേൺഷിപ്പ് മെഡിക്കൽ കോളേജുകളിലേയ്ക്ക് പരിമിതപ്പെടുത്തിയ സാഹചര്യത്തിൽ സർക്കാർ

ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

വിദേശത്ത് മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷന്റെ നിർദ്ദേശാനുസരണം സംസ്ഥാനത്ത് ഇന്റേൺഷിപ്പ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 08-02-2023-ലെ G.O(Rt)No.305/2023/H&FWD സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ FMG വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് അനുവദിക്കുന്നതിനായി ഡി.എം.ഇ അപേക്ഷ ക്ഷണിക്കുകയും തുടർന്ന് നടത്തിയ Centralized Counselling Process-ന്റെയും Mop Up Counselling-ന്റെയും അടിസ്ഥാനത്തിൽ 305 FMG വിദ്യാർത്ഥികൾക്ക് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇന്റേൺഷിപ്പ് ചെയ്യുന്നതിനുള്ള അലോട്ട്മെന്റ് മെമ്മോ നൽകിയിട്ടുമുണ്ട്. കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ നിന്നും പ്രൊവിഷണൽ രജിസ്ട്രേഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് മാത്രമാണ് അലോട്ട്മെന്റ് മെമ്മോ അനുവദിച്ചിട്ടുള്ളത്.

**കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ പ്രവൃത്തികൾ**

211(5815) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിലവിൽ നടന്നുവരുന്ന പ്രധാന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ വികസനത്തിനായി കിഫ്ബിയുടെ ധനസഹായത്തോടെ 124.95 കോടി രൂപയുടെ ഭരണാനുമതി ചുവടെപ്പറയുന്ന പ്രവൃത്തികൾക്കായി നൽകിയിട്ടുണ്ട്.

1. സൂപ്പർ സ്പെഷ്യാലിറ്റി, അക്കാഡമിക് & ദന്തൽ ബ്ലോക്കുകളുടെ അറ്റകുറ്റപ്പണികൾ (29.78 കോടി)

2. ട്രോമാ ബ്ലോക്ക് പുതിയ കെട്ടിടത്തിന്റെ 1-ാം ഘട്ട നിർമ്മാണം (57.69 കോടി)

3. ട്രോമാ ബ്ലോക്കിന്റെ വെർട്ടിക്കൽ എക്സ്പാൻഷൻ 2-ാം ഘട്ടം (37.48 കോടി)

മെയിന്റനൻസ് 1-ാം ഘട്ടത്തിന്റെ 35.52 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ 50 ശതമാനത്തോളം പ്രവൃത്തി നിലവിൽ പൂർത്തിയായിട്ടുണ്ട്.

ട്രോമകെയർ 1-ാം ഘട്ടത്തിന് 88.4 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തികവർഷത്തിൽ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ പി.ജി ഹോസ്റ്റൽ 1-ാം ഘട്ട

നിർമ്മാണം (2 കോടി), ഫാർമസി കോളേജിൽ അഡീഷണൽ ക്ലാസ്റൂം നിർമ്മാണം (1 കോടി), Providing night autopsy arrangements (98.11 ലക്ഷം), Roofing the terrace level of existing examination hall and revamping of existing water treatment plant (1.75 കോടി), ഖേലോ ഇന്ത്യ പദ്ധതിയുടെ ഭാഗമായി 7 കോടി രൂപ ചെലവഴിച്ച് 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണം പുരോഗമിക്കുന്നു.

(ബി) 2023-24 സാമ്പത്തികവർഷത്തെ ബജറ്റിലുൾപ്പെടുത്തിയ കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ പ്രധാന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിനായി 2023-24 സാമ്പത്തികവർഷത്തിൽ ബജറ്റിലുൾപ്പെടുത്തിയ പ്രധാന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

മെഡിക്കൽ കോളേജുകളുടെ വികസനം എന്ന പദ്ധതിയിലുൾപ്പെടുത്തി മൂലധന ശീർഷകത്തിൽ 500 ലക്ഷം രൂപയും റവന്യൂ ശീർഷകത്തിൽ 2115 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. റവന്യൂ ശീർഷകത്തിൽ വിവിധ സാധനസാമഗ്രികൾ (650 ലക്ഷം), യന്ത്രോപകരണങ്ങൾ (800 ലക്ഷം),

ചെറുകിട മരാമത്ത് പണികൾ (215 ലക്ഷം), മറ്റ് ചെലവുകൾക്കായി (450 ലക്ഷം) എന്നിവയ്ക്കായി തുക വകയിരുത്തിയിട്ടുണ്ട്.

ഭിന്നശേഷി വയോജനസൗഹൃദ പരിതസ്ഥിതി ഉറപ്പാക്കൽ എന്ന സ്കീമിലുൾപ്പെടുത്തി കണ്ണൂർ മെഡിക്കൽ കോളേജിൽ ലിഫ്റ്റ് (30 ലക്ഷം) സജ്ജമാക്കുന്നതാണ്. മരുന്നുശാലകളുടെ സ്ഥാപനവും ആധുനികവൽക്കരണവും എന്ന സ്കീമിലുൾപ്പെടുത്തി ഡ്രഗ് സ്റ്റോർ നിർമ്മാണത്തിനായി 350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മെഡിക്കൽ/പാരാമെഡിക്കൽ കോളേജ് ഹോസ്റ്റൽ നിർമ്മാണവും പുനരുദ്ധാരണവും എന്ന സ്കീമിലുൾപ്പെടുത്തി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ക്ലിനിക്**

212(5816) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ഗ്രാമപഞ്ചായത്തിലും ഒരു ഹോമിയോ ആശുപത്രി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഹോമിയോ ഡിസ്പെൻസറികളില്ലാത്ത പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) നിലവിൽ ഹോമിയോ ചികിത്സ കേന്ദ്രമില്ലാത്ത പുതുക്കാട് നിയോജകമണ്ഡലത്തിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ആശുപത്രിക്കായി കെട്ടിടസൗകര്യമൊരുക്കാൻ സന്നദ്ധതയറിയിച്ച് പഞ്ചായത്ത് സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് ഹോമിയോ ക്ലിനിക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഹോമിയോ ഡിസ്പെൻസറികളില്ലാത്ത പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറിയാരംഭിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിൽ വല്ലച്ചിറ ഗ്രാമപഞ്ചായത്തുമുൾപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## വിളയൂർ ഹോമിയോ ആശുപത്രി

213(5817) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിലെ വിളയൂർ ഗ്രാമപഞ്ചായത്ത് ഹോമിയോ ആശുപത്രിയുടെ പ്രവർത്തനത്തിനായി എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും എത്ര ജീവനക്കാരെ അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്ത് ഹോമിയോ ഡിസ്പെൻസറിയില്ലാത്ത പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറിയാരംഭിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിൽ വിളയൂർ പഞ്ചായത്തുമുൾപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിൽ ഭരണാനുമതി ലഭിച്ച പ്രോജക്ടുകൾ

214(5818) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിൽ (പരിയാരം) 2022-23 വർഷത്തെ വർക്കിംഗ് ഗ്രൂപ്പിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

2022-23 സാമ്പത്തികവർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ പദ്ധതികളിലെ 5 കോടി രൂപയിൽ താഴെയുള്ള പദ്ധതികൾക്ക് ഡയറക്ടർ തലത്തിൽ ഭരണാനുമതി നൽകാനും 5 കോടി രൂപയ്ക്കുമുകളിലുള്ള പദ്ധതികളും ക്യാപ്പിറ്റൽ ശീർഷകത്തിലുള്ള പദ്ധതികളും സർക്കാർ തലത്തിൽ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് ഭരണാനുമതി നൽകാനും തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2022-23 സാമ്പത്തികവർഷത്തിൽ ഡയറക്ടർ തലത്തിൽ കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിൽ (പരിയാരം) ഇതുവരെ ഭരണാനുമതി നൽകിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1)കോളേജ് ലേഡീസ് ഹോസ്റ്റൽ രണ്ടാംനിലയുടെ നിർമ്മാണപ്രവൃത്തി (പി.ഡബ്ല്യൂ.ഡി മുഖേന ചെയ്യുന്നത്) - 200.00 ലക്ഷം രൂപ

2) രോഗനിദാനം, അഗദതന്ത്ര വകുപ്പുകളിലെ മ്യൂസിയത്തിന്റെ നവീകരണവും അഗദതന്ത്ര ട്യൂട്ടോറിയൽ റൂമിന്റെ അറ്റകുറ്റപ്പണികളും - 08.82 ലക്ഷം രൂപ

3) നഴ്സ് ക്വാർട്ടേഴ്സിന്റെ സംരക്ഷണ അറ്റകുറ്റപ്പണികൾ - 10.50 ലക്ഷം രൂപ

4) വിവിധ വകുപ്പുകളിലേയ്ക്കാവശ്യമായ മൈനർ ഉപകരണങ്ങൾ വാങ്ങൽ - 16.44 ലക്ഷം രൂപ

5) വിവിധ വകുപ്പുകളിലേയ്ക്കാവശ്യമായ ലാബ് ഉപകരണങ്ങൾ വാങ്ങൽ - 15.50 ലക്ഷം രൂപ

6) കോളേജ് ലൈബ്രറിയിലേയ്ക്കും വിവിധ വകുപ്പ് ലൈബ്രറികളിലേയ്ക്കും പുസ്തകങ്ങൾ, ജേർണലുകൾ എന്നിവ വാങ്ങൽ - 12.10 ലക്ഷം രൂപ

7) വിവിധ വകുപ്പുകളിലേയ്ക്ക് കമ്പ്യൂട്ടറുകളും അനുബന്ധസാമഗ്രികളും വാങ്ങൽ - 14.00 ലക്ഷം രൂപ

8) സി.സി.ഐ.എം സന്ദർശന ഫീസ്, ആരോഗ്യ സർവ്വകലാശാലയുടെ അഫിലിയേഷൻ ഫീസ്-15.77 ലക്ഷം രൂപ

9) സെൻട്രൽ റിസർച്ച് ലാബ് കെട്ടിടനിർമ്മാണത്തിന് അടയ്ക്കാനുള്ള ബാക്കി തുക - 29.50 ലക്ഷം രൂപ

10) സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേയ്ക്ക് റാമ്പ് നിർമ്മാണം - 13.01 ലക്ഷം രൂപ

11) ആശുപത്രിയിലേയ്ക്ക് അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ വാങ്ങൽ - 22.14 ലക്ഷം രൂപ

12) കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രി പേവാർഡിലേയ്ക്ക് ഫർണിച്ചറുകളും മറ്റ് സാമഗ്രികളും വാങ്ങൽ - 22.00 ലക്ഷം രൂപ

**ഒ.എ. 2396/2016 നമ്പർ കേസിന്മേലുള്ള വിധി**

215(5819) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സർക്കാർ ആയുർവ്വേദ കോളേജിലെ പ്രൊഫസർ ഡോ. ഷാഹിനമോൾ എസ്. ഹൈക്കോടതിയിൽ നൽകിയ ഒ.എ. 2396/2016 നമ്പർ കേസിന്മേലുള്ള വിധി എന്തുകൊണ്ടാണ് നടപ്പാക്കാത്തതെന്ന് വിശദമാക്കാമോ?

OA No. 2396/2016 നമ്പർ കേസിന്മേലുള്ള 30-03-2017-ലെ ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്ത OP (KAT) No.317/2017 മേലുള്ള 20-12-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) വിധി നടപ്പാക്കാത്തത് സംബന്ധിച്ച് കോടതി അലക്ഷ്യ നടപടികൾ നിലവിലുണ്ടോ; അറിയിക്കുമോ?

ഇതുസംബന്ധിച്ച് ഡോ. ഷാഹിനമോൾ എസ്. കോടതി അലക്ഷ്യ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത വിധി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

**ഒറ്റപ്പാലം സർക്കാർ ആയുർവേദ ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം**

216(5820) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം സർക്കാർ ആയുർവേദ ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം ആരംഭിക്കണമെന്നാവശ്യപ്പെട്ട് പ്രൊപ്പോസലോ നിവേദനമോ നിലവിലുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഇതുസംബന്ധിച്ച് പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

**മെഡി വെൽനെസ്സ് സെന്ററുകൾ**

217(5821) ശ്രീ. റോജി എം. ജോൺ:

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡി വെൽനെസ്സ് സെന്റർ സ്ഥാപിക്കുന്നതിനായി സന്ദീപാനന്ദ ഗിരിയുടെ ഉടമസ്ഥതയിലുള്ള സാളഗ്രാമം ആശ്രമം ഏറ്റെടുക്കുന്നതിനുള്ള നിർദേശം മുൻ സർക്കാരിന്റെ കാലത്ത് ഔഷധി ബോർഡിന്റെ പരിഗണനയ്ക്ക് വന്നിട്ടുണ്ടോ; എങ്കിൽ ഏത് യോഗത്തിലാണ് പരിഗണിച്ചതെന്ന് അറിയിക്കാമോ; പ്രസ്തുത യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഇല്ല.

(ബി) സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ ഔഷധിക്ക് മെഡി വെൽനെസ്സ് സെന്ററുകൾ തുടങ്ങുവാനുള്ള പ്രൊപ്പോസൽ പരിശോധിച്ച് ഫീസിബിലിറ്റി സ്റ്റഡി നടത്തുവാൻ നിയോഗിക്കപ്പെട്ട സമിതി തിരുവനന്തപുരത്ത് സന്ദീപാനന്ദ ഗിരിയുടെ ആശ്രമം മാത്രം സന്ദർശിച്ച് തീരുമാനമെടുത്തതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

പ്രസ്തുത സ്ഥലം പരിശോധിക്കുവാൻ മാത്രമാണ് സന്ദർശനം നടത്തിയിട്ടുള്ളത്. വിശദമായ പഠനമോ തീരുമാനമോ ഈ വിഷയത്തിലെടുത്തിട്ടില്ല.

(സി) മെഡി വെൽനെസ്സ് സെന്ററുകൾ തുടങ്ങുന്നതിനായി കേന്ദ്ര ഫണ്ട് ലഭ്യമാണോയെന്ന് വിശദമാക്കുമോ?

ലഭ്യമല്ല.

## ഔഷധി വെൽനസ് സെന്റർ

218(5822)ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധിക്ക് വെൽനസ് സെന്റർ തുടങ്ങുന്നതിനായി സന്ദീപാനന്ദഗിരിയുടെ കുണ്ടമൺകടവിലുള്ള ആശ്രമം ഏറ്റെടുക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് ഔഷധി മാനേജിംഗ് ഡയറക്ടർ ഡോ. ടി. കെ. ഹൃദിക് 20-09-22-ന് സർക്കാരിലേയ്ക്ക് കത്തയച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

വെൽനസ് സെന്റർ തുടങ്ങുന്നതിനുള്ള സ്ഥലം ലഭ്യമാകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഔഷധി മാനേജിംഗ് ഡയറക്ടർ ഡോ. ടി. കെ. ഹൃദിക് 20-09-2022-ന്

സർക്കാരിലേയ്ക്ക് കത്തയച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ബി) 19-07-2022, 12-08-2022 തീയതികളിൽ ചേർന്ന ഔഷധി ബോർഡ് യോഗം പ്രസ്തുത കത്തയയ്ക്കുന്നതിന് ഡയറക്ടർക്ക് അനുമതി നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത യോഗതീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

19-07-2022, 12-08-2022 തീയതികളിൽ ചേർന്ന ഔഷധി ബോർഡ് യോഗത്തിന്റെ മിനിട്ട്സ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

## കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്

219(5823) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് കഴിഞ്ഞ പത്തുവർഷം കാസർഗോഡ് ജനറൽ ആശുപത്രിക്ക് ഏതെല്ലാം ഉപകരണങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഉപകരണങ്ങളുടെ വില എത്രയാണെന്നും അവയുടെ ഉപയോഗമെന്താണെന്നും വ്യക്തമാക്കാമോ?

(എ&ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് കഴിഞ്ഞ പത്തുവർഷം കാസർഗോഡ് ജനറൽ ആശുപത്രിക്ക് വാങ്ങി നൽകിയിട്ടുള്ള രോഗീപരിചരണത്തിനായുള്ള ഉപകരണങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് കാസർഗോഡ് ജനറൽ ആശുപത്രിയ്ക്ക് നൽകിയ ഉപകരണങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ?

ഇല്ല.

(ഡി) ഉപയോഗിക്കാൻ പറ്റാത്തതുകൊണ്ട് ഏതെങ്കിലും ഉപകരണങ്ങൾ കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിന്ന് മറ്റിടങ്ങളിലേയ്ക്ക് കൊണ്ടുപോയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ആർത്രോസ്കോപ്പ് എന്ന ഉപകരണം പ്രവർത്തിപ്പിക്കാൻ പരിശീലനം ലഭിച്ച ഡോക്ടർമാർ ഇല്ലാത്തതിനാലും ഇത് തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ആവശ്യമാണെന്ന് അറിയിച്ചതിനാലും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

താൽക്കാലികമായി വിട്ടുനൽകിയിട്ടുണ്ട്. ട്രെയിനിംഗ് ലഭ്യമായ ഡോക്ടർ വരുന്നമുറയ്ക്ക് പ്രസ്തുത ഉപകരണം തിരികെ ലഭ്യമാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) എങ്കിൽ ഉപകരണങ്ങൾ ലഭിച്ചതിനുശേഷം എത്രകാലം കഴിഞ്ഞാണ് തിരിച്ചുകൊണ്ടുപോയതെന്നും അവ എന്തുകൊണ്ടാണ് ഉപയോഗശൂന്യമായതെന്നും വ്യക്തമാക്കാമോ?

2016-ൽ ലഭിച്ച ആർത്രോസ്കോപ്പ് എന്ന ഉപകരണം പ്രവർത്തിപ്പിക്കാൻ പരിശീലനം ലഭിച്ച ഡോക്ടർമാരില്ലാത്തതിനാലും ഇത് തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ ആവശ്യമാണെന്ന് അറിയിച്ചതിനാലും താത്കാലികമായി വിട്ടുനൽകിയിട്ടുണ്ട്. ട്രെയിനിംഗ് ലഭ്യമായ ഡോക്ടർ വരുന്നമുറയ്ക്ക് പ്രസ്തുത ഉപകരണം തിരികെ ലഭ്യമാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

## സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പരാതി പരിഹാര സെൽ

220(5824) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് വർമ്മ കമ്മീഷൻ നിർദ്ദേശമനുസരിച്ച് സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങളിലും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി പരാതി പരിഹാര സെല്ലുകൾ സ്ഥാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരം പരാതി പരിഹാര സെല്ലുകൾ സ്വകാര്യമേഖലയിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. 2013-ലെ POSH Act (Prevention, Prohibition, Redressal) അനുസരിച്ച് തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുവേണ്ടി സംസ്ഥാനത്തെ പത്തിൽ കൂടുതൽ ജീവനക്കാരുള്ള എല്ലാ ഗവൺമെന്റ്/ സ്വകാര്യസ്ഥാപനങ്ങളിലും ഇന്റേണൽ കംപ്ളയൻസ് കമ്മിറ്റിയും ജില്ലാതലത്തിൽ ലോക്കൽ കമ്മിറ്റിയും രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം രൂപീകരിക്കുന്ന കമ്മിറ്റിയുടെ വിവരങ്ങളും റിപ്പോർട്ടും വനിതാ ശിശുവികസന വകുപ്പിന്റെ ആഭിമുഖ്യത്തിലാരംഭിച്ച POSH Act Compliance Portal-ൽ (web address: posh.wcd.kerala.gov.in) രജിസ്റ്റർ ചെയ്യുന്നതിന് നിർദ്ദേശവും നൽകിയിട്ടുണ്ട്.

(സി) സ്വകാര്യമേഖലയിൽ ഇത്തരം പരാതി പരിഹാര സെല്ലുകൾ രൂപീകരിക്കുന്നതിനായി എന്തെങ്കിലും പ്രോട്ടോക്കോൾ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സ്വകാര്യമേഖലയിൽ ഇത്തരം കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള ഉത്തരവാദിത്തം അതത് സ്ഥാപന മേധാവികളിൽ നിക്ഷിപ്തമാണ്. സ്ഥാപന ഉടമ സ്ഥാപനത്തിൽ ഇന്റേണൽ കംപ്ളയൻസ് കമ്മിറ്റി രൂപീകരിച്ചതിനുശേഷം POSH Act Compliance Portal-ൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

**ചൈൽഡ് ലൈൻ പ്രോജക്ട്**

221(5825) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ചൈൽഡ് ലൈൻ പ്രോജക്ടിനെ കേന്ദ്ര സർക്കാർ സമഗ്ര ശിശു സംരക്ഷണ സേവന പദ്ധതിയായി മിഷൻ വാത്സല്യയിൽ ലയിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ചൈൽഡ് ഹെൽപ്പ്ലൈൻ നമ്പറായ 1098, വിമൻ ഹെൽപ്പ്ലൈൻ നമ്പറായ 181 എന്നിവ എമർജൻസി ഹെൽപ്പ്ലൈൻ

നമ്പറായ 112-മായി ലയിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഇപ്രകാരം ലയിപ്പിക്കുമ്പോൾ ചൈൽഡ് ലൈൻ പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്ത് ആയിരക്കണക്കിന് കുട്ടികളെ അരക്ഷിതാവസ്ഥയിൽ നിന്ന് മോചിപ്പിക്കുകയും അവരുടെ അവകാശ സംരക്ഷണത്തിനായി നിരന്തരം പ്രവർത്തിച്ചുവരികയും ചെയ്യുന്ന നിർവഹണ ഏജൻസികളെയും (NGO) സ്റ്റാഫ് അംഗങ്ങളെയും പുതിയ സംവിധാനത്തിലേയ്ക്കുൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

എമർജൻസി ഹെൽപ്പ്ലൈൻ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ഗൈഡ്‌ലൈൻ (SOP) കേന്ദ്ര സർക്കാർ ഇതുവരെ പുറത്തിറക്കിയിട്ടില്ല. കേന്ദ്ര സർക്കാർ ഗൈഡ്‌ലൈൻ പുറപ്പെടുവിച്ചശേഷം മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാർ**

222(5826) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനിതാ ശിശു വികസന വകുപ്പിനുകീഴിൽ സേവനമനുഷ്ഠിക്കുന്ന സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാർക്ക് വേതന വർദ്ധന നടപ്പാക്കുന്നതിനും ശൂന്യവേതന അവധിയുൾപ്പെടെ അനുവദിച്ചുകൊണ്ട് സേവന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

08-09-2021-ലെ സ.ഉ. (സാധാ) നം. 20/21/WCDD പ്രകാരം സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ വേതനം 24,000/- രൂപയാക്കി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ നിയമനം ഒരുവർഷ കരാർ ജീവനക്കാർക്ക് ബാധകമായ KSR പാർട്ട് 1, അനുബന്ധം VIII, ക്ലോസ് 1-നുവിധേയമാണ്. അതുപ്രകാരം ഒരുവർഷ കരാർ ജീവനക്കാർക്ക് ശൂന്യവേതനാവധിക്കർഹതയില്ലാത്തതാണ്.

**മാവേലിക്കര മണ്ഡലത്തിൽ മാതൃക അങ്കണവാടികൾ**

223(5827) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ മാതൃക അങ്കണവാടികൾ എല്ലാ സൗകര്യങ്ങളോടും കൂടി പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ നിലവിൽ വകുപ്പിന്റെ മാതൃക അങ്കണവാടികൾ പ്രവർത്തിക്കുന്നില്ല.

(ബി) പ്രസ്തുത മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും മാതൃക അങ്കണവാടികളാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; മാതൃക അങ്കണവാടികളാരംഭിക്കുവാൻ സൗകര്യപ്രദമായ ഏതെല്ലാം അങ്കണവാടികളുണ്ടെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് 01-04-2019 മുതൽ സ്മാർട്ട് അങ്കണവാടി കെട്ടിടനിർമ്മാണ പദ്ധതിയാരംഭിച്ചിട്ടുള്ളതിനാൽ മാതൃക അങ്കണവാടി പദ്ധതി പ്രകാരം കെട്ടിടനിർമ്മാണാനുമതി നൽകിവരുന്നില്ല. നിലവിൽ സ്മാർട്ട് അങ്കണവാടി കെട്ടിടനിർമ്മാണ പദ്ധതി പ്രോത്സാഹിപ്പിച്ചുവരുന്നു. മാവേലിക്കര മണ്ഡലത്തിൽ സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് സൗകര്യപ്രദമായ അങ്കണവാടികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## ചാത്തന്നൂർ മണ്ഡലത്തിൽ പൊൻകിരണം പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

224(5828) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ മണ്ഡലത്തിലെ അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികളായി ഉയർത്തുന്നതിന് നടപ്പിലാക്കിയ പൊൻകിരണം പദ്ധതിയുടെ പ്രവർത്തനപുരോഗതി വിശദമാക്കാമോ?

ചാത്തന്നൂർ നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി അറുപത് ലക്ഷം രൂപ വകയിരുത്തി പൊൻകിരണം പദ്ധതി പ്രകാരം 31 അങ്കണവാടികൾ സ്മാർട്ടാക്കി നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത അങ്കണവാടികളിൽ സിവിൽവർക്കും ഇന്റീരിയർ വർക്കുമുൾപ്പെടെ നവീകരണമാവശ്യമുള്ള 23 അങ്കണവാടികളുടെ സിവിൽ വർക്കുകൾ ചെയ്യുന്നതിനുള്ള ഇ-ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുള്ളതും ഇന്റീരിയർ വർക്കുകൾ ചെയ്യുന്നതിനായി ARTCO-യ്ക്ക് വർക്ക് ഓർഡർ നൽകിയിട്ടുള്ളതുമാണ്. സിവിൽ വർക്കാവശ്യമില്ലാത്ത ബാക്കി 8 അങ്കണവാടികൾക്ക് ARTCO മുഖാന്തരം ഇന്റീരിയർ വർക്കാരംഭിച്ചിട്ടുണ്ട്.

## അങ്കണവാടി നിർമ്മാണത്തിനുള്ള സ്ഥലം

225(5829) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മാഞ്ഞൂർ, ഉഴവൂർ ഗ്രാമപഞ്ചായത്തുകളിലെ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം അങ്കണവാടി നിർമ്മാണത്തിനനുവദിക്കുന്നത് സംബന്ധിച്ച് എത്ര സെന്റ് സ്ഥലമാണ് ആവശ്യമെന്ന വിവരം വനിത ശിശുക്ഷേമ വകുപ്പ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് ആധുനികരീതിയിൽ സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 10, 7.5, 5, 3 സെന്റ് (അർബൻ ഏരിയയിൽ 1.25 സെന്റ് എങ്കിലും) സ്ഥലമുള്ള പ്ലാനുകളാണ് അംഗീകരിച്ചിട്ടുള്ളതെന്ന് ചീഫ് എഞ്ചിനീയർക്ക് (പദ്ധതി വിഭാഗം-2, തിരുവനന്തപുരം) 17-08-2022- ലെ DWCD/876/2022-ICDSB4 നമ്പർ കത്തുപ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ മറുപടി നൽകിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ജലവിഭവ വകുപ്പിൽ നിന്നും 17-05-2022 -ന് ലഭിച്ച ഐ.ആർ.1/20/2020 നമ്പർ കത്തിന് വനിത ശിശുക്ഷേമ വകുപ്പ്

എന്നാണ് മറുപടി നൽകിയതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിന്മേലുള്ള മറുപടി അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പിൽ നിന്നും 17-05-2022-ൽ IR/1/20/2020 നമ്പർ ആയിട്ടുള്ള കത്ത് നേരിട്ട് വകുപ്പിന് ലഭിച്ചിട്ടില്ല. എന്നാൽ ടി കത്ത് സൂചനയായി പരാമർശിക്കുന്ന ജലവിഭവ വകുപ്പിലെ പദ്ധതി വിഭാഗം-2 ചീഫ് എഞ്ചിനീയറുടെ 13-06-0022-ലെ PG2-2414/2016 നമ്പർ കത്തിന് 17-8-2022-ന് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് മറുപടി നൽകിയിട്ടുണ്ട്.

## സൈക്കോ സോഷ്യൽ കൗൺസിലർമാരുടെ പ്രസവാവധി

226(5830)<u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത ശിശുവികസന വകുപ്പിനുകീഴിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സൈക്കോ സോഷ്യൽ കൗൺസിലർമാർക്ക് പ്രസവാവധി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അറിയിക്കാമോ?

ധനകാര്യവകുപ്പിന്റെ 04-01-2021-ലെ സ.ഉ(അച്ചടി) നം. 2/2021/ധന ഉത്തരവുപ്രകാരമാണ് കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന വനിതാ

ഉദ്യോഗസ്ഥരായ സൈക്കോ സോഷ്യൽ കൗൺസിലർമാർക്ക് പ്രസവാവധി അനുവദിക്കുന്നതെന്ന് അറിയിക്കുന്നു.

മേൽ ഉത്തരവിലെ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

കരാർ വ്യവസ്ഥയിൽ നിയമിതരാകുന്ന വനിത ഉദ്യോഗസ്ഥർക്ക് മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രപ്രകാരം അവരുടെ പ്രസവം നടക്കാനിടയുള്ള ദിവസത്തിന് മൂന്നാഴ്ച മുമ്പുള്ള തീയതി മുതൽ അനുവദനീയമാണെന്ന വ്യവസ്ഥയിൽ കരാർ ദൈർഘ്യം കണക്കിലെടുക്കാതെ 180 ദിവസത്തേയ്ക്കോ കരാറവസാനിക്കുന്ന തീയതി വരെയോ ഏതാണോ ആദ്യം അതുവരെ KSR ഭാഗം 1 ചട്ടം 100 പ്രകാരം പൂർണ്ണ ശമ്പളത്തോടെ പ്രസവാവധി ആനുകൂല്യങ്ങളും KSR ഭാഗം 1 ചട്ടം 101 പ്രകാരം പൂർണ ശമ്പളത്തോടെയുള്ള അവധിയും അനുവദിച്ചിട്ടുണ്ട്. പ്രസവം നടക്കാനിടയുള്ള തീയതിക്കോ അബോർഷൻ സംഭവിക്കുന്ന തീയതിക്കോ തൊട്ടുമുമ്പ് തൊഴിലുടമയുടെ കീഴിൽ കുറഞ്ഞത് 80 ദിവസമെങ്കിലും ജോലി ചെയ്തിട്ടില്ലാത്ത ജീവനക്കാർക്ക് മേൽ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. ഉത്തരവിന് 27-02-2018 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ബി) ഇതുസംബന്ധിച്ച് പുതുതായി പുറപ്പെടുവിച്ച ഉത്തരവുപ്രകാരം 80 ദിവസം സേവനകാലാവധി കഴിഞ്ഞവർക്ക് മാത്രമേ പ്രസ്തുത അവധി അനുവദിക്കാവൂയെന്ന് നിഷ്കർഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

അതെ. ധനകാര്യ വകുപ്പിന്റെ 04-01-2021-യിലെ സ.ഉ (അച്ചടി) നം. 2/2021/ധന ഉത്തരവിന്റെ നിബന്ധന 2 പ്രകാരം പ്രസവം നടക്കാനിടയുള്ള തീയതിക്കോ അബോർഷൻ സംഭവിക്കുന്ന തീയതിക്കോ തൊട്ടുമുമ്പ് തൊഴിലുടമയുടെ കീഴിൽ കുറഞ്ഞത് 80 ദിവസമെങ്കിലും ജോലി ചെയ്തിട്ടില്ലാത്ത ജീവനക്കാർക്ക് മേൽ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) കരാറടിസ്ഥാനത്തിൽ വർഷങ്ങളായി പ്രവർത്തിക്കുന്നവരായിട്ടും പ്രസ്തുത അവധിക്ക് അതത് വർഷം കരാർ പുതുക്കുന്ന ദിവസം മുതൽപ്രാബല്യത്തിൽ യോഗ്യത കാലമായ 80 ദിവസം കണക്കാക്കുന്നതുമൂലം ആദ്യ മൂന്ന് മാസക്കാലയളവിൽ പ്രസവാവധിയെടുക്കുന്നതിന് തടസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് ലഭിച്ച പരാതിയിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഇല്ല. കെ.എസ്.ആർ, ഭാഗം 1, അനുബന്ധം 1-ൽ നിഷ്കർഷിക്കുന്ന കരാർ പ്രകാരമോ അല്ലെങ്കിൽ കെ.എസ്.ആർ പ്രകാരമുള്ള അവധിചട്ടങ്ങൾ

ബാധകമാക്കിയിട്ടുള്ള കരാർ പ്രകാരമോ നിശ്ചിത കാലയളവിലേയ്ക്ക് നിയമിക്കപ്പെട്ടവർക്ക് കെ.എസ്.ആർ, ഭാഗം 1, അനുബന്ധം VIII-ൽ നിഷ്കർഷിച്ചിട്ടുള്ള അവധികളാണ് ബാധകമാകുന്നത്. 04-01-2021-ലെ സ.ഉ.(പി) നം.02/2021/Fin പ്രകാരം എല്ലാ കരാർ ജീവനക്കാർക്കും കരാർ ദൈർഘ്യം കണക്കിലെടുക്കാതെ ചില വ്യവസ്ഥകൾക്കുവിധേയമായി പ്രസവാവധി അനുവദിക്കുവാനും കെ.എസ്.ആർ ഭാഗം 1, അനുബന്ധം VIII-ൽ ഭേദഗതി വരുത്താനും ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിന് 27-02-2018 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. രണ്ട് കരാർ കാലാവധിക്കിടയിൽ ഇടവേള വന്നാൽ രണ്ടാമത്തേത് ഒരു പുതിയ കരാറായിട്ടേ പരിഗണിക്കാൻ കഴിയൂ എന്നും ഒരേ തൊഴിലുടമയുടെ കീഴിൽ ഒരേ തസ്തികയിൽ തന്നെ തുടർച്ചയായോ ബ്രേക്കോടുകൂടെയോ രണ്ട് ടേം കോൺട്രാക്ടിലും ഒരേവ്യക്തിയാണ് ഏർപ്പെടുന്നതെങ്കിലും ഒരു കോൺട്രാക്ട് മറ്റ് കോൺട്രാക്ടിന്റെ തുടർച്ച എന്നനിലയിൽ കണക്കാക്കാൻ കഴിയില്ലെന്ന നിർദേശമാണ് ധനകാര്യ വകുപ്പ് നൽകിയിരിക്കുന്നത്.

(ഡി) പ്രസ്തുത ദിവസമാനദണ്ഡം നിലനിൽക്കുന്നതിനാൽ അവധി ലഭിക്കാതാകുകയും എന്നാൽ അവധിയിൽ പ്രവേശിക്കുന്നത് അത്യാവശ്യമായി വരികയും ചെയ്യുന്നവർക്ക് ഇത്രയധികം വർഷം ജോലി

ചെയ്തവരാണെങ്കിൽപ്പോലും തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുന്നത് കണക്കിലെടുത്ത് ഈ വ്യവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പരിഗണനയിലില്ല.

**തളിപ്പറമ്പ് മണ്ഡലത്തിലെ സ്മാർട്ട് അങ്കണവാടികൾ**

227(5831)<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച സ്മാർട്ട് അങ്കണവാടികളുടെ വിശദാംശം ലഭ്യമാക്കാമോ?

തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ ഇരിക്കൂർ ഐ.സി.ഡി.എസ്.-ലെ മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ 33-ാം നമ്പർ അങ്കണവാടിക്ക് സ്മാർട്ട് അങ്കണവാടിയുടെ 5 സെന്റ് പ്ലാൻ പ്രകാരം വകുപ്പ് വിഹിതമായി 20,00,000/- രൂപയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമായി 12,31,328/- രൂപയും ചേർത്ത് ആകെ 32,31,328/- (മുപ്പത്തിരണ്ട് ലക്ഷത്തി മുപ്പത്തൊന്നായിരത്തി മുന്നൂറ്റി ഇരുപത്തിയെട്ട് രൂപ

മാത്രം) രൂപ വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) സ്മാർട്ട് അങ്കണവാടിയാക്കുന്നതിനായി നിലവിൽ പരിഗണനയിലുള്ള മണ്ഡലത്തിലെ അങ്കണവാടികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽനിന്നും നിലവിൽ 2 പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. നടപ്പുസാമ്പത്തികവർഷം ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ അടുത്ത സാമ്പത്തികവർഷം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതാണ്. ടി അങ്കണവാടികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## മായം കലർത്തുന്നത് സംബന്ധിച്ച പരാതി അറിയിക്കുന്നതിനുള്ള പോർട്ടൽ

228(5832) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഭക്ഷണത്തിൽ മായം കലർത്തുന്നതും പഴകിയ ഭക്ഷണം വിതരണം ചെയ്യുന്നതും സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പോർട്ടലിന്റെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(ബി) പ്രസ്തുത പോർട്ടലിലൂടെ ഇതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ലഭിച്ച പരാതികളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

(എ&ബി) ഭക്ഷണത്തിൽ മായം കലർത്തുന്നതും പഴകിയ ഭക്ഷണം നൽകുന്നതും സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പോർട്ടൽ രൂപീകരണം അവസാനഘട്ടത്തിലാണ്. ടി പോർട്ടൽ ഔദ്യോഗികമായി പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) നിയമപരമായ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന ഭക്ഷണശാലകളെ നിരീക്ഷിക്കുന്നതിന് സംവിധാനമുണ്ടാക്കിയിട്ടുണ്ടോ; ഇത്തരം ഭക്ഷണശാലകളിൽ പരിശോധനകൾ നടത്തുന്നുണ്ടോ; വിശദമാക്കാമോ?

നിയമപരമായ അനുമതിയില്ലാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി കർശനമായ പരിശോധനകൾ നടന്നുവരുന്നു. പരിശോധനകളിൽ നിയമപരമായ ലൈസൻസ്/രജിസ്ട്രേഷനില്ലാത്ത സ്ഥാപനങ്ങൾ കണ്ടെത്തിയാൽ അത്തരം സ്ഥാപനങ്ങൾ നിർത്തിവയ്പ്പിച്ച് ലൈസൻസ്/രജിസ്ട്രേഷൻ എടുത്തതിനുശേഷം മാത്രമേ തുടർന്ന് പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകുകയുള്ളൂ.

**സേവ് ഫുഡ് ഷെയർ ഫുഡ് പദ്ധതി**

229(5833) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണം അധികമുല്പാദിപ്പിക്കുന്നതും പാഴാകാൻ സാധ്യതയുള്ളതുമായ മേഖലകൾ കണ്ടെത്തി അത് പാഴാക്കാതെ ആവശ്യമുള്ള നിരാലംബർക്ക് എത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഭക്ഷണം അധികമുൽപ്പാദിപ്പിക്കുന്നതും പാഴാകാൻ സാധ്യതയുള്ളതുമായ മേഖലകൾ കണ്ടെത്തി അത് പാഴാക്കാതെ ആവശ്യമുള്ള നിരാലംബർക്ക് എത്തിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കി സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായി Save Food Share Food എന്ന പദ്ധതി നടത്തിവരുന്നുണ്ട്. സന്നദ്ധ സംഘടനകളുടെയും പൊതുപ്രവർത്തകരുടെയും സാമൂഹിക സംഘടനകളുടെയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഭക്ഷണം നൽകാൻ സന്നദ്ധതയുള്ളവർക്ക് ദാതാവ് (Donor) ആയോ ഭക്ഷണം ആവശ്യമുള്ളവർക്ക് സ്വീകർത്താവ് (Beneficiary) ആയോ, ഇവ വിതരണം ചെയ്യുന്നതിനോ മറ്റ് സഹായം ചെയ്യുന്നവരെ സന്നദ്ധർ (Volunteer) ആയോ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. ഇവരെ തമ്മിൽ കൂട്ടിയിണക്കുന്ന കണ്ണിയായി ഭക്ഷ്യ സുരക്ഷാ വകുപ്പ് പ്രവർത്തിക്കുന്നു. ഇത്തരത്തിൽ സംസ്ഥാനത്തൊട്ടാകെ 15 സ്ഥാപനങ്ങളാണ് Save Food Share Food പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. https://eatrightindia.gov.in എന്ന പോർട്ടലിൽ സംസ്ഥാനത്തൊട്ടാകെയുള്ള സന്നദ്ധ സംഘടനകളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ "സേവ് ഫുഡ് ഷെയർ ഫുഡ് പദ്ധതി" സംസ്ഥാന വ്യാപകമായി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഭക്ഷണപ്പൊതികൾ വിതരണം ചെയ്യുന്ന സാമൂഹ്യ സംഘടനകളെയും മറ്റ് സന്നദ്ധ സംഘടനകളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

(ബി&സി) Save Food Share Food പദ്ധതിയിൽ സന്നദ്ധ സംഘടനകൾ സ്വമേധയാ ആണ് രജിസ്റ്റർ ചെയ്യേണ്ടത്. നിലവിൽ സംസ്ഥാനത്തൊട്ടാകെ 15 സ്ഥാപനങ്ങൾ ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) പാചകം ചെയ്ത ഭക്ഷണ സാധനങ്ങൾക്കുപുറമെ ഭക്ഷ്യ ഉല്പാദക സ്ഥാപനങ്ങളിൽ അധികമുള്ള ഭക്ഷണവും കേടായതല്ലെന്ന് ഉറപ്പാക്കി ശേഖരിച്ച് വിതരണം നടത്തുന്നതിന് പദ്ധതി വിഭാവന ചെയ്യുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിയിൽ ഭക്ഷ്യസുരക്ഷ വകുപ്പിന്റെ പങ്കാളിത്തം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; പൊതുസമൂഹത്തിന്റെ പങ്കാളിത്തം

പരമാവധി ഉറപ്പുവരുത്തി പദ്ധതി വിപുലമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ഡി&ഇ) ഭക്ഷണം അധികമുൽപ്പാദിപ്പിക്കുന്നതും പാഴാകാൻ സാധ്യതയുള്ളതുമായ മേഖലകൾ കണ്ടെത്തി അത് പാഴാക്കാതെ ആവശ്യമുള്ള നിരാലംബർക്ക് എത്തിക്കുകയെന്ന ലക്ഷ്യം സാധ്യമാക്കുന്നതിന് സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായി ആയത് സംബന്ധിച്ച ബോധവൽക്കരണ പരിപാടികളുൾപ്പെടെ നടത്തി പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭക്ഷ്യ സുരക്ഷ നിയമം**

230(5834) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷ നിയമം നിലവിൽ വന്നിട്ടും ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട മേഖലയിൽ കാര്യക്ഷമമായ പരിശോധനകളോ നിയന്ത്രണങ്ങളോ നടപടികളോ ഉണ്ടാകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭക്ഷ്യ സുരക്ഷ നിയമം നിലവിൽ വന്നിട്ടും ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട മേഖലയിൽ കാര്യക്ഷമമായ പരിശോധനകളോ നിയന്ത്രണങ്ങളോ നടപടികളോ ഉണ്ടാകുന്നില്ലെന്നത് വസ്തുതാവിരുദ്ധമാണ്. 2022 ഏപ്രിൽ മുതൽ 2023 ഫെബ്രുവരി വരെയുള്ള കാലയളവിൽ 70543 ഭക്ഷ്യ പരിശോധനകൾ നടത്തുകയും 7086 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 539 സാമ്പിളുകൾ Unsafe ആയും 244 സാമ്പിളുകൾ Substandard ആയും 481 സാമ്പിളുകൾ Misbranded ആയും പരിശോധനാ ഫലം ലഭ്യമായിട്ടുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പച്ചക്കറികൾ, പാൽ, മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയിൽ വിഷാംശമുണ്ടോയെന്ന് കണ്ടെത്താനുള്ള സംവിധാനം എല്ലാ ചെക്ക് പോസ്റ്റുകളിലും നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യാൻ സംസ്ഥാന തലത്തിൽ സംവിധാനമുണ്ടോയെന്ന് വിശദമാക്കുമോ?

ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പച്ചക്കറികൾ, പാൽ, മറ്റ് ഭക്ഷ്യ വസ്തുക്കൾ എന്നിവ പരിശോധിക്കുന്നതിന് സ്ഥിരം സംവിധാനം ചെക്ക് പോസ്റ്റുകളിൽ നിലവിലില്ലെങ്കിലും അന്യസംസ്ഥാനങ്ങളിൽനിന്നും

അതിർത്തി ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തെത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരമുറപ്പാക്കുന്നതിനായി മാർക്കറ്റുകളിൽനിന്നും സാമ്പിൾ ശേഖരിച്ച് പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികളുടെയും സഹായത്തോടുകൂടിയും ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ നടത്തിവരുന്നു. 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് ഇത്തരത്തിലുള്ള 110 പരിശോധനകൾ നടത്തുകയുണ്ടായി. അതിർത്തി കടന്ന് വരുന്ന ഭക്ഷ്യ വസ്തുകൾ random ആയി പരിശോധിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഭക്ഷ്യവസ്തുക്കളിൽ ചേർത്തിട്ടുള്ള മായം കണ്ടെത്തുന്നതിന് ആധുനിക ഉപകരണങ്ങളുള്ള ലബോറട്ടറികൾ എവിടെയെല്ലാമുണ്ടെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് ഭക്ഷ്യോല്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന NABL അക്രെഡിറ്റേഷൻ ലഭിച്ച മൂന്ന്

അനലിറ്റിക്കൽ ലാബുകളാണ് നിലവിലുള്ളത്. ഈ ലാബുകളിൽ ഭക്ഷണ പദാർത്ഥങ്ങളുടെയും വെള്ളത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള Food Safety and Standards Act നിഷ്കർഷിക്കുന്ന GCMSMS, ICPOES, HPLC, FTIR, uv Visible Spectro Photometer, Ion Chromotography എന്നീ ആധുനിക സജ്ജീകരണങ്ങൾ നിലവിലുണ്ട്. ശബരിമലയിലെ വഴിപാട് പ്രസാദമായ അപ്പം, അരവണ എന്നിവയുടെ നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, തീർത്ഥാടകർക്ക് നൽകുന്ന കുടിവെള്ളം എന്നിവയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ആരംഭിച്ച പത്തനംതിട്ട ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബിനായി സ്വന്തമായി വിപുലീകരിച്ച കെട്ടിടം നിർമ്മിക്കുന്നതിന് പത്തനംതിട്ടയിൽ കോഴഞ്ചേരി താലൂക്കിൽ അനുവദിച്ച 4.55 ആർ ഭൂമിയിൽ ലാബിന്റെ നിർമ്മാണ നടപടികൾ പുരോഗമിക്കുന്നു. ഇതുകൂടാതെ കണ്ണൂർ ജില്ലയിൽ ഒരു റീജിയണൽ അനലിറ്റിക്കൽ ലാബ് സ്ഥാപിക്കുന്നതിനായി 2019 ഫെബ്രുവരി 28-ന് ടി ലാബിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിക്കുകയും ലാബിന്റെ നിർമ്മാണം പൂർത്തിയാകുന്നതുവരെ ലാബിന്റെ പ്രവർത്തനം ഒരു താല്ക്കാലിക കെട്ടിടത്തിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 14 മൊബൈൽ ഫുഡ്ടെസ്റ്റിംഗ്

ലാബുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. ഭക്ഷണ സാധനങ്ങളുടെ പരിശോധനയ്ക്കായി എല്ലാ ജില്ലകളിലും മൊബൈൽ ഫുഡ്ടെസ്റ്റിംഗ് ലാബുകൾ ഏർപ്പെടുത്തിയ ആദ്യ സംസ്ഥാനമാണ് കേരളം. ടി ലാബുകൾ ഭക്ഷ്യപരിശോധന, ഭക്ഷ്യസുരക്ഷയെകുറിച്ചുള്ള ബോധവത്കരണം എന്നിവ നടത്തുന്നു. പൊതുജനങ്ങളിൽ നിന്നും ലഭ്യമാകുന്ന കുടിവെള്ളം, പാൽ, ഭക്ഷ്യയെണ്ണ, മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവ മൊബൈൽ ലബോറട്ടറികളിൽ പരിശോധിക്കാൻ സാധിക്കുന്നു.

(ഡി) ഭക്ഷ്യവസ്തുക്കളിൽ മായം കണ്ടെത്തിയതിന്റെ പേരിൽ എത്ര സ്ഥാപനങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; പ്രസ്തുത സ്ഥാപനങ്ങളുടെ പേര്, മായം കണ്ടെത്തിയ ഉല്പന്നങ്ങളുടെ പേര് ഉൾപ്പടെയുള്ള വിശദാംശം ജില്ല തിരിച്ച് അറിയിക്കാമോ; പ്രസ്തുത ഉല്പന്നങ്ങൾ വിപണിയിൽ നിന്ന് പിൻവലിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

സുരക്ഷിതമല്ലാത്ത ഭക്ഷണം വിറ്റ സ്ഥാപനങ്ങൾക്കെതിരെ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം സ്വീകരിച്ച പ്രോസിക്യൂഷൻ നടപടികളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ സുരക്ഷിതമല്ലെന്ന റിപ്പോർട്ട് ലഭിച്ചാൽ ഉടനടി തന്നെ ആ ബാച്ച് മാർക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ഭക്ഷ്യ സുരക്ഷ പരിശോധന വിശേഷാവസരങ്ങളിൽ മാത്രമായി ചുരുക്കാതെ കൃത്യമായ ഇടവേളകളിൽ നടത്തുന്നതിനും ഒന്നിൽ കൂടുതൽ തവണ തെറ്റ് ആവർത്തിക്കുന്നവരുടെ ലൈസൻസ് എന്നന്നേയ്ക്കുമായി റദ്ദാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അതുവഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യ സുരക്ഷാവകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഒരു ഭക്ഷ്യ സ്ഥാപനം പരിശോധിക്കപ്പെടുമ്പോൾ നിയമം അനുശാസിക്കുന്ന ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാതെ പൊതുജനാരോഗ്യത്തെ ബാധിക്കുന്ന തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് സസ്പെന്റ് ചെയ്യുകയും പ്രവർത്തനം നിർത്തി വയ്പിപ്പിക്കുകയും ചെയ്യുന്നു. ന്യൂനതകൾ പരിഹരിച്ച് നിയമാനുസരണമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സ്ഥാപനം തുറക്കുന്നതിനുള്ള അനുമതി നൽകുന്നു. എന്നാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം സെക്ഷൻ 32 പ്രകാരം ഒരു സ്ഥാപനത്തിൽ ന്യൂനതകൾ കണ്ടെത്തുമ്പോൾ അത് പരിഹരിക്കുന്നതിനാവശ്യമായ നിശ്ചിത സമയം നൽകി ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകുന്നു. എന്നാൽ മതിയായ

സമയം നൽകിയിട്ടും സ്ഥാപനം ന്യൂനതകൾ പരിഹരിക്കാത്ത പക്ഷം സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദ് ചെയ്യുന്നു. ഇത്തരത്തിൽ റദ്ദ് ചെയ്യപ്പെട്ടാൽ ഈ സ്ഥാപനം പുതിയതായി ലൈസൻസ് എടുക്കണമെങ്കിൽ മൂന്നു മാസത്തിനു ശേഷമേ ലൈസൻസിനായുള്ള പുതിയ അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. അപ്രകാരമുള്ള അപേക്ഷയിന്മേൽ കമ്മീഷണറുടെ അനുമതിയോടുകൂടി മാത്രമേ ലൈസൻസ് നൽകുകയുള്ളൂ.

(എഫ്) സുനാമി ഇറച്ചി എന്ന പേരിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മായം ചേർന്ന ഇറച്ചി പല ബേക്കറികളിലും ഹോട്ടലുകളിലും ഉപയോഗിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വിൽക്കുന്നവർക്കെതിരെയും പാചകം ചെയ്ത് വിൽക്കുന്നവർക്കെതിരെയും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

സുനാമി ഇറച്ചി എന്ന പേരിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും ഗുണനിലവാരമില്ലാത്ത ഇറച്ചി വരുന്നുണ്ടെന്ന പരാതികളുടെ അടിസ്ഥാനത്തിൽ റെയിൽവേ സ്റ്റേഷൻ കേന്ദ്രീകരിച്ചും അല്ലാതെയും പരിശോധനകൾ നടത്തിവരുന്നുണ്ട്. ഇത്തരം ഇറച്ചികൾ ഏതെങ്കിലും സ്ഥാപനത്തിൽ ബോധപൂർവ്വം ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ എറണാകുളം ജില്ലയിലെ കളമശ്ശേരി നഗരസഭാ പരിധിയിൽ

കൈപ്പടമുകൾ എന്ന സ്ഥലത്ത് 20/144 കെട്ടിട നമ്പരുള്ള വീട്ടിൽ ഭക്ഷ്യ യോഗ്യമല്ലാത്ത കോഴിയിറച്ചി സൂക്ഷിച്ചിരിക്കുന്നതായി ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കളമശ്ശേരി ഭക്ഷ്യ സുരക്ഷാ സർക്കിളിലെ ഭക്ഷ്യ സുരക്ഷാ ഓഫീസർ ടി സ്ഥലം സന്ദർശിച്ച് പരിശോധന നടത്തിയതിൽ വൃത്തിഹീനമായ സാഹചര്യത്തിൽ ദുർഗന്ധം വമിക്കുന്ന നിലയിൽ 500 കിലോഗ്രാം തൂക്കം വരുന്ന കോഴിയിറച്ചി മൂന്ന് അറകളോടുകൂടിയ രണ്ടു ഫ്രീസറുകളിലായി സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തുകയും ചെയ്തു. പരിശോധനകളുടെ ഭാഗമായി കോഴിയിറച്ചിയുടെ സാമ്പിളുകൾ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലെ 38, 47 വകുപ്പുകൾ പ്രകാരം സാമ്പിളുകൾ ശേഖരിക്കുകയും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബിൽ ശാസ്ത്രീയമായ പരിശോധനകൾക്ക് അയയ്ക്കുകയും ചെയ്തു. തുടർന്ന് ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെത്തി അന്നേ ദിവസം കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ ആരോഗ്യ വിഭാഗം ടി കോഴിയിറച്ചി നശിപ്പിച്ചുവെന്ന് ഉറപ്പുവരുത്തുകയും തുടർന്ന് ടി കോഴിയറച്ചിയുടെ വില്പന നടത്തിയെന്ന് സംശയിക്കുന്നതും കളമശ്ശേരി മുനിസിപ്പാലിറ്റിയുടെ പരിധിയിൽ പ്രവർത്തിക്കുന്നതുമായ 8 സ്ഥാപനങ്ങൾ അന്നേദിവസം രാത്രി കളമശ്ശേരി, തൃക്കാക്കര സർക്കിളുകളിലെ ഭക്ഷ്യ

സുരക്ഷാ ഓഫീസർമാർ സംയുക്തമായി പരിശോധന നടത്തുകയുണ്ടായി. എന്നാൽ പരിശോധനയിൽ പ്രസ്തുത സ്ഥാപനങ്ങളിൽ പഴകിയ ഇറച്ചി കണ്ടെത്താനായില്ല. തുടർന്ന് 13-01-2023-യിൽ കളമശ്ശേരി ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഭക്ഷ്യ സുരക്ഷാ സ്ക്വാഡ് അംഗങ്ങളുടെ സാന്നിധ്യത്തിൽ പഴകിയ ഇറച്ചി സൂക്ഷിച്ചിരുന്ന വീട് ആരോഗ്യവിഭാഗം പൂട്ടി സീൽ ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത സ്ഥാപനം ഭക്ഷ്യ സുരക്ഷാ ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചിരുന്നതെന്ന് കണ്ടെത്തിയതിനാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം സെക്ഷൻ 63 പ്രകാരം കുറ്റക്കാരനായ വ്യക്തിക്കെതിരെ പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പാചകവാതക വിലവർദ്ധനവ്**

231(5835) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയർന്ന് കൊണ്ടിരിക്കെ പാചക വാതകത്തിന് തുടർച്ചയായി വിലകൂട്ടുന്നത്

ജനജീവിതം കൂടുതൽ ദുസ്സഹമാക്കുന്ന സാഹചര്യം പ്രത്യേകം വിലയിരുത്തിയിട്ടുണ്ടോ;

(ബി) 2014-ൽ കേന്ദ്ര സർക്കാർ അധികാരത്തിൽ വരുമ്പോൾ നാനൂറ് രൂപയായിരുന്ന പാചക വാതക സിലിണ്ടറിന് തുടർച്ചയായി വില വർദ്ധിപ്പിച്ചതിന്റെ ഫലമായി സാധാരണ ജനങ്ങളുടെ ദൈനംദിന ജീവിതം താറുമാറാകുകയും ഹോട്ടൽ ഭക്ഷണത്തിന് വില വർദ്ധിക്കുവാൻ ഇടയാവുകയും ചെയ്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലെ കേന്ദ്ര സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാചക വാതക സിലിണ്ടറിന് നൽകിയിരുന്ന സബ്സിഡി നിർത്തലാക്കുകയും സിലിണ്ടറിന്റെ വില ആയിരത്തി ഒരുനൂറ്റി പത്ത് രൂപയായി വർദ്ധിപ്പിക്കുകയും ചെയ്ത നടപടികൾ തിരുത്തുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് അടിയന്തര നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

(എ-സി) ഉണ്ട്. പാചക വാതക സിലിണ്ടറിന് തുടർച്ചയായി വില വർദ്ധിച്ചുകൊണ്ടിരുന്ന സാഹചര്യത്തിൽ പാചകവാതകത്തിന്റെ വില കുറയ്ക്കുന്നതിനും സബ്സിഡി പുനഃസ്ഥാപിച്ച് കിട്ടുന്നതിനും

ആവശ്യപ്പെട്ടിരുന്നുവെങ്കിലും കേന്ദ്ര സർക്കാരിൽ നിന്നും അനുകൂല തീരുമാനം ലഭ്യമായിട്ടില്ല. നിലവിലെ സാഹചര്യത്തിൽ പ്രസ്തുത വിഷയം വീണ്ടും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**പാചക വാതക വില വർദ്ധനവ്**

232(5836) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ കേന്ദ്ര സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ എത്രതവണയാണ് പാചകവാതക വില വർദ്ധിപ്പിച്ചതെന്നും എത്ര രൂപ വീതമാണ് വർദ്ധിപ്പിച്ചതെന്നും അറിയിക്കാമോ;

(ബി) പെട്രോൾ, ഡീസൽ വില വർദ്ധനമൂലമുള്ള നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനയും പാചകവാതക വിലവർദ്ധനയും ജനങ്ങൾക്ക് കടുത്ത ജീവിത പ്രതിസന്ധിയുണ്ടാക്കാനിടയുള്ളത് ഗൗരവമായി കാണുന്നുണ്ടോ;

(സി) പാചകവാതക വിലവർദ്ധന പിൻവലിക്കുന്നതിനും നിർത്തലാക്കപ്പെട്ട സബ്സിഡി പുന:സ്ഥാപിക്കുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ?

(എ-സി) 2014-ൽ കേന്ദ്ര സർക്കാർ അധികാരത്തിൽ വരുമ്പോൾ 970/- (31-05-2014-ൽ) (സബ്സിഡിയും കൂടി ചേർത്ത്) രൂപ വിലയുണ്ടായിരുന്ന ഗാർഹിക പാചകവാതക സിലിണ്ടറിന് അമ്പത് തവണയിൽ കൂടുതൽ വിലയിൽ വർദ്ധനയുണ്ടാകുകയും നിലവിൽ വില 1,110/- രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പെട്രോൾ, ഡീസൽ വില വർദ്ധനമൂലമുള്ള നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനയും പാചകവാതക വിലവർദ്ധനയും ജനങ്ങൾക്ക് കടുത്ത ജീവിത പ്രതിസന്ധിയുണ്ടാക്കുന്നുണ്ടെന്നത് കണക്കിലെടുത്ത് 2020-ൽ പിൻവലിച്ച പാചകവാതകത്തിന്റെ സബ്സിഡി പുനഃസ്ഥാപിക്കുന്നതിനും വിലവർദ്ധന നിയന്ത്രിക്കുന്നതിനുമായി ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നതാണ്.

## പാചക വാതക വില

233(5837) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ കേന്ദ്ര സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് പാചകവാതകത്തിന്റെ വിലയെന്തായിരുന്നുവെന്നും അധികാരത്തിൽ വന്നാൽ ഈ മേഖലയിൽ എന്തെല്ലാം ചെയ്യുമെന്നാണ് വാഗ്ദാനം നൽകിയിരുന്നതെന്നും അറിയിക്കാമോ;

(ബി) 2020-ൽ പാചകവാതകത്തിന്റെ സബ്സിഡി അപ്രഖ്യാപിതമായി പിൻവലിക്കുകയും നിരന്തരമായി പാചകവാതകത്തിന് വില വർദ്ധിപ്പിക്കുകയും ചെയ്യാനിടയായതുമൂലം രാജ്യത്തുണ്ടായിട്ടുള്ള വിലക്കയറ്റത്തിന്റെ തോത് സംസ്ഥാനത്ത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

(എ&ബി) 2014 മെയ് മാസത്തിൽ ഗാർഹിക പാചകവാതക സിലിണ്ടറിന്റെ വില 970/- (സബ്സിഡിയും ചേർത്ത്) രൂപയായിരുന്നു. 2020-ൽ പാചകവാതകത്തിന്റെ സബ്സിഡി പിൻവലിച്ചതിനെ തുടർന്ന് സബ്സിഡി പുനഃസ്ഥാപിക്കുന്നതിനും വിലവർദ്ധന നിയന്ത്രിക്കുന്നതിനും കേന്ദ്ര സർക്കാരിന് കത്ത് നൽകിയെങ്കിലും അനുകൂലമായ മറുപടിയൊന്നും

ലഭ്യമായിട്ടില്ല. തുടർച്ചയായി പാചകവാതകത്തിന്റെ വില വർദ്ധിച്ചുകൊണ്ടിരിക്കുന്ന നിലവിലെ സാഹചര്യത്തിൽ പ്രസ്തുത വിഷയം വീണ്ടും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## മില്ലുകൾക്ക് പ്രളയകാല നഷ്ടം

234(5838) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയകാലത്ത് നെല്ല് സംഭരിച്ച മില്ലുകൾക്ക് നഷ്ടപരിഹാരമായി പത്തുകോടി രൂപ നൽകാമെന്ന് ധനകാര്യ വകുപ്പുമന്ത്രിയുടെയും ഭക്ഷ്യ വകുപ്പുമന്ത്രിയുടെയും സാന്നിധ്യത്തിൽ നടന്ന ചർച്ചയിൽ മില്ലുടമകൾക്ക് ഉറപ്പ് നൽകിയിരുന്നോ?

17-01-2023-ന് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ മില്ലുടമകളുടെ പ്രതിനിധികളുമായി നടന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു.

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ പ്രളയകാലത്ത് നെല്ല് സംഭരിച്ച് അരിയാക്കിയതിനുള്ള കൈകാര്യ ചെലവിനത്തിൽ മില്ലുടമകൾക്ക് സർക്കാർ പണം അനുവദിക്കുകയുണ്ടായോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈയിനത്തിൽ എത്ര കോടി രൂപ നൽകണമെന്നാണ് മില്ലുടമകളുടെ സംഘടന ആവശ്യപ്പെട്ടിട്ടുള്ളത്; മില്ലുടമകളുടെ ആവശ്യം ന്യായമാണെന്ന് സപ്ലൈകോ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തുകയുണ്ടായോ?

15.372 കോടി രൂപ നഷ്ടപരിഹാരമായി നൽകണമെന്നാണ് മില്ലുടമകൾ ആവശ്യപ്പെട്ടിരിക്കുന്നത്. 2018-ലെ പ്രളയത്തിൽ 60256.206 മെട്രിക് ടൺ നെല്ല് നശിച്ചിട്ടുണ്ടെന്നും ആയതിൽ സംഭരണ ചെലവിനത്തിൽ 15.372 കോടി രൂപ മില്ലുടമകൾക്ക് നഷ്ടമായിട്ടുണ്ടെന്നും സപ്ലൈകോയുടെ ടെക്നിക്കൽ കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഈയിനത്തിൽ പണം നൽകുന്നതിന് കേരള ബാങ്കിൽനിന്നും വായ്പയെടുക്കുന്നതിന് തീരുമാനിക്കുകയുണ്ടായോ; എങ്കിൽ ആകെ എത്ര തുക

എത്ര ശതമാനം പലിശ നിരക്കിൽ വായ്പയായെടുക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്?

മില്ലുകൾക്ക് പ്രളയ നഷ്ടപരിഹാരം നൽകുന്നതിനായി കേരള ബാങ്കിൽനിന്നും വായ്പയെടുക്കാൻ തീരുമാനിച്ചിട്ടില്ല.

(ഇ) സംസ്ഥാനത്ത് ആകെ എത്ര മില്ലുകളാണ് ഇപ്രകാരം പ്രളയകാലത്ത് നെല്ല് സംഭരിച്ചത്; ഓരോ മില്ലും സംഭരിച്ച നെല്ലിന്റെ അളവ് എത്ര വീതം ആണെന്ന് അറിയിക്കുമോ?

2018 ആഗസ്റ്റ് മാസത്തിലാണ് പ്രളയംമൂലം സംഭരിച്ച നെല്ലും സംസ്കരിച്ച അരിയും നഷ്ടപ്പെട്ടത്. 2017-18 സീസണിലെ നെല്ല് സംഭരണം 2018 ജൂൺ മാസം അവസാനിച്ചിരുന്നതിനാൽ ആഗസ്റ്റ് മാസം നെല്ല് സംഭരിക്കപ്പെട്ടിട്ടില്ല. 2017-18 സീസണിൽ 51 മില്ലുകൾ നെല്ല് സംഭരണത്തിൽ പങ്കെടുത്തിരുന്നു. അതിൽ 27 മില്ലുകളെയാണ് പ്രളയം ബാധിച്ചത്. പ്രളയം കാരണം നഷ്ടം സംഭവിച്ച എല്ലാ മില്ലുടമകൾക്കുമായാണ് 10 കോടി രൂപ നഷ്ടപരിഹാരം നൽകാമെന്ന് 17-01-2023-ലെ യോഗത്തിൽ തീരുമാനിച്ചത്. 2017-18 സീസണിൽ മില്ലുകൾ സംഭരിച്ച നെല്ലിന്റെ കണക്ക് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എഫ്) മില്ലുടമകൾക്കുള്ള നഷ്ടപരിഹാരത്തുക എപ്പോൾ വിതരണം ചെയ്യാനാകുമെന്നാണ് സർക്കാർ കരുതുന്നത്; വ്യക്തമാക്കാമോ?

എത്രയുംവേഗം തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സുഭിക്ഷ ഹോട്ടലുകൾ വിപുലീകരിക്കുന്നതിന് നടപടി**

235(5839) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചുവരുന്ന സുഭിക്ഷ ഹോട്ടലുകൾ വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;

(ബി) യുവസംരംഭകരെ ഈ പദ്ധതിയിലേയ്ക്കാകർഷിക്കുന്നതിന് വേണ്ടി സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി സുഭിക്ഷ ഹോട്ടലുകളാരംഭിക്കുന്നതിനുള്ള അപേക്ഷകൾ ജില്ലകളിൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലെ സർക്കാർ ഉത്തരവുപ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കായ 20/- രൂപ നിരക്കിൽ

വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിനുപുറമേ മറ്റുവിഭവങ്ങൾ സ്പെഷ്യലായും പ്രഭാതഭക്ഷണവും സായാഹ്നഭക്ഷണവും ജില്ലാ സുഭിക്ഷ കമ്മിറ്റിയുടെ അംഗീകാരത്തിനുവിധേയമായി ന്യായമായ നിരക്കിൽ വിതരണം നടത്തിവരുന്നു. ഈ മേഖലയിൽ പ്രവൃത്തി പരിചയമുള്ള കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ, സർക്കാർ ഇതര സംഘടനകൾ, സഹകരണ സംഘങ്ങൾ എന്നിവരെ ഹോട്ടൽ നടത്തിപ്പിനായി പരിഗണിക്കുന്നുണ്ട്.

## സുഭിക്ഷ ഹോട്ടലുകൾ

236(5840) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി 20 രൂപയ്ക്ക് ഊണ് നൽകുന്നതിനായി ആരംഭിച്ച സുഭിക്ഷ ഹോട്ടലുകൾ എത്ര നിയോജകമണ്ഡലങ്ങളിലാരംഭിച്ചുവെന്നും ആയതിനായി ഇതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

52 നിയോജകമണ്ഡലങ്ങളിൽ സുഭിക്ഷ ഹോട്ടലുകളാരംഭിച്ചിട്ടുള്ളതിൽ നിലവിൽ 51 എണ്ണം പ്രവർത്തിച്ചുവരുന്നു. സുഭിക്ഷ ഹോട്ടലുകൾക്കായി 3,81,22,884 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രതിമാസം ശരാശരി എത്രപേർ സുഭിക്ഷ ഹോട്ടൽ പ്രയോജനപ്പെടുത്തുന്നുവെന്ന് അറിയിക്കാമോ?

ശരാശരി 4.5 ലക്ഷം ആളുകൾക്ക് പ്രയോജനം ലഭിക്കുന്നു.

(സി) സുഭിക്ഷ ഹോട്ടലുകളുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സുഭിക്ഷ ഹോട്ടലുകളിൽ എല്ലാമാസവും ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ എന്നിവർ പരിശോധന നടത്തിവരുന്നുണ്ട്.

(ഡി) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിക്കുന്നതെന്ന് മണ്ഡലം തിരിച്ച് വിശദമാക്കാമോ?

| | **സ്ഥലം** | **നിയോജകമണ്ഡലം** |
|---|---|---|
| 1. | പാളയം | തിരുവനന്തപുരം |
| 2. | കിളിമാനൂർ | ആറ്റിങ്ങൽ (നിലവിൽ പ്രവർത്തിക്കുന്നില്ല) |

| | | |
|---|---|---|
| 3. | കാട്ടാക്കട | കാട്ടാക്കട |
| 4. | കാഞ്ഞിരംകുളം | കോവളം |
| 5. | നെടുമങ്ങാട് | നെടുമങ്ങാട് |
| 6. | വാമനപുരം | വാമനപുരം |
| 7. | കാര്യവട്ടം | കഴക്കൂട്ടം |

(ഇ) കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**സഞ്ചരിക്കുന്ന റേഷൻ കടകൾ**

237(5841)<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ സഞ്ചരിക്കുന്ന റേഷൻകടകളുടെ പ്രവർത്തനം ഏതൊക്കെ സ്ഥലങ്ങളിലുണ്ടെന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

കാസർഗോഡ് ജില്ലയിൽ സഞ്ചരിക്കുന്ന റേഷൻകട പദ്ധതിയുടെ പ്രവർത്തനമാരംഭിച്ചിട്ടില്ല. പ്രസ്തുത ജില്ലയിൽ ടി പദ്ധതിയുടെ ആവശ്യകതയുണ്ടെന്ന് ബോധ്യപ്പെടുന്ന സ്ഥലങ്ങളിൽ ശിപാർശ

ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് ആയതിനനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**തിരൂർ മണ്ഡലത്തിൽ മുൻഗണനാ റേഷൻ കാർഡ്**

238(5842) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിൽ മുൻഗണനാ റേഷൻ കാർഡ് അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കാനുണ്ടെന്ന വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് മുൻഗണനാ കാർഡ് അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ-സി) ലഭ്യമായ 3345 അപേക്ഷകളിൽ എല്ലാം തീർപ്പാക്കിയിട്ടുണ്ട്.

**മലപ്പുറം ജില്ലയിലെ മുൻഗണനാ റേഷൻകാർഡുകൾ**

239(5843) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അനധികൃതമായി കൈവശംവച്ചിരുന്ന എത്ര മുൻഗണനാ റേഷൻ കാർഡുകളാണ് മലപ്പുറം ജില്ലയിൽനിന്നും പിടിച്ചെടുത്തതെന്ന് വിശദമാക്കുമോ?

താലൂക്ക് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **താലൂക്ക്** | **ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിടിച്ചെടുത്ത കാർഡുകളുടെ എണ്ണം** |
|---|---|---|
| 1. | പൊന്നാനി | 3119 |
| 2. | തിരൂർ | 1860 |
| 3. | തിരൂരങ്ങാടി | 292 |
| 4. | കൊണ്ടോട്ടി | 217 |
| 5. | ഏറനാട് | 206 |
| 6. | പെരിന്തൽമണ്ണ | 3661 |
| 7. | നിലമ്പൂർ | 5526 |
| **ആകെ** | | **14881** |

**ആലത്തൂർ മണ്ഡലത്തിൽ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റി നൽകിയ എ.പി.എൽ. റേഷൻ കാർഡുകൾ**

240(5844) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ എത്ര എ.പി.എൽ. റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽനിന്നും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ & ബി) ഈ സർക്കാരിന്റെ കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനായി ലഭിച്ച 3814 അപേക്ഷകളിൽ അർഹമാണെന്ന് കണ്ടെത്തിയ 2033 എണ്ണം മുൻഗണനാ (പി.എച്ച്.എച്ച്.-1921, എ.എ.വൈ.-112) വിഭാഗത്തിലേയ്ക്ക് മാറ്റി നൽകി, അപേക്ഷകളെല്ലാം തീർപ്പാക്കിയിട്ടുണ്ട്.

**അന്ത്യോദയ അന്ന യോജന കാർഡ് ഉടമകൾ**

241(5845) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അതിദരിദ്രർക്കായുള്ള അന്ത്യോദയ അന്ന യോജന (എ.എ.വൈ.) പ്രകാരം 2021-2022, 2022-2023 കാലയളവിൽ എത്ര കാർഡുടമകൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**റേഷൻ കാർഡില്ലാത്ത അതിദരിദ്രരെ കണ്ടെത്തി റേഷൻകാർഡ് അനുവദിക്കുന്നതിന് നടപടി**

242(5846) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡില്ലാത്ത അതിദരിദ്രരെ കണ്ടെത്തി റേഷൻ കാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) അത്തരത്തിൽ കണ്ടെത്തിയ എത്രപേർക്ക് ഇതുവരെ റേഷൻ കാർഡ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ&ബി) ഉണ്ട്. ദാരിദ്ര്യനിർമ്മാർജ്ജന നടപടികളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് റേഷൻകാർഡില്ലാത്തവരുടെ വിവരങ്ങൾ ശേഖരിച്ച് കാർഡ് അനുവദിക്കുന്നതിനും മുൻഗണനാ പരിധിയിലുൾപ്പെടാൻ അർഹതയുണ്ടായിട്ടും മുൻഗണനേതര കാർഡ് ലഭ്യമായവർക്ക് ആയത് മാറ്റി നൽകുന്നതിനും അതിദരിദ്ര ലിസ്റ്റിലുൾപ്പെട്ടിട്ടുള്ളവരെ യോഗ്യമായ വിഭാഗത്തിലുൾപ്പെടുത്തി റേഷൻകാർഡ് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അതിദരിദ്രരുടെ ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള ആകെ 7316 പേരിൽ 2428 പേർ ആധാറുള്ളവരും 4888 പേർ ആധാറില്ലാത്തവരുമാണ്. ലിസ്റ്റിലുൾപ്പെട്ട ആധാറില്ലാത്തവർക്ക് ആധാർ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും ആധാർ കാർഡുള്ളവർക്ക് റേഷൻകാർഡ് നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. അതുപ്രകാരം പട്ടികയിലുൾപ്പെട്ട 5001 പേർക്ക് കാർഡ് നൽകുകയും അതിൽ 2558 എണ്ണം മുൻഗണനയിലേയ്ക്ക് മാറ്റി നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

അതിദരിദ്ര ലിസ്റ്റിലുൾപ്പെട്ടതും എന്നാൽ ആധാർ കാർഡില്ലാത്തവർ തദ്ദേശസ്വയംഭരണ വകുപ്പിന് തിരിച്ചറിയാൻ കഴിയാത്തവർ/ വിവരങ്ങൾ ലഭ്യമല്ലാത്തവർ, മരണപ്പെട്ടവർ, നിലവിലെ അഡ്രസ്സിൽ താമസമില്ലാത്തവർ, നിലവിൽ വെൽഫെയർ സ്ഥാപനങ്ങളിലുൾപ്പെട്ടവർ, തെറ്റായ ആധാർ നമ്പറുള്ളവർ, മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് സ്ഥലം മാറിപ്പോയവർ, 18 വയസ്സിനുതാഴെയുള്ളവർ, മറ്റ് താലൂക്കുകളിൽ കാർഡുള്ളവർ, പഞ്ചായത്ത് ലിസ്റ്റിൽനിന്നും പേരൊഴിവാക്കിയവർ, കടുത്ത മാനസികരോഗത്താൽ റേഷൻകാർഡ് വേണ്ടെന്ന് അറിയിച്ചവർ എന്നിങ്ങനെയുള്ളവർക്കാണ് റേഷൻകാർഡ് നൽകാൻ അവശേഷിക്കുന്നത്. ഇതിൽ ആധാർ ഇല്ലാത്തവരെ കണ്ടെത്തി റവന്യൂ വകുപ്പിന്റെയും അക്ഷയ സെന്ററിന്റെയും സഹായത്തോടുകൂടി ആധാർ ലഭ്യമാക്കുന്നതിനും റേഷൻ കാർഡ് അനുവദിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും എല്ലാ അതിദരിദ്രർക്കും റേഷൻകാർഡ് അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**റേഷൻകടകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

243(5847) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:

ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ റേഷൻകടകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമം അറിയിക്കാമോ?

കടയുടെ ആവശ്യകത, പ്രദേശത്തിന്റെ പ്രത്യേകത, ചുറ്റുപാടുമുള്ള എ.ആർ.ഡി.-കളുടെ വരുമാനത്തെ ബാധിക്കാതെ കുറഞ്ഞത് 400 കാർഡെങ്കിലുമുണ്ടായിരിക്കുക തുടങ്ങിയവയാണ് മാനദണ്ഡങ്ങൾ. പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ച് പുതിയ റേഷൻ കടയ്ക്കായി ലഭ്യമാകുന്ന അപേക്ഷ ജില്ലാ സപ്ലൈ ആഫീസർ പരിശോധിച്ച് പരിഗണനാർഹമാണെങ്കിൽ സാക്ഷ്യപ്പെടുത്തിയ സ്കെച്ചും പ്ലാനും സഹിതമുള്ള ജില്ലാ കളക്ടറുടെ ശിപാർശ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ മുഖാന്തരം ലഭ്യമാക്കി പരിശോധിച്ച് കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021-ലെ വ്യവസ്ഥകൾ പാലിച്ച് പുതിയ കടയ്ക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിലവിലെ ലൈസൻസികൾ മരണപ്പെടുന്നതിനാലോ മറ്റ് കാരണങ്ങളാലോ പ്രവർത്തനം നിലച്ചുപോകുന്ന റേഷൻ കടകൾ

മറ്റുള്ളവർക്ക് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, അപേക്ഷാരീതികൾ, അർഹതാ മാനദണ്ഡങ്ങൾ എന്നിവ വ്യക്തമാക്കാമോ?

നിലവിലുള്ള ലൈസൻസി മരണപ്പെടുകയാണെങ്കിൽ റേഷൻ വിതരണം തടസ്സപ്പെടാതിരിക്കുന്നതിനുവേണ്ടി ടി കട താൽക്കാലികമായി സസ്പെൻഡ് ചെയ്ത് തൊട്ടടുത്ത കടയിൽ കൂട്ടിചേർത്ത് പ്രവർത്തിപ്പിക്കും. തുടർന്ന് 6 മാസത്തിനകം മരണപ്പെട്ട ലൈസൻസിയുടെ അനന്തരാവകാശികൾക്ക് റേഷൻ കട ആവശ്യമില്ലാതെ വരിക, യഥാസമയം അപേക്ഷ സമർപ്പിക്കാതെ വരിക തുടങ്ങിയ സാഹചര്യങ്ങളിൽ KTPDS (കൺട്രോൾ) ഓർഡർ, 2021 പ്രകാരം ലൈസൻസി നിയമനത്തിന് വിജ്ഞാനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർമാർ സ്വീകരിക്കുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന അർഹതാമാനദണ്ഡങ്ങളുള്ളവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതുമാണ്.

1. അപേക്ഷ നൽകുന്ന വർഷം ജനുവരി ഒന്നിന് 21 വയസ്സ് പൂർത്തിയായിരിക്കണം.
2. ലൈസൻസി മരിച്ചതിനുശേഷം അനന്തരാവകാശിക്ക് ലൈസൻസ് അനുവദിക്കാൻ അപേക്ഷ സമർപ്പിക്കുന്ന വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിരിക്കണം.

3. അപേക്ഷ നൽകുന്ന വർഷം ജനുവരി ഒന്നിന് 62 വയസ്സിൽ കൂടാൻ പാടില്ല.

4. കേരള ബോർഡ് ഓഫ് എക്സാമിനേഷന്റെ 10-ാം ക്ലാസ്സ് അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം.

5. റേഷൻ കട നടത്തുന്നതിന് ലൈസൻസിക്ക് ശാരീരിക, മാനസികാരോഗ്യം ഉണ്ടായിരിക്കണം.

6. അപേക്ഷ നൽകുന്ന തീയതിക്കുമുമ്പ് റേഷൻ കട സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ പ്രദേശത്ത് 3 വർഷം സ്ഥിരതാമസമുണ്ടായിരിക്കണം. അതേ വാർഡിൽ സ്ഥിരതാമസമുള്ള അപേക്ഷകന് മുൻഗണനയുണ്ടായിരിക്കും. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ സംവരണ വിഭാഗങ്ങൾക്ക് റേഷൻകട സ്ഥിതി ചെയ്യുന്ന താലൂക്കിൽ സ്ഥിരതാമസമുണ്ടായാൽ മതി.

7. വ്യക്തിഗത അപേക്ഷകളിൽ യോഗ്യതാ മാനദണ്ഡങ്ങൾ കണക്കാക്കുമ്പോൾ പ്രായത്തിൽ മുതിർന്ന അപേക്ഷകർക്കും 10 വർഷം പരിചയസമ്പന്നരായ സെയിൽസ്മാൻമാർക്കും മുൻഗണന നൽകുന്നതാണ്.

(സി) ഒരു റേഷൻകടയുടെ പരമാവധി ഉപഭോക്തൃ അംഗസംഖ്യ സംബന്ധിച്ച് നിബന്ധനയുണ്ടോ; വളരെ കൂടുതൽ അംഗസംഖ്യയുള്ള റേഷൻകടകൾ വിഭജിച്ച് പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ചുറ്റുപാടുമുള്ള എ.ആർ.ഡി.-കളുടെ വരുമാനത്തെ ബാധിക്കാതെ കുറഞ്ഞത് 400 കാർഡെങ്കിലും ഒരു കടയ്ക്കുണ്ടായിരിക്കണം. കൂടുതൽ കാർഡുകളുള്ള റേഷൻ കടകൾ വിഭജിച്ച് പുതിയ കടകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുന്നപക്ഷം ആയത് പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ പഞ്ചായത്തിൽ പുതിയ റേഷൻ കട**

244(5848) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കുറ്റിക്കോൽ പഞ്ചായത്തിലെ ആനക്കൽ പ്രദേശത്ത് പുതിയ റേഷൻകട അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇതുസംബന്ധിച്ച് നൽകിയ നിവേദനത്തിൽ (ഫയൽ നമ്പർ ബി2/163/21/ഭ.പൊ.വി.വ.) എന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ & ബി) പരിശോധിച്ചുവരുന്നു.

**പുതുതായി റേഷൻ കടയാരംഭിക്കുന്നതിനുള്ള അപേക്ഷകൾ**

245(5849) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി റേഷൻ കടകളാരംഭിക്കുന്നതിന് അപേക്ഷകൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉണ്ട്. 336 അപേക്ഷകൾ.

(ബി) തൃശ്ശൂർ ജില്ലയിൽനിന്നും എത്ര അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്; വ്യക്തമാക്കാമോ?

12 അപേക്ഷകൾ.

(സി) പുതിയ റേഷൻകടകൾ എന്നത്തേയ്ക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കാമോ?

പുതിയ കടകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് പരിഗണനാർഹമാണെങ്കിൽ ആയതിനനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സെർവർ തകരാറുമൂലം കാർഡുടമകൾക്കുണ്ടാകുന്ന ബുദ്ധിമുട്ട്**

246(5850) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെർവർ തകരാറുമൂലം റേഷൻ കടകളുടെ സമയക്രമത്തിലുണ്ടായ മാറ്റം ഉപഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാളിതുവരെ സെർവർ തകരാർ പരിഹരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഇതുമൂലം പല കാർഡുടമകളും റേഷൻ വാങ്ങാതെ തിരികെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(എ&ബി) ഉണ്ട്. 01-03-2023-നുമുമ്പ് റേഷൻ കടകളുടെ സമയക്രമത്തിൽ വരുത്തിയിരുന്ന മാറ്റം മാസത്തിന്റെ ആദ്യം തന്നെ ഉപഭോക്താക്കളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. പ്രസ്തുത സമയക്രമമുപയോഗിച്ച് റേഷൻ വാങ്ങുന്നതിനുള്ള സൗകര്യം ഉപഭോക്താക്കൾക്ക് ലഭ്യമായിരുന്നു. റേഷൻ കടകളുടെ പ്രവർത്തനസമയം

01-03-2023 മുതൽ രാവിലെ 8 മുതൽ ഉച്ചയ്ക്ക് 12.00 മണി വരെയും വൈകുന്നേരം 4 മുതൽ 7 മണി വരെയും പുനഃക്രമീകരിച്ചിട്ടുണ്ട്. റേഷൻ വിതരണവുമായി ബന്ധപ്പെട്ട സെർവറുകളിലുണ്ടാകുന്ന തകരാറുകാരണം റേഷൻ വിതരണത്തിൽ ഭാഗികമായ തടസ്സം നേരിടാറുണ്ട്. വിതരണം പൂർണ്ണമായും മുടങ്ങുന്ന സാഹചര്യമുണ്ടായിട്ടില്ല. റേഷൻ വിതരണവുമായി ബന്ധപ്പെട്ട സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ അനുബന്ധ ഏജൻസികളായ NIC ടീം, IT മിഷൻ, UIDAI എന്നിവരുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

BSNL ബാൻഡ് വിഡ്ത്ത് 20 mbps എന്നുള്ളത് 100 mbps ലേയ്ക്ക് ഉടനടി മാറ്റുന്നതിന് BSNL-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓതന്റിക്കേഷൻ യൂസർ ഏജൻസിയുടെ (AUA) സെർവറിലുണ്ടാകുന്ന നെറ്റ്‌വർക്ക് എറർ കാരണം റേഷൻ വിതരണം തടസ്സപ്പെടാതിരിക്കുന്നതിനായി NIC-യുടെ (AUA) സെർവർ അധികമായി ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. കൂടാതെ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറും കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ വിതരണത്തിൽ തടസ്സം നേരിടുന്നത് പരിപൂർണ്ണമായി ഒഴിവാക്കാൻ

സാധിക്കുകയുള്ളൂ. എന്നാൽ ഈ സെർവറുകൾ സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ളവയല്ല. ആയതിനാൽ ഈ സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ ഏജൻസികളുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് വകുപ്പിന്റെ സെർവർ അപ്ഗ്രേഡ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

റേഷൻ വിതരണത്തിലെ സാങ്കേതിക തകരാറുകൾ സംബന്ധിച്ച ആക്ഷേപങ്ങൾ ഉയർന്നുവരുന്ന സാഹചര്യത്തിലും കഴിഞ്ഞ 5 മാസത്തെ ശരാശരി റേഷൻ വിതരണം 80 ശതമാനമാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

**എ.ആർ.ഡി. 171 നമ്പർ റേഷൻ കടയുടെ ലൈസൻസ്**

247(5851) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ താലൂക്കിൽ ശ്രീമൂലനഗരം പഞ്ചായത്തിൽ എടനാട് എ.ആർ.ഡി. 171 നമ്പർ റേഷൻ കടയുടെ ലൈസൻസ് നിലനിർത്തി നൽകണമെന്ന് ആഷിഖ് അയ്യൂബ്ഖാൻ 02-07-2022ന് വകുപ്പുമന്ത്രിക്ക്

നൽകിയ അപേക്ഷയിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷയിൽ അന്തിമതീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ തീരുമാനം എന്താണെന്ന് അറിയിക്കാമോ;

(സി) ഈ വിഷയത്തിൽ അപേക്ഷകന് മറുപടി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ-സി) ശ്രീ. ആഷിഖ് അയ്യൂബ്ഖാൻ നൽകിയ അപേക്ഷ പരിശോധിച്ചതിൽ പ്രസ്തുത കടയുടെ ലൈസൻസിന് പട്ടികജാതി വിഭാഗത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന വിവരം അപേക്ഷകനെ ജില്ലാ സപ്ലൈ ഓഫീസർ 30-07-2022-ൽ അറിയിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

## മലപ്പുറം ജില്ലയിലെ റേഷൻ വിതരണം

248(5852) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) മലപ്പുറം ജില്ലയിൽ ഇ-പോസ് മെഷീനുകൾ പ്രവർത്തിക്കാത്തത് കാരണം റേഷൻ വിതരണത്തിൽ തടസ്സമുണ്ടാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇ-പോസ് യന്ത്രം തകരാറിലായാൽ റേഷൻ വിതരണം മുടങ്ങാതിരിക്കാൻ ബദൽ സംവിധാനമേർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. ഇ-പോസ് മെഷീനിൽ ഗുണഭോക്താവിന്റെ വിരലടയാളമുപയോഗിച്ച് ബയോമെട്രിക് ഓതന്റിക്കേഷൻ മുഖേനയാണ് റേഷൻ വിതരണം നടത്തിവരുന്നത്. ബയോമെട്രിക് ഓതന്റിക്കേഷൻ പരാജയപ്പെടുന്നപക്ഷം ഒ.ടി.പി. നൽകി വിതരണം ചെയ്യുകയും ആയതും നടപ്പാകാത്ത സാഹചര്യത്തിൽ മാന്വലായി വിതരണം നടത്തുന്നതുമാണ്.

BSNL ബാൻഡ് വിഡ്ത്ത് 20 mbps എന്നുള്ളത് 100 mbps-ലേയ്ക്ക് ഉടനടി മാറ്റുന്നതിന് BSNL-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓതന്റിക്കേഷൻ യൂസർ ഏജൻസിയുടെ (AUA) സെർവറിലുണ്ടാകുന്ന നെറ്റ്‌വർക്ക് എറർ കാരണം റേഷൻ വിതരണം തടസ്സപ്പെടാതിരിക്കുന്നതിനായി NIC-യുടെ (AUA) സെർവർ അധികമായി ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI

(ആധാർ) എന്നിവയുടെ സെർവറും കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ വിതരണത്തിൽ തടസ്സം നേരിടുന്നത് പരിപൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. ഈ സെർവറുകൾ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ളവയല്ല. ഈ സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ ഏജൻസികളുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

കൂടാതെ NIC-യുടെ റേഷൻ വിതരണവുമായി ബന്ധപ്പെട്ട സംവിധാനത്തിന്റെ ഏറ്റവും പുതിയ വേർഷനിലേയ്ക്ക് മാറാനും NIC ഹൈദരാബാദിലെ ഒരു ഉദ്യോഗസ്ഥന്റെ സേവനം തിരുവനന്തപുരത്ത് ലഭ്യമാക്കാനും തീരുമാനിച്ചു.

**റേഷൻ വിതരണത്തിലെ പ്രതിസന്ധി**

249(5853) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണം പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം പരിശോധിക്കുകയും

പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉണ്ട്. റേഷൻ വിതരണവുമായി ബന്ധപ്പെട്ട സെർവറുകളിലുണ്ടാകുന്ന തകരാർ കാരണം റേഷൻ വിതരണത്തിൽ ഭാഗികമായ തടസ്സം നേരിടാറുണ്ട്. വിതരണം പൂർണ്ണമായും മുടങ്ങുന്ന സാഹചര്യമുണ്ടായിട്ടില്ല. റേഷൻ വിതരണവുമായി ബന്ധപ്പെട്ട സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ അനുബന്ധ ഏജൻസികളായ NIC ടീം, IT മിഷൻ, UIDAI എന്നിവരുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇ-പോസ് മെഷീനിൽ ഗുണഭോക്താവിന്റെ വിരലടയാളമുപയോഗിച്ച് ബയോമെട്രിക് ഓതന്റിക്കേഷൻ മുഖേനയാണ് റേഷൻ വിതരണം നടത്തി വരുന്നത്. ബയോമെട്രിക് ഓതന്റിക്കേഷൻ പരാജയപ്പെടുന്നപക്ഷം ഒ.ടി.പി. നൽകി റേഷൻ വിതരണം ചെയ്യുകയും ആയതും നടപ്പാകാത്ത സാഹചര്യത്തിൽ മാന്വലായി റേഷൻ വിതരണം നടത്തുന്നതുമാണ്.

BSNL ബാൻഡ് വിഡ്ത്ത് 20 mbps എന്നുള്ളത് 100 mbps-ലേയ്ക്ക് ഉടനടി മാറ്റുന്നതിന് BSNL-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓതന്റിക്കേഷൻ യൂസർ ഏജൻസിയുടെ (AUA) സെർവറിലുണ്ടാകുന്ന നെറ്റ്‌വർക്ക് എറർ

കാരണം റേഷൻ വിതരണം തടസ്സപ്പെടാതിരിക്കുന്നതിനായി NIC-യുടെ (AUA) സെർവർ അധികമായി ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറും കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ വിതരണത്തിൽ തടസ്സം നേരിടുന്നത് പരിപൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. ഈ സെർവറുകൾ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ളവയല്ല. ഈ സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ ഏജൻസികളുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

റേഷൻ വിതരണത്തിൽ സാങ്കേതികമായ തടസങ്ങളുണ്ടെന്ന ആരോപണങ്ങൾ നിലനിൽക്കുമ്പോഴും കഴിഞ്ഞ 5 മാസത്തെ ശരാശരി റേഷൻ വിതരണം 80 ശതമാനമാണ്.

(ബി) കാർഡുടമകൾക്ക് വിതരണം ചെയ്യുന്ന ധാന്യവിഹിതം വെട്ടിക്കുറയ്ക്കുകയുണ്ടായോ; ഏതെല്ലാം ധാന്യങ്ങൾ എത്ര അളവിലാണ് കുറവ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യ ഭദ്രതാനിയമം നടപ്പിലാക്കിയതോടെ അതിനുമുമ്പ് അഡ്ഹോക്ക് (അധിക) വിഹിതമുൾപ്പെടെ ലഭ്യമായിരുന്ന ധാന്യത്തെ അപേക്ഷിച്ച് പ്രതിവർഷം 1.75 ലക്ഷം മെ. ടൺ ധാന്യത്തിന്റെ കുറവുണ്ടായിട്ടുണ്ട്. പ്രതിവർഷം 14.25 ലക്ഷം മെ. ടൺ ധാന്യമാണ് ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ലഭ്യമായി വരുന്നത്. ഇതിൽ ഇതുവരെ കുറവുവരുത്തിയിട്ടില്ല. എന്നാൽ 2022 മെയ് വരെ ടൈഡ് ഓവർ വിഹിതമായി 6459.074 മെ. ടൺ ഗോതമ്പ് ലഭ്യമായിരുന്നത് കുറവു ചെയ്ത് പകരം അത്രയും അളവ് അരി കൂടുതലായി അനുവദിച്ചുവരുന്നു. കൂടാതെ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതിപ്രകാരം മുൻഗണനാ വിഭാഗത്തിന് അനുവദിച്ചുവന്നിരുന്ന അധികവിഹിതം 2022 ഡിസംബറിനുശേഷം അനുവദിച്ചിട്ടില്ല. പ്രസ്തുത പദ്ധതി പ്രകാരം 77400.06 മെ. ടൺ ധാന്യമായിരുന്നു അനുവദിച്ചുവന്നിരുന്നത്.

(സി) റേഷൻകടകളിൽ ഗോതമ്പിന്റെയും പച്ചരിയുടെയും വിതരണം പൂർണ്ണമായും നിർത്തിവച്ചിട്ടുണ്ടോ; ഈ ധാന്യങ്ങൾ മാസങ്ങളായി കാർഡുടമകൾക്ക് ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേന്ദ്ര സർക്കാർ ടൈഡ് ഓവർ വിഹിതത്തിൽ 2022 മെയ് വരെ ലഭ്യമായിരുന്ന ഗോതമ്പിനുപകരം നിലവിൽ അരി അനുവദിക്കുന്നതിനാൽ മുൻഗണനേതര വിഭാഗത്തിന് ആട്ട വിതരണം ചെയ്യാൻ സാധിക്കാത്ത സാഹചര്യമുണ്ട്. പച്ചരിയുടെ വിതരണവും മുൻഗണനാ വിഭാഗത്തിനുള്ള ഗോതമ്പിന്റെ വിതരണവും നടന്നുവരുന്നു.

(ഡി) കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ റേഷൻ വിഹിതത്തിൽ കുറവ് വരുത്തിയതാണോ പ്രസ്തുത അവസ്ഥയ്ക്ക് കാരണമായിട്ടുള്ളത്?

ഗോതമ്പിന്റെ ടൈഡ് ഓവർ വിഹിതം കേന്ദ്ര സർക്കാർ കുറവു ചെയ്തതിനാലാണ് മുൻഗണനേതര വിഭാഗത്തിനുണ്ടായിരുന്ന ആട്ടവിതരണം നിർത്തേണ്ടിവന്നത്.

(ഇ) അനുവദിക്കപ്പെട്ട ഭക്ഷ്യധാന്യം പൂർണ്ണമായി ഏറ്റെടുത്ത് യഥാസമയം കാർഡുടമകൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

ഉണ്ട്. മിക്ക മാസങ്ങളിലും കാർഡുടമകൾക്കുള്ള പ്രതിമാസ വിഹിതം നിശ്ചയിക്കപ്പെട്ട സമയപരിധിക്കുള്ളിൽതന്നെ വിതരണം ചെയ്തുവരുന്നു. ഏതെങ്കിലും കാരണവശാൽ (സെർവർ തകരാർ, ധാന്യങ്ങൾ

വിട്ടെടുക്കുന്നതിലുണ്ടാകുന്ന കാലതാമസം മുതലായവ) വിതരണം പൂർത്തിയാകാതെ വന്നാൽ വിതരണത്തിനുള്ള സമയപരിധി ദീർഘിപ്പിക്കുന്നതുൾപ്പടെയുള്ള നടപടികൾ കൈക്കൊണ്ട് അർഹതപ്പെട്ട വിഹിതം ലഭ്യമാക്കുന്നുണ്ട്.

(എഫ്) റേഷൻ വസ്തുക്കൾ കരിഞ്ചന്തയിൽ വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റേഷൻ വിതരണം തടസ്സപ്പെടുന്നതുമൂലം പൊതുവിപണിയിൽ വിലക്കയറ്റം രൂക്ഷമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിറ്റഴിക്കുന്നത് തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കരിഞ്ചന്ത, പൂഴ്ത്തി വയ്പ് എന്നിവയുടെ പരിശോധനയുടെ ഭാഗമായി കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി താലൂക്കുകളിൽ അനധികൃതമായി സൂക്ഷിച്ചിരുന്ന റേഷൻ സാധനങ്ങൾ വിജിലൻസ് ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർമാർ എന്നിവരുടെ പരിശോധനയിൽ പിടിച്ചെടുക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. റേഷൻ വിതരണം പൂർണ്ണമായി മുടങ്ങുന്ന സാഹചര്യമുണ്ടായിട്ടില്ലാത്തതിനാൽ അക്കാരണത്താൽ വിലക്കയറ്റം ഉണ്ടായിട്ടില്ല.

(ജി) സംസ്ഥാനത്തിന്റെ വെട്ടിക്കുറച്ച ഭക്ഷ്യധാന്യത്തിന്റെ അളവ് പുന:സ്ഥാപിക്കുന്നതിനും അനുവദിക്കപ്പെട്ട വിഹിതം പൂർണ്ണമായും കാർഡുടമകൾക്ക് ലഭ്യമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തിന് കൂടുതൽ ഭക്ഷ്യധാന്യം അനുവദിക്കണമെന്ന ആവശ്യമുന്നയിച്ച് നിരവധി തവണ കേന്ദ്രസർക്കാരിന് നിവേദനങ്ങൾ നൽകുകയും ബഹുമാനപ്പെട്ട സംസ്ഥാന ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കേന്ദ്രവുമായി നേരിട്ട് ആശയവിനിമയം നടത്തുകയും ചെയ്തിരുന്നു. എന്നാൽ ഭക്ഷ്യഭദ്രതാനിയമപ്രകാരമുള്ള ധാന്യ വിഹിതം വർദ്ധിപ്പിക്കുന്നതിന് ഇതുവരെ നടപടിയുണ്ടായിട്ടില്ല. ടൈഡ് ഓവർ വിഹിതത്തിലെ ഗോതമ്പ് പുന:സ്ഥാപിച്ചു ലഭിക്കുന്നതിന് കേന്ദ്ര സർക്കാരിലേയ്ക്ക് അഭ്യർത്ഥിച്ചിരുന്നെങ്കിലും നിലവിലെ സാഹചര്യത്തിൽ സാധിക്കില്ലെന്നാണ് കേന്ദ്രസർക്കാരിൽനിന്ന് അറിയിച്ചിട്ടുള്ളത്. എങ്കിലും 2023 മാർച്ച് മാസത്തിലേയ്ക്ക് 6459.074 മെ. ടൺ ടൈഡ് ഓവർ ഗോതമ്പ് അനുവദിച്ചിട്ടുണ്ട്.

## പുഴക്കലരി ക്ഷാമം

250(5854) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റേഷൻ കടകളിൽനിന്നും അടുത്ത കാലത്തായി വിതരണം ചെയ്യുന്ന അരി കൂടുതലും പച്ചരിയായതിന്റെ കാരണം വിശദമാക്കുമോ?

മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ചില ജില്ലകളിലെ എഫ്.സി.ഐ. ഡിപ്പോകളിൽ സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്കനുസൃതമായി പുഴക്കലരി ലഭ്യമല്ലാതിരുന്നതും ആവശ്യകതയേക്കാൾ കൂടുതൽ പച്ചരി ലഭ്യമായതുമായ സാഹചര്യത്തിലാണ് കേരളത്തിലെ റേഷൻ കടകളിൽനിന്നും അടുത്ത കാലത്തായി വിതരണം ചെയ്യുന്ന അരി കൂടുതലും പച്ചരിയായത്.

(ബി) പുഴക്കലരി ആവശ്യാനുസരണം വിതരണം ചെയ്യുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2022 ജൂൺ മാസം വരെ എഫ്.സി.ഐ.-യിൽനിന്നും 50 ശതമാനത്തിന് മുകളിൽ പുഴക്കലരി ലഭ്യമായിരുന്ന സ്ഥാനത്ത് 2022

ജൂലൈ മുതലുള്ള മാസങ്ങളിൽ ചില ജില്ലകളിൽ പുഴക്കലരി ആവശ്യകതയ്ക്കനുസൃതമായി ലഭിക്കാതെ പച്ചരി കൂടുതലായി ലഭ്യമായ സാഹചര്യത്തിൽ അലോട്ട്മെന്റിന്റെ 50 ശതമാനം പുഴക്കലരി ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിലേയ്ക്ക് കത്ത് നൽകിയിരുന്നു. തുടർന്ന് സംസ്ഥാനത്തിന്റെ ആവശ്യപ്രകാരം ആകെ അലോട്ട്മെന്റിന്റെ 50 ശതമാനം പുഴക്കലരി ലഭ്യമാക്കുന്നതിന് എഫ്.സി.ഐ.-യ്ക്ക് നിർദ്ദേശം നൽകിയതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

**ഭക്ഷ്യധാന്യ സംഭരണം**

251(5855) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. പി. വി. അൻവർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യധാന്യങ്ങൾ വേണ്ടത്ര അളവിൽ സംഭരിക്കുന്നതിന് പൊതുവിതരണ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളാണ് നിലവിൽ റേഷൻകടകൾ വഴി വിതരണം ചെയ്തു

വരുന്നത്. പ്രസ്തുത ധാന്യവിതരണത്തിനായി വിതരണം ചെയ്യുന്ന മാസത്തിനുമുമ്പുള്ള മാസത്തിൽ വിട്ടെടുക്കുന്നതിനായി ജില്ലകൾക്കുള്ള അളവ് വീതിച്ച് നടപടിക്രമം നൽകുകയും ആയതിന്റെ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വില എഫ്.സി.ഐ.-യിൽ മുൻകൂറായി ഒടുക്കുകയും ചെയ്തു വരുന്നു. ഇതോടൊപ്പം സപ്ലൈകോ സംസ്ഥാനത്തുള്ള കർഷകരിൽനിന്ന് സംഭരിക്കുന്ന നെല്ല് പ്രോസസ്സ് ചെയ്ത അരി കൂടി പൊതുവിതരണത്തിലുൾപ്പെടുത്തി വിതരണം ചെയ്യുന്നുണ്ട്. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതിപ്രകാരം അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ അധിക ഗോഡൗൺ സൗകര്യങ്ങൾ കണ്ടെത്തിയാണ് സപ്ലൈകോ സംഭരിച്ചത്.

(ബി) റേഷൻ കടകൾക്ക് ചുരുങ്ങിയത് രണ്ട് മാസത്തേക്കാവശ്യമായ ഭക്ഷ്യസാധനങ്ങൾ സംഭരിച്ചുവയ്ക്കുന്നതിനുവേണ്ട സംഭരണ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിന് എൻ.എഫ്.എസ്.എ. ഗോഡൗണുകൾ നിർമ്മിക്കുന്നതിനായി 27 താലൂക്കുകളിൽ സ്ഥലം കണ്ടെത്തുകയും ആയത് പൊതുവിതരണ ഉപഭോക്തൃകാര്യ വകപ്പിന് ലഭ്യമാകുന്നതിനുള്ള നടപടികളും

സ്വീകരിച്ചുവരുന്നു. കൂടാതെ പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്ക്, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്ക്, കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്ക് എന്നിവിടങ്ങളിൽ വകുപ്പിന് ലഭ്യമായ സ്ഥലത്ത് എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ജനങ്ങളുടെ വിശേഷിച്ച് പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ പോഷകാഹാര നിലവാരം വർദ്ധിപ്പിക്കുന്ന തരത്തിൽ സാർവത്രിക ലഭ്യതയുള്ള ധാന്യങ്ങളോടൊപ്പം പ്രാദേശിക ലഭ്യതയുള്ള ഉല്പന്നങ്ങളുമുൾപ്പെടുത്തി റേഷൻ വിതരണം വൈവിധ്യവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

ഉണ്ട്. 2022-23 വർഷം ഐക്യരാഷ്ട്ര സഭ " International Year of Millets" ആയി പ്രഖ്യാപിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട റേഷൻ ഡിപ്പോകൾ വഴി എൻ.എഫ്.എസ്.എ. ഗുണഭോക്താക്കൾക്ക് റാഗി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രാരംഭഘട്ടമെന്ന നിലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ മലയോരമേഖലയിലെ ഏകദേശം 948 കടകളിലെ കാർഡുകൾക്കും 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

പരിധിയിലുള്ള ഒരു എഫ്.പി.എസ്. മുഖേന ശരാശരി 500 കാർഡുകൾക്കും ഗോതമ്പ് പൊടിച്ച് ആട്ടയാക്കുന്ന അതേരീതിയിൽ കേന്ദ്ര സർക്കാർ ലഭ്യമാക്കുന്ന റാഗി പ്രോസസ്സ് ചെയ്ത് പൊടിയാക്കി 1 കിലോഗ്രാം പാക്കറ്റാക്കി വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## പൊതുവിതരണത്തിന് ആവശ്യമായ ഭക്ഷ്യധാന്യം

252(5856) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ റേഷൻ കാർഡുടമകൾക്കും കൃത്യമായ അളവിൽ ഭക്ഷ്യധാന്യം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് പൊതുവിതരണത്തിനാവശ്യമായ ഭക്ഷ്യധാന്യം അനുവദിക്കാത്തത് സംബന്ധിച്ച് കേരളത്തിന്റെ പ്രതിഷേധം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുമുമ്പ് അധിക വിഹിതമുൾപ്പെടെ ശരാശരി 16 ലക്ഷം മെ. ടൺ ധാന്യം പ്രതിവർഷം ലഭ്യമായിരുന്ന സ്ഥാനത്ത് 14.25 ലക്ഷം മെ. ടൺ ധാന്യമാണ് ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ളത്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരം സംസ്ഥാനത്തുള്ള 46.34 ശതമാനം ജനങ്ങൾ എ.എ.വൈ., പി.എച്ച്.എച്ച്. വിഭാഗത്തിലുൾപ്പെട്ടുവരുന്നു. നിലവിൽ 2011-ലെ സെൻസസ് അടിസ്ഥാനമാക്കിയാണ് മേൽ പറയപ്പെട്ട പ്രകാരം മുൻഗണനാ വിഭാഗത്തെ നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടൽമൂലം കേരളത്തിലെ 100 ശതമാനം റേഷൻ വാങ്ങുന്ന ജനവിഭാഗങ്ങളേയും ആധാറുമായി ബന്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ 2011-നുശേഷം രാജ്യത്ത് ജനസംഖ്യ കണക്കെടുപ്പ് നടത്തിയിട്ടില്ല. Aadhar Statistics പ്രകാരം കേരളത്തിൽ നിലവിൽ 35330888 ജനങ്ങളുണ്ട്. ടി ജനസംഖ്യയ്ക്ക് ആനുപാതികമായി അധിക ധാന്യം ലഭിക്കുന്നതിന് സംസ്ഥാനം അഭ്യർത്ഥിച്ചിരുന്നെങ്കിലും അതിനനുകൂലമായ നടപടി കേന്ദ്രസർക്കാരിൽനിന്നും ഉണ്ടായിട്ടില്ല. കേരളത്തിലേയ്ക്കുള്ള അരി വിഹിതം 2011 സെൻസസിലെ ജനസംഖ്യാടിസ്ഥാനത്തിൽ മാത്രമേ ലഭിക്കുന്നുള്ളൂ.

കൂടാതെ മുൻഗണനാ വിഭാഗത്തിലുൾപ്പെടാത്ത ബാക്കിയുള്ള 53.66 ശതമാനം ജനങ്ങൾക്ക് ടൈഡ് ഓവർ വിഹിതമായി ലഭിക്കുന്ന ഭക്ഷ്യധാന്യം (പ്രതിമാസം 33294.198 മെ. ടൺ) മതിയാകാതെ വരുന്നതിനാൽ വിവിധ ഘട്ടങ്ങളിൽ ഉയർന്ന വില നൽകി അരി വാങ്ങി നൽകേണ്ടിവരുന്നു. ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന ഭക്ഷ്യധാന്യമുപയോഗിച്ച് മുൻഗണനേതര വിഭാഗത്തിന് നാമമാത്രമായാണ് വിതരണം ചെയ്യാനാകുന്നതെന്നതിനാൽ കോവിഡ് കാലത്ത് കിലോ ഗ്രാമിന് 20 മുതൽ 22.50 രൂപ വരെ നൽകി എഫ്.സി.ഐ.-യിൽനിന്ന് അരി വാങ്ങി മുൻഗണനേതര വിഭാഗത്തിന് സൗജന്യമായും 15 രൂപ നിരക്കിലും വിവിധ മാസങ്ങളിൽ വിതരണം ചെയ്തിരുന്നു.

കേരളത്തിന് കൂടുതൽ ഭക്ഷ്യധാന്യം അനുവദിക്കണമെന്ന ആവശ്യവുമായി നിരവധി നിവേദനങ്ങൾ നൽകുകയും കേന്ദ്രവുമായി നേരിട്ട് ആശയവിനിമയം നടത്തുകയും ചെയ്തിരുന്നു. എന്നാൽ ഭക്ഷ്യധാന്യ വിഹിതം കൂടുതലായി അനുവദിക്കുന്നതിനുള്ള നടപടി കേന്ദ്ര സർക്കാരിൽനിന്നുമുണ്ടായിട്ടില്ല.

## അരിയുടെ വിലവർദ്ധന

253(5857)ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റംമൂലം ജനജീവിതം ദുസ്സഹമായിരിക്കുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധന മുതലായ കാരണങ്ങളാൽ നിത്യോപയോഗ സാധനങ്ങൾക്ക് വിലവർദ്ധനയുണ്ടാകാറുണ്ട്. പ്രധാനമായും അരി, മുളക്, മല്ലി മുതലായവയുടെ വിലയിൽ 2022 സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിൽ വിലക്കയറ്റമുണ്ടായിട്ടുള്ളതായി കാണുന്നു. എന്നിരുന്നാലും കാര്യക്ഷമമായ വിപണിയിടപെടൽ പ്രവർത്തനങ്ങളിലൂടെ പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധന നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സർക്കാർ

നടപടികളെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ (4 ഇനം അരി, പഞ്ചസാര, മുളക്, മല്ലി, 5 ഇനം പയറുവർഗ്ഗങ്ങൾ, വെളിച്ചെണ്ണ തുടങ്ങിയവ) പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വില്പന നടത്തുന്നത്. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യവസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തതുമൂലം 2021-22 സാമ്പത്തികവർഷം 270.68 കോടി രൂപയുടെയും 2022-23 സാമ്പത്തികവർഷം (2022 ഡിസംബർ വരെ) 430.79 കോടി രൂപയുടെയും പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

സബ്സിഡിയിൽ വിൽക്കുന്ന ഉല്പന്നങ്ങളുൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്കാവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതുകൂടാതെ

തേയില, മല്ലിപ്പൊടി, മുളക്പൊടി, പുളി, ഏലം, മഞ്ഞൾപ്പൊടി, ആട്ട എന്നീ ഉല്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റവശ്യ സാധനങ്ങളും FMCG ഉല്പന്നങ്ങളും MRP-യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഈ നടപടിമൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലെന്നത് ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നുണ്ട്.

89 മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13 ശതമാനം മുതൽ 50 ശതമാനം വരെ വിലക്കുറവിൽ ലഭ്യമാക്കി വരുന്നുണ്ട്. കൂടാതെ ബി.പി.എൽ. കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25 ശതമാനം കിഴിവുനൽകുന്നുമുണ്ട്.

റേഷൻ കടകൾ വഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം നൽകിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനും

ജില്ലാതലത്തിൽ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ ചേരുകയും വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുമുണ്ട്.

(ബി) നിത്യോപയോഗ സാധനങ്ങളിൽ കൂടുതൽപേർ ഉപയോഗിക്കുന്ന ജയ, ജ്യോതി എന്നീ ഇനം അരിയുടെ വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

നിത്യോപയോഗ സാധനങ്ങളിൽ കൂടുതൽ പേർ ഉപയോഗിക്കുന്ന ജയ, മട്ട (ജ്യോതി ഉൾപ്പെടെ) എന്നീ ഇനം അരിയുടെ വിലക്കയറ്റം നിയന്ത്രിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജയ അരിയും മട്ട അരിയും (ജ്യോതി ഉൾപ്പെടെ) സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിലും ഫ്രീസെയിൽ നിരക്കിലും വില്പന നടത്തിവരുന്നുണ്ട്. പൊതുവിപണിയിൽ കിലോഗ്രാമിന് 56.54 രൂപ

വില്പന വിലയുള്ള ജയ അരി 25 രൂപയ്ക്കും പൊതുവിപണിയിൽ കിലോഗ്രാമിന് 49.69 രൂപ വില്പന വിലയുള്ള മട്ട അരി (ജ്യോതി ഉൾപ്പെടെ) 24 രൂപയ്ക്കുമാണ് സബ്സിഡി നിരക്കിൽ സപ്ലൈകോ മാവേലി സ്റ്റോറുകൾ വഴി വില്പന നടത്തിവരുന്നത്. പ്രതിമാസം ശരാശരി 35 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. ഈ സാമ്പത്തികവർഷത്തിൽ 2023 ഫെബ്രുവരി വരെ ഓരോമാസവും സബ്സിഡി നിരക്കിൽ ജയ അരിയും മട്ട അരിയും (ജ്യോതി ഉൾപ്പെടെ) വില്പന നടത്തിയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ഓണത്തിനുശേഷം അരിയുടെ ലഭ്യതയിൽ കുറവുണ്ടാവുകയും തന്മൂലം അരിവിലയിൽ കാര്യമായ വർദ്ധനയുണ്ടാകുകയും ചെയ്ത സാഹചര്യത്തിൽ പൊതുവിപണിയിലെ ഭക്ഷ്യവസ്തുക്കളുടെ വിലവർദ്ധനയും ദൗർലഭ്യവും പിടിച്ചുനിറുത്തുന്നതിനായി അടിയന്തര സാഹചര്യം കണക്കിലെടുത്ത് സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം നിലവിലെ മൊബൈൽ മാവേലി വാഹനങ്ങൾ 'അരിവണ്ടി' എന്ന പേരിൽ 02-11-2022 മുതൽ 08-11-2022-വരെ 6 ദിവസത്തേയ്ക്ക് (ഞായർ അവധി) എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ താൽക്കാലികമായി പുനഃക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻകാർഡുടമകൾക്ക് അരിയും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മററവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ (Remote) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് 'അരിവണ്ടി'-യുടെ സേവനം ക്രമീകരിച്ചത്. പൊതുവിപണിയിൽ അരിവില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സപ്ലൈകോയുടെ 'അരിവണ്ടി'-കൾ വഴി ഒരാഴ്ച കൊണ്ട് 131464 കിലോ അരി സബ്സിഡി നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്.

**ചങ്ങനാശ്ശേരിയിൽ സിവിൽ സപ്ലൈസ് ഗോഡൗൺ**

254(5858) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നഗരസഭയിൽ റവന്യൂ ടവറിന് സമീപം ഹൗസിംഗ് ബോർഡിന്റെ അധീനതയിലുള്ള സ്ഥലത്ത് സിവിൽ സപ്ലൈസ് ഗോഡൗൺ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് പ്രാഥമിക ചർച്ചകൾ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ചർച്ചയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരിയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഗോഡൗൺ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിനായി 09-02-2023-ന് ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥർ, ഹൗസിംഗ് ബോർഡ് ചെയർമാൻ എന്നിവരുടെ യോഗം ചേരുകയുണ്ടായി. ഹൗസിംഗ് ബോർഡിന്റെ സ്ഥലത്ത് എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മിക്കുന്നതിനും അപ്രകാരം നിർമ്മിക്കുന്ന ഗോഡൗൺ 'lease out' വ്യവസ്ഥയിൽ നൽകുന്നതിനും ബോർഡിന് തടസ്സമില്ലെന്ന് ഹൗസിംഗ് ബോർഡ് ചെയർമാൻ ടി യോഗത്തിൽ അറിയിക്കുകയുണ്ടായി.

പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ, ഗോഡൗൺ നിർമ്മിക്കുന്നതിനാവശ്യമായ സ്പെസിഫിക്കേഷൻ പ്രകാരം അനുയോജ്യമാണോയെന്ന് പരിശോധിച്ച് ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിക്കുവാനും അപ്രകാരം കണ്ടെത്തുന്ന സ്ഥലങ്ങളിൽ ഹൗസിംഗ് ബോർഡ് നിർമ്മിക്കുന്ന ഗോഡൗണുകൾ 'lease out' വ്യവസ്ഥയിൽ പൊതുവിതരണ വകുപ്പിന് നൽകുന്നതിനാവശ്യമായ നടപടികൾ

സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## മാവേലിക്കര മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ

255(5859) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുവെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലും പുതുതായി മാവേലി സ്റ്റോറുകളാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

നിലവിൽ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സപ്ലൈകോ വില്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്. പുതിയ മാവേലി സ്റ്റോറുകളാരംഭിക്കുന്നതിന് പ്രൊപ്പോസലുകളൊന്നും ലഭ്യമായിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## റേഷൻകടകൾക്ക് സ്ഥിരം ലൈസൻസി നിയമനം

256(5860) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിലുള്ള 246, 281, 287 എന്നീ നമ്പരുകളിലുള്ള റേഷൻകടകൾക്ക് സ്ഥിരം ലൈസൻസികളെ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കാമോ?

08-02-2023-ലെ DSOKLM/545/2022-CS6 നമ്പർ ഉത്തരവുപ്രകാരം റേഷൻ കട നമ്പർ 246-ന്റെ ലൈസൻസിയായി ശ്രീമതി ശ്രീലേഖ കെ. എൽ., അശ്വതി, നെല്ലേറ്റിൽ എന്ന വ്യക്തിയെയും 27-01-2023-ലെ DSOKLM/555/2022-CS6 നമ്പർ ഉത്തരവുപ്രകാരം റേഷൻകട നമ്പർ 287-ന്റെ ലൈസൻസിയായി ശ്രീമതി ഗിരിജ എസ്. എന്ന വ്യക്തിയെയും നിയമിച്ചിട്ടുണ്ട്. റേഷൻകട നമ്പർ 281-ന്റെ ലൈസൻസി നിയമനത്തിന് വിജ്ഞാപനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ മൂന്ന് വ്യക്തികൾ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ആയതിൽ

ന്യൂനതയുള്ളതായി കണ്ടെത്തിയിട്ടുള്ളതിനാൽ അപേക്ഷകളിൽ തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല.

(ബി) കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിലുള്ള 236, 276, 238 എന്നീ നമ്പരുകളിലുള്ള റേഷൻകടകൾക്ക് സ്ഥിരം ലൈസൻസികളെ നിയമിക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ടോ; ആയതിന് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കാമോ?

236, 276, 238 എന്നീ റേഷൻകടകൾക്ക് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടില്ല.

## വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലെ ഭക്ഷ്യവകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ

257(5861) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ഭക്ഷ്യവകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്നും അവയുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവയും ലഭ്യമാക്കാമോ;

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ ദിവസവേതന/അന്യത്ര സേവനവ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോയെന്നും ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള മുന്നുപാധികൾ/രേഖകൾ ഏതൊക്കെയെന്നും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയെന്നും വിശദമാക്കാമോ?

(എ-ഡി) വിശദാംശം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+

**സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം**

258(5862) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) സംസ്ഥാനത്ത് സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണമാരംഭിച്ചത് ഏതുവർഷമാണ്; വ്യക്തമാക്കുമോ?

2005 മുതലാണ് സംസ്ഥാനത്ത് സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണമാരംഭിച്ചിട്ടുള്ളത്.

(ബി) കുട്ടനാട്ടിലെ രണ്ടാംവിള നെല്ല് സംഭരണത്തിന്റെ ഭാഗമായി എത്ര മെട്രിക് ടൺ നെല്ലാണ് സപ്ലൈകോ ഇതുവരെ സംഭരിച്ചതെന്നും കിലോയ്ക്ക് എത്ര രൂപയ്ക്കാണ് നെല്ല് സംഭരണം നടത്തുന്നതെന്നും വിശദമാക്കുമോ?

രണ്ടാംവിള നെല്ല് സംഭരണത്തിന്റെ ഭാഗമായി കുട്ടനാട്ടിൽ (ആലപ്പുഴ ജില്ല) 2022-23 സീസണിൽ 10491.977 മെട്രിക് ടൺ നെല്ല് ഇതുവരെയായി സംഭരിച്ചിട്ടുണ്ട്. കിലോയ്ക്ക് 28.20 രൂപ നിരക്കിലാണ് നെല്ല് സംഭരിച്ചത്.

(സി) കുട്ടനാട്ടിലെ നെല്ല് സംഭരണമാരംഭിക്കുവാൻ വൈകിയെന്ന കർഷകരുടെ ആക്ഷേപവും മാധ്യമവാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ യാഥാർത്ഥ്യം വ്യക്തമാക്കാമോ?

2022-23 ഒന്നാംവിള സീസണിന്റെ ആരംഭത്തിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് മില്ലുടമകൾ നെല്ല് സംഭരണത്തിൽനിന്ന്

വിട്ടുനിന്നിരുന്നു. എന്നാൽ അടിയന്തരമായി സമരം ഒത്തുതീർപ്പാക്കുകയും സപ്ലൈകോയുമായി 62 മില്ലുകൾ കരാറിൽ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. 2022-23 ഒന്നും രണ്ടും വിളസമയത്ത് 55942.179 മെട്രിക് ടൺ നെല്ല് കുട്ടനാട്ടിൽനിന്നും (ആലപ്പുഴ ജില്ല) ഇതുവരെയായി സംഭരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ജില്ലാതലത്തിൽ പാഡി മാർക്കറ്റിംഗ് ഓഫീസർ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം കൂടി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) നെല്ലുസംഭരണത്തിനായി രജിസ്റ്റർ ചെയ്ത കർഷകർക്ക് ലഭിച്ച ചെക്കുകൾ കേരള ബാങ്കിന്റെ അമ്പലപ്പുഴ ശാഖയിൽ മാറി നൽകിയില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2022-23 സീസൺ മുതൽ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ഡിജിറ്റൽ പേമെന്റ് മാർഗ്ഗത്തിൽ നേരിട്ട് തുക നൽകുന്ന രീതിയാണ് തുടർന്നുവന്നിരുന്നത്. 02-02-2023-വരെ നെല്ലിന്റെ തുക കർഷകർക്ക് നൽകുന്നതിന് പേമെന്റ് ഓർഡർ തയ്യാറാക്കി കേരള ബാങ്കിന് നൽകിയിട്ടുണ്ട്.

## മണലൂർ മണ്ഡലത്തിലെ നെല്ല് സംഭരണം

259(5863) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നതിന്റെ ഭാഗമായി ഈ സീസണിൽ തൃശ്ശൂർ ജില്ലയിൽ സംഭരിച്ച നെല്ലിന്റെ അളവ് എത്രയാണെന്ന് അറിയിക്കുമോ?

2022-23 സീസണിൽ തൃശ്ശൂർ ജില്ലയിൽനിന്ന് ഇതുവരെയായി (12-03-2022) 38489.157 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ബി) മണലൂർ മണ്ഡലത്തിലെ ഓരോ പാടശേഖരത്തിൽനിന്നും സംഭരിച്ച നെല്ലിന്റെ കണക്ക് നൽകാമോ;

(സി) സംഭരിച്ച നെല്ലിന്റെ തുക കുടിശ്ശികയായ പ്രസ്തുത മണ്ഡലത്തിലെ പാടശേഖരങ്ങളുടെ പേര് വിവരവും ഓരോന്നിന്റെയും കുടിശ്ശിക എത്രയാണെന്നും വ്യക്തമാക്കാമോ?

(ബി & സി) മണലൂർ മണ്ഡലത്തിലെ പാടശേഖരങ്ങളിൽനിന്ന് സംഭരിച്ച നെല്ലിന്റെ വിവരവും കർഷകർക്ക് നൽകുവാനുള്ള കുടിശ്ശിക തുകയും താഴെ ചേർക്കുന്നു.

1) അന്തിക്കാട് കോൾ പാടശേഖര സമിതി

സംഭരിച്ച നെല്ല് - 25.037 മെട്രിക് ടൺ

കുടിശ്ശിക തുക - 7,09,048 രൂപ

2) കാഞ്ഞാണി താഴം മരുതി പാടശേഖര സമിതി

സംഭരിച്ച നെല്ല് - 75.315 മെട്രിക് ടൺ

കുടിശ്ശിക തുക - 21,32,921 രൂപ

3) സൗത്ത് മണലൂർ പാടശേഖര സമിതി

സംഭരിച്ച നെല്ല് - 346.655 മെട്രിക് ടൺ

കുടിശ്ശിക തുക - 98,17,270 രൂപ

4) മണലൂർ താഴം കോൾ കർഷക സമിതി

സംഭരിച്ച നെല്ല് - 1649.608 മെട്രിക് ടൺ

കുടിശ്ശിക തുക - 4,67,16,899 രൂപ

മണലൂർ മണ്ഡലത്തിലെ പാടശേഖരങ്ങളിൽനിന്ന് സംഭരിച്ചിട്ടുള്ള 2096.615 മെട്രിക് ടൺ നെല്ലിന് 5,93,76,138 രൂപ നൽകുവാനുണ്ട്.

(ഡി) പ്രസ്തുത കുടിശ്ശിക പൂർണ്ണമായി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട തുക പൂർണ്ണമായും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നെല്ല് സംഭരണവുമായി ബന്ധപ്പെട്ട ക്രമക്കേട്

260(5864) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ എഗ്രിമെന്റ് പ്രകാരം നെല്ല് സംഭരണം നടത്തുന്ന മില്ലുകൾ നെല്ല് സംഭരിച്ച് അവരുടെ സ്വന്തം ബ്രാൻഡിൽ വിദേശത്തേയ്ക്ക് എക്സ്പോർട്ട് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്നും സപ്ലൈകോ എഗ്രിമെന്റിന് വിരുദ്ധമായി നടക്കുന്ന പ്രസ്തുത ക്രമക്കേട് തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

സപ്ലൈകോയും മില്ലുകളും തമ്മിലുണ്ടാക്കിയ കരാർ വ്യവസ്ഥപ്രകാരം കരാറിലേർപ്പെട്ട മില്ലുകൾക്ക് സ്വന്തം ബ്രാന്റിൽ അരി വിൽക്കുന്നതിനോ അതിനായി നെല്ല് സ്വന്തമായി സംഭരിക്കുന്നതിനോ അരി വിദേശത്തേയ്ക്ക്

കയറ്റി അയക്കുന്നതിനോ തടസ്സമില്ല. എന്നാൽ കരാറിലെ 21-ാം വ്യവസ്ഥ പ്രകാരം ചുവടെ ചേർക്കുംവിധം സൂചിപ്പിച്ചിട്ടുണ്ട്.

" രണ്ടാം കക്ഷി/മില്ലുടമ, ഒന്നാം കക്ഷി ഏൽപ്പിച്ച നെല്ല് സംസ്കരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതും മുഴുവൻ ശേഷിയും ഉപയോഗിച്ച് പട്ടിക നാലിൽ വാഗ്ദാനം ചെയ്തിട്ടുള്ളതുപോലെ മില്ലിംഗ് പൂർണ്ണമായും പ്രയോജനപ്പെടുത്താനാവശ്യമായ നെല്ല് നൽകുന്നിടത്തോളംകാലം മില്ലിൽ മറ്റ് നെല്ല് കുത്താൻ പാടില്ലാത്തതുമാകുന്നു. ഒന്നാംകക്ഷി/സപ്ലൈകോ നിർദ്ദേശിക്കുന്ന പ്രകാരം പ്രതിമാസ അടിസ്ഥാനത്തിന് ആനുപാതികമായി അരി നൽകേണ്ടതുമാണ്. കരാർ കാലാവധിയിൽ ഒന്നാം കക്ഷി/സപ്ലൈകോ, മില്ലിംഗ് പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നെല്ല് നൽകാൻ സാധിക്കാതെ വന്നാൽ ഒന്നാംകക്ഷി/സപ്ലൈകോയുടെ അനുമതിയോടുകൂടി വേറെ നെല്ല് സംഭരിച്ച് സംസ്കരിച്ച് രണ്ടാംകക്ഷി/മില്ലുടമയ്ക്ക് അരിയാക്കാവുന്നതാണ്. എന്നാൽ ടി അരിയെ സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ മില്ലുടമ സൂക്ഷിക്കേണ്ടതാണ്. കൂടാതെ ടി നെല്ലും കുത്തിയെടുത്ത അരിയും ഗുണവും അളവുമുറപ്പാക്കി സപ്ലൈകോ അരിയിൽനിന്നും വേർതിരിച്ച് പ്രത്യേകം

സൂക്ഷിക്കേണ്ടതാണ്. മില്ലിലെ പ്രവർത്തനങ്ങൾ രണ്ടാം കക്ഷി/മില്ലുടമ, ടെക്നിക്കൽ ബിഡിൽ വാഗ്ദാനം ചെയ്തതുപോലെ ആയിരിക്കേണ്ടതാണ്" .

മുകളിലെ വ്യവസ്ഥ പ്രകാരം സപ്ലൈകോ നെല്ല് സംഭരിച്ച് സംസ്കരിക്കുന്ന വേളയിൽ മറ്റ് നെല്ല് സംസ്കരിക്കുന്നതിന് സപ്ലൈകോയിൽനിന്നും അനുമതി വാങ്ങേണ്ടതാണ്.

(ബി) പ്രസ്തുത മില്ലുകൾ തമിഴ്നാട്ടിൽനിന്ന് ഗുണനിലവാരം കുറഞ്ഞ വെള്ളയരി എത്തിച്ച് റെഡ് ഓക്സൈഡ് കൂട്ടിക്കലർത്തി പാലക്കാടൻ മട്ട എന്ന ബ്രാന്റിൽ ഉദ്യോഗസ്ഥരുടെ അറിവോടെ സപ്ലൈകോയ്ക്ക് തിരിച്ചു നൽകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

അരിയിൽ നിറം കലർത്തുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതേ തുടർന്ന് മില്ലുകളിൽനിന്നും എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽനിന്നും റേഷൻകടകളിൽനിന്നും Random അടിസ്ഥാനത്തിൽ അരിയുടെ സാമ്പിളുകളെടുത്ത് ലാബിൽ പരിശോധിച്ചതിൽനിന്നും ഇത്തരത്തിൽ നിറം ചേർക്കുന്നില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. FCI-QC wing ഗുണനിലവാര പരിശോധനയും ഇതോടൊപ്പം നടത്തുന്നുണ്ട്.

(സി) പ്രസ്തുത വിഷയത്തിൽ സമഗ്ര അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടില്ല.

**റേഷൻ വിതരണം മുടങ്ങാതിരിക്കാൻ ബദൽ സംവിധാനം**

261(5865) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ വിതരണത്തിനുള്ള ഇ-പോസ് മെഷീന്റെ തകരാറുമൂലം റേഷൻ വിതരണം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മെഷിന്റെ തകരാറുമൂലം റേഷൻ വിതരണം മുടങ്ങാതിരിക്കാൻ എന്തെല്ലാം ബദൽ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. റേഷൻ വിതരണവുമായി ബന്ധപ്പെട്ട സർവറുകളിലുണ്ടാകുന്ന തകരാറുകാരണം റേഷൻ വിതരണത്തിൽ ഭാഗികമായ തടസ്സം നേരിടാറുണ്ട്. വിതരണം പൂർണ്ണമായും മുടങ്ങുന്ന

സാഹചര്യമുണ്ടായിട്ടില്ല. റേഷൻ വിതരണവുമായി ബന്ധപ്പെട്ട സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ അനുബന്ധ ഏജൻസികളായ NIC ടീം, IT മിഷൻ, UIDAI എന്നിവരുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റേഷൻ വിതരണത്തിൽ സാങ്കേതികപ്രശ്നങ്ങൾ ചൂണ്ടിക്കാട്ടിയ കഴിഞ്ഞ 5 മാസത്തെ ശരാശരി റേഷൻ വിതരണം 80 ശതമാനമാണെന്ന കാര്യം കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു.

ഇ-പോസ് മെഷീനിൽ ഗുണഭോക്താവിന്റെ വിരലടയാളം ഉപയോഗിച്ച് ബയോമെട്രിക് ഓതന്റിക്കേഷൻ മുഖേനയാണ് റേഷൻ വിതരണം നടത്തി വരുന്നത്. ബയോമെട്രിക് ഓതന്റിക്കേഷൻ പരാജയപ്പെടുന്നപക്ഷം ഒ.ടി.പി. നൽകി വിതരണം ചെയ്യുകയും ആയതും നടപ്പാകാത്ത സാഹചര്യത്തിൽ മാന്വലായി വിതരണം നടത്തുന്നതാണ്.

BSNL ബാൻഡ് വിഡ്ത്ത് 20 mbps എന്നുള്ളത് 100 mbps-ലേയ്ക്ക് ഉടനടി മാറ്റുന്നതിന് BSNL-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓതന്റിക്കേഷൻ യൂസർ ഏജൻസിയുടെ (AUA) സെർവറിലുണ്ടാകുന്ന നെറ്റ്‌വർക്ക് എറർ കാരണം റേഷൻ വിതരണം തടസ്സപ്പെടാതിരിക്കുന്നതിനായി NIC-യുടെ (AUA) സെർവർ അധികമായി ഉപയോഗിക്കുന്നതിനുള്ള അനുവാദം

ചോദിച്ചിട്ടുണ്ട്. ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറും കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ വിതരണത്തിൽ തടസ്സം നേരിടുന്നത് പരിപൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. ഈ സെർവറുകൾ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ളവയല്ല. ഈ സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ ഏജൻസികളുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**പാറശാല മണ്ഡലത്തിലെ സുഭിക്ഷ ഹോട്ടലുകൾ**

262(5866) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറശാല നിയോജകമണ്ഡലത്തിൽ വിശപ്പുരഹിത കേരളം പദ്ധതി പ്രകാരം അനുവദിച്ച സുഭിക്ഷ ഹോട്ടലുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

പാറശാല നിയോജകമണ്ഡലത്തിൽ സുഭിക്ഷ ഹോട്ടലാരംഭിച്ചിട്ടില്ല.

## ഇ-കൊമേഴ്സ് വിപണന ശൃംഖല രൂപീകരിക്കൽ

263(5867) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സപ്ലൈകോയെയും സഹകരണ സ്ഥാപനങ്ങളുടെ വിപണന കേന്ദ്രങ്ങളെയും ചേർത്തിണക്കികൊണ്ടും ചെറുകിട കച്ചവടക്കാരെ സഹകരിപ്പിച്ചുകൊണ്ടും ഇ-കോമേഴ്സ് വിപണനശൃംഖല രൂപീകരിക്കുന്നതിനെകുറിച്ച് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല. എന്നാൽ സപ്ലൈകോയിൽ ഓൺലൈൻ വില്പനയും ഹോം ഡെലിവറി സംവിധാനവും 2021 ഡിസംബർ 11 മുതൽ " സപ്ലൈകേരള" എന്ന മൊബൈൽ ആപ് വഴി നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. നിലവിൽ സപ്ലൈകോയുടെ എല്ലാ സൂപ്പർ മാർക്കറ്റുകളിലും ഈ സൗകര്യം ലഭ്യമാണ്.

## ഉപഭോക്താക്കളുടെ അവകാശ സംരക്ഷണത്തിന് നടപടി

264(5868) <u>ശ്രീ. തോമസ് കെ. തോമസ്</u>:
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>:
<u>ശ്രീ. കെ. പി. മോഹനൻ</u>:

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യങ്ങളിലും പച്ചക്കറി, മത്സ്യം, മാംസം എന്നിവയിൽ ക്രമാതീതമായ മായംകലർത്തുന്നതും മറ്റുകാരണങ്ങളുംമൂലം ഉപഭോക്താക്കളനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഉപഭോക്തൃകാര്യ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

മായമില്ലാത്ത ഭക്ഷ്യധാന്യങ്ങളും മറ്റും ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി സപ്ലൈകോ മുഖേന കർശന ഗുണനിലവാര പരിശോധന നടത്തിയ ഉല്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നു. റേഷൻ വിതരണത്തിനായുള്ള ഭക്ഷ്യധാന്യങ്ങളും സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഉല്പന്നങ്ങളുടേയും ഗുണനിലവാര പരിശോധന നടത്തി നിർദ്ദിഷ്ട മാനദണ്ഡപ്രകാരമുള്ളതാണെന്ന് ഉറപ്പുവരുത്തുന്നുണ്ട്. മായംകലർത്തലുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഉപഭോക്താക്കൾക്ക് അവബോധം നൽകുന്നതിന് ബോധവൽക്കരണ ക്ലാസുകളും ദൃശ്യശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണവും നടത്തിവരുന്നു. കൂടാതെ മായം

കലർത്തലിനെതിരെ ഉപഭോക്താക്കൾക്ക് ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളെ സമീപിക്കാവുന്നതുമാണ്.

(ബി) ഉപഭോക്താക്കൾക്ക് ശക്തമായ സംരക്ഷണം നൽകുന്നതിനും അവരുടെ അവകാശ സംരക്ഷണത്തിനും സ്വീകരിച്ചുവരുന്ന പുതിയ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉപഭോക്തൃ സംരക്ഷണത്തിനായി ഉപഭോക്തൃ സംരക്ഷണ നിയമം-2019-ന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിലും പരാതികൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള E-Daakhil സംവിധാനം, ഉപഭോക്താക്കൾക്ക് പരാതി ഫയൽ ചെയ്യുന്നതിനും നിയമോപദേശം നൽകുന്നതിനും സൗജന്യ നിയമസഹായ കേന്ദ്രങ്ങൾ, മീഡിയേഷൻ സെല്ലുകൾ, അദാലത്തുകൾ, അതിവേഗ തർക്ക പരിഹാരം തുടങ്ങിയവയ്ക്കുപുറമേ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

## മലപ്പുറം ജില്ലാ ലീഗൽ മെട്രോളജി ഓഫീസിന് സ്വന്തമായി കെട്ടിടം

265(5869) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ ലീഗൽ മെട്രോളജി ഓഫീസിന് സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ പരിമിതമായ സൗകര്യങ്ങളിലാണ് ഓഫീസ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലീഗൽ മെട്രോളജിയുടെ വിവിധ ജില്ലാതല ഓഫീസുകളായ ഡെപ്യൂട്ടി കൺട്രോളർ ഓഫീസ്, ഡെപ്യൂട്ടി കൺട്രോളർ ഓഫീസ് (ഫ്ലയിംഗ് സ്ക്വാഡ്), അസിസ്റ്റന്റ് കൺട്രോളർ ഓഫീസ്, ഇൻസ്പെക്ടർ ഓഫീസ് സർക്കിൾ-2 എന്നിവയ്ക്ക് ഒരു ജില്ലാ ആസ്ഥാനമന്ദിരം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത മന്ദിരം പണിയാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്നും ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്നും അറിയിക്കുമോ; വിശദാംശം നൽകുമോ?

(എ-സി) മലപ്പുറം ജില്ലാ ലീഗൽ മെട്രോളജി ആസ്ഥാനമന്ദിര നിർമ്മാണത്തിന് സ്ഥലം കണ്ടെത്തുന്നതിലേയ്ക്കായി മലപ്പുറം ജില്ലാ

കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം ലഭ്യമായാലുടൻ ജില്ലാ ആസ്ഥാന മന്ദിരം സ്ഥാപിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത മന്ദിരം പണിയാൻ നിലവിൽ ഫണ്ടനുവദിച്ചിട്ടില്ല.

## അരുവിക്കര മണ്ഡലത്തിലെ തൊഴിലാളി ക്ഷേമനിധിക്ക് രജിസ്റ്റർ ചെയ്തവർ

266(5870) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര മണ്ഡലത്തിൽ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി നിയമപ്രകാരം ക്ഷേമനിധിക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളതും അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമായ അപേക്ഷകരുടെ എണ്ണം ഗ്രാമപഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ആക്ട് നിലവിൽ വരികയും ക്ഷേമനിധി ബോർഡ് രൂപീകരിക്കുകയും ചെയ്ത് പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. എന്നാൽ തൊഴിലുറപ്പ് തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികളാരംഭിച്ചിട്ടില്ല.

## മരണപ്പെട്ടവർക്ക് സാമൂഹ്യക്ഷേമ പെൻഷൻ വിതരണം ചെയ്തതിൽ അന്വേഷണം

267(5871) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട നഗരസഭയിൽ മരണപ്പെട്ടവർക്ക് സാമൂഹ്യക്ഷേമ പെൻഷൻ വിതരണം ചെയ്തത് സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പത്തനംതിട്ട നഗരസഭയിൽ മരണപ്പെട്ട എത്രപേർക്ക് പ്രസ്തുത പെൻഷൻ നൽകിയതായി കണ്ടെത്തിയിട്ടുണ്ട്; ഈയിനത്തിൽ ആകെ എത്ര തുക നഷ്ടപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്; ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) വകുപ്പുതല അന്വേഷണം നടത്തിയിട്ടില്ല. മരണപ്പെട്ടവർക്ക് സാമുഹ്യ സുരക്ഷ പെൻഷൻ നൽകിയതായി കണ്ടെത്തിയിട്ടില്ല. മരണപ്പെട്ടവർക്ക് പത്തനംതിട്ട നഗരസഭയിൽനിന്നും ക്ഷേമപെൻഷൻ വിതരണം ചെയ്തുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടപ്പോൾ നഗരസഭ വിശദമായ

പരിശോധന നടത്തിയിരുന്നു. 2020-21-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശത്തിൽ സർവ്വീസ് സഹകരണ ബാങ്കുകൾ മുഖേന പെൻഷൻ നൽകുന്നതുമായി ബന്ധപ്പെട്ട ഒരു ഭാഗം യാതൊരു അന്വേഷണവും നടത്താതെ വാർത്താമാധ്യമങ്ങൾ പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ വാർത്ത പ്രചരിക്കാനിടയായത്. പെൻഷൻ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ സഹകരണ ബാങ്കുകളിൽനിന്ന് വാങ്ങുകയും ആയതുപ്രകാരം മരണപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്തിട്ടില്ലെന്ന് വ്യക്തമാകുകയും ചെയ്തിട്ടുണ്ട്. പത്തനംതിട്ട നഗരസഭയ്ക്കോ സർക്കാരിനോ യാതൊരുവിധ സാമ്പത്തിക നഷ്ടവുമുണ്ടായിട്ടില്ല.

## കരുനാഗപ്പള്ളിയിലെ ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം

268(5872) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ യുവജന പരിശീലനകേന്ദ്രത്തിന് കരുനാഗപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ രണ്ടുനില കെട്ടിടം വിട്ടുനൽകുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ലഭിച്ചിട്ടുണ്ട്. ലഭ്യമായ അപേക്ഷ 08-03-2023-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സ്റ്റേറ്റ് കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും കരുനാഗപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ രണ്ടുനില കെട്ടിടം പരമാവധി ഒരു വർഷത്തേക്കോ ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം ഇപ്പോൾ നടന്നുവരുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി പൂർത്തിയാക്കുന്നതുവരെയോ പരിശീലനത്തിന് വിട്ടുനൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**പാലക്കാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മണ്ണ് പരിശോധനയും സ്ട്രക്ച്ചറൽ ഡിസൈനിംഗും**

269(5873) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതൊക്കെ അംഗീകൃത ഏജൻസികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർമ്മാണപ്രവൃത്തികളുടെ ഭാഗമായുള്ള മണ്ണ് പരിശോധനയും സ്ട്രക്ച്ചറൽ ഡിസൈനിംഗും നടത്തുന്നതെന്ന് അറിയിക്കാമോ?

Structures India and Project Management (P) LTD-എന്ന അംഗീകൃത ഏജൻസിയാണ് നിലവിൽ ചെയ്തുവരുന്നത്.

(ബി) ടെണ്ടറില്ലാതെ ഇത്തരം പ്രവൃത്തികൾ പ്രസ്തുത ഏജൻസികളെ നേരിട്ടേൽപ്പിക്കാൻ സാധിക്കുമോ; വിശദമാക്കാമോ?

ഇല്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ**

270(5874) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ പി.എ.യു., എ.ഡി.സി., ഇ.റ്റി.സി. തുടങ്ങിയ ഓഫീസുകളിൽ മൂന്ന് വർഷത്തിലധികമായി ജോലി ചെയ്തുവരുന്ന ക്ലാർക്ക്, സീനിയർ ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് തസ്തികയിലുള്ള ജീവനക്കാർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രത്യേക പരിഗണനയർഹിക്കുന്ന ജീവനക്കാരൊഴികെയുള്ളവർ എത്രവർഷമായി പ്രസ്തുത ഓഫീസുകളിൽ തുടരുന്നുവെന്നറിയിക്കുമോ;

(സി) ഇവരുടെ വകുപ്പിലെ ആകെ സേവനദൈർഘ്യവും ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലെ സേവനകാലവും എത്രയെന്നറിയിക്കുമോ;

(ഡി) ക്ലാർക്ക് തസ്തികയിൽനിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിച്ചപ്പോഴും പ്രസ്തുത സ്ഥാപനങ്ങളിൽതന്നെ തുടരുന്ന ജീവനക്കാർ ആരൊക്കെയെന്ന് അറിയിക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) പൊതുസ്ഥലമാറ്റത്തിന് മേൽ ജീവനക്കാരുടെ ക്ലാർക്ക്, സീനിയർ ക്ലാർക്ക് തസ്തികയിലെ സേവനകാലം പ്രത്യേകമായാണോ കണക്കാക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് നടപ്പിലാക്കുന്ന പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കുവിധേയമായി പരിഗണിക്കും.

(എഫ്) എല്ലാ ജീവനക്കാർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സേവനമുറപ്പാക്കുന്ന വിധത്തിൽ സ്ഥലംമാറ്റ മാനദണ്ഡം പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ വ്യവസ്ഥയുണ്ട്.

## കാസർഗോഡ് ടാറ്റാ ട്രസ്റ്റ് ഗവൺമെന്റ് ആശുപത്രിയിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവൃത്തി

271(5875)ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ടാറ്റാ ട്രസ്റ്റ് ഗവൺമെന്റ് ആശുപത്രിയിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽനിന്ന് എത്ര തുക അനുവദിച്ചിട്ടുണ്ട്; അറിയിക്കുമോ?

കാസർഗോഡ് ടാറ്റാ ട്രസ്റ്റ് ഗവൺമെന്റ് ആശുപത്രിയിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽനിന്ന് 116.73 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം ടെണ്ടർ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ടെണ്ടർ ചെയ്തിട്ടുണ്ട്. 116.73 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പ്രവൃത്തി കാസർഗോഡ് ജില്ലാ പഞ്ചായത്തിൽനിന്നും 27-05-2022-ന് STP-02/21-22 നമ്പർ പ്രകാരം താൽപര്യപത്രം ക്ഷണിക്കുകയും ആയതിന് സംസ്ഥാന ശുചിത്വ മിഷൻ ഡയറക്ടർ M/s. സെൻസ് വാസർ സൊല്യൂഷൻ & കമ്പനിയുടെ 1,45,76,306/- രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച്

നൽകുകയും നിലവിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി ലഭ്യമായ താൽപര്യപത്രങ്ങൾ കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ് സമിതിയുടെ പരിഗണനയിലിരിക്കുകയുമാണ്.

**തെരുവ് നായ്ക്കളെ ഫീഡ് ചെയ്യുന്നതിന് മാർഗ്ഗനിർദേശങ്ങൾ**

272(5876) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ്ക്കളെ ഫീഡ് ചെയ്യുന്നതിനായി എന്തെങ്കിലും മാർഗ്ഗനിർദേശങ്ങൾ വകുപ്പ് നൽകുന്നുണ്ടോ; വ്യക്തമാക്കാമോ?

തെരുവ് നായ്ക്കളെ ഫീഡ് ചെയ്യുന്നതിനായി 15-09-2022-ലെ സ.ഉ. (സാധാ) നം. 2244/2022/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) റെസിഡൻഷ്യൽ ഏരിയകളിൽ നായ്ക്കളെ ഫീഡ് ചെയ്യുന്നതിനെതിരെ എന്തെങ്കിലും നിയമങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

റെസിഡൻഷ്യൽ ഏരിയകളിൽ നായ്ക്കളെ ഫീഡ് ചെയ്യുന്നതിനെതിരെ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്.

(സി) നായ്ക്കളെ ഫീഡ് ചെയ്യുന്നവരെ രജിസ്റ്റർ ചെയ്യുന്ന സംവിധാനം നിലവിലുണ്ടോ?

ഇല്ല.

(ഡി) നായ്ക്കളെ ഫീഡ് ചെയ്യുന്നവരുടെ സഹകരണം വന്ധ്യംകരണ പദ്ധതിയിൽ ഏതെങ്കിലും തരത്തിൽ സഹായകരമാവുന്നുണ്ടോയെന്ന് വിശദമാക്കാമോ?

നായ്ക്കളെ ഫീഡ് ചെയ്യുന്നവരുടെ സഹകരണം വന്ധ്യംകരണ പദ്ധതിയിൽ വളരെ നിർണ്ണായകമായ പങ്കുവഹിക്കുന്നതാണ്. അതുവഴി തെരുവുനായ്ക്കളെ തിരിച്ചറിയാനും അവയെ പിടികൂടി വന്ധ്യംകരിക്കാനും സഹായകരമാവുന്നുണ്ട്.

## ഉറവിടമാലിന്യ സംസ്കരണ പദ്ധതി

273(5877) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉറവിടമാലിന്യ സംസ്കരണ പദ്ധതികൾക്കായി എന്തൊക്കെ സഹായങ്ങളാണ് തദ്ദേശസ്വയംഭരണ വകുപ്പ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

മാലിന്യം ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് മുഖേന ജനങ്ങൾക്കിടയിൽ ബോധവൽക്കരണവും ശാസ്ത്രീയമായ മാലിന്യസംസ്കരണത്തിന് നൂതന സാങ്കേതികവിദ്യകൾ അവലംബിച്ച് നടപ്പിലാക്കിയ പദ്ധതികൾ 100 ശതമാനം വിജയത്തിലെത്തുകയും ചെയ്തു. അവയിൽ ചിലത് മുച്ചട്ടി കമ്പോസ്റ്റ് യൂണിറ്റ്, മൺകല കമ്പോസ്റ്റ് യൂണിറ്റ്, റിംഗ് കമ്പോസ്റ്റ് യൂണിറ്റ്, മിക്സ്ഡ് കൾച്ചർ ഫെഡ്ബാച്ച് ടൈപ്പ് ബയോഗ്യാസ് പ്ലാന്റ്, ബയോ കമ്പോസ്റ്റർ ബിൻ, കിച്ചൺ ബിൻ, ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റ്, മണ്ണിര കമ്പോസ്റ്റ് പോർട്ടബിൾ ബയോബിൻ കമ്പോസ്റ്റ് യൂണിറ്റ് എന്നിവയാണ്. രൂപപ്പെടുന്ന അഴുകുന്ന മാലിന്യത്തിന്റെ അളവിനനുസൃതമായി എയറോബിക് ബിൻ മോഡൽ കമ്പോസ്റ്റ് യൂണിറ്റ് (തുമ്പൂർമൂഴി), വലിയ പോർട്ടബിൾ ബയോ കമ്പോസ്റ്റ് ബിന്നുകൾ, ഉയർന്നശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ, ഓർഗാനിക് വേസ്റ്റ് കൺവർട്ടർ എന്നിവ സ്ഥാപിച്ച് മാലിന്യം സംസ്കരിച്ച് വളവും ഇന്ധനവുമാക്കി മാറ്റുന്നതിനും കഴിയുന്നു. ഫ്ലാറ്റുകളിലെയും ഹോട്ടലുകളിലെയും മാലിന്യങ്ങൾ

അവരുടെതന്നെ സ്ഥലത്ത് സ്വന്തം ചെലവിൽ സംസ്കരിക്കുന്നതിനാവശ്യമായ സംവിധാനങ്ങളൊരുക്കുന്നതിന് ഗ്രാമപഞ്ചായത്തുതലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി ആരംഭിക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനമുണ്ടെന്ന് ഉറപ്പുവരുത്തി മാത്രമേ ലൈസൻസ്/കെട്ടിട നമ്പർ നൽകുകയുള്ളൂ.

ശുചിത്വ മിഷൻ ഉറവിട മാലിന്യ സംസ്കരണ പദ്ധതിയുൾപ്പെടെയുള്ള ഉപാധികൾക്ക് അംഗീകാരം നൽകുകയും അവയുടെ നിരക്ക് നിശ്ചയിച്ച് നൽകുകയും ചെയ്യുന്നു. തദ്ദേശസ്വയംഭരണ തലത്തിലുള്ള പ്രോജക്ടുകൾക്ക് സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ ശുചിത്വ മിഷൻ നൽകുന്നു. ഉറവിട മാലിന്യ സംസ്കരണ മേഖലയിലാവശ്യമായ സാങ്കേതിക ഉപദേശവും ശുചിത്വ മിഷൻ നൽകിവരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ തലത്തിലുള്ള മാലിന്യ സംസ്കരണ പദ്ധതികൾക്ക് സാങ്കേതിക പരിശീലനം നൽകുന്നതിന് റിസോഴ്സ് പേഴ്സൺമാരെ ശുചിത്വ മിഷൻ തെരഞ്ഞെടുത്ത് അവർ പ്രവർത്തനം നടത്തിവരുന്നു.

(ബി) ജൈവമാലിന്യങ്ങൾ സംസ്കരിക്കാനുള്ള കമ്പോസ്റ്റ് ബിൻ, ബയോഗ്യാസ്, മണ്ണിര കമ്പോസ്റ്റ് എന്നിവ സംസ്ഥാനത്ത് ത്രിതല മേഖലകളിൽ വ്യാപകമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

മാലിന്യം ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് മുഖേന ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിന് കമ്പോസ്റ്റ് ബിൻ, ബയോഗ്യാസ്, മണ്ണിര കമ്പോസ്റ്റ് എന്നിവ വ്യാപകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തിയും മാലിന്യ സംസ്കരണത്തിനായി കമ്പോസ്റ്റ് ബിൻ, ബയോഗ്യാസ്, മണ്ണിര കമ്പോസ്റ്റ് എന്നിവ ഗാർഹിക സ്ഥാപനതലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ജൈവ മാലിന്യങ്ങൾ സംസ്കരിക്കാനുള്ള വിവിധ തരത്തിലുള്ള ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ്/ബയോഗ്യാസ് സാങ്കേതികവിദ്യയിലധിഷ്ഠിത പ്ലാന്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വാർഷിക പദ്ധതിയുടെ ഭാഗമായി പ്രോജക്ടുകളേറ്റെടുത്ത് വ്യാപകമായി നടപ്പിലാക്കിവരുന്നു. കൂടാതെ ഗാർഹിക തലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് പരമാവധി 90 ശതമാനം വരെ സബ്സിഡി നൽകിവരുന്നുണ്ട്.

## ഖരമാലിന്യ സംസ്കരണം ഊർജ്ജിതമാക്കാൻ നടപടി

274(5878) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഖരമാലിന്യ സംസ്കരണം ഊർജ്ജിതമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഹരിത കർമ്മസേന മുഖേന വീടുകളിൽനിന്നും വ്യാപാര വാണിജ്യ സ്ഥാപനങ്ങളിൽനിന്നും മാലിന്യങ്ങൾ ശേഖരിച്ച് അവ തരംതിരിച്ച് എം.സി.എഫ്.-കളിലേക്കും ബ്ലോക്കുതല ആർ.ആർ.എഫ്.-കളിലേക്കും മാറ്റി അവിടെനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനം കരാറിലേർപ്പെട്ടിരിക്കുന്ന ക്ലീൻ കേരള കമ്പനിക്കോ അംഗീകൃത സ്വകാര്യ ഏജൻസിക്കോ കൈമാറുന്നു. ഹരിത കർമ്മസേന മുഖേനയുള്ള ഡോർ ടു ഡോർ വാതിൽപ്പടി ശേഖരണം 100 ശതമാനം കൈവരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷന്റെയും ഹരിത കേരള മിഷന്റെയും സംയുക്ത മേൽനോട്ടത്തിൽ ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന ശുചിത്വ മാലിന്യ സംസ്കരണ

പ്രവർത്തനങ്ങളുടെ സ്ഥാപനതലം മുതൽ സംസ്ഥാനതലം വരെയുള്ള ഏകീകൃത നിരീക്ഷണത്തിനായി തയ്യാറാക്കിയ ഹരിത മിത്രം-സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. എല്ലാ ജില്ലകളിലും മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ശുചിമുറി മാലിന്യ സംസ്കരണത്തിനായി ഗ്രാമപഞ്ചായത്തുകളുടെ ക്ലസ്റ്ററുകൾ രൂപീകരിച്ചു. എസ്.റ്റി.പി./ എഫ്.എസ്.റ്റി.പി.-കൾ, കോഴി മാലിന്യം സംസ്കരിക്കുന്നതിന് ഭൂരിഭാഗം ജില്ലകളിലും റെൻ്ററിംഗ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഗ്രാമപഞ്ചായത്തുതലത്തിൽ ജൈവ മാലിന്യ സംസ്കരണത്തിനായി മുച്ചട്ടി കമ്പോസ്റ്റ് യൂണിറ്റ്, മൺകല കമ്പോസ്റ്റ് യൂണിറ്റ്, റിംഗ് കമ്പോസ്റ്റ് യൂണിറ്റ്, മിക്സ്ഡ് കൾച്ചർ ഫെഡ്ബാക്ക് ടൈപ്പ് ബയോഗ്യാസ് പ്ലാന്റ് ബയോ കമ്പോസ്റ്റർ ബിൻ, കിച്ചൺ ബിൻ, ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റ്, മണ്ണിര കമ്പോസ്റ്റ് പോർട്ടബിൾ ബയോബിൻ കമ്പോസ്റ്റ് യൂണിറ്റ് എന്നിവ വിതരണം ചെയ്യൽ എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മാലിന്യത്തിൽനിന്നും ഊർജ്ജം ഉല്പാദനം, ഇനോക്കുലം നിർമ്മാണം, ജൈവമാലിന്യങ്ങൾ വളമാക്കി മാറ്റി വിപണനം ചെയ്യൽ എന്നീ

പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടന്നുവരുന്നു. സാനിറ്ററി നാപ്കിൻ ഉപയോഗം കുറയ്ക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ മെൻസ്ട്രൽ കപ്പുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിൽ തുമ്പൂർമൂഴികൾ സ്ഥാപിച്ച് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടക്കുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ കായൽ കടൽ തീരത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് പ്രീഫാബ്രിക്കേറ്റഡ് സിന്തറ്റിക് സെപ്റ്റിക് ടാങ്കുകൾ വിതരണം ചെയ്യുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

കേരളത്തിലെ നഗരങ്ങളിലെ മാലിന്യ പരിപാലന സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആധുനിക ശാസ്ത്രീയ സംവിധാനങ്ങളൊരുക്കുന്നതിനുമായി ലോകബാങ്ക്, ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് (AIIB) എന്നിവയുടെ സാമ്പത്തിക സഹായത്തോടെ കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP) ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ശാസ്ത്രീയ ഖരമാലിന്യ പരിപാലന പദ്ധതി നടപ്പിലാക്കാനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഇതിനായി എല്ലാ നഗരസഭകളിലും പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ തുടങ്ങുകയും ഒരു സോളിഡ് വേസ്റ്റ് മാനേജ്മെന്റ് എഞ്ചിനീയറിനെ നഗരസഭകളിൽ

ഖരമാലിന്യ പരിപാലനത്തിൽ സഹായിക്കാനായി നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്.

കൂടാതെ ചുവടെപ്പറയുന്ന പദ്ധതികൾ കൂടി നടപ്പിലാക്കിവരുന്നു.

1. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ആവശ്യമെങ്കിൽ കമ്മ്യൂണിറ്റി തലത്തിലും പരമാവധി സ്വന്തം നിലയിൽ കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ (ബയോഗ്യാസ് പ്ലാന്റ്) രീതികളിലൂടെ ജൈവമാലിന്യം സംസ്കരിക്കപ്പെടുന്നതിനും അതിനായി ശുചിത്വമിഷൻ അംഗീകരിച്ചിട്ടുള്ള ഉപാധികൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക.
2. സ്ഥലപരിമിതിയുള്ള വീടുകളിലെ ജൈവമാലിന്യം കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് നടത്തുന്നതിനുള്ള സൗകര്യങ്ങളേറ്റെടുക്കുക.
3. സ്ഥാപനങ്ങൾ, മാർക്കറ്റ്, കമ്മ്യൂണിറ്റി എന്നീ തലങ്ങളിൽ തുമ്പൂർമൂഴി കമ്പോസ്റ്റിംഗ്, ബയോ ഗ്യാസ് പ്ലാന്റ് എന്നീ പ്രോജക്ടുകൾ നടപ്പിലാക്കുക.
4. നിലവിലുള്ള പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും നവീകരണ പ്രവർത്തനങ്ങളുമേറ്റെടുക്കുക.

5. പൊതുവായ അജൈവ മാലിന്യ പരിപാലന സൗകര്യങ്ങളായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ, അജൈവ മാലിന്യ പുനഃചംക്രമണ പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുക.

6. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ അനുബന്ധ സൗകര്യങ്ങളായ ബെയിലിംഗ് മെഷീൻ, ഷ്രെഡിംഗ് മെഷീൻ, ഡി-ഡസ്റ്റിംഗ് മെഷീൻ, വാഷിംഗ് സൗകര്യം, മലിനജലം ട്രീറ്റ് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ ആവശ്യാനുസരണം ഏർപ്പെടുത്തുക.

7. അംഗീകൃത ഇനോകുലങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുക.

8. റീജിയണൽ സാനിട്ടറി ലാന്റ്ഫിൽ സ്ഥാപിക്കുന്നതിനനുയോജ്യമായ സ്ഥലം കണ്ടെത്തലും അവ സ്ഥാപിക്കലും.

9. റീസൈക്ലിംഗ് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം വ്യവസായ എസ്റ്റേറ്റുകളിലൊരുക്കുക.

10. ചിക്കൻ വേസ്റ്റ്/മുടി/സാനിട്ടറി വേസ്റ്റ്/ഗാർഹിക മെഡിക്കൽ മാലിന്യം/C&D വേസ്റ്റ് തുടങ്ങിയവയ്ക്ക് സംസ്കരണ സംവിധാനമേർപ്പെടുത്തുക.

11. പൊതുജനങ്ങളിൽ സുരക്ഷിത മാലിന്യ സംസ്കരണത്തിനനുകൂലമായ മനോഭാവം സൃഷ്ടിക്കുന്നതിനാവശ്യമായ വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുക.

12. കേന്ദ്രാവിഷ്കൃത ഫണ്ടുപയോഗിച്ചുകൊണ്ട് മാലിന്യ സംസ്കരണ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പരമാവധി പ്രോജക്ടുകളേറ്റെടുത്ത് നടപ്പിലാക്കുന്നു.

13. വർഷങ്ങളായി നിലനിന്നിരുന്ന 40-ഓളം പരമ്പരാഗത മാലിന്യ നിക്ഷേപ കേന്ദ്രങ്ങൾ ബയോമൈനിംഗ് രീതിയിലൂടെ ശുചിയാക്കുന്നതിനുള്ള സാങ്കേതിക പിന്തുണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുള്ള പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 7 പദ്ധതികൾക്ക് തുടക്കം കുറിച്ചു.

14. ഏകോപയോഗ പ്ലാസ്റ്റിക് വസ്തുക്കളുടെ നിരോധനം-സംസ്ഥാനത്ത് പി.വി.സി. ഫ്ലക്സ് നിരോധനവും ഒറ്റത്തവണ

ഉപയോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കളുടെ പൂർണ്ണമായ നിരോധനവും സർക്കാർ ഉത്തരവിലൂടെ നടപ്പാക്കി.

15. ജില്ലാതലത്തിൽ അവലോകന സമിതികൾ രൂപീകരിച്ച് നേരിട്ടുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണ മേഖലയിൽ കൃത്യമായി പുരോഗതി കൈവരിച്ച 14 ഗ്രാമപഞ്ചായത്തുകൾക്കും 11 നഗരസഭകൾക്കും നവകേരളം പുരസ്കാരം നൽകി.

16. 569 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശുചിത്വ പദവിയിലെത്തിക്കുന്നതിനാണ് ആദ്യഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നതെങ്കിലും 793 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനോടകം ശുചിത്വപദവി പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

## കാട്ടാക്കട മുളിയൂർ സ്റ്റേഡിയം

275(5879) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുണ്ടായിരുന്ന മുളിയൂർ സ്റ്റേഡിയത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് നിലവിൽ കേസുകളുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കേസ് നിലവിലുണ്ട്. ബഹുമാനപ്പെട്ട മുൻസിഫ് കോടതി, നെടുമങ്ങാട് മുമ്പാകെ നിലവിലുള്ള പ്രസ്തുത O.S.No.702/2018 എന്ന കേസ് തീർപ്പായിട്ടില്ല.

(ബി) പ്രസ്തുത സ്റ്റേഡിയം പഞ്ചായത്തിന് വീണ്ടെടുക്കുന്നതിനുള്ള തുടർ നടപടികൾ വിശദമാക്കുമോ?

ബഹുമാനപ്പെട്ട കോടതിയുടെ അന്തിമ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

## കണ്ണൂർ ജില്ലയിൽ കോസ്റ്റൽ റെഗുലേഷൻ സോൺ-II-ലേക്ക് ഉൾപ്പെടുത്തിയ പഞ്ചായത്തുകൾ

276(5880) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസാന്ദ്രതയും നഗരസ്വഭാവത്തോടുകൂടിയതുമായ കോസ്റ്റൽ റെഗുലേഷൻ സോൺ-III-ലുൾപ്പെട്ട തീരദേശ ഗ്രാമപഞ്ചായത്തുകളെ

സി.ആർ.ഇസഡ്.-II-ലേയ്ക്ക് ഉൾപ്പെടുത്തുന്നതിന് എത്ര പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിരുന്നത്?

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 01-09-2022-ൽ കൂടിയ 45-ാമത് ദേശീയ തീരദേശ പരിപാലന അതോറിറ്റി (NCZMA) യോഗത്തിൽ CRZ III-യിലുൾപ്പെട്ട കോസ്റ്റൽ ഗ്രാമപഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരംമാറ്റുന്ന വിഷയം പരിശോധിച്ചതിൽ 2019 CRZ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പ് വിജ്ഞാപനം ചെയ്ത (26-02-2011-ലെ G.O.(MS)64/2011/LSGD സർക്കാർ ഉത്തരവിൽ ശിപാർശ ചെയ്തതുപ്രകാരം) 66 കാറ്റഗറി I തീരദേശ ഗ്രാമപഞ്ചായത്തുകളെ CRZ II ഏരിയയുടെ പരിധിയിൽ വരുന്നതായി 2019-ലെ തീരദേശ പരിപാലന വിജ്ഞാപനപ്രകാരമുള്ള തീരദേശ പരിപാലന പ്ലാനിൽ തരംതിരിക്കുന്നത് പരിഗണിക്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; അറിയിക്കാമോ?

കണ്ണൂർ ജില്ലയിലെ അഴീക്കോട്, ചെറുകുന്ന്, ചിറക്കൽ, ചൊക്ലി, കല്ല്യാശ്ശേരി, കണ്ണപുരം, മാട്ടൂൽ, ന്യൂ മാഹി, പാപ്പിനിശ്ശേരി, രാമന്തളി,

വളപട്ടണം എന്നീ ഗ്രാമപഞ്ചായത്തുകളെയാണ് CRZ-II കാറ്റഗറിയായി തരംമാറ്റുന്നതിന് തെരഞ്ഞെടുത്തിരിക്കുന്നത്.

(സി) ഇതുസംബന്ധിച്ച ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ?

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 01-09-2022-ൽ കൂടിയ 45-ാമത് ദേശീയ തീരദേശ പരിപാലന അതോറിറ്റി (NCZMA) യോഗത്തിൽ 66 കോസ്റ്റൽ ഗ്രാമപഞ്ചായത്തുകളെ CRZ II-ലുൾപ്പെടുത്തുന്നതിനുള്ള അനുവാദമാണ് നൽകിയിട്ടുള്ളത്. ഇതുസംബന്ധിച്ച് പ്രത്യേക ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല. 2019-ലെ തീരദേശ പരിപാലന വിജ്ഞാപനപ്രകാരമുള്ള മാപ്പ് പ്രസിദ്ധീകരിക്കുമ്പോൾ ടി പഞ്ചായത്തുകൾ CRZ II കാറ്റഗറിയിലേയ്ക്ക് തരംമാറുന്നതാണ്.

## വർക്കല മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ

277(5881)ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ രാമന്തളി-തൊട്ടിപ്പാലം റോഡ്, ചുമടുതാങ്ങി-കിരാലിക്കുന്ന് റോഡ് എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി

നൽകുന്നതിനായി 28-11-2022-ലെ ഡി.ബി.2/396/22/ ത.സ്വ.ഭ.വ. നമ്പർ പ്രകാരം തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർക്ക് അയച്ച കത്തിന്മേൽ മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയരുടെ 14-03-2023-ലെ E2-5881/L.A./CE/L.I.D.&E.W.-നമ്പർ കത്തിനോടൊപ്പം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡുകൾക്ക് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റ്

278(5882)ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റുമായി ബന്ധപ്പെട്ട് മാലിന്യ ശേഖരണം, പ്ലാന്റ് നടത്തിപ്പ്, പ്ലാസ്റ്റിക് വില്പന, മണ്ണടിക്കൽ

എന്നിവയുടെ നിലവിലെ കരാർ നൽകിയിട്ടുള്ളത് ആർക്കൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണെന്നും കരാർ വ്യവസ്ഥകൾ ലംഘിച്ചാലുള്ള ശിക്ഷ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ കരാറുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

(എ-സി) ബ്രഹ്മപുരം സംസ്കരണ പ്ലാന്റിലേയ്ക്ക് മാലിന്യങ്ങൾ ശേഖരിക്കുന്നത് നഗരസഭാ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കോർപ്പറേഷൻ ശുചീകരണ തൊഴിലാളികളും ഹരിതകർമ്മ സേനയും മറ്റ് മാലിന്യ ശേഖരണ തൊഴിലാളികളുമാണ്. പ്ലാസ്റ്റിക് വില്പന സംബന്ധിച്ച് കരാർ നൽകിയിട്ടുള്ളതിന്റെ പകർപ്പും കരാർ വ്യവസ്ഥകളുൾപ്പെടുന്ന കരാറിന്റെ പകർപ്പും അനുബന്ധമായി ചേർക്കുന്നു.+

## തെരുവുനായ്ക്കളുടെ പേവിഷബാധ നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

279(5883)<u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) തെരുവുനായ്ക്കളിലെ പേവിഷബാധ നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

തെരുവുനായ്ക്കളിലെ പേവിഷബാധ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ലോകാരോഗ്യ സംഘടന വികസിപ്പിച്ചെടുത്ത പദ്ധതിയാണ് ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) പ്രോഗ്രാം. ഈ പദ്ധതി നടപ്പിലാക്കിയ പ്രധാന നഗരങ്ങളിലൊക്കെയും വിജയകരമായതിനാൽ ഭാരത സർക്കാർ ഇന്ത്യയിലെ എല്ലാ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ഗ്രാമപഞ്ചായത്ത് തലങ്ങളിലും മൃഗസംരക്ഷണ സംഘടനകളോടൊപ്പം ചേർന്നുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ആയത് ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണവകുപ്പ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കി 23-08-2022-ൽ സ.ഉ.(സാധാ)2065/2022/ത.സ്വ.ഭ.വ. നമ്പരായി ഉത്തരവ് പുറപ്പെടുവിക്കുകയും 15-09-2022-ലെ സ.ഉ. (സാധാ) നം. 2244/2022/ത.സ്വ.ഭ.വ. 29-09-2022-ലെ സ.ഉ. (സാധാ) നം. 2376/2022/ത.സ്വ.ഭ.വ. എന്നീ നമ്പർ സർക്കാർ ഉത്തരവുകൾപ്രകാരം

അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തര പ്രാധാന്യത്തോടെതന്നെ ഈ വിഷയം കൈകാര്യം ചെയ്യുകയും പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും വാക്സിനേഷൻ ഡ്രൈവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് നഗരസഭകൾ സംഘടിപ്പിച്ച വാക്സിനേഷൻ ക്യാമ്പുകളുടെ എണ്ണം, വാക്സിൻ സ്വീകരിച്ച നായ്ക്കളുടെ എണ്ണം, വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ആകെ നഗരസഭകൾ-93.
2. 01-09-2022 മുതൽ 31-01-2023-വരെ വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം-5,030.
3. 01-09-2022 മുതൽ 31-01-2023-വരെ വാക്സിനേഷൻ നടത്തിയ ആകെ തെരുവുനായ്ക്കളുടെ എണ്ണം-17,067.
4. 01-09-2022 മുതൽ 31-01-2023-വരെ വാക്സിനേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ എണ്ണം-53,970.

5. 01-09-2022 മുതൽ 31-01-2023-വരെ വളർത്തുനായ്ക്കൾക്ക് രജിസ്ട്രേഷൻ/ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ എണ്ണം-35,124.

6. 01-09-2022 മുതൽ 31-01-2023-വരെ കണ്ടെത്തിയ അഭയകേന്ദ്രങ്ങളുടെ എണ്ണം-3 (പാല, മഞ്ചേരി, ആലപ്പുഴ നഗരസഭകൾ).

7. ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി 01-09-2022 മുതൽ 31-01-2023 വരെ നടത്തിയ സ്പെഷ്യൽ ഡ്രൈവുകളുടെ എണ്ണം-1,090.

8. 01-09-2022 മുതൽ 31-01-2023-വരെ പൊതുനിരത്തിലെ മാലിന്യ നിക്ഷേപത്തിന് ഈടാക്കിയ പിഴതുക-Rs. 52,68,536/-.

9. 01-09-2022 മുതൽ 31-01-2023-വരെ സംഘടിപ്പിച്ച ഐ.ഇ.സി. ക്യാമ്പയിനുകളുടെ എണ്ണം-1,003.

10. 01-09-2022 മുതൽ 31-01-2023-വരെ സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ ഐ.ഇ.സി./ബോധവൽക്കരണ ക്യാമ്പുകളുടെ എണ്ണം-663.

5 കോർപ്പറേഷനുകളിൽ സ്വന്തമായി എ.ബി.സി. സെന്ററുകൾ പ്രവർത്തിച്ച് വന്ധ്യംകരണം നടത്തിവരുന്നു.

2016 മുതൽ 31-08-2022-വരെ 79,859 നായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയിട്ടുണ്ട്.

പ്രസ്തുത വിഷയത്തിൽ ഗ്രാമപഞ്ചായത്തുകൾ കൈക്കൊണ്ടിട്ടുള്ള പ്രതിരോധ നടപടികൾ സംബന്ധിച്ച വിവരങ്ങൾ താഴെ കാണുന്നു.

2,47,267 നായകൾക്ക് വാക്സിനേഷൻ നൽകി.

ആരോഗ്യം, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുതലത്തിൽ 637 ഹോട്ട്സ്പോട്ടുകൾ (തെരുവുനായ ശല്യം രൂക്ഷമായ പ്രദേശങ്ങൾ) തിരിച്ചറിയപ്പെട്ടിട്ടുണ്ട്.

സർക്കാരിന്റെ 15-09-2022-ലെ സ.ഉ.(സാധാ) 2244/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം തദ്ദേശസ്ഥാപനതല ജനകീയകമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്.

01-09-2022 മുതൽ 15-03-2023-വരെ 20,289 തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവയ്പ്പ് എടുത്തിട്ടുണ്ട്.

(ബി) പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് പരിപാടിയുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

വളർത്തുനായ്ക്കളിലെ പേവിഷ പ്രതിരോധ കുത്തിവയ്പ്പ്, വാക്സിൻ ക്യാമ്പുകളിലും മൃഗസംരക്ഷണ വകുപ്പിന്റെ ക്ലിനിക്കൽ സ്ഥാപനങ്ങളിലും നടത്തുന്നു. തെരുവുനായ്ക്കളിൽ പേവിഷബാധ നിർമ്മാർജ്ജനത്തിനായി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പും സംയുക്തമായി പദ്ധതികൾ നടപ്പിലാക്കിവരുന്നു. തെരുവുനായ്ക്കളിൽ പേവിഷ പ്രതിരോധ വാക്സിനെടുക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് Standard Operating Procedure തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ചാണ് തെരുവുനായ്ക്കളിൽ വാക്സിനേഷൻ നടത്തിവരുന്നത്. വാക്സിനേഷൻ സ്ക്വാഡുകൾ രൂപീകരിച്ചാണ് തെരുവുനായ്ക്കളിൽ വാക്സിനേഷൻ നടത്തുന്നത്. വാക്സിനേഷൻ സ്ക്വാഡുകൾ ആരോഗ്യ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള പേവിഷ പ്രതിരോധ വാക്സിൻ എടുത്തതിനുശേഷമാണ് പ്രവർത്തിക്കുന്നത്. പേവിഷ പ്രതിരോധ വാക്സിൻ സൗജന്യമായി മൃഗസംരക്ഷണ വകുപ്പ് വിതരണം ചെയ്യുന്നു. വാക്സിനേറ്റർ, ഡോഗ് ക്യാച്ചർ, ഡോക്യുമെന്റർ, ഡ്രൈവർ എന്നിവർ വാക്സിനേഷൻ സ്ക്വാഡിൽ പ്രവർത്തിക്കുന്നു. പേവിഷ നിയന്ത്രണവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങൾ മുഖാന്തരം 426 ഡോഗ് ക്യാച്ചർമാർക്കാവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്.

01-09-2022 മുതൽ 15-03-2023-വരെ 20,289 തെരുവുനായ്ക്കൾക്കും 3,90,333 വളർത്തുനായ്ക്കൾക്കും പേവിഷ പ്രതിരോധ കുത്തിവയ്പ് നടത്തിയിട്ടുണ്ട്.

പേവിഷനിയന്ത്രണവുമായി ബന്ധപ്പെട്ട് ജനങ്ങളുടെയിടയിൽ മൃഗസംരക്ഷണ വകുപ്പ് ബോധവൽക്കരണം നടത്തിവരുന്നു. നിർബന്ധിത പേവിഷ പ്രതിരോധകുത്തിവയ്പ്പ് വളർത്തുമൃഗങ്ങൾക്ക് നൽകുക, മൃഗങ്ങളെ ഉപദ്രവിക്കാതിരിക്കുക, തെരുവുനായ്ക്കൾക്ക് ഭക്ഷണം നൽകുക, മൃഗങ്ങൾക്ക് കടിയേറ്റാൽ മൃഗാശുപത്രിയിൽ റിപ്പോർട്ട് ചെയ്യുകയും post exposure vaccine നൽകുകയും ചെയ്യുക, മൃഗങ്ങൾക്ക് പേവിഷബാധയുടെ ലക്ഷണം കണ്ടാൽ മൃഗാശുപത്രിയിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും റിപ്പോർട്ട് ചെയ്യുക തുടങ്ങിയ വിഷയങ്ങൾ ബോധവൽക്കരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത്തരത്തിലുള്ള ബോധവൽക്കരണം കാരണം പേവിഷബാധ നിർമ്മാർജ്ജനം പൊതുജനങ്ങൾ ഗൗരവമായി കണ്ടുതുടങ്ങുകയും ആയതിന്റെ ഫലമായി വകുപ്പിൽ റിപ്പോർട്ട് ചെയ്യുന്ന കേസുകളുടെ എണ്ണം വർദ്ധിച്ചുവരികയും ചെയ്തിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പുരസ്കാരങ്ങൾ**

280(5884) ശ്രീ. ജോബ് മൈക്കിള്‍:
ശ്രീ. പ്രമോദ് നാരായണ്‍:
ഡോ. എന്‍. ജയരാജ്:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകിവരുന്ന പുരസ്കാരങ്ങൾക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ, അവാർഡ് നിർണ്ണയിക്കുന്നതിനുള്ള സമിതി, അപേക്ഷിക്കേണ്ട രീതി എന്നിവയുടെ വിശദാംശം അറിയിക്കാമോ?

സംസ്ഥാനത്തെ മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുരസ്കാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ ഓരോവർഷവും നിശ്ചയിക്കുന്നുണ്ട്. 2021-22 വർഷത്തെ മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള മാനദണ്ഡങ്ങൾ 21-01-2023-ലെ സ.ഉ. (സാധാ) നം.188/2023/ത.സ്വ.ഭ.വ. 28-01-2023-ലെ സ.ഉ. (സാധാ) നം. 247/2023/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകൾപ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുണ്ട് (പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു).+

സംസ്ഥാന, ജില്ലാ തലങ്ങളിലുള്ള അവാർഡുകൾ നിർണ്ണയിക്കുന്നതിനായുള്ള സമിതികൾ 30-01-2023-ലെ സ.ഉ. (സാധാ)

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നം. 267/2023/ത.സ്വ.ഭ.വ. പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു).+

ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ സൈറ്റ് മുഖേനയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവാർഡ് നിർണ്ണയത്തിനായുള്ള അപേക്ഷ സമർപ്പിക്കേണ്ടത്.

(ബി) പുരസ്കാരം നൽകുന്നതിന് പരിഗണിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ പൊതുജനാഭിപ്രായംകൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ?

പുരസ്കാരം നൽകുന്നതിന് പരിഗണിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ പൊതുജനാഭിപ്രായംകൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

(സി) ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ ഏറ്റവും ഫലപ്രദമായി നടപ്പിലാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക മുൻഗണന നൽകാൻ നടപടി സ്വീകരിക്കാമോ?

ഇക്കാര്യം പരിശോധിച്ചശേഷമേ നടപടി സ്വീകരിക്കാൻ കഴിയൂ.

## തൊഴിലുറപ്പ് തൊഴിലാളികൾക്കായുള്ള ക്ഷേമനിധി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

281(5885) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് തൊഴിലാളികൾക്കായുള്ള ക്ഷേമനിധിയിൽ അംഗങ്ങളാവുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

പതിനെട്ട് വയസ്സ് പൂർത്തിയായതും എന്നാൽ അമ്പത്തിയഞ്ച് വയസ്സ് പൂർത്തിയാക്കിയിട്ടില്ലാത്തവരുമായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ആക്ട് പ്രകാരം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്ത തൊഴിലുറപ്പ് കാർഡ് ലഭിച്ചിട്ടുള്ളതും അല്ലെങ്കിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുനിസിപ്പൽ കൗൺസിലുകളിലോ മുനിസിപ്പൽ കോർപ്പറേഷനുകളിലോ രജിസ്റ്റർ ചെയ്ത് തൊഴിലുറപ്പ് കാർഡ് ലഭിച്ചിട്ടുള്ളതും അംഗത്വത്തിന് അപേക്ഷിക്കുന്ന വർഷമോ അതിനുതൊട്ടുമുമ്പുള്ള രണ്ടു വർഷങ്ങളിലോ ഏതെങ്കിലും ഒരു വർഷം കുറഞ്ഞത് ഇരുപത് ദിവസമെങ്കിലും അവിദഗ്ദ്ധ തൊഴിലിലേർപ്പെട്ടിട്ടുള്ളതുമായ ഏതൊരു തൊഴിലുറപ്പ് തൊഴിലാളിക്കും നിധിയിലെ ഒരംഗമായി രജിസ്റ്റർ ചെയ്യാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(ബി) തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തിക്കുന്ന 55 വയസിനുമുകളിലുള്ളവർക്ക് ക്ഷേമനിധിയിൽ അംഗങ്ങളാകുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തിക്കുന്നവരിൽ ഒരു വിഭാഗം 55 വയസിനുമുകളിലായതിനാൽ ഇവർക്കായി ക്ഷേമനിധിയുടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) ക്ഷേമനിധി അതിന്റെ പ്രാരംഭഘട്ടത്തിലാണ്. നിലവിൽ നിശ്ചയിച്ചിരിക്കുന്ന പ്രായപരിധിയിൽ മാറ്റംവരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**മാവേലിക്കര മണ്ഡലത്തിലെ ടേക്ക് എ ബ്രേക്ക് പദ്ധതി**

282(5886) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ടേക്ക് എ ബ്രേക്ക് പദ്ധതി

നടപ്പിലാക്കിയിട്ടുണ്ടോയെന്നും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിലെ ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | ഏറ്റെടുത്ത പദ്ധതികളുടെ എണ്ണം | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | മാവേലിക്കര നഗരസഭ | 1 | പൂർത്തീകരിച്ചു |
| 2. | ചുനക്കര ഗ്രാമപഞ്ചായത്ത് | 1 | പൂർത്തീകരിച്ചു |
| 3. | മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് | 2 | ഒരെണ്ണം പൂർത്തീകരിക്കുകയും ഒരെണ്ണം നിർമ്മാണം നടന്നുവരികയുമാണ് |
| 4. | തഴക്കര ഗ്രാമപഞ്ചായത്ത് | 1 | പൂർത്തീകരിച്ചു |
| 5. | വള്ളികുന്നം ഗ്രാമപഞ്ചായത്ത് | 2 | നിർമ്മാണം നടന്നുവരുന്നു |
| 6. | നൂറനാട് ഗ്രാമപഞ്ചായത്ത് | 1 | പൂർത്തീകരിച്ചു |

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പൊതുവായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോയെന്നും ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ?

ടേക്ക് എ ബ്രേക്ക് പദ്ധതി സംബന്ധിച്ച് 27-07-2020-ൽ സർക്കാർ ഉത്തരവ് (സാധാ) നം. 1401/2020/എൽ.എസ്.ജി.ഡി. പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**വർക്കല മണ്ഡലത്തിലെ റോഡുകൾ**

283(5887) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുകീഴിലുള്ള ആകെ റോഡുകൾ അവയുടെ ദൈർഘ്യം എന്നിവ തദ്ദേശസ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | നീളം (കി. മീ.) |
|---|---|---|
| 1. | മടവൂർ ഗ്രാമപഞ്ചായത്ത് | 155.85 |
| 2. | പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | 64.39 |
| 3. | നാവായിക്കുളം ഗ്രാമപഞ്ചായത്ത് | 415.3 |
| 4. | ഇടവ ഗ്രാമപഞ്ചായത്ത് | 60.45 |
| 5. | വെട്ടൂർ ഗ്രാമപഞ്ചായത്ത് | 51.62 |
| 6. | ഇലകമൺ ഗ്രാമപഞ്ചായത്ത് | 193.158 |
| 7. | ചെമ്മരുതി ഗ്രാമപഞ്ചായത്ത് | 153.78 |

(ബി) പ്രസ്തുത റോഡുകളുടെ ആസ്തി വികസന രജിസ്റ്ററിലെ പേരുകൾ വ്യക്തമാക്കാമോ?

(സി) പ്രസ്തുത റോഡുകളിൽ 2020-21, 2021-22, 2022-23 സാമ്പത്തികവർഷങ്ങളിൽ നവീകരിച്ചതും നവീകരിക്കുന്നതിനായി തെരഞ്ഞെടുത്തതുമായ റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

(ബി&സി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ബാലുശ്ശേരി ഭക്ഷ്യസംസ്കരണകേന്ദ്രം ബ്ലോക്കുപഞ്ചായത്തിന് കൈമാറാൻ നടപടി

284(5888) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2021 ഡിസംബർ 2-ന് ചേർന്ന യോഗതീരുമാനപ്രകാരം ബാലുശ്ശേരി ഭക്ഷ്യസംസ്കരണകേന്ദ്രം ബ്ലോക്കുപഞ്ചായത്തിന് കൈമാറാൻ തീരുമാനിച്ചിരുന്നോ; വിശദാംശം അറിയിക്കുമോ; പ്രസ്തുത യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ; പ്രസ്തുത തീരുമാനം നടപ്പിലാക്കാൻ കാലതാമസം നേരിട്ടത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ബാലുശ്ശേരിയിൽ പ്രവർത്തിക്കുന്ന ഭക്ഷ്യസംസ്കരണ പോഷകാഹാര കേന്ദ്രം ബാലുശ്ശേരി ബ്ലോക്കുപഞ്ചായത്തിന് കൈമാറുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 02-12-2021-ന് ചേർന്ന യോഗത്തിന്റെ തീരുമാനം (1) പ്രകാരം 01-01-2022-ന് പ്രാബല്യത്തിൽ വരുന്നവിധം ബാലുശ്ശേരി ഭക്ഷ്യസംസ്കരണ പോഷകാഹാരകേന്ദ്രം ബാലുശ്ശേരി ബ്ലോക്കുപഞ്ചായത്തിന് കൈമാറുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് തീരുമാനിച്ചിരുന്നു. യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

കൂടാതെ പ്രസ്തുത തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സ്വീകരിച്ച നടപടികൾ അവലോകനം ചെയ്യുന്നതിനായി 03-12-2022-ന് അഡീഷണൽ ചീഫ് സെക്രട്ടറി ഒരു യോഗം വിളിച്ചുചേർത്തിരുന്നു. ടി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബാലുശ്ശേരിയിൽ പ്രവർത്തിക്കുന്ന ഭക്ഷ്യസംസ്കരണ പോഷകാഹാരകേന്ദ്രത്തിൽനിന്ന് ബാലുശ്ശേരി ബ്ലോക്കുപഞ്ചായത്തിന് കൈമാറുന്ന ജീവനക്കാരെ വിന്യസിക്കുന്നത് നിലവിലുള്ള ഒഴിവുകളിലേയ്ക്കാണോ അതോ തസ്തികകളുടെതന്നെ പുനർവിന്യാസം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വഴിയാണോയെന്നും ഇവരുടെ ശമ്പളം എപ്രകാരമാണ് കണ്ടെത്തുന്നതെന്നും അറിയിക്കുവാനും പോഷകാഹാരകേന്ദ്രം ബ്ലോക്കുപഞ്ചായത്തിന് കൈമാറിയ ശേഷവും 6 മാസക്കാലത്തേയ്ക്ക് ടി സ്ഥാപനത്തിൽ നിലനിർത്തുന്ന താൽക്കാലിക ജീവനക്കാരനെ സംബന്ധിച്ച വിവരം സ്ഥാപനത്തിന്റെ പേരിൽ നിലവിൽ നിജപ്പെടുത്തിയിട്ടുള്ള ബാധ്യതകൾ, പുനർവിന്യസിക്കേണ്ടതും വാനിഷിംഗ് കാറ്റഗറിയിലുൾപ്പെടുത്തേണ്ട തസ്തികയും സംബന്ധിച്ചുമുള്ള വിവരം എന്നിവ ലഭ്യമാക്കാനും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമെ ഭക്ഷ്യസംസ്കരണകേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് വിട്ടുനൽകുന്നതിനുള്ള നടപടിക്രമങ്ങളും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

## തദ്ദേശസ്ഥാപനങ്ങളുടെ തനതുവരുമാനം

285(5889) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം ചെലവഴിക്കുന്നതിനുള്ള മാനദണ്ഡങ്ങളും ഏതൊക്കെ പദ്ധതികൾക്ക് പ്രസ്തുത തുക ഉപയോഗിക്കാമെന്നും വിശദമാക്കാമോ?

1994-ലെ കേരള പഞ്ചായത്ത് രാജ് വകുപ്പുകൾ 166, 172, 173, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 30(1) എന്നിവ പ്രകാരം യഥാക്രമം ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ, നഗരഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഏൽപ്പിച്ചുകൊടുത്തിട്ടുള്ള ചുമതലകളെല്ലാം അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ടുപയോഗിച്ച് നിർവ്വഹിക്കാവുന്നതാണ്. കൂടാതെ തനത് ഫണ്ടുപയോഗിക്കുന്നതിന് അതതുസമയങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഇനങ്ങൾക്കും തനത് ഫണ്ട് വിനിയോഗിക്കാവുന്നതാണ്. പഞ്ചായത്തേർപ്പെട്ടിട്ടുള്ള കരാറനുസരിച്ച് തിരിച്ചുകൊടുക്കേണ്ട കടങ്ങൾ സംബന്ധിച്ചുള്ള തുകകളും വോട്ടർ പട്ടിക തയ്യാറാക്കുന്നതിനും തെരഞ്ഞെടുപ്പുകൾ നടത്തുന്നതിനുള്ള ചെലവുൾപ്പെടെയുള്ള തെരഞ്ഞെടുപ്പ് ചെലവുകളും തദ്ദേശസ്ഥാപനത്തിന്റെ ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും ശമ്പളവും അലവൻസും പെൻഷനും പെൻഷന്റെ അംശദായവും ഗ്രാറ്റുവിറ്റിയും പ്രൊവിഡൻഡ് ഫണ്ട് അംശദായങ്ങളും പ്രസിഡന്റിനും വൈസ് പ്രസിഡന്റിനും അംഗങ്ങൾക്കും കൊടുക്കാനുള്ളതായ ബത്തകളും ഒരു കോടതിയുടെ ഏതെങ്കിലും ഉത്തരവുപ്രകാരം കൊടുക്കേണ്ട തുകയും പഞ്ചായത്ത് രാജ് ആക്ടിനാലോ മറ്റേതെങ്കിലും നിയമത്താലോ

നിർബന്ധമാക്കിയിട്ടുള്ള ഏതെങ്കിലും ചെലവുകളും പഞ്ചായത്തുകളുടെ തനത് ഫണ്ടിൽനിന്നും ചെലവഴിക്കാവുന്നതാണ്.

(ബി) തനതുവരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം തുക അതത് സ്ഥാപനങ്ങൾക്ക് നിരന്തര വരുമാനദായകമായ പദ്ധതികൾക്ക് മൂലധനമായി ഉപയോഗിക്കാൻ നിർബന്ധമാക്കുന്നതിന് ചട്ടം ഭേദഗതി വരുത്താമോ?

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും പ്രാദേശിക സാഹചര്യം കണക്കിലെടുത്ത് വരുമാനദായക പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. ഇതിന് നിശ്ചിത ശതമാനം തുക നീക്കി വയ്ക്കേണ്ടതില്ല.

(സി) വരുമാനദായകമായ പദ്ധതികൾ കൂടുതൽ സ്ഥാപിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സ്വയംപര്യാപ്തമാക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിക്കാമോ?

തദ്ദേശസ്വയംസ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**പഴക്കമുള്ള വീടുകളുടെ ഓണർഷിപ്പ് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ**

286(5890) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഞ്ച, നിലം, വയൽ എന്നീ തരം ഭൂമികളിൽ നിർമ്മിച്ച ധാരാളം വർഷം പഴക്കമുള്ള വീടുകളുടെ ഓണർഷിപ്പ് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി രജിസ്റ്ററിൽ കെട്ടിടത്തെ സംബന്ധിച്ച ഉടമസ്ഥാവകാശം മാറാനുള്ള അപേക്ഷ, എല്ലാ സംഗതിയിലും അപേക്ഷ ബോധിപ്പിക്കുന്ന കക്ഷിയോ കക്ഷികളോ രേഖാമൂലം ബോധിപ്പിക്കേണ്ടതും അതിൽ ഒപ്പ് വച്ചിരിക്കേണ്ടതും അപേക്ഷയോടൊപ്പം കൈമാറ്റമോ പിന്തുടർച്ചയോ തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണെന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ, ചട്ടം 23-ൽ വ്യവസ്ഥ ചെയ്യുന്നു. അപ്രകാരം ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി) ഇത്തരം കെട്ടിടങ്ങളുടെ ഓണർഷിപ്പ് മാറ്റുന്നതിന് ഏതെല്ലാം രേഖകളാണ് സമർപ്പിക്കേണ്ടത്; ഭൂമിയുടെ പത്ത് ശതമാനം വില ഫീസടച്ച്

തരം മാറ്റിയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ, ചട്ടം 22 ഉപചട്ടം (2) പ്രകാരം അതത് സംഗതിപോലെ കൈമാറി കിട്ടുന്ന ആളോ അല്ലെങ്കിൽ ഉടമസ്ഥാവകാശം ലഭിക്കുന്ന ആളോ കൈമാറ്റമോ പിന്തുടർച്ചയോ തെളിയിക്കുന്ന ഏതൊരു രേഖയും സെക്രട്ടറി മുമ്പാകെ ഹാജരാക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ചട്ടം 23 ഉപചട്ടം (1) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി രജിസ്റ്ററിൽ കെട്ടിടത്തെ സംബന്ധിച്ച ഉടമസ്ഥാവകാശം മാറ്റാനുള്ള അപേക്ഷയോടൊപ്പം കൈമാറ്റമോ പിന്തുടർച്ചയോ തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. ഒരു സിവിൽ കോടതി വിധി ഉടമയുടേയോ സിവിൽ കോടതി വിധി നടത്തുമ്പോൾ നടത്തിയ ലേല വില്പനയിലൂടെ ലഭിച്ച ഒരാളുടെ പേരിൽ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെടുന്ന സംഗതിയിൽ വിധി ഉടമയോ ലേലത്തിലൂടെ ഉടമസ്ഥാവകാശം ലഭിച്ചയാളോ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള അപേക്ഷയോടൊപ്പം

അതത് സംഗതി പോലെ വിധിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ വില്പന സർട്ടിഫിക്കറ്റോ ഹാജരാക്കേണ്ടതാണ്.

(സി) കെട്ടിടങ്ങളുടെ ഓണർഷിപ്പ് മാറ്റുന്നതിന് കൈവശാവകാശ സർട്ടിഫിക്കറ്റ് നിർബന്ധമാണോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ, ചട്ടം 22 ഉപചട്ടം (2) പ്രകാരം അതത് സംഗതിപോലെ കൈമാറി കിട്ടുന്ന ആളോ അല്ലെങ്കിൽ ഉടമസ്ഥാവകാശം ലഭിക്കുന്ന ആളോ കൈമാറ്റമോ പിന്തുടർച്ചയോ തെളിയിക്കുന്ന ഏതൊരു രേഖയും സെക്രട്ടറി മുമ്പാകെ ഹാജരാക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

(ഡി) കൈവശാവകാശ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം, നഞ്ച, നിലം, വയൽ എന്നാണെങ്കിൽ ഓണർഷിപ്പ് മാറ്റി നൽകാൻ പാടില്ലെന്ന് ഉത്തരവുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഇല്ല.

(ഇ) 2008-നുശേഷം വയൽ നികത്തി വീട് വയ്ക്കുന്നവർക്കും തണ്ണീർ തട സംരക്ഷണ നിയമം വരുന്നതിനുമുമ്പ് നിയമാനുസൃതം കെട്ടിടം നിർമ്മിച്ച് നമ്പർ അനുവദിച്ചവർക്കും നഞ്ച/വയൽ എന്നീ തരം ഭൂമിയുടെ കാര്യത്തിൽ ഒരേ നിയമമാണോ; വിശദാംശം ലഭ്യമാക്കാമോ?

ആക്ടിലെ വ്യവസ്ഥകൾ അതത് പോലെ ബാധകമായിരിക്കുന്നതാണ്.

**ചവറ മണ്ഡലത്തിലെ സ്കൂളുകളിൽ വാട്ടർ ടെസ്റ്റിംഗ് ലാബ്**

287(5891) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ സ്കൂളുകളിൽ വാട്ടർ ടെസ്റ്റിംഗ് ലാബ് സ്ഥാപിക്കുന്നതിന് ഹരിതകേരളം മിഷന്റെ ആവശ്യപ്രകാരം ഏഴര ലക്ഷം രൂപ എം.എൽ.എ.എസ്.ഡി.എഫ്.-ൽനിന്നും അനുവദിച്ച് പത്ത് മാസങ്ങൾക്കുശേഷവും ഭരണാനുമതി ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ജില്ലാ കളക്ടർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ചവറ നിയോജകമണ്ഡലത്തിലെ 5 സ്കൂളുകളിൽ ജലഗുണനിലവാര നിർണയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമത്തിന്റെ ഭാഗമായി ക്വട്ടേഷൻ ക്ഷണിക്കുകയും കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) മാത്രമായി ടെണ്ടർ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ KIIDC-യുടെ അക്രെഡിറ്റേഷൻ തത്സമയത്ത് പുതുക്കിയിട്ടില്ലാതിരുന്നതിനാൽ കേരള വാട്ടർ അതോറിറ്റിയോട് എസ്റ്റിമേറ്റ് ആവശ്യപ്പെടുകയും കേരള വാട്ടർ അതോറിറ്റി പദ്ധതിക്കായി 10,22,220/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തു.

കേരള വാട്ടർ അതോറിറ്റി മുഖേന പദ്ധതി നടപ്പിലാക്കുവാനായി എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും അനുവദിച്ച ഏഴര ലക്ഷം രൂപയ്ക്കുപുറമെ 2,72,220/- രൂപയുടെ അധിക ആവശ്യമുണ്ട്.

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി സബ്സിഡി നിരക്കിൽ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കാൻ നടപടി

288(5892) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകവാതക വിലക്കയറ്റം അനിയന്ത്രിതമായി ഉയരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഹോട്ടലുകളിലും വീടുകളിലും ഭാഗികമായി വിറകടുപ്പുകളുപയോഗിച്ച് തുടങ്ങിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത സാഹചര്യത്തിൽ പുകയില്ലാത്ത വിറകടുപ്പുകൾ പുകയില്ലാത്ത ഇരട്ട അടുപ്പുകൾ തുടങ്ങിയവ സ്ഥാപിച്ച് പരിസ്ഥിതിക്കും ഊർജസംരക്ഷണത്തിനും ഗുണകരമാകുന്ന തരത്തിലുള്ള പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സബ്സിഡി നിരക്കിൽ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ നൽകുമോയെന്ന് അറിയിക്കുമോ?

(ബി&സി) മെച്ചപ്പെട്ട വിറകടുപ്പുൾപ്പെടെയുള്ള അക്ഷയോർജ്ജ ഉപകരണങ്ങളുടെ വ്യാപനത്തിനായി അവയുടെ വിതരണമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ അനെർട്ടിന്റെ സാങ്കേതികസഹായത്തോടെ ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. മെച്ചപ്പെട്ട വിറകടുപ്പുകളുടെ മോഡലുകളും അവ സ്ഥാപിച്ച

നൽകുന്നവരുടെ അംഗീകൃത ലിസ്റ്റും വിലയും അനെർട്ട് ലഭ്യമാക്കുന്നതനുസരിച്ച് അവ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. ജനറൽ വിഭാഗത്തിന് പരമാവധി 3750 രൂപയും പട്ടികജാതി വിഭാഗത്തിന് പരമാവധി 4500 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് യൂണിറ്റ് നിരക്കായ 5000 രൂപ പൂർണ്ണമായും ധനസഹായം നൽകുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലെ സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്.

## ഇന്റർ ട്രാൻസ്ഫെറബിൾ പോളിസി

289(5893) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവീസിന്റെ ഭാഗമായി നിലവിൽ വന്ന റൂൾ ഭേദഗതിക്കുശേഷം വകുപ്പിലെ സ്ഥലംമാറ്റങ്ങൾക്ക് ഇന്റർ ട്രാൻസ്ഫെറബിൾ പോളിസി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; 2023 ഏപ്രിൽ 1 മുതൽ ഇന്റർ ട്രാൻസ്ഫെറബിൾ പോളിസി നടപ്പാകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ സാധിക്കുമോ; വ്യക്തമാക്കാമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്പെഷ്യൽ റൂൾ പ്രകാരം വകുപ്പിലെ സ്ഥലംമാറ്റങ്ങൾക്ക് ഇന്റർ ട്രാൻസ്ഫെറബിൾ പോളിസി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2023 ഏപ്രിൽ 1 മുതൽ ഇന്റർ ട്രാൻസ്ഫെറബിൾ പോളിസി നടപ്പാകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഇത്തരത്തിൽ സമാന തസ്തിക/ശമ്പള സ്കെയിലിലുള്ള ജീവനക്കാരെ അഞ്ച് വകുപ്പുകളിൽ പരസ്പരം മാറ്റി നിയമിക്കുന്ന സാഹചര്യമുണ്ടായാൽ അത് ജീവനക്കാർക്ക് ഗുണകരമാകുമോ; വ്യക്തമാക്കാമോ?

സമാന തസ്തിക/ശമ്പള സ്കെയിലിലുള്ള ജീവനക്കാരെ അഞ്ച് വകുപ്പുകളിൽ പരസ്പരം മാറ്റി നിയമിക്കുന്ന സാഹചര്യമുണ്ടായാൽ അത് ജീവനക്കാർക്ക് കൂടുതൽ ക്രിയാത്മകമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നതിന് സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇന്റർ ട്രാൻസ്ഫെറബിൾ പോളിസി ഫലപ്രദമായി നടപ്പിലാക്കുന്നതിന് വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും സ്പാർക്ക്,

ജി.പി.എഫ്. എന്നീ സർവീസ് ടൂളുകൾ ഏകീകരിച്ച് നൽകുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ; ഇതുസംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിലുള്ള ഇ.ആർ.3/84/22 എന്ന ഫയലിൽ അടിയന്തരമായി തീർപ്പുകൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഈ വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്.

**ഇനി ഞാനൊഴുകട്ടെ പദ്ധതി**

290(5894) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന ഇനി ഞാനൊഴുകട്ടെ എന്ന പദ്ധതിയിലൂടെ സംസ്ഥാനത്ത് ഇതുവരെ എത്ര കിലോമീറ്റർ നീർച്ചാലുകൾ വീണ്ടെടുത്തു?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഹരിതകേരളം മിഷന്റെ ഭാഗമായി വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 412 കി. മീ. നദികളും

45736 കി. മീ. തോടുകളും പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. ഇതിൽ 10252 കി. മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചത് മൂന്നാംഘട്ടമായി നടത്തിയ 'ഇനി ഞാനൊഴുകട്ടെ' ക്യാമ്പയിന്റെ ഭാഗമായിട്ടാണ്.

(ബി) ഏത് ജില്ലയിലാണ് ഏറ്റവും കൂടുതൽ കിലോമീറ്റർ ജലസ്രോതസ്സുകളെ വീണ്ടെടുത്തത്?

'ഇനി ഞാനൊഴുകട്ടെ' ക്യാമ്പയിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1112 കിലോമീറ്ററും ഈ സർക്കാരിന്റെ കാലത്ത് 2323 കിലോമീറ്ററും ഉൾപ്പെടെ 3435 കി. മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ച തിരുനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചത്.

(സി) തിരുവനന്തപുരം ജില്ലയിൽ വീണ്ടെടുത്ത ജലസ്രോതസ്സുകളുടെ വിശദാംശം വ്യക്തമാക്കാമോ?

തിരുനന്തപുരം ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ച മാലിന്യ നിർമ്മാജന പദ്ധതികൾ

291(5895) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് ഈ സർക്കാരിന്റെ കാലത്തും കഴിഞ്ഞ സർക്കാരിന്റെ കാലത്തും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്നതിന്റെ വിശദവിവരം നൽകുമോ?

സംസ്ഥാനത്തെ ഖരമാലിന്യ സംസ്കരണത്തിന് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (അർബൻ), ശുചിത്വ കേരളം (റൂറൽ), ശുചിത്വ കേരളം (അർബൻ) എന്നീ ഫണ്ടുകൾ വിനിയോഗിച്ച് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. എം.സി.എഫ്./മിനി എം.സി.എഫ്. നിർമ്മാണം
2. ആർ.ആർ.എഫ്.
3. തുമ്പൂർമൂഴി
4. ബയോബിൻ/ബയോകമ്പോസ്റ്റർ/ജീബിൻ എന്നിവയുടെ ഉപയോഗം
5. പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് പദ്ധതികൾ

6. ഗാർഹികതല കമ്പോസ്റ്റ് സംവിധാനം
7. ബയോഗ്യാസ് പ്ലാന്റുകൾ
8. ബെയ്‌ലിങ്ങ്മെഷീൻ

(ബി) പ്രസ്തുത പദ്ധതികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ അവയ്ക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദവിവരം ലഭ്യമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.+

(സി) ഈ പദ്ധതികളിലൂടെ കൈവരിച്ച നേട്ടങ്ങളുടെ വിശദാംശം അറിയിക്കാമോ?

മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയമായ ദിശാബോധം സൃഷ്ടിക്കാനും ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ഗ്രാമതലത്തിൽ പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്താനും കഴിയും. പരിസര മലിനീകരണം ജല മലിനീകരണം എന്നിവ ഗണ്യമായി നിയന്ത്രിക്കുന്നതിന് കഴിയും. ഹരിത കർമ്മസേന മുഖേന അജൈവ മാലിന്യ ശേഖരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യപ്രശ്നത്തിന് പരിഹാരമായി മാറി. ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പദ്ധതികൾ ആവിഷ്കരിച്ചതിലൂടെ ഗാർഹിക മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കും. ജൈവ അജൈവ മാലിന്യങ്ങളുടെ വേർതിരിച്ചുള്ള ശേഖരണം കൂടുതൽ മെച്ചപ്പെട്ടു. ആർ.ആർ.എഫ്., എം.സി.എഫ്.-കൾ സ്ഥാപിച്ചത് സഹായകരമായി മാറി. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ വേർതിരിച്ച് ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുന്ന ഒരു പുതിയ സംസ്കാരം രൂപപ്പെടുത്താൻ കഴിഞ്ഞു. ടേക്ക് എ ബ്രേക്ക് ടോയ്‌ലെറ്റ് കോംപ്ലക്സുകൾ, കമ്മ്യൂണിറ്റി ടോയ്‌ലെറ്റ് കോംപ്ലക്സുകൾ എന്നിവ പൊതുജനങ്ങൾക്ക് വളരെയേറെ പ്രയോജനകരമായി മാറി. ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ ഗാർഹിക ഉപയോക്താക്കൾക്ക് പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളും ഒ.ഡി.എഫ്. പ്ലസ് നിലവാരത്തിലേയ്ക്കെത്തിക്കുന്നതിനുവേണ്ട ഊർജിത പ്രവർത്തനങ്ങൾ തുടർന്നുവരുന്നു.

## തരൂർ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടത്തിവരുന്ന നിർമ്മാണ പ്രവൃത്തികൾ

292(5896) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമുഖേന നടത്തിവരുന്ന നിർമ്മാണപ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ പുരോഗതി ഏതുഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

**മാവേലിക്കരയിലെ കോട്ടത്തോട് മാലിന്യമുക്തമാക്കുവാൻ നടപടി**

293(5897) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മുനിസിപ്പാലിറ്റിയിലൂടെ കടന്നുപോകുന്ന കോട്ടത്തോട് മാലിന്യമുക്തമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര നഗരസഭയിൽ മാലിന്യനിർമ്മാർജ്ജന പദ്ധതി കാര്യക്ഷമമാക്കുന്നതിനായി മാവേലിക്കര എം.എൽ.എ.-യുടെ നേതൃത്വത്തിൽ ക്ലീൻ മാവേലിക്കര എന്ന പേരിൽ കോട്ടത്തോട് ശുചിയാക്കുന്നതിനായി നഗരസഭ, ശുചിത മിഷൻ, ഹരിത കേരള മിഷൻ, കുടുംബശ്രീ എന്നിവരെ യോജിപ്പിച്ച് കൊണ്ട് ഒരു പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ആവിഷ്കരിക്കുകയും ആയതുപ്രകാരം ടി പദ്ധതിയുടെ ആദ്യപടിയായി കോട്ടത്തോട്ടിലേയ്ക്ക് മാലിന്യം തുറന്നുവിടുന്ന വീടുകളെയും സ്ഥാപനങ്ങളെയും കണ്ടെത്തി നിയമനടപടി സ്വീകരിക്കുന്നതിനായി നഗരസഭാതല സ്ക്വാഡ് രൂപീകരിച്ചു. ആയതുപ്രകാരം കോട്ടത്തോട്ടിലേയ്ക്ക് ഔട്ട്ലെറ്റുകൾ, മലിനജലമൊഴുക്കുന്ന പൈപ്പുകൾ എന്നിവ തുറന്നുവച്ചിട്ടുള്ള 9 സ്ഥാപനങ്ങൾക്കും 3 വീടുകൾക്കും നോട്ടീസ് നൽകിയിട്ടുള്ളതാണ്. രണ്ടാമത്തെ നോട്ടീസ് നൽകിയതിൻപ്രകാരം ടി 4 സ്ഥാപനങ്ങൾ ബഹുമാനപ്പെട്ട കൗൺസിലിലേയ്ക്ക് അപ്പീൽ സമർപ്പിക്കുകയും 10-02-2023 കൗൺസിൽ തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത കോട്ടത്തോടിലെ കയ്യേറ്റങ്ങളൊഴിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

കോട്ടത്തോടിന്റെ അനധികൃത കൈയ്യേറ്റമൊഴിപ്പിക്കുന്നതിന്റെ ഭാഗമായി കോട്ടത്തോടിന്റെ വലിയകുളം മുതൽ കൽമണ്ഡപം കടവ് വരെയുള്ള ഭാഗം താലൂക്ക് ഓഫീസിന്റെ നേതൃത്വത്തിൽ അതിർത്തി നിർണ്ണയം നടത്തി നടപടി സ്വീകരിച്ചുവരുന്നു.

(സി) കോട്ടത്തോട് ശുചീകരണവുമായി ബന്ധപ്പെട്ട് ശുചിത്വമിഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര മുനിസിപ്പാലിറ്റിയിലെ ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരുമായി സംയുക്ത പരിശോധന നടത്തുകയും പ്രദേശവാസികളുമായി ആശയവിനിമയം നടത്തുകയും ചെയ്തു. തെളിനീരൊഴുകും നവകേരളം ക്യാമ്പയിന്റെ ഭാഗമായി മാവേലിക്കര നഗരസഭയുമായി സഹകരിച്ച് ജലഗുണനിലവാര പരിശോധന നടത്തി. സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0 പദ്ധതിയിൽപ്പെടുത്തി ശുദ്ധീകരണ പദ്ധതി ആവിഷ്കരിക്കുന്നത് പരിഗണനയിലാണ്.

**റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ**

294(5898) <u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കീഴിലുള്ളതും വാട്ടർ അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പൊളിച്ചതുമായ റോഡുകൾ

ഗതാഗതയോഗ്യമാക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത റോഡുകൾ സമയബന്ധിതമായി ഗതാഗത യോഗ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

പി.ഡബ്ല്യു.ഡി., കേരള വാട്ടർ അതോറിറ്റി, ബി.എസ്.എൻ.എൽ., സ്വകാര്യ ടെലികോം സ്ഥാപനങ്ങൾ (TSPS), സ്വകാര്യ കേബിൾ ശൃംഖലകൾ, സ്വകാര്യവ്യക്തികൾ മുതലായവർ റോഡ് കട്ടിംഗിനായി നിലവിൽ SUGAMA Row Portal-ൽ അപേക്ഷിക്കുകയും ആയതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും സ്ഥലപരിശോധന നടത്തി റോഡ് കട്ടിംഗിനായുള്ള റോഡിന്റെ സർക്കാർ അംഗീകൃത നിരക്ക് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് അനുമതി ലഭ്യമാക്കുകയും ചെയ്യുന്നു.

ഇത്തരത്തിൽ അനുമതി നൽകിയ റോഡുകൾ പ്രവൃത്തി കഴിഞ്ഞ് പൂർവ്വസ്ഥിതിയിൽ ആക്കിയശേഷം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും പരിശോധന പൂർത്തിയാക്കിയശേഷം മറ്റ്

അപാകതകൾ പ്രകടമാകാത്തപക്ഷം സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ ബന്ധപ്പെട്ട വ്യക്തികൾക്ക് അനുവദിക്കുകയും ചെയ്യുന്നു.

ഇപ്രകാരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിയിലുൾപ്പെട്ട റോഡുകളുടെ പരിപാലനവും മേൽനോട്ടവും അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമാണ്.

**ലൈഫ് ഭവന പദ്ധതിയിൽ എസ്.സി., എസ്.ടി. കുടുംബങ്ങൾക്ക് വീട്**

295(5899) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതി മുഖേനയാണോ വീട് നൽകുന്നത്; എങ്കിൽ അർഹതാ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

അർഹതാ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഒരേ വീട്ടിൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്ന സാഹചര്യത്തിൽ ലൈഫ് പദ്ധതി പ്രകാരം ഇവർക്ക് വീട് ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) എങ്കിൽ അർഹതപ്പെട്ട എസ്.സി., എസ്.ടി. വിഭാഗത്തിലെ എല്ലാ കുടുംബങ്ങൾക്കും വീട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ലൈഫ് മിഷൻ പദ്ധതി നിലവിൽ വന്നതിനുശേഷം എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് നാളിതുവരെ വീടുകൾ നിർമ്മിച്ച് നൽകിയ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര തുക വകുപ്പ് കൈമാറിയിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദാംശം നൽകുമോ?

10-03-2023-വരെ എസ്.സി. വിഭാഗത്തിൽ 83,396 വീടുകളും എസ്.ടി. വിഭാഗത്തിൽ 36,796 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി എസ്.സി. വകുപ്പ് 884.30 കോടി രൂപയും എസ്.ടി. വകുപ്പ് 484.46 കോടി രൂപയും ലൈഫ് മിഷന് നൽകിയിട്ടുണ്ട്. ഈയിനത്തിൽ ചെലവഴിച്ചിട്ടുള്ള ആകെ തുകയുടെ വിവരവും ജില്ലാടിസ്ഥാനത്തിലുള്ള വിവരം ശേഖരിച്ചുനൽകുന്നതാണ്.

**മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഡിജിറ്റിലൈസേഷൻ**

296(5900) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഡിജിറ്റലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

എല്ലാ വീടുകളിലും QR കോഡ് പതിപ്പിച്ച് മാലിന്യശേഖരണവും യൂസർ ഫീ കളക്ഷനും ആപ്പ് മുഖേന കാര്യക്ഷമവും സമയബന്ധിതവുമാക്കുകയും വീടുകളിലും സ്ഥാപനങ്ങളിലുംനിന്നുള്ള മാലിന്യശേഖരണത്തിന്റെയും MiniMCF/MCF/RRF-കളിലുള്ള മാലിന്യ സംഭരണത്തിന്റെയും അവിടെ നിന്നുള്ള മാലിന്യനീക്കത്തിന്റെയും കൃത്യമായ കണക്കുകൾ ലഭിക്കുന്നതിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രവർത്തനമികവ് നിരീക്ഷിക്കുന്നതിനുംവേണ്ടി സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം സോഫ്റ്റ്‌വെയർ നടപ്പിലാക്കിട്ടുണ്ട്. കെൽട്രോൺ നിർമ്മിച്ചിട്ടുള്ള സോഫ്റ്റ്‌വെയർ സംവിധാനം ഒന്നാംഘട്ടത്തിൽ 376 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ (313 ഗ്രാമപഞ്ചായത്ത്, 59 മുനിസിപ്പാലിറ്റി, 4 കോർപ്പറേഷൻ) സജ്ജമായി കഴിഞ്ഞു. രണ്ടാംഘട്ടത്തിൽ

196 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ (184 ഗ്രാമപഞ്ചായത്ത്, 12 മുനിസിപ്പാലിറ്റി) നടപ്പിലാക്കിയിട്ടുണ്ട്.

ബാക്കിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അടുത്ത സാമ്പത്തികവർഷം തന്നെ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിന്റെ നടത്തിപ്പ്**

297(5901) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിന്റെ നടത്തിപ്പ് ചുമതല നൽകിയിട്ടുള്ളതാർക്കാണ്; പ്രസ്തുത കരാറിന്റെ വിശദാംശം വ്യക്തമാക്കുമോ; കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിന്റെ ഓപ്പറേഷൻ & മെയിന്റനൻസ് നടത്തിയിരുന്ന കരാറുകാരന്റെ കാലാവധി 02-03-2023-ന് അവസാനിച്ചിട്ടുള്ളതാണ്. പുതിയ കരാറുകാരനെ നിശ്ചയിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കരാർ കാലാവധി അവസാനിച്ചാൽ പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

കരാർ കാലാവധി അവസാനിച്ചാൽ പുതിയ ടെണ്ടർ ക്ഷണിച്ച് പുതിയ കരാറുകാരനെ നിശ്ചയിക്കുകയെന്നതാണ് നടപടിക്രമം.

(സി) മാലിന്യ പ്ലാന്റിൽ തീപിടിത്തമുണ്ടായതിനാൽ കരാർ പുതുക്കുന്ന നടപടിക്രമങ്ങൾ വൈകാൻ സാധ്യതയുണ്ടോ; തീപിടുത്തമുണ്ടായ സാഹചര്യത്തിൽ നിലവിൽ പ്രവർത്തിക്കുന്ന കരാർ കമ്പനിക്ക് കാലാവധി നീട്ടി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സാധ്യതയില്ല. നിലവിലുള്ള കരാറുകാരന് കാലാവധി നീട്ടി നൽകിയിട്ടില്ലാത്തതാണ്.

## തളിപ്പറമ്പ് മണ്ഡലത്തിൽ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

298(5902) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നിർവഹണം നടത്തുന്നതിനായി ഭരണാനുമതി ലഭിച്ച സ്കൂൾ കെട്ടിടങ്ങളുടെ വിശദവിവരം നൽകാമോ?

1. തടിക്കടവ് ഗവൺമെന്റ് ഹൈസ്കൂളിന് കെട്ടിടനിർമ്മാണം-1 കോടി രൂപ.
2. ചട്ടുകപ്പാറ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് കെട്ടിട നിർമ്മാണം-1.3 കോടി രൂപ.
3. കുട്ടിയേരി ഗവൺമെന്റ് ഹൈസ്കൂളിന് കെട്ടിടനിർമ്മാണം-1 കോടി രൂപ.

(ബി) പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സ്ഥലപരിശോധന പൂർത്തീകരിച്ച് എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു.

**കുന്നത്തുനാട് മണ്ഡലത്തിലെ ശുചിത്വ കേരളം പദ്ധതി**

299(5903) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വ കേരളം പദ്ധതിയിലുൾപ്പെടുത്തി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശുചിത്വ കേരളം പദ്ധതിയിലുൾപ്പെടുത്തി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതി ചുവടെ ചേർക്കുന്നു.

വാഴക്കുളം ഗ്രാമപഞ്ചായത്തിൽ ബയോബിന്നിന്റെ പരിഷ്കൃതരൂപമായ ജീബിൻ വിതരണം പദ്ധതി.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

നിലവിൽ ടെണ്ടർ നടപടി കഴിഞ്ഞു. 2023 മാർച്ച് 22 മുതൽ വിതരണം ചെയ്യുന്നതാണ്.

**സംസ്ഥാനത്ത് ഖരമാലിന്യ സംസ്കരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ**

300(5904) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖരമാലിന്യ സംസ്കരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഹരിതകർമ്മസേന മാലിന്യങ്ങൾ ശേഖരിക്കുകയും അവ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി വഴി

സെന്ററുകളിൽ സൂക്ഷിച്ച് പിന്നീട് റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകളിൽ വച്ച് വിവിധയിനങ്ങളായി തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്കോ സ്വകാര്യ ഏജൻസികൾക്കോ കൈമാറുന്നു. കോഴി മാലിന്യം സംസ്കരിക്കുന്നതിനായി ഭൂരിഭാഗം ജില്ലകളിലും റെൻഡറിംഗ് പ്ലാന്റുകൾ സ്ഥാപിക്കുകയും മറ്റ് ജില്ലകളിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ ജൈവമാലിന്യ സംസ്കരണത്തിനായി മുട്ടി കമ്പോസ്റ്റ് യൂണിറ്റ്, മൺകല കമ്പോസ്റ്റ് യൂണിറ്റ്, റിംഗ് കമ്പോസ്റ്റ് യൂണിറ്റ്, മിക്സ്ഡ് കൾച്ചർ ഫെഡ്ബാച്ച് ടൈപ്പ് ബയോഗ്യാസ് പ്ലാന്റ്, ബയോ കമ്പോസ്റ്റർ ബിൻ, കിച്ചൺ ബിൻ, ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റ്, മണ്ണിര കമ്പോസ്റ്റ്, പോർട്ടബിൾ ബയോബിൻ കമ്പോസ്റ്റ് യൂണിറ്റ് എന്നിവ വിതരണം ചെയ്യൽ എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷന്റെയും ഹരിത കേരള മിഷന്റെയും സംയുക്ത മേൽനോട്ടത്തിൽ ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന ശുചിത്വ മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ സ്ഥാപനതലം മുതൽ സംസ്ഥാനതലം വരെയുള്ള ഏകീകൃത നിരീക്ഷണത്തിനായി തയ്യാറാക്കിയ ഹരിതമിത്രം-സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ഗ്രാമപഞ്ചായത്ത് തലത്തിൽ

നടപ്പിലാക്കിവരുന്നു. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ അശാസ്ത്രീയ മാലിന്യ സംസ്കരണം തടയുന്നതിലേയ്ക്കായി നിശ്ചിത സമയങ്ങളിൽ പരിശോധനകളും നടത്തിവരുന്നു. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ സാങ്കേതികവിദ്യകളിലധിഷ്ഠിതമായ ഉറവിട മാലിന്യസംസ്കരണ പദ്ധതികളാണ് നഗരസഭകളിൽ നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നം പരിഹരിക്കുന്നതിലേയ്ക്കായി കേന്ദ്രീകൃതരീതിയിൽ ഖരമാലിന്യം സംസ്കരിച്ച് ഊർജ്ജമുല്പാദിപ്പിക്കുന്ന തരത്തിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരളത്തിലെ നഗരങ്ങളിലെ മാലിന്യ പരിപാലന സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആധുനിക ശാസ്ത്രീയ സംവിധാനങ്ങൾ ഒരുക്കുന്നതിനുമായി ലോകബാങ്ക്, ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് (AIIB) എന്നിവയുടെ സാമ്പത്തികസഹായത്തോടെ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP). സംസ്ഥാനത്ത് ശാസ്ത്രീയ ഖരമാലിന്യ പരിപാലന പദ്ധതി നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്.

(ബി) സംസ്ഥാനത്ത് പുതുതായി ഖരമാലിന്യ പ്ലാന്റുകളാരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിൽ ഖരമാലിന്യ പ്ലാൻറ് സ്ഥാപിക്കുന്നതിനായി റവന്യൂ പുറമ്പോക്കിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിൽ ഗോവർദ്ധൻ പദ്ധതി പൂർത്തിയായിവരുന്നു. പാലക്കാട് ജില്ലയിൽ മാലിന്യ സംസ്കരണത്തിലെ നൂതന മാർഗ്ഗങ്ങളായ മാലിന്യത്തിൽനിന്ന് ഊർജ്ജം ഉല്പാദിപ്പിക്കുന്ന പദ്ധതി കഞ്ചിക്കോട് വാണിജ്യമേഖലയിൽ ആരംഭിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. പത്തനംതിട്ട ജില്ലയിൽ ക്ലീൻ കേരള കമ്പനി ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് കുന്നന്താനം കിൻഫ്രാ പാർക്കിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംസ്കരണ കേന്ദ്രം സ്ഥാപിക്കുന്നുണ്ട്. തൃശ്ശൂർ ജില്ലയിലെ ഏറിയാട്, കടപ്പുറം, എളവള്ളി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ട്. സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയുടെ ഭാഗമായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ്/ബയോഗ്യാസ് പ്ലാന്റുകൾ, എം.സി.എഫ്./ആർ.ആർ.എഫ്.

എന്നിവ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്ഥാപിക്കുന്നതിന് ടി പദ്ധതിയുടെ ആക്ഷൻ പ്ലാൻ പ്രകാരം വിഭാവന ചെയ്തിട്ടുണ്ട്.

(സി) തളിപ്പറമ്പ് മണ്ഡലത്തിൽ ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

തളിപ്പറമ്പ് നഗരസഭയിൽ പതിനാലാം വാർഡിൽ നിലവിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 25 ഏക്കറോളം സ്ഥലത്താണ് ഇത് പ്രവർത്തിക്കുന്നത്. അജൈവമാലിന്യങ്ങൾ തരംതിരിച്ച് (Segregated) നഗരസഭാ പ്രദേശവീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിച്ച് MRF-കളിലും കൂടുതൽ തരംതിരിച്ച് RRF-കളിലേയ്ക്കും ശേഖരിച്ച് വിവിധ ഉപയോഗങ്ങൾക്കായി കയറ്റി അയച്ചുവരുന്നു. ജൈവമാലിന്യങ്ങൾ ശേഖരിച്ച് മാലിന്യ സംസ്കരണകേന്ദ്രത്തിലെത്തിച്ച് വിൻഡ്രോ കമ്പോസ്റ്റിംഗ് രീതിയിൽ വളമാക്കി മാറ്റുന്നു. അതുകൂടാതെ (KSWMP) പ്രോജക്ടിന്റെ ഭാഗമായി MCF, RRF നവീകരണവും യന്ത്രങ്ങൾ വാങ്ങുന്നതിനും പ്ലാന്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചുവരുന്നു.

അതുകൂടാതെ 14-ാം വാർഡിൽ നഗരസഭയുടെ ഒരു വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റുകൂടി പരിഗണനയിലാണ്.

തളിപ്പറമ്പ നിയോജകമണ്ഡലത്തിലുൾപ്പെട്ട ആന്തൂർ നഗരസഭയിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 2023-24 വർഷത്തിൽ 43,00,000/- രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. 2022-23 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി കെട്ടിട നിർമ്മാണമാരംഭിച്ചിട്ടുള്ളതാണ്.

**കോങ്ങാട് മണ്ഡലത്തിലെ ലൈഫ് മിഷൻ വീടുകൾ**

301(5905)<u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം നാളിതുവരെ എത്ര വീടുകൾ അനുവദിച്ചിട്ടുണ്ട്; എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

കോങ്ങാട് മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം നാളിതുവരെ 1535 വീടുകൾ അനുവദിച്ചിട്ടുണ്ട്. അതിൽ 1226 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| കാഞ്ഞിരപ്പുഴ | 339 | 287 |
| കാരാക്കുറിശ്ശി | 205 | 173 |
| കരിമ്പ | 257 | 218 |
| കേരളശ്ശേരി | 121 | 83 |
| കോങ്ങാട് | 156 | 119 |
| മങ്കര | 110 | 87 |
| മണ്ണൂർ | 94 | 84 |
| പറളി | 183 | 147 |
| തച്ചമ്പാറ | 70 | 28 |
| **ആകെ** | **1535** | **1226** |

## ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നടപടി

302(5906) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ തീപിടിത്തമുണ്ടായതിനാൽ കൊച്ചി നഗരത്തിൽ പുക നിറഞ്ഞ് ജനജീവിതം പ്രതിസന്ധിയിലായത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിൽ അപ്രതീക്ഷിതമായുണ്ടായ അഗ്നിബാധ അതീവ ഗൗരവത്തോടെയാണ് കാണുന്നത്.

(ബി) പ്രസ്തുത പ്ലാന്റിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള എന്ത് സംവിധാനമാണേർപ്പെടുത്തിയിട്ടുള്ളത്;

(സി) പ്രസ്തുത സംവിധാനമേർപ്പെടുത്താൻ സാധിച്ചിട്ടില്ലെങ്കിൽ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

(ബി&സി) M/s Bharath Traders എന്ന കമ്പനിക്ക് പ്ലാസ്റ്റിക് മാലിന്യങ്ങൾ കിലോഗ്രാമിന് 1.5 രൂപ നിരക്കിൽ റീ-സൈക്കിൾ ചെയ്യുന്നതിന് കൈമാറുന്നു. പഴയ പ്ലാസ്റ്റിക് മാലിന്യങ്ങൾ ബയോ മൈനിംഗ് വഴി സംസ്കരിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

## അഴിക്കോട് മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി

303(5907) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും എത്ര വീടുകൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കുമോ?

പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | പൂർത്തീകരിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിക്കാൻ ബാക്കിയുള്ള വീടുകളുടെ എണ്ണം |
|---|---|---|
| അഴിക്കോട് | 53 | 39 |
| ചിറയ്ക്കൽ | 58 | 67 |
| നാറാത്ത് | 68 | 69 |
| പാപ്പിനിശ്ശേരി | 47 | 63 |
| വളപട്ടണം | 9 | 7 |
| **ആകെ** | **235** | **245** |

(ബി) ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തുന്നതിനായുള്ള ലിസ്റ്റിൽ എത്ര ഗുണഭോക്താക്കൾ നിലവിലുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കുമോ?

ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തുന്നതിനായി പ്രത്യേക ലിസ്റ്റ്

നിലവിലില്ല. എന്നാൽ ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| **ഗ്രാമ പഞ്ചായത്ത്** | **ഭൂമിയുള്ള ഭവനരഹിതർ** | **ഭൂരഹിത ഭവന രഹിതർ** |
|---|---|---|
| അഴിക്കോട് | 106 | 158 |
| ചിറയ്ക്കൽ | 151 | 224 |
| നാറാത്ത് | 113 | 132 |
| പാപ്പിനിശ്ശേരി | 122 | 114 |
| വളപട്ടണം | 12 | 33 |
| **ആകെ** | **504** | **661** |

## ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിലെ തീപിടുത്തം

304(5908) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിൽ തീപിടുത്തമുണ്ടായാൽ ഫയർഫോഴ്സ് വാഹനങ്ങൾക്ക് കടന്നുവരാൻ കഴിയുന്ന രീതിയിൽ

വഴിയൊരുക്കണമെന്ന നിർദ്ദേശം പാലിക്കപ്പെടാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. അഗ്നിബാധ നിയന്ത്രണവിധേയമാക്കുന്നതിനും സ്ഥിതിഗതികൾ ശാന്തമാക്കുന്നതിനുമുള്ള അടിയന്തരനടപടികൾ സ്വീകരിച്ചു.

(ബി) ഇക്കാര്യത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) പ്ലാന്റിൽ തീപിടുത്തമുണ്ടായാൽ വേഗത്തിൽ പരിഹാരം കാണുവാൻ കഴിയുന്നവിധം അഗ്നിസുരക്ഷാ സംവിധാനമൊരുക്കണമെന്ന് ഫയർഫോഴ്സ് കൊച്ചി കോർപ്പറേഷന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് നൽകിയതെന്നാണെന്ന് വ്യക്തമാക്കുമോ?

അന്വേഷണ പരിധിയിൽവരുന്ന വിഷയമാണ്.

(ഡി) പ്രസ്തുത റിപ്പോർട്ടിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

അന്വേഷണം നടത്തുന്നുണ്ട്.

## വട്ടിയൂർക്കാവ് മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ

305(5909) ശ്രീ. വി. കെ പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളുടെ വിശദാംശവും അവയുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവയും ലഭ്യമാക്കാമോ;

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ദിവസ വേതന/അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ ഏതൊക്കെയാണെന്നും പ്രസ്തുത സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള മൂന്ന്

ഉപാധികൾ/രേഖകൾ ഏതൊക്കെയെന്നും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയെന്നും വിശദമാക്കാമോ?

(എ-ഡി) തിരുവനന്തപുരം കോർപ്പറേഷന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+ വട്ടിയൂർക്കാവ് മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള മറ്റ് സ്ഥാപനങ്ങളുടെ വിശദാംശം ശേഖരിച്ചുനൽകുന്നതാണ്.

**വിതുര സബ് ട്രഷറിക്ക് കെട്ടിടം**

306(5910) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിലെ വിതുര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിതുര സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള 7 സെന്റ് ഭൂമി വിട്ടുനൽകുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ഉചിത മാർഗ്ഗേണ പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിച്ച ഫയലിന്റെ (ഫയൽ നമ്പർ: 400231/ഡി.ജി.പി.എം.09/ജനറൽ/2022/984/(1), തീയതി 21-12-2022, വിതുര ജി.പി.) ഇപ്പോഴത്തെ സ്ഥിതി അറിയിക്കാമോ;

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത ഭൂമി വിട്ടുനൽകുന്നതിന് തടസ്സമുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(എ&ബി) വിതുര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിതുര സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള 7 സെന്റ് ഭൂമി വിട്ടുനൽകുന്നതിനുള്ള സർക്കാർ അനുമതിക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തിരുവനന്തപുരം 27-12-2022-ൽ വിതുര ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത അപേക്ഷ ന്യൂനതകൾ പരിഹരിച്ച് ഉള്ളടക്കങ്ങൾ സഹിതം ഉചിതമാർഗ്ഗേണ ലഭ്യമാക്കിയിട്ടില്ല.

**വടക്കാഞ്ചേരി ലൈഫ് മിഷൻ പദ്ധതി**

307(5911) ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിലെ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി യൂണിടാക്കും യു.എ.ഇ. കോൺസുലേറ്റും തമ്മിൽ നിർമ്മാണ കരാറിലേർപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്

(ബി) സർക്കാർ ഭൂമിയിൽ കെട്ടിടം നിർമ്മിക്കാൻ ഒരു വിദേശ കോൺസുലേറ്റിന് അധികാരം നൽകിയിട്ടുണ്ടോ;

(സി) സർക്കാരുമായി യാതൊരു കരാറുമില്ലാതെ സർക്കാർ ഭൂമിയിൽ കെട്ടിടം നിർമ്മിക്കാൻ യൂണിടാക്കിന് അധികാരമുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) UAE Red Crescent Authority എന്ന സന്നദ്ധ സംഘടനയുമായി ലൈഫ് മിഷൻ പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കും വീടില്ലാത്തവർക്കും വീട് വച്ചുകൊടുക്കുന്നത് സംബന്ധിച്ച് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത ധാരണാപത്രത്തിന്റെ ആർട്ടിക്കിൾ 6 പ്രകാരം റെഡ് ക്രസന്റ് തെരഞ്ഞെടുത്ത ഏജൻസിയാണ് പ്രസ്തുത സ്ഥലത്ത് ഭവനസമുച്ചയം നിർമ്മിക്കുന്നത്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി**

308(5912)<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിയുടെ പുരോഗതിയും വിശദമാക്കുമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് സമയബന്ധിതമായി നൽകാൻ നടപടി

309(5913)ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ട് എത്ര ഗഡുക്കളായിട്ടാണ് ഈ സാമ്പത്തികവർഷം വിതരണം ചെയ്തിട്ടുള്ളതെന്നും ഇവ ഏതെല്ലാം മാസങ്ങളിലാണ് വിതരണം ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

നടപ്പ് സാമ്പത്തികവർഷത്തിൽ പ്ലാൻ ഫണ്ടിനത്തിൽ മൂന്ന് ഗഡു അനുവദിച്ചിട്ടുണ്ട്. 08-04-2022-ലെ സ.ഉ.(സാധാ.) നം.2839/2022/ധന.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രകാരം ഒന്നാംഗഡുവും, 12-10-2022-ലെ സ.ഉ(സാധാ. )നം. 6872/2022/ധന. പ്രകാരം രണ്ടാംഗഡുവും 13-02-2023-ലെ സ.ഉ. (സാധാ.) നം. 1049/2023/ധന. പ്രകാരം മൂന്നാംഗഡുവും അനുവദിച്ചിട്ടുണ്ട്.

(ബി) 2023 മാർച്ച് ഒന്നാം തീയതി വരെ അവസാന ഗഡു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ടോ?

പ്ലാൻ ഫണ്ടിന്റെ അവസാന ഗഡുവും ഇതിനോടകം അനുവദിച്ചിട്ടുണ്ട്.

(സി) സാമ്പത്തികവർഷത്തിന്റെ അവസാന ആഴ്ചകളിൽ ഈ ഫണ്ട് ലഭിച്ചാൽ ഇവ എങ്ങനെയാണ് പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കുകയെന്ന് വിശദമാക്കുമോ?

ബാധകമല്ല.

(ഡി) ബാക്കിവരുന്ന തുക ചെലവഴിക്കുന്നതിന് സമയം നീട്ടികൊടുക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ?

നിലവിൽ ടി വിഷയത്തിൽ തീരുമാനങ്ങളൊന്നും സ്വീകരിച്ചിട്ടില്ല.

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടുകൾ സമയബന്ധിതമായി ലഭിച്ച് പദ്ധതി പൂർത്തീകരണം സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സാധാരണയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ട് 3 ഗഡുക്കളായാണ് അനുവദിച്ചുവരുന്നത്. നടപ്പ് സാമ്പത്തികവർഷം പ്ലാൻ ഫണ്ടിന്റെ മൂന്ന് ഗഡുക്കളും ഇതിനോടകം അനുവദിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണം**

310(5914) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് സീനിയറായ ജീവനക്കാരൻ അതേ റാങ്ക് ലിസ്റ്റിൽനിന്നോ അതിന്റെ അടുത്ത റാങ്ക് ലിസ്റ്റിൽനിന്നോ സർവീസിൽ കയറിയ ജൂനിയറായ ജീവനക്കാരന്റെ കീഴിൽ ജോലി ചെയ്യേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില ജീവനക്കാരുടെ കാര്യത്തിൽമാത്രം ഉയർന്നുവരാനിടയുള്ള പ്രസ്തുത സാഹചര്യം സർക്കാരിന്റെ പരിഗണനയിൽ വരുമ്പോൾ പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കുന്നതാണ്.

**കുടുംബശ്രീ മുഖേന നടപ്പിലാക്കിയ ജനകീയ ഹോട്ടലുകൾ**

311(5915) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീ മുഖേന നടപ്പിലാക്കിയ ജനകീയ ഹോട്ടലുകളുടെ പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി ജനകീയ ഹോട്ടലുകൾ കുടുംബശ്രീയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെയും സംയുക്ത സഹകരണത്തോടെ നടപ്പിലാക്കിവരുന്നുണ്ട്. പ്രാദേശിക സാധ്യതയും ആവശ്യകതയുമനുസരിച്ച് ജനകീയ ഹോട്ടലുകളാരംഭിക്കാവുന്നതാണ്. അനുയോജ്യമായ സ്ഥലത്ത് കെട്ടിടം വാടകയ്ക്കെടുത്തോ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തിയോ വേണം ജനകീയ ഹോട്ടലുകൾ ആരംഭിക്കേണ്ടത്. കെട്ടിടത്തിൽ വെള്ളം, വൈദ്യുതി, ശുചിത്വ സൗകര്യങ്ങൾ, ഫർണിച്ചർ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തി നൽകേണ്ടതാണ്. കെട്ടിട വാടക, വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം വഹിക്കേണ്ടതാണ്. ജനകീയ ഹോട്ടലിനാവശ്യമായ പാചക പാത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ കുടുംബശ്രീ യൂണിറ്റ് ലഭ്യമാക്കുന്നതാണ്. കുറഞ്ഞത്

2-3 വനിതകളുൾപ്പെടുന്ന സംരംഭ ഗ്രൂപ്പായിട്ടാണ് ജനകീയ ഹോട്ടലുകൾ രൂപീകരിക്കേണ്ടത്. യൂണിറ്റ് രൂപീകരണവും യൂണിറ്റിനാവശ്യമായ പരിശീലനങ്ങളും കുടുംബശ്രീ മിഷൻ നിർവ്വഹിക്കുന്നതാണ്. ജനകീയ ഹോട്ടലുകളിൽ നിന്നും നൽകുന്ന ഓരോ ഊണിനും 10 രൂപ സബ്സിഡി കുടുംബശ്രീ മുഖാന്തരം നൽകുന്നുണ്ട്. ഇത് കൂടാതെ ഹോട്ടലുകളുടെ നടത്തിപ്പിനാവശ്യമായ പാത്രങ്ങൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങിക്കുന്നതിനായി പരമാവധി 50,000 രൂപ വരെ റീവോൾവിംഗ് ഫണ്ടായി കുടുംബശ്രീ നൽകുന്നു. നഗരസഭാതലത്തിൽ രൂപീകരിക്കുന്ന ഹോട്ടലുകൾക്ക് 30,000/- രൂപ നഗരസഭ മുഖാന്തരവും ഗ്രാമതലത്തിൽ രൂപീകരിക്കുന്ന ഹോട്ടലുകൾക്ക് 20,000/- രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കൂടാതെ 10,000/- രൂപ ജില്ലാ പഞ്ചായത്തിൽനിന്നും വർക്കിംഗ് ഗ്രാന്റായി ലഭിക്കുന്നുണ്ട്. ഇതിനുപുറമേ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ജനകീയ ഹോട്ടലുകൾക്ക് അരി കിലോയ്ക്ക് 10.90 രൂപ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്.

(ബി) പ്രസ്തുത ഹോട്ടലുകളിലെ ജീവനക്കാർക്ക് കോവിഡ് കാലത്തും അതിനുശേഷവും ശമ്പളം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അംഗങ്ങൾ തമ്മിലുള്ള എഗ്രിമെന്റ് പ്രകാരം 2-3 വനിതകളുൾപ്പെടുന്ന സംരംഭ ഗ്രൂപ്പായിട്ടാണ് ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നത്. ജനകീയ ഹോട്ടലുകളിൽ നിന്നുള്ള വരുമാനത്തിൽനിന്നുമാണ് ഹോട്ടൽ നടത്തിപ്പിനുള്ള തുകയും ജീവനക്കാരുടെ വേതനവും കണ്ടെത്തുന്നത്.

(സി) പ്രസ്തുത ജനകീയ ഹോട്ടലുകൾക്ക് സർക്കാരും പഞ്ചായത്തുകളും ധനസഹായം നൽകുന്നുണ്ടോയെന്നും സബ്സിഡിയിനത്തിൽ റേഷൻകടകൾ, സപ്ലൈകോ എന്നിവ മുഖേന സാധനങ്ങൾ ലഭ്യമാകുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

ജനകീയ ഹോട്ടലുകളിൽനിന്നും നൽകുന്ന ഓരോ ഊണിനും 10 രൂപ സബ്സിഡി കുടുംബശ്രീ മുഖാന്തരം നൽകുന്നുണ്ട്. ഇതുകൂടാതെ ഹോട്ടലുകളുടെ നടത്തിപ്പിനാവശ്യമായ പാത്രങ്ങൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി പരമാവധി 50,000/- രൂപവരെ റിവോൾവിംഗ് ഫണ്ടായി കുടുംബശ്രീ നൽകുന്നുണ്ട്. നഗരസഭാതലത്തിൽ രൂപീകരിക്കുന്ന ഹോട്ടലുകൾക്ക് 30,000/- രൂപ നഗരസഭ മുഖാന്തരവും ഗ്രാമതലത്തിൽ രൂപീകരിക്കുന്ന ഹോട്ടലുകൾക്ക് 20,000/- രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കൂടാതെ 10,000/- രൂപ ജില്ലാ പഞ്ചായത്തിൽനിന്നും വർക്കിംഗ്

ഗ്രാന്റായി ലഭിക്കുന്നുണ്ട്. ഇതിനുപുറമെ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും ജനകീയ ഹോട്ടലുകൾക്ക് അരി കിലോയ്ക്ക് 10.90/- രൂപ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്.

(ഡി) കോവിഡ് സമയത്ത് രൂപീകരിച്ച ജനകീയ ഹോട്ടലുകളിൽ ജീവനക്കാർക്ക് പണിയെടുത്ത സമയത്തെ ശമ്പളം പോലും ലഭിച്ചിട്ടില്ലാത്ത കാര്യം പരിശോധിക്കുമോ?

അപ്രകാരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അംഗങ്ങൾ തമ്മിലുള്ള എഗ്രിമെന്റ് പ്രകാരം 2-3 വനിതകളുൾപ്പെടുന്ന സംരംഭ ഗ്രൂപ്പായിട്ടാണ് ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നത്. ജനകീയ ഹോട്ടലുകളിൽനിന്നുള്ള വരുമാനത്തിൽനിന്നുമാണ് ഹോട്ടൽ നടത്തിപ്പിനുള്ള തുകയും ജീവനക്കാരുടെ വേതനവും കണ്ടെത്തുന്നത്.

(ഇ) കോട്ടയം ജില്ലയിലെ കടപ്ലാമറ്റം പഞ്ചായത്തിലെ ജനകീയ ഹോട്ടലുകളിൽ ജോലി ചെയ്ത കുടുംബശ്രീ പ്രവർത്തകരുടെ വേതനവും അവർക്ക് ചെലവായ തുകയും നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ജനകീയ ഹോട്ടലിന്റെ ലാഭവിഹിതം അംഗങ്ങൾ വീതിച്ചെടുക്കുകയാണ് ചെയ്യുന്നത്. അല്ലാതെ ഇവർക്ക് പ്രതിമാസ വേതനം നിശ്ചയിച്ചിട്ടില്ല. ടി വിഷയത്തിൽ തീരുമാനമെടുക്കേണ്ടത് സംരംഭകർ തന്നെയാണ്. കടപ്ലാമറ്റം ജനകീയ ഹോട്ടലിൽ ജോലി ചെയ്തിരുന്ന 3 ജീവനക്കാർക്ക് ജില്ലാ മിഷന്റെ നേതൃത്വത്തിൽ കൂടിയ മീറ്റിംഗിൽ അന്നുവരെയുള്ള വരുമാനം മൂന്നായി വിഭജിച്ച് നൽകുവാൻ തീരുമാനിച്ചിരുന്നു. ഇതിൽ ഒരാൾ മാത്രം തുക കൈപ്പറ്റിയിട്ടില്ല.

## ഭിന്നശേഷിക്കാരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ

312(5916) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിബ്രൽ പാൾസി, ഓട്ടിസം, മാനസിക വെല്ലുവിളി, ബഹുവൈകല്യം എന്നീ അവസ്ഥകളാൽ ദുരിതമനുഭവിക്കുന്ന 18 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് മെഡിക്കൽ ബോർഡുകൾ പൊതുവേ താൽക്കാലിക ഡിസബിലിറ്റി സർട്ടിഫിക്കറ്റുകളാണ് നൽകുന്നതെന്നിരിക്കെ പഞ്ചായത്ത് ഡയറക്ടറുടെ 01-11-2022-ലെ പി.എ.എൻ./15050/2019-ഡി.ബി.റ്റി.1(ഡി.പി.) എന്ന കത്തിലുള്ള നിർദ്ദേശത്തെത്തുടർന്ന് ഇവർക്ക്

സാമൂഹ്യ സുരക്ഷാ പെൻഷൻ (വികലാംഗ പെൻഷൻ) നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇത്തരം പരാതികൾ ശ്രദ്ധയിൽവന്നിട്ടുണ്ട്.

(ബി) മേൽ പറഞ്ഞിട്ടുള്ള രോഗാവസ്ഥകൾക്ക് 18 വയസ്സിനുശേഷം മാത്രമാണ് മെഡിക്കൽ ബോർഡുകൾ പെർമനന്റ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതെന്നത് കണക്കിലെടുത്ത് പഞ്ചായത്ത് ഡയറക്ടറുടെ മേൽപ്പറഞ്ഞ നിർദ്ദേശത്തിലാവശ്യമായ ഭേദഗതികൾ വരുത്തി പുതിയ നിർദ്ദേശം നൽകുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കാമോ;

(സി) കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഭിന്നശേഷിക്കാരുടെ അവകാശ ചട്ടങ്ങൾ 2017-ലെ ചട്ടം 18, 19 എന്നിവയനുസരിച്ച് പഞ്ചായത്ത് ഡയറക്ടറുടെമേലുള്ള പരാമർശിത നിർദ്ദേശം ചട്ടവിരുദ്ധമല്ലേയെന്നത് പരിശോധിച്ച് മറുപടി നൽകാമോ?

(ബി&സി) പെർമനന്റ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റുള്ളവരാണ് വികലാംഗ പെൻഷന് അർഹരാകുന്നതെന്ന ധനകാര്യ വകുപ്പിന്റെ നിർദ്ദേശപ്രകാരമാണ് പഞ്ചായത്ത് ഡയറക്ടർ ഇപ്രകാരമൊരു നിർദ്ദേശം

പുറപ്പെടുവിച്ചത്. ഭിന്നശേഷി അവകാശ നിയമം 2016, സെക്ഷൻ 2(s) പ്രകാരം“ person with disability” means a person with long term physical, mental, intellectual or sensory impairment which, in interaction with barriers, hinders his full and effective participation in society equally with others; എന്നാണ് നിർവ്വചിച്ചിരിക്കുന്നത്.

ചിലതരം വൈകല്യങ്ങളുള്ളവർക്കും ചിലതരം വൈകല്യങ്ങളുള്ള കുട്ടികൾക്കും ഇത്തരം പെൻഷൻ ആനുകൂല്യം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടതിനാലും ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ നിർദ്ദേശം അടിസ്ഥാനമാക്കിയും ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ വ്യക്തത വരുത്തിക്കൊണ്ട് ഒരു പ്രത്യേക കാലയളവ് രേഖപ്പെടുത്തി ടി കാലയളവിലേയ്ക്ക് മാത്രം സാധുതയുള്ള തരം ഭിന്നശേഷി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നപക്ഷം ടി കാലയളവിലേയ്ക്ക് ഭിന്നശേഷി പെൻഷൻ ലഭിക്കുന്നതാണെന്ന് നിർദ്ദേശം നൽകി 13-03-2023-ലെ സർക്കുലർ നമ്പർ 26/2023/ധന. പുറപ്പെടുവിച്ചു (സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.)+ പ്രസ്തുത സർക്കുലറിന്റെ വെളിച്ചത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശം അപ്രസക്തമായിത്തീർന്നു. ഭിന്നശേഷിക്കാരുടെ അവകാശ ചട്ടങ്ങൾ 2017, ചട്ടം 18 - മെഡിക്കൽ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അധികാരി ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ചാണ്. അതുകൊണ്ടുതന്നെ പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശം ഈ ചട്ടത്തിന് വിരുദ്ധമല്ല. ചട്ടം 19-ൽ, ചട്ടം-18 പ്രകാരം ലഭിക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഇളവുകൾക്കും ആനുകൂല്യങ്ങൾക്കും അപേക്ഷിക്കാൻ അർഹതയുണ്ടെന്നാണ് വിവക്ഷിക്കുന്നത്. അപേക്ഷ പ്രകാരമുള്ള ആനുകൂല്യത്തിന്റെ അർഹത പരിശോധിക്കുന്നത് ബന്ധപ്പെട്ട യോഗ്യതാ മാനദണ്ഡങ്ങൾക്കും നിയമങ്ങൾക്കും വിധേയമായാണ്. അതിനാൽ ഡയറക്ടറുടെ നിർദ്ദേശം ഈ ചട്ടത്തിനുവിരുദ്ധമാണെന്ന് കരുതാനാകില്ല.

**വടക്കാഞ്ചേരി ലൈഫ് മിഷൻ പദ്ധതി**

313(5917) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിൽ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റ് നിർമ്മിക്കാൻ യൂണിടാക്കിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

യൂണിടാക്കിന് അനുമതി നൽകിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി യൂണിടാക്ക് നിർമ്മിക്കുന്ന ഫ്ലാറ്റിന്റെ നിർമ്മാണ പുരോഗതി 2020-ൽ മുഖ്യമന്ത്രി പങ്കെടുത്ത യോഗത്തിൽ വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്.

(സി) പണിയാരംഭിക്കുന്നതിനുമുമ്പ് യൂണിടാക്കിന് ഫ്ലാറ്റ് നിർമ്മാണത്തിന് അനുമതി നൽകിയ കരാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കരാറിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഭൂമിയിൽ ഫ്ലാറ്റ് പണിയാൻ മതിയായ അധികാരങ്ങൾ പ്രസ്തുത സ്ഥാപനത്തിന് ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ?

UAE Red Crescent Authority എന്ന സന്നദ്ധ സംഘടനയുമായിട്ടാണ് ലൈഫ് മിഷൻ ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളത്. യൂണിടാക്കിനെ നിർമ്മാണത്തിനായി തെരഞ്ഞെടുത്തത് റെഡ് ക്രസന്റാണ്.

## അരുവിക്കര മണ്ഡലത്തിലെ രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ പദ്ധതി പ്രവർത്തനങ്ങൾ

314(5918) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ' പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്തുകളിൽ 2022-23-ൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

'രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ' (RGSA) പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, മറ്റ് സന്നദ്ധ സംഘടനാ പ്രവർത്തകർ തുടങ്ങിയവർക്ക് ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്.

1. അതിദാരിദ്ര്യ സർവ്വേ
2. ഇ-ഗ്രാംസ്വരാജ്
3. 14-ാം പഞ്ചവത്സരപദ്ധതി
4. വാതിൽപ്പടി സേവന പദ്ധതി
5. ILGMS ട്രെയിനിംഗ്
6. Computer Fundamentals
7. സുസ്ഥിര വികസന ലക്ഷ്യങ്ങൾ
8. വനിതാ ജനപ്രതിനിധികൾക്ക് കാര്യശേഷി വികസന പദ്ധതി

കൂടാതെ ജില്ലാ പഞ്ചായത്തംഗങ്ങൾക്ക് പഠനയാത്രയും RGSA പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള "ഡിജി പുല്ലമ്പാറ" എന്ന

പദ്ധതിയുടെ ഡോക്യുമെന്റേഷൻ പ്രവർത്തനത്തിനും RGSA പദ്ധതിയിലുൾപ്പെടുത്തി സാമ്പത്തികസഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ ജില്ലാതല നിർവ്വഹണത്തിനും മോണിട്ടറിംഗിനുമായി ജില്ലാ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് രൂപീകരിക്കുകയും ജില്ലാ പ്രോജക്ട് മാനേജർ & സ്പെഷ്യലിസ്റ്റ് (MIS), കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് എക്സ്പെർട്ട് എന്നീ തസ്തികകളിൽ ജീവനക്കാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളുടെയും വകുപ്പുതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് പഞ്ചായത്തീരാജ് സംവിധാനത്തെ ശാക്തീകരിക്കുകയെന്ന ലക്ഷ്യത്തോടെ ജില്ലയിലെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ബ്ലോക്ക് കോ-ഓർഡിനേറ്റർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം അരുവിക്കര നിയമസഭാമണ്ഡലത്തിലെ പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുള്ള നാളിതുവരെയുള്ള പ്രവർത്തനങ്ങൾ അറിയിക്കാമോ?

രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ (RGSA) പദ്ധതി പ്രകാരം അരുവിക്കര നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിലെ

ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, മറ്റ് സന്നദ്ധ സംഘടനാ പ്രവർത്തകർ തുടങ്ങിയവർക്ക് ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്.

1. അതിദാരിദ്ര്യ സർവ്വേ
2. ഇ-ഗ്രാംസ്വരാജ്
3. 14-ാം പഞ്ചവത്സര പദ്ധതി
4. വാതിൽപ്പടി സേവന പദ്ധതി
5. ILGMS ട്രെയിനിംഗ്
6. Computer Fundamentals
7. സുസ്ഥിര വികസന ലക്ഷ്യങ്ങൾ
8. വനിതാ ജനപ്രതിനിധികൾക്ക് കാര്യശേഷി വികസന പദ്ധതി

അരുവിക്കര നിയോജകമണ്ഡലത്തിലെ എല്ലാ ബ്ലോക്കുകളിലും ബ്ലോക്ക് കോ-ഓർഡിനേറ്റർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. അരുവിക്കര നിയോജകമണ്ഡലത്തിലെ ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്തിന് 2021-22 വർഷം ഓഫീസ് കെട്ടിടം പുനരുദ്ധാരണത്തിനായി RGSA പദ്ധതിയിലുൾപ്പെടുത്തി 4 ലക്ഷം രൂപ ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ലേബർ ബാങ്കുകൾ രൂപീകരിക്കുന്ന നടപടി

315(5919) ശ്രീ ഇ ചന്ദ്രശേഖരൻ:
ശ്രീ . മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ ദൗർലഭ്യം സംസ്ഥാനത്തെ കാർഷിക മേഖലയിലെ പ്രധാന പ്രതിസന്ധിയായി തീർന്നിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കാർഷിക മേഖലയിലെ സമഗ്ര വികസനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ലേബർ ബാങ്കുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇത്തരത്തിൽ ഒരു മാതൃകാ പദ്ധതി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

തദ്ദേശഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള ആസൂത്രണ മാർഗ്ഗരേഖ പ്രകാരം ലഭ്യമായ മാനവവിഭവശേഷിയുടെ വിവരങ്ങൾ ശേഖരിച്ച് മാൻപവർ ബാങ്കുകൾ ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്നതിന് നിർദ്ദേശം

നൽകിയിട്ടുണ്ട്. കൂടാതെ കേരള പഞ്ചായത്ത് രാജ് നിയമം 166 (3) പ്രകാരം തൊഴിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും മാൻപവർ ബാങ്കുകൾ രൂപീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളെ അധികാരപ്പെടുത്തിയിട്ടുണ്ട്. വിവിധ തലങ്ങളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഇതുപ്രകാരം ലേബർ ബാങ്കുകൾ രൂപീകരിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുത്തുവരുന്നു.

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് " ജില്ലാ ലേബർ ബാങ്ക്" എന്ന പേരിൽ ഒരു നൂതന പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതം, തെരഞ്ഞെടുത്ത 9 ഗ്രാമപഞ്ചായത്തുകളുടെ വിഹിതം, ഗുണഭോക്തൃ വിഹിതം എന്നിങ്ങനെ ആകെ 2 കോടി 90 ലക്ഷം രൂപയുടെ പ്രോജക്ടാണ് ഏറ്റെടുത്തിട്ടുള്ളത്. കാർഷിക മേഖലയിൽ നൂതന സാങ്കേതിക മുറകളിൽ അറിവും നൈപുണ്യവും ആർജ്ജിച്ച കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും വിദ്യാസമ്പന്നരായ യുവജനതയെ കർഷകത്തൊഴിൽ രംഗത്തേയ്ക്ക് കൊണ്ടുവരുന്നതിനും കർഷകർക്ക് നിശ്ചിത ദിവസം തൊഴിൽ ഉറപ്പുനൽകുന്നതിനും കാർഷിക രംഗത്ത് മാർക്കറ്റിംഗിനായി ഫലപ്രദമായ ഒരു ഏകജാലക സംവിധാനം സൃഷ്ടിക്കാനുമാണ് പദ്ധതികൊണ്ട്

ഉദ്ദേശിക്കുന്നത്. ഒൻപത് ഗ്രാമപഞ്ചായത്തുകളിലും ഇരുപത് വീതം അഭ്യസ്തവിദ്യരും ചെറുപ്പക്കാരുമായ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) പ്രാദേശികതലത്തിൽ തൊഴിലാളികളെ കണ്ടെത്തി കാർഷിക മേഖലയിലെ ജോലികൾക്കായി ഡാറ്റാ ബാങ്ക് തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

പദ്ധതി ആസൂത്രണ മാർഗ്ഗരേഖപ്രകാരവും കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരവും ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽ മാൻപവർ ബാങ്കുകൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാവുന്നതാണ്.

(ഡി) ഓരോ പഞ്ചായത്തിലെയും തൊഴിലാളികളുടെ വിവരങ്ങളുൾപ്പെടുത്തി മൊബൈൽ ആപ്പ് തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

## ഭിന്നശേഷി വിഭാഗത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ലഭിച്ചിരുന്ന പെൻഷൻ.

316(5920)ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി വിഭാഗത്തിലെ പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ലഭിച്ചിരുന്ന വികലാംഗ പെൻഷൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 01-11-2022-ലെ ഉത്തരവുപ്രകാരം പെർമനന്റ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റുള്ളവർക്കും സ്ഥിരം വൈകല്യമെന്ന് രേഖപ്പെടുത്തിയ യുണീക്ക് ഡിസെബിലിറ്റി കാർഡുള്ളവർക്കും മാത്രമായി ചുരുക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഇതുസംബന്ധിച്ച നിർദ്ദേശം പഞ്ചായത്ത് ഡയറക്ടറാണ് പുറപ്പെടുവിച്ചിട്ടുള്ളത്. താൽക്കാലിക വൈകല്യമെന്ന് രേഖപ്പെടുത്തിയ വികലാംഗ സർട്ടിഫിക്കറ്റിന്മേൽ കാലാവധി രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം വികലാംഗ പെൻഷൻ അനുവദിക്കാൻ സാധിക്കില്ലെന്നും UDID മെഡിക്കൽ ബോർഡ് പരിശോധനയ്ക്കുശേഷം സ്ഥിരവൈകല്യമെന്ന് രേഖപ്പെടുത്തിയ UDID കാർഡ് ലഭിക്കുന്നപക്ഷം വികലാംഗ പെൻഷന് അർഹതയുണ്ടെന്നുമുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അഭിപ്രായപ്രകാരം

ധനകാര്യ വകുപ്പ് നൽകിയ സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) 2016-ലെ 'റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (ആർ.പി.ഡബ്ല്യു.ഡി) നിയമപ്രകാരം അപേക്ഷകന് പതിനെട്ട് വയസ്സ് കഴിഞ്ഞാൽ മാത്രമേ മെഡിക്കൽ ബോർഡിൽ നിന്നും പെർമനന്റ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂയെന്ന ചട്ടം നിലനിൽക്കെ പഞ്ചായത്ത് അഡിഷണൽ ഡയറക്ടറുടെ അശാസ്ത്രീയമായ ഉത്തരവ് പതിനായിരക്കണക്കിന് ഗുണഭോക്താക്കളുടെ പെൻഷൻ നിഷേധിക്കപ്പെടുന്നതിന് കാരണമാകുമെന്ന് കരുതുന്നുണ്ടോ; പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ഭിന്നശേഷിയിൽ മാറ്റങ്ങളുണ്ടാകാമെന്ന് മെഡിക്കൽ ബോർഡ് പരിശോധനയിൽ കണ്ടെത്തുന്ന ഭിന്നശേഷിക്കാർക്ക് ഒരു പ്രത്യേക കാലയളവ് രേഖപ്പെടുത്തി ടി കാലയളവിലേയ്ക്കുമാത്രം സാധുതയുള്ള തരം ഭിന്നശേഷി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നപക്ഷം ടി കാലയളവിലേയ്ക്ക് ഭിന്നശേഷി പെൻഷൻ ലഭിക്കുന്നതാണെന്ന് നിർദ്ദേശം

പുറപ്പെടുവിച്ചിട്ടുണ്ട്. മെഡിക്കൽ ബോർഡിന് മുമ്പാകെ ഭിന്നശേഷി പുനഃപരിശോധനയ്ക്ക് വിധേയമായശേഷം അനുവദിക്കുന്ന ഭിന്നശേഷി സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ടി കാലയളവിനുശേഷം പെൻഷൻ തുടർന്നു ലഭിക്കുകയുള്ളൂ. ഏതുതരം ഭിന്നശേഷിക്കാർക്കും അർഹത മാനദണ്ഡങ്ങൾക്ക് വിധേയമായി അവരുടെ ഭിന്നശേഷി സർട്ടിഫിക്കറ്റിന് സാധുതയുള്ള കാലയളവിലേയ്ക്ക് ഭിന്നശേഷി പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. സ്ഥിരം വൈകല്യമെന്ന് രേഖപ്പെടുത്തിയവർക്ക് Unique Disability ID Card ലഭിക്കുന്നപക്ഷം നിലവിലെ മാനദണ്ഡങ്ങൾപ്രകാരം ഭിന്നശേഷി പെൻഷൻ തുടർന്നും ലഭ്യമാകുന്നതാണെന്നും ഭിന്നശേഷി സർട്ടിഫിക്കറ്റുകളിൽ വൈകല്യത്തിന്റെ കാലാവധി, താൽക്കാലികം/സ്ഥിരം എന്നിവ സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുവെന്ന് ബന്ധപ്പെട്ട ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണെന്നും 13-03-2023-ലെ സർക്കുലർ നമ്പർ 26/2023/ധന. പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ അനുബന്ധമായി ചേർത്തിരിക്കുന്നു.)+

**കോട്ടക്കൽ മണ്ഡലത്തിലെ ഗ്രാമീണ റോഡ് പദ്ധതി**

317(5921) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്കാണ് മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമായതെന്നും ഇതിൽ സാങ്കേതികാനുമതി ലഭ്യമായി പ്രവൃത്തി പൂർത്തികരിച്ചവ ഏതെല്ലാമെന്നും വിശദമാക്കുമോ?

പ്രവൃത്തികളുടെ വിശദാംശങ്ങളടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികളിൽ സാങ്കേതികാനുമതി ലഭ്യമാകാത്ത പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കുമോ; സാങ്കേതികാനുമതി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സാങ്കേതികാനുമതി ലഭ്യമായിട്ടില്ലാത്ത പ്രവൃത്തികൾ സംബന്ധിച്ച ഫയലുകൾ നിലവിൽ ഏത് കാര്യാലയത്തിന്റെ പരിഗണനയിലാണെന്ന് അറിയിക്കുമോ; പ്രസ്തുത ഫയലുകളുടെ നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി&സി) നിലവിൽ അനുവദിച്ചിട്ടുള്ള എല്ലാ പ്രവൃത്തികൾക്കും സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്.

**നെയ്യാറ്റിൻകര ജനറലാശുപത്രിയിലെ പേ വാർഡ് നിർമ്മാണം**

318(5922) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ളതും എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് നിർവ്വഹിക്കുന്നതിന് 2016-17-ൽ ഭരണാനുമതി ലഭിച്ചതുമായ നെയ്യാറ്റിൻകര ജനറലാശുപത്രി പേ വാർഡ് നിർമ്മാണപ്രവൃത്തികളുടെ ഭാഗമായി എത്ര നിലയുള്ള കെട്ടിടം നിർമ്മിക്കുന്നതിനുള്ള അസ്ഥിവാരമാണ് നിർമ്മിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

2016-17 സാമ്പത്തികവർഷത്തിൽ ശ്രീ. കെ. ആൻസലൻ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും എം.എൽ.എ.-എ.ഡി.എസ്. പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം നടത്തിയ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പേ വാർഡ് കെട്ടിടത്തിന് സെല്ലാർ ഫ്ലോറും

അതിന് മുകളിൽ മൂന്ന് നിലയും നിർമ്മിക്കുന്നതിനുള്ള അസ്ഥിവാരമാണ് നിർമ്മിച്ചിട്ടുള്ളത്.

## നെയ്യാറ്റിൻകര ആറാലുംമൂട് കന്നുകാലി മാർക്കറ്റിന്റെ സ്ഥലത്ത് സിനിമാ തിയേറ്റർ സമുച്ചയം

319(5923) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര ആറാലുംമൂട് കന്നുകാലി മാർക്കറ്റിന്റെ സ്ഥലത്ത് സിനിമാ തിയേറ്റർ (കെ.എഫ്.ഡി.സി.) സമുച്ചയം നിർമ്മിക്കുന്നതിനായി നെയ്യാറ്റിൻകര നഗരസഭാ ചെയർമാന്റെ കത്തുപ്രകാരം (ഫയൽ നം. ആർ.ഇ. 1/199/2022) സ്ഥലം കൈമാറ്റം ചെയ്യാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

നെയ്യാറ്റിൻകര ആറാലുംമൂട് കന്നുകാലി മാർക്കറ്റിന്റെ സ്ഥലത്ത് സിനിമ തീയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനായി കെ.എഫ്.ഡി.സി.ക്ക് പാട്ടത്തിന് നൽകുന്നതിലേയ്ക്കായി നെയ്യാറ്റിൻകര നഗരസഭ ചെയർമാന്റെ കത്തിനോടൊപ്പം ലഭിച്ച നഗരസഭ സെക്രട്ടറിയുടെ അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നഗരകാര്യ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. നഗരസഭയുടെ ഭൂമി

പാട്ടത്തിന് നൽകുന്നതിനുള്ള അനുമതിക്കായുള്ള പ്രൊപ്പോസൽ നഗരകാര്യ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതുണ്ട്.

**മനസ്സോടിത്തിരി മണ്ണ് പദ്ധതി**

320(5924) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'മനസ്സോടിത്തിരി മണ്ണ്' പദ്ധതിയിലേയ്ക്ക് ആദ്യമായി ഭൂമി സംഭാവന നൽകിയ വ്യക്തിയാരാണെന്ന് അറിയിക്കാമോ?

ശ്രീ. സമീർ, മുനിക്കാട്ടിൽ ഹൗസ്, ഇരമല്ലൂർ, നെല്ലിക്കുഴി, ചെറുവട്ടൂർ പി.ഒ, എറണാകുളം ആണ് ആദ്യമായി ഭൂമി സംഭാവനയായി നൽകിയത്.

(ബി) പ്രസ്തുത പദ്ധതിയിലേക്ക് സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ ഭൂമി സംഭാവന നൽകിയിട്ടുണ്ടോ; എങ്കിൽ അത് എവിടെയാണെന്നും എത്ര സെന്റ് സ്ഥലമാണെന്നും അറിയിക്കുമോ?

ഏറത്ത് ഗ്രാമപഞ്ചായത്തിൽ ഏറത്ത് വില്ലേജിലുള്ള 13 സെന്റ് ഭൂമി ശ്രീ. അടൂർ ഗോപാലകൃഷ്ണൻ സൗജന്യമായി ലൈഫ് മിഷന് നൽകുന്നതിന് സമ്മതപത്രം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ ഇതുവരെ ആകെ എത്ര സെന്റ് സ്ഥലമാണ് ലഭിച്ചതെന്ന് അറിയിക്കാമോ?

10-03-2023 വരെ 2349.721 സെന്റ് ഭൂമി വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ 1232.487 സെന്റ് ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) പാവുമ്പ പൊയ്കതറയിൽ ബിനോയ് എന്നയാൾ വിട്ടുനൽകിയ ഭൂമിയിൽ എത്രപേർക്കാണ് വീടൊരുങ്ങുന്നതെന്നും അവ ആർക്കെല്ലാമാണെന്നും അറിയിക്കാമോ?

പാവുമ്പ പൊയ്കതറയിൽ ബിനോയ് എന്നയാൾ വിട്ടുനൽകിയ 10 സെന്റ് ഭൂമിയിൽ താഴെപ്പറയുന്ന മൂന്നുപേർക്കാണ് വീടൊരുങ്ങുന്നത്.

1. വസന്ത, സരസാലയം, മണപ്പള്ളി സൗത്ത്
2. രമ്യ കൃഷ്ണൻ, ചാരുർ വടക്കതിൽ, മണപ്പള്ളി
3. നസീമ, സുൽത്താൻ വീട്, പാവുമ്പ

(ഇ) പ്രസ്തുത പദ്ധതിയിലൂടെ ലഭിച്ച ഭൂമിയിൽ വീടുവച്ച് നൽകുന്നതിനായി ലൈഫ് മിഷൻ എത്രപേരുമായി ഇതുവരെ കരാറിലേർപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

ലൈഫ് മിഷൻ ഗുണഭോക്താക്കളുമായി നേരിട്ട് കരാറിലേർപ്പെട്ടിട്ടില്ല. എന്നാൽ 59 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

**പേരാമ്പ്ര മണ്ഡലത്തിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി**

321(5925)ശ്രീ. ടി. പി .രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ഏതെങ്കിലും ഗ്രാമപഞ്ചായത്തുകളിൽ എ.ഇ., ഓവർസിയർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ യഥാസമയം തന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച പരാതി പരിഹാര സംവിധാനം

322(5926) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സർവീസ് സംഘടനകളുമായി ചർച്ച നടത്തിയിരുന്നോ; ചർച്ചയിൽ എന്തെല്ലാം ഉറപ്പുകളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് ബന്ധപ്പെട്ട എല്ലാ പൊതു കാറ്റഗറി സംഘടനകളുമായും എറണാകുളം മുനിസിപ്പൽ ടൗൺ ഹാളിൽ വച്ച് 02-12-2022-ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ചർച്ച നടത്തിയിരുന്നു. പ്രസ്തുത യോഗത്തിൽ സംഘടനകൾ ഉന്നയിച്ച നിർദ്ദേശങ്ങൾ സൂക്ഷ്മമായി പരിശോധിക്കുന്നതാണെന്നും അവയിൽ പരിഗണിക്കാവുന്നവ പരിഗണിക്കുന്നതാണെന്നും ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചിരുന്നു.

(ബി) സ്പെഷ്യൽ റൂൾസ് സംബന്ധിച്ച പരാതി പരിഹാര സംവിധാനം എന്നാണ് നിലവിൽ വന്നിട്ടുള്ളത്; പ്രസ്തുത സമിതിയിൽ അംഗങ്ങൾ

ആരൊക്കെയെന്നും സമിതി യോഗം ചേർന്നിട്ടുണ്ടോയെന്നും അറിയിക്കുമോ; യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

07-11-2022-ലെ സ.ഉ.(സാധാ)നം.2717/2022/ത.സ്വ.ഭ.വ., സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 09-11-2022-ലെ 1099/B1/PDLSGD/2022 നമ്പർ ഉത്തരവുപ്രകാരം സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ തീർപ്പാക്കുന്നതിന് പരാതി പരിഹാര സെൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സമിതി യോഗം ചേർന്നിട്ടില്ല. പരാതി പരിഹാര സെല്ലിലെ അംഗങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

(സി) പരാതി പരിഹാരസംവിധാനത്തിൽ ലഭിക്കുന്ന പരാതികൾ തീർപ്പാക്കുന്നത് ഏതുവിധത്തിലാണെന്ന് വിശദമാക്കുമോ; ഒരു പരാതി ലഭിച്ചാൽ ആയത് എത്ര നാളുകൾക്കുള്ളിൽ തീർപ്പാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

പരാതി പരിഹാര സെൽ മുമ്പാകെ ലഭിക്കുന്ന പരാതികൾ സെല്ലിൽ പരിശോധിക്കുന്നതും സർക്കാർ തലത്തിൽ തീരുമാനമെടുക്കേണ്ട വിഷയങ്ങൾ റിപ്പോർട്ട് സഹിതം സർക്കാരിൽ സമർപ്പിക്കുന്നതും തുടർന്ന് സർക്കാർ തലത്തിൽ ഈ വിഷയത്തിൽ അന്തിമ

തീരുമാനമെടുക്കുന്നതുമാണ്. പരാതി പരിഹാര സെല്ലിന്റെ കാലാവധി 27-10-2022 മുതൽ ഒരു വർഷമാണ്. പരാതി തീർപ്പാക്കുന്നതിനുള്ള കാലയളവ് പ്രത്യേകമായി നിശ്ചയിച്ചിട്ടില്ല.

(ഡി) നാളിതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ എഴുപതോളം പരാതികൾ ലഭിച്ചിട്ടുള്ളതും ആയതിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

**മണ്ണാർക്കാട് മണ്ഡലത്തിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി**

323(5927) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ വിശദവിവരം പഞ്ചായത്തടിസ്ഥാനത്തിൽ നൽകുമോ?

അനുബന്ധമായി ചേർക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മതിയായ ജീവനക്കാരില്ലാത്തതുമൂലം പല പഞ്ചായത്തുകളിലും ജനങ്ങൾക്ക് നൽകേണ്ട സേവനത്തിനും പദ്ധതി നിർവ്വഹണത്തിനും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒഴിവുകൾ നികത്തുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല

## സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കൾ

324(5928) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരണപ്പെടുന്ന ആളുകളെ സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരാണ്; വിശദമാക്കുമോ?

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ മരണപ്പെട്ട എത്രയാളുകൾക്ക് മരണാനന്തരം പെൻഷൻ നൽകിയതായി കണ്ടെത്തിയിട്ടുണ്ട്; ഈയിനത്തിൽ ആകെ എത്ര തുക നഷ്ടപ്പെട്ടതായി

കണ്ടെത്തിയിട്ടുണ്ട്; ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വിശദമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## കേരളശ്ശേരി ഹൈസ്കൂൾ റോഡ് നവീകരണ പ്രവൃത്തി

325(5929) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 09-02-2022-ലെ സ.ഉ.(സാധാ)നം.869/22/ധന. പ്രകാരം ഭരണാനുമതി ലഭിച്ചതും എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ വരുന്നതുമായ കേരളശ്ശേരി ഹൈസ്കൂൾ റോഡ് നവീകരണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

09-02-2022-ലെ സ.ഉ.(സാധാ.)നം.869/22/ധന. പ്രകാരം ഭരണാനുമതി ലഭിച്ച കേരളശ്ശേരി ഹൈസ്കൂൾ റോഡ് നവീകരണ പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭ്യമാക്കി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിക്കുകയും 22-03-2023-ന് ടെണ്ടർ തുറക്കുന്നതുമാണ്.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

2023 മെയ് മാസത്തിൽ പ്രവൃത്തി ആരംഭിക്കാൻ കഴിയും

**തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകോപനം**

326(5930) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകോപനം ഗുണകരമാണെങ്കിലും തുടക്കത്തിൽ ദൈനംദിന പ്രവർത്തനങ്ങളെയും ഫയൽ കൈകാര്യം ചെയ്യുന്നതിനേയും ജീവനക്കാരുടെ ജോലി ക്രമീകരണങ്ങളെയും ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഗ്രാമവികസന വകുപ്പിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിച്ച് ഉത്തരവായതിൽ തുക അനുവദിക്കാൻ ബാക്കിയുണ്ടോ; എങ്കിൽ ഏതുവർഷം വരെയെന്ന് വിശദമാക്കുമോ?

2023 മാർച്ച് മാസം വരെ ഉത്തരവായ അപേക്ഷകളിൽ കണ്ണട അലവൻസ് പൂർണ്ണമായും നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കുറവ്, സീലിംഗ്

പരിധി തുടങ്ങിയ കാരണങ്ങളാൽ 2020 മുതലുള്ള വലിയ തുകകൾ നിലനിൽക്കുന്നു. മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന്റെ (MR) ശീർഷകത്തിൽ മതിയായ ഫണ്ട് ലഭ്യമാകുന്നമുറയ്ക്കോ അടുത്ത സാമ്പത്തിക വർഷാരംഭത്തിലോ ഇപ്പോൾ പെൻഡിംഗിലുള്ള മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷകൾ പരിഗണിക്കുന്നതാണ്.

(സി) ഗ്രാമവികസന വകുപ്പിന്റെ 17-08-2022-ലെ സി.ആർ.ഡി./3149/2022/എസ്റ്റാ.-സി.1 ഉത്തരവുപ്രകാരം അനുവദിച്ച മെഡിക്കൽ റീഇംബേഴ്സ്മെന്റ് തുക അനുവദിക്കുന്നതിന് തടസങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ അനുവദിക്കാനാവുമെന്ന് വിശദമാക്കുമോ?

17-08-2022-ലെ സി.ആർ.ഡി.-3149/2022/എസ്റ്റാ.-സി.1 ഉത്തരവുപ്രകാരം അനുവദിച്ച മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് തുക അനുവദിക്കുന്നതിന് തടസ്സങ്ങളില്ല. ഫണ്ട് ലഭ്യമായതിനുശേഷം സീനിയോറിറ്റി ക്രമമനുസരിച്ച് തുക അനുവദിക്കുന്നതാണ്.

## തെരുവുനായ്ക്കളെ കൊല്ലുന്നതിനുള്ള നിയമതടസ്സം

327(5931) ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്രമികളായ തെരുവുനായ്ക്കളെയും പേപ്പട്ടികളെയും കൊല്ലുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ; എങ്കിൽ വിശദമാക്കുമോ?

1960-ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത (തടയൽ) ആക്ടിലെ 13-ാം വകുപ്പുപ്രകാരം പേവിഷ ബാധയേറ്റ നായ്ക്കളെയും എ.ബി.സി റൂൾ 2001 ചട്ടം (9) പ്രകാരം മാരകമുറിവേറ്റതും ഭേദമാകാത്ത അസുഖമുള്ളതുമായ നായ്ക്കളെയും മാത്രമേ കൊല്ലുവാൻ വ്യവസ്ഥയുള്ളൂ. പ്രസ്തുത നിയമത്തിലും ചട്ടങ്ങളിലും ഭേദഗതി വരുത്തുന്നതിന് കേന്ദ്ര സർക്കാർ തലത്തിൽ മാത്രമേ കഴിയുകയുള്ളൂ.

(ബി) ഇക്കാര്യങ്ങളിൽ സുപ്രീംകോടതിയുടെ അനുമതി തേടിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പേവിഷ ബാധയേറ്റ നായ്ക്കളെയും പേവിഷബാധയേറ്റതായി സംശയിക്കപ്പെടുന്ന നായ്ക്കളെയും ദയാവധത്തിന് വിധേയമാക്കാവുന്ന വിഷയത്തിൽ സംസ്ഥാനം സുപ്രീംകോടതിയുടെ അനുമതി തേടിയിരുന്നുവെങ്കിലും ആയതിന് അനുമതി ലഭ്യമായിരുന്നില്ല.

## കുന്നത്തുനാട് മണ്ഡലത്തിലെ ടേക്ക് എ ബ്രേക്ക് പദ്ധതി

328(5932) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ 'ടേക്ക് എ ബ്രേക്ക് പദ്ധതിയിലുൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ 'ടേക്ക് എ ബ്രേക്ക് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമ. നം. | തദ്ദേശസ്വയം ഭരണ സ്ഥാപനം | ടേക്ക് എ ബ്രേക്ക് വിവരങ്ങൾ |
|---|---|---|
| 1. | ഐക്കരനാട് | പദ്ധതി (1) |
| 2. | കിഴക്കമ്പലം | പദ്ധതി (1) |
| 3. | കുന്നത്തുനാട് | പദ്ധതി (1) |
| 4. | പൂത്തൃക്ക | പദ്ധതി (1) |
| 5. | വടവുകോട് പുത്തൻ കുരിശ് | പദ്ധതി (1) |
| 6 | വാഴക്കുളം | പദ്ധതി (2) |

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

നിലവിലെ സ്ഥിതിചുവടെ കൊടുക്കുന്നു

| ക്രമ. നം. | തദ്ദേശസ്വയം ഭരണ സ്ഥാപനം | ടേക്ക് എ ബ്രേക്ക് പദ്ധതികളുടെ നിലവിലെ സ്ഥിതി |
|---|---|---|
| 1 | ഐക്കരനാട് | നിർമ്മാണം പുരോഗമിക്കുന്നു |
| 2 | കിഴക്കമ്പലം | നിർമ്മാണം പുരോഗമിക്കുന്നു |
| 3 | കുന്നത്തുനാട് | പൂർത്തിയായി |

| | | |
|---|---|---|
| 4 | പൂത്തൂക്ക | പദ്ധതി ഏറ്റെടുത്തു. നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 5 | വടവൂകോട് പുത്തൻ കുരിശ് | പദ്ധതി ഏറ്റെടുത്തു. നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 6 | വാഴക്കുളം | ഒരെണ്ണം പൂർത്തിയായി. ഒരെണ്ണം നിർമ്മാണം പുരോഗമിക്കുന്നു. |

## വർക്കല മണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ

329(5933) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ വർക്കല മണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിവരുന്ന പ്രവൃത്തികളിൽ തദ്ദേശസ്വയംഭരണ വകുപ്പ് നിർവഹിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചവയിൽ സാങ്കേതികാനുമതി ലഭിക്കേണ്ടതും ടെണ്ടർ നടപടി പൂർത്തിയാക്കേണ്ടതുമായവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

(എ-സി) വർക്കല മണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിവരുന്ന പ്രവൃത്തികളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ബഹുനില മന്ദിരങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം

330(5934) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ ബഹുനില കെട്ടിടങ്ങളും ഫ്ലാറ്റുകളും പണിയുന്നതിന് അനുമതി നൽകുമ്പോൾ ഉറവിട മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം കൂടി പ്ലാനിലുണ്ടാകണമെന്ന ചട്ടം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

ഉണ്ട്. എല്ലാ പുതിയ കെട്ടിടങ്ങൾക്കും മാലിന്യം വേർതിരിക്കുന്നതിനും മാലിന്യങ്ങൾ സുരക്ഷിതമായി സംസ്കരിക്കുന്നതിനുമുള്ള വ്യവസ്ഥകൾ നൽകേണ്ടതാണെന്ന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അദ്ധ്യായം 16, ചട്ടം 79-ൽ വിസ്തീർണ്ണം, ഉപയോഗഗണം എന്നിവ അടിസ്ഥാനമാക്കി വിശദമായി പ്രതിപാദിച്ചിട്ടുള്ളതാണ്. വ്യവസായ ആവശ്യങ്ങൾക്കായുള്ള

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിർമ്മാണങ്ങൾക്ക് ബിൽഡിംഗ് പ്ലാനിൽ (ചട്ടം 6(7)) details of waste generated, details & methods of disposal of waste എന്നിവ വ്യക്തമാക്കേണ്ടതാണെന്ന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

Large scale development projects-കൾക്ക് ചട്ടം 59(2)-ൽ പ്രത്യേക മാലിന്യ സംസ്കരണ പ്ലാന്റും ഖരമാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങളും ഡെവലപ്പർ സ്വന്തം ചെലവിൽ നൽകേണ്ടതും ആയത് പരിപാലിക്കേണ്ടതാണെന്നും പരാമർശിച്ചിട്ടുണ്ട്. കെ.എം.ബി.ആർ./ കെ.പി.ബി.ആർ. 2019 ചട്ടം 17(6) പ്രകാരം ഓരോ ഉടമസ്ഥനും കെട്ടിട നിർമ്മാണമോ കൂട്ടിച്ചേർക്കലോ നടത്തി പൂർത്തീകരിച്ചാലുടൻ പണി കഴിഞ്ഞുള്ള മാലിന്യങ്ങൾ പ്ലോട്ടിലോ സമീപ പ്ലോട്ടുകളിലോ നിക്ഷേപിച്ചിട്ടുള്ള പക്ഷം ആയത് നീക്കം ചെയ്യേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്. കൂടാതെ മേൽ ചട്ടങ്ങളിലെ ചട്ടം 17(18) പ്രകാരം സുസ്ഥിര മാലിന്യ സംസ്കരണത്തിനുള്ള നടപടികൾ ഓരോ കെട്ടിട ഉടമയും പാലിക്കേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്.

**അതിദരിദ്ര കുടുംബങ്ങളുടെ ഉന്നമനം**

331(5935) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ടി.ഐ. മധുസൂദനൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിദരിദ്ര വിഭാഗത്തിൽപ്പെടുന്ന എത്ര കുടുംബങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ?

64,006 കുടുംബങ്ങളെയാണ് അതിദരിദ്ര നിർണ്ണയ പ്രക്രിയയിലൂടെ സംസ്ഥാനത്താകമാനം കണ്ടെത്തിയിട്ടുള്ളത്.

(ബി) അതിദരിദ്രരിൽപ്പെട്ട തൊഴിൽ ചെയ്യാൻ കഴിയുന്നവർക്ക് അനുയോജ്യമായ സംവിധാനമൊരുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

പരിഗണനയിലുണ്ട്. അതിദരിദ്ര നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളിലെ വ്യക്തികൾക്ക് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നൂറുദിന തൊഴിൽ നൽകുന്നതിനായി തൊഴിൽ കാർഡുകൾ നൽകിയിട്ടുണ്ട്. കൂടാതെ ക്ഷീര വികസന വകുപ്പ് അതിദരിദ്ര കുടുംബങ്ങളിലുൾപ്പെട്ട വനിതകൾക്ക് കന്നുകാലി വളർത്തലിനുള്ള പ്രോജക്ടുകൾ ഏറ്റെടുത്തു നടപ്പിലാക്കിവരുന്നുണ്ട്.

കുടുംബശ്രീ മിഷന്റെ സഹായത്തോടെ സ്വയം തൊഴിൽ സംരംഭത്തിലുൾപ്പെടുത്തി തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) അതിദരിദ്ര കുടുംബങ്ങൾക്ക് വാസസ്ഥലവും അവകാശരേഖയും ഉറപ്പുവരുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ജീവിക്കാൻ മാർഗമില്ലാത്തവരെ ഷെൽട്ടർ ഹോമുകളിൽ സംരക്ഷിക്കുന്നതിന് പദ്ധതിയുണ്ടോയെന്നും വ്യക്തമാക്കാമോ?

അതിദരിദ്ര പട്ടികയിലുൾപ്പെട്ട വീടില്ലാത്ത 5724 കുടുംബങ്ങളുടെയും വീടും സ്ഥലവുമില്ലാത്ത 5616 കുടുംബങ്ങളുടെയും ലൈഫ് ഗുണഭോക്തൃ പട്ടിക പ്രത്യേകം തയ്യാറാക്കി ലൈഫ് 2020 പട്ടികയിലുൾപ്പെടുത്തുന്നതിന് 27-01-2023-ലെ 227/2023/ത.സ്വ.ഭ. നമ്പർ ഉത്തരവുപ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഓരോ കുടുംബത്തിനും അവകാശരേഖകൾ ലഭ്യമാക്കുന്നതിനായി അവകാശം അതിവേഗം യജ്ഞത്തിലൂടെ റേഷൻ കാർഡ്, ആധാർ കാർഡ്, ഇലക്ഷൻ ഐ.ഡി കാർഡ്, തൊഴിലുറപ്പ് തൊഴിൽ കാർഡ് മുതലായ അവകാശരേഖകൾ നൽകിവരുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നിലവിലുള്ള ഷെൽട്ടർ ഹോമുകളുടെ വിവരങ്ങൾ ശേഖരിച്ച് ജില്ലാതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ച്

പുനരധിവാസമാവശ്യമുള്ള അതിദരിദ്രരെ ഷെൽട്ടർ ഹോമിലേയ്ക്ക് മാറ്റുന്നതിനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ ഗ്രാമപഞ്ചായത്ത്/നഗരസഭാ തലങ്ങളിലും ഓരോ കുടുംബത്തിനും നൽകേണ്ട പിന്തുണ നടപടികൾ ഉൾപ്പെടുത്തിക്കൊണ്ട് മൈക്രോ പ്ലാനുകൾ തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ഹരിതമിത്രം ഗാർബേജ് മോണിറ്ററിംഗ് ആപ്ലിക്കേഷൻ**

332(5936) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യശേഖരം സ്മാർട്ടാക്കുന്നതിനുള്ള ഹരിതമിത്രം ഗാർബേജ് മോണിറ്ററിംഗ് ആപ്ലിക്കേഷൻ എത്ര ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്?

നിലവിൽ ആദ്യഘട്ടമെന്ന നിലയിൽ 14 ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതമിത്രം ഗാർബേജ് മോണിട്ടറിംഗ് ആപ്ലിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്. രണ്ടാംഘട്ടമായി കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിലേയ്ക്കും ഹരിതമിത്രം ഗാർബേജ് മോണിട്ടറിംഗ് ആപ്ലിക്കേഷൻ വ്യാപിപ്പിക്കുന്നതാണ്.

(ബി) ചവറ നിയോജകമണ്ഡലത്തിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്?

ഒന്നാംഘട്ടത്തിൽ കൊല്ലം കോർപ്പറേഷൻ, തേവലക്കര ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ ചവറ, നീണ്ടകര, പൻമന, തെക്കുംഭാഗം എന്നീ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

## ലൈഫ് പദ്ധതി

333(5937) ശ്രീ. എം. എം. മണി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് പദ്ധതിയിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങളെക്കുറിച്ച് വിശദമാക്കാമോ; എത്ര വീടുകളുടെ നിർമ്മാണമാണ് ഈ വർഷം ഏറ്റെടുത്തിരിക്കുന്നതെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് പദ്ധതിയിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

(1) <u>വ്യക്തിഗത ഭവനങ്ങൾ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 67,822 ലൈഫ് ഗുണഭോക്തൃ കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം (2022-23) 1,06,000 വ്യക്തിഗത ഭവനനിർമ്മാണമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 44,561 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും 62,303 വീടുകൾ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

(2) <u>ഭവനസമുച്ചയ നിർമ്മാണ പുരോഗതി</u>

ലൈഫ് ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച 29 ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെചേർക്കുന്നു.

1. കൊല്ലം - പുനലൂർ (44 യൂണിറ്റുകൾ)
2. കോട്ടയം - വിജയപുരം (44 യൂണിറ്റുകൾ)
3. ഇടുക്കി - കരിമണ്ണൂർ (42 യൂണിറ്റുകൾ)

4. കണ്ണൂർ - കടമ്പൂർ (44 യൂണിറ്റുകൾ)

(3) ലൈഫ് 2020 ഗുണഭോക്തൃ പട്ടിക അന്തിമമാക്കി.

ലൈഫ് 2020 പ്രകാരം ഓൺലൈനായി സ്വീകരിച്ച 9,20,260 അപേക്ഷകളിന്മേൽ അർഹതാപരിശോധനയും പുന:പരിശോധനയും ഒന്നുംരണ്ടും ഘട്ട അപ്പീലുകൾക്കുശേഷം ഗ്രാമസഭ/വാർഡ് സഭകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടുംകൂടി പട്ടിക അന്തിമമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2022 ആഗസ്റ്റ് 16-ന് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചു.

4. ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടവർക്ക് ആനുകൂല്യം നൽകി തുടങ്ങി.

സർക്കാരിന്റെ 15-11-22-ലെ സ.ഉ.(സാധാ)നം.2806/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളേയും അതിദരിദ്ര സർവ്വേയിലൂടെ കണ്ടെത്തിയ പട്ടികയിലുൾപ്പെട്ടിട്ടുള്ള ഭവനരഹിതരേയും ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിനും 15-11-2022-ലെ സ.ഉ.(സാധാ)നം. 2807/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ ഫണ്ട് ലഭ്യതയനുസരിച്ച് പൊതു വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളേയും കരാർവയ്ക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ടി ഉത്തരവുപ്രകാരം പ്രസ്തുത ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാർവയ്ക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. നിലവിൽ ടി ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള 34,683 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

(5) 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ പുനരധിവാസത്തിനായി ഭൂമി കണ്ടെത്തുന്നതിന് ലൈഫ് മിഷനാരംഭിച്ച 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന്റെ ഭാഗമായി ഇതുവരെ 23.49 ഏക്കർ ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുണ്ട്/വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.

(6) ലൈഫ് ഗുണഭോക്താക്കൾക്ക് സൗരോർജ്ജ പദ്ധതി

ലൈഫ് മിഷൻ അനെർട്ടുമായി കൈകോർത്തുകൊണ്ട് ലൈഫ് പദ്ധതി പ്രകാരം ഭവനനിർമ്മാണം പൂർത്തീകരിച്ച 500 വീടുകളെ സൗജന്യ സൗരോർജ്ജ പദ്ധതിയിലുൾപ്പെടുത്തി. സൗജന്യമായി സൗരോർജ്ജ

പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതിയും അധികവരുമാനവും ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി. സംസ്ഥാന സർക്കാർ ഏജൻസിയായ അനെർട്ടിന്റെ 'ഹരിത ഊർജ്ജ വരുമാന പദ്ധതി'യിലുൾപ്പെടുത്തിയാണ് ലൈഫ് ഗുണഭോക്താക്കൾക്ക് സൗരോർജ്ജ പദ്ധതി നടപ്പിലാക്കിവരുന്നത്. പ്രതിദിനം ശരാശരി 8 യൂണിറ്റുവരെ ഉല്പാദിപ്പിക്കാനുള്ള 2 കിലോവാട്ടിന്റെ സൗരോർജ്ജ പ്ലാന്റുകളാണ് ഓരോ വീടുകളിലും സ്ഥാപിക്കുന്നത്. ഏകദേശം ഒരു പ്ലാന്റിന് 1.35 ലക്ഷമാണ് ചെലവുവരുന്നത്. ലൈഫ് പദ്ധതിയിൽ നിർമ്മാണം പൂർത്തിയായതും KSEB വൈദ്യുതി കണക്ഷൻ ലഭ്യമായതുമായ 500 ഭവനങ്ങളാണ് ആദ്യഘട്ടത്തിലുൾപ്പെടുത്തിയിരിക്കുന്നത്. സൗരോർജ്ജ പ്ലാന്റുകളിൽനിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതി പൂർണമായും ഭവനങ്ങളിൽ ഉപയോഗിക്കാൻ സാധിക്കുന്നതോടൊപ്പം തന്നെ അധികംവരുന്ന വൈദ്യുതി KSEB-ക്ക് നൽകി വരുമാനം നേടാൻ സാധിക്കും. ശരാശരി പ്രതിമാസം 100 യൂണിറ്റ് ഉപയോഗമുള്ള വീടുകളിൽ ഈ പദ്ധതി മുഖേന പ്രതിവർഷം ശരാശരി 1200 യൂണിറ്റ് മിച്ചം വരാവുന്നതും ഇപ്രകാരം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഗുണഭോക്താക്കൾക്ക് അധികവൈദ്യുതി KSEB-ക്ക് നൽകുന്നതുവഴി പ്രതിവർഷം 4,000/- രൂപ വരെ വരുമാനവും

പ്രതീക്ഷിക്കുന്നു. ഇതിനുപുറമേ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് ഇൻഡക്ഷൻ സ്റ്റൗവ് കൂടി ലഭ്യമാക്കുന്നുണ്ട്.

7. <u>ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി</u>

കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷം രൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഇതിൻപ്രകാരം 186 ഗുണഭോക്താക്കൾക്ക് ഇതിനോടകം ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ഭൂമി കണ്ടെത്തിയ 62 ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു. ബാക്കി ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(8) <u>ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കളുടെ കരാർവയ്ക്കൽ ഊർജ്ജിതപ്പെടുത്തി.</u>

2017-ലെ ലൈഫ് ഗുണഭോക്തൃപട്ടികയിലും 2019-ലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് അഡീഷണൽ ലിസ്റ്റിലുമുൾപ്പെട്ടിട്ടുള്ള അർഹരായ ഗുണഭോക്താക്കളിൽ കരാർവയ്ക്കാൻ അവശേഷിച്ച ഗുണഭോക്താക്കളുടെ കരാർവയ്ക്കൽ ഊർജ്ജിതപ്പെടുത്തി ഭവനനിർമ്മാണ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

(ബി) വടക്കാഞ്ചേരിയിൽ ഫ്ലാറ്റ് നിർമ്മിക്കുന്നതിന് ലൈഫ് മിഷൻ യു.എ.ഇ. റെഡ് ക്രെസന്റുമായി കരാറിലേർപ്പെടുകയോ ആരെയെങ്കിലും നിർമ്മാണത്തിനായി ഏർപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഭവനനിർമ്മാണത്തിന് ലൈഫ് മിഷൻ ഏതെങ്കിലും വിദേശ ഏജൻസിയിൽ നിന്ന് തുക കൈപ്പറ്റിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് ഇ.ഡി. ലൈഫ് മിഷന്റെ കണക്ക് പരിശോധിക്കുന്നുവെന്ന് പറയപ്പെടുന്നതിന് എന്തെങ്കിലും നിയമപിൻബലമുള്ളതായി കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

(ബി&സി) ഇല്ല.

## ലൈഫ് പദ്ധതി

334(5938) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയുടെ ഭാഗമായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റ് നിർമ്മിക്കാൻ കരാർ കമ്പനികളെ തെരഞ്ഞെടുത്ത പ്രക്രിയ വിശദമാക്കാമോ?

ലൈഫ് മിഷൻ പദ്ധതിയിൽ ഭവനസമുച്ചയങ്ങൾ ലൈഫ് മിഷൻ നേരിട്ടും പാർട്ട്ണർഷിപ്പ് മുഖേനയും സ്പോൺസർഷിപ്പ് മുഖേനയും നടപ്പിലാക്കുന്നുണ്ട്. ലൈഫ് മിഷൻ നേരിട്ട് നടപ്പാക്കുന്ന പദ്ധതികൾ സർക്കാർ മാനദണ്ഡങ്ങളനുസരിച്ച് ഇ-ടെണ്ടർ മുഖേന കരാറുകാരെ തെരഞ്ഞെടുത്താണ് നിർമ്മാണം നടത്തുന്നത്.

പാർട്ട്ണർഷിപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. സ്പോൺസർഷിപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ നിർമ്മാണ നിർവ്വഹണ രീതി സർക്കാർ മാനദണ്ഡങ്ങൾ

പാലിച്ച് ഭവനസമുച്ചയങ്ങൾ നിർമ്മിച്ച് കൈമാറേണ്ട ബാധ്യത സ്പോൺസർക്കാണ്.

(ബി) ലൈഫ് പദ്ധതിയുടെ പിരിവ് (എ)-യുടെ സാരാംശം S.324(എ), (ഡി) എന്നിവയിൽ അടങ്ങിയിട്ടുള്ളതിനാൽ ചട്ടം 36(2)(എം) പ്രകാരം ഭാഗമായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റ് നിർമ്മിക്കാൻ കമ്പനികളെ തെരഞ്ഞെടുത്തതിനുശേഷം അവരുമായി കരാറിലേർപ്പെടാറുണ്ടോ; വ്യക്തമാക്കാമോ;

(സി) വടക്കാഞ്ചേരിയിൽ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി സർക്കാർ ഭൂമിയിൽ യൂണിടാക്കിന് നിർമ്മാണം നടത്താൻ അനുവാദം നൽകിയത് ഏത് കരാറിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

(ബി&സി) UAE Red Crescent Authority എന്ന സന്നദ്ധ സംഘടനയുമായി പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കും വീടില്ലാത്തവർക്കും വീട് വച്ചുകൊടുക്കുന്നത് സംബന്ധിച്ച് ലൈഫ് മിഷൻ പൊതുവായ ധാരണാപത്രം മാത്രമാണ് ഒപ്പുവച്ചിട്ടുള്ളത്. യൂണിടാക്കിനെ നിർമ്മാണത്തിനായി തെരഞ്ഞെടുത്തത് റെഡ് ക്രസന്റാണ്.

## വടക്കാഞ്ചേരി ലൈഫ് മിഷൻ

335(5939) ശ്രീമതി ഉമ തോമസ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിൽ ലൈഫ് മിഷന്റെ ഭാഗമായി യൂണിടാക്ക് എന്ന സ്ഥാപനത്തിന് സർക്കാർ ഭൂമിയിൽ കെട്ടിടം നിർമ്മിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് അനുമതി നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത അനുമതി സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ;

(സി) സർക്കാരുമായുള്ള കരാറിന്റെ അടിസ്ഥാനത്തിലാണോ യൂണിടാക്കിന് തദ്ദേശസ്വയംഭരണ വകുപ്പ് സർക്കാർ ഭൂമിയിൽ കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ;

(ഡി) അല്ലെങ്കിൽ കരാറില്ലാതെ സർക്കാർ ഭൂമിയിൽ കെട്ടിടം പണിയാൻ യൂണിട്ടാക്കിന് തദ്ദേശസ്വയംഭരണ വകുപ്പ് അനുമതി നൽകിയതിന്റെ കാരണം വിശദമാക്കാമോ?

(എ-ഡി) അനുമതി നൽകിയിട്ടില്ല.

## വാടക നിയമം നടപ്പിലാക്കുന്നതിന് നടപടി

336(5940) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാടക നിയമം എന്നാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ?

കേരള കെട്ടിടങ്ങൾ (പാട്ടവും അടിസ്ഥാന വാടകയും) നിയമം 1965-ലാണ് നടപ്പിലാക്കിയത്.

(ബി) കേന്ദ്ര ഹൗസിംഗ് ആൻഡ് അർബൻ അഫയേഴ്സ് മന്ത്രാലയം മോഡൽ ടെനൻസി ആക്ട് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്ത് നിയമമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണവും എന്നത്തേയ്ക്ക് നിയമമാക്കുമെന്നും വ്യക്തമാക്കുമോ?

ഉണ്ട്. 2021-ൽ കേന്ദ്ര സർക്കാർ പാസാക്കിയ Model Tenancy Act-ന് അനുസൃതമായി സംസ്ഥാനത്ത് നിലവിലുള്ള കേരള കെട്ടിടങ്ങൾ (പാട്ടവും അടിസ്ഥാനവാടകയും) നിയമം, 1965 പരിഷ്കരിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.

**പൂഞ്ഞാർ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുവഴി അനുവദിച്ചിട്ടുള്ള പദ്ധതികൾ**

337(5941) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ബജറ്റിൽ പൂഞ്ഞാർ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുവഴി അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയാക്കാത്തവയുടെ വിവരങ്ങളും അതിന്റെ കാരണവും അറിയിക്കാമോ?

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ചങ്ങനാശ്ശേരി നഗരസഭയിലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്

338(5942) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നഗരസഭയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരള ഖരമാലിന്യ നിർമ്മാർജ്ജന പരിപാലന പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരി നഗരസഭയിൽ നിലവിൽ നീക്കിവച്ചിട്ടുള്ള തുക 9.4 കോടി രൂപയാണ്. ആയതിൽ ഒന്നാംവർഷ പദ്ധതികൾക്കായി 95,43,800 രൂപയുടെ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തുമ്പൂർമൂഴി കൺസ്ട്രക്ഷൻ | MCF/RRF നവീകരണം & ഫയർ എക്സ്റ്റിൻഗ്യൂഷർ | കോവിഡ് അനുബന്ധ ചെലവുകൾ | ആകെ |
|---|---|---|---|
| 5520000 | 3509000 | 514800 | 9543800 |

(ബി) നഗരസഭയിലെ വേസ്റ്റ് മാനേജ്മെന്റിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് തയ്യാറാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഇല്ല. ചങ്ങനാശ്ശേരി നഗരസഭയുടെ ഖരമാലിന്യ നിർമ്മാർജ്ജന പരിപാലന പദ്ധതിയുടെ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള വിവരശേഖരണം നഗരസഭയിലുള്ള കേരള ഖരമാലിന്യ നിർമ്മാർജ്ജന പരിപാലന പദ്ധതിയുടെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) പൂർത്തീകരിച്ചിട്ടുള്ളതാണ്. ശേഖരിച്ച വിവരങ്ങളുടെ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ ഖരമാലിന്യ പരിപാലന പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ഒന്നാംവർഷ പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി IPE Global എന്ന ടെക്നിക്കൽ സർവ്വീസ് കൺസൾട്ടൻസിയെ ഏർപ്പെടുത്തുകയും ആയത് തയ്യാറാക്കി സമർപ്പിക്കുന്നത് അന്തിമഘട്ടത്തിലുമാണ്.

(സി) നഗരസഭയിലെ വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഏജൻസി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ?

നഗരസഭയിലെ വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് കേരള ഖരമാലിന്യ നിർമ്മാർജ്ജന പരിപാലന പദ്ധതി (KSWMP), IPE Global എന്ന ടെക്നിക്കൽ സർവീസ് കൺസൾട്ടൻസിയെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ നിയമിക്കുകയും മെയ് മാസത്തോടുകൂടി പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

## ത്രിതല പഞ്ചായത്ത് ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി

339(5943) ശ്രീ. തോമസ് കെ തോമസ്:
ശ്രീ. കെ. ബി ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് ഏറ്റവും കൂടുതൽ സേവനം നൽകുന്ന ത്രിതല പഞ്ചായത്ത് ജീവനക്കാർക്ക് അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ത്രിതല പഞ്ചായത്ത് ജീവനക്കാർക്ക് അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ കില ഒട്ടനേകം പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. സുസ്ഥിരവികസനം, കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിധ്യം, ദുരന്തനിവാരണം, ലിംഗനീതി,

ബാലസൗഹൃദം, ഭിന്നശേഷി സൗഹൃദം, വയോജന സൗഹൃദം, ദാരിദ്ര്യ ലഘൂകരണം തുടങ്ങി ഒട്ടനവധി വിഷയമേഖലകളിൽ കില പരിശീലനം നൽകിവരുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കുള്ള പരിശീലനത്തിന്റെ ട്രെയിനിംഗ് നീഡ്സ് അസ്സസ്മെന്റ് ആരംഭിച്ചിട്ടുണ്ട്.

(ബി) എല്ലാ ജീവനക്കാർക്കും നിശ്ചിത ഇടവേളയിൽ പരിശീലനം നൽകുന്നതിന് നടപടികളുണ്ടാകുമോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

എല്ലാ ജീവനക്കാർക്കും നിശ്ചിത ഇടവേളകളിൽ പരിശീലനം നൽകാറുണ്ട്. സേവനത്തിൽ പ്രവേശിക്കുന്ന വേളയിലും സ്ഥാനക്കയറ്റം ലഭിക്കുമ്പോഴും പരിശീലനം നൽകിവരുന്നുണ്ട്. അതോടൊപ്പം വിഷയാടിസ്ഥാനത്തിൽ യഥാസമയങ്ങളിലും സോഫ്റ്റ്‌വെയറുകളുടെ ഉപയോഗങ്ങൾ സംബന്ധിച്ചും കൃത്യമായ ഇടവേളകളിലും ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നുണ്ട്.

(സി) ഇങ്ങനെ പരിശീലനം നൽകുന്നതിന് കിലയുടെ ബ്രാഞ്ചുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ അഞ്ച് ജില്ലകളിൽ കിലയുടെ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ എല്ലാ ജില്ലകളിലുമായി 152 ബ്ലോക്കുതല റിസോഴ്സ് സെന്ററുകളും 10 ജില്ലാതല റിസോഴ്സ് സെന്ററുകളും തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ജനങ്ങൾക്ക് ഏറ്റവും വേഗം സേവനം ലഭ്യമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഗ്രാമപഞ്ചായത്തുകളിലെ നടപടികൾ സുതാര്യവും സുഗമവുമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേയ്ക്കായി ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്.) സോഫ്റ്റ്വെയർ സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്.

ഒറ്റ ലോഗിനിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ സേവനങ്ങളും പ്രവർത്തനങ്ങളും കൈകാര്യം ചെയ്യാൻ കഴിയുമെന്നതാണ് ഐ.എൽ.ജി.എം.എസ്.-ന്റെ സവിശേഷത. വിഭിന്നങ്ങളായ നിയമങ്ങൾക്കും ചട്ടങ്ങൾക്കുമനുസൃതമായി ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും വിവര സാങ്കേതികവിദ്യ പ്രയോഗത്തിൽ വരുത്തുന്നതിനും അതുവഴി ഓഫീസ്

പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനും കഴിയുന്ന രീതിയിൽ കടലാസുരഹിത ഫയൽ നീക്കമാണ് സോഫ്റ്റ്‌വെയറിൽ വിഭാവന ചെയ്തിട്ടുള്ളത്. നിലവിൽ ഉപയോഗിച്ചുവരുന്ന വിവിധ സോഫ്റ്റ്‌വെയറുകൾ ഒറ്റ ലോഗിനിലൂടെ ലഭ്യമാക്കുകയും സർക്കാർ സംവിധാനത്തിൽ നിലവിൽ ഉപയോഗിച്ചുവരുന്ന മറ്റ് വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയറുകൾ സംയോജിപ്പിച്ച് ഉപയോഗിക്കുകയും ചെയ്യുന്നതിലൂടെ പഞ്ചായത്തുകൾ നൽകിവരുന്ന സേവനങ്ങളുടെ ഗുണനിലവാരം പരമാവധി കുറ്റമറ്റതാക്കാൻ ഇതിലൂടെ ലക്ഷ്യമിടുന്നു. നിയമാനുസൃതമായും സമയബന്ധിതമായും കാര്യക്ഷമതയോടെയും സുതാര്യത ഉറപ്പുവരുത്തിക്കൊണ്ടും ലോകത്തിന്റെ ഏതു കോണിലിരുന്നും ഏതു സമയത്തും സേവനം പ്രാപ്യമാക്കി ഗ്രാമപഞ്ചായത്തുകളെ ജനസ്വീകാര്യ സേവന കേന്ദ്രങ്ങളായി മാറ്റാനും മികച്ച നിലവാരത്തിലേയ്ക്കുയർത്താനും സജ്ജമായ രീതിയിലാണ് ഐ.എൽ.ജി.എം.എസ്. തയ്യാറാക്കിയിരിക്കുന്നത്.

ഇതുകൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗത്തിലിരിക്കുന്ന വിവിധ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകളെ ഒരൊറ്റ മൊബൈൽ അധിഷ്ഠിത ആപ്ലിക്കേഷനായി സമന്വയിപ്പിച്ച് ഓരോ പൗരനും ഒരൊറ്റ സൈൻ ഓൺ, ഒരു ഡാഷ് ബോർഡും വഴി സർക്കാർ

സേവനങ്ങൾ പൗരന്മാർക്ക് അവരുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനായി മൈക്രോ സർവ്വീസ് "ആർക്കിടെക്ചറിൽ ക്ലൗഡ്" അധിഷ്ഠിത പ്ലാറ്റ്ഫോമിൽ കെ-സ്മാർട്ട് എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ഐ.കെ.എം. വഴി വികസിപ്പിച്ചുവരുന്നു.

**ഗ്രാമവികസന വകുപ്പിൽ സർവീസ് റെഗുലറൈസ് ചെയ്യുന്നതിനുള്ള മാനദണ്ഡം**

340(5944) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ ഒരു ജീവനക്കാരന്റെ സർവീസ് റെഗുലറൈസ് ചെയ്യുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണ്?

പ്രവേശന തസ്തികയിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം നിയമിക്കപ്പെടുന്ന ജീവനക്കാരുടെ മുൻകാലസ്വഭാവവും ക്രിമിനൽ പശ്ചാത്തലവും സംബന്ധിച്ച പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെയും ജോലിക്കുവേണ്ടിയുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച പബ്ലിക് സർവ്വീസ് കമ്മീഷന്റെ വെരിഫിക്കേഷൻ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് അവരുടെ സർവ്വീസ് റെഗുലറൈസ് ചെയ്യപ്പെടുന്നത്.

(ബി) ഗ്രാമവികസന കമ്മീഷണർ നിയമനാധികാരിയായിട്ടുള്ള തസ്തികകളിൽ സർവീസിൽ പ്രവേശിച്ചിട്ട് രണ്ടുവർഷം കഴിഞ്ഞിട്ടും സർവീസ് റെഗുലറൈസ് ചെയ്യപ്പെടാത്ത ജീവനക്കാർ ആരൊക്കെയാണെന്നും ആയതിന്റെ കാലതാമസത്തിന് കാരണമെന്തെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാരുടെ സർവീസ് അടിയന്തരമായി റെഗുലറൈസ് ചെയ്യുന്നതിനും പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി&സി) ഗ്രാമവികസന വകുപ്പിൽ ഗ്രാമവികസന കമ്മീഷണർ നിയമനാധികാരിയായിട്ടുള്ളതും സർവീസ് റെഗുലറൈസേഷൻ വേണ്ടതുമായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ രണ്ടുവർഷം കഴിഞ്ഞിട്ടും സർവ്വീസ് റെഗുലറൈസ് ചെയ്യാത്ത അഞ്ച് ഉദ്യോഗസ്ഥരാണുള്ളത്.

1. ശ്രീമതി ശ്രുതി ബി.
2. ശ്രീമതി പ്രിയ പി.
3. ശ്രീമതി ലക്ഷ്മി ദാസ്
4. ശ്രീ. രാജേഷ് ആർ. നാഥ്
5. ശ്രീമതി സബിത റ്റി.

നേരിട്ടുള്ള നിയമനരീതിയിൽ പി.എസ്.സി. മുഖാന്തരം നിയമിക്കപ്പെട്ട മേൽ ഉദ്യോഗസ്ഥരുടെ പി.എസ്.സി. വെരിഫിക്കേഷൻ

റിപ്പോർട്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിനാലാണ് അവരുടെ സർവ്വീസ് റെഗുലറൈസ് ചെയ്യുന്നതിന് വൈകിയതെന്നും മേൽ പ്രതിപാദിച്ചിട്ടുള്ള ക്രമ.നമ്പർ. 1 മുതൽ 4 വരെയുള്ള ഉദ്യോഗസ്ഥരുടെ പി.എസ്.സി വെരിഫിക്കേഷൻ റിപ്പോർട്ടും പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടും ലഭ്യമായിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവരുടെ സർവീസ് റെഗുലറൈസ് ചെയ്യുന്നതിനും പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ക്രമ നം. 5 ആയ ഉദ്യോഗസ്ഥ ശൂന്യവേതനാവധിയിലായതിനാൽ പി.എസ്.സി. വെരിഫിക്കേഷൻ നടപടികൾ പൂർത്തിയായിട്ടില്ല. പ്രസ്തുത നടപടികൾ പൂർത്തിയാക്കുന്നമുറയ്ക്ക് അവരുടെ സർവ്വീസ് റെഗുലറൈസ് ചെയ്യുന്നതിനും പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വകുപ്പ് അദ്ധ്യക്ഷൻ അറിയിച്ചിട്ടുണ്ട്.

## സ്പെഷ്യൽ റൂൾസ് സംബന്ധിച്ച പരാതി പരിഹാര സംവിധാനം

341(5945) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് വകുപ്പുമന്ത്രി സർവീസ് സംഘടനകളുമായി ചർച്ച

നടത്തിയിരുന്നോ; എങ്കിൽ ചർച്ചയിൽ എന്തെല്ലാം ഉറപ്പുകൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഉറപ്പുകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കുമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് ബന്ധപ്പെട്ട എല്ലാ പൊതുകാറ്റഗറി സംഘടനകളുമായും എറണാകുളം മുനിസിപ്പൽ ടൗൺ ഹാളിൽ വച്ച് 02-12-2022-ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ചർച്ച നടത്തിയിരുന്നു. പ്രസ്തുത യോഗത്തിൽ സംഘടനകൾ ഉന്നയിച്ച നിർദ്ദേശങ്ങൾ സൂക്ഷ്മമായി പരിശോധിക്കുന്നതാണെന്നും അവയിൽ പരിഗണിക്കാവുന്നവ പരിഗണിക്കുന്നതാണെന്നും ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചിരുന്നു. അതിൻപ്രകാരം സംഘടനകൾ ഉന്നയിച്ചിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും പരിശോധിക്കുന്നതിനായി പരാതിപരിഹാര സെല്ലിന് നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് സർക്കാർതലത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സ്പെഷ്യൽ റൂൾസ് സംബന്ധിച്ച പരാതിപരിഹാര സംവിധാനം എന്നാണ് നിലവിൽ വന്നത്; പ്രസ്തുത സംവിധാനത്തിൽ ലഭിക്കുന്ന

പരാതികൾ തീർപ്പാക്കുന്നത് ഏതു വിധത്തിലാണെന്നും ഒരു പരാതി തീർപ്പാക്കുന്നതിനുള്ള കാലയളവ് എത്രയെന്നും വിശദമാക്കുമോ?

07-11-2022-ലെ സ.ഉ.(സാധാ)നം.2717/2022/ത.സ്വ.ഭ.വ., സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 09-11-2022-ലെ 1099/B1/PDLSGD/2022 നമ്പർ ഉത്തരവുപ്രകാരം സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിന് പരാതിപരിഹാര സെൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

പരാതിപരിഹാര സെൽ മുമ്പാകെ ലഭിക്കുന്ന പരാതികൾ സെല്ലിൽ പരിശോധിക്കുന്നതും സർക്കാർ തലത്തിൽ തീരുമാനമെടുക്കേണ്ട വിഷയങ്ങൾ റിപ്പോർട്ടുസഹിതം സർക്കാരിൽ സമർപ്പിക്കുന്നതും തുടർന്ന് സർക്കാർ തലത്തിൽ ഈ വിഷയത്തിൽ അന്തിമ തീരുമാനമെടുക്കുന്നതുമാണ്. പരാതിപരിഹാര സെല്ലിന്റെ കാലാവധി 27-10-2022 മുതൽ ഒരു വർഷമാണ്. പരാതി തീർപ്പാക്കുന്നതിനുള്ള കാലയളവ് പ്രത്യേകമായി നിശ്ചയിച്ചിട്ടില്ല. (സി) പരാതി പരിഹാര സംവിധാനത്തിൽ നാളിതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

പരാതികളുടെ വിശദാംശവും ആയതിന്മേൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

നിലവിൽ പരാതിപരിഹാര സെല്ലിൽ സ്പെഷ്യൽ റൂളുമായി ബന്ധപ്പെട്ട എഴുപതോളം പരാതികൾ ലഭിച്ചിട്ടുള്ളതും ആയതിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം**

342(5946) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ പണവും അധികാരവും ഉദ്യോഗസ്ഥരെയും നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന പദ്ധതി വിഹിതത്തിലും മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നിവയിലും ആനുപാതിക വർദ്ധന വരുത്തിയിട്ടുണ്ട്. അതുവഴി കൂടുതൽ പണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

ദുരന്തനിവാരണ പ്രവർത്തനങ്ങളുൾപ്പെടെയുള്ളവയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകിയിട്ടുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുൾപ്പെടെ കൂടുതൽ തസ്തികകൾ കഴിഞ്ഞ രണ്ട് വർഷക്കാലത്തിനിടയിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ എല്ലാ പഞ്ചായത്തുകളിലും കരാർ അടിസ്ഥാനത്തിൽ പ്രോജക്ട് അസിസ്റ്റന്റുമാരെ പുതുതായി നിയമിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര തവണ പദ്ധതി വിഹിതം വെട്ടിക്കുറച്ചുവെന്നും പദ്ധതി വിഹിതം വെട്ടിക്കുറച്ചതുവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി പ്രവർത്തനങ്ങളിൽ ഭേദഗതിയും റദ്ദാക്കലും നടത്തേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോയെന്നും അറിയിക്കുമോ?

വിവരം ശേഖരിച്ചുനൽകുന്നതാണ്

(സി) ഈ സർക്കാരിന്റെ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ചിരുന്ന ഏതെങ്കിലും ചുമതലകൾ സർക്കാരോ മറ്റേതെങ്കിലും ഏജൻസിയോ ഏറ്റെടുക്കേണ്ടിവന്നിട്ടുണ്ടോയെന്നും ഇതിനായി കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവ ഭേദഗതി ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ചിരുന്ന ഏതെങ്കിലും ചുമതലകൾ സർക്കാരോ മറ്റേതെങ്കിലും ഏജൻസിയോ ഏറ്റെടുത്തിട്ടില്ല.

(ഡി) ഈ സർക്കാരിന്റെ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽവരുന്ന വിവിധ വിഭാഗങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

## ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ ഒഴിവുകൾ

343(5947) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകളാണുള്ളതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയോ അതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ട്. സ്ഥാനക്കയറ്റം മുഖേന നികത്തേണ്ട ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## ചെമ്മനാട് പഞ്ചായത്തിലെ ലൈഫ് പദ്ധതി

344(5948) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ ചെമ്മനാട് പഞ്ചായത്തിൽ പ്രീഫാബ് ടെക്നോളജി ഉപയോഗിച്ചുള്ള ഭവനസമുച്ചയത്തിന്റെ നിർമ്മാണപ്രവൃത്തി നിലവിൽ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ബി) ഇതിന്റെ നിർമ്മാണപ്രവൃത്തിയെന്നാണ് ആരംഭിച്ചിട്ടുള്ളതെന്നും എന്ന് പൂർത്തിയാക്കാനാണ് എഗ്രിമെന്റ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

10-03-2020-ന് നിർമ്മാണപ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. കരാർ ഉടമ്പടിപ്രകാരം 6 മാസമാണ് നിർമ്മാണ കാലാവധി. 2023 മാർച്ച് 31-വരെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(സി) നിലവിൽ ഇതിന്റെ പ്രവൃത്തി എന്ന് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ?

നിലവിലെ നിർമ്മാണ പുരോഗതിയനുസരിച്ച് മൂന്ന് മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**അഴിക്കോട് പഞ്ചായത്തിലെ ഓവർസിയറുടെ ഒഴിവ്**

345(5949) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴിക്കോട് പഞ്ചായത്തിലെ ഓവർസിയറുടെ ഒഴിവ് നികത്തിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നികത്തുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 24-02-2023-ലെ ഇ/5959/22/സി.ഇ./എൽ.ഐ.ഡി.&ഇ.ഡബ്ല്യൂ. നമ്പർ നടപടിക്രമം പ്രകാരം അഴിക്കോട് ഗ്രാമപഞ്ചായത്തിൽ രണ്ടാംതരം ഓവർസിയറെ നിയമിച്ചിട്ടുണ്ട്.

## കൊണ്ടോട്ടിയിൽ ശുചിത്വ മിഷൻ ബ്ലോക്ക് പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റാരംഭിക്കുന്നതിന് നടപടി

346(5950) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൽ ശുചിത്വ മിഷൻ ബ്ലോക്ക് പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അനുമതി നൽകുമോയെന്നറിയിക്കാമോ;

(ബി) പ്രസ്തുത യൂണിറ്റ് രൂപീകരണത്തിന് ശുചിത്വ മിഷൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റാരംഭിക്കുന്നത് സംബന്ധിച്ച് ശുചിത്വ മിഷൻ 15-03-2023-ലെ കത്ത് മുഖേന സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## ഒറ്റപ്പാലത്തെ സാംസ്കാരിക നിലയത്തിന്റെ പ്രവൃത്തി

347(5951) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പിന്റെ 2069/2020/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതി ലഭിച്ച ഒറ്റപ്പാലത്തെ സാംസ്കാരിക നിലയത്തിന്റെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എന്നത്തേയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കുവാൻ സാധിക്കുമെന്ന് അറിയിക്കുമോ?

(എ&ബി) ഒറ്റപ്പാലം സാംസ്കാരിക നിലയത്തിന്റെ പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായി 02-02-2023-ന് ചീഫ് എഞ്ചിനീയർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അതിൽ ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ഒറ്റപ്പാലം നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

2023 മാർച്ച് 31-നകം പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## പൂഞ്ഞാർ മണ്ഡലത്തിലെ കാലവർഷക്കെടുതിയിൽ നാശം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണം

348(5952) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലവർഷക്കെടുതികളിൽ നാശം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി 2019-20 മുതൽ 2021-22 വരെ ഭരണാനുമതി ലഭിച്ച പൂഞ്ഞാർ മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ഏതെല്ലാം റോഡുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; പൂർത്തീകരിക്കാൻ അവശേഷിക്കുന്നവ ഏതെല്ലാമാണ്; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ഒളവണ്ണ സി.എച്ച്.സി. കെട്ടിടം പൊളിച്ചുനീക്കാനുള്ള നടപടി

349(5953) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകിയ ആരോഗ്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിലെ പഴയ നിർമ്മിതികൾ പൊളിച്ചുമാറ്റി പുതിയ നിർമ്മിതികളുണ്ടാക്കുന്നതിന് തടസ്സങ്ങൾ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അധികാര കൈമാറ്റത്തിനുശേഷവും പഴയ നിർമ്മിതികൾ പൊളിക്കാൻ ബന്ധപ്പെട്ട മാതൃവകുപ്പിന്റെ അനുമതി വേണമെന്ന് വിദ്യാഭ്യാസ വകുപ്പോ ആരോഗ്യ വകുപ്പോ നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഭരണഘടനാ ഭേദഗതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ അധികാരമില്ലാതാക്കുന്ന നിർദേശങ്ങൾ പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കോഴിക്കോട് ഒളവണ്ണ സി.എച്ച്.സി.-യിൽ ഭരണാനുമതി നൽകിയ ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ ആരോഗ്യവകുപ്പ് ഉന്നയിച്ച തടസ്സങ്ങൾ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; (ഡി) കാലഹരണപ്പെട്ട ഒളവണ്ണ സി.എച്ച്.സി.-യിലെ കെട്ടിടം പൊളിച്ചുനീക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(സി&ഡി) കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ ഒളവണ്ണ സി.എച്ച്.സി. മെഡിക്കൽ ഓഫീസർക്ക് 23-10-2021-ന് അയച്ച കത്തിന്റെ പകർപ്പ് ചേർത്ത് കെട്ടിട പരിശോധനയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. ടി കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന ആരോഗ്യ വിഭാഗത്തിന്റെ സ്ഥല പരിശോധനാ റിപ്പോർട്ടുപ്രകാരം നിലവിലുള്ള പ്രധാന കെട്ടിടത്തിന്റെ ഒരു ഭാഗം പൊളിച്ച് വഴി കണ്ടെത്തി പുറകുവശത്ത് നിർമ്മാണം നടത്തുന്നതിനാണ് അറിയിച്ചിട്ടുള്ളത്. എന്നിരുന്നാലും, മെഡിക്കൽ ഓഫീസറുടെ നിർദ്ദേശാനുസരണം ബ്ലോക്ക് ഭരണ സമിതിയുടെയും ആരോഗ്യ വകുപ്പിന്റെയും കൂട്ടായ സ്ഥലപരിശോധനയിൽ റിപ്പോർട്ട് പ്രകാരമുള്ള കെട്ടിടം പൊളിക്കുന്നത് നിലവിലുള്ള ഉപയോഗത്തെ ബാധിക്കുമെന്ന് കണ്ടതിനാൽ തൊട്ടടുത്തുള്ള 290/F നമ്പർ ക്വാർട്ടേഴ്സ് കെട്ടിടം പൊളിച്ച് തൽസ്ഥാനത്ത് ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തണമെന്ന് തീരുമാനിച്ചിരുന്നു. ഈ തീരുമാനപ്രകാരം മേൽ വിവരം ആരോഗ്യവകുപ്പിനെ അറിയിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിരുന്നു. മുൻ തീരുമാനപ്രകാരമുള്ള സ്ഥലം മാറ്റുന്നതിന് ആരോഗ്യ വകുപ്പിന്റെ അനുമതി ലഭ്യമായതായി അറിയില്ലെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പുന:പരിശോധനാ തീരുമാനപ്രകാരമുള്ള ക്വാർട്ടേഴ്സ് കെട്ടിടം പൊളിച്ചുമാറ്റുന്നതിന് അൺഫിറ്റ് സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട് ഒളവണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ 40 വർഷം കാലപ്പഴക്കമുള്ള മേൽ കെട്ടിടം പരിശോധിച്ചതിൽ വിള്ളലുകളോ സെറ്റിൽമെന്റോ യാതൊന്നും കാണുന്നില്ല. കൂടാതെ, നിലവിലെ ഉപയോഗത്തിലുള്ള കെട്ടിടത്തിന്റെ ഫൗണ്ടേഷൻ വിവരങ്ങളും ലഭ്യമല്ല. ആയതിനാൽ അൺഫിറ്റ് നൽകിയിട്ടില്ല. പുതിയ നിർമ്മാണത്തിന്റെ അടിയന്തരസ്വഭാവവും ആവശ്യകതയും നിലവിലുള്ള കെട്ടിടത്തിന്റെ കാലപ്പഴക്കവും കണക്കിലെടുത്ത് നിലവിലുള്ള കെട്ടിടം പൊളിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും ആയത് വരുന്ന ചെലവ് കണക്കാക്കിയ എസ്റ്റിമേറ്റ് സഹിതം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണെന്നും കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടം പൊളിച്ചു മാറ്റുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

## മാവേലിക്കര മണ്ഡലത്തിലെ ആധുനിക പൊതുശ്മശാനം

350(5954) <u>ശ്രീ. എം. എസ് അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23-ലെ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിട്ടുള്ള മാവേലിക്കര മണ്ഡലത്തിലെ ആധുനിക പൊതുശ്മശാനത്തിന്റെ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ധനകാര്യ ബജറ്റ് (കെ) വകുപ്പിന്റെ 19-10-2022-ലെ സ.ഉ.(സാധാ.)നം.7032/2022/ധന. നമ്പർ ഉത്തരവുപ്രകാരം മാവേലിക്കര മണ്ഡലത്തിൽ പൊതുശ്മശാനനിർമ്മാണത്തിന് 1 കോടി രൂപ അനുവദിച്ചിരുന്നു. നിലവിൽ ആലപ്പുഴ എൽ.ഐ.ഡി.&ഇ.ഡബ്ല്യൂ. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരൂരങ്ങാടി മണ്ഡലത്തിലെ കാളം തിരുത്തി തൊട്ടുമ്പുറം തോട്**

351(5955) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി നീരൊഴുക്കുള്ള പൊതുതോടുകളുടെ ഉടമസ്ഥാവകാശം ആർക്കാണെന്ന് വിശദമാക്കാമോ?

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 218 പ്രകാരവും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 208 എ വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരവും എല്ലാ പൊതുജല മാർഗ്ഗങ്ങളും (പഞ്ചായത്ത്/മുനിസിപ്പൽ പ്രദേശത്തും മറ്റ് പ്രദേശങ്ങളിലും കൂടി ഒഴുകുന്നതും സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്നതുമായ നദികൾ ഒഴികെയുള്ളത്) നദികളുടെ തടങ്ങളും തീരങ്ങളും ചെറുപുഴകളും ജലസേചനത്തിനും ഡ്രെയിനേജിനുമുള്ള ചാലുകളും തോടുകളും തടാകങ്ങളും കായലുകളും ജലമാർഗ്ഗങ്ങളും കെട്ടിനിർക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും നീരുറവകളും ജലസംഭരണികളും കുളങ്ങളും നീർത്തടങ്ങളും ജലധാരകളും കിണറുകളും കാപ്പകളും ചാലുകളും സ്റ്റാന്റ് പൈപ്പുകളും മറ്റ് ജല സംഭരണികളും അവയോടുചേർന്നുകിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമപഞ്ചായത്തിലേയ്ക്ക്/ മുനിസിപ്പാലിറ്റിയിലേയ്ക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

(ബി) തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട കാളം തിരുത്തി തൊട്ടുമ്പുറം തോട് ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിന് എന്തെങ്കിലും നിർദേശം സർക്കാർ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

**കാച്ചാണി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം**

352(5956) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന കാച്ചാണി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് പൊതു മാർക്കറ്റ് സ്ഥിതി ചെയ്യുന്ന ഭൂമിയിൽനിന്നും എട്ട് സെന്റ് ഭൂമി വിട്ടുകൊടുക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം തിരുവനന്തപുരം ഡി.ഡി.പി. ഓഫീസിൽ സമർപ്പിച്ചിട്ടുള്ള ഫയലിന്റെ (ഫയൽ നമ്പർ എ 2-1/18, തീയതി 13-10-2021, അരുവിക്കര ജി.പി.) ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ?

അരുവിക്കര ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന കാച്ചാണി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് ഭൂമി

വിട്ടുകൊടുക്കുന്നതിനുള്ള സർക്കാർ അനുമതിക്കായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിച്ച അരുവിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03-09-2021-ലെ A2-1/2018 നമ്പർ കത്തുപ്രകാരമുള്ള അപേക്ഷയും അനുബന്ധ രേഖകളും, അപാകതകൾ പരിഹരിച്ച് ഡെപ്യൂട്ടി ഡയറക്ടർ 20-12-2021-ൽ തുടർനടപടികൾക്കായി പഞ്ചായത്ത് ഡയറക്ടർക്ക് നൽകുകയുണ്ടായി.

തുടർന്ന് പ്രസ്തുത എട്ട് സെന്റ് ഭൂമി കെ.എസ്.ഇ.ബി.-ക്ക് വിട്ടുനൽകാവുന്നതാണെന്ന ശിപാർശയോടെ അരുവിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷയും അനുബന്ധരേഖകളും 29-08-2022-ലെ കത്തുപ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത അപേക്ഷയോടൊപ്പം കരട് വിജ്ഞാപനവും ഭൂമി ആർജ്ജിച്ചത് സംബന്ധിച്ചുള്ള രേഖകളും വിവരങ്ങളും ലഭ്യമാക്കുകയുണ്ടായില്ല. നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിനായി പ്രസ്തുത രേഖകൾ ഹാജരാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അറിയിക്കാമോ?

പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ചുള്ള വിഷയം പരിശോധനയിലാണ്.

## വാമനപുരം മണ്ഡലത്തിലെ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

353(5957) ശ്രീ. ഡി.കെ മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം അനുമതി ലഭിച്ച വാമനപുരം മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്നും അവയ്ക്കോരോന്നിനും അനുവദിച്ച തുക എത്രയാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ഏതെങ്കിലും റോഡിന്റെ നിർമ്മാണം ഇനിയും പൂർത്തിയാക്കാനുണ്ടോ; വിശദമാക്കാമോ?

(എ&ബി) പ്രവൃത്തികളുടെ വിശദാംശങ്ങളടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പദ്ധതിയിൽ പുതുതായി റോഡുകൾ ഉൾപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സി.എം.എൽ.ആർ.ആർ.പി. പദ്ധതിയിലുൾപ്പെടുത്തി പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് നിലവിൽ സർക്കാർ പരിഗണനയിലില്ല.

**ത്രിതല പഞ്ചായത്തുകളുടെ തനതു വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

354(5958) ശ്രീ. തോമസ് കെ തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ ത്രിതല പഞ്ചായത്തുകളുടെ തനത് വരുമാനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി കാലികമായ നികുതി പരിഷ്കരണമുൾപ്പെടെ മറ്റ് തരത്തിലുള്ള വരുമാന സ്രോതസ്സുകൾ കൂടി കണ്ടെത്തുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നു. പഞ്ചായത്തുകളിലും നഗരസഭകളിലും നൂതനമായതുൾപ്പെടെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി സർക്കാരിൽ ആവശ്യമായ ശിപാർശ സമർപ്പിക്കുന്നതിലേയ്ക്കായി തദ്ദേശസ്വയംഭരണ

വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ചെയർമാനായും പഞ്ചായത്ത് ഡയറക്ടർ കൺവീനറായും പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികളും വകുപ്പിലെ ഉദ്യോഗസ്ഥരും അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി ഇക്കാര്യത്തിൽ ശിപാർശ തയ്യാറാക്കുന്നതിലേയ്ക്കായി പഠനങ്ങളും ചർച്ചകളും നടത്തിവരികയും ചെയ്യുന്നു.

2023 ഏപ്രിൽ 1 മുതൽ ഓരോ സാമ്പത്തികവർഷവും നിശ്ചിത നിരക്കിൽ നികുതി വർദ്ധന വരുത്തിക്കൊണ്ടുള്ള വസ്തുനികുതി പരിഷ്കരണം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കൂടുതൽ ഷോപ്പിംഗ് കോംപ്ലക്സുകൾ, ആറ്റിൽ നിന്നും മണൽ വാരുന്നതിനുള്ള അനുമതി, ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിച്ച് നൽകൽ, ഓപ്പൺ സ്റ്റേഡിയങ്ങൾ മോടിപിടിപ്പിച്ച് വാടകയ്ക്ക് നൽകൽ തുടങ്ങിയ സംരംഭങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കൂടുതൽ ഷോപ്പിംഗ് കോംപ്ലക്സുകൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിച്ച് നൽകൽ, ഓപ്പൺ സ്റ്റേഡിയങ്ങൾ മോടിപിടിപ്പിച്ച് വാടകയ്ക്ക് നൽകൽ തുടങ്ങിയ സംരംഭങ്ങളാരംഭിക്കുന്നതിനും ഇതിലൂടെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ, സംരംഭങ്ങളുടെ വിജയ സാധ്യത

കൂടി കണക്കിലെടുത്ത് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും സാമ്പത്തിക സ്ഥിതിയനുസരിച്ച് പദ്ധതി രൂപീകരിച്ച് ജില്ലാ പ്ലാനിംഗ് സമിതിയുടെ അംഗീകാരം നേടി അതത് തദ്ദേശസ്വയംഭരണ സ്ഥാപനം തന്നെ പദ്ധതി നടപ്പിലാക്കുന്ന വിധത്തിൽ പദ്ധതി രൂപീകരിക്കാവുന്നതാണ്.

**തിരുവനന്തപുരം നഗരസഭയിൽ പൊതുമരാമത്ത് റോഡിൽ പാർക്കിംഗ് ഫീസ്**

355(5959) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിലെ പൊതുമരാമത്ത് റോഡുകളിൽ നഗരസഭ പാർക്കിംഗ് ഫീസീടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ ഗതാഗതത്തിരക്കും അനിയന്ത്രിതമായ വാഹന പാർക്കിംഗ് കാരണമുണ്ടാകുന്ന അപകടങ്ങളും ഒഴിവാക്കുന്നതിനും നിരത്തുകളിലെ ദൈർഘ്യമേറിയ വാഹന പാർക്കിംഗ് ഒഴിവാക്കുന്നതിനും ജില്ലാ കളക്ടർ അദ്ധ്യക്ഷനായ റോഡ് സേഫ്റ്റി കൗൺസിലിന്റെ തീരുമാനപ്രകാരം

തിരുവനന്തപുരം നഗരത്തിലെ മെയിൻ റോഡിന്റെ വശങ്ങളിൽ നിർണ്ണയിക്കപ്പെട്ട സ്ഥലങ്ങളിൽ ഫീസീടാക്കിയുള്ള പാർക്കിംഗ് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിരുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 03-11-2015-ന് തിരുവനന്തപുരം നഗരത്തിലെ പാർക്കിംഗുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം നഗരസഭയിൽ ചേർന്ന യോഗതീരുമാനപ്രകാരമാണ് ട്രാഫിക് വാർഡന്മാരെ നിയോഗിച്ചുകൊണ്ടുള്ള പാർക്കിംഗ് ഫീസ് പിരിവ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. ആയത് 27-05-2016-ലെ 3(എ) 10 പ്രകാരം നഗരസഭ കൗൺസിൽ അംഗീകരിച്ചിട്ടുള്ളതുമാണ്. ഫീസ് പിരിവിനായുള്ള ട്രാഫിക് വാർഡന്മാരുടെ നിയമന ചുമതല പോലീസ് മേധാവികൾക്കും വരവുചെലവ് മേൽനോട്ടം നഗരസഭയ്ക്കുമാണ്.

(ബി) റോഡ് ടാക്സ് അടച്ച് വാഹനം വാങ്ങി ഉപയോഗിക്കുന്ന പൊതുജനങ്ങളിൽനിന്നും ഇത്തരത്തിൽ ഫീസീടാക്കുന്നത് ഉചിതമാണോയെന്ന് വ്യക്തമാക്കാമോ; ഏതൊക്കെ വാഹനങ്ങൾക്ക് പാർക്കിംഗ് ഫീസീടാക്കുന്നതിൽനിന്ന് ഇളവ് അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

സൗകര്യമുള്ള സ്ഥലങ്ങളിൽ ' On Road' പാർക്കിംഗ്, ഗതാഗത തടസ്സമുണ്ടാക്കാത്ത രീതിയിൽ ഫീസീടാക്കുകയാണ് ചെയ്തുപോരുന്നത്. സർക്കാർ വാഹനങ്ങളെ ഒഴിവാക്കിയിട്ടുള്ളതാണ്.

(സി) കഴിഞ്ഞ 5 വർഷ കാലയളവിൽ പ്രതിമാസം എത്ര രൂപയാണ് തിരുവനന്തപുരം നഗരസഭ പാർക്കിംഗ് ഫീസിനത്തിൽ പിരിച്ചെടുത്തത്; വ്യക്തമാക്കാമോ; ഫീസീടാക്കാൻ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

കഴിഞ്ഞ 5 വർഷ കാലയളവിൽ തിരുവനന്തപുരം നഗരസഭ പാർക്കിംഗ് ഫീസിനത്തിൽ പിരിച്ചെടുത്ത തുക അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത പാർക്കിംഗ് ഫീസ് നഗരസഭയുടെ പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കുന്നതും പ്രസ്തുത പാർക്കിംഗുമായി ബന്ധപ്പെട്ട ടിക്കറ്റ് പ്രിന്റിംഗ്, വാർഡന്മാരുടെ ഓണറേറിയം തുടങ്ങി ഇതുമായി ബന്ധപ്പെട്ട ചെലവുകൾ ടി അക്കൗണ്ടിൽനിന്നും നിർവ്വഹിക്കുന്നു. നിലവിൽ അതതു മാസത്തെ കളക്ഷൻ തുക വാർഡന്മാർക്ക് ഓണറേറിയം നൽകുന്നതിനുപോലും തികയാതെ വരികയും ഫീസ് പിരിവിനുള്ള രസീത് പ്രിന്റ് ചെയ്യുന്നതിന് നഗരസഭ തനതു ഫണ്ടിൽ നിന്നും 2,05,200/- രൂപ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അനുവദിച്ച് നൽകിയിട്ടുമുണ്ട്. നിലവിൽ പാർക്കിംഗ് ഫീസ് കളക്റ്റ് ചെയ്യുന്നതിനായി 122 ട്രാഫിക് വാർഡന്മാരെ നിയോഗിച്ചിട്ടുണ്ട്.

**കൊച്ചി സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതി**

356(5960) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15-08-2022-ലെ 186/2022/ത.സ്വ.ഭ.വ. ഉത്തരവുപ്രകാരം അനുമതി ലഭ്യമായിട്ടുള്ള കൊച്ചി സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

ആസൂത്രണം ചെയ്യാത്ത നഗരപ്രദേശങ്ങളുടെ ഒരു പ്രദേശം ശാസ്ത്രീയമായും ഭൂമി പുനർക്രമീകരണത്തിലൂടെയും വികസിപ്പിച്ചെടുക്കാനാണ് "കൊച്ചിയിലെ സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതി"-യിലൂടെ ലക്ഷ്യമിടുന്നത്. നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്തെ വ്യക്തികൾക്ക് ന്യായമായ വരുമാനം നൽകുകയും അതേസമയം കൂടുതൽ നഗരവളർച്ചയ്ക്കായി മിച്ച ഫണ്ട് സൃഷ്ടിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

കേരളത്തിലെ വാണിജ്യ കേന്ദ്രമായ കൊച്ചിയിലാണ് പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്നത്. പരിസ്ഥിതി സംവേദിയും സുസ്ഥിരവുമായി കേരളത്തിലെ വികസന പദ്ധതികൾ നടപ്പാക്കാനുള്ള പ്രധാന തടസ്സമായി കാണുന്ന ഭൂമി ലഭ്യതയുടെ പ്രശ്നം പരിഹരിക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. കൊച്ചിയിലെ നിലവിലുള്ള വാണിജ്യ പാർപ്പിട കേന്ദ്രമായ "മറൈൻ ഡ്രൈവും" അതിന്റെ പരിസരങ്ങളും പുനരുജ്ജീവിപ്പിച്ചുകൊണ്ട് അതിന്റെ ആസൂത്രിതമായ വളർച്ചയും പദ്ധതി ലക്ഷ്യംവയ്ക്കുന്നു. നിർദ്ദിഷ്ട പ്രോജക്ട് പ്രദേശത്ത് പെട്ടെന്നെത്തിച്ചേരാവുന്ന തരത്തിൽ Central Business District (CBD)-യുടെ തുടർച്ചയായും നിലവിലുള്ള ആവാസവ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിനും സുസ്ഥിരമാക്കുന്നതിനും സഹായിക്കുകയും ബാധിക്കപ്പെട്ട എല്ലാ വിഭാഗങ്ങളെയും നീതിയോടെയും ന്യായമായും പരിഗണിക്കുകയും ചെയ്യുന്ന രീതിയാണ് പദ്ധതി വിഭാവന ചെയ്യുന്നത്. പദ്ധതിക്കായി കണ്ടെത്തിയ പ്രദേശമാരംഭിക്കുന്നത് തെക്കുഭാഗത്ത് മറൈൻ ഡ്രൈവ്, മംഗളവനം പക്ഷി സങ്കേതം എന്നിവിടങ്ങളും വടക്ക് വടുതല പച്ചാളം പ്രദേശം, കായലുകൾക്ക് കുറുകെയും പടിഞ്ഞാറുഭാഗത്ത് മുളവുകാട് ദ്വീപ് എന്നിവിടങ്ങളുമാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ ഏകോപനത്തിനും മോണിറ്ററിംഗിനുമായി രൂപീകരിച്ചിട്ടുള്ള ജനറൽ ബോഡിയിലേയും ഇംപ്ലിമെന്റേഷൻ കമ്മിറ്റിയിലേയും അംഗങ്ങൾ ആരെല്ലാമെന്ന് വ്യക്തമാക്കാമോ?

കൊച്ചിയിലെ സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതി എന്ന പദ്ധതിയുടെ നടത്തിപ്പിന് SPV രൂപീകരണത്തിന് മുന്നോടിയായി DPR സമർപ്പിക്കുന്നതുവരെ പദ്ധതിയുടെ ഏകോപനത്തിനും മോണിറ്ററിംഗിനുമായി ഒരു ജനറൽ ബോഡിയും പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ആയതിലെ അംഗങ്ങൾ താഴെപ്പറയും പ്രകാരമാണ്.

(എ) <u>ജനറൽ ബോഡി</u>

ചെയർപേഴ്സൺ, ഡയറക്ടർ ബോർഡ്: കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി

<u>അംഗങ്ങൾ, ഡയറക്ടർ ബോർഡ്</u>

മന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പ്

മന്ത്രി, ടൂറിസം വകുപ്പ്

മന്ത്രി, വ്യവസായ വകുപ്പ് (മന്ത്രി-ഇൻ ചാർജ്ജ് എറണാകുളം ജില്ല)

മന്ത്രി, ജലവിഭവ വകുപ്പ്

മേയർ, കൊച്ചി നഗരസഭ

ചീഫ് സെക്രട്ടറി, കേരള സർക്കാർ

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

അഡീഷണൽ ചീഫ് സെക്രട്ടറി (തദ്ദേശസ്വയംഭരണം)

എറണാകുളം ജില്ലാ കളക്ടർ

പഞ്ചായത്ത് പ്രസിഡന്റ്, മുളവുകാട് പഞ്ചായത്ത്

ചെയർമാൻ, ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി

ചെയർമാൻ, ഗ്രോശ്രീ ദ്വീപ് വികസന അതോറിറ്റി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (SPV)

ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ 3

ഭൂരിപക്ഷ പങ്കാളികളിൽ നിന്നുള്ള പ്രതിനിധികൾ 3

(ബി) പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി

അദ്ധ്യക്ഷൻ: തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി

കൺവീനർ: ജില്ലാ കളക്ടർ എറണാകുളം

അംഗങ്ങൾ

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (SPV)

സെക്രട്ടറി, കൊച്ചി നഗരസഭ

സെക്രട്ടറി, ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി

സെക്രട്ടറി, ഗോശ്രീ ദ്വീപ് വികസന അതോറിറ്റി

ജില്ലാ ഫോറസ്റ്റ് ഓഫീസർ, എറണാകുളം

റീജിയണൽ ടൗൺ പ്ലാനർ, ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് വകുപ്പ്

സെക്രട്ടറി, മുളവുകാട് പഞ്ചായത്ത്

പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് നിയമിക്കുന്ന ഏതെങ്കിലും

അംഗീകൃത വ്യക്തി.

(സി) പദ്ധതിയുൾപ്പെടുന്ന പ്രദേശങ്ങളിലെ എം.എൽ.എ.-മാരെ ജനറൽ ബോഡിയിലും പ്രോജക്റ്റ് ഇംപ്ലിമേന്റേഷൻ കമ്മിറ്റിയിലും ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

പദ്ധതിയുൾപ്പെടുന്ന പ്രദേശങ്ങളിലെ എം.എൽ.എ.-മാരെ ജനറൽ ബോഡിയിലും പ്രോജക്റ്റ് ഇംപ്ലിമേന്റേഷൻ കമ്മിറ്റിയിലും നിലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) കൊച്ചി നഗര സുസ്ഥിര വികസനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 23.11.2021-ന് ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ എന്തെല്ലാമെന്നും യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

തീരുമാനങ്ങൾ:

1. പദ്ധതിയുമായി മുമ്പോട്ടുപോകാൻ യോഗം തീരുമാനിച്ചു. പദ്ധതി ഘട്ടം ഘട്ടമായി നടപ്പാക്കും. ഇതുസംബന്ധിച്ച തുടർനടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിക്കും.
2. കാലാവസ്ഥാ വ്യതിയാനവും കടലിലെ ജലനിരപ്പിലെ വർദ്ധനയുംകൂടി കണക്കിലെടുത്ത് ഭാവിയിൽ വരാനിരിക്കുന്ന അപകട സാഹചര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ടുള്ള ഒരു മോഡലായിരിക്കണം ആവിഷ്കരിക്കേണ്ടത്.
3. ഭേദഗതി വരുത്തിയ ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്ടിന്റെ അടിസ്ഥാനത്തിലുള്ള ഡി.ടി.പി സ്കീമിനുപകരം സ്പെഷ്യൽ ഏരിയ പ്ലാനായിരിക്കുമോ ഉത്തമമെന്ന് പരിശോധിക്കേണ്ടതാണ്.
4. പുനരധിവാസത്തിന്റെ ചെലവുകൾകൂടി വിലയിരുത്തിക്കൊണ്ട് കോംപൻസേഷൻ തുകയായി ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന ഒരു സെന്റിന് 10 ലക്ഷം രൂപയെന്നത് പുനഃപരിശോധിക്കുന്നതാണ്.
5. കിഫ്ബിയടക്കമുള്ള ധനകാര്യസ്ഥാപനങ്ങളിൽനിന്ന് ഭൂമി ഏറ്റെടുക്കലിനായി ഫണ്ട് കണ്ടെത്തുകയും ഏറ്റെടുത്ത ഭൂമി സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട് പദ്ധതി മൂലധനം കണ്ടെത്തുകയും,

100 ശതമാനം സർക്കാർ ഉടമസ്ഥതയിലോ, CIAL മാതൃകയിലോ FDI കൂടി ഉപയോഗിക്കത്തക്കവിധത്തിൽ സ്വകാര്യ പങ്കാളിത്തംകൂടി ഉറപ്പാക്കി SPV രൂപകൽപ്പന നടത്തി പദ്ധതി നടപ്പാക്കാനുള്ള ഫിനാൻഷ്യൽ മോഡലുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചു.

6. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഒരു ജനറൽ ബോഡിയിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി മുതൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വരെ അംഗങ്ങളായി ഉണ്ടാകും. എസ്.പി.വി.-യുടെ സി.ഇ.ഒ.-യും ജനറൽ ബോഡിയിൽ അംഗമാകും. ജനറൽ ബോഡിയും പി.ഐ.യു.-വും കൂടാതെ വിദഗ്ദ്ധരും ത്രിതല പഞ്ചായത്ത് പ്രതിനിധികളും സർക്കാർ ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കും.

7. ഇപ്പോൾ പദ്ധതിയുടെ ഭാഗമാക്കിയിരിക്കുന്ന വട്ടുതല, ചിറ്റൂർ മേഖലകൾ കൂടാതെ ഇടപ്പള്ളി പ്രദേശംകൂടി പദ്ധതിയുടെ ഭാഗമാക്കാനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

8. പദ്ധതിക്കാവശ്യമായ സാങ്കേതിക സഹായവും ഉപദേശവും നൽകുവാൻ കിഫ്ബിയുടെ കൺസൾട്ടൻസി സർവ്വീസസ് യൂണിറ്റിനെ ചുമതലപ്പെടുത്തി.

9. പൊതുജനങ്ങളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് പഞ്ചായത്ത് ഭാരവാഹികളുടെ ഇടപെടലുകൾവഴി ഭൂമിയേറ്റെടുക്കാൻ വേണ്ട നടപടികൾ ത്വരിതപ്പെടുത്തുവാൻ തീരുമാനിച്ചു.

10. പ്രോജക്റ്റ് നടത്തിപ്പിന്റെ ചുമതല ജില്ലാ കളക്ടർക്കുമായിരിക്കും. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മേൽനോട്ടം വഹിക്കും.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 23-11-2021-ന് ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി CEO, 04-01-2022-ന് സമർപ്പിച്ച കുറിപ്പിൽ കൊച്ചിയിലെ സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതി രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുന്നതിന് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് കൊച്ചിയിലെ സുസ്ഥിര നഗരപുനർനിർമ്മാണ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകി 15-08-2022-ലെ G.O.(Ms)No.186/2022/LSGD ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് 05-12-2022-ലെ G.O.(Ms) No.266/2022/LSGD ഉത്തരവുപ്രകാരം KIIFCON Pvt Ltd.-നെ പദ്ധതിയുടെ General Consultant -ആയി നിയമിക്കുകയും Special Purpose Vehicle (SPV) രൂപീകരിക്കുന്നതുവരെ പദ്ധതിയുടെ Chief Executive

Officer-ആയി എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയുമുണ്ടായി. കൂടാതെ 05-11-2022-ന് Project Implementation കമ്മിറ്റിയുടെ ഒരു യോഗം ചേർന്നിട്ടുള്ളതുമാണ്.

(ഇ) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി എസ്.പി.വി. രൂപീകരിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഇല്ല; SPV രൂപീകരണത്തിന് മുന്നോടിയായി DPR സമർപ്പിക്കുന്നതുവരെ പദ്ധതിയുടെ ഏകോപനത്തിനും മോണിറ്ററിംഗിനുമായി ജനറൽബോഡിയും പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

## സ്ട്രക്ചർ പ്ലാൻ ഫോർ സെൻട്രൽ സിറ്റി കൊച്ചി പദ്ധതി

357(5961) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20-03-1991-ലെ ജി.ഒ.(എം.എസ്.) നമ്പർ 103/91 എൽ.എ.ഡി. ഉത്തരവുപ്രകാരം സെൻട്രൽ സിറ്റി ഓഫ് കൊച്ചിക്കായി അനുവാദം നൽകിയ

ജനറൽ ടൗൺ പ്ലാനിംഗ് സ്കീമായ സ്ട്രക്ചർ പ്ലാൻ ഫോർ സെൻട്രൽ സിറ്റി കൊച്ചി പദ്ധതി പ്രകാരം നിലവിൽ എന്തെല്ലാം പ്രവൃത്തികളാണ് പദ്ധതി പ്രദേശങ്ങളിൽ വിഭാവന ചെയ്ത് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും പ്രസ്തുത പ്രവൃത്തികൾ ഏതെല്ലാം പഞ്ചായത്തുകളിലാണ് നടപ്പിലാക്കുവാനുദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

ഭാവിയിലെ നഗരവൽക്കരണം മുന്നിൽക്കണ്ട് പ്ലാൻ പ്രദേശത്തിന്റെ നിർദ്ദിഷ്ട ഭൂവിനിയോഗം, റോഡ് വികസന പദ്ധതികൾ എന്നിവയാണ് കൊച്ചി സ്ട്രക്ച്ചർ പ്ലാനിൽ പ്രധാനമായും വിഭാവന ചെയ്തിട്ടുള്ളത്. കൊച്ചി, തൃപ്പൂണിത്തുറ, കളമശ്ശേരി, ഏലൂർ, മരട്, തൃക്കാക്കര എന്നീ നഗരസഭ പ്രദേശങ്ങളും മുളവുകാട്, ഞാറക്കൽ, എളംകുന്നപ്പുഴ, ചേരാനല്ലൂർ, കടമക്കുടി, എന്നീ പഞ്ചായത്ത് പ്രദേശങ്ങളുമുൾപ്പെടുത്തിയാണ് കൊച്ചി സ്ട്രക്ചർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഈ പ്രദേശങ്ങളിലെ ഭൂമി വിനിയോഗവും ഭൂവികസനവും സ്ട്രക്ചർ പ്ലാൻ വ്യവസ്ഥകൾക്കനുസൃതമായിരിക്കണം.

(ബി) വൈപ്പിൻ മണ്ഡലത്തിലെ വൈപ്പിൻ-പള്ളിപ്പുറം റോഡ് കടന്നുപോകുന്ന ആറ് പഞ്ചായത്തുകളിലുൾപ്പെട്ടിട്ടുള്ള എളങ്കുന്നപ്പുഴ, ഞാറക്കൽ ഗ്രാമപഞ്ചായത്തുകളിലെ റോഡിനിരുവശവും ഈ പദ്ധതി പ്രകാരം വീതി കൂട്ടുവാനുദ്ദേശിക്കുന്നുണ്ടോ; വീതി കൂട്ടുന്നതിനായുള്ള

പ്രൊപ്പോസൽ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സ്ട്രക്ച്ചർ പ്ലാനിൽ വിഭാവന ചെയ്തിട്ടുള്ള 27.00 മീറ്റർ വീതിയുള്ള കൊച്ചി- മുനമ്പം റോഡ് എളങ്കുന്നപ്പുഴ, ഞാറക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നുപോകുന്നുണ്ട്. പ്രസ്തുത പ്രദേശത്തിന്റെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായിട്ടാണ് കൊച്ചി-മുനമ്പം റോഡ് 27 മീറ്റർ വീതിയാക്കുന്നതിനായി വിഭാവന ചെയ്തിരിക്കുന്നത്. മാസ്റ്റർ പ്ലാനിൽ വികസന നിർദ്ദേശങ്ങൾ നിർദ്ദേശിക്കുകയാണ് ചെയ്യുന്നത്.

(സി) എളങ്കുന്നപ്പുഴ, ഞാറക്കൽ ഗ്രാമപഞ്ചായത്തുകളിലെ വൈപ്പിൻ-പള്ളിപ്പുറം റോഡിനിരുവശവുമുള്ള കെട്ടിടങ്ങളുടെ നിർമ്മാണം, പുനർനിർമ്മാണം, വസ്തുവകകളുടെ കൈമാറ്റം തുടങ്ങിയ കാര്യങ്ങളിൽ ഈ പദ്ധതി പ്രകാരം നിയന്ത്രണങ്ങളുണ്ടോ; എങ്കിൽ എന്തെല്ലാം കാര്യങ്ങൾക്കാണ് നിയന്ത്രണമെന്നും നിയന്ത്രണങ്ങളുടെ ഉദ്ദേശ്യലക്ഷ്യം എന്താണെന്നും വിശദമാക്കാമോ?

കൊച്ചി- മുനമ്പം റോഡിന് 27.00 മീറ്റർ വീതിയാക്കുന്നതിനുള്ള വികസന നിർദ്ദേശമുള്ളതിനാൽ പുതിയ നിർമ്മാണങ്ങൾ, പുനർ നിർമ്മാണങ്ങൾ, കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തലുകൾ എന്നിവ

നടത്തുമ്പോൾ റോഡിന്റെ വികസനത്തിനാവശ്യമായ സ്ഥലം റോഡിന്റെ സെൻട്രൽ ലൈനിൽ നിന്നും ഇരുവശത്തേയ്ക്കും തുല്യദൂരത്തിൽ മാറ്റി നിർമ്മിക്കേണ്ടതുണ്ട്. ഈ ഭാഗത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയമാനുസൃതമായ സെറ്റ് ബാക്കുകളും അധികമായി ഉണ്ടായിരിക്കണം. റോഡ് വികസനത്തിനാവശ്യമായ സ്ഥലം മാറ്റിവച്ചതിനുശേഷം സ്ട്രക്ചർ പ്ലാൻ, കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ബാധകമായ മറ്റ് നിയമങ്ങൾ എന്നിവയനുസരിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

ഭാവിയിൽ പ്രസ്തുത റോഡ് 27 മീറ്ററാക്കുന്ന സമയത്ത് ഭൂമി സ്വരൂപിക്കുമ്പോൾ പുതിയ കെട്ടിടങ്ങൾ പൊളിച്ചുകളയുന്നതുമൂലം സർക്കാരിനുണ്ടാകുന്ന ധനനഷ്ടം, പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എന്നിവ ഒഴിവാക്കുന്നതിനും റോഡ് വികസനം സുഗമമാക്കുന്നതിനുമാണ് ഈ നിയന്ത്രണങ്ങൾകൊണ്ടുദ്ദേശിക്കുന്നത്. മാസ്റ്റർ പ്ലാനിൽ വിഭാവന ചെയ്തിട്ടുള്ള നിർദ്ദേശങ്ങൾ നിലവിൽവരുന്നതിനുള്ള സാഹചര്യമൊരുക്കുകയാണ് മാസ്റ്റർ പ്ലാനിലെ നിയന്ത്രണങ്ങൾകൊണ്ട് പൊതുവേ ഉദ്ദേശിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതിയുടെ പ്ലാൻ പ്രകാരം മേൽ പഞ്ചായത്തുകളിൽ യാതൊരു പദ്ധതികളും വിഭാവന ചെയ്തിട്ടില്ലെങ്കിൽ ഈ പദ്ധതി പ്രകാരമുള്ള

നിയന്ത്രണങ്ങളിൽ കാലോചിതമായ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

സ്ട്രക്ച്ചർ പ്ലാൻ ഫോർ സെൻട്രൽ സിറ്റി കൊച്ചി പദ്ധതി പ്രകാരം മേൽ പഞ്ചായത്തുകളിൽ ഭൂവിനിയോഗ നിർദ്ദേശങ്ങൾ, ഭാവിയിലെ റോഡ് വികസനത്തിനായുള്ള നിയന്ത്രണങ്ങൾ, സോണിങ് റെഗുലേഷൻ എന്നിവ നടപ്പിലാക്കിവരുന്നുണ്ട്.

**കില നടത്തുന്ന പരിശീലന പരിപാടികൾ**

358(5962) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ ഏതെല്ലാം പരിശീലനങ്ങളാണ് നടത്തുന്നതെന്നും പ്രസ്തുത പരിശീലനങ്ങൾക്കുള്ള റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുക്കുന്നത് ഏതുവിധത്തിലാണെന്നും വ്യക്തമാക്കുമോ?

പ്രാദേശിക തലത്തിൽ വികസനവും സദ്ഭരണവും സുസ്ഥിര വികസനവും കാര്യശേഷി വികസനവും ഉറപ്പുവരുത്തി ജനങ്ങളുടെ ആശയാഭിലാഷങ്ങൾ സാക്ഷാത്കരിക്കുന്നതിനാവശ്യമായ സേവന പ്രദാന ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുന്നതിന് പര്യാപ്തമായവിധം പ്രാദേശിക സർക്കാരുകളെ ശാക്തീകരിക്കുന്നതിനുള്ള പരിശീലനങ്ങളാണ് നടത്തിവരുന്നത്. പ്രാദേശിക സർക്കാരുകളിലെ ജനപ്രതിനിധികളിലെ നേതൃപാടവവും കാര്യശേഷിയും വളർത്തുന്നതോടൊപ്പം സുസ്ഥിരവികസന ലക്ഷ്യങ്ങളുറപ്പാക്കി കാലിക പ്രസക്തിയുള്ള വിഷയങ്ങളായ ദാരിദ്ര്യ ലഘൂകരണം, മൈക്രോ പ്ലാൻ തയ്യാറാക്കൽ, വൺ ലോക്കൽ ഗവൺമെന്റ് വൺ ഐഡിയ (OLOI), വൺ ഹെൽത്ത്, തൊഴിൽസഭ, ദുരന്തനിവാരണ പദ്ധതി രൂപീകരണം, ബാലസൗഹൃദ പഞ്ചായത്ത്, ലിംഗനീതിയിലൂന്നിയ തദ്ദേശഭരണം, വയോജന സൗഹൃദ തദ്ദേശഭരണം, വൈദഗ്ധ്യ വികസനത്തിനായി വിവിധ ഡിപ്ലോമ-സർട്ടിഫിക്കറ്റ് കോഴ്സുകൾ, നീർത്തടാധിഷ്ഠിത വികസനം, സമഗ്ര മാലിന്യനിർമ്മാർജനം എന്നീ വിഷയങ്ങൾക്ക് ഊന്നൽ നൽകിയുള്ള പരിശീലനങ്ങളും ഇതോടൊപ്പം നടത്തിവരുന്നു.

കില ഒരു പരിശീലനസ്ഥാപനമായതിനാലും വിവിധ പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തുന്നതിനാലും പരിശീലനങ്ങളുടെ നടത്തിപ്പിനായി വിവിധ വിഷയമേഖലകളിൽ പ്രാവീണ്യമുള്ള സർവീസിലുള്ളവരും അല്ലാത്തവരുമായ റിസോഴ്സ് പേഴ്സൺമാരെ ആവശ്യാനുസരണം നിയോഗിച്ച് ഓണറേറിയം നൽകിവരുന്നുണ്ട്. ഇത്തരം റിസോഴ്സ് പേഴ്സൺമാരെ പ്രാദേശികമായും കണ്ടെത്താറുണ്ട്. അതുപോലെതന്നെ കില ഏറ്റെടുക്കുന്ന വിവിധ പ്രോജക്ടുകൾ മറ്റ് അസൈൻമെന്റുകൾ എന്നിവയുടെ നിർവഹണത്തിനായി ആവശ്യാനുസരണം ഹ്രസ്വകാലാടിസ്ഥാനത്തിൽ കൺസൾട്ടൻസി വ്യവസ്ഥയിൽ സേവനം ലഭ്യമാക്കുകയാണ് ചെയ്യുന്നത്. ഇവരുടെ കൺസൾട്ടൻസി ഫീസ്/ഓണറേറിയം മുതലായവ ഏൽപ്പിക്കപ്പെടുന്ന പ്രവർത്തിയുടെ കാലയളവ്, വൈദഗ്ദ്ധ്യം എന്നിവക്കനുസൃതമായി നിശ്ചയിച്ചുവരുന്നു.

(ബി) കില ആസ്ഥാനത്തിന് വെളിയിൽ എവിടെയെല്ലാമാണ് പരിശീലനങ്ങൾ നടത്താറുള്ളതെന്നും ആയതിന് ഏതെല്ലാം വിധത്തിലാണ് ചെലവുണ്ടാകുന്നതെന്നും അറിയിക്കുമോ?

കില ആസ്ഥാനത്തും പുറത്ത് കിലയുടെ 5 പ്രാദേശിക കേന്ദ്രങ്ങളിലും കൂടാതെ കിലയുമായി ധാരണപത്രം ഒപ്പിട്ടിട്ടുള്ള ഡിസ്ട്രിക്ട് ഇംപ്ലിമെന്റിംഗ്

സ്ഥാപനങ്ങളിലും വാടകയ്ക്ക് ലഭ്യമായ കേന്ദ്രങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് പരിശീലനസ്ഥാപനങ്ങൾ എന്നിവിടങ്ങളിലും നിരവധി പരിശീലന പരിപാടികൾ പ്രതിദിനം കില നടത്തിവരുന്നുണ്ട്. എന്നതിനാൽ തന്നെ പരിപാടികൾ സമയബന്ധിതമായും കാര്യക്ഷമമായും കൂടുതൽ പങ്കാളിത്തമുറപ്പാക്കി സംഘടിപ്പിക്കുന്നതിലേയ്ക്കായി ജില്ലാ/ബ്ലോക്ക് തലത്തിലും അതോടൊപ്പം തലസ്ഥാനനഗരിയിലും വിവിധ ജില്ലാ കേന്ദ്രങ്ങളിലെ വിവിധ സെന്ററുകളിലുമായി കിലയ്ക്ക് പരിശീലനം സംഘടിപ്പിക്കേണ്ടിവരുന്നുണ്ട്.

ഹാൾ വാടക, താമസം, ഭക്ഷണം, പരിശീലന സാമഗ്രികൾ, റിസോഴ്സ് പേഴ്സൺമാർക്കുള്ള യാത്രാബത്ത, ഓണറേറിയം, അഡ്മിനിസ്ട്രേഷൻ ചാർജ് എന്നീ ഇനങ്ങളിലാണ് ചെലവുകൾ പ്രധാനമായും വരുന്നത്.

(സി) എന്നുവരെയുള്ള പരിശീലനങ്ങളുടെ ചെലവുകളും റിസോഴ്സ് പേഴ്സൺമാരുടെ ഓണറേറിയവും യാത്രാബത്തയുമാണ് നാളിതുവരെ നൽകിയിട്ടുള്ളത്; കുടിശ്ശിക എന്നത്തേയ്ക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

പരിശീലന കേന്ദ്രങ്ങളിൽനിന്നും ലഭ്യമാക്കിയിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിൽ റിസോഴ്സ് പേഴ്സൺമാരുടെ ഓണറേറിയവും

യാത്രാബത്തയും നൽകിയിട്ടുണ്ട്. കൂടാതെ കണക്കുകൾ തീർപ്പാക്കുന്നതിലേയ്ക്കായി പ്രത്യേക നടപടികൾ കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിലെ വിവിധ കേന്ദ്രങ്ങളിൽനിന്നും രേഖകൾ ലഭ്യമാകുന്നതിനനുസരിച്ച് തുക നൽകിവരുന്നുണ്ട്.

**മയക്കുമരുന്ന് ലോബിയെ അമർച്ച ചെയ്യാൻ എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്താനുള്ള നടപടി**

359(5963) ശ്രീ. തോമസ് കെ തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവതലമുറയെ അടിമകളാക്കുന്ന മയക്കുമരുന്ന് ലോബിയെ അമർച്ച ചെയ്യാനായി എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

മയക്കുമരുന്ന് ലോബിയെ അമർച്ച ചെയ്യാനായി ശക്തമായ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനായി വകുപ്പിലെ പഴക്കംചെന്ന വാഹനങ്ങൾ മാറ്റി പുതിയവ നൽകുന്നതിനായി 33 പുതിയ വാഹനങ്ങൾ ഈ വർഷം അനുവദിച്ചിട്ടുണ്ട്. അതിർത്തി പ്രദേശങ്ങളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU)

ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ട്രൈബൽ മേഖലയിലെ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന് 2023-24 വർഷത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതീയുവാക്കൾക്കായി 100 അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ചെക്ക് പോസ്റ്റുകൾ സുതാര്യമാക്കുന്നതിനായി പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി. സ്ഥാപിച്ചു. ബി.എസ്.എൻ.എല്ലുമായി ചേർന്ന് കേന്ദ്രീകൃത മോണിറ്ററിംഗ് സിസ്റ്റം പ്രാവർത്തികമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിലെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ലാത്തി, ഹാൻഡ്കഫ്, കുട, റെയിൻകോട്ട്, ടോർച്ച്, സിഗ്നൽ ലൈറ്റ് ബാറ്റൺ, ട്രാഫിക് കോൺ, റിഫ്ളക്ടീവ് ജാക്കറ്റ്, ബീച്ച് അംബ്രല്ല, അണ്ടർ വെഹിക്കിൾ മിറർ എന്നീ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നാല് ജില്ലകളിൽ വയർലെസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കും.

പ്രതികളെ ശാസ്ത്രീയമായി ചോദ്യം ചെയ്യുന്നതിനായി 3 സോണുകളിലായി 3 ആധുനിക ചോദ്യംചെയ്യൽ മുറികൾ സജ്ജമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ഐ.റ്റി. സെൽ ശാക്തീകരിക്കുകയും സൈബർ സെൽ

ആധുനികവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗം കണ്ടെത്താനുതകുന്ന 450 ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ വാങ്ങി വിതരണം ചെയ്തു. 1250 ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾകൂടി ഈ വർഷം വിതരണം ചെയ്യുന്നതാണ്.

(ബി) സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള മയക്കുമരുന്ന് സംഘങ്ങളുടെ പ്രവർത്തനങ്ങളെ അമർച്ച ചെയ്യാൻ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

മയക്കുമരുന്ന് സംഘങ്ങളുടെ പ്രവർത്തനങ്ങളെ അമർച്ച ചെയ്യുന്നതിനായി രഹസ്യ നിരീക്ഷണങ്ങളിലൂടെയും പരാതികളുടെ അടിസ്ഥാനത്തിലും അന്വേഷണം നടത്തി കർശന നടപടികൾ സ്വീകരിച്ചുവരുന്നു. റേഞ്ച് ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ, എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, ജില്ലാതല കൺട്രോൾ റൂം, സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിങ് യൂണിറ്റുകൾ, ബോർഡർ പട്രോളിങ് യൂണിറ്റുകൾ, സൈബർ സെല്ലുകൾ, ക്രൈംബ്രാഞ്ച് യൂണിറ്റുകൾ, മേഖല സ്ക്വാഡുകൾ, സംസ്ഥാന സ്ക്വാഡ് എന്നിവ വഴി ആധുനിക സാങ്കേതികവിദ്യകളുപയോഗിച്ച് ശക്തമായ എൻഫോഴ്സ്മെന്റ്

പ്രവർത്തനങ്ങൾ നടത്തിവരുന്നു. മയക്കുമരുന്ന് കേസുകളിൽ പ്രതികളാകുന്നവരുടെ മൊബൈൽ ഫോൺ പരിശോധിച്ചും മറ്റ് മാർഗ്ഗങ്ങളിലൂടെയും ലഹരിയുടെ ഉറവിടം കണ്ടെത്തി അതിലുൾപ്പെട്ടിട്ടുള്ള എല്ലാ പ്രതികളെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും പരമാവധി ശിക്ഷവാങ്ങി കൊടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സ്കൂൾ, കോളേജ് പരിസരങ്ങളിലും മറ്റും ലഹരി ഉപയോഗിക്കുന്നതുകണ്ടെത്തുന്നതിനായി Abon Drug Test Kit ഉപയോഗിച്ചുള്ള പരിശോധന നടത്തി ആവശ്യമായ ബോധവത്ക്കരണം നടത്തിവരുന്നു. "Save the Spring" എന്ന പേരിൽ സ്പെഷ്യൽ ഡ്രൈവ് ദിനങ്ങൾ റെയിഞ്ച് അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.

## സത്യശീലന്റെ സർവീസ് ആനുകൂല്യങ്ങൾ സംബന്ധിച്ച അപേക്ഷ

360(5964) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽനിന്നും 31-08-1994-ൽ വിരമിക്കുകയും 20-09-2003-ൽ മരണപ്പെടുകയും ചെയ്ത സത്യശീലൻ എന്നയാളുടെ സർവീസ് ആനുകൂല്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ട്

ഭാര്യ ഡി. സുഷമ 02-12-2021-ൽ സമർപ്പിച്ച അപേക്ഷയിന്മേൽ എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഈ വിഷയവുമായി ബന്ധപ്പെട്ട് 14-12-2021 -ൽ സർക്കാരിൽ നിന്നും F2/180/2021/Taxes നമ്പർ കത്ത് മുഖേന നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ EXC/5550/2021-XA9 നമ്പർ ഫയൽ പ്രകാരം നടപടി സ്വീകരിച്ചിട്ടുള്ളതാണ്. ടി വിഷയത്തിൽ എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ മുഖാന്തരം അന്വേഷണം നടത്തി എക്സൈസ് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ സത്യശീലൻ എറണാകുളം ജില്ലയിലെ മാമല എക്സൈസ് റെയ്ഞ്ച് ഓഫീസിൽ എക്സൈസ് ഇൻസ്പെക്ടറായി 1993-94 വർഷത്തിൽ ജോലി ചെയ്തിരുന്നതും ടി കാലയളവിൽ മാമല റെയ്ഞ്ചിലെ മൂന്നാം ഗ്രൂപ്പ് ചാരായ ഷാപ്പ് കൈമാറ്റം ചെയ്തതിൽ റവന്യൂ നഷ്ടമുണ്ടായതുമായി ബന്ധപ്പെട്ട് ടിയാനെതിരെ റവന്യൂ റിക്കവറി ആരംഭിച്ചിരുന്നതാണെന്നും 31-08-1994-ൽ എക്സൈസ് ഇൻസ്പെക്ടറായി സേവനത്തിൽനിന്നും വിരമിച്ച ടിയാന് റവന്യൂ റിക്കവറി നിലവിലുണ്ടായിരുന്നത് കാരണം NLC അനുവദിച്ചിരുന്നില്ലെന്നും ആയതിനാൽ ടിയാന്റെ DCRG തടഞ്ഞുവച്ചിരുന്നതും തുടർന്ന് 25-08-2012-ലെ GO(Rt)No.451/2012/TD സർക്കാർ ഉത്തരവുപ്രകാരം

ടിയാനെതിരെയുള്ള റിക്കവറി നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതുമാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ NLC എറണാകുളം എക്സൈസ് ഡിവിഷൻ ഓഫീസിൽ നിന്നും 13-08-2012 -ൽ ആറ്റിങ്ങൽ സബ്ട്രഷറി ഓഫീസർക്ക് അയച്ചുകൊടുത്തിട്ടുള്ളതാണെന്നും എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ 02-04-2022-ന് ശ്രീമതി ഡി. സുഷമയെ അറിയിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ സർവീസ് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

എക്സൈസ് ഇൻസ്പെക്ടറായി വിരമിച്ച സത്യശീലന്റെ സർവീസ് ആനുകൂല്യങ്ങളിൽ DCRG തുക അനുവദിച്ചിട്ടുള്ളതല്ല. അക്കൗണ്ടന്റ് ജനറൽ ഓഫീസിൽനിന്നും പുതുക്കിയ ഗ്രാറ്റുവിറ്റി ഉത്തരവ് ലഭ്യമാകുന്നമുറയ്ക്ക് പുതിയ ബാദ്ധ്യതരഹിത സർട്ടിഫിക്കറ്റ് നൽകി ആയതിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുള്ള വിവരം എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത വിഷയത്തിന്മേൽ ആറ്റിങ്ങൽ സബ് ട്രഷറി ഓഫീസർ മാമല റേഞ്ച് എക്സൈസ് ഇൻസ്പെക്ടർക്ക് അയച്ച 27-05-2022-ലെ പെൻ 10/22-23 നമ്പർ കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

പരേതനായ സത്യശീലന്റെ തടഞ്ഞുവെച്ച DCRG തുക ടിയാന്റെ അവകാശിയായ ശ്രീമതി സുഷമയ്ക്ക് ലഭിക്കുന്നതിന് വേണ്ടി Accountant General ഓഫീസിൽ നിന്നും പുതിയ Gratuity Payment Order, പുതിയ NLC എന്നിവ ടി തുക വാങ്ങുന്നതിന് അവകാശിയിൽ നിന്നും കാലതാമസമുണ്ടായതിന്റെ വിശദീകരണം സഹിതം മേൽ സബ് ട്രഷറിയിൽ സമർപ്പിക്കുവാൻ ആറ്റിങ്ങൽ സബ് ട്രഷറി ഓഫീസർ നിർദ്ദേശിച്ചിട്ടുള്ളതാണ്. അക്കൗണ്ടന്റ് ജനറൽ ഓഫീസിൽനിന്നും പുതുക്കിയ ഗ്രാറ്റുവിറ്റി ഉത്തരവ് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്നമുറയ്ക്ക് പുതിയ ബാദ്ധ്യത രഹിത സർട്ടിഫിക്കറ്റ് നൽകി ആയതിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ലഹരി വില്പന തടയാൻ നടപടി

361(5965) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>:
<u>ശ്രീ. കെ. ബി ഗണേഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ പരിസരം കേന്ദ്രീകരിച്ചുള്ള ലഹരി വില്പന തടയാൻ എൻഫോഴ്സ്മെന്റ് സ്ക്വാഡ് ശക്തിപ്പെടുത്തുവാനായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; അറിയിക്കുമോ?

സംസ്ഥാനത്തെ സ്കൂൾ പരിസരം കേന്ദ്രീകരിച്ചുള്ള ലഹരി വില്പന തടയുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. സ്കൂൾ, കോളേജ് പരിസരം കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണം നടത്തിയും വിദ്യാലയങ്ങളുടെ പരിസരത്തുള്ള കടകളിലും വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലിലും കുട്ടികൾ കൂട്ടംകൂടിയിരിക്കാൻ സാധ്യതയുള്ള മൈതാനങ്ങൾ, പഴയ കെട്ടിടങ്ങൾ, പാർക്കുകൾ എന്നിവിടങ്ങളിലും പോലീസ്, ആരോഗ്യം, ഭക്ഷ്യസുരക്ഷ എന്നീ വകുപ്പുകളുമായി ചേർന്നും ജനകീയ പങ്കാളിത്തത്തോടും പി.ടി.എ.യുടെ സഹകരണത്തോടും കൂടി പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്കൂൾ, കോളേജ് പരിസരത്തെ സ്ഥാപനങ്ങളിലെ സി.സി.ടി.വി. ഫൂട്ടേജുകൾ പരിശോധിച്ച് സംശയം തോന്നുന്ന തരത്തിലുള്ള വ്യക്തികൾ ടി സ്ഥാപനങ്ങളിൽ വന്നുപോകുന്നുവെങ്കിൽ എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയുന്നതിനായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും

സഹകരണത്തോടുകൂടി രഹസ്യവിവരങ്ങൾ ശേഖരിച്ച് ലഹരി വസ്തുക്കൾ സൂക്ഷിക്കുകയും ഉപയോഗിക്കുകയും വില്പന നടത്തുകയും ചെയ്യുന്നവർക്കെതിരെ അബ്കാരി, എൻ.ഡി.പി.എസ്., കോട്പ ആക്ടുകൾ പ്രകാരം നിയമനടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ വിദ്യാലയങ്ങൾ പൂർണ്ണമായും ലഹരിമുക്തമാക്കുന്നതിനായി നടത്തിവരുന്ന വിമുക്തി/എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും വിദ്യാലയ പരിസരങ്ങളിലും വിദ്യാർത്ഥികൾ സ്കൂളുകളിലേയ്ക്ക് പോകുന്ന വഴികളിലും ബസ് സ്റ്റോപ്പുകളിലും മയക്കുമരുന്ന് വിപണനം ചെയ്യുന്നതിന് സാധ്യതയുള്ള മറ്റ് സ്ഥലങ്ങളിലും നിരീക്ഷണം നടത്തിവരുന്നു. എക്സൈസ് ഇന്റലിജൻസ് ഇത്തരം പരിശോധനകൾ നടത്തേണ്ടതായ സ്കൂളുകളുടെ വിവരം ശേഖരിച്ച് ഫീൽഡ് യൂണിറ്റുകൾക്ക് പ്രത്യേകം നിർദ്ദേശം നൽകുന്നുണ്ട്. വിദ്യാർത്ഥികളിൽ ലഹരി മരുന്നിന്റെ ഉപയോഗമില്ലാതാക്കുന്നതിന് സ്കൂൾ കോളേജ് പരിസരങ്ങളിലും മറ്റും ലഹരി ഉപയോഗിക്കുന്നത് കണ്ടെത്തുന്നതിനായി Abon Kit ഉപയോഗിച്ചുള്ള പരിശോധന നടത്തിവരുന്നു. ലഹരി കേസുകളിൽ പിടികൂടുന്ന യുവാക്കളുടെ ഫോൺ നമ്പരുകൾ കേന്ദ്രീകരിച്ച് എക്സൈസ് സൈബർ സെല്ലിന്റെ സഹായത്തോടെ അവരെ നിരന്തരം നിരീക്ഷിച്ചുവരുന്നു. സ്കൂളുകളിൽ

പരാതിപ്പെട്ടികൾ സ്ഥാപിച്ച് പരാതികൾ സ്വീകരിച്ച് ആയതിൽ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 'ഡ്രഗ് ഫ്രീ ക്യാമ്പസ്' എന്ന പ്രവർത്തനത്തിന്റെ പുരോഗതി വിശദമാക്കാമോ?

സ്കൂൾകോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് ലഹരി വില്പനയും ഉപയോഗവും തടയുന്നതിന് എക്സൈസ് വകുപ്പ് വിവിധ കർമ്മ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാനത്തെ വിദ്യാലയങ്ങൾ പൂർണ്ണമായും ലഹരി മുക്തമാക്കുന്നതിനായി നടത്തിവരുന്ന വിമുക്തി/എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും വിദ്യാലയ പരിസരങ്ങളിലും മറ്റ് സ്ഥലങ്ങളിലും നിരീക്ഷണം നടത്തിവരുന്നു. എക്സൈസ് ഇന്റലിജൻസ് ഇത്തരം പരിശോധനകൾ നടത്തേണ്ടതായ സ്കൂളുകളുടെ വിവരം ശേഖരിച്ച് ഫീൽഡ് യൂണിറ്റുകൾക്ക് പ്രത്യേകം നിർദ്ദേശം നൽകുന്നുണ്ട്.

സ്കൂൾ PTA, സ്കൂൾ പരിസരത്ത് കച്ചവടസ്ഥാപനങ്ങൾ നടത്തുന്നവർ, എക്സൈസ് ഉദ്യോഗസ്ഥർ എന്നിവരെയുൾപ്പെടുത്തി ജനജാഗ്രതാ കമ്മിറ്റികൾ രൂപീകരിച്ച് എല്ലാ സ്കൂളുകളിലും പ്രവർത്തിച്ചുവരുന്നു. വിദ്യാലയ പരിസരങ്ങളിൽ ലഹരി ഉപയോഗം നടക്കുന്ന ഹോട്സ്പോട്ടുകൾ

കണ്ടെത്തുന്നതിനായി പി.ടി.എ.-യുടെ സഹായത്തോടെ ആകസ്മിക പരിശോധനകൾ നടത്തുകയും കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കോളേജ് തലത്തിലെ ലഹരി ഉപയോഗം തടയുന്നതിന് കോളേജ് ക്യാമ്പസുകളിൽ ' നേർക്കൂട്ടം' , ഹോസ്റ്റലുകളിൽ ' ശ്രദ്ധ' എന്ന പേരുകളിൽ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്ത് 500 സ്കൂളുകളിൽ ' ടീം വിമുക്തി' എന്ന പേരിൽ വിവിധ കായികയിനങ്ങളിൽ ടീമുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിന്റെ ഭാഗമായി സ്കൂൾ വിദ്യാഭ്യാസകാലഘട്ടത്തിൽ തന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നതിന് "ഉണർവ്" എന്ന പേരിൽ ഒരു പദ്ധതിയും നടപ്പിലാക്കിവരികയാണ്. പഠനം കഴിഞ്ഞുള്ള സമയം വിദ്യാർത്ഥികളുടെ ശ്രദ്ധ മറ്റ് അനഭിലക്ഷണീയ പ്രവണതകളിലേയ്ക്ക് പോകാതിരിക്കുകയെന്നതാണ് ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്.

**കുറ്റവാളികളെ നിയമത്തിനുകീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടി**

362(5966) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കമരുന്ന് ഉപയോഗവും വില്പനയുമായി ബന്ധപ്പെട്ട കുറ്റവാളികളെ നിയമത്തിനുകീഴിൽ കൊണ്ടുവരുന്നതിന് ശക്തമായ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

മയക്കമരുന്ന് ഉപയോഗവും വില്പനയുമായി ബന്ധപ്പെട്ട കുറ്റവാളികളെ നിയമത്തിനുകീഴിൽ കൊണ്ടുവരുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്താകെ 2754 പ്രതികളുടെ ഡാറ്റാബാങ്ക് തയ്യാറാക്കി അവരുടെ പ്രവർത്തനം നിരീക്ഷിച്ചുവരുന്നു. മയക്കമരുന്ന് വിപണനത്തിൽ ആവർത്തിച്ച് ഏർപ്പെടുന്നവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും കുറ്റക്കാരെന്ന് കണ്ടെത്തിയാൽ കർശനമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മയക്കമരുന്ന് കേസ്സുകളിൽ ഉൾപ്പെടുന്ന വ്യക്തികൾ വീണ്ടും കുറ്റകൃത്യങ്ങളിലേർപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ PIT NDPS Act 1988 പ്രകാരം സംസ്ഥാനത്തൊട്ടാകെ 63 പേരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. എൻ.ഡി.പി.എസ്. കേസുകളിൽ 10 വർഷത്തിൽ കൂടുതൽ ശിക്ഷിക്കപ്പെടുന്ന

സ്ഥിരം കുറ്റവാളികളുടെ സ്വത്തുക്കൾ കണ്ടുകെട്ടുവാൻ എൻ.ഡി.പി.എസ്. നിയമം അനുശാസിക്കുന്ന തരത്തിൽ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. എൻ.ഡി.പി.എസ്. നിയമത്തിലെ സെക്ഷൻ 34 പ്രകാരം മയക്കുമരുന്ന് കേസിലെ പ്രതികൾ പുറത്തിറങ്ങിയാൽ ഇനി കുറ്റകൃത്യങ്ങൾ ചെയ്യില്ലെന്നുള്ള ബോണ്ട് വയ്ക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. ആയത് പ്രകാരം നാളിതുവരെ 29 പേരിൽ നിന്നും ബോണ്ട് വാങ്ങിയിട്ടുള്ളതാണ്. ഇത്തരം ബോണ്ടുകൾ വാങ്ങുന്നത് ശിക്ഷ വിധിക്കുന്ന കോടതികളാണ്. മുൻ കേസിൽ പ്രതിയായിട്ടുള്ള ഒരാൾക്കെതിരെ മറ്റൊരു കേസിൽ കുറ്റപത്രം സമർപ്പിക്കുന്ന സമയത്ത് എൻ.ഡി.പി.എസ്. ആക്ട് സെക്ഷൻ 31 കൂടി ഉൾപ്പെടുത്തി അധിക ശിക്ഷ ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നുണ്ട്. ആയതുപ്രകാരം നാളിതുവരെ 34 കേസുകളിലെ പ്രതികൾക്കെതിരെ സെക്ഷൻ 31 പ്രകാരം അധിക ശിക്ഷ ലഭിക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ട്. ലഹരി വ്യാപനം തടയുന്നതിനായി സംസ്ഥാനത്താകെ സൈക്കിംഗ് ഫോഴ്സ് യൂണിറ്റുകളും ഹൈവെ പട്രോൾ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. എൻ.ഡി.പി.എസ്. കേസുകൾ കണ്ടെത്തുന്നതിനായി സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുന്നുണ്ട്.

സംസ്ഥാനത്ത് മയക്കുമരുന്നുപയോഗവും വ്യാപനവും നിയന്ത്രിക്കുന്നതിനായി പ്രത്യേക കർമ്മപരിപാടികൾ തയ്യാറാക്കി ലഹരിക്കെതിരെ 'No to Drugs' എന്ന പേരിൽ രണ്ടുഘട്ടങ്ങളിലായി എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ മറ്റ് വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും യുവജന സംഘടനകളുടെയും സാമൂഹിക-സാമുദായിക സംഘടനകളുടെയും വ്യാപാരി വ്യവസായി സംഘടനകളുടെയും സഹകരണത്തോടെ സംസ്ഥാനത്തൊട്ടാകെ ലഹരിവിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി. ഈ പരിപാടിയുടെ ആദ്യഘട്ടം 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെയും രണ്ടാം ഘട്ടം 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെയും നടത്തുകയുണ്ടായി.

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ വിമുക്തി കേന്ദ്രം

363(5967) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര ജനറലാശുപത്രിയിൽ പ്രവർത്തിക്കുന്ന വിമുക്തി കേന്ദ്രത്തിൽ 2021-22, 2022-23 വർഷങ്ങളിൽ നടത്തിയ വികസന പ്രവൃത്തികൾ ഏതൊക്കെയെന്നും വിനിയോഗിച്ച തുക എത്രയെന്നും വിശദമാക്കുമോ?

നെയ്യാറ്റിൻകര ജനറലാശുപത്രിയിൽ പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ സെന്ററിൽ 2021-22 സാമ്പത്തികവർഷത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായി വാർഡ് സജ്ജീകരിച്ചിട്ടുള്ളതാണ്. ടി സജ്ജീകരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കട്ടിലുകൾ, റാക്കുകൾ, മറ്റടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങിയ വകയിൽ 2021-22 സാമ്പത്തികവർഷത്തിൽ നൽകേണ്ട 4,10,430/- രൂപ 2022-23 സാമ്പത്തികവർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്.

## എക്സൈസ് വകുപ്പ് പിടിച്ചെടുത്ത ലഹരി വസ്തുക്കൾ

364(5968) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 ജൂൺ മുതൽ 2022 വരെ എക്സൈസ് വകുപ്പ് പിടിച്ചെടുത്ത കഞ്ചാവ്, എം.ഡി.എം.എ., മറ്റ് മയക്കുമരുന്നുകൾ എന്നിവയുടെ അളവ് സഹിതമുള്ള വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ?

വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ലഹരി ഉപയോഗം തടയുന്നതിനുള്ള നടപടികൾ

365(5969) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 സെപ്തംബർ 1 മുതൽ ഒക്ടോബർ 31 വരെ ലഹരി ഉപയോഗം, ലഹരിക്കടത്ത് എന്നിവയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഇനം/ജില്ല തിരിച്ച് വ്യക്തമാക്കാമോ?

| ജില്ല | ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട കേസ്സുകൾ | ലഹരിക്കടത്തുമായി ബന്ധപ്പെട്ട കേസ്സുകൾ |
|---|---|---|
| തിരുവനന്തപുരം | 3 | 134 |
| കൊല്ലം | 5 | 126 |
| പത്തനംതിട്ട | 3 | 96 |
| ആലപ്പുഴ | 11 | 124 |
| കോട്ടയം | 0 | 123 |
| ഇടുക്കി | 0 | 60 |
| എറണാകുളം | 53 | 107 |
| തൃശ്ശൂർ | 151 | 10 |
| പാലക്കാട് | 3 | 79 |
| മലപ്പുറം | 8 | 74 |
| കോഴിക്കോട് | 2 | 83 |
| വയനാട് | 1 | 89 |

| | | |
|---|---|---|
| കണ്ണൂർ | 28 | 82 |
| കാസർഗോഡ് | 0 | 29 |

(ബി) യുവാക്കൾക്കിടയിലെ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം തടയുന്നതിനായി കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

യുവാക്കൾക്കിടയിലെ ലഹരി ഉപയോഗത്തിന്റെ കാരണങ്ങളും അതിനുള്ള പ്രതിവിധികളും കണ്ടെത്തുന്നതിനായി എക്സൈസ് വകുപ്പ് ഒരു സർവ്വെ നടത്തിയിട്ടുള്ളതാണ്. എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത മയക്കമരുന്ന് കേസുകളിലുൾപ്പെട്ട 21 വയസ്സിൽ താഴെ പ്രായമുള്ളവരിലും വിമുക്തിയുടെ ജില്ലാതല ഡി-അഡിക്ഷൻ ചികിത്സ കേന്ദ്രങ്ങളിലും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് മേഖല കൗൺസിലിംഗ് കേന്ദ്രങ്ങളിലും ചികിത്സാർത്ഥം എത്തപ്പെട്ട കൗമാരക്കാരിലുമാണ് സർവ്വെ നടത്തിയത്.

(സി) വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഇനി ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ലഹരി ഉപയോഗം വർദ്ധിക്കുന്നത് തടയുന്നതിനായി എക്സൈസിന്റെ വിവിധ എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. പോലീസ്, ആർ.പി.എഫ്, NCB, ഫുഡ് ആൻഡ് സേഫ്റ്റി, ഡ്രഗ്സ് കൺട്രോൾ, ആരോഗ്യം, വനം, റവന്യൂ, മറ്റ് കേന്ദ്ര ഏജൻസികൾ എന്നിവരുമായി ചേർന്ന് നടത്തിവരുന്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

ലഹരി വസ്തുക്കളുമായി പിടിയിലാകുന്നവരുടെ മൊബൈൽ ഫോണുകൾ പരിശോധിച്ചും കാൾ ഡീറ്റയിൽസ് ശേഖരിച്ചും ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചും ലഹരി വസ്തുക്കളുടെ ഉറവിടം കണ്ടെത്തുന്നതിനും മുൻ കേസ് വിവരങ്ങൾ ശേഖരിക്കുന്നതിനും സൈബർ യൂണിറ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതാണ്. മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റവാളികളുടെ പട്ടിക തയ്യാറാക്കി അവരെ പ്രത്യേകം നിരീക്ഷിച്ചുവരുന്നു. മയക്കുമരുന്ന് കേസുകളിലുൾപ്പെടുന്ന ആളുകൾ വീണ്ടും കുറ്റകൃത്യങ്ങളിലേർപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ PIT NDPS Act 1985 പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്താകെ പ്രതികളുടെ ഹിസ്റ്ററി ഷീറ്റുകൾ തയ്യാറാക്കി അവരുടെ പ്രവർത്തനം നിരീക്ഷിച്ചുവരുന്നു. എൻ.ഡി.പി.എസ്. കേസുകളിൽ 10

വർഷത്തിൽ കൂടുതൽ ശിക്ഷിക്കപ്പെടുന്ന സ്ഥിരം കുറ്റവാളികളുടെ സ്വത്തുക്കൾ കണ്ടുകെട്ടുവാൻ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. മയക്കുമരുന്ന് കേസിൽ ശിക്ഷ ലഭിച്ചിട്ടുള്ള ഒരാൾക്കെതിരെ സമാനസ്വഭാവത്തിലുള്ള മറ്റൊരു കുറ്റപത്രം സമർപ്പിക്കുന്ന സമയത്ത് എൻ.ഡി.പി.എസ്. ആക്ട് സെക്ഷൻ 31 കൂടി ഉൾപ്പെടുത്തി അധിക ശിക്ഷ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) മാധ്യമങ്ങൾ ഉൾപ്പെടെയുള്ളവയുടെ സഹായത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

മാധ്യമങ്ങൾ ഉൾപ്പെടെയുള്ളവയുടെ സഹായത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ ലഹരിക്കെതിരെ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള സന്ദേശങ്ങളും വാർത്തകളും തയ്യാറാക്കി പ്രചരിപ്പിച്ചുവരുന്നു. ലഹരിയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച പോസ്റ്ററുകളും വീഡിയോകളും തയ്യാറാക്കി നവമാധ്യമങ്ങളായ ഫെയ്സ്ബുക്ക്, വാട്സാപ്പ്, യൂട്യൂബ്, ട്വിറ്റർ, ഇൻസ്റ്റഗ്രാം എന്നിവയിലൂടെ

പ്രചരിപ്പിക്കുന്നതോടൊപ്പം ലഹരി വിരുദ്ധ ബോധവൽക്കരണവുമായി ബന്ധപ്പെട്ട വീഡിയോകളും തയ്യാറാക്കി പ്രചരിപ്പിച്ചിട്ടുണ്ട്.

( 5598, 5651, 5669, 5726, 5791, 5793, 5803, 5807 എന്നി നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ നിയമസഭാ വെബ്സൈറ്റിൽ ലഭ്യമല്ല)

**അനുബന്ധം III**

## II ശ്രദ്ധക്ഷണിക്കൽ

1. ചെമ്മീൻ പീലിംഗ് തൊഴിലാളികൾക്ക് മിനിമം വേതനവും ആരോഗ്യകരമായ തൊഴിൽ സൗകര്യം ഇല്ലാത്തതുമായ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. എച്ച്. സലാം എം. എൽ. എ. യുടെ ശ്രദ്ധക്ഷണിക്കലിന് ബഹു.പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടി

സംസ്ഥാനത്ത് പീലിംഗ് മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ 02-08-2018-ൽ സ.ഉ.(അച്ചടി)നം.62/2018/തൊഴിൽ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനപ്രകാരമുള്ള മിനിമം വേതനം ഈ മേഖലയിലെ എല്ലാ തൊഴിലാളികൾക്കും ഉറപ്പുവരുത്തുന്നതിനുവേണ്ട നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നു. പ്രസ്തുത മേഖലയിൽ മിനിമം വേതനം ലഭിക്കാത്തതായ പരാതികളൊന്നും ലഭിച്ചിട്ടില്ല. പീലിംഗ് മേഖലയിലുള്ള സ്ഥാപനങ്ങൾ സുരക്ഷാ-ശുചിത്വ മാനദണ്ഡങ്ങൾ

പാലിക്കുന്നുണ്ടെന്ന് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. ടി മേഖലയിൽ നിരവധി അതിഥിത്തൊഴിലാളികൾ ജോലി ചെയ്യുന്നതിനാൽ അതിഥിത്തൊഴിലാളികൾക്കായി സർക്കാർ നടത്തുന്ന ആരോഗ്യബോധവൽക്കരണ പരിപാടികളിൽ ടി മേഖലയിലുള്ള തൊഴിലാളികളുടെ പ്രാതിനിധ്യം ഉറപ്പുവരുത്താറുണ്ട്. ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഇത്തരം ആരോഗ്യ പരിശോധനകൾക്കും ബോധവൽക്കരണ പരിപാടികൾക്കും മെഡിക്കൽ ക്യാമ്പുകൾക്കും തൊഴിൽ വകുപ്പ് നേതൃത്വം നൽകിവരുന്നു. കാർത്തികപ്പള്ളി, അമ്പലപ്പുഴ മേഖലകളിലെ ചെമ്മീൻ പീലിംഗ് തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ആലപ്പുഴ ജില്ലാ മത്സ്യ സംസ്കരണ വിപണന തൊഴിലാളി യൂണിയൻ (CITU), കേരള മത്സ്യ സംസ്കരണ തൊഴിലാളി യൂണിയൻ (KMSTU) എന്നീ യൂണിയനുകൾ ആലപ്പുഴ ജില്ലാ ലേബർ ഓഫീസിൽ പരാതി നൽകുകയും തുടർന്ന് 08-11-2022, 12-01-2023, 28-01-2023, 09-02-2023 എന്നീ തീയതികളിൽ ആലപ്പുഴ ജില്ലാ ലേബർ ഓഫീസർ തൊഴിലുടമകളുടെയും യൂണിയൻ പ്രതിനിധികളുടെയും ചർച്ച വിളിച്ചുചേർക്കുകയും ചെയ്തു. ചർച്ചകളിൽ വിഷയം ഒത്തുതീർപ്പാകാതിരുന്നതിനെത്തുടർന്ന് യൂണിയനുകളും തൊഴിലുടമകളും

തമ്മിൽ ഉഭയകക്ഷി ചർച്ച നടത്തുകയും തർക്കം ഒത്തുതീർപ്പാക്കിയെങ്കിലും പീലിംഗ് തൊഴിലാളികൾക്ക് ചെമ്മീൻ അളന്ന് നൽകുന്നതുമായി ബന്ധപ്പെട്ട് തർക്കം ഉടലെടുക്കുകയും കേരള മത്സ്യ സംസ്കരണ തൊഴിലാളി യൂണിയൻ (KMSTU) സമരം പ്രഖ്യാപിക്കുകയും ചെയ്തു. 22-02-2023, 25-02-2023 തീയതികളിൽ ആലപ്പുഴ എ.ഡി.എം.-ന്റെ അദ്ധ്യക്ഷതയിൽ കളക്ടറേറ്റിൽ വച്ച് ചർച്ച നടത്തിയെങ്കിലും സമരം ഒത്തുതീർപ്പായില്ല. തുടർന്ന് ജില്ലാ കളക്ടർ എല്ലാ സംഘടനകളെയും പ്രതിനിധികളെയും തൊഴിലുടമകളെയും ജില്ലാ ലേബർ ഓഫീസർമാരെയും പോലീസിനെയും ഉൾപ്പെടുത്തി 07-03-2023-ൽ ചർച്ച നടത്തി. തൊഴിൽ, റവന്യൂ, പോലീസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുടെ നേതൃത്വത്തിൽ മൂന്നംഗ സമിതിയെ നിയോഗിച്ച് എല്ലാ പീലിംഗ് ഷെഡ്ഡുകളിലെയും തൊഴിലാളികളെ നേരിൽ കണ്ട് വിവരങ്ങൾ ശേഖരിച്ച് വിശദമായ റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിക്കാനും ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വീണ്ടും യോഗം ചേർന്ന് വിഷയത്തിൽ തീരുമാനമെടുക്കുമെന്നും അറിയിച്ചു. സമരത്തെത്തുടർന്ന് നിലവിൽ പ്രവർത്തനമില്ലാതെ പൂട്ടിക്കിടക്കുന്ന പീലിംഗ് ഷെഡ്ഡുകൾ സമരം പിൻവലിച്ച് തുറന്ന് പ്രവർത്തിക്കണമെന്നും കളക്ടർ നിർദ്ദേശിച്ചിരുന്നു. മേൽ

നിർദ്ദേശം യോഗത്തിൽ പങ്കെടുത്ത എല്ലാവരും ഐകകണ്ഠ്യേന അംഗീകരിച്ച് യൂണിയൻ സമരം പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ആലപ്പുഴ പീലിംഗ് ഷെഡ്ഡുകൾ തടസ്സമില്ലാതെ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ മിനിമം വേതനം സംബന്ധിച്ച തർക്കങ്ങളൊന്നും നിലനിൽക്കുന്നില്ല.

2. <u>അർബുദ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ട ആവശ്യകത സംബന്ധിച്ച് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എം.എൽ.എ. യുടെ ശ്രദ്ധക്ഷണിക്കലിന് ബഹു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടി.</u>

കേരളത്തിൽ ക്യാൻസർ ബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്നതായിട്ടാണ് കാണുന്നത്. കേരളത്തിൽ പുരുഷന്മാരിൽ ശ്വാസകോശം, വൻകുടൽ, മലാശയം, പ്രോസ്റ്റേറ്റ് എന്നീ ക്യാൻസറുകളും സ്ത്രീകളിൽ സ്തനാർബുദം, ഗർഭാശയമുഖം, അണ്ഡാശയം, വൻകുടൽ, മലാശയം എന്നീ ക്യാൻസറുകളും വർദ്ധിച്ചുവരുന്നതായി കാണപ്പെടുന്നു. കേരളത്തിലെ ജനങ്ങൾക്ക് സമഗ്രമായ ക്യാൻസർ പ്രതിരോധ നിയന്ത്രണ പരിപാടികൾ വിഭാവന ചെയ്യുന്ന ഒരു പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാന ക്യാൻസർ കൺട്രോൾ സ്ട്രാറ്റജി എന്ന പ്രസ്തുത പദ്ധതിയിലൂടെ ക്യാൻസർ പ്രതിരോധം, മുൻകൂർ രോഗനിർണ്ണയം, ചികിത്സ, സാന്ത്വന ചികിത്സ എന്നീ ഘടകങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് 2018 മുതൽ 2030

വരെയുള്ള കാലഘട്ടത്തിൽ കേരളത്തിൽ നടപ്പാക്കേണ്ട കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കേരളത്തിലെ ക്യാൻസറിന്റെ വ്യാപ്തി കുറയ്ക്കാനും ക്യാൻസർ രോഗികൾക്ക് സമയോചിതമായ ചികിത്സയിലൂടെ ജീവിത നിലവാരമുയർത്താനും ഇതുവഴി ലക്ഷ്യമിടുന്നു. ഈ പദ്ധതിയിൽപ്പറയുന്ന പ്രധാന ദൗത്യങ്ങൾ ഇനി പറയുന്നവയാണ്.

ക്യാൻസർ നിയന്ത്രണ ചികിത്സാ മേഖലകളിൽ നേതൃപാടവം, ഏകോപനം ഉത്തരവാദിത്തം എന്നിവ കൊണ്ടുവരിക;

ജനകീയ പങ്കാളിത്തത്തോടെ പ്രതിരോധത്തിലും നയരൂപീകരണത്തിലും സഹകരണമുറപ്പാക്കുക;

ആരോഗ്യ പരിപാലന-വിഭാവന ശക്തീകരിക്കുക, ഗവേഷണത്തിന് ഊന്നൽ നൽകുക, കേരള ക്യാൻസർ രജിസ്ട്രി നടപ്പാക്കുക, ക്യാൻസർ പ്രതിരോധ നിയന്ത്രണ മേഖലകളിൽ എൻ.ജി.ഒ, സ്വകാര്യ മേഖലകളുടെ സഹകരണം കൊണ്ടുവരിക എന്നിവ ഇതിലെ പ്രധാന ദൗത്യങ്ങളാണ്.

കേരളാ ക്യാൻസർ ഗ്രിഡ് പ്രകാരം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ പ്രാരംഭ അർബുദ നിർണ്ണയത്തിനുള്ള സൗകര്യങ്ങളും താലൂക്ക് ആശുപത്രികളിൽ ബയോപ്സി, FNAC തുടങ്ങിയ പരിശോധനയ്ക്കുള്ള സൗകര്യവും ജില്ലാ ആശുപത്രികളിൽ മാമോഗ്രാഫ് എൻഡോസ്കോപി,

ക്യാൻസർ സെന്ററുകളുടെ നിർദ്ദേശപ്രകാരമുള്ള കീമോതെറാപ്പികൾക്കുള്ള സൗകര്യവും ഒരുക്കുന്നതാണ്. ഇതിനാവശ്യമായ പരിശീലനങ്ങൾ MCC, RCC, CCRC എന്നീ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നടത്തുന്നതാണ്. നിലവിലുള്ള എല്ലാ മെഡിക്കൽ കോളേജുകളിലും ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ സ്ഥാപിക്കുകയോ നിലവിലുള്ളവ ശക്തിപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള നടപടികൾ കേരളാ ക്യാൻസർ കൺട്രോൾ സ്ട്രാറ്റജിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ക്യാൻസർ ചികിത്സാ സൗകര്യമുള്ള പ്രൈവറ്റ് ആശുപത്രികളും ഗ്രിഡിന്റെ ഭാഗമാക്കാനുമുദ്ദേശിക്കുന്നുണ്ട്. നിലവിൽ പ്രാരംഭ അർബുദ നിർണ്ണയത്തിനാവശ്യമായ സൗകര്യങ്ങളും പരിശീലനങ്ങളും നടന്നുവരുന്നു. ചില കേന്ദ്രങ്ങളിൽ ഈ സൗകര്യങ്ങൾ നിലവിൽ വന്നുകഴിഞ്ഞു. പ്രാഥമിക കേന്ദ്രങ്ങളിൽനിന്ന് അർബുദ സാധ്യത കണ്ടെത്തിയവർ കേരള ക്യാൻസർ ഗ്രിഡ് പ്രകാരം ഒരു റെഫറൽ സംവിധാനത്തിലൂടെ രോഗ നിർണ്ണയത്തിനായി താലൂക്ക് ആശുപത്രികളിലേയ്ക്ക് അയയ്ക്കുകയും അർബുദം നിർണ്ണയിച്ചുകഴിഞ്ഞാൽ അടുത്തുള്ള ജില്ലയിലെ സൗകര്യമനുസരിച്ച് മെഡിക്കൽ കോളേജുകളിലേയ്ക്കോ ക്യാൻസർ സെന്ററുകളിലേയ്ക്കോ അത്തരം ചികിത്സാ സൗകര്യമുള്ള മറ്റു കേന്ദ്രങ്ങളിലേയ്ക്കോ റെഫർ ചെയ്യാനുള്ള

സംവിധാനമാണുള്ളത്. നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും മനുഷ്യവിഭവശേഷിയെ പരിശീലനങ്ങളിലൂടെ ഇതിനായി സജ്ജമാക്കിക്കൊണ്ടുമാണ് ഈ സ്ട്രാറ്റജി നടപ്പാക്കുന്നത്.

ജനസംഖ്യാധിഷ്ഠിതമായി കാൻസർ രോഗം നിർണ്ണയിക്കുന്നതിന് 'അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന ക്യാമ്പയിൻ ആരംഭിക്കുകയും ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത 'ശൈലി' എന്ന ആൻഡ്രോയിഡ് ആപ്ലിക്കേഷനിലൂടെ ഭവന സന്ദർശനം നടത്തി രോഗമുള്ളവരെ കണ്ടെത്തുന്നതിന് സമഗ്ര പദ്ധതി ആവിഷ്കരിക്കരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ കാൻസർ രോഗ സാധ്യത കണ്ടെത്തുന്നതിനും സംശയമുള്ളവരെ വിദഗ്ധ പരിശോധന നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 80 ലക്ഷത്തോളം ആൾക്കാരെ സ്ക്രീനിംഗിന് വിധേയമാക്കിയപ്പോൾ 4 ലക്ഷത്തോളം പേർക്ക് കാൻസർ രോഗ സാധ്യതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരെ പരിശോധിക്കുന്നതിനും ചികിത്സിക്കുന്നതിനും കാൻസർ കെയർ സ്യൂട്ട് എന്ന സോഫ്റ്റ്‌വെയർ ഇ-ഹെൽത്ത് വഴി വികസിപ്പിച്ചിട്ടുണ്ട്.

കാൻസറിനെപ്പറ്റിയുള്ള അവബോധം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള ലക്ഷ്യത്തിൽ ഊന്നൽ നൽകിക്കൊണ്ടാണ്

സംസ്ഥാന വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലാ ക്യാൻസർ നിയന്ത്രണ പദ്ധതി (DCCP- District Concer Control Programme) ആരംഭിച്ചിട്ടുള്ളത്. ജനങ്ങളെ ബോധവാന്മാരാക്കുകയും സംശയമോ രോഗലക്ഷണമോ ഉള്ളവർക്ക് ഏറ്റവും അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ രോഗനിർണ്ണയം നടത്താനുള്ള സാഹചര്യങ്ങൾ ഒരുക്കുകയുമാണ് DCCP-യിലൂടെ ഉദ്ദേശിക്കുന്നത്. ജില്ലാ കാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെയും ഡോക്ടർമാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും മുൻകൂർ രോഗ നിർണ്ണയത്തിനും കാൻസറിന്റെ മുന്നോടിയായി ചികിത്സിക്കുന്നതിന് പരിശീലന പരിപാടികൾ ആർ.സി.സി. സംഘടിപ്പിച്ചുവരുന്നുണ്ട്. ജില്ലയിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെയും ഡോക്ടർമാർക്കും എം.എൽ.എസ്.പി (Mid Level Service Provider) മാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും പരിശീലനവും പ്രാക്ടിക്കൽ പരിശീലനവും ആർ.സി.സി.യുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിൽവച്ച് നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനുപുറമെ താലൂക്കാശുപ്രതികളിലെയും ജില്ലാ ആശുപത്രികളിലെയും ഡോക്ടർമാർക്ക് ആരംഭ ദശയിലുള്ള കാൻസറുകളുടെ ചികിത്സയ്ക്കായി പരിശീലനം

നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാൻസർ രോഗത്തിനുള്ള ചികിത്സയ്ക്കായി അവരവരുടെ ജില്ലാ/താലൂക്ക് ആശുപത്രികളിലും, അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും കാൻസർ രോഗത്തിനുള്ള സമഗ്ര ചികിത്സ ലഭ്യമാണ്. കാൻസർ ചികിത്സയുടെ ഈ വികേന്ദ്രീകൃത രീതികൊണ്ട് സംസ്ഥാനത്ത് രോഗികൾക്ക് അവരവരുടെ നാട്ടിൽത്തന്നെ ചികിത്സ ലഭിക്കാനുള്ള സാഹചര്യം ലഭ്യമാകുന്നതാണ്.

ഗർഭാശയഗള കാൻസർ നിർമ്മാർജ്ജന പരിപാടിയുടെ റോഡ് മാപ്പിന് അംഗീകാരം നൽകിയിട്ടുണ്ട്. പ്ലസ് വൺ, പ്ലസ് ടു പ്രായത്തിൽപ്പെട്ട പെൺകുട്ടികൾക്ക് എച്ച്.പി.വി. വാക്സിനേഷൻ ആലപ്പുഴ, വയനാട് ജില്ലകളിൽ പൈലറ്റടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**അനുബന്ധം-IV**

## സബ്മിഷനുകളുടെ മറുപടി

1. <u>ആറളം ഫാം തൊഴിലാളികൾക്ക് വേതനം നൽകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ സണ്ണി ജോസഫ് എം.എൽ.എ. യുടെ സബ്മിഷന് ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടി</u>

കണ്ണൂർ ജില്ലയിൽ ഇരിട്ടിക്കടുത്ത് കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കൃഷിഫാം സംസ്ഥാന സർക്കാർ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ടുപയോഗിച്ച് 42.09 കോടി രൂപയ്ക്ക് വാങ്ങുകയുണ്ടായി. ഫാമിന്റെ പകുതി പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുകയും പുതിയ ഫാമായി നിലനിർത്തുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ ഈ ഭൂമിയേറ്റെടുത്തത്. ഇപ്പോൾ സർക്കാർ ഉടമസ്ഥതയിലുള്ള ഒരു കമ്പനിയായാണ് ആറളം ഫാമിംഗ് കോർപ്പറേഷൻ കേരള (ലിമിറ്റഡ്) പ്രവർത്തിച്ചുവരുന്നത്. നിലവിൽ 349 ഫാം തൊഴിലാളികളും 25 ഓഫീസ് ജീവനക്കാരുമുൾപ്പെടെ 374 പേരാണ് ഫാമിൽ ജോലി ചെയ്യുന്നത്. ആയതിൽ 280 പേർ പട്ടികവർഗ്ഗ വിഭാഗക്കാരാണ്.

ആറളം ഫാമിംഗ് കോർപ്പറേഷൻ കമ്പനി ആയതിനാൽ ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകേണ്ട ചുമതല സർക്കാരിനില്ലെങ്കിലും നിരവധി തവണ ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനായി സംസ്ഥാന സർക്കാർ ഫാമിന് തുക അനുവദിച്ചുനൽകിയിട്ടുണ്ട്. ജീവനക്കാരുടെ വേതനവും സർവ്വീസിൽനിന്നും വിരമിച്ച ജീവനക്കാരുടെയും തൊഴിലാളികളുടെയും റിട്ടയർമെന്റ്

ആനുകൂല്യങ്ങളും നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് 2006-നുശേഷം നാളിതുവരെ 35.05 കോടി രൂപ ആറളം ഫാമിംഗ് കോർപ്പറേഷന് അനുവദിച്ചുനൽകിയിട്ടുണ്ട്. ഇതിൽ 7.67 കോടി രൂപ ഈ സർക്കാരിന്റെ കാലത്ത് നൽകിയിട്ടുള്ളതാണ്. ഇതിനുപുറമെ ഫാമിലെ പുനരുദ്ധാരണ/കാർഷിക പ്രവർത്തനങ്ങൾക്കായി 2020-21 വർഷത്തിൽ 3 കോടി രൂപയും 2021-22 വർഷത്തിൽ 1.5 കോടി രൂപയുമുൾപ്പെടെ ആകെ 4.5 കോടി രൂപയും ആറളം ഫാമിംഗ് കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. 06-09-2022-ലെ ഉത്തരവുപ്രകാരം ജീവനക്കാരുടെയും തൊഴിലാളികളുടെയും ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനായി 1,50,00,000/- (ഒരു കോടി അമ്പതുലക്ഷം രൂപ മാത്രം) രൂപയാണ് അവസാനമായി ആറളം ഫാമിന് അനുവദിച്ചിട്ടുള്ളത്. നിലവിൽ 2022 ആഗസ്റ്റ് മുതൽ ഡിസംബർ മാസംവരെയുള്ള ശമ്പളക്കുടിശ്ശിക അനുവദിക്കുന്നതിന് 7.48 കോടി രൂപ നൽകണമെന്നാണ് ആറളം ഫാമിംഗ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളത്.

ആദിവാസി പുനരധിവാസത്തിനായി മാറ്റിവച്ചിരിക്കുന്ന തുക ഫാമിലെ ജീവനക്കരുടെ ശമ്പളം നൽകുന്നതിനായി ഉപയോഗിക്കുന്നത് പുനരധിവാസ പദ്ധതിയെ സാരമായി ബാധിക്കുന്നതിനാൽ ആറളം ഫാമിലെ

ജീവനക്കാരുടെ ശമ്പളത്തിനായി വകുപ്പിന്റെ ഫണ്ട് ചെലവഴിക്കുന്നതിനുപകരം ഫാമിന്റെ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന പദ്ധതികൾ നടപ്പാക്കി, വരുമാനം കണ്ടെത്തുകയും ഫാമിനെ സ്വയംപര്യാപ്തതയിലെത്തിക്കുകയും ചെയ്തെങ്കിൽ മാത്രമെ ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരമുണ്ടാവുകയുള്ളൂ. വർദ്ധിച്ചുവരുന്ന വന്യജീവി ശല്യം ഫാമിന്റെ വരുമാനത്തെ സാരമായി ബാധിക്കുന്ന മറ്റൊരു ഘടകമാണ്. വന്യജീവി പ്രതിസന്ധി നേരിടുന്നതിനുവേണ്ടി ആറളം ഫാമിൽ ആനപ്രതിരോധ മതിൽ നിർമ്മിക്കുന്നതിനായി 22-10-2022-ന് തീരുമാനമാവുകയും ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുന്നതിനായി ധനകാര്യ വകുപ്പിന് നൽകിയിരിക്കുകയുമാണ്. കൂടാതെ ആറളം ഫാമിൽ വിവിധ കാർഷിക പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി 2,69,02,000/- (രണ്ട് കോടി അറുപത്തിയൊൻപത് ലക്ഷത്തി രണ്ടായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകുകയും അതോടൊപ്പം കാർഷിക പദ്ധതികളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വരുമാന വർദ്ധനയ്ക്കുമായി RT മിഷനുമായി ചേർന്ന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും RT മിഷന്റെയും സാമ്പത്തിക സഹായത്തോടെ ആറളം ഫാമിനുൽനിന്നും തെരഞ്ഞെടുക്കുന്ന

ട്രെയിനികൾക്ക് പരിശീലനം/വൈദഗ്ധ്യം നൽകുന്നതിന് 22-02-2023-ലെ സ.ഉ(സാധാ) 269/2023/പജപവവിവ പ്രകാരം 84,00,000/- (എൺപത്തി നാലുലക്ഷം രൂപ മാത്രം) രൂപ നൽകിയിട്ടുണ്ട്. (75,60,000/- രൂപ SC/ST വകുപ്പും 8,40,000 രൂപ RT മിഷനും വഹിക്കുന്നതാണ്)

സർക്കാർ ധനസഹായത്തെ ആശ്രയിച്ച് ഫാമിന് സ്ഥിരമായി മുന്നോട്ടുപോകാൻ കഴിയില്ല. ആയതിനാൽ മേൽപ്പറഞ്ഞ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കിക്കൊണ്ട് വരുമാന വർദ്ധനയും അതുവഴി ഫാമിന്റെ സുഗമമായ പ്രവർത്തനവും ഉറപ്പുവരുത്താൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഫാമിന്റെ ഭാഗത്തുനിന്നുമുണ്ടാകേണ്ടതാണ്.

2. പാലക്കാട് ജില്ലയിലെ നെല്ല് സംഭരണത്തിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. കെ. ഡി. പ്രസേനൻ എം.എൽ.എ. നൽകിയ സബ്മിഷന് ബഹു. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) നൽകിയ മറുപടി

സംസ്ഥാന സർക്കാരിന്റെ 4-06-2005-ലെ 22/2002 ഉത്തരവുപ്രകാരം സംസ്ഥാന സർക്കാർ നിയോഗിച്ച ഏജൻസിയെന്ന നിലയ്ക്കാണ് 'വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി' എന്ന കേന്ദ്ര സർക്കാർ പദ്ധതി 2005 മുതൽ സപ്ലൈകോ നടപ്പാക്കിവരുന്നത്. ഇത് കേന്ദ്ര സർക്കാരിന്റെ പദ്ധതിയാണെങ്കിലും കേരളത്തിലെ കർഷകരെ സഹായിക്കുന്നതിന്, മറ്റ്

സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി, സംസ്ഥാന സർക്കാരും വിഹിതം നൽകുന്നുണ്ട്. ഓരോ വർഷവും കൂടുതൽ കർഷകരിൽനിന്നും നെല്ല് സംഭരണം നടത്തിക്കൊണ്ട് മെച്ചപ്പെട്ടരീതിയിൽ സപ്ലൈകോ ഇക്കാര്യത്തിൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം 2021-22 സീസണിൽ 2,54,072 കർഷകരിൽനിന്നും 7.48 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കുകയും ആയതിന് 2,095.52 കോടി രൂപ കർഷകർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 2021-22 സീസണിൽ പി.ആർ.എസ്. വായ്പാ പദ്ധതിപ്രകാരം 11 ബാങ്കുകളിലൂടെയാണ് നെല്ലിന്റെ വില കർഷകർക്ക് വിതരണം ചെയ്തത്. പി.ആർ.എസ്. പദ്ധതിപ്രകാരം നെല്ലിന്റെ വില കർഷകരുടെ പേരിൽ വായ്പയായി നൽകുകയും പ്രസ്തുത വായ്പ പലിശ സഹിതം സപ്ലൈകോ ബാങ്കുകളിലേയ്ക്ക് തിരിച്ചടയ്ക്കുകയുമാണ് ചെയ്തുവന്നിരുന്നത്. എന്നാൽ പ്രസ്തുത പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നതിനാൽ വായ്പാ തിരിച്ചടവിന് കാലതാമസമുണ്ടാകും.

പി.ആർ.എസ്. വായ്പയുടെ തിരിച്ചടവ് വൈകുന്നതുകാരണം കർഷകരുടെ സിബിൽസ്കോർ (CIBIL SCORE) കുറയുന്നതിനാൽ കർഷകർക്ക് മറ്റാവശ്യങ്ങൾക്കുള്ള വായ്പകളെടുക്കുന്നതിന് ബുദ്ധിമുട്ട് നേരിട്ടിരുന്നു. പ്രസ്തുത പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ട് നിരവധി

കർഷകർ സർക്കാരിലേയ്ക്ക് പരാതികൾ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് എസ്.ബി.ഐ., കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ബാങ്കുകളുടെ കൺസോർഷ്യത്തിൽനിന്നും 2,500/- കോടി രൂപയുടെ വായ്പ സ്വീകരിക്കാൻ സപ്ലൈകോ നിർബന്ധിതമാവുകയും പ്രസ്തുത തുകയിൽനിന്നും 2,100/- കോടി രൂപ നിലവിലുണ്ടായിരുന്ന പി.ആർ.എസ്. വായ്പകൾ അടച്ചുതീർക്കാൻ വിനിയോഗിക്കുകയും ചെയ്തത്. സപ്ലൈകോയ്ക്ക് ബാങ്കുകളിൽനിന്നും സ്വീകരിക്കാൻ കഴിയുന്ന പരമാവധി വായ്പ 2,500/- കോടി രൂപയായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ ബാങ്കുകളിൽനിന്നും കൂടുതൽ വായ്പ സ്വീകരിക്കാൻ സപ്ലൈകോയ്ക്ക് കഴിയില്ല. സപ്ലൈകോയുടെ വായ്പാപരിധി 3,500/- കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന ആവശ്യം ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ തീരുമാനമുണ്ടാകാത്ത സാഹചര്യത്തിലാണ് കർഷകർക്ക് 2023, ജനുവരി 31 വരെയുള്ള ഒന്നാം വിള കുടിശ്ശിക തീർക്കുന്നതിനായി കേരള ബാങ്കിൽനിന്നും 200/- കോടി രൂപയുടെ പി.ആർ.എസ്. വായ്പ സ്വീകരിച്ചത്. പ്രസ്തുത തുക കർഷകർക്ക് നൽകിവരുന്നു. 2022-23 സീസണിലെ നെല്ലുസംഭരണം 2022, സെപ്തംബറിൽ ആരംഭിച്ച് 2023, ജൂണിൽ അവസാനിക്കും. 2022-23 സീസണിൽ നാളിതുവരെ 96,500 കർഷകരിൽനിന്നും 2.79

ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കുകയും 72314 കർഷകർക്കായി 570 കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. 24186 കർഷകർക്ക് 226 കോടി രൂപ നൽകാൻ ബാക്കിയുണ്ട്. 2022-23 സീസണിൽ പാലക്കാട് ജില്ലയിൽനിന്നും നാളിതുവരെ (12-03-2023) 47,844 കർഷകരിൽനിന്നും 1.18 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ഒന്നാംവിളയുടെ ഭാഗമായി 46,009 കർഷകരിൽനിന്നും സംഭരിച്ച 1.13 ലക്ഷം മെട്രിക് ടൺ നെല്ലിന്റെ വിലയായ 320 കോടി രൂപ വിതരണം നടത്തിയിട്ടുണ്ട്. ഒന്നാം വിളയുടെ ഭാഗമായി സംഭരിച്ച നെല്ലിന്റെ വിലയായി 70 ലക്ഷം നൽകാൻ ബാക്കിയുണ്ട്. രണ്ടാംവിളയുടെ ഭാഗമായി പാലക്കാട് ജില്ലയിൽനിന്നും 1,835 കർഷകരിൽനിന്നും 4,175 മെട്രിക് ടൺ നെല്ല് നാളിതുവരെ സംഭരിച്ചിട്ടുണ്ട്. ഇതിനായി കർഷകർക്ക് നൽകാൻ ബാക്കിയുള്ള തുക 10.5 കോടി രൂപയാണ്. 2022-23 സീസണിൽ പാലക്കാട് ജില്ലയിലെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ആകെ നൽകാനുള്ള തുക 11.20 കോടി രൂപയാണ്.

പാലക്കാട് ജില്ലയിലെ നെല്ല് സംഭരണത്തിനായി ഏക്കറിന് 2200 കിലോയാണ് നിലവിൽ പരിധി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ 2200 കിലോയിൽ കൂടുതൽ നെല്ല് നൽകുന്ന കർഷകരിൽനിന്നും നെല്ല് എടുക്കാത്ത

സാഹചര്യമില്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട കൃഷി ഓഫീസറുടെ ശിപാർശ സ്വീകരിച്ച് നെല്ല് സംഭരണം നടത്തിവരുന്നു. അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽനിന്നും കുറഞ്ഞ വിലയ്ക്ക് നെല്ല് സംഭരിച്ച് കേരളത്തിൽ ഉല്പാദിപ്പിക്കുന്ന നെല്ലുമായി കൂട്ടിക്കലർത്തി നൽകുന്നുവെന്ന ആക്ഷേപം നിലനിൽക്കുന്നതിനാലാണ് ഏക്കറിന് 2200 കിലോ നെല്ല് എന്ന പരിധി നിശ്ചയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശപ്രകാരം നിലവിലെ പരിധിയായ ഏക്കറിന് 2200 കിലോ നെല്ല് എന്നത് 2500 കിലോയാക്കി വർദ്ധിപ്പിക്കാൻ കഴിയുമോയെന്നതും കൂടുതൽ പാഡി മാർക്കറ്റിംഗ് ഉദ്യോഗസ്ഥരെ നിയമിക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്. നെല്ലിന്റെ വില നൽകുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് 400 കോടി രൂപയുടെ ക്ലെയിം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത തുക മാർച്ച് അവസാനത്തോടെ കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. തുക കിട്ടുന്നമുറയ്ക്ക് നെല്ലിന്റെ വില കർഷകർക്ക് നൽകാൻ കഴിയും. കൂടാതെ നെല്ലിന്റെ വില കർഷകർക്ക് സമയബന്ധിതമായി നൽകുന്നതിന് കേരള ബാങ്ക് ഉൾപ്പെടെയുള്ള ബാങ്കുകളിൽനിന്നും വായ്പ സ്വീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. എന്നാൽ കർഷകർക്ക് നെല്ലിന്റെ വില നൽകുന്നതിന് വായ്പ അനുവദിക്കുന്ന കാര്യത്തിൽ കേരളത്തിലെ ബാങ്കുകൾ അനുകൂലമായ

നിലപാടല്ല സ്വീകരിക്കുന്നതെന്ന കാര്യംകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

3. കോന്നി, റാന്നി ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിലുള്ള വനമേഖലയിൽനിന്നും ബാംബൂ കോർപ്പറേഷന്റെ നേതൃത്വത്തിൽ നടത്തുന്ന ഈറ്റ സംഭരണം പുനരാരംഭിക്കുന്നതുസംബന്ധിച്ച് ശ്രീ. കെ. യു. ജനീഷ് കുമാർ എം.എൽ.എ. നൽകിയ സബ്മിഷന് ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടി

സംസ്ഥാനത്തെ ഈറ്റത്തൊഴിലാളികൾക്ക് ഈറ്റ ലഭ്യമാക്കുന്നതിനുവേണ്ടി 01-11-2020 മുതൽ 31-10-2025 വരെയുള്ള അഞ്ചുവർഷത്തേയ്ക്ക് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് വർഷംതോറും 10,000 മെട്രിക് ടൺ ഈറ്റ സൗജന്യമായി അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതും അതനുസരിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ വർക്കിംഗ് പ്ലാനിലെ വ്യവസ്ഥകൾക്കും ഉടമ്പടിക്കരാറിലെ വ്യവസ്ഥകൾക്കും വിധേയമായി ഈറ്റ ശേഖരിക്കുന്നതിനുള്ള അനുമതി വനം വകുപ്പ് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് നൽകിയിട്ടുണ്ട്. ആയതുപ്രകാരം റാന്നി ഡിവിഷനിലെ റാന്നി, വടശ്ശേരിക്കര റെയിഞ്ചുകളിൽനിന്നായി യഥാക്രമം 2,000 മെട്രിക് ടണ്ണും 5,700 മെട്രിക് ടണ്ണും കോന്നി ഡിവിഷനിലെ നടുവത്തുമൂഴി റെയിഞ്ചിൽനിന്ന് 500 മെട്രിക് ടണ്ണും ഈറ്റ ശേഖരിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ റാന്നി

ഡിവിഷനിലെ റാന്നി, വടശ്ശേരിക്കര റെയിഞ്ചുകളിലെ ഈറ്റ ശേഖരിക്കുന്നതിന് ലൈസൻസ് അനുവദിക്കുകയും കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ സ്ഥലം കൈമാറിയിട്ടുള്ളതുമാണ്. എന്നാൽ 28-02-2023 വരെ റാന്നി റെയിഞ്ചിൽനിന്നും 306.25 മെട്രിക് ടണ്ണും വടശ്ശേരിക്കര റെയിഞ്ചിൽനിന്നും 212.50 മെട്രിക് ടണ്ണുമുൾപ്പെടെ ആകെ 518.75 മെട്രിക് ടൺ ഈറ്റ മാത്രമാണ് കോർപ്പറേഷൻ ഇതുവരെ ശേഖരിച്ചിട്ടുള്ളത്.

ബാംബൂ കോർപ്പറേഷൻ നിലവിൽ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിമൂലം അനുവദിച്ച അളവിൽ ഈറ്റ ശേഖരണം യഥാസമയം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ജി.എസ്.ടി. കുടിശ്ശിക നിലനിൽക്കുന്നതുകാരണം വനം വകുപ്പ് അനുവദിച്ച് നൽകിയ വന മേഖലയിൽനിന്നും ഈറ്റ ശേഖരിച്ച് കടത്തുന്നതിന് തടസ്സം നേരിട്ടിട്ടുള്ളതാണ്. ജി.എസ്.ടി. കുടിശ്ശിക തീർക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുള്ളതും ആയത് അനുവദിക്കുന്ന മുറയ്ക്ക് ഈറ്റ വനം മേഖലയിൽനിന്ന് ശേഖരിച്ച് തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി അടിയന്തരമായി പുനരാരംഭിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

4. കുന്നുംഭാഗം ഗവ.ഹൈസ്കൂൾ സ്പോർട്സ് സ്കൂളാക്കി മാറ്റുന്നത് സംബന്ധിച്ച് ഡോ. എൻ. ജയരാജ്, എം.എൽ.എ. -യുടെ സബ്മിഷന് ബഹു. തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടി.

കോട്ടയം ജില്ലയിൽ ചിറക്കടവ് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥലത്ത് പ്രവർത്തിച്ചുവരുന്ന കാഞ്ഞിരപ്പള്ളി കുന്നുംഭാഗം ഗവൺമെന്റ് ഹൈസ്കൂൾ, സ്പോർട്സ് സ്കൂളായി ഉയർത്തുന്നതിന്റെ ഭാഗമായി ഗവൺമെന്റ് സ്കൂളിന്റെ പഴയ കെട്ടിടം പൊളിച്ചുനീക്കി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി സ്പോർട്സ് സ്കൂൾ നിർമ്മിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി നിലവിലുള്ള കെട്ടിടങ്ങളുടെ വാല്യേുഷനെടുത്ത് ആയതിന്റെ മൂല്യം നിർണ്ണയിച്ചിട്ടുണ്ട്. വാഴൂർ ബ്ലോക്കുപഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ തയ്യാറാക്കി സമർപ്പിച്ച അൺഫിറ്റായ കെട്ടിടങ്ങളുടെ വാല്യേുഷൻ 10,536/- രൂപയും ഫിറ്റായ കെട്ടിടങ്ങളുടെ വാല്യേൂഷൻ 2,19,555/- രൂപയുമാകുന്നു. ടി വാല്യേൂഷൻ അംഗീകരിക്കുന്നതിനും കെട്ടിടങ്ങൾ ലേലം ചെയ്ത് പൊളിച്ചുമാറ്റുന്നതിനുള്ള ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി ഫയൽ തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

പഴയ കെട്ടിടത്തിനടുത്തായി നിലവിലുള്ള ടോയ്‌ലെറ്റുകളിൽ നിലനിർത്തേണ്ടവ ഏതെന്ന് വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിക്കുന്ന മുറയ്ക്ക് ഇനിയും പൊളിച്ചുനീക്കേണ്ട ടോയ്‌ലെറ്റുകളുടെ വാല്യേഷൻ ഉടൻ എടുത്ത് ജില്ലാ പഞ്ചായത്തിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി മുറിച്ചുനീക്കേണ്ടുന്ന വൃക്ഷങ്ങളുടെ ലേലം മൂന്നുതവണ നടത്തിയിട്ടും ലേലം ഉറപ്പിക്കാൻ സാധിക്കാത്ത അവസ്ഥയിൽ 3-ാം ഘട്ട ലേലം 10-03-2023-ന് സ്കൂളിൽ വച്ച് നടത്തപ്പെട്ടിട്ടുള്ളതും മുറിച്ചുമാറ്റേണ്ടുന്ന വൃക്ഷങ്ങൾക്ക് 8.59 ലക്ഷം രൂപ സോഷ്യൽ ഫോറസ്റ്റ് അധികൃതർ മൂല്യം നിർണ്ണയിച്ചിട്ടുള്ളതുമാണ്. ഈ ഉയർന്ന വിലയ്ക്ക് ലേലംകൊള്ളാൻ ആരും സന്നദ്ധരാകാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. വാല്യേഷൻ സംബന്ധിച്ച ഫയൽ ഏറ്റവുമടുത്ത് ചേരുന്ന ജില്ലാ പഞ്ചായത്ത് കമ്മിറ്റിയിലെ അജണ്ടയിലുൾപ്പെടുത്തി അംഗീകാരം നൽകുമെന്നും വാല്യേഷൻ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകുമെന്നുള്ള വിവരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അംഗീകാരം ലഭിച്ചാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ടി പദ്ധതിയുടെ നടത്തിപ്പ് സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിക്കൊണ്ട് 14-10-2022-ലെ സ.ഉ.(സാധാ)നം. 267/2022/കാ.യു.വ പ്രകാരം ഉത്തരവാകുകയും ഇതിൻപ്രകാരം സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും ടോട്ടൽ സ്റ്റേഷൻ സർവ്വെയടക്കമുള്ള പ്രാഥമിക വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.

5. <u>ദേശീയ പാതയിലെ പാലിയേക്കര ടോൾ പ്ലാസ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. കെ. രാമചന്ദ്രൻ എം.എൽ.എ. നൽകിയ സബ്മിഷന് ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടി</u>

ദേശീയ പാതയിലെ പാലിയേക്കര ടോൾ പ്ലാസ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നതാണ് ബഹുമാനപ്പെട്ട കെ. കെ. രാമചന്ദ്രൻ എം.എൽ.എ.-യുടെ ആവശ്യം. ഇക്കാര്യം ദേശീയപാതാ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിരുന്നു. 1997-ലേയും 2008-ലേയും NH Fees:

Rules അടിസ്ഥാനപ്പെടുത്തിയാണ് ദേശീയ പാത അതോറിറ്റി User Fee (Toll) ഈടാക്കിവരുന്നത് എന്നാണ് NHAI പറഞ്ഞിരിക്കുന്നത്. 1997-ലെ ചട്ടങ്ങൾ പ്രകാരം ദേശീയപാതയിൽ ടോളുകൾ തമ്മിൽ നിശ്ചിത അകലം വേണമെന്ന് നിഷ്കർഷിക്കപ്പെട്ടിട്ടില്ല. 2008-ലെ ചട്ടങ്ങൾ പ്രകാരം മതിയായ കാരണങ്ങളുണ്ടെങ്കിൽ 60 കി. മീ അകലത്തിനുള്ളിൽത്തന്നെ ടോൾ പ്ലാസ സ്ഥാപിക്കുന്നതിന് അനുമതി നൽകാനുള്ള അധികാരം ദേശീയപാത അതോറിറ്റിക്കുണ്ടെന്നും മറുപടിയിൽ പറയുന്നു.

ദേശീയപാത 544-ൽ മണ്ണുത്തി അങ്കമാലി ഭാഗത്ത് പൂർത്തിയാകാത്ത പ്രവൃത്തികൾക്ക് പഞ്ച് ലിസ്റ്റ് പ്രകാരം ദേശീയപാത അതോറിറ്റി പിഴയീടാക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ NHAI-യുമായി തുടർന്നും ചർച്ച ചെയ്യാവുന്നതാണ്.

6. ശാസ്താംപാറ അഡ്വഞ്ചർ ടൂറിസം അക്കാഡമി സ്ഥാപിക്കുന്നത് സംബന്ധിച്ച് ശ്രീ. ഐ. ബി. സതീഷ് എം.എൽ.എ. നൽകിയ സബ്മിഷന് ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടി

തിരുവനന്തപുരം ജില്ലയിലെ ശാസ്താംപാറയിൽ അഡ്വഞ്ചർ ടൂറിസം അക്കാഡമി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് ശ്രീ. ഐ. ബി. സതീഷ് എം.എൽ.എ.-യുടെ സബ്മിഷൻ. ടൂറിസം വകുപ്പിന് കീഴിലുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ ഫണ്ടിംഗ് നടത്തി അഡ്വഞ്ചർ ടൂറിസം

അക്കാഡമി സ്ഥാപിക്കുന്നകാര്യം പരിശോധിക്കാൻ ടൂറിസം ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. അക്കാഡമി ആരംഭിച്ചുകഴിഞ്ഞതിനുശേഷം സ്വയാർജ്ജിതമായ വരുമാന സ്രോതസ്സുകൾക്കൊപ്പം ബഡ്ജറ്റ് പിന്തുണകൂടി നൽകി സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നതിനുള്ള റവന്യൂ മോഡൽ സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാനും ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാൻ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ & ടൂറിസം സ്റ്റഡീസ് (KITTS)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ യോഗം വിളിച്ചുചേർത്ത് നടപടികൾ വേഗത്തിലാക്കാൻ ടൂറിസം വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

7. വിനോദയാത്രയ്ക്കിടയിൽ സ്കൂൾ വിദ്യാർത്ഥികൾ അപകടത്തിൽപ്പെട്ട സംഭവം സംബന്ധിച്ച് ശ്രീ. റോജി എം. ജോൺ എം.എൽ.എ.യുടെ സബ്മിഷന് ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടി

ഇടുക്കി മാങ്കുളത്ത്, ആനക്കുളം നല്ലതണ്ണിയാർ പുഴയിൽ നടന്ന ദൗർഭാഗ്യകരമായ അപകടം തികച്ചും ദുഖകരമാണ്. വനത്തിനോട് ചേർന്ന് കിടക്കുന്നതും മാങ്കുളം-ആനക്കുളം റോഡിനോട് ചേർന്നുള്ളതുമായ സ്ഥലത്താണ് അപകടം നടന്നത്. മനോഹരമായ സ്ഥലമെന്ന നിലയിൽ

ആളുകൾ ഉപയോഗപ്പെടുത്തുന്ന പ്രദേശമാണിത്. അംഗീകൃത ടൂറിസം ഡെസ്റ്റിനേഷനായി ഈ മേഖല മാറിയിട്ടില്ല. ഇത്തരത്തിലുള്ള പല സ്ഥലങ്ങളിലും സഞ്ചാരികൾ ഇറങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ, പ്രസ്തുത സ്ഥലത്തും സമാനമായ ഇടങ്ങളിലും അപകട സാധ്യത വിശദമാക്കുന്ന മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ & ജില്ലാ കളക്ടർ, ഇടുക്കി ഉത്തരവുപുറപ്പെടുവിച്ചിട്ടുണ്ട്. അപകടത്തിൽ മരിച്ച കുട്ടികളുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം നൽകുന്നതിനാവശ്യമായ നടപടികൾ പരിശോധിച്ച് തീരുമാനമെടുക്കേണ്ടതുണ്ട്.

ടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിന് ടൂറിസം വകുപ്പ് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിവിധ വകുപ്പുകളുടെകൂടി സഹായത്തോടെയാണ് സുരക്ഷാക്രമീകരണങ്ങളൊരുക്കുന്നത്. അക്കാര്യത്തിൽ ഏകോപിതമായ പ്രവർത്തനങ്ങൾ നടത്തും.

## 8. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി സംബന്ധിച്ച് ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ എം.എൽ.എ.യുടെ സബ്മിഷന് ബഹു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടി

2019 ഏപ്രിൽ മാസം മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കേരളത്തിൽ നടപ്പിലാക്കിവരുന്നു. അന്നേവരെ നിലവിലുണ്ടായിരുന്ന RSBY, CHIS, CHIS PLUS എന്നീ പദ്ധതികൾ സംയോജിപ്പിച്ചാണ് (KASP) അഥവാ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചത്. RSBY/CHIS പദ്ധതിയിൽ 2018-19 വർഷത്തിൽ സാധുതയുള്ള അംഗത്വ കാർഡ് കൈവശമുള്ള കുടുംബാംഗങ്ങൾ, സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC) പ്രകാരം തെരഞ്ഞെടുത്ത ദുർബ്ബല വിഭാഗത്തിൽപ്പെട്ട കുടുംബാംഗങ്ങൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 42 ലക്ഷം കുടുംബങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഒരു കാർഡിലെ കുടുംബാംഗങ്ങൾക്ക് ഒരു വർഷം പരമാവധി 5 ലക്ഷം (അഞ്ച് ലക്ഷം) രൂപ വരെയുള്ള ചികിത്സാ സഹായമാണ് നൽകിവരുന്നത്. സംസ്ഥാന സർക്കാർ രൂപീകരിച്ച സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയാണ് 2020, ജൂലൈ 1 മുതൽ ഈ പദ്ധതി നടപ്പാക്കിവരുന്നത്. 2020-ൽ സർക്കാർ/സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ ഈ പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളുടെ എണ്ണം 404 ആയിരുന്നെങ്കിൽ ഇപ്പോൾ ഇത് 761 ആയി വർദ്ധിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ചികിത്സ ലഭിച്ച ഗുണഭോക്താക്കളുടെ

എണ്ണം 318912 ആയിരുന്നെങ്കിൽ ചിട്ടയായ പ്രവർത്തനത്തിന്റെ ഫലമായി 2021-22-ൽ 541233 ഗുണഭോക്താക്കൾക്കും നടപ്പുസാമ്പത്തികവർഷം 2023 ജനുവരി മാസംവരെ മാത്രം 581988 ഗുണഭോക്താക്കൾക്കും ചികിത്സാ സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്. മുൻവർഷങ്ങളെ അപേക്ഷിച്ച് ഇരട്ടിയിലധികം തുക ഈയിനത്തിൽ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. 2020-ൽ ആകെ 700 കോടിയോളം രൂപയാണ് സൗജന്യ ചികിത്സയ്ക്കായി വിനിയോഗിച്ചിരുന്നതെങ്കിൽ 1,400 കോടിയോളം രൂപയായി ഇത് വർദ്ധിച്ചു. അതേസമയം കേന്ദ്ര വിഹിതമായി കേവലം 138 കോടി രൂപ മാത്രമെ ലഭ്യമാകുന്നുള്ളൂ.

നിലവിൽ അർഹരായിട്ടുള്ള കുടുംബങ്ങൾക്ക് ഏതുസമയത്തും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ആശുപത്രിയിൽനിന്നും അംഗത്വം നേടാവുന്നതാണ്. ഇതുകൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്തവർക്കായി എ.പി.എൽ./ബി.പി.എൽ വ്യത്യാസമില്ലാതെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബാംഗങ്ങൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടുവഴി രണ്ടുലക്ഷം രൂപവരെവയുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം രൂപ വരെയുള്ള ചികിത്സാ ആനുകൂല്യമാണ്

നൽകിവരുന്നത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കളായി നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് (എൻ.എഫ്.എസ്.എ) പദ്ധതി പ്രകാരമുള്ള അന്ത്യോദയ അന്നയോജന (എ.എ.വൈ), മുൻഗണനാവിഭാഗം (പി.എച്ച്.എച്ച്-പ്രയോറിറ്റി ഹൗസ് ഹോൾഡ്സ്) എന്നീ വിഭാഗം കുടുംബാംഗങ്ങളെ പൂർണ്ണമായും ഈ പദ്ധതിയിലുൾപ്പെടുത്തണമെന്നും ആയതിന് ചെലവ് വരുന്ന മുഴുവൻ തുകയുടെ 60:40 അനുപാതത്തിൽ കേന്ദ്ര വിഹിതം അനുവദിക്കണമെന്നും സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. തത്വത്തിൽ അനുമതി നൽകാമെന്നും എന്നാൽ നിലവിൽ കാസ്പ് പദ്ധതിക്ക് അനുവദിക്കുന്നതുപോലെ 21.57 ലക്ഷം കുടുംബങ്ങൾക്ക് മാത്രമായി 138.89 കോടി രൂപ മാത്രമെ അനുവദിക്കുകയുള്ളൂ എന്നുമാണ് നാഷണൽ ഹെൽത്ത് അതോറിറ്റി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയെ അറിയിച്ചിട്ടുള്ളത്. ഇക്കാര്യം സംബന്ധിച്ച് കേന്ദ്ര സർക്കാരുമായും നാഷണൽ ഹെൽത്ത് അതോറിറ്റിയുമായും നിരന്തരം ഇടപെടലുകൾ നടത്തിവരുന്നുമുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം ലഭിക്കാൻ അർഹതയുണ്ടായിട്ടും ഉൾപ്പെടാതെ പോയവരെയും നിലവിൽ ആരോഗ്യപരിരക്ഷ ലഭ്യമല്ലാത്ത

കുടുംബങ്ങളെയും ഈ പദ്ധതിയിലുൾപ്പെടുത്താൻ കഴിയുമോയെന്നകാര്യം സർക്കാർ ഗൗരവമായി പരിശോധിച്ചുവരുന്നുണ്ട്.

## 9. തിരൂർ ജില്ലാ ആശുപത്രിയിൽ കാൻസർ ചികിത്സാ വിഭാഗം ആരംഭിക്കുന്നത് സംബന്ധിച്ച് ശ്രീ. കുറുക്കോളി മൊയ്തീൻ എം.എൽ.എ.യുടെ സബ്മിഷന് ബഹു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടി

മലപ്പുറം ജില്ലയിലെ തിരൂർ, പൊന്നാനി, തിരൂരങ്ങാടി തുടങ്ങിയ താലൂക്കുകളിലെ ധാരാളം രോഗികൾ ആശ്രയിക്കുന്ന പ്രധാന ആശുപത്രിയാണ് തിരൂർ ജില്ലാ ആശുപത്രി. 2011-ലാണ് ഈ ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയത്. ആർദ്രം മാനദണ്ഡപ്രകാരം മലപ്പുറം ജില്ലയിൽ, ജില്ലാതല ആശുപത്രിയായി തെരഞ്ഞെടുത്തിട്ടുള്ളത് തിരൂർ ജില്ലാ ആശുപത്രിയെയാണ്. ഈ ആശുപത്രിയിൽ അനുവദിക്കപ്പെട്ട കിടക്കകളുടെ എണ്ണം 164 ആണ്. നിലവിൽ പ്രതിദിന ശരാശരി ഒ.പി. 1900-ഉം ശരാശരി ഐ.പി. 140-മാണ്. സിസേറിയനുൾപ്പെടെ പ്രതിദിനം ശരാശരി 13 പ്രസവങ്ങൾ ഈ ആശുപത്രിയിൽ നടക്കുന്നുണ്ട്. വിവിധ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന 32 ഡോക്ടർമാരുൾപ്പെടെ 213 സ്ഥിരം ജീവനക്കാർ ഇവിടെ ജോലിചെയ്യുന്നുണ്ട്. ഇതുകൂടാതെ എൻ.എച്ച്.എം. മുഖാന്തരം നിയമനം

ലഭിച്ച 3 ഡോക്ടർമാരുൾപ്പെടെ 35 പേരും എച്ച്.എം.സി. വഴി 47 പേരും 'കാസ്പ്' വഴി 33 പേരും താൽക്കാലിക ജീവനക്കാരായി ജോലി ചെയ്തുവരുന്നുണ്ട്. മൊത്തം 328 ജീവനക്കാരുടെ സേവനമാണ് ഈ ആശുപത്രിയിൽ നിലവിൽ ലഭ്യമാക്കിയിട്ടുള്ളത്. 20 കിടക്കകളോടുകൂടിയ ഡയാലിസിസ് യൂണിറ്റ് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. പ്രതിദിനം 48 രോഗികൾക്ക് മൂന്ന് ഷിഫ്റ്റിലായി ഡയാലിസിസ് നൽകിവരുന്നുണ്ട്. ബ്ലഡ് ബാങ്ക്, കൃത്രിമ അവയവ നിർമ്മാണ യൂണിറ്റ്, ഫിസിയോതെറാപ്പി യൂണിറ്റ്, മെഡിക്കൽ റെക്കോർഡ്സ് ലൈബ്രറി തുടങ്ങിയ വിഭാഗങ്ങളും പ്രവർത്തിച്ചുവരുന്നു. ന്യൂബോൺ ഐ.സി.യു. സൗകര്യമുൾപ്പെടെയുള്ള ലക്ഷ്യ മാനദണ്ഡ പ്രകാരമുള്ള വനിതാ-ശിശു ബ്ലോക്കിനുള്ള പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. ശലഭം പദ്ധതി, ക്ലബ്ഫുട് ക്ലിനിക്ക്, പാലിയേറ്റീവ് കെയർ യൂണിറ്റ് തുടങ്ങിയവയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് ഹീമോഫീലിയ രോഗികൾ കൂടുതലുള്ള മലപ്പുറം ജില്ലയിൽ, ഹീമോഫീലിയ രോഗികൾക്ക് പ്രത്യേക ചികിത്സാ സൗകര്യം ഒരുക്കിയിട്ടുണ്ട്. നബാർഡ് ധനസഹായത്തോടുകൂടി 9 നിലകളുള്ള ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ (സിവിൽ സ്ട്രക്ചർ) പൂർത്തിയായിട്ടുണ്ട്. 33.70 കോടി രൂപ ചെലവഴിച്ചാണ് ഈ നിർമ്മാണ പ്രവൃത്തികൾ

പൂർത്തിയാക്കിയിട്ടുള്ളത്. ഈ ആശുപത്രി പ്രവർത്തന സജ്ജമാക്കുന്നതിനാവശ്യമായ ഫ്ളോറിംഗ് വർക്ക്, ഹാൻഡ് റെയിൽ വർക്ക് തുടങ്ങിയ പ്രവൃത്തികൾ ജില്ലാ പഞ്ചായത്ത് മുഖേന പൂർത്തിയാക്കുന്നതിന്റെ ഭാഗമായി പ്രവൃത്തി ഉത്തരവുനൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ ഫയർ സേഫ്റ്റി വർക്കുൾപ്പെടെ കുറച്ച് പ്രവൃത്തികൾ പൊതുമരാമത്തുവകുപ്പ് ഇലക്ട്രിക്കൽ വിഭാഗം ചെയ്യാൻ ബാക്കിയുണ്ട്. കെട്ടിടത്തിന് മുനിസിപ്പാലിറ്റിയിൽനിന്നുള്ള നമ്പർ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരള ക്യാൻസർ കൺട്രോൾ സ്ട്രാറ്റജി പ്രകാരം കാൻസർ ചികിത്സാ ആശുപത്രികളെ എൽ1, എൽ2, എൽ3 എന്നിങ്ങനെ വിവിധ ലെവലുകളായി തരംതിരിച്ചിട്ടുള്ളതനുസരിച്ച് ക്യാൻസർ സെന്ററുകൾ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളായും മെഡിക്കൽ കോളേജുകൾ എൽ1 ആശുപത്രികളായും ജില്ലാ ആശുപത്രികൾ എൽ2 ആശുപത്രികളായും അതിനുതാഴെയുള്ള ആശുപത്രികൾ എൽ3 ആശുപത്രികളായും കണക്കാക്കപ്പെടുന്നതാണ്. തിരൂർ ജില്ലാ ആശുപത്രി എൽ2 ലെവലിൽ കണക്കാക്കപ്പെടുന്ന ആശുപത്രിയായതിനാൽ പ്രാഥമികമായി കീമോതെറാപ്പി, മറ്റ് അനുബന്ധ സേവനങ്ങളുമാണ് ഈ ആശുപത്രിയിൽനിന്നും പ്രതീക്ഷിക്കപ്പെടുന്നത്. ക്യാൻസർ കൺട്രോൾ

സ്റ്റാറ്റജി പ്രകാരം മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലായിരിക്കും ജില്ലയിലെ പ്രധാന ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാകുന്നത്. ഈ ആശുപത്രിയിൽനിന്നും ക്യാൻസർ ചികിത്സ ലഭ്യമാക്കുന്നത് സംബന്ധിച്ച് മന്ത്രിതലത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ യോഗം ചേരുകയും ഓങ്കോളജി വിഭാഗം ആരംഭിക്കുന്നതിന്റെ ആവശ്യകത വിലയിരുത്തുന്നതിന് മലബാർ ക്യാൻസർ സെന്ററിന്റെ നേതൃത്വത്തിൽ ഒരു സാധ്യതാപഠനം നടത്തുന്നതിന് തീരുമാനിക്കുകയും മലബാർ ക്യാൻസർ സെന്ററിനെ ചുമതലപ്പെടുത്തുകയുമുണ്ടായി. പൂർണ്ണതോതിലുള്ള ക്യാൻസർ ചികിത്സ ലഭ്യമാക്കുന്ന ആശുപത്രി ആരംഭിക്കുന്നത് ക്യാൻസർ കൺട്രോൾ സ്റ്റാറ്റജിയുടെ അടിസ്ഥാനത്തിൽ മാത്രമെ തീരുമാനിക്കാൻ കഴിയൂ. മലബാർ ക്യാൻസർ സെന്റർ നടത്തിയ ഫീസിബിലിറ്റി സ്റ്റഡി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## അനുബന്ധം-V

ധനാഭ്യർത്ഥന നമ്പർ VIII(എക്സൈസ്), XXII(നഗരവികസനം), XXX(പഞ്ചായത്ത്), XXXVI(ഗ്രാമവികസനം) എന്നിവ സംബന്ധിച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടി:

വളരെ അഭിമാനത്തോടെയാണ് തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പുകളുടെ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് സഭയെ അഭിസംബോധന ചെയ്യുന്നത്. ഈ സർക്കാർ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ സമയബന്ധിതമായി നടപ്പാക്കാനുള്ള പ്രതിബദ്ധമായ പ്രവർത്തനങ്ങളാണ് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുകളും നടത്തുന്നത്.

25 വർഷത്തെ അനുഭവസമ്പത്തിന്റെ കൂടി ബലത്തിൽ പ്രാദേശിക സാമ്പത്തിക വികസനവും സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്ന സൂക്ഷ്മതല പ്രവർത്തനങ്ങളിലേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉയർത്തിക്കൊണ്ടുവരാൻ ഈ കാലയളവിൽ സാധിച്ചിട്ടുണ്ട്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് പൂർണ്ണമായും യാഥാർത്ഥ്യമായിക്കഴിഞ്ഞു. ജനങ്ങളുടെ നിത്യജീവിതത്തിൽ പലവിധ സേവനങ്ങൾക്കായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന സ്ഥാപനങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. നാടിന്റെ വികസനത്തിലും ഏറ്റവും പ്രധാന പങ്കുവഹിച്ച് ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വലിയ പങ്കുവഹിക്കുന്നു. ആധുനിക കേരളത്തിന്റെ സൃഷ്ടിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കയ്യൊപ്പുണ്ട്. ജനനം മുതൽ മരണം വരെ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ സേവനങ്ങൾ ആവശ്യമായി വരും. ആ നിലയിൽ ഏറ്റവും കൂടുതൽ ജനങ്ങൾക്ക് സേവനം നൽകുന്ന വകുപ്പാണ് തദ്ദേശസ്വയംഭരണ വകുപ്പ്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം മറ്റ് സംസ്ഥാനങ്ങളുടേതുമായി താരതമ്യം ചെയ്യുമ്പോൾ വളരെ ഉയർന്നതാണ്. എന്നാൽ കാലാനുസൃതമായി പൂർണ്ണമായും നവീകരിക്കപ്പെട്ട സേവന സംവിധാനങ്ങളാണ് നമ്മുടേതെന്ന് അവകാശപ്പെടാനാകില്ല. സാങ്കേതിക വിദ്യയും നൈപുണിയും കൂട്ടിച്ചേർത്ത് മെച്ചപ്പെട്ടതും സുഗമമവും സുതാര്യവുമായ സേവനങ്ങൾ നൽകാനുള്ള പരിശ്രമം തദ്ദേശസ്വയംഭരണ വകുപ്പ് തുടരുക തന്നെയാണ്. അഴിമതി, ഫയലുകൾ വച്ചുതാമസിപ്പിക്കൽ എന്നിവയെല്ലാം വലിയ തോതിൽ കുറച്ചുകൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും ഏറ്റവും കൂടുതൽ ജനങ്ങൾക്ക് സേവനം നൽകുന്ന സ്ഥാപനങ്ങൾ എന്ന നിലയിൽ സമ്പൂർണ്ണമായും നവീകരിക്കപ്പെട്ട ഒരു സേവന സംവിധാനം ഇനിയും രൂപപ്പെട്ടുവരേണ്ടിയിരിക്കുന്നു എന്ന യാഥാർത്ഥ്യം കാണാതിരിക്കുന്നില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ ഓൺലൈൻ ആയി നൽകുന്നത് വഴി പല തട്ടുകളും തടസ്സങ്ങളും ഒഴിവാക്കാൻ കഴിയും. അഴിമതിക്കുള്ള സാധ്യതയും ഗണ്യമായി കുറയ്ക്കാൻ

സാധിക്കും. അതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ചുവരികയാണ്. ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കാനുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ധനവിനിയോഗം വേണ്ടിവരുന്നു. വിഭവസമാഹരണം ശക്തിപ്പെടുത്തി മാത്രമേ ഇത് പരിഹരിക്കാൻ കഴിയുകയുള്ളൂ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ വിഭവസമാഹരണം നടത്താൻ കഴിഞ്ഞാൽ മെച്ചപ്പെട്ട സേവനങ്ങൾ, വികസന-ക്ഷേമ പ്രവർത്തനങ്ങൾ, ഉൽപ്പാദന പ്രക്രിയ ശക്തമാക്കുന്നതിലൂടെ സമ്പത്തുൽപ്പാദനം, തൊഴിലവസരം സൃഷ്ടിക്കൽ എന്നിവയായിരിക്കും ഫലങ്ങൾ. ഇതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നുള്ള സേവനങ്ങൾക്ക് കേരളത്തിൽ നാമമാത്രമായ ഫീസ് മാത്രമാണ് വാങ്ങുന്നത്. ഫീസ് യുക്തിസഹമാക്കുകയും കൃത്യമായി ശേഖരിക്കുകയും ചെയ്താൽ വിഭവസമാഹരണത്തിന്റെ കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ നേട്ടമുണ്ടാക്കാൻ കഴിയും. അതിനുള്ള ശക്തമായ ചില നടപടികൾ സർക്കാർ പ്രഖ്യാപിക്കാൻ ആഗ്രഹിക്കുന്നു. 25 വർഷത്തെ വികേന്ദ്രീകൃത ആസൂത്രണ പ്രവർത്തനങ്ങളുടെ തുടർച്ചയായി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പരിവർത്തിപ്പിക്കുന്ന പുതിയ ദൗത്യമാണ് തദ്ദേശസ്വയംഭരണ വകുപ്പ് ഏറ്റെടുക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ജനങ്ങൾക്ക് ലഭിക്കേണ്ട എല്ലാവിധ സേവനങ്ങളും അഴിമതി ഇല്ലാതെയും വേഗത്തിലും സുതാര്യമായും ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള സാങ്കേതിക നവീകരണം എത്രയും വേഗം പൂർത്തിയാക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംരംഭക സൗഹൃദമാക്കും. സംരംഭക പ്രൊമോഷൻ കേന്ദ്രങ്ങളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മാറ്റും. ~~പരിവർത്തിപ്പിക്കും~~. ജനങ്ങൾക്ക് നേരിട്ട് തൊഴിൽ നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കാനും ഉദ്ദേശിക്കുന്നു. ഭവനരഹിതരായ എല്ലാവർക്കും പാർപ്പിടം, അതിദാരിദ്ര്യം പൂർണ്ണമായും ഇല്ലാതാക്കൽ എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളും നേടാനുള്ള പ്രതിബദ്ധമായ പ്രവർത്തനങ്ങൾ സർക്കാർ ശക്തമായി തുടരും.

മാലിന്യ സംസ്കരണമാണ് മറ്റൊരു പ്രധാന മേഖല. മാലിന്യം സംസ്കരിക്കാത്തതാണ് നാട് നേരിടുന്ന ഏറ്റവും വലിയ പാരിസ്ഥിതിക-ആരോഗ്യ പ്രശ്നം. എന്നാൽ കേരളത്തിൽ പലയിടത്തും കാണുന്ന പ്രവണത ശാസ്ത്രീയമായി മാലിന്യ സംസ്കരണം നടത്താനുള്ള ശ്രമങ്ങൾക്കെതിരായ പ്രതിഷേധമാണ്. മാലിന്യം, മാലിന്യ സംസ്കരണം എന്നിവ സംബന്ധിച്ച്

ഇന്ന് സമൂഹത്തിൽ പൊതുവിൽ നിലനിൽക്കുന്ന തെറ്റിദ്ധാരണകളെയും അശാസ്ത്രീയ ബോധത്തെയും ഇല്ലാതാക്കാൻ കൂട്ടായ ശ്രമങ്ങൾ ഉണ്ടാകണം. ഇല്ലെങ്കിൽ ബ്രഹ്മപുരങ്ങൾ ആവർത്തിക്കും. കേരളത്തിനുള്ള ശക്തമായ മുന്നറിയിപ്പാണ് ബ്രഹ്മപുരം. മാലിന്യ സംസ്കരണ രംഗത്ത് വികേന്ദ്രീകൃതവും ശാസ്ത്രീയവുമായ സംവിധാനങ്ങൾ ഏർപ്പെടുത്താനുള്ള ശ്രമങ്ങൾ സർക്കാർ ശക്തമായി മുന്നോട്ടുകൊണ്ടുപോകുകയാണ്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് അവരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യേണ്ടത് ഏതൊരു പൗരന്റെയും കടമയാണ്. മനുഷ്യവികസന സൂചികയിൽ വളരെ ഉയരത്തിൽ നിൽക്കുന്ന കേരളത്തിൽ ശുചിത്വത്തിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചക്കും നമ്മൾ തയ്യാറല്ല. അതിനുള്ള ശക്തമായ നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് പ്രഖ്യാപിക്കാൻ ആഗ്രഹിക്കുന്നു.

വിരൽത്തുമ്പിൽ സേവനം എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. ഐ. എൽ. ജി. എം. എസ്. വഴി പഞ്ചായത്തുകളിലെ നിരവധി സേവനങ്ങൾ ഇതിനകം ഓൺലൈൻ ആയിക്കഴിഞ്ഞു. ഇതിന്റെ തുടർച്ചയും അടുത്ത ഘട്ടവും എന്ന നിലയിൽ സംസ്ഥാനത്തെ മുഴുവൻ മുനിസിപ്പാലിറ്റികൾക്കുമായി കെ-സ്മാർട്ട് ആരംഭിക്കും. ആപ്പ് രൂപത്തിലും

ലഭ്യമാക്കുന്ന ഇതിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏപ്രിൽ മാസത്തിൽ നിർവഹിക്കും. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് യാഥാർഥ്യമായതോടെ ഏകീകൃതമായ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് നമ്മൾ മാറ്റുകയാണ്. ഡിസംബറോടെ ഇത് പൂർത്തിയാക്കും. എല്ലാ അപേക്ഷകളും ഒറ്റ ഫിനാൻഷ്യൽ കോഡ് ഉപയോഗിച്ച് പൂർണമായും ഓൺലൈൻ ആയി സമർപ്പിക്കാൻ സൗകര്യമൊരുക്കും. നേരിട്ടോ ഓൺലൈൻ വഴിയോ തെരഞ്ഞെടുത്ത സേവനങ്ങൾ നൽകുന്നതിൽ കാണിക്കുന്ന കാര്യക്ഷമത അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ റേറ്റ് ചെയ്യും. സിറ്റിസൺസ് അസിസ്റ്റൻസ് സെൽ & അദാലത്ത് കമ്മിറ്റികൾ വഴി പരാതികൾ കൈകാര്യം ചെയ്യും. പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ എഞ്ചിനീയറിംഗ് ഹെൽപ്പ് ഡെസ്ക് രൂപീകരിക്കും. അഞ്ച് കോടി രൂപയും അതിന് മുകളിലുമുള്ള പ്രോജക്ടുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ എക്സ്പെർട്ട് കൺസൾട്ടേറ്റീവ് ഗ്രൂപ്പ് രൂപീകരിക്കും. പ്രവൃത്തികളുടെ ഗുണനിലവാരം ശാസ്ത്രീയമായി പരിശോധിക്കുന്നതിന് ക്വാളിറ്റി കൺട്രോൾ സംവിധാനം ഏർപ്പെടുത്തും. സർട്ടിഫൈഡ്/ചാർട്ടേർഡ് എഞ്ചിനീയർമാർ എന്ന സംവിധാനം ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നു. പരമാവധി ഫീസ് സർക്കാർ നിശ്ചയിക്കുന്ന പ്രസ്തുത സംവിധാനം

ജനങ്ങൾക്ക് തദ്ദേശസ്ഥാപന തലത്തിൽ ലഭ്യമാക്കുന്ന നിർമ്മാണ അനുമതികൾ വേഗത്തിലും എളുപ്പത്തിലുമാക്കും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നുള്ള വിവിധ സേവനങ്ങൾക്കും പെർമിറ്റുകൾക്കുമുള്ള ഫീസിൽ കാലാനുസൃതമായ വർദ്ധന വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. സ്വയം സാക്ഷ്യപ്പെടുത്തൽ സംവിധാനത്തിലൂടെ എത്രയും വേഗം പെർമിറ്റുകൾ നൽകും. പിന്നീടുള്ള പരിശോധനയിൽ നിയമവിരുദ്ധമായ പ്രവൃത്തികൾ നടന്നുവെന്ന് ബോധ്യപ്പെട്ടാൽ വലിയ തുക പിഴ ചുമത്തുകയും ചെയ്യും. സേവനങ്ങൾ നൽകുന്നതിലും ഫീസുകൾ പിരിച്ചെടുക്കുന്നതിലും സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തും. വസ്തുനികുതി കാലോചിതമായി പരിഷ്കരിക്കും. പെർമിറ്റ് ഫീസ് പരിഷ്കരിച്ചുകൊണ്ടുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിക്കും.

പുതിയ സംവിധാനങ്ങൾ സുഗമമായി നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ പരിശീലനം ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും നൽകും. ഐ. ഐ. എം.-ന്റെ സഹായത്തോടെ കില ഇതിനുള്ള സിലബസ് തയ്യാറാക്കും. പ്രാദേശിക സാമ്പത്തിക വികസനത്തിലൂടെ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ സഹായകമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളും. കാർഷിക-അനുബന്ധ മേഖലകളിലും

ചെറുകിട, സൂക്ഷ്മ വ്യവസായ മേഖലകളിലും പുതിയ സംരംഭങ്ങൾ ആരംഭിച്ച് സമ്പത്തുൽപ്പാദനം വർദ്ധിപ്പിക്കുകയും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. തൊഴിൽ സൃഷ്ടി എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി തൊഴിൽ സഭകൾ കൂടുതൽ ശക്തമാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ സംവിധാനങ്ങൾ ഏർപ്പെടുത്തും. പുതുതലമുറ കുടുംബശ്രീ സംരംഭങ്ങൾ ശക്തമായി മുന്നോട്ടുകൊണ്ടുപോകും. ലൈഫ് ഭവന പദ്ധതി സമയബന്ധിതമായി നടപ്പാക്കും.

25 വർഷത്തെ അധികാര വികേന്ദ്രീകൃത അനുഭവങ്ങൾ മുൻനിർത്തി പഞ്ചായത്ത്-മുനിസിപ്പൽ നിയമങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന നിയമ പരിഷ്കരണ കമ്മീഷൻ ഏറ്റെടുക്കുന്നതാണ്. ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ജനപ്രതിനിധികളാണ് നായകർ. ജനങ്ങൾ പരമാധികാരികളുമാണ്. ഇത് സംശയരഹിതമായി യാഥാർത്ഥ്യമാക്കുന്നതിന് നിയമപരവും ഭരണപരവുമായ നടപടികൾ സർക്കാർ സ്വീകരിക്കും. എക്സൈസ് വകുപ്പിനെ ആധുനികവൽക്കരിച്ച് പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാൻ

പ്രാപ്തമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന് ആവശ്യമായ ആധുനിക യന്ത്ര സംവിധാനങ്ങളും വാഹനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. സമൂഹത്തിലെ വലിയ ഭീഷണിയായി മാറിയിരിക്കുന്ന ലഹരിവിപത്തിനെ നേരിടാനുള്ള ശക്തമായ പ്രചാരണ പ്രവർത്തനങ്ങളും സർക്കാർ ഇതിനകം നടത്തി. ഈ പ്രവർത്തനങ്ങൾ ഇനിയും ശക്തമായി തുടരും. ലഹരി വിപത്തിൽ നിന്ന് പുതുതലമുറയെ സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരളത്തിന്റെ സമസ്ത മേഖലകളിലും പുരോഗതിയും ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങളും ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പുകളും അവയുടെ പങ്ക് മികച്ച രീതിയിൽ നിർവ്വഹിക്കുമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

******